കേരള സാഹിത്യ അക്കാദമി

ദേവപ്രിയൻ

... പ്രിയൻ.

(ഒരു പുതിയ നോവൽ)

മിസ്. സീതാചൌദ്രി.

പരിഭാഷകൻ

...ടി. കെ. രാമൻ മേനോൻ.

പ്രസാധകന്മാർ

...മീൻ കമ്പനി കോഴിക്കോട്

...മ്മൻ പ്രിൻടിങ്ങ് ബ്യൂറൊ

കോഴിക്കോട്

ഒന്നാംപതിപ്പ് കോപ്പി 1000

1925.

...കപ്പവകാശം പ്രസാധകന്മാൎക്ക]

വില ക 1. ണ 8.

സാഹിത്യ ... തൃശൂർ

ദേവഗൃ

അ   യം 1.

"ഒന്നു നമ്മൾ നിനയ്ക്കും   ാറൊന്നു വന്നു ഭവിച്ചിടും"

"പുരുഷന്മാരുടെ ചിത്തം ധ്വജത്തിലും തുലോം കഠിനം"

കല്ക്കത്താ നഗരത്തിലുള്ള ഒരു ഇടുങ്ങിയ നിരത്തിന്നരികിൽ രണ്ടു നിലയിലുള്ള ഒരു ചെറിയ ഗൃഹമുണ്ട്. താഴത്തെ നിലയിലുള്ള മുറികളിലൊന്നിൽ, ഒരു യുവാവ്, അസ്തമനസൂര്യൻെറ മങ്ങിയ പ്രകാശം മാത്രം സഹായമാക്കി ബദ്ധപ്പെട്ടു വായിച്ചുകൊണ്ടിരിക്കുന്നു. മുറിയിൽ വെളിച്ചം തീരെ ഇല്ലാതായിട്ടും അദ്ദേഹം വായന നിറുത്തുവാൻ ശക്തനാകാതെ കുഴങ്ങി. രാത്രിയുടെ വായ്ക്കകത്തു പെട്ട സന്ധ്യാദേവിയെക്കണ്ടു സഹതാപം ഭാവിക്കയോ എന്നു തോന്നുമാറു യുവാവു തല്ക്കാലം വായന അവസാനിപ്പിച്ചു. മുറിയിൽ വിളക്കു വെയ്ക്കേണ്ട സമയം അതിക്രമിച്ചുവെന്നു മനസ്സിലാക്കിയ യുവാവാകട്ടേ, "* കുക്കീ, ഒരു വിളക്കു കൊണ്ടുവന്നു തരിക" എന്നു ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

ആറേഴ വയസ്സു മാത്രം പ്രായമുള്ള ഒരു പെൺകുട്ടി 'ഹരിക്കിൻലാമ്പു' കൊണ്ടുവന്നു യുവാവിരുന്നിരുന്ന കട്ടിലിന്നു അരികെയായി പ്രതിഷ്ഠിച്ചു. പഠിപ്പു കഴിഞ്ഞു സ്വസ്ഥനായിരിക്കുന്ന യുവാവിനെ നോക്കി, അവൾ ഇങ്ങിനെ ചോദിച്ചു:—

"അമ്മാവാ, ഇന്നു തീർച്ചയായും ആ കഥ പറഞ്ഞുതരണം. പറഞ്ഞു തരികയില്ലെ ? "

---

* കുട്ടി.

താഴെ വെച്ചു കഥ കേൾക്കാ
കുട്ടിയെ നോക്കി ഇങ്ങിനെ പ

രം എവിടെ ...ിരുന്നു? കഥ കേൾക്കുവാ
...തല്ല."

...ഷ ഒരു കാര്യം. അ... ...ടെ കുററമാണ്? ഉരു
നന്നാക്കുവാൻ എന്തിന്... അമ്മ എന്നെ ഏല്പ്പി
ച്ചതു? അതല്ലെ നേരം ...കുവാനുള്ള കാരണം!"

യുവാവിൻെറ മുഖത്തു മന്ദഹാസം സ്ഫുരിച്ചു. "വാസ്തവ
മോ? ഉരുളക്കിഴങ്ങു നന്നാക്കുന്ന ജോലി നിനക്കായിരുന്നു അ
ല്ലെ? നീ കിഴങ്ങു ചതുരത്തിലോ വട്ടത്തിലോ മുറിച്ചതു്?"

അദ്ദേഹത്തിനു അവളുടെ കാര്യശേഷിയെപ്പററി തീരെ
മതിപ്പുണ്ടായില്ലെന്നു അവൾ വിചാരിച്ചു. പെട്ടെന്നു അവൾ
കോപാവിഷ്ടയായിത്തീൎന്നു. പ്രവൃത്തി ചെയ്യുന്നതിൽ തനിക്കു
പ്രാപ്തി വേണ്ടുവോളമുണ്ടെന്നു പല സൂചനകൾകൊണ്ടും നി
യമങ്ങൾകൊണ്ടും അവൾ സ്പഷ്ടമാക്കി.

പെട്ടന്നവെ ആരോ വാതില്ക്കൽ മുട്ടി വിളിക്കുന്നുണ്ടെ
ന്നു അവൾക്കു തോന്നി. അതോടുകൂടെ അവരുടെ സംഭാഷണ
ത്തിനും ഭംഗം സംഭവിച്ചു.

"പ്രിയദാ, പ്രിയദാ, പ്രിയദൻ ഈ വീട്ടിലുണ്ടോ?" ഇ
താണ് അവർ കേട്ട ശബ്ദം. ആരുടെ നാവിൽനിന്നാണിതു
പുറപ്പെട്ടതെന്നു യുവാവിനു മനസ്സിലായി. അദ്ദേഹം അവിടെ
നിന്നെഴുന്നേററു,

"ആരാണതു്. ഹീരനൊ? എന്താണവിടെ നില്ക്കുന്നതു?
അകത്തു വരിക "എന്നിങ്ങിനെ സൗമ്യഭാവത്തിൽ പറഞ്ഞു.

ആഗതൻ പ്രവേശിച്ചു് കട്ടിലിന്മേൽ ഇരുന്നു് കീറിപ്പൊ
ളിഞ്ഞ ഒരു പഴയ വിശറി എടുത്തു മററാരുടെയും സഹാ

കൂടാതെ വീശുവാൻ തുടങ്ങി. ഹീരൻ അധികനേരം നിശ്ശബ്ദമായിരിക്കുവാൻ ആഗ്രഹിച്ചില്ല.

"ബലഹീനനായ ഒരുത്തനെ നിങ്ങൾ എന്തിനാണിങ്ങിനെ കഷ്ടപ്പെടുത്തുന്നത്? ഇത്ര മനോഹരമായ ഒരു സ്ഥലമല്ലാതെ മററൊന്നു നിങ്ങൾക്കു ഒരം വലിയ നഗരത്തിൽ കിട്ടാതെ വന്നതു വലിയ കഷ്ടമായിപ്പോയി. നിങ്ങളെ കണ്ടുപിടിയ്ക്കാൻ ശ്രമിച്ചിട്ട്, വാസ്തവമാണ് പറയുന്നത്, ഞാൻ ഇതിലധികം കുഴങ്ങേണ്ടതില്ല."

കഥയെപ്പററിയുള്ള ആശയെല്ലാം നശിച്ചുവെന്നു കണ്ടു ഹീരനെ കോപഭാവത്തിൽ നോക്കി· ആ പെൺകുട്ടി മുറിവിട്ടു പുറത്തുപോയി.

ഹീരൻെറ വൈരാഗ്യത്തോടുകൂടിയുള്ള വാക്കുകൾ കേട്ട് കൂട്ടുകാരൻ പൊട്ടിച്ചിരിച്ചു.

"സ്നേഹിതാ, താങ്കൾ എന്നെ അന്വേഷിക്കുന്നതിൽ ഇത്രമാത്രം ബുദ്ധിമുട്ടുമെന്നു അറിഞ്ഞിരുന്നെങ്കിൽ വേഗത്തിൽവന്നു ചേരാവുന്ന ഒരു സ്ഥലം ഞാൻ വാങ്ങിയ്ക്കുമായിരുന്നല്ലൊ ആ സംഗതി ഇരിക്കട്ടെ! എന്തെല്ലാമാണ് വീട്ടിലെ വിശേഷം? എല്ലാവർക്കും സുഖംതന്നെയല്ലെ?"

ഹീരൻ വിശറി കയ്യിൽ വെച്ചിരുന്നതു വീശുവാൻ തന്നെയേ ആയിരുന്നുള്ളു. ആ പ്രവൃത്തി ഇപ്പോഴും ശരിയായി നടക്കുന്നുണ്ടു.

"അതെ; അവർക്കെല്ലാം സൗഖ്യംതന്നെ. അമ്മയ്ക്കു് ഒരു ചെറിയ പനി പെട്ടു കുറെ ദിവസം കഷ്ടപ്പെടേണ്ടിവന്നു. പക്ഷെ ഇപ്പോൾ അതെല്ലാം തീരെ ആശ്വസിച്ചു." രണ്ടു നിമിഷനേരത്തെ മൗനവ്രതത്തിനു ശേഷം ഹീരൻ തുടന്നു പറയുവാനാരംഭിച്ചു.

"എരിപൊരി സഞ്ചാരം കൊള്ളുന്ന ഇക്കാലത്ത് വിവാഹം ചെയ്യാൻ ഒരുവനു ഉത്സാഹമുണ്ടാകുന്നതിലാണ് എനിക്കാശ്ചര്യം തോന്നുന്നത്."

കേരള സാഹിത്യ അക്കാദമി

പ്രിയ ദാദാ അല്ലെങ്കിൽ ദേവപ്രിയൻ നെററി ചുളുക്കിക്കൊണ്ടിങ്ങിനെ ചോദിച്ചു:-

"ആരാണിപ്പോൾ വിവാഹത്തിനാരംഭിയ്ക്കുന്നതു്? നിങ്ങളായിരിക്കാം. അല്ലെ?"

"എൻറീശ്വരാ, ഞാനോ? ഇതെന്തൊരു തെററിദ്ധാരണ! ആകട്ടെ. ഞാൻ തന്നെയാണ് വിവാഹത്തിനു തീച്ചപ്പെടുത്തിയതെന്നു വിചാരിക്കുക. എന്നാൽ അതൊരു ദൂഷ്യമായി എനിക്കു തോന്നുമോ? താങ്കളേപ്പോലെ വിടുവായൻ ആരാണുള്ളതു്? സ്വാതന്ത്ര്യതയുടെ കാര്യം പറയുകയേ വേണ്ട. എങ്കിലും ഞാൻ താങ്കളുടെ ഒരു സ്നേഹിതനായിരിക്കുന്നേടത്തോളം കാലം എനിക്കു എങ്ങിനേയാണ് വിവാഹംചെയ്യാൻ സാധിക്കുക?"

"ഹീരാ, നിങ്ങളുടെ ആത്മാനുകമ്പ നിങ്ങളെ വിഴുങ്ങിക്കളഞ്ഞിരിക്കുന്നുവല്ലൊ. ആത്മ നിയന്ത്രണം ചെയ്യാൻ ശ്രമിക്കുക. അതാണാദ്യമായി വേണ്ടതു്. രണ്ടാമതായിട്ടു വേണം. ഈ ഉഷ്ണകാലത്തു വിവാഹംചെയ്യാനുദ്ദേശിക്കുന്നതാരെന്നു പറയുവാൻ."

"പ്രിയദാ, ആരാണ് വിവാഹം ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്നോ? അറിഞ്ഞിട്ടില്ലായിരിക്കാം. പൂൎണ്ണനാണ്. അല്ലാതെ മററാക്കെങ്കിലും ഇപ്പോൾ 'ക്രിക്കു' തോന്നുമോ? മററന്നാളാണ് വിവാഹം. നിങ്ങൾ വരന്റെ കക്ഷിയിൽ പെട്ട ആളായിരിക്കാമെന്നു സമ്മതിച്ചതായിട്ടാണ് ഞാൻ കേട്ടതു്! അയാൾക്കുവേണ്ടി നിങ്ങളെ ക്ഷണിക്കുവാനാണ് ഞാൻ വന്നിരിക്കുന്നതും. ഇതാ നിങ്ങൾക്കുള്ള കത്തു്."

ഹീരന്റെ കയ്യിൽ ഒരു കെട്ടു ലക്കോട്ടുകൾ ഉണ്ടായിരുന്നു. അയാൾ അതു അഴിച്ചു താഴെ ഇട്ടു തിരിയുവാൻ തുടങ്ങി. കുറെ നേരത്തെ ബുദ്ധിമുട്ടിനുശേഷം ദേവപ്രിയനുള്ള എഴുത്തു കയ്യിലാക്കിക്കൊണ്ടു അക്ഷമയോടും പരിഭ്രമത്തോടും കൂടിങ്ങിനെ പറഞ്ഞു:—

"ഇതാ നിങ്ങൾക്കുള്ള കത്തു്? ഇനി മൂന്നുരു വീട്ടിൽ കേറിയിറങ്ങണമല്ലൊ. ഠരംശപരാ! ഠരം കഷ്ടം വേനലല്ലാതെ മറെറാരുകാലം ആ വിഡ്ഢിക്ക കണ്ടുകിട്ടാഞ്ഞതിലാണ് എനിക്കത്ഭുതം"

ക്ഷണനപത്രം ശ്രദ്ധിച്ചു വായിച്ചുകൊണ്ടു് ദേവപ്രിയൻ പറഞ്ഞതെന്താണെന്നു നോക്കുക:—

"എന്താണിതു്? അയാൾ വിവാഹംചെയ്യുന്നതു് ആരെയാണു്? ഇതിനുള്ള ആലോചനയൊന്നും ഞാൻ കേൾക്കുകയുണ്ടായില്ലല്ലൊ."

"കൊള്ളാം പ്രിയദാ, കൊള്ളാം. ആലോചിച്ചു തീച്ചപ്പെടുത്തിയ കാൎയ്യം! സ്ത്രീജനങ്ങളായ അയാളുടെ ബന്ധുക്കൾ അയാളെ കണ്ണുനീരാഴിയിൽ താഴ്ത്തുകയാണു് ചെയ്തതു്? അയാൾ എന്തു ചെയ്യാനാണു്? കുടുംബത്തിലുള്ളവർ ഇപ്പോഴേ സമാധാനമായുള്ളവത്രെ. അയാൾ വലയ്ക്കകത്തു പെട്ടുകഴിഞ്ഞു. ആഭരണങ്ങൾക്കും പ്രസൻറിനും കൂടി എയിററ് തൗസൻഡ് എങ്ങിനെ മതിയാകുവാനാണു്. അയാളുടെ സ്ഥാനത്തു ഞാനായിരുന്നുവെങ്കിൽ ഇംഗ്ലണ്ടിലേക്കു പോകുവാനുള്ള സമ്മതപത്രത്തിനു തോമസ് കുക്ക് ആൻറു സണ്ണിൻെറ അടുക്കലേക്കു പണ്ടേ പോയിക്കഴിയുമായിരുന്നു. അതെല്ലാം പറഞ്ഞിട്ടു് എന്താണിനി ഫലം? നേരം വളരേയായി. ഞാൻ പോകട്ടെ. കുറേ ധൃതിയുണ്ടു്. നിങ്ങൾ വിവാഹത്തിന്നു തീച്ചയായും വരണം. അല്ലാത്തപക്ഷം പൂൎണ്ണൻ നിരാശപ്പെടും. അതിനു സംശയമേ ഇല്ല. നിങ്ങളേപ്പററി അയാൾക്കു വലിയ ബഹുമാനമാണുള്ളതു്. അക്കാൎയ്യം ഞാൻ പറഞ്ഞിട്ടു വേണ്ടല്ലൊ."

ഹീരൻ മുറിവിട്ടു പുറത്തുപോയി. ഉടനെ കുക്കി അവിടെ പ്രവേശിച്ചു്. ദേവപ്രിയൻെറ കഴുത്തിന്മേൽ മന്ദമായിത്തലോടി.

"അമ്മാവാ, അങ്ങയെ എവിടേക്കാണു് ഒരാൾ വന്നു ക്ഷണിച്ചതു്. ഞാൻ പട്ടുസാരി ഉടുക്കാം അങ്ങ് എന്നേയുംകൂടി കൊണ്ടുപോകുകയില്ലേ?"

ദേവപ്രിയൻ അവളുടെ തലമുടി സ്നേഹപൂർവ്വം തടവിക്കൊണ്ടു മറുവടിയായി ഇങ്ങിനെ പറഞ്ഞു:—"പ്രിയപ്പെട്ട കുട്ടീ, കുടുംബസഹിതം ചെല്ലേണമെന്നല്ലല്ലോ ക്ഷണിച്ചിട്ടുള്ളത്. അതുകൊണ്ട് നിന്നെ കൊണ്ടുപോകുവാൻ എനിക്കു സാധിക്കയില്ല. എന്നാൽ നിന്നെ നാളെ ഞാൻ സോവിന്നിടത്തിൽ കൊണ്ടുപോകാം! അപ്പോൾ നീ നിന്റെ പുതിയ ഉടുപ്പു ധരിച്ചുകൊൾക"

കുട്ടി തൃപ്തിപ്പെട്ടു. അതേ നിമിഷത്തിൽ ഒരു ശിശുവിന്റെ കരച്ചിൽ അവർ കേട്ടു. "അമ്മാവാ, കുട്ടി ഉണൎന്നു" എന്നിങ്ങിനെ പറഞ്ഞുകൊണ്ടു ആ പെൺകുട്ടി മുറി വിട്ടു ഓടിപ്പോയി.

കേരള സാഹിത്യ അക്കാദമി

ദേവപ്രിയൻ വീണ്ടും വായിക്കുവാൻ ഇരുന്നു. എന്നാൽ അന്ന് ഭാഗ്യം അയാൾക്കു അനുകൂലമായിരുന്നില്ല. പിന്നെയും ഒരു പ്രതിബന്ധം സംഭവിച്ചു. ആരോ വാതിക്കൽ മുട്ടി പ്രിയദാ, എന്നുവിളിയ്ക്കുന്നുണ്ടായിരുന്നു. വാതില്ക്കലേക്കു നോക്കിക്കൊണ്ട് അയാൾ പറഞ്ഞു:—"നീരു എന്താണ് അത്? നീരു അല്ലെങ്കിൽ നീരദ 22 ഓ 23 ഓ. വയസ്സു പ്രായമുള്ള ഒരു യുവതിയാണ്. എന്നാൽ അവൾ സംഗതിവശാൽ അകാലത്തിൽതന്നെ വൃദ്ധയും നരബാധിച്ചവളുമായിത്തീൎന്നു. യൗവ്വനത്തിലെ സന്തോഷാനുഭവങ്ങൾ അവളെ വിട്ടുപിരിഞ്ഞു. അവളുടെ മുഖം ദുഃഖാക്രാന്തവും, അവളുടെ വസ്ത്രം വികൃതവും, അവളുടെ പ്രകൃതി പ്രക്ഷീണവും ആയിരുന്നു.

ദേവപ്രിയന്റെ ചോദ്യത്തിന്നു മറുവടിയായി അവൾ പറഞ്ഞു:—"എന്റെ വയ്പുജോലിയെല്ലാം കഴിഞ്ഞു. അങ്ങ് ഇപ്പോൾ അത്താഴമുണ്ണുന്നുണ്ടോ? വച്ചതെല്ലാം തണുപ്പുതട്ടിയാൽ പിന്നെ അങ്ങു ഒന്നും കഴിക്കുകയില്ലല്ലൊ."

"ആഷു ഇനിയും മടങ്ങിയെത്തീട്ടില്ലേ?" എന്നുള്ള ദേവപ്രിയന്റെ ചോദ്യത്തിനു "ഇല്ല; എന്നാണ് അദ്ദേഹം നേരത്തെ വരാറുള്ളത്? അദ്ദേഹത്തിനുള്ള ഭക്ഷണം ഞാൻസൂക്ഷ

ച്ചുവച്ചുകൊള്ളാം. പക്ഷെ അദ്ദേഹത്തിന്ന വേണ്ടി അങ്ങു കാത്തിരിക്കണമെന്നില്ല.

ആഷുവായിരുന്നു അവളുടെ ഭർത്താവ്. ദേവപ്രിയൻ എഴുന്നേററുനടന്നു. നീരദ അദ്ദേഹത്തെ പിൻതുടൎന്നു. ഒരേ വരിയിലുള്ള രണ്ടു മുറികളാണ് താഴത്തെ നിലയിലുള്ളവയിൽ ഏററവും ഭംഗിയുള്ളവ. ഇവയ്ക്കു പിന്നിലായി നില്ക്കുന്നവ പകൽസമയത്തുപോലും വെളിച്ചത്തിന്റെ സഹായമില്ലാതെ നടക്കുവാൻ പാടില്ലാത്ത നിലയിൽ ഇരുട്ടുകൊണ്ടു മൂടപ്പെട്ടിരുന്നു. അതുകൊണ്ടു ഈ സാധുകുടുംബക്കാർ ഉൾഭാഗത്തുള്ള ഈ മുറികളിൽ ഒന്ന് അടുക്കളയായിട്ടും, മറെറാന്നു കലവറയായിട്ടും ഉപയോഗിച്ചു വന്നു. മററു മുൻഭാഗത്തുള്ള രണ്ടു മുറികൾ മാത്രമേ ഇവൎക്കു ശരിയായി ഉപയോഗിക്കുവാൻ സാധിക്കുന്നുള്ളു.

അടുക്കളയിൽ ഒരു ചെറിയ നിലവിളക്കു കത്തിക്കൊണ്ടിരുന്നു. അടുപ്പിൽ തീ കത്തിജ്വലിച്ചുകൊണ്ടിരുന്നു. അത്താഴത്തിന്നുള്ള എല്ലാ ഒരുക്കത്തോടുംകൂടി നമ്മുടെ ചെറിയ പെൺകുട്ടി അവിടെ നില്ക്കുന്നുണ്ട്. നീരദ ഭക്ഷ്യപദാൎത്ഥങ്ങൾ ശരിപ്പെടുത്തി വച്ചുകൊണ്ടു "നാം കൊണ്ടുവന്നിട്ടുള്ള സാധനങ്ങൾ ഏതു തരത്തിലുള്ളവയെന്നു നോക്കുക. ഇവയും ഭക്ഷിക്കാൻ കൊള്ളാതെ തണുത്താറുന്നതു വരെ അദ്ദേഹം ഒരിക്കലും ഭക്ഷിക്കയില്ല. എന്നാൽ ഇതാണ് ഞങ്ങളുടെ യോഗം. അതിനെ സഹായിക്കാതിരിക്കാൻ ഞങ്ങൾക്കൊന്നും സാധിക്കയില്ല. എന്നാൽ ഞങ്ങളോടുകൂടെ അങ്ങ് എന്തിനാണ് ഈ വിധത്തിൽ കഷ്ടപ്പെടുന്നതു് ?" ഈ ഒടുവിലത്തെ വാക്കുകൾ പുറപ്പെടുവിച്ചപ്പോൾ അവളുടെ ശബ്ദത്തിന്ന ഇടൎച്ച സംഭവിച്ചു.

ദേവപ്രിയൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—"എനിക്കുവേണ്ടി ഭക്ഷണം പാകം ചെയ്യുന്നതിന് എന്താണ് നീരു ഇത്ര വലിയ ബുദ്ധിമുട്ടു ? ഇവിടെ നിന്നു കെട്ടു കെട്ടുവാനായിരിക്കുമോ ഇത്ര വലിയ സൂചനകൾ പുറപ്പെടുവിക്കുന്നതു ?"

നീരദ കരഞ്ഞുതുടങ്ങി. അവളുടെ കണ്ണുനീർ സാരിയിൽ കൂടെ ഒഴുകി. "നന്ദികെട്ട ഒരുത്തിയായിട്ടാണോ അങ്ങ് എന്നെ കണക്കാക്കുന്നത്? അങ്ങു എനിക്കുവേണ്ടി ചെയ്തിട്ടുള്ളതിനു എന്തൊരു പ്രതിഫലമാണ് എന്നെക്കൊണ്ടു നൽകുവാൻ സാധിക്കുക?" എന്നു നീരദ പണിപ്പെട്ടു പ്രതിവചിച്ചു.

ആ ചെറിയ പെൺകുട്ടി ഒരം അവസരത്തിൽ മുറിയിലേക്കു കടന്നുവന്നു. അവളുടെ കയ്യുകളിൽ കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു കുട്ടിയും ഇരുന്നിരുന്നു. "അമ്മേ, കുട്ടി ഉറങ്ങുന്നില്ല. ഇവൻ മഹാ വികൃതി തന്നെ." എന്നിങ്ങിനെ അവൾ ആവലാതി പറഞ്ഞു. നീരദയോടു മറുപടി പറയേണ്ട ആവശ്യകതയിൽ നിന്ന് ദേവപ്രിയനു രക്ഷ കിട്ടിയെങ്കിൽ അതിനു കാരണം പെൺകുട്ടിയുടെ പെട്ടെന്നുള്ള വരവായിരുന്നു. അയാൾ തന്റെ ശ്രദ്ധ അത്താഴം ചെലുത്തുന്നതിൽ പതിച്ചു. ആ ചെറിയ പെൺകുട്ടി അദ്ദേഹത്തിന്റെ അരികിൽ ഇരുന്നു എന്തോ പിറുപിറുക്കുവാൻ തുടങ്ങി.

കുട്ടികളുടെ പിതാവ് അവിടെ വന്നെത്തിയതിനുശേഷവും ദേവപ്രിയന്റെ ഭക്ഷണം കഴിഞ്ഞിരുന്നില്ല. വാതിക്കൽ നിന്നുകൊണ്ടു അയാൾ "വല്ലെല്ലാം കഴിഞ്ഞുവോ?" എന്നു ചോദിച്ചു. വാസനാദ്രവ്യത്തിന്റേയും വില കുറഞ്ഞ ചുരുട്ടിന്റേയും ഗന്ധംകൊണ്ടു അയാൾ നില്ക്കുന്ന സ്ഥലത്തെ അന്തരീക്ഷം മലിനമായിത്തീർന്നു.

ദേവപ്രി:—"അല്ലോ, മിസ്റ്റർ എന്താണ് ഇന്നു കുറെ അധികം നേരത്തെതന്നെ വീടെത്തിക്കളയാമെന്നു വിചാരിച്ചതു്?"

"കാരണം വിശേഷിച്ചൊന്നും ഇല്ല. ആഫീസിലെ ചില ജോലിക്കാർ ഇന്നു ഒരു പുതിയ കാഴ്ചക്കു പോകുന്നുണ്ട്. അവരുടെ ക്ഷണനം സ്വീകരിക്കാതിരിപ്പാൻ എനിക്കു കഴിയുന്നില്ല.

പോകുവാൻ നേരനീക്കം വരുത്തിയാലോ എന്നു കരുതിയാണു് ഊണു കാലേ കഴിക്കാമെന്നു വിചാരിക്കുന്നതു്. ഞാൻ ഇപ്പോൾ വരാം. (അയാൾ കൊണ്ടുവന്ന പദാൎത്ഥങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു്) ഈ സാധനങ്ങൾ എടുത്തു വയ്ക്കുക."

ഉടുപ്പിൽ ചില ഭേദഗതികൾ ചെയ്യാനായി അയാൾ അകത്തേക്കു പോയി.

നിരദ വാതില്ക്കൽനിന്നും പിൻതിരിഞ്ഞു, ഭൎത്താവിനു ഭക്ഷണം ക്രമപ്പെടുത്തുവാൻ തുടങ്ങി. നീരുവിന്റെ എളിയിൽ ഇരുന്നു് ഈ അവസരത്തിലും അവളുടെ കുഞ്ഞു കരയുന്നുണ്ടായിരുന്നു. വിളമ്പിവച്ച ഭക്ഷണത്തിൽ പകുതിമാത്രം കഴിച്ചു് ദേവപ്രിയൻ ഭോജനശാലവിട്ടു് പുറത്തിറങ്ങി.

"അമ്മാവാ, എന്താണു് കുറച്ചു ചോറു മാത്രം ഉണ്ടതു്?" എന്നു പെൺകുട്ടി ചോദിച്ചതിനു ദേവപ്രിയൻ ഈവിധം മറുപടി പറഞ്ഞു:—

"എങ്ങിനെയാണെന്റെ കുട്ടീ, നീ ഉരുളക്കിഴങ്ങു തിന്നുവാൻ പാടില്ലാത്ത ദിവസത്തിലല്ലേ അതു കറിത്തീൎത്തതു?"

ആന്ദ്രുവിന്റെ ഉടുത്തൊരുങ്ങൽ ഇനിയും കഴിഞ്ഞിട്ടില്ല. "മിസ്റ്റർ നിങ്ങൾക്കിന്നു ശമ്പളം കിട്ടിയോ?" എന്നു ദേവപ്രിയൻ ചോദിച്ചു. "എന്താണാവശ്യം?"

ദേ:—"ദയവുചെയ്തു താങ്കൾ എന്നോടു കടം വാങ്ങിയിട്ടുള്ള 40-ക ഇപ്പോൾ കിട്ടിയെങ്കിൽ ആവശ്യമുണ്ടായിരുന്നു. അതുകൊണ്ടു ചോദിച്ചുവെന്നേയുള്ളു."

ആന്ദ്രുവിന്റെ മുഖം പെട്ടെന്നു വിവൎണ്ണമായി. "പണം എന്തിനായിട്ടാണു് ആവശ്യപ്പെടുന്നതു്? വീട്ടിൽ കിടന്നു പത്തുപതിന്നാലു കുട്ടികൾ കഷ്ടപ്പെടുന്നതുകൊണ്ടു സഹിക്കുവാൻ കഴിയാതെ വലയുന്ന ഒരാളെപ്പോലെയാണല്ലോ നിങ്ങളുടെ ചോദ്യം. എനിക്കിന്നു ശമ്പളം കിട്ടിയെന്നു് എങ്ങിനെയാണു് നിങ്ങൾ മനസ്സിലാക്കിയതു്? സപ്തേന്ദ്രിയ ജ്ഞാന ശക്തികൊ

ണ്ടോ നിങ്ങൾ അതറിഞ്ഞതു്? ഇപ്പോൾ നിങ്ങൾക്കു നാല്പതു രൂപ്പികയും തരുന്നപക്ഷം എങ്ങിനേയാണ് ഒരം കുട്ടികളെയെല്ലാം ഞാൻ ഭരിച്ചുകൊണ്ടു പോകുക?"

തന്റെ ഭാൎയ്യയേയും കുട്ടികളേയും കുറിച്ചു് കൂടുതൽ വിചാരമൊന്നും ആഷുവിനു ഉണ്ടായിരുന്നില്ലെന്നു ദേവപ്രിയനു വേണ്ടുവോളം അറിയാം. തന്റെ ഉദ്ദേശസാദ്ധ്യത്തിനു വേണ്ടി അയാൾ അവരുടെ കാൎയ്യങ്ങളിൽ തീരെ അമാന്തം ഭാവിക്കുകയാണ് പതിവു്. അതുകൊണ്ടാണ് കൂടുതൽ ഒന്നും ഔദാൎയ്യം ഭാവിക്കാതെ പണം മടക്കി വാങ്ങിക്കുവാൻ നിൎബ്ബന്ധിതനായി, പണസ്സഞ്ചിയിൽ നിന്നു 3 കറൻസിനോട്ടു് പ്രിയൻ കടന്നെടുക്കുവാനുള്ള കാരണവും. മുഴുവൻ സംഖ്യയും ഞാൻ എടുക്കുന്നില്ല, ഇപ്പോൾ 30 ക കൊണ്ടു ഞാൻ തൃപ്തിപ്പെട്ടു കൊള്ളാം." എന്നു പറഞ്ഞുകൊണ്ടു് ദേവപ്രിയൻ ആഷുവിന്റെ മുറിവിട്ടു പുറത്തുപോന്നു. ദേവപ്രിയന്റെ പ്രവൃത്തിയെ നിഷേധിക്കുവാൻ ശക്തനാകാതെ ആഷു കുറേനേരം നിന്ന നില്പിൽത്തന്നെ നിന്നുപോയി. കുറെ നിമിഷങ്ങൾക്കു ശേഷം അയാൾ എന്തോ പിറുപിറുത്തുകൊണ്ടു് അത്താഴമുണ്ണുവാനായി അടുക്കളയിലേക്കു പുറപ്പെട്ടു.

"ഒരം രാത്രി സമയത്തു് എങ്ങോട്ടു പോകുവാനാണ് അങ്ങിപ്പോൾ ഭാവിക്കുന്നതു്? രണ്ടു മൂന്നു ദിവസമായി കുട്ടി പനിയായിക്കിടക്കയാണെന്നു അങ്ങു് മനസ്സിലാക്കിയില്ലെന്നുണ്ടോ? സ്വബോധം നശിച്ചവനേപ്പോലെ നാടകശാലയിൽ പോയി തന്നത്താൻ ആനന്ദിക്കുന്നതിനാണോ ഭാവിക്കുന്നത്? ഒരൊററ ക്കാശുപോലും കയ്യിലില്ലാത്ത ഞാൻ കുട്ടിക്കത്യാവശ്യമുള്ള സാധനങ്ങൾ എങ്ങിനെയാണ് വാങ്ങിക്കുക?" ഇതായിരുന്നു നീരദ ഭൎത്താവിനെ കണ്ട ഉടൻ പറഞ്ഞതു്.

ആഷുവിനു കോപം വൎദ്ധിച്ചു. അയാൾ പറഞ്ഞു:—മിണ്ടാതിരിക്കു്. യാതൊന്നും നിനക്കു തരുവാൻ ഞാൻ വിചാരി

യ്യുന്നില്ല. ഞാൻ സമ്പാദിക്കുന്നതെല്ലാം നിനക്കും ഈ ഒന്നിനും കൊള്ളരുതാത്ത കുട്ടികൾക്കും വേണ്ടിയാണ് ചിലവിടുന്നത്. നീ അത്യാഗ്രഹിയേപ്പോലെ കിടന്നു ചിലവയ്യുന്നതല്ലാതെ ഒരു നിമിഷമെങ്കിലും എനിക്കു തന്നത്താൻ വിനോദിക്കുന്നതിനു കഴിഞ്ഞിട്ടില്ല. നിനക്കു വല്ല ഡാക്ടരോ മരുന്നോ ആവശ്യമുണ്ടെങ്കിൽ നിന്റെ പ്രിയപ്പെട്ട മച്ചുനന്റെ അടുക്കലേക്കു എന്തുകൊണ്ടു പോയി പറയുന്നില്ല? എന്റെ ശമ്പളത്തിൽ പകുതി വാങ്ങിയതിനു ശേഷമേ അയാൾ എന്നെ വിട്ടുള്ളു.”

നീരദ ക്രുദ്ധയായി യാതൊന്നും സംസാരിച്ചില്ല. തന്റെ കൈകളിൽ കിടന്നു സുഖക്കേടുനിമിത്തം കരഞ്ഞുകൊണ്ടിരിക്കുന്ന ശിശുവിനെ നോക്കികൊണ്ടു അവൾ മൗനം ദീക്ഷിച്ചു. ആന്റു അത്താഴം കഴിച്ചു. ചെരിപ്പുകളിട്ട് കൂട്ടുകാരൊന്നിച്ച് തന്നത്താൻ ആനന്ദിക്കുന്നതിനുവേണ്ടി, വീടു വിട്ടിറങ്ങി.

ആന്റു വീട്ടിൽനിന്നു പോയ ഉടൻ ദേവപ്രിയൻ അടുക്കളയിൽ എത്തി, “നീരു, സ്വല്പസമയത്തേക്കു വേണ്ടി ഒന്നിവിടത്തോളം വരിക” എന്നു പറഞ്ഞു.

നീരദ അദ്ദേഹത്തിന്റെ അരികിൽ ചെന്നുനിന്നു. ആന്റുവിന്റെ പണസ്സഞ്ചിയിൽനിന്നും താൻ എടുത്ത 3 കറൻസിനോട്ടും ദേവപ്രിയൻ നീരദയുടെ കയ്യിൽ കൊടുത്തുകൊണ്ട് ഇപ്രകാരം പറഞ്ഞു:—

“ഇതു സൂക്ഷിച്ചുകൊള്ളുക. അയാളിൽനിന്ന് പണം മടക്കികിട്ടുന്ന കാര്യം അത്ര എളുപ്പമല്ല. ഞാൻ **ഡാക്ടർ** നവീനനോടു വരുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. അദ്ദേഹം നാളെ വന്ന് കുട്ടിയെ പരിശോധിക്കും. എന്തിനാണിപ്പോൾ കരയുന്നത്? ഇത്ര നേരമായിട്ടും ആന്റു പറഞ്ഞ വാക്കുകൾ ഓർത്ത് കരയുന്നതു നിറുത്താറായിട്ടില്ലേ?“

എന്നിട്ടും നീരദയുടെ കണ്ണുനീർ ധാരധാരയായി ഒഴുകിക്കൊണ്ടുതന്നെ ഇരുന്നു. ദേവപ്രിയൻ ജനങ്ങളെ സമാധാന

പ്പെടുത്തുന്നതിൽ അത്ര സമൎത്ഥനായിരുന്നില്ല അതുകൊണ്ടു കുറേനെരത്തെ കഠിനമായ നിൎബ്ബന്ധത്തിനശേഷം അദ്ദേഹം അവളെ തനിയെ വിട്ടുംവെച്ചു് അവിടെ നിന്നും അന്തൎദ്ധാനം ചെയ്തു.

“എനിയ്ക്കു് ആ ധൂൎത്തനെ ഒന്നു മൎദ്ദിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ” ഇതായിരുന്നു ഉറക്കറയിലെത്തി കുറേനേരം കഴിഞ്ഞതിനശേഷം ദേവപ്രിയന്നുണ്ടായ ആത്മഗതം.

അദ്ധ്യായം 2.

“യാമി യാമി ഭജമി, കാമിതം ശീഘ്രം, സാധയിഷ്യാമി”
“ചെഞ്ചുകൊണ്ടു മുഖാംഭോജം അവൾ ആരൂഢി ഭാമിനി”
“മുന്നോട്ടു പോകുന്നു വപുസ്സു കേവലം, പിന്നോട്ടു പോകുന്നു മനസ്സു ചഞ്ചലം.”

അത്യുഗ്രമായ വേനല്ക്കാലം; സമയം മദ്ധ്യാഹ്നം കഴിഞ്ഞു. ഒരു ചെറു കാററു് പരിഭ്രമിച്ചുകൊണ്ടെന്നപോലെ സഞ്ചരിക്കുന്നുണ്ടു്. നിരത്തിന്റെ ഒരു മൂലയിൽ കാണപ്പെടുന്ന സുവൎണ്ണമോഹർ (മരം) പത്രാവലിയിളക്കി നൃത്തം ചെയ്തുകൊണ്ടിരുന്നു. കുക്കിയാകട്ടെ അവളുടെ ഗൃഹത്തിനു മുൻവശമുള്ള വിസ്താരം കുറഞ്ഞ വരാന്തയിൽ അനുജനുമൊന്നിച്ചിരിക്കുകയാണു്. ക്രീഡാലോലുപനായ കുട്ടി കൊഞ്ചികുഴഞ്ഞു മന്ദസിച്ചു് പരമാനന്ദം അനുഭവിക്കേ, അവന്റെ സഹോദരി നിൎന്നിമേഷയായി അന്തരീക്ഷത്തിലേക്കു നോക്കികൊണ്ടിരുന്നു.

സുവൎണ്ണശലാക കൊണ്ടു അരുകു പാളിവച്ചിട്ടുള്ള ഒരു കുൾസാൽവ തോളിലിട്ടുകൊണ്ടും, പട്ടുടുത്തുകൊണ്ടും ഹീരൻ കുക്കിയുടെ മുമ്പിൽ പ്രത്യക്ഷനായി. “പ്രിയദൻ അകത്തുണ്ടോ?” എന്നു അയാറം ചോദിച്ചു.

അനാസ്ഥയെ സൂചിപ്പിക്കുന്ന ഒരു ശിരക്കമ്പമാണു് മറുവടിയായി ഹീരനു കിട്ടിയതു്. ഏതാൻ നാഴം മുമ്പു് പ്രിയനോടു കഥ പറഞ്ഞുതരണമെന്നു നിർബ്ബന്ധിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഹീരൻ വാതില്ക്കൽ മുട്ടി വിളിച്ചതും പിന്നീടു അകത്തു പ്രവേശിച്ചു് തന്റെ ആശാകുസുമത്തെ ചവുട്ടിത്തേച്ചരച്ചതും ആ പെൺകുട്ടി മറന്നിരിക്കുമെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്? ഇല്ല. ഒരിക്കലും ആ സംഭവം അവൾക്കു മറക്കാൻ കഴിഞ്ഞിട്ടില്ല.

“എനിക്കയാളെ ഒന്നു കാണണമല്ലൊ” എന്നു ഹീരൻ ഇടറിയ ശബ്ദത്തിൽ ആശയപ്രകടനം ചെയ്തു. അതിനു ശേഷം അയാൾ ആ വരാന്തയിൽ അക്ഷമനായി ലാത്തുവാൻ തുടങ്ങി.

എന്നാൽ ഇരുളടഞ്ഞ മുറിയിൽ പോയിരുന്നു, ആ ഉഷ്ണകാലത്തു്, കഴിച്ചുകൂട്ടുവാനുള്ള മടികൊണ്ടാണു് ഹീരൻ പുറത്തു ലാത്തിക്കൊണ്ടിരുന്നതെന്നു പറയുന്നതിനും വലിയ വിരോധമുണ്ടെന്നു തോന്നുന്നില്ല.

ഭാഗ്യവശാൽ ദേവപ്രിയൻ നിരത്തിലുള്ള വളവു തിരിഞ്ഞു ഉടൻതന്നെ വരുന്നതു ഹീരനു കാണ്മാൻ കഴിഞ്ഞു. “കുറേക്കൂടി മുറുകി നടക്കുവാൻ പാടില്ലായിരുന്നുവോ ?” എന്നു ഹീരൻ കടന്നു ചോദിച്ചു.

ദേവപ്രിയന്റെ കയ്യിൽ കുറെ മരുന്നുകുപ്പികളുണ്ടായിരുന്നു. അദ്ദേഹം ഹീരനെ നോക്കിക്കൊണ്ടു, “ഉം, എന്താണു്, ഇന്നിത്ര മോടിയിൽ ? ” എന്നിപ്രകാരം ചോദിച്ചു.

“എനിക്കെന്തുകൊണ്ടു പാടില്ല ? ഞാൻ നിങ്ങളെപ്പോലെ ഒരു സന്ന്യാസിയാകുവാനല്ല ഭാവം ! അതുകൊണ്ടു ചിലപ്പോൾ എനിക്കു ഒരം വിധമുള്ള ലോകകാര്യങ്ങളിൽ ഏർപ്പെടേണ്ടി വരും. എന്നാൽ നിങ്ങൾക്കുവേണ്ടി കൂടുതൽ സമയം കാത്തിരിക്കുവാൻ എനിക്കു സാധിക്കയില്ല. വേഗം ആ തടിമാട

ൻ വസ്ത്രം ഉടുത്തു പുറപ്പെടുക തന്നെ. നിങ്ങൾ എന്തുകൊണ്ടാണ് വിവാഹത്തിന്ന പോകാതിരുന്നത്? പൂർണ്ണൻ വളരെ നിരാശപ്പെട്ടിരിക്കുന്നു. ഇന്നു വധുവിൻെറ ഗൃഹപ്രവേശനഘോഷമാണെന്നുള്ള കഥ നിങ്ങൾ മറന്നുകളഞ്ഞുവെങ്കിൽ എനിക്കതിൽ ആശ്ചര്യം തീരെ ഇല്ല."

ദേവപ്രിയൻ മന്ദഹസിച്ചുകൊണ്ടു പറഞ്ഞു:—"ലോകത്തിൽ നടക്കുന്ന കാര്യങ്ങൾക്കെല്ലാം വേണ്ടി എൻെറ തലച്ചോറിൻെറ ഒരു മൂല സൂക്ഷിച്ചു വെയ്ക്കുക ഞാൻ ഉണ്ടായിട്ടില്ല. കുറച്ചു സമയം ക്ഷമിക്കുക. ഈ സാധനങ്ങൾ നീരുവിന്ന കൊണ്ടു കൊടുത്തിട്ട് ഞാൻ ക്ഷണത്തിൽ വരാം.

ഹീരൻ അക്ഷമനായി:—"ഇല്ല, എനിക്കു കാത്തിരിപ്പാൻ സാധിക്കയില്ല. ഇതാ, പെൺകുട്ടി നില്ക്കുന്നു. കുട്ടീ, ഇവിടെ വരിക; നീ ഒരു നല്ല കുട്ടിയല്ലെ? ഇതെല്ലാം കൊണ്ടുപോയി അമ്മയെ ഏല്പിക്കു."

കുറച്ചൊരു പരിഭ്രമത്തോടുകൂടിയെങ്കിലും ആ പെൺകുട്ടി അടുത്തെത്തിക്കഴിഞ്ഞു. അവൾ ഹീരനെ ഇഷ്ടപ്പെട്ടിരുന്നില്ല. അസാധാരണമായ അവളുടെ ഗൗരവഭാവം കണ്ട് ദേവപ്രിയന്ന ചിരി വന്നു. അദ്ദേഹം പറഞ്ഞു:—പ്രിയ കുട്ടീ, നീ പോയി ഈ സാധനങ്ങളെല്ലാം അമ്മയ്ക്കു കൊടുക്കുക. എന്നിട്ടു അവരോടു ഇന്നു ഞാൻ ഇവിടെ ഉണ്ടായിരിക്കയില്ലെന്നും പറയു."

അവളുടെ ഗൗരവഭാവത്തിന്ന കുറവൊന്നും ഉണ്ടായില്ല. മരുന്നുകൾ കയ്യിൽ വാങ്ങി പാരുഷ്യത്തോടുകൂടിത്തന്നെ ആ പെൺകുട്ടി വീട്ടിന്നുള്ളിലേക്കു ഓടിപ്പോയി.

ദേവപ്രിയൻ പുറപ്പെടുന്നതിന്നുള്ള ഓരോ ഒരുക്കങ്ങൾ തുടങ്ങി. ഹീരൻ മുറിയിൽ ചുററി നടന്നു നോക്കിക്കൊണ്ടു തൻെറ ശബ്ദകാഠിന്യത്തെ തെല്ലൊന്നു കുറച്ചു ഇപ്രകാരം പറഞ്ഞു:— "പ്രിയദാ, എന്തെല്ലാമാണിതിൻെറ രഹസ്യം? ഒരു ഗുഹപോ

ലെ, ഇരുട്ടും, ദുർഗ്ഗന്ധവും നിറഞ്ഞ ഒരു മുറിയിൽ നിങ്ങൾ താമസിക്കുന്നതിൻെറ ആന്തരാൎത്ഥം എന്താണ്? എന്താണിത്ര വലിയ ഒരു ആകൎഷണം!"

"വല്ലതും ഉണ്ടായിരിക്കണമല്ലൊ രഹസ്യം? പക്ഷെ ഞാനതു നിങ്ങളോടു പറയുന്നതെന്തിനാണ്." മറുവടി ഇതായിരുന്നു.

ഹീരൻ ഉൽക്കണ്ഠിതനായിത്തീൎന്നു. "പ്രിയ സ്നേഹിതാ, എന്നോടതു പറയുക. നിങ്ങൾ ഒരു ഉത്തമനല്ലെ? ഇതിനെ സംബന്ധിച്ച് പൂൎണ്ണൻെറ വിവാഹാവസരത്തിൽ ഞങ്ങൾ ക്രമരഹിതമായ ഒരു വാദപ്രതിവാദമുണ്ടായി. ഇവയെല്ലാം ഉള്ളിൽ എന്തോ ഒരു രഹസ്യമുണ്ടെന്നു എല്ലാവരും തീൎച്ചയാക്കുകയാണുണ്ടായതു്. നിങ്ങൾ നിൎദ്ധനനായതുകൊണ്ടൊ അതല്ല ന്യായത്തെ ഉപേക്ഷിച്ചതുകൊണ്ടോ? നിങ്ങളുടെ ഹൃദയസിംഹാസനത്തിൽ പ്രതിഷ്ഠിക്കുന്നതിനു വല്ല ഭിക്ഷുകിയേയും നിങ്ങൾ കാത്തുകൊണ്ടിരിക്കയാണെന്നു വരുമോ?"

ദേവപ്രിയൻെറ മറുവടി ഹീരനെ കളിയാക്കിയതേയുള്ളു. അദ്ദേഹം പറഞ്ഞു:—"നിങ്ങൾക്കു വേറെ യാതൊന്നും സംസാരിക്കുവാനില്ലെ? ഇല്ലെന്നുതന്നെയാണ് തോന്നുന്നതു്? അങ്ങിനെയാണെങ്കിൽ എനിക്കു പറയുവാനുള്ളതു ഞാൻ പറയാം. ഞാൻ ഇവിടെ ഒറ്റയ്ക്കല്ല താമസിക്കുന്നതെന്ന് നിങ്ങൾക്കു തീൎച്ചയായും അറിയുവാൻ എടയായിട്ടുണ്ട്. എൻെറ അമ്മയുടെ നാട്ടിലുള്ള ഒരു സ്ത്രീയാണ് ഇവിടത്തെ കുട്ടികളുടെ അമ്മ. ആ സ്ത്രീയുടെ പ്രാണപ്രിയനേയും അവളേയും ഇണക്കി ജീവിപ്പിക്കുവാനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ അവരൊന്നിച്ച് ഇവിടെ താമസിക്കുന്നത്."

ഹീരൻ ഹസ്തതാഡനംചെയ്തു കൊണ്ടു പറഞ്ഞു:— "ഓ! വളരെ നല്ലതുതന്നെ. എന്തൊരു ദുഃഖപൎയ്യവസായിയായ നികൃഷ്ടാവസ്ഥ? ബാല്യത്തിലെ ചങ്ങാതിമാർ, മദ്യപാനിയായ ഭ

ത്താവ്, ചൈതന്യമില്ലാത്ത കാമുകൻ; ഇപ്പോൾ എല്ലാ വിവരവും പൂൎണ്ണമായി.”

“നിൎഭാഗ്യവശാൽ അവൾ എനിക്കൊരു ബന്ധുവായിത്തീൎന്നിരിക്കുന്നു. അവളുടെ അച്ഛൻ എന്റെ അമ്മയുടെ അടുത്ത ബന്ധുക്കളിൽ ഒന്നായിരുന്നു.”

ഹിരൻ പറഞ്ഞു:—“ലജ്ജാവഹം! ഇപ്പോൾ അവയെല്ലാം വേറെ ഉണ്ടാക്കിത്തീൎത്തിരിക്കുന്നു. ഈ വിധമുള്ള ഒരു ഭാരമൊന്നും നിങ്ങൾക്കാവശ്യമുള്ളതല്ല. അതു നിങ്ങളുടെ സ്വഭാവത്തിനു കൂടുതൽ ഗുണവുമാണെന്നു തോന്നുന്നില്ല. എന്നാൽ നിങ്ങൾക്കു നിങ്ങളുടെ ബന്ധുവുമൊന്നിച്ച് ഇതിനേക്കാൾ ഒരു നല്ല വീട്ടിൽ താമസിച്ചുകൂടെയോ?”

“എന്റെ കാൎയ്യത്തെപ്പറ്റി നിങ്ങൾ ക്ലേശിക്കേണ്ടതില്ല. ഞാൻ അവയെല്ലാം ശ്രദ്ധിച്ചുകൊള്ളാം.” ദേവപ്രിയന്റെ മറുപടി ഇതായിരുന്നു. അദ്ദേഹം തന്റെ അല്പം ചൈതന്യമുള്ള യുവസുഹൃത്തിനോട് ഇതിനെപ്പറ്റി കൂടുതൽ വാദപ്രതിവാദം ചെയ്വാൻ ആഗ്രഹിച്ചതുമില്ല.

തീൎച്ചയായും ഇതിലും നല്ല ഒരു വീട് അദ്ദേഹത്തിനു താമസിക്കുവാൻ കിട്ടും. എന്നാൽ അതു് ക്ലേശത്തിനു കാരണമായിട്ടേ തീരുകയുള്ളൂ. നീരദയുടെ ഭവനത്തിൽ ഒരു വിരുന്നുകാരനായിരുന്നിട്ടും ഇതെല്ലാം ശിരസാ വഹിച്ചതു് അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരമായിരുന്നു. നീരദയുടെ ഇന്നത്തെ ഇടുങ്ങിയ നിലക്കു കുറേക്കൂടി ക്ലേശമായി സംഭവിച്ചേക്കാവുന്ന ഗൃഹാന്തരവാസം ദേവപ്രിയനു തീരെ ഇഷ്ടമായിരുന്നില്ല. അവളുടെ ആത്മാഭിമാനത്തെ ശിഥിലമാക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. [illegible]നെപ്പോലെ തന്റെ ജീവിതം പോക്കുവാൻ അദ്ദേഹത്തിനു സമ്മതവുമുണ്ടായിരുന്നില്ല.

അവരുടെ സംഭാഷണവും തല്ക്കാലയാത്രയും ഒരു വിധം അവസാനിച്ചപ്പോൾ പൂൎണ്ണൻ ദേവപ്രിയന്റെ അടുക്കൽ എ

ത്തി, അദ്ദേഹത്തിൻെറ രണ്ടു കൈകളും പിടിച്ചു സ്നേഹം പ്രദശിച്ചുകൊണ്ടിങ്ങിനെ പറഞ്ഞു:—"പ്രിയദാ, നിങ്ങൾ എന്തു മനുഷ്യനാണ്? വിവാഹ ക്ഷണനത്തെക്കുറിച്ചു നിങ്ങൾ ശ്രദ്ധിക്കുകപോലും ചെയ്തില്ലല്ലൊ. ഇഹത്തിനുവേണ്ടി ഒരു നേരം വ്യയം ചെയ്യുവാൻ കഴിയാത്ത നിങ്ങൾ പരത്തെപ്പററി ചിന്തിച്ചുകൊണ്ടു തന്നെയിരിക്കയായിരിക്കുമോ?"

പൂർണ്ണൻെറ വരവു കാഴ്ചയിൽ വിലയുള്ള ഒന്നുതന്നെയായിരുന്നു. ബങ്കാളിലെ ഒരു യുവാവിനു എന്തെല്ലാം വിധത്തിൽ രാമണീയകത ഉണ്ടോ അതു മിക്കവാറും പൂർണ്ണനമുണ്ടായിരുന്നു. ഒരു ബങ്കാളിക്കു നിസർഗ്ഗസിദ്ധമായിട്ടുള്ള മുഖതേജസ്സും അദ്ദേഹത്തിന്നുണ്ടായിരുന്നു. പ്രാചീന (ഗ്രീക്ക്) പ്രതിഛായകളിൽ കാണപ്പെടുന്ന യുവജനാകൃതിയുടെ അവശിഷ്ടം അയാളുടെ മുഖത്തു കുടികൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ഉടുപ്പും പ്രകൃതിയും ആകൃതിപോലെ തന്നെ കമനീയമായിരുന്നു.

സമയം ഇത്രത്തോളമായിട്ടും ക്ഷേണം തയ്യാറായിരുന്നില്ല. അതുകൊണ്ടു യുവാക്കന്മാരും, കുട്ടികളുമെല്ലാം ഗൃഹത്തിൻെറ മുകളിൽപ്പോയി അവിടെയുള്ള വിശാലമായ തളത്തിൽ ഇരുന്നു് അവരവരുടെ സന്തോഷമനുസരിച്ചുള്ള ഓരോ കളികളിൽ ഏപ്പെട്ടു. ബങ്കാളി, ഹിന്ദി, എന്നീ ഭാഷകളിലുള്ള ഗീതങ്ങളും വാദ പ്രതിവാദങ്ങളും വ്യക്തസംഭാഷണവും അവ്യക്തസംഭാഷണവും ചീട്ടുകളിയും, അട്ടഹാസവും ഇടവിടാതെ മുറയ്ക്കു നടന്നുകൊണ്ടിരുന്നു. വീട്ടിലുള്ളവർ പലഹാരങ്ങൾകൊണ്ടും മുറുക്കാൻകൊണ്ടും അവരെ സ്വാതന്ത്ര്യപൂർവ്വം സല്ക്കരിച്ചു. ഹിരൻ പുകവലിക്കാരനായിരുന്നില്ല. മാത്രമോ, പുകയുടെ ഗന്ധം ഏററാൽ അയാൾക്ക് ക്രമത്തിലധികമായ തലവേദന ഉണ്ടാകയും ചെയ്യും. അതിനാൽ അദ്ദേഹത്തിനു അവരുടെ കൂട്ടത്തിൽ ഇരിക്കാൻ സാധിക്കാതെ വന്നു. അദ്ദേഹം അവരെ വിട്ടു വേറൊരിടത്തു ഒരു മൂലയിൽ പോയി തനിയെ ഇരുന്നു് ഇങ്ങി

നെ പറഞ്ഞു:—"ഇക്കൂട്ടരെല്ലാം വെസൂവസ് പര്വ്വതത്തിന്റെ ബന്ധുക്കളിൽ പ്രധാനികളാണ്; ഇവക്ക് സദാ പുകവലിയേ വേണ്ടു."

ദേവപ്രിയൻ പറഞ്ഞു:—"ഠരം ഭൂമിയിൽ അങ്ങ് എന്നെ എന്തിനായി സൃഷ്ടിച്ചു? ഈ പ്രാപഞ്ചികരുടെ ഇടയിൽ ഞാൻ എന്തിനാണ് ചെയ്യുക? ഭക്ഷണത്തിന്നുവേണ്ടി ഇനിയും രണ്ടു മണിക്കൂർ നേരം ഇവിടെ കഴിച്ചുകൂട്ടണമല്ലൊ."

ഹിരൻ പറഞ്ഞു:—"പ്രിയദേവ, നിങ്ങടെ വൊങ്ങച്ചം കാട്ടേണമെന്നില്ല. രണ്ടു മണിക്കൂറുനേരം നിങ്ങളുടെ സഹജീവികളെ നോക്കി പ്രവര്ത്തിക്കുന്നതുകൊണ്ടു ഒരാപത്തും വരുവാനില്ല. നിങ്ങളുടെ ജനനമരണകര്മ്മങ്ങളും വേദാന്തവും പറന്നുപോയ്ക്കളയുമെന്നു വിചാരിച്ച് ഭയപ്പെടേണ്ടതുമില്ല. അതൊരിടത്തേക്കും പോകുന്നതല്ല."

ദേവപ്രിയൻ അവിടെനിന്ന് മറെറാരു ഭാഗത്തേക്കുപോയി അതിഥികളുടെ നടുക്കു ചെന്ന് ഇരുന്നു. അക്കൂട്ടത്തിൽ സ്ത്രീകളും ഉണ്ടായിരുന്നു. അവർ തങ്ങളുടെ സഭ കൂടിയിരുന്നതു താഴത്താണെന്നു പരിഗണിക്കുകപോലും ഉണ്ടായില്ല. അവിടെ ഉണ്ടായിരുന്ന ബാലന്മാരിൽ ഒരാൾ പെട്ടെന്നു "നമുക്കവരുടെ കൂടേപ്പോയി വധുവിനെ കാണുകതന്നെ" എന്നിങ്ങിനെ ഉച്ചസ്വരത്തിൽ പറഞ്ഞു.

ഈ സംരംഭത്തിൽ വൈമുഖ്യം ഭാവിച്ചുകൊണ്ട് ഒരാൾ തെറ്റത്ത് ഇപ്രകാരം പറയുകതന്നെ ചെയ്തു:—"വിഡ്ഢിത്തമൊന്നും കാണിക്കണ്ട. വധുവിനെ കാണേണ്ടതു നമ്മുടെയല്ല; വരന്റെ ഭാരമാണ്. നാം സ്ത്രീകളുടെ ഇടയിൽ ബദ്ധപ്പെട്ടു പണ്ടൊരിക്കൽ ഉപേന്ദ്രന്റെ കല്യാണപ്പെണ്ണിനെ കാണുവാൻ പോയതോർത്തോ! എന്റെ ഠരംശംരാ. അദ്ദേഹത്തിന്റെ അമ്മായിഅമ്മയുടെ ശകാരം നമുക്കു അന്നു കേൾക്കേണ്ടിവന്നില്ലേ? അന്നത്തെ ദയനീയാവസ്ഥയിൽ ഇതുപോലെയുള്ള ഒരു സ്ത്രീ

യെ നിങ്ങൾ വല്ലപ്പോഴും കണ്ടിട്ടുണ്ടോ? നമ്മെക്കണ്ടാൽ കഴിഞ്ഞു; പിന്നത്തെ സ്ഥിതി ഒന്നും പറയണമെന്നില്ല. അതേവിധമുള്ള കെണിയിൽ പിന്നീട് ഞാൻ ഒരിക്കലും പെട്ടിട്ടില്ല."

ഇതിനിടക്ക ഒരു ഹാർമോണിയപ്പെട്ടി അവിടെ കൊണ്ടുവരപ്പെട്ടു. ജനങ്ങളുടെയെല്ലാം ശ്രദ്ധ അതിന്മേലക്കായി. തലമുടി ചീകി മിനുക്കി ഭംഗിയാക്കി വന്നിട്ടുള്ള ഒരു യുവാവു് ഹാർമോണിയം എടുത്തു മീട്ടി പ്രസിദ്ധമായ ഒരു പാട്ടുപാടുവാൻ തുടങ്ങി. "എൻമന്ദിരത്തിലയി മൽപ്രിയയാഗമിച്ചാൽ."

ഹീരൻ ഇതൊന്നും അറിയുന്നില്ല. അയാൾ ചുറവും കൂടി വട്ടമിട്ടു പറക്കുന്ന തുമ്പികളിൽ ചിലതു യാതൊന്നിൽ പതിച്ചു ദുർഗ്ഗന്ധം പുറപ്പെടുവിക്കുന്നുവോ അതിന്നരികിലായി ഒരു മുലയ്ക്കൽ ഇരിക്കയാണു്. സംഗീതധ്വനികേട്ടു അയാൾ പെട്ടെന്നെഴുനീററു് അതു കേട്ട ദിക്കിലേക്ക നടക്കുവാൻ തുടങ്ങി. മററൊരു കുട്ടി ഇരിപ്പാനുള്ള രത്നക്കംബളം തലയിണയാക്കി കൂട്ടുകാരാരും കൂടാതെ കുറച്ചുകലെയായി മൺപാത്രങ്ങൾക്കും മറവുംനടുവിൽ കിടന്നുറങ്ങുന്നുണ്ടായിരുന്നു. ആ കുട്ടിയുംകൂടി സംഗീതം കേട്ടു ഉണന്നു് ഉച്ചസ്വരത്തിൽ ഇപ്രകാരം പറഞ്ഞു.–"നിങ്ങൾ അനനാസികമായി പാടുന്നപക്ഷം നിങ്ങളുടെ ഭാൎയ്യ ധൃതിയിൽ വീടു വിട്ടു പോകയും രണ്ടു മൂന്നു നിമിഷത്തിന്നുള്ളിൽ സാധുകുടുംബം ഇടിഞ്ഞു പൊളിഞ്ഞു വീഴുകയും ചെയ്യും."

എന്നാൽ സംഗീതപ്രിയരായ ആ ജനക്കൂട്ടം "ബലേ ഭേഷ്" എന്നിങ്ങനേ മുറവിളികൂട്ടിക്കൊണ്ടിരുന്നു.

ഹീരൻ ഏതെങ്കിലും തരത്തിലുള്ള സംഗീതം കാംക്ഷിച്ചില്ല. അതുകൊണ്ടാണു് അയാൾ പാട്ടുകച്ചേരിയിൽ പങ്കുകൊള്ളാതിരുന്നതു്. എന്നാൽ ഹീരൻ പോകുന്നതിന്നു ഒരു കാൽ മുന്നോട്ടെടുത്തുവച്ചു ഉടനെ അവിടമെല്ലാം ശബ്ദായമാനമാകയും ഓടുന്ന കാലടികളുടെ ശബ്ദം വ്യക്തമായി കേൾക്കയും താഴത്തേക്ക ഇറങ്ങുന്നതിനിടയിൽ സാധു നിലം പതിക്കുക

യും ചെയ്തു. അയാളുടെ പുതിയ വസ്ത്രമെല്ലാം പൊടിപിരണ്ടു. അതു അയാൾക്കു തീരെ സുഖമില്ലാത്ത ഒരവസ്ഥയായും തീൎന്നു.

നേരം കഴിച്ചു അൎദ്ധരാത്രിയായി. ദേവപ്രിയൻ ഹീരനെ കുലുക്കി ഉണൎത്തിക്കൊണ്ടു "മടിയാ, എഴുന്നേല്ക്കു്. ഊണുകാലമായി" എന്നിപ്രകാരം പറഞ്ഞു.

ഹീരൻ എഴുന്നേററു് ഭക്ഷണം കഴിക്കുവാനായിപ്പോയി. ഭക്ഷണം കഴിഞ്ഞതിനുശേഷം ഹീരൻ പറയുന്നു:—"ഓ, ഞാനക്കാൎയ്യം തീരെ അന്ധാളിച്ചുപോയി, പ്രിയദാ പൂൎണ്ണനും അയാളുടെ ഭാൎയ്യക്കും അവരുടെ പ്രതിഛായ എടുപ്പിച്ചാൽ കൊള്ളാമെന്നു ആഗ്രഹമുള്ളതായും, അതിലേക്കു മിടുക്കന്മാരായ ഇംഗ്ലീഷു ചിത്രമെടുപ്പുകാരെ ഏൎപ്പാടു ചെയ്താൽ നന്നെന്നും താങ്കളോടു പറയുവാനായി പൂൎണ്ണൻ എന്നെ ഏൎപ്പാടു ചെയ്തിരുന്നു.

ദേവപ്രിയൻ പറഞ്ഞു:—"ഓ, അതെല്ലാം ശരിയായിട്ടുണ്ടു്. അയാൾ എന്നോടിക്കാൎയ്യം പറയുകയും ചെയ്തിരുന്നു. ഞാൻ നാളെ പോകുമ്പോൾ അയാളേയും കൊണ്ടുപോകാം. നിങ്ങൾ ഇവിടെ അധികനേരം താമസിക്കുവാൻ വിചാരിക്കുന്നുണ്ടോ?"

ഹീരൻ പറഞ്ഞു:—"ഇല്ല, സ്നേഹിതാ. ഇത്രയും ചോദിച്ച വകയ്ക്കു വളരെ വന്ദനം! ഞാൻ ഇവിടെ അധിക നേരം താമസിക്കുന്നതല്ല. മടങ്ങുന്ന വഴിക്കു് മുകളിലുള്ളവരിൽ ഒരാളെപ്പോലും കണ്ടുമുട്ടണമെന്നും വിചാരിക്കുന്നില്ല. ഈ രാത്രിസമയത്തു് നിങ്ങളേപ്പോലെ 6 അടി പൊക്കമുള്ള ഒരു അപരിചിതന്റെ കൂട്ടുകെട്ടു എത്രമാത്രം ആസ്വാദ്യമായിരിക്കുമെന്നു നിങ്ങൾ അറിയാത്ത കാൎയ്യമല്ലല്ലോ".

ആ രണ്ടു ബന്ധുക്കളും പുറത്തുവന്നു. റോഡിൽ ആദ്യമായി സ്ഥിതിചെയ്യുന്ന വീടാണു് ഹീരന്റേതെങ്കിലും അവിടെ കേറാതെ അയാൾക്കു മംഗളമാശംസിച്ചു മടങ്ങുവാൻ തന്നെ

യാണ് ദേവപ്രിയൻ തീരുമാനിച്ചതു്. ഠരം സംരംഭത്തെ തടഞ്ഞുകൊണ്ടു് ഹീരൻ പറഞ്ഞു:—"ഠരം വഴിയെല്ലാം സഞ്ചരിച്ചിട്ടു് ഠരം രാത്രി എന്താണു് ഒരു പ്രയോജനം? കടന്നു വരിക. നമുക്കു് ഇന്നു് ഇവിടെ രാത്രി കഴിച്ചുകൂട്ടാം. നിങ്ങളുടെ വീടുപോലെ ഇതൊരു നക്ഷത്രബംഗ്ളാവല്ല."

"ഓ, കൊള്ളാം. വളരെ നല്ലതു്. എന്നാൽ നിങ്ങഠം എനിക്കുവേണ്ടി ബുദ്ധിമുട്ടണമെന്നില്ല. ഞാൻ നാളെ നിങ്ങളുമൊന്നിച്ചു ഇവിടെ കൂടാനാണു് വിചാരിക്കുന്നതെന്നു അമ്മയോടു പറയുക."

പിറെറ ദിവസം, ദേവപ്രിയൻ കാലത്തു തന്നെ പൂർണ്ണന്റെ ഗൃഹത്തിലേക്കു പുറപ്പെട്ടു. വഴിക്കു് അദ്ദേഹം കാളേജ് വിദ്യാൎത്ഥിമന്ദിരത്തിൽ കയറി, ഒരു വിദ്യാൎത്ഥിയുമായി കുറെ നേരം സംഭാഷണം ചെയ്കയുണ്ടായി. അനന്തരം ദേവപ്രിയൻ നേരിട്ടു പൂർണ്ണന്റെ വീട്ടിലേക്കു തിരിച്ചു. ഗൃഹനായകനെ വിളിച്ചുകൊണ്ടു് ദേവപ്രിയൻ അവിടെ കടന്നുചെന്നു കാത്തിരുപ്പായി. രണ്ടുമൂന്നു നിമിഷത്തിനുള്ളിൽ പൂർണ്ണൻ ദേവപ്രിയന്റെ മുൻപിൽ എത്തിക്കഴിഞ്ഞു. ഒരു വെളുത്ത കാശിപ്പട്ടാണു് പൂർണ്ണൻ ഉടുത്തിരുന്നതു്. അയാഠം പറഞ്ഞു:—"പ്രിയദാ, നിങ്ങഠം കുറച്ചു നേരം കൂടി കാത്തിരിക്കേണ്ടി വന്നേക്കും; എന്തുകൊണ്ടെന്നാൽ എന്റെ ഭാൎയ്യ അവളുടെ toilette ലാണിനിയും".

ദേവപ്രിയൻ അതു ശരിയായി സമ്മതിച്ചു. പൂർണ്ണൻ ഒരു പരിചാരിണിയെ വിളിച്ചു സ്വൎണ്ണം മുറുക്കാൻ കൊണ്ടുവരാൻ ആവശ്യപ്പെട്ടു. അനന്തരം അയാഠം സ്വയം വീശിക്കൊണ്ടു് മുറിയിൽ അങ്ങുമിങ്ങും ചുററി നടന്നു. ഒന്നു രണ്ടു നിമിഷം കഴിഞ്ഞു ഉടനെ ദേവപ്രിയന്റെ മുമ്പിൽ നിന്നുകൊണ്ടു് പൂർണ്ണൻ ഇ

ങ്ങിനെ ചോദിച്ചു,—"പ്രിയദാ, ഞാൻ എന്തു ചെയ്യണമെന്നാണ് നിങ്ങളുടെ അഭിപ്രായം?"

ഒരു മന്ദഹാസം ദേവപ്രിയൻെറ മുഖത്തെ വികസിപ്പിച്ചു. അദ്ദേഹം പറഞ്ഞു:—"ഠരം നിലയിൽ നിങ്ങൾക്കു പരാജയത്തിനുള്ള കാരണമൊന്നും ഞാൻ കാണുന്നില്ല. നിങ്ങൾക്കതാവശ്യവുമല്ല. എന്നാൽ നിങ്ങൾ നിങ്ങളുടെ ഭാര്യയോടു ക്ഷണം ഒരുങ്ങുവാൻ പറയുക; നിങ്ങളുടേയോ എൻേറയൊ സമയത്തേക്കാൾ കൂടുതൽ വിലയുള്ളതാണ് ഫോട്ടോഗ്രാഫറുടെ സമയം?"

പൂർണ്ണൻ അകത്തേക്കുപോയി. ദേവപ്രിയനു അധികനേരം കാത്തിരിക്കേണ്ടി വന്നില്ല. നവോഢ വേഗത്തിൽ അവിടെപ്രത്യക്ഷയായി! ഏററവും മനോഹരമായ ബനാറിസ് പട്ടുടുത്തും പ്രകാശമാനമായ ആഭരണം സർവ്വാംഗം ധരിച്ചും അവൾ അവിടെ കാണപ്പെട്ടു. അവളുടെ വസ്ത്രം മറയ്ക്കുവാൻ ആഭരണങ്ങൾക്കേ കഴിഞ്ഞുള്ളു. ദേവപ്രിയൻ അവളെ ഒരു നോക്കു നോക്കിപ്പിന്നീട്ട അവിടെ നിന്നും എഴുന്നേററു പൂർണ്ണനോടിപ്രകാരം പറഞ്ഞു:—"ഒരു തുറന്ന വണ്ടിയോ മറയ്ക്കപ്പെട്ട വണ്ടിയോ ഏതാണ് നിങ്ങൾ ഇഷ്ടപ്പെടുന്നതു്?"

പൂർണ്ണൻ ദേവപ്രിയനെ പിൻതുടന്നു പുറത്തുവന്നു. മറുപടി പറഞ്ഞപ്പോൾ അയാളുടെ മുഖം വിളറിയിരുന്നു. "നിങ്ങൾക്കേതൊണിഷ്ടം?·അതു തന്നെ എനിക്കും? നിങ്ങൾ എൻെറ ഭാര്യയെ കണ്ടില്ലയൊ? പ്രിയദാ, മാർവ്വാറികളുടെ ഷാപ്പിലുള്ള വസ്ത്രഭാണ്ഡം പോലെ തന്നെയായിട്ടില്ലേ അവൾ? ഇപ്പോൾ ഞാൻ എന്തു ചെയ്യാനാണ്? ഈ ഭാണ്ഡത്തോടുകൂടി പ്രതിഛായ എടുപ്പിക്കുവാൻ എനിക്കു തീരെ സമ്മതമില്ല."

ദേവപ്രിയൻ ഇതുകേട്ടു പൊട്ടിച്ചിരിച്ചുംകൊണ്ടു് "ഭോഷാ, എനിക്കു നിന്നെ എങ്ങിനെയാണ് സഹായിപ്പാൻ കഴിയുക? സ്ത്രീകളുടെ ഉടുപ്പുകളിലും മററും എനിക്കു തീരെ പരി

ചയമില്ല. എന്നാൽ നമുക്കു പുറപ്പെടുക. ഫോട്ടോഗ്രാഫറിന്റെ ശാലയോടു ചേൎന്ന് ഒരു മുറിയുണ്ട്. അവിടെവെച്ച് ആവശ്യമുള്ള പക്ഷം ഉടുപ്പിൽ വല്ല ഭേദഗതികളും ചെയ്യാൻ സൗകൎയ്യമുണ്ട്. സാഹിബിന്റെ അസിസ്റ്റൻറായ മിസ്സ് പെററർസണ്ണിനോടു നമ്മെ സഹായിക്കുവാനും നമുക്കാവശ്യപ്പെടാം."

പൂൎണ്ണൻ ഭാൎയ്യയൊന്നിച്ച് വണ്ടിയിൽ കയറി. എന്നാൽ അയാളുടെ മുഖം അപ്പോഴും വിവൎണ്ണമായിത്തന്നെ ഇരുന്നു. ഫോട്ടോഗ്രാഫരുടെ സ്ഥലം കുറെ അധികം ദൂരത്തായിരുന്നതുകൊണ്ട് അവിടെ എത്തുവാൻ കുറെ താമസംകൂടാതെ കഴിഞ്ഞില്ല. ദേവപ്രിയന് വധുവിനെ യഥേഷ്ടം നോക്കിക്കാണ്മാൻ സാധിച്ചു. ഹിന്ദുക്കളുടെ ഇടയിൽ വധു ഏററവും പ്രായംകുറഞ്ഞ പെൺകുട്ടിയായിരിക്കും. പക്ഷെ, അവൾ കേവലം കുട്ടിയൊന്നുമല്ല. പൊടിയിട്ടു മുഖം മിനുക്കിയിരുന്നതുകൊണ്ടു അവളുടെ യഥാൎത്ഥമായ മുഖഭാവം കാണ്മാൻ അദ്ദേഹത്തിനു സാധിക്കാതെ പോയി. ചുരുക്കിപ്പറയുന്നപക്ഷം അവൾക്കൊരു പതിനാറു വയസ്സേ തോന്നുകയുള്ളു. അവളുടെ കണ്ണുകൾ വലിയവയെങ്കിലും മുഖം എല്ലാവരേയും സന്തോഷിപ്പിക്കത്തക്ക വിധം രമണീയമായിരുന്നില്ല. അവളുടെ ഭൎത്താവിന്റെ സൗന്ദൎയ്യത്തെപ്പററി ചിന്തിക്കുന്ന പക്ഷം ആ വിഷയത്തിൽ അവൾക്കൊരു പ്രത്യേക സ്ഥാനമുണ്ടെന്നു വേണം പറയുവാൻ.

ഒടുവിൽ അവർ നിൎദ്ദിഷ്ട സ്ഥലത്തെത്തി. ചിത്രശാല രണ്ടാമത്തെ തട്ടിലായതുകൊണ്ടു അവർ അങ്ങോട്ടു പോയി. നിരവധി ചിത്രങ്ങൾ തയ്യാറാക്കി വെച്ചിട്ടുള്ള ഒരു മനോഹരമായ വലിയഹാൾ അവരുടെ ദൃഷ്ടികൾക്കു വിഷയീഭവിച്ചു. ചെറുപ്പക്കാരിയായ ഒരു ആംഗലേയ യുവതി അവിടെ ഇരിയ്ക്കുന്നുണ്ടായിരുന്നു. ദേവപ്രിയനെക്കണ്ടു ഉടനെ അവൾ ആഹ്ലാദപുരസ്സരം പുഞ്ചിരി തൂകിക്കൊണ്ട് ഇരുന്ന ഇരുപ്പിൽ നിന്ന് എഴുന്നേററു. അന്യോന്യം ഉപചാരങ്ങൾക്കു ശേഷം അവൾ പൂൎണ്ണന്റെ

ഭാര്യയെ ഡ്രസ്സിങ്ങ് മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. പൂർണ്ണൻ വീണ്ടും ഉൽക്കണ്ഠിതനായി. "ബങ്കാളി സ്ത്രീകളുടെ വസ്ത്രധാരണത്തെപ്പററി ഈ ഇംഗ്ലീഷുകാരിക്ക് എന്തെങ്കിലും അറിയാമോ?" എന്നു അയാൾ ദേവപ്രിയനോടു മററാരും കേൾക്കാതെ ചോദിച്ചു.

എന്നാൻ ദേവപ്രിയൻ യാതൊരു പരിഭ്രമവും ഒരം കഴിവുള്ള കാര്യത്തിൽ പ്രകാശിച്ചില്ല. അയാൾ ശാന്തനായിരുന്നതേയുള്ളു. ദേവപ്രിയൻ പറഞ്ഞു:—"സ്നേഹിതാ, നിങ്ങളുടെ ഭോഷത്തം നിർത്തിവെയ്ക്കുക. അവൾക്ക് അവൾ ചെയ്യേണ്ടതെന്തെന്ന അറിവുണ്ടായിരിക്കുമെന്നാണ് എന്റെ വിചാരം. ബങ്കാളി സ്ത്രീകളുടെ അനവധി ഫോട്ടങ്ങൾ ഇവിടെ ഇരിക്കുന്നതു നിങ്ങൾ കാണുന്നില്ലെന്നുണ്ടോ ?"

സ്ത്രീകൾ മുറിയിൽനിന്ന് മടങ്ങി വരുന്നതു വരെ കുറെ നേരം ദേവപ്രിയനും പൂർണ്ണനും പ്രതീക്ഷിക്കാതെ കഴിവുണ്ടായിരുന്നില്ല. ഹാളിൽ അവിടവിടെയായി ഇരുന്നിരുന്ന ഓരോ ചിത്രത്തിലും നോക്കി, പൂർണ്ണൻ പാത്തിക്കൊണ്ടിരുന്നപ്പോൾ ദേവപ്രിയൻ ഫോട്ടോഗ്രാഫറുമായി സംഭാഷണം ചെയ്യുകയായിരുന്നു.

ഏറെത്താമസിയാതെ പൂർണ്ണന്റെ ഭാര്യയുമൊന്നിച്ചു മിസ്സ് പെററർസൺ പുറത്തുവന്നു. തന്റെ ഇഷ്ടംപോലെയുള്ള പരിഷ്കാരമൊന്നും പൂർണ്ണന്റെ ഭാര്യയിൽ ചെലുത്തുവാൻ മിസ്സ് പെററർസണ്ണിനു സാധിച്ചില്ല. അതിനു കാരണം ആഭരണങ്ങളുടെ ചുമടായിരുന്നു. പൂർണ്ണൻ തൃപ്തനായില്ല; ഗത്യന്തരമില്ലാത്തതുകൊണ്ടു് അയാൾ തന്റെ യോഗത്തെ ശാന്തനായി അനുസരിച്ചതേയുള്ളു.

ഫോട്ടോഗ്രാഫർ തന്റെ ജോലി ക്ഷണത്തിൽ തീർത്തുകൊണ്ടു് ദേവപ്രിയനെ നോക്കി മന്ദഹസിച്ചു. "തക്ക സമയത്തു ഞങ്ങൾക്കൊരു കോളുണ്ടാക്കിത്തരുമെന്നു വിശ്വസിക്കുന്നു"

എന്നിപ്രകാരം അയാൾ പറഞ്ഞതും ആ പുഞ്ചിരിയോടുകൂടിത്തന്നെയായിരുന്നു.

ദേവ.—"തീൎച്ചയായും."

"ഇയാളുടെ രക്ഷാധികാരത്തിൽ നിങ്ങൾ പെരുമാറുന്ന പക്ഷം തീൎച്ചയായും നിൎദ്ധനനാകാതിരിക്കയില്ലെ"ന്ന പൂൎണ്ണൻ ബങ്കാളിഭാഷയിൽ പറഞ്ഞു.

അനന്തരം അവർ അവിടെ കാണപ്പെട്ട ചിത്രങ്ങളെപ്പറ്റി ഓരോന്ന പറയുവാൻ തുടങ്ങി. ഉടനെ ദേവപ്രിയൻ പൂൎണ്ണനെ നോക്കി "നിങ്ങൾ സ്വല്പംസമയം ഇവിടെ നില്ക്കുക. ഞാൻ പോയി ഒരു വണ്ടി ഏൎപ്പാട ചെയ്തുവരാം" എന്ന പറഞ്ഞു. പൂൎണ്ണനാകട്ടെ, "എന്നാൽ ക്ഷണത്തിൽ വേണം. കൂടുതൽ സമയം റോഡരികിലുള്ള ഒരു ചിത്രശാലയിൽ ഒരാൾക്കും നില്ക്കുവാൻ സാധിയ്ക്കുന്നതല്ല." എന്നിങ്ങനെ മറുവടിപറഞ്ഞു.

ദേവപ്രിയന് വളരെ ദൂരം വണ്ടി അന്വേഷിച്ചു നടന്ന കഷ്ടപ്പെടേണ്ടി വന്നില്ല. അടുത്തുതന്നെ കാണപ്പെട്ട ഒരു വണ്ടി അദ്ദേഹം ഏൎപ്പാടുചെയ്തു കൊണ്ടു വന്നു. അനന്തരം അദ്ദേഹം ഫോട്ടോഗ്രാഫരുടെ മുറിയിൽ വന്നപ്പോൾ ഏതോ ഒരു വണ്ടി ചിത്രശാലയ്ക്കെതിരായുള്ള വീടിന്റെ ഉമ്മറത്തു പെട്ടെന്ന വന്നുനിന്നു. ഒരു സ്ത്രീയും ഒരു യുവാവും അതിൽ നിന്നിറങ്ങി അകത്തേക്കു പോയി.

ദേവപ്രിയന് അവരെ നന്ന അടുത്തു കാണ്മാൻ കഴിഞ്ഞില്ല. അതു അപ്രതീക്ഷിതവുമാണല്ലൊ. എന്നാൽ അവരെപ്പിന്തുടൎന്ന അദ്ദേഹത്തിന്ന പൂൎണ്ണനെ വിളിക്കുവാൻ പോകേണ്ടതായി വന്നില്ലെന്നില്ല. ഇതിനിടക്കു എന്തോ സംഭവിച്ചിട്ടുണ്ടെന്നുള്ളതു തീൎച്ചയാണ്. പൂൎണ്ണൻ തന്റെ ഭാൎയ്യയോടൊന്നിച്ചു അതി വേഗത്തിൽ പോയി വണ്ടിയിൽ കയറി. വണ്ടിക്കാരനോട് വണ്ടി ഉടനെ തെളിക്കുവാൻ ഗൌരവത്തിൽ പൂൎണ്ണൻ ആജ്ഞാപിച്ചു. കുറച്ചു നിമിഷത്തിന്നുള്ളിൽ മറവുള്ളവരുടെ

കാഴ്ചയിൽ നിന്നു വണ്ടി പെട്ടെന്നു മറയത്തക്കവണ്ണം വണ്ടിക്കാരൻ വണ്ടി തെളിക്കുകയും ചെയ്തു.

ദേവപ്രിയൻ ഗേററിന്നടുത്തു നില്ക്കുന്നുണ്ട്. അത്ഭുതം കൊണ്ടു അദ്ദേഹത്തിന്നു യാതൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല. പൂർണ്ണൻ ഇങ്ങിനെ പ്രവർത്തിച്ചതു് എന്തുകൊണ്ടായിരിക്കണം? ഒരു പൊട്ടിച്ചിരി കേട്ടു അദ്ദേഹം തിരിഞ്ഞുനോക്കി. പുതുതായി വന്ന ആരോ മിഴിച്ചുനില്ക്കുന്നതും ഭിത്തിയ്ക്കെതിരെയായി വിവർണ്ണവദനത്തോടു കൂടിയ ഒരു പെൺകുട്ടി നില്ക്കുന്നതും ആയ കാഴ്ച ദേവപ്രിയന്റെ ദൃഷ്ടിയിൽ പതിഞ്ഞു. ദേവപ്രിയൻ അവരെ നോക്കുന്നതു കണ്ടു് ആഗതനായ യുവാവു്—ബാല്യം കഴിച്ചു കഴിഞ്ഞിട്ടേയുള്ളു:—അദ്ദേഹത്തെ നോക്കി ഇപ്രകാരം പറഞ്ഞു:—"ഹലോ, സർ, നിങ്ങൾ എന്നെ മറന്നിരിയ്ക്കയില്ലെന്നു വിശ്വസിക്കട്ടേയോ? കഴിഞ്ഞ ഫുട്ബാൾ സീസനിൽ കല്ക്കത്താ ഗ്രൗണ്ടിൽവെച്ചു നാം കളിക്കയുണ്ടായതു ഓർക്കുന്നുവോ?"

ദേവപ്രിയൻ ഒരിക്കൽക്കൂടെ ആ യുവാവിനെ നോക്കി; അദ്ദേഹത്തിന് ആളെ മനസ്സിലായി. സമീർബോസ് എന്നാണ് അദ്ദേഹത്തിന്റെ പേർ. കഴിഞ്ഞ കൊല്ലത്തിൽ സുപ്രസിദ്ധമായ ഫുട്ബാൾ ടീമിൽ ദേവപ്രിയൻ ഒരു അംഗമായിരുന്നു. അദ്ദേഹം ബോസായിട്ടു എതിർത്തു കളി നടത്തുകയും ചെയ്തിട്ടുണ്ട്. ബംഗാളിലെ യുവാക്കന്മാരിൽ വച്ചു് സമീരൻ അസാധാരണമായ ശക്തിയും കായികാഭ്യാസനൈപുണ്യവുമുള്ള ഒരുവനായതുകൊണ്ടു് ദേവപ്രിയൻ അയാളെ ഉള്ളുററു സ്നേഹിച്ചിരുന്നു. കായികാഭ്യാസത്തിലെല്ലാം അയാൾ അദ്വിതീയനാണ്. മത്സരക്കളികശേഷം ദേവപ്രിയൻ ഈ യുവാവൊരുമിച്ചു് പോയി അനേകം സ്നേഹിതന്മാരെ സമ്പാദിച്ചിട്ടുണ്ടു്. എന്നാൽ അതിന്നു ശേഷം കുറെക്കാലമായിട്ടു് അയാളെ കാണ്മാൻ ദേവപ്രിയന്നു കഴിഞ്ഞിട്ടില്ല. അതാണു് ദേവപ്രിയന്നു ആദ്യമായി

ആ യുവാവിനെ തിരിച്ചറിയുവാൻ കഴിയാഞ്ഞത്. ആഗതൻ ചോദിച്ചു:—

"ഇത്രകാലം നിങ്ങൾ എവിടെ മറഞ്ഞിരിക്കയായിരുന്നു? നിങ്ങൾ എവിടെയാണെന്ന എനിക്കറിവാൻ സാധിച്ചില്ല. വീണ്ടും നിങ്ങൾ ഫുട്ബാൾ ഗ്രൗണ്ടിൽ കളിയ്ക്കിറങ്ങുകയുണ്ടായില്ലെന്നാണ് എനിക്കുറപ്പു തോന്നുന്നത്. എനിക്കു നിങ്ങളെ മറക്കുവാൻ കഴിവില്ല. നിങ്ങളുടെ ചൈതന്യം പെട്ടെന്നു ഞങ്ങളുടെ ഹൃദയത്തിൽനിന്നു മറഞ്ഞുപോകയുമില്ല."

"ഞാൻ അധികകാലം അവിടെയുണ്ടായിരുന്നില്ല. മറെറാരു ജോലിയിൽ എനിക്കു ഏർപ്പെടേണ്ടതായി വന്നു കൂടി. നിങ്ങളുടെ സ്ഥിതിയെന്താണ്? ഒന്നും ആയിട്ടില്ലെന്നു തോന്നുന്നല്ലോ." എന്നു ദേവപ്രിയൻ പറഞ്ഞു.

"ഞാൻ സ്വതന്ത്രനല്ലല്ലോ." അനന്തരം അയാൾ ജ്യേഷ്ഠ സഹോദരിയെ നോക്കി, "ദിദീ * ഇദ്ദേഹമാണ് മിസ്റ്റർ ദേവപ്രിയറായി. ബങ്കാളികളായ നമ്മുടെയിടയിൽ ഫുട്ബാൾ കളിയിൽ ഇദ്ദേഹം പ്രസിദ്ധനാണ്. ഇദ്ദേഹത്തെപ്പററിയുള്ള മററു വിവരങ്ങൾ എനിക്കറിഞ്ഞുകൂടാത്തതുകൊണ്ടു ഞാൻ അതിപ്പോൾ പറയുവാൻ ശക്തനല്ല." "മിസ്റ്റർ റായി, ഒരം നില്ക്കുന്നതു എൻെറ മൂത്ത സഹോദരിയാണ്. ഇവരുടേ പേർ മിസ് അനന്ദിതാബോസ് എന്നാണ്."

ദേവപ്രിയൻ തല കുനിച്ചു. ബഹുമാനസൂചകമായി ഒന്നു ചിരിക്കുവാൻ ആ യുവതി ശ്രമിച്ചു. പക്ഷെ അതു നിഷ്ഫലമായി. ദുർല്ലഭമായി ലഭിച്ച ആ സംഘത്തിൽ ചേൎന്ന് സന്തോഷിക്കുവാൻ അവസരം നൽകാഞ്ഞ പൂൎണ്ണൻെറ അപരിചിത സാരംഭം ഓൎത്ത് ദേവപ്രിയൻ വിഷാദിച്ചു. എന്നിട്ടും അവരോട് ഒന്നും പറയാതെ നടക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹം ചോദിച്ചു:—"നിങ്ങൾ ഫോട്ടൊ എടുപ്പിക്കുന്നതിനാ

* ജ്യേഷ്ഠ സഹോദരിയ്ക്കു ബങ്കാളിലുള്ള പേർ ഇതാണ്.

യിരിക്കുമോ വന്നാതു്? എന്നാൽ മററുള്ളവരേപ്പോലെ ഇവർ കൂട്ടതൽ ചാർജ്ജ് വാങ്ങുന്നതല്ല. വൃത്തിയായി തൊഴിൽ നടത്തുകയും ചെയ്യും."

"ഓഹോ, അങ്ങിനേയോ? എന്നാൽ ദിദി നേരം വൈകുന്നു. പോകുക." എന്നു പറഞ്ഞു അവർ ചിത്രശാലയെ ലക്ഷ്യമാക്കി നടന്നു.

അനിന്ദിത സഹോദരനെ പിന്തുടൎന്നു കൊണ്ടു് ഇങ്ങിനേ ചോദിച്ചു, "സമീരാ, നമുക്കു മടങ്ങിപ്പോകുക. ഫോട്ടൊ എടുപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല."

ദേവപ്രിയൻ അതു കേൾക്കാതിരുന്നില്ല. "സാരമില്ല ദിദീ, എന്താണീയസംബന്ധം പറയുന്നതു്?"

ദേവപ്രിയൻ അധിക നേരം അവിടെ താമസിച്ചില്ല. അദ്ദേഹം ബദ്ധപ്പെട്ടു ഗേററിലേക്കു നടന്നു. പൂൎണ്ണൻെറ ബദ്ധപ്പാടോടു കൂടിയ അന്തർദ്ധാനത്തിന്നുള്ള ഹേതു ഇപ്പോൾ ദേവപ്രിയന്നു വ്യക്തമായി ഗ്രഹിക്കുവാൻ കഴിഞ്ഞു. ലജ്ജയും നിരാശയും ആ സമയത്തു അദ്ദേഹത്തിൻെറ ഹൃദയത്തിൽ സ്ഥലം പിടിച്ചിരുന്നു.

അജ്ഞാനപ്പിശാചിൻെറ ബാധയിൽനിന്നു വിമുക്തനും യൗവ്വനത്തിൽ ഇംഗ്ലണ്ടിൽ വിദ്യാഭ്യാസം ചെയ്തു ആളുമായ ഒരു മാന്യൻെറ പുത്രിയെ വിവാഹം ചെയ്യുവാനായി പൂൎണ്ണൻ ശ്രമിച്ചിരുന്നുവെന്നും പൂൎണ്ണൻെറ കുടുംബക്കാർ അതിന്നു തീരെ എതിരായിരുന്നുവെന്നും ദേവപ്രിയൻ കുറേക്കാലം മുമ്പു് കേട്ടിരുന്നു. എന്നാൽ പൂൎണ്ണൻ ഇപ്പോൾ വിവാഹം ചെയ്തതു കുടുംബക്കാരുടെ ആഗ്രഹമനുസരിച്ചുള്ള ഒരു പെൺകുട്ടിയേ യാണു്. അതുകൊണ്ടു് ഭീരുവായ അയാൾക്കു തൻെറ ഭാൎയ്യയോടു കൂടി, മൎയ്യാദയനുസരിച്ചു്, അവരോടു പെരുമാറുവാൻ എന്തായിരുന്നു വിരോധം? സമീരൻെറ ചിരിയും, പൂൎണ്ണൻെറ ബദ്ധപ്പാടും മററെന്തിനേയാണു് വ്യക്തമാക്കുന്നതു്?

ദേവപ്രിയൻ പാതയിലേയ്ക്കിറങ്ങി. അതിനു ശേഷം അദ്ദേഹം ഒരിക്കൽക്കൂടെ പിൻ തിരിഞ്ഞു നോക്കി. അനിന്ദിത ഈ സമയത്തും മുകളിൽത്തന്നെ നില്ക്കയായിരുന്നു. സമീരനാകട്ടെ, താഴത്തേക്കു ഇറങ്ങിക്കഴിഞ്ഞിരുന്നു. ദേവപ്രിയൻ തൻെറ കണ്ണുകൾ ഒരു ട്രാംകാറിലേക്കു പതിപ്പിച്ചു. അതു തൻെറ അരികിലേക്കു വരുന്നതായി കാണപ്പെട്ടു. എന്നാൽ ആ നിമിഷത്തിൽ സമീരൻ വന്നു ദേവപ്രിയനോടിങ്ങിനെ പറഞ്ഞു:—"നിങ്ങൾ ദയവുചെയ്തു കുറച്ചു നേരം ഇവിടെ നില്ക്കാമോ? ഞാൻ ഒരു വണ്ടി ഏർപ്പാടുചെയ്തു ഒരു നിമിഷത്തിനകത്തു മടങ്ങി വരാം."

ദേവപ്രിയൻ അതു സമ്മതിച്ചു തിരിഞ്ഞു നിന്നു. ട്രാം കാർ അദ്ദേഹത്തിൻെറ കൺമുമ്പിലൂടെ പോഞ്ഞു. അനിന്ദിത ഗേററിന്നരികെ നില്ക്കയായിരുന്നു. അവളുടെ സുന്ദരമായ മുഖത്തിനു ചുററും കൃഷ്ണനീലിമയോടുകൂടിയ, അരുപാളി വെച്ചിട്ടുള്ള, വസ്ത്രം മറഞ്ഞു കിടന്നിരുന്നു. അവൾ അവിടെ കേവലം ഒരു ശിലാ പ്രതിമ പോലെയാണു് നിന്നിരുന്നതു്. സമീരൻ അവിടെ നിന്നു പോയ ഉടനെ അവൾ പെട്ടെന്നു തിരിഞ്ഞു ദേവപ്രിയനായിയെ നോക്കി പ്രാരംഭ പ്രസ്താവമൊന്നും കൂടാതെ ഇങ്ങിനെ ചോദിച്ചു:—

നിങ്ങൾ പൂർണ്ണബാബുവിനോടുകൂടെയാണല്ലോ വന്നതു്? അദ്ദേഹം നിങ്ങളുടെ ബന്ധുക്കളിൽ പെട്ട വല്ലവനുമാണോ?"

ദേവപ്രിയൻ പറഞ്ഞു:—"അല്ലല്ല; ഞാൻ അയാളുടെ ഒരു വഴി കാട്ടി എന്നപോലെ മാത്രമേ പെരുമാറിയിട്ടുള്ളു. എന്നാൽ മടങ്ങിപ്പോകുമ്പോൾ എൻെറ സഹായം അദ്ദേഹം ഉപേക്ഷിക്കയാണു് ചെയ്തതു്."

അനിന്ദിതയുടെ മുഖത്തു് നിരാശാ സൂചകമായ ഒരു പുഞ്ചിരി ഉണ്ടായി. ഒരു പക്ഷെ പൂർണ്ണൻെറ അന്തർദ്ധാനത്തിന്നുള്ള രഹസ്യം ഇതിലടങ്ങിയിരിയ്ക്കാം.

"എന്നായിരുന്നു അദ്ദേഹത്തിൻെറ വിവാഹം നടന്നതു ?" എന്നു അവൾ വീണ്ടും ചോദിച്ചു.

"കഴിഞ്ഞ ബുധനാഴ്ച" എന്നു ദേവപ്രിയൻ പെട്ടെന്നു മറുവടി പറഞ്ഞു.

സമീരൻ വണ്ടിയുമായി മടങ്ങിയെത്തി. സഹോദരി വണ്ടിയിൽ കയറിയതിനു ശേഷം സമീരനും വണ്ടിക്കകത്തായിക്കഴിഞ്ഞു. ഉടനെ അയാൾ ദേവപ്രിയനെ നോക്കി, "ദേവപ്രിയ ബാബു താമസിയാതെ ഒന്നുകൂടി കാണ്മാൻ ഇട വരുത്തണമേ! നിങ്ങൾക്ക് ഞങ്ങളുടെ മേൽവിലാസം അറിയാമെന്നാണെൻെറ വിശ്വാസം."

ദേവപ്രിയൻ പറഞ്ഞു:—"ഓ അറിയാം." അനിന്ദിത ദേവപ്രിയനെ ഒന്നുകൂടി നോക്കി. വണ്ടി ഇളകാറായ സമയത്തു അവൾ മുഖം വണ്ടിയുടെ പഴുതിൽക്കൂടെ പുറത്തേക്കു കാണിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു:—"ഞങ്ങൾക്കുവേണ്ടി നിങ്ങൾ നിങ്ങളുടെ കാർ ഉപേക്ഷിച്ചു. ഇനി വളരെ നേരം നിങ്ങൾക്കു റോഡിൽ നില്ക്കേണ്ടതായിത്തന്നെ വരുമോ? എന്നാണ് ഞങ്ങൾ സംശയിക്കുന്നതു."

ദേവപ്രിയൻ മന്ദഹസിച്ചുകൊണ്ട്, "എന്നെക്കുറിച്ച് നിങ്ങൾ ക്ലേശിക്കണ്ട. മറെറാരു വണ്ടി ഇതാ വരുന്നുണ്ട്. ഞാൻ അധിക സമയവും റോഡിൽ നിന്നല്ലേ കഴിച്ചുകൂട്ടിയതു്? പക്ഷെ എനിക്കതു വേണ്ടിവന്നു" എന്നിപ്രകാരം മറുവടി പറഞ്ഞു.

വണ്ടി ഇളകി പോയ്ക്കഴിഞ്ഞു. ദേവപ്രിയൻ കാറിൽ കയറുവാൻ വെറുപ്പു ഭാവിച്ചിട്ടെന്നപോലെ, പെട്ടെന്നു കാൽ നടയായിത്തന്നെ തിരിച്ചു. പുതുതായി കാണുവാനിടയായ ആ സുന്ദര മുഖം വീണ്ടും വീണ്ടും അദ്ദേഹത്തിൻെറ ഹൃദയത്തിൽ പ്രത്യക്ഷമായും അപ്രത്യക്ഷമായും പരിലസിച്ചു.

അദ്ധ്യായം 3.

“എനിക്കേററം മനക്കാമ്പിലിരിക്കുന്നോരഭിലാഷം,
നിനയ്ക്കുമ്പോൾ നിനക്കുണ്ടോ ഫലിപ്പിപ്പാനെളുപ്പവും”

സമീരൻ കിടക്കയിൽനിന്ന എഴുന്നേററപ്പോൾ ശരിയായിട്ടും 8½ മണിയായിരുന്നു. അയാൾ തന്റെ സ്വന്തം മുറിയിൽ അങ്ങുമിങ്ങും നോക്കി “ * ചോർട്ടി, എന്റെ ക്ഷൗരക്കത്തി കണ്ടോ പററി” എന്ന ചോദിച്ചു.

അയാൾ സംബോധന ചെയ്ത സ്ത്രീ അയാളുടെ രണ്ടാമത്തെ സഹോദരിയായ സുരൂപയായിരുന്നു. അവൾ തന്റെ മുറിയിൽ നിലത്തു ഒരു പായയിൽ ഇരുന്ന് തിടുക്കമായ ഏതോ ഒരു തുന്നൽപ്പണി ചെയ്കയായിരുന്നു. അവൾക്കു ചുററും തുണിക്കഷണങ്ങളും വിവിധവർണ്ണങ്ങളിലുള്ള കസവു നൂലുകളും കിടപ്പുണ്ടായിരുന്നു. നവീനരീതിയിൽ ഉടുപ്പുകൾ ഉണ്ടാക്കുന്ന ഒരാൾ അയച്ചു കൊടുത്ത ഒരു വിലവിവരപ്പട്ടികയും അവൾക്കരികിലായിക്കിടന്നിരുന്നു. നീണ്ടു തഴച്ചു നില്ക്കുന്ന സുരൂപയുടെ കേശഭാരം ശിരസ്സിനെത്തന്നെ ആശ്രയിച്ചു നില്ക്കാതെ ചുമലുകളിൽക്കൂടി ഇഴകി നിരുദ്ദേശരീതിയിൽ തൂങ്ങിക്കിടക്കുന്നുണ്ടു്. ആവശ്യമുള്ളപ്പോൾ അവൾ ഹെയർപിൻസ് (ധമ്മില്ല സൂചികൾ) ഉപയോഗിക്കാറുണ്ടെങ്കിലും ഇപ്പോൾ അവ എവിടെയാണെന്ന അവൾക്കുപോലും അറിഞ്ഞുകൂടായിരുന്നു. അത്രത്തോളം ഒരു ബദ്ധപ്പാട് അവൾക്കില്ലായിരുന്നുവെങ്കിൽ ഒരിക്കലും അവയെ അവൾ ഉപേക്ഷിക്കയില്ലെന്ന തീച്ചതന്നെ. സമീരന്റെ ഉത്സാഹശക്തിയോടുകൂടിയ അന്വേഷണത്തിന മറുവടിയായി അവൾ പെട്ടെന്ന ഇങ്ങിനെ പറഞ്ഞു:—“ഞാനെങ്ങിനേയാണ് അതറിയുന്നതു്? നീ നിന്റെ ക്ഷൗരക്കത്തി അന്വേഷിച്ചു

* ജ്യേഷ്ഠ സഹോദരിമാരിൽ ഏററവും ഇളയവൾ.

എന്താണ് എന്റെ മുറിയിൽ എപ്പോഴും വരുന്നതു്. എനിക്കു് അതുകൊണ്ടെന്തൊരാവശ്യമാണുള്ളതു് ?”

സമീരൻ പറഞ്ഞു:—“എന്നാൽ അതു സുഷിയായിരിക്കണം. ഞാൻ അവളുടെ ശസ്യശാസ്ത്രപരിശീലനംകൊണ്ടു് കുഴങ്ങി! ഠരം സുഖകാലത്തു് അവൾ എന്റെ തലയ്ക്കു വെളിവില്ലാതാക്കിത്തീർക്കുകയേ ഉള്ളുവെന്നു തോന്നുന്നു. ഇപ്പോൾ ഫോർബ്ബി എഴുന്നേറ്റു പോയി അതു് അന്വേഷിച്ചു കൊണ്ടുവന്നു തരികതന്നെ, ഒൻപതു മണിക്കു എനിക്കു് ഉദ്യോഗത്തിനു പോകേണ്ടതുണ്ടു.”

സുരൂപ ഒരു മനോഹരമായ പട്ടിനു് സ്വർണ്ണ കസവുനൂൽ കൊണ്ടു അരുംപാളി തുന്നിപ്പിടിപ്പിക്കുകയായിരുന്നു. അവൾ അതു തുടർന്നുകൊണ്ടു് ശാന്തഭാവത്തിൽ ഇപ്രകാരം പറഞ്ഞു:— “നീ നിന്റെ പാട്ടിനു പോ. എന്നെ ബുദ്ധിമുട്ടിക്കരുതു്. ഉദ്യോഗം! വാസ്തവംതന്നെ! നിന്റെ വായിൽനിന്നു പുറപ്പെടുന്ന ഒരു വാക്കുപോലും എനിക്കു വിശ്വാസമില്ല.”

സമീരൻ കുതിച്ചുചാടി അവളുടെ അരികെ ചെന്നു്, പെട്ടെന്നു, രണ്ടു ദിവസത്തെ വളർച്ചയോടുകൂടിയ രോമങ്ങൾ നില്ക്കുന്ന താടി തടവിക്കൊണ്ടു് കണ്ണു തുറിച്ചു നോക്കി. സമീരനു് ആ അവസരത്തിൽ ഒരു കിഴുക്കുകൊള്ളേണ്ടിവന്നു. അവൾ അസഹ്യഭാവത്തിൽ പറഞ്ഞു:—“എടാ: കുരങ്ങാ, നീ എന്താണു് പുറത്തുപോകാത്തതു്? എനിക്കു ഈ ജോലി ഇന്നു തീർക്കണം. സുഷീ ഒന്നിങ്ങോട്ടു ക്ഷണം വരൂ.”

സുഷി, അഥവാ സുഷമ-അതാണവളുടെ മുഴുവൻപേർ-ബെയിലിയുടെ സസ്യശാസ്ത്രഗ്രന്ഥം കയ്യിൽ പിടിച്ചുകൊണ്ടു് അകത്തുകടന്നു വന്നു അവരുടെ അരികിൽ നിന്നു. പൊക്കംകൂടി കൃശമായ ഒരു ശരീരമാണു് 17 വയസ്സു മാത്രം പ്രായമുള്ള അവൾക്കുണ്ടായിരുന്നതു്. അവളുടെ സൗന്ദര്യത്തെപ്പറ്റി അവളും സമീരനുമായി ദിവസവും ശണ്ഠ കൂടുക പതിവായിരുന്നു.

സമീരൻ അവളുടെ മുഖം കറുത്തതാണെന്നു പറഞ്ഞു വരാറുണ്ട്. എന്നാൽ സുഷമയുടെ ഭാഗം പിടിച്ച് അവളുടെ മുഖത്തിനു കറുപ്പു നിറമല്ല; തവിട്ടു നിറമാണുള്ളതെന്നു എനിക്കു പറയാതെ കഴികയില്ല. സുഷമ അടുത്തെത്തിയ ഉടനെ സമീരൻ ഒരു നൂൽച്ചുരുൾ അവളുടെ ദേഹത്തിലേക്കു എറിഞ്ഞു കൊണ്ട് എന്റെ ക്ഷൗരക്കത്തി നീ എന്തു കാണിച്ചു"വെന്നു ചോദിച്ചു.

"ഞാൻ പഠിച്ചുകൊണ്ടിരിക്കേ എന്തിനായി എന്നെ ഇങ്ങോട്ടു വിളിച്ചുവോ അതു തന്നെയാണ് കാരണം" എന്നു സുഷമ കുസൽ കൂടാതെ മറുവടി പറഞ്ഞു. "ചോർദി എന്തൊരു പെൺകുട്ടിയാണ്? എനിക്ക് എന്തിനാണ് ഒരു ക്ഷൗരക്കത്തി. ഒരാവശ്യവുമില്ല. നിങ്ങൾക്കു ജോലിയൊന്നുമില്ലാത്തതുകൊണ്ടാണ് എന്നെ എല്ലാ സമയവും ബുദ്ധിമുട്ടിക്കുന്നതു" എന്നു അവൾ വീണ്ടും തുടന്നു പറഞ്ഞു.

"അവളെ ബുദ്ധിമുട്ടിക്കുന്നുവത്രെ! തീച്ചയായും ഞങ്ങൾ ബുദ്ധിമുട്ടിക്കും. ബുദ്ധിമുട്ടിക്കുക എന്നുള്ളതിന്റെ അത്ഥം നിനക്കറിയാമോ?" എന്നു സമീരൻ ഇടക്കു കേറിപ്പറഞ്ഞു.

ഈ ആക്ഷേപിക്കൽ സുഷമയെ വേദനപ്പെടുത്തി. അവൾ ആ മുറിയിൽ നിന്നു പുറത്തുവന്നു മറ്റൊന്നിലേക്കു കടന്നു. ഉടനെ ആ മുറിയുടെ വാതിലുകൾ അടച്ചു തഴുതിട്ടു പുസ്തകവായനയിൽത്തന്നെ അവൾ ശ്രദ്ധിക്കുവാൻ തുടങ്ങി.

ഏതായാലും സമീരൻ അവിടെ നിന്ന് ധൃതിയിൽ പോകുന്നതിന്നു മടികാണിക്കാതിരുന്നില്ല. അയാൾ സുരൂപയുടെ അരികിൽ ഇരുന്ന് അവളോടു ഓരോന്നു സംസാരിക്കുവാൻ തുടങ്ങി. സുരൂപ സമീരനേക്കാൾ ഒരു വയസ്സു മാത്രം പ്രായം കൂടുതലുള്ളവളാണ്. അതുകൊണ്ടാണ് അവരുടെ ജീവിതത്തിലുള്ള ദിവസമോരോന്നും അവർ അന്യോന്യം ശണ്ഠകൂട്ടി കഴിച്ചുവന്നിരുന്നതും. സുഷമ സമീരനേക്കാൾ 3 വയസ്സു പ്രായം കുറ

ഞ്ഞവളായിരുന്നു. സുരൂപയും സമീരനും സുഷമയെ ഒരു ചെറിയ കുട്ടിയെന്നുള്ള നിലയിലാണ് സ്നേഹിക്കുന്നത്.

സുരൂപ തന്റെ ജോലിയിൽ ബദ്ധശ്രദ്ധയായിരുന്നതുകൊണ്ടു മൗനം ഭിക്ഷിച്ചില്ല. അവൾ പറഞ്ഞു:—"സമീര, പൂർണ്ണനെ കണ്ടപ്പോൾ ദിദി ആശ്ചര്യം പ്രകാശിപ്പിച്ചില്ലെ? സാധു! ഞാനാണ് അവളുടെ സ്ഥാനത്തു അവിടെ ഉണ്ടായിരുന്നതെങ്കിൽ പൂർണ്ണന്റെ തലയ്ക്കു ഒരു ഒററ അടി കൊടുക്കാതെ മടങ്ങിപ്പോരികയില്ലാ. അവനേപ്പോലെയുള്ള മൂഢന്മാക്ക് അതൊരിക്കലും പോരായ്മയായിത്തീരുകയുമില്ല."

സമീരൻ പറഞ്ഞു:—"ശരിതന്നെ. അങ്ങിനെ തന്നെയാണ് വേണ്ടിയിരുന്നത്. നിങ്ങളേക്കാൾ ഒരം വക അക്രമങ്ങൾക്കു അധികം പററിയ ആൾ ഞാൻ തന്നെയാണ്. ഏതെങ്കിലും ഒരാവശ്യം എനിക്കതുകൊണ്ടുണ്ടായിരുന്നുവെങ്കിൽ ഞാനതു പൂർണ്ണമനസ്സാലെ ചെയ്യുമായിരുന്നു. ദൈവമേ! ഇതു ഞാൻ പറയുന്നതു ദിദിയെ ഉദ്ദേശിച്ചാണ് കേട്ടോ! ഫോട്ട്യാണ് ദിദിയുടെ സ്ഥാനത്തെങ്കിൽ തീർച്ചയായും അപ്പോൾ ജീവഛവമായി താഴെ വീഴുമായിരുന്നു. ധീരയായതുകൊണ്ടു ദിദി അവിടെ നിന്നുവെന്നേയുള്ളു. അല്ലാത്ത പക്ഷം ദേവപ്രിയ റായിയുടെ മുമ്പിൽ വെച്ച് എനിയ്ക്കൊരു വിഡ്ഢിവേഷം കെട്ടേണ്ടിവരുമായിരുന്നു."

"എന്തൊരു മനോഹരമായ പേർ?" ആരാണദ്ദേഹം? എന്നു സുരൂപ ചോദിച്ചു.

"അദ്ദേഹം എന്നെപ്പോലെയുള്ള ഒരു മാന്യനാണ്. അദ്ദേഹം ഒരദ്വിതീയനായ ഫുട്ബാൾ കളിക്കാരനുമാണ്. അദ്ദേഹത്തിന്റെ പേര് അദ്ദേഹത്തിനു മാത്രമല്ല പ്രിയമായിട്ടുള്ളത്."

സുരൂപ ചോദിച്ചു:—"അദ്ദേഹം ആരെപ്പോലെയാണ് കണ്ടാൽ?"

സമീരൻ:—(സുരൂപയുടെ മുഖത്തേക്കു നോക്കിക്കൊണ്ടു) "എനിക്കറിഞ്ഞുകൂടാ! നിങ്ങളുടെ അഭിപ്രായത്തിൽ പൂർണ്ണൻ ഒരു പൂർണ്ണ സുന്ദരനാണല്ലൊ. അങ്ങിനെയുള്ള ഒരാൾക്കു ദേവപ്രിയന്റെ സൗന്ദര്യം തീരെ രുചിക്കുന്നതല്ല. എന്നാൽ എന്റെ അഭിപ്രായം പൂർണ്ണനേക്കാൾ അദ്ദേഹം എത്രയോ സുന്ദരനാണെന്നത്രെ. ഉന്നതവും, മനോഹരവുമായ ഒരു ശരീരമാണല്ലൊ ഒരു മനുഷ്യനു വേണ്ടതു്. അതു് അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടു്. ഇങ്ങോട്ടു് ഒരു ദിവസം വരണമെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞിട്ടുണ്ടു്. അപ്പോൾ എല്ലാം കണ്ടുതന്നെ അറിയാമല്ലൊ."

സുരൂപ വീണ്ടും തുടർന്നു ചോദിച്ചു:—"സമീരാ, നിന്റെ ദൃഷ്ടിയിൽ പെട്ട ഉടനെ തന്നെ പൂർണ്ണൻ പൊയ്ക്കളഞ്ഞോ? അദ്ദേഹം നിന്നെ ഏതു നിലയിലെങ്കിലും കരുതി ഒരു വാക്കുപോലും പറകയുണ്ടായില്ലെ?"

സമീരൻ:—"വാസ്തവത്തിൽ അയാൾ ഞങ്ങളെ തിരിച്ചറിഞ്ഞു. പക്ഷെ നിങ്ങൾ പറയുംപോലെ അല്ല എന്നു മാത്രം. അയാൾ ഞങ്ങളെ കണ്ടപ്പോൾ മുഖം കറപ്പിച്ചു. അയാളുടെ വധു ഒരു നൂറു വാര ദൂരം ഓടിക്കളഞ്ഞു. ഭഗവൻ, ഞാൻ എത്രമാത്രമാണു് അപ്പോൾ ചിരിച്ചതു്! അതു തന്നെ മതി ഒരു ജീവിയെ കൊല്ലാൻ!"

സുരൂപ:—"അതൊരാളും ഇഷ്ടപ്പെടുന്ന ഒന്നല്ലല്ലോ, ആ സമയത്തു എങ്ങിനേയാണു് ചിരി വരുന്നതു്? ദിദിയെ ഓർത്തെങ്കിലും നിനക്കു വ്യസനം തോന്നിയില്ലേ?"

സമീരൻ:—"എനിക്കെന്തുകൊണ്ടു് ചിരിച്ചുകൂടാ? ആ നഷ്ടത്തെപ്പററി എനിക്കു വ്യസനമില്ല. ആദ്യം തന്നെ അയാൾ വിവാഹിതനാണെന്നു എനിക്കു മനസ്സിലായി. ദിദിയോടു ഞാൻ ആ സംഗതി ഒരിക്കൽ പറയുകയും ചെയ്തു. എന്നാൽ ദിദിയോ? ആഖ്യായികയിലെ യഥാർത്ഥ നായികയേപ്പോലെ ദുഃഖ പര്യവസായിയായ ഭാവം കൈക്കൊണ്ടു ഇങ്ങിനെ പറ

ഞ്ഞു:—"അദ്ദേഹത്തിന്ന് എതിരായിട്ടുള്ള യാതൊരു വാക്കും ഞാൻ വിശ്വസിക്കുന്നില്ല. ഞാൻ അദ്ദേഹത്തെ മനഃപൂർവ്വം വിശ്വസിയ്ക്കുന്നു." എന്നാൽ ദിദിയുടെ വിശ്വാസം ആ സാധുവിനെ ഇപ്പോഴും വിട്ടുപിരിഞ്ഞു. ആ മൂഢൻെറ പടിയിൽ നിന്ന് ദിദി രക്ഷ പ്രാപിച്ചത് ഏതായാലും ദൈവകാരുണ്യം തന്നെ. എങ്ങിനെയാണ് അയാൾ ഓടിപ്പോയത് ?"

സമീരൻ വീണ്ടും പൊട്ടിച്ചിരിക്കുവാൻ തുടങ്ങി. ഇതിന്നു ഹേതു സമീരൻ അന്തർധാനം ചെയ്തതിൻെറ ഓർമ്മ തന്നെയേ ആയിരുന്നുള്ളു. "ഭോഷാ മതിയാക്ക്. ദിദി ഇതറിയുകയാണെങ്കിൽ അവൾ എന്തു വിചാരിക്കും! ആ ദിവസം മുതൽ അവളുടെ മുഖം മ്ലാനമായിരിക്കുന്നതു നീ കാണുന്നില്ലെ ?" എന്നു സുരൂപ പറഞ്ഞു.

"എന്നാൽ പൂർണ്ണൻ ചെയ്ത മറെറാരപരാധം വളരെ വലുതാണ് ? അയാൾ അയാളുടെ ഭാര്യയെ സന്തോഷിപ്പിക്കാൻ തുടങ്ങുമ്പോൾ ദിദിയുടെ ഹൃദയം അയാൾക്കു വേണ്ടി തവിടുപൊടിയായിത്തീരുന്നു. അതു അവളുടെ ബോധമില്ലായ്മയെന്നു ഞാൻ പറയുക തന്നെ ചെയ്യും"

യാദൃച്ഛികമായ ഉൽക്കണ്ഠയോടു കൂടി സുരൂപ ചോദിച്ചു:—"അയാൾ വിവാഹം ചെയ്ത സ്ത്രീ കാഴ്ചക്കു എങ്ങിനേയാണ് ? അവൾ നല്ല വസ്ത്രവും മററും ധരിച്ചിട്ടുണ്ടോ ?"

സമീരൻ പറഞ്ഞു; —"സ്ത്രീ ചാപല്യം നോക്കണേ! അവൾ നല്ല വസ്ത്രം ധരിക്കട്ടെ, അഥവാ ധരിക്കാതിരിക്കട്ടെ. അതു സുഖപരമായിരിക്കട്ടെ, ദുഃഖപര്യവസായിയായിരിക്കട്ടെ; അതെല്ലാം മറെറാരാളെയും സംബന്ധിക്കുന്ന കാര്യമല്ലല്ലൊ."

സുരൂപ കോപാകുലയായി:—"പുറത്തുപോ! നീ എന്തിനാണ് ഇവിടെ ഇരിക്കുന്നത്? ഒൻപതു മണിക്ക് നിനക്ക് എവിടേയൊ എന്തോ ഉണ്ടെന്നല്ലെ പറഞ്ഞത്? ഇപ്പോൾ ശരിക്കും മണി ഒൻപതു കഴിഞ്ഞു."

സാഹിത്യ അക്കാദമി

"അങ്ങിനേയോ! ഓരോ കാര്യമില്ലാത്ത സംഗതിയെക്കുറിച്ചു ചോദിച്ചു് എന്റെ സമയം നിങ്ങൾ പാഴാക്കിക്കളഞ്ഞതു് നോക്കണേ!" ഇങ്ങിനെ പറഞ്ഞുകൊണ്ടു് സമീരൻ മുറിവിട്ടു പോയ്ക്കളഞ്ഞു.

സുരൂപയ്ക്കു മറേറതോ കാര്യത്തെക്കുറിച്ചും സമീരനുമായി സംഭാഷണം ചെയ്യേണ്ടിയിരുന്നു. സമയമുണ്ടെങ്കിൽ അവൾ സമീരന്റെ പുറകെ ഓടിപ്പോകുമായിരുന്നു. എന്നാൽ അവൾക്കു ഉടൻ തന്നെ ചെയ്തു തീർക്കേണ്ടതായ ജോലി ഉണ്ടായിരുന്നതുകൊണ്ടു് സാധിച്ചില്ലെന്നേയുള്ളു. അന്നു വൈകുന്നേരം അവൾക്കു അവളുടെ സഖിമാരിൽ ഒരാളുടെ വിവാഹാഘോഷത്തിൽ പങ്കുകൊള്ളേണ്ടതുണ്ടായിരുന്നതുകൊണ്ടു് ആ അവസരത്തിൽ ഉപയോഗിക്കുന്നതിനാണു് ചില പുതിയ ഉടുപ്പുകൾ തയ്യാറാക്കേണ്ട ദ്രുതഗതിയിൽക്കൂടെ പോകേണ്ടിവന്നതും ക്ഷമാപൂർവ്വം അവൾ ആ ജോലിയിൽ നിന്നു വിരമിക്കാതിരുന്നതും.

"സൂ, നിങ്ങൾ എന്റെ കത്രിക എവിടേയെങ്കിലും കാണുകയുണ്ടായോ?" എന്നുള്ള ചോദ്യം എപ്പോൾ അവൾ കേട്ടുവോ ആ നിമിഷത്തിൽ അവളുടേ ജോലി ഒരു വിധം അവസാനിച്ചിരുന്നു.

സുരൂപ തല ഉയർത്തി നോക്കിയപ്പോൾ കണ്ടതു അനന്ദതയേയായിരുന്നു. "ഞാൻ എടുത്തു. ഇപ്പോൾ ആവശ്യമുണ്ടോ?" എന്നു അവൾ ചോദിച്ചു.

അനന്ദത പറഞ്ഞു:—"കൊള്ളാം. നല്ല കാര്യമായിപ്പോയി! ബുദ്ധിമുട്ടണമെന്നില്ല. ഞാൻ എന്റെ ജോലി ഇവിടെ വെച്ചു തീർക്കാൻ ശ്രമിക്കാം. എന്നാൽ നമുക്കു രണ്ടുപേൎക്കും ആവശ്യംപോലെ കത്രിക ഉപയോഗിക്കാമല്ലൊ. നിങ്ങൾ അമ്മയുടെ മുറിയിൽ ഇരിക്കാത്തതു എന്തുകൊണ്ടു്? തുന്നൽ മിഷ്യൻ അവിടെയാണെല്ലൊ."

സുരൂപ: —"എനിക്കു മിഷ്യൻ ആവശ്യമില്ല. എന്റെ പട്ടുടുപ്പുകൾക്കു മിഷ്യൻ തുന്നൽ അത്ര നന്നാകയുമില്ല. ഇവിടെ ഇരിയ്ക്കൂ."

അനിന്ദിത അവിടെ ഇരുന്ന് ജോലി ചെയ്യാൻ തുടങ്ങി. ആ രണ്ടു സഹോദരിമാർക്കും തമ്മിൽ തീരെ സാദൃശ്യമുണ്ടായിരുന്നില്ല. മൂത്ത സഹോദരി ഏററവും സുന്ദരിയും പൊക്കം കുറഞ്ഞവളും മൃദുലയും ആണ്. അവളുടെ കണ്ണുകൾ ജ്വലിക്കുന്നവയും മുഖം മാംസളവും ആയിരുന്നു. പ്രഥമദർശനത്തിൽ അവൾക്കു സൗന്ദര്യമുണ്ടോ എന്ന് ആരും സംശയിച്ചുപോകും. എന്നാൽ അവൾ ഒരിക്കലും ആകർഷണീയയല്ലെന്നു ഒരാൾക്കും പറയുവാൻസാധിക്കയില്ല. അവൾ ഒരു സ്ത്രീയുടെ നിലയിൽ ശോഭിക്കുന്നുണ്ടെന്നു തന്നെ പറയാം.

സുരൂപ ഒരിക്കലും ഈ വിധത്തിലുള്ളവളല്ലായിരുന്നു. അവൾ സഹോദരിയേക്കാൾ പൊക്കം കൂടിയവളാണ്; വണ്ണവും അപ്രകാരം തന്നെ. അവളുടെ മുഖം മഞ്ഞളുവും മസൃണവുമായിരുന്നു. കറുത്തിരുണ്ട കണ്ണുകളും ഇട തൂർന്നു തഴച്ചു കാണപ്പെടുന്ന തലമുടിയും അവൾക്കു സുരൂപ(സൗന്ദര്യമുള്ളവൾ) എന്ന പേർ അന്വത്ഥമാക്കിത്തീർത്തു. അവൾക്കെന്തൊണ്ടിങ്ങിനെ പേരിടുവാൻ കാരണമെന്ന് ആലോചിച്ചിട്ടു കാര്യമൊന്നും സമീരനു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. അനിന്ദിത വളരെ ചുറുചുറുക്കുള്ളവളായിരുന്നു, കണ്ണിൽ കാണുന്നവരെയെല്ലാം കൂട്ടുകാരാക്കുന്നതിൽ അവൾക്കു പ്രത്യേകമായ സാമത്ഥ്യമുണ്ടായിരുന്നു. അവൾ സഹോദരിയേപ്പോലെ കേവലം പുസ്തകപ്പുഴുവായി കഴിച്ചുകൂട്ടാൻ തുനിഞ്ഞില്ല പുസ്തകങ്ങളേക്കാൾ അവൾ അത്യധികം അഭിലഷിച്ചതു സംഭാഷണവും സംഗീതവുമാകുന്നു.

സുരൂപയുടെ അച്ഛന്റെ പ്രഥമ ഭാര്യയിൽ ഉണ്ടായ പുത്രിയാണ് അനിന്ദിത. അവളുടെ ജനനം കഴിഞ്ഞിട്ടു ഏറെ നാളാകുന്നതിനു മുമ്പ് മാതാവ് കാലധർമ്മം പ്രാപിച്ചു. കുറെ

നാഠം അവഠം മുത്തശ്ശിയുടെ വിശേഷസ്ഥതയിൽ ഏല്പിക്കപ്പെട്ടു. അനിന്ദിതയ്ക്കു് എട്ടു വയസ്സു് പ്രായമായതുവരെ അവഠം ആ നിലയിൽ വളരുകയും ചെയ്തു അതിനിടക്കു് അവളുടെ പിതാവു് വീണ്ടും വിവാഹം ചെയ്തു. അദ്ദേഹത്തിൻെറ പുതിയ പത്നി സുശോഭനപ്രായം കൂടിയവളും വിദ്യാഭ്യാസം സിദ്ധിച്ചവളും ആയിരുന്നു. അവഠം അനിന്ദിതയെ ഒരുമിച്ചു പാൎപ്പിക്കവാൻ ആഗ്രഹിച്ചു. എന്നാൽ വേഗത്തിൽ ആ കാൎയ്യം നടപ്പിൽ വരുത്തുകയുണ്ടായില്ല. അനിന്ദിത ഒടുവിൽ പിതാവിൻെറ ഗൃഹത്തിൽ വന്നപ്പോഠം അവിടെ മൂന്നു നാലു കുട്ടികളെ കാണ്മാനാണു് അവഠംക്കിടയായതു്. ഏതൊരുവളെ അനിന്ദിത അമ്മയെന്നും, ഏതൊരുവനെ പിതാവെന്നും വിളിക്കണമോ അവർ അനിന്ദിതയെ കണ്ടപ്പോഠം തിരിച്ചറികയുണ്ടായില്ല. അനിന്ദിത ആ ഗൃഹത്തിലെ കുട്ടികഠംക്കു ഒരു ചങ്ങാതിയായിത്തീൎന്നു. പക്ഷെ അച്ഛനും അമ്മയും ഒരിക്കലും അവളുടെ ഹൃദയഗതി എന്തെന്നു അറിഞ്ഞിരുന്നില്ല.

സുരൂപയും അനിന്ദിതയും കുറെ നേരം മൗനമവലംബിച്ചുകൊണ്ടു തന്നെ, ജോലിചെയ്തു. അനന്തരം സുരൂപ താൻ 'ചെയ്തു തീൎത്ത ജോലി എങ്ങിനെയിരിക്കുന്നു'വെന്നു ദിദിയോടു അഭിപ്രായം ചോദിച്ചു.

"വളരെ കൗതുകകരമായിരിക്കുന്നു. സുരൂപയ്ക്കു് സാരിയുടെ കല്യാണവേളയിൽ ഇതു ധരിക്കണമെന്നാണോ വിചാരം? എന്നു സൂക്ഷിച്ചുനോക്കിക്കൊണ്ടു ദിദി മറുവടി പറഞ്ഞു.

സു:—അതെ;അങ്ങിനെതന്നെ ദിദികൂടെ വരികയില്ലെ?"

അനി:—"തീൎച്ചയായും. സാരി എൻെറ സഹപാഠികളിൽ ഒരാളായിരുന്നു. പിന്നീടല്ലേ നിങ്ങളുടേതായിത്തീൎന്നതു്?"

നാലഞ്ചു ദിവസമായി സുരൂപ അവളുടെ സഹോദരിയുമായി സംഭാഷണം ചെയ്യാൻ തീൎച്ചയാക്കിയിരുന്നില്ല എന്നാൽ ഇന്നു് അനിന്ദിത കുറഞ്ഞൊന്നു ധീരയായി കാണപ്പെട്ടു. സുരൂപ ഒരം അവസരം കണ്ടു അവളോടിങ്ങിനെ പറയുവാൻ

തുടങ്ങി. "സാരി ഞങ്ങളൊന്നിച്ചു പഠിച്ചുകൊണ്ടിരുന്ന കാലത്ത് എത്രത്തോളം തടിച്ച ശരീരത്തോടു കൂടിയവളായിരുന്നുവെന്നു ഓൎക്കുന്നുണ്ടോ? എന്നാൽ ഇപ്പോഴാകട്ടെ അവൾ തീരെ മെലിഞ്ഞവളായിത്തീൎന്നിരിക്കുന്നതു വിചാരിച്ചു ഞാൻ അത്ഭുതപ്പെടുന്നു. ആ കൌശലം അവൾ എനിക്കു ഉപദേശിച്ചുതന്നെങ്കിൽ നന്നായിരുന്നു. ഞാൻ ദിവസംതോറും തടിച്ചു തടിച്ചു വരുന്നതു കാണുന്നില്ലേ?"

"വാസ്തവമോ? എനിക്കതു തോന്നുന്നില്ലല്ലോ" എന്നു അനിന്ദിത ഒരു പുഞ്ചിരിയോടുകൂടി മറുവടി പറഞ്ഞു.

"ശരിയായിട്ടും പ്രായത്തിൽ കവിഞ്ഞു ഞാൻ തടിച്ചുവരുന്നു. ഈ സ്ഥിതിക്കു വൃദ്ധയാകുമ്പോഴേ എന്താണു ചെയ്യുകയെന്നു എനിയ്ക്കറിഞ്ഞുകൂടാ? അമ്മയ്ക്കും കൂടി അത്ഭുതമുണ്ടാകുന്നു. അമ്മയോടു കിടപിടിക്കാൻ മററാരാണുള്ളതു്? എന്നാൽ സാരിയുടെ ഭൎത്താവു എന്നോടു ജയിക്കുന്നുണ്ടു്. അയാളെപ്പോലെ തടിച്ച ഒരു യുവാവിനെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല"

ഇത്രയുമായപ്പോഴേക്കും വീട്ടുജോലിക്കായി അനിന്ദിതയ്ക്കു പോകുവാൻ നിൎബ്ബന്ധിതയായിത്തീൎന്നു. വീണ്ടും സുരൂപകസംഭാഷണം തുടൎന്നുകൊണ്ടു പോകുവാൻ സാധിക്കാതെ വന്നതിനാൽ, ളും തുന്നൽപ്പണി നിറുത്തി മുറിവിട്ടു പുറത്തെവിടെയോ പോയി.

പിൻപകൽ കഴിയാറായി സുരൂപ പോകുവാനുള്ള ഒരുക്കങ്ങളിൽ ഏൎപ്പെട്ടു. അനിന്ദിതയേയും അതിൽ പങ്കു ചെയ്യേണ്ടതുണ്ടായിരുന്നു. എന്നാൽ അവളോ എഴുനീല്ക്കുവാനുള്ള ആലോചന കൂടിയില്ലാതെ തന്റെ ശ്രദ്ധ മുഴുവനും ഒരു ഇംഗ്ലീ ആഖ്യായികയിൽ പതിപ്പിച്ചുകൊണ്ടു കിടക്കയാണു്. അതിന്നടുത്തുതന്നെ സുഷമയും സശ്രദ്ധം ഇരുന്നിരുന്നു.

"സുഷീ, നീ ദിദിയെ പിൻതുടൎന്നു മടിയുള്ളവളായിത്തീൎന്നിരിക്കുന്നു. നോവൽ വായന മാത്രമല്ല നിന്റെ ജീവിത

വ്യാപാരം. അതു ഓർത്തുകൊള്ളുക" എന്നു സുരൂപ പാരുഷ്യത്തോടെ പറഞ്ഞു.

"സൂ, ഞാൻ എന്റെ ജോലിയെല്ലാം ചെയ്തുകഴിഞ്ഞു. എന്നെ സുഷമയുമായി ഉപമിയ്ക്കണമെന്നില്ല." എന്നു അനിന്ദിത പറഞ്ഞു.

സുഷമ പുസ്തകം താഴെ ഇട്ട് എഴുന്നേററു. അവളുടെ മടിയും അവ്യത്യസ്തതയും പെട്ടെന്നു പമ്പകടന്നു. ഏററവും നവീനരീതിയിൽ തന്റെ തലമുടി കോതി മിനുക്കുവാൻ അവൾ സുരൂപയോടു പറഞ്ഞു അതിനുശേഷം സുഷമ അനിന്ദിതയുടെ അടുക്കൽ ചെന്ന് അവളോട് "ദിദീ, ദിദിയുടെ മദ്രാസ് സാരി ഇന്നേക്ക് ഒന്ന് എരവു തരുമോ? എന്റെ പുതിയ ആഭരണങ്ങൾക്ക് അപ്പോഴേ പരിപൂർണ്ണമായ ഒരു പകിട്ട് ഉണ്ടാകയുള്ളൂ."

"നിനക്ക് എപ്പോഴും എരവു വാങ്ങിക്കുന്ന പതിവല്ലേയുള്ളൂ? പച്ച നിറത്തിലുള്ള സാരിയല്ലാ, ചാരനിറത്തിലുള്ളതാണ് നനക്ക് ഇഷ്ടം! ഇതെന്തൊരു വ്യാധിയാണെന്നു എനിക്കറിഞ്ഞുകൂടാ. ചാരനിറത്തിലുള്ള സാരി ഉടുക്കുവാൻ ഞാൻ തീർച്ചയായും നിന്നെ അനുവദിക്കയില്ല. ഒരു ദിദിയുണ്ട് എല്ലാററിനും. അവളുടെ അന്തസ്സിൽ ചേരാനാണ് നീ ശ്രമിക്കുന്നത്. ഏററവും മോടിയിൽ പോകുവാൻ നിങ്ങളെ അപേക്ഷിച്ച് എനിക്കാണ് അത്യാവശ്യമുള്ളത്. നിങ്ങൾ ഇന്നു ചുവപ്പു സാരി ഉടുത്തേ കഴിയൂ" എന്നു സുരൂപ പറഞ്ഞപ്പോൾ സുഷമ ഇപ്രകാരം ഹാസ്യഭാവത്തിൽ പ്രതിവചിച്ചു:—

"അതെ, ചുമന്നതു്! അതുടുത്താൽ ഞാൻ കത്തിയെരിയുവാൻ പോകുന്ന ഒരു കടക്കൊള്ള പോലെയാകും"

ഈ സമയത്ത് സുശോഭന മുറിയിൽ എത്തി, പുത്രി ഒടുവിൽ പറഞ്ഞ വാക്കുകൾ കേട്ടു. "പ്രിയ കുട്ടീ, നീ ഒരിക്കലും ആ വിധത്തിൽ കാണപ്പെടരുതു്. ജനങ്ങൾ നിന്നേക്കാൾ കൂടുതൽ കറുത്തവരാണ്. ചുവപ്പുസാരിതന്നെ ഉടുത്തുകൊൾക. ഭയപ്പെടണമെന്നില്ല."

അതിനുശേഷം, ശോഭന അനിയത്തിയുടെ നേരെ തിരിഞ്ഞു്:—"ഓമനേ, നീയെന്താണിനിയും കിടപ്പിൽനിന്നു് എഴുന്നേല്ക്കാത്തതു്." എന്നു ചോദിച്ചു.

സുരൂപയുടെ മാതാവായ സുശോഭനക്കു് പ്രായത്തിൽ കുറഞ്ഞ യൗവ്വനമാണുണ്ടായിരുന്നതു്.

ജനങ്ങൾ സാധാരണയായി സുശോഭനയെ അവളുടെ മക്കളുടെ ജ്യേഷ്ഠത്തിയായിട്ടാണു് തെററിദ്ധരിച്ചിരിക്കുന്നതു്. ശാശ്വത യൗവ്വനമാകുന്ന അനുഗ്രഹം അവളിൽ ചൊരിയണമെന്നു് ദൈവം കരുതിയിട്ടുണ്ടായിരിക്കണം. മുപ്പതാമത്തെ വയസ്സിലുള്ള യൗവനം ആ നിലയിൽത്തന്നെ, രൂപാന്തരം പ്രാപിക്കാതെ നില്ക്കയാണു്. അവളുടെ കുട്ടികൾ കൂടക്കൂടെ ഇങ്ങിനെ പറയുകയും ചെയ്യാറുണ്ടു്:—"അമ്മ ഒരിക്കലും വൃദ്ധയാകുകയില്ല; ആ കൃത്യം നമുക്കുതന്നെ നിർവഹിക്കാം"

സുശോഭന കാഴ്ചയിൽ സുരൂപയോടു് വളരെ സാമ്യം വഹിക്കുന്നവളാണു്. പക്ഷെ, ഒരു വ്യത്യാസം ഇവരിലുണ്ടു്. അതായതു്, മാതാവിന്റെ മുഖം പ്രകൃത്യാ ഗംഭീരമെന്നപോലെയും പുത്രിയുടേതു് സദാ പ്രസന്നമായുമായിരുന്നു. മററുള്ളവരേപ്പോലെ പൂർണ്ണമായ ഔദാര്യമോ സാമുദായികതയോ അവൾക്കുണ്ടായിരുന്നില്ലെങ്കിലും മക്കളും താനും സുഖിക്കുന്നതോ, സങ്കടത്തിൽ മുഴുകുന്നതോ ഒരിക്കലും അന്വേഷിച്ചിട്ടില്ല. എല്ലാ കാര്യങ്ങളും നല്ല തന്റേടത്തോടുകൂടിയാണു് നടത്തിവരുന്നതു്. അവളുടെ ഹൃദയാന്തർഭാഗം മറെറാരാൾക്കും കാണ്മാൻ കഴിഞ്ഞിട്ടില്ല. താൻ ചെയ്യുന്ന കാര്യങ്ങളിൽ അവൾക്കു സംതൃപ്തി തന്നെയേ ഉണ്ടാകാറുള്ളു. അവളുടെ ഭർത്താവു സമുദായസ്നേഹിയാണു്. എന്നാൽ ഭാര്യയുടെ അഭിപ്രായത്തെ മാററുവാൻ അദ്ദേഹത്തിനു ഒരിക്കലും കഴിഞ്ഞില്ല.

ആ ഗൃഹത്തിലുള്ളവരെല്ലാം കല്യാണത്തിനു പോകുവാൻ ഒരുങ്ങിയിരുന്നു. കുറെ അധികം നേരത്തേക്കുള്ള വാദ

പ്രതിവാദത്തിന ശേഷം ആ മൂന്ന സഹോദരിമാരും വസ്ത്രധാരണംചെയ്തു. തന്റെ കറുപ്പു നിറം പരിഗണിക്കാതെ ചുകപ്പു സാരിതന്നെ സുഷമ പിന്നീട ധരിക്കാൻ തീർച്ചയാക്കി. സുരൂപ മദ്രാസ് സാരി തന്നെ ധരിച്ചു. ഇതിന്ന മുമ്പ് അനിന്ദിതയും സുരൂപയുമായി ഒരു ചെറിയ ശണ്ഠ നടന്നു. എന്നാൽ അനിന്ദിത വെളുത്ത വസ്ത്രം മാത്രമേ ധരിച്ചുള്ളു. ആ ഗൃഹത്തിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമായ ബീജു അവക്കരികിലായി നിന്നിരുന്നു. ആ കുട്ടിക്ക് സുഷമയേക്കാൾ പന്ത്രണ്ടു വയസ്സ് പ്രായം കുറവായിരുന്നു. പ്രായം തികഞ്ഞ കുട്ടികളുടെ ഇടയിൽ ചെറിയ ഞിത്തു മററൊന്നും ഇല്ലാതിരുന്നതുകൊണ്ട് അവൾക്ക് സാമാന്യത്തിലധികമായ സന്തോഷമുണ്ടായി.

കേരള സാഹിത്യ അക്കാദമി

അവർ ഉദ്ദിഷ്ടസ്ഥലത്തെത്തിയപ്പോൾ ഒററയൊററയായി വേർപിരിഞ്ഞു സുരൂപയാകട്ടേ സഖിമാർ അവളേ കാത്തിരുന്നതുകൊണ്ട് അവരുമായി കണ്ടെത്തിയ ഉടൻതന്നെ കൂട്ടത്തിൽ നന്ന് മറഞ്ഞു കഴിഞ്ഞു. സുഷമയെ അവളുടെ സഹചാരികൾ പിടികൂടി. അവരിലൊരാൾ പറഞ്ഞു:– “ഓ സഖീ! നീ വസ്ത്രം ധരിച്ചിട്ടില്ലേ? നിന്നെ കണ്ടപ്പോൾ ആദ്യമായി തിരിച്ചറിയുവാൻ കഴിഞ്ഞില്ല. വധുവോ വരുന്നത് എന്നു ഞാൻ വിചാരിച്ചുപോയി. ഇതുപോലെ ഒരു അപരാധം വരൻ കൂടി ചെയ്തിരുന്നുവെങ്കിൽ കഥ എന്തായിരുന്നേനെ.”

സുഷമ കൂട്ടുകാരിയെ നോക്കിക്കൊണ്ടു “എന്നാൽ ഒരിക്കലും ഞാൻ ആ വിധം ഒരു തെററു ചെയ്യുന്നതല്ല” എന്നിപ്രകാരം പറഞ്ഞു

വണ്ടിയിൽ നിന്ന ഇറങ്ങിയ ഉടനെ സുശോഭന അനിന്ദിതയോട, “അതാ നീ വന്നു എന്റെ അടുത്തിരിക്കുക ജനങ്ങൾ കുററവും കുറവും പറയാൻ തക്കംനോക്കി തയ്യാറായിരിക്കയാണ് അവർ പറയുന്നതു കേൾക്കാനേ ഇട വരുത്തിയിട്ടാവിശ്യമില്ല” എന്നു പറഞ്ഞു.

അനിന്ദിത മൗനമായി കല്പന അനുസരിച്ചു. പക്ഷെ അവളുടെ ഹൃദയം തുടിയ്ക്കുവാൻ തുടങ്ങി "ജനങ്ങൾ പറയും" എന്നു അവൾക്കു അറിയാം. എന്തുകൊണ്ടു? അവൾ അവിടെ വന്നതുതന്നെ! അവൾക്ക് അവളുടെ വസതിയിൽ താമസിക്കുവാൻ കഴിയുമായിരുന്നില്ലേ? പക്ഷെ, അനന്ദിത സ്വതന്ത്രയല്ലല്ലൊ. ഒരുവനെ അവൾ സ്നേഹിച്ചു. അയാൾ അവളെ വഞ്ചിച്ചു. ഇതൊരു കുററം തന്നെയല്ലേ? ഠരം ഒരേ ഒരു സംഗതി അവളുടെ ഹൃദയത്തെ ശിഥിലമാക്കിയിട്ടുണ്ടെന്നു ജനങ്ങൾ പറയുവാൻ ഒരിക്കലും അവൾ ഇട കൊടുത്തിട്ടില്ല. പൊതുക്കാര്യത്തിൽനിന്നു പിൻതിരിയുന്നതിനുള്ള സുശോഭനയുടെ ഠരം ഉപദേശം അനിന്ദിതയ്ക്കു അപ്പോൾ രസിച്ചില്ല. മററാരുടേയും സഹായം കൂടാതെ അവൾ തന്റെ വിധി അനുഭവിക്കുവാൻ തയാറാണ്.

ഭക്ഷണത്തിനു സമയമായപ്പോൾ അനിന്ദിതയുടെ കൂട്ടുകാരിൽ ഒരുവൾ അരികിൽ വന്നിരുന്ന് ഉപചാരം പ്രദർശിപ്പിച്ചു. സദ്യ ആരംഭിച്ച സമയത്തു സാധാരണയായി പതിവുള്ള ബഹളത്തിനിടയ്ക്കു അനിന്ദിതയോട് അവളുടെ സഖി ഇവിധം ചോദിച്ചു:—"അന്തു, പൂർണ്ണൻ ഒരു 'ആർത്തഡോക്സ്' കുടുംബത്തിൽനിന്നു വിവാഹം ചെയ്തുവെന്നു കേൾക്കുന്നതു ശരിയാണൊ?"

അനിന്ദിത കുഴങ്ങി. അവൾ തന്റെ ശിഥിലമായ അഭിമാന കവചത്തെ അപൂർണ്ണമായിട്ടെങ്കിലും രക്ഷിക്കണമെന്നു ദൃഢമായി വിചാരിച്ചു. അതിനാൽ ആത്മനിയന്ത്രണംചെയ്തു ഒരു സാധാരണ ഭാവത്തിൽ അവൾ ഇങ്ങനെ പറഞ്ഞു:—

"ശരിതന്നെ, അദ്ദേഹം വിവാഹംചെയ്തു" അനിന്ദിതയുടെ സഖിയ്ക്കു ജിജ്ഞാസ വർദ്ധിച്ചു. കുറച്ചു നേരം മൗനമായിരുന്നതിനുശേഷം അവൾ വീണ്ടും സംഭാഷണം ചെയ്വാൻ തുടങ്ങി. "നിങ്ങൾ അയാളോടു വിരോധം ഭാവിക്കയുണ്ടാവില്ലേ? ഞങ്ങ

ഠം അങ്ങിനെ വിചാരിച്ചു പോയി. ജനങ്ങളെ പിഢിപ്പിക്കുന്ന നികൃഷ്ട മാൎഗ്ഗം ഒരിക്കലും നന്നല്ല."

സ്വഹൃദയം ഭേദിക്കുന്നതോ എന്നു അനിന്ദിതയ്ക്കു തോന്നി. ഇങ്ങനെയെല്ലാം സംഭവിയ്ക്കുമെന്നു അവഠം പ്രതീക്ഷിച്ചിരുന്നില്ല. മററുള്ളവരെ സ്നേഹിക്കുവാനുള്ള ഒരു വാസന ബാല്യം മുതല്ക്കു അവഠംക്കുണ്ടായിരുന്നു. സഹവയസ്കമാരായ മററു ബാലികമാർ പ്രേമ പരിസരങ്ങളിൽ നിമഞ്ജിച്ചുകൊണ്ടിരിക്കുമ്പോഠം അനിന്ദിത അവളുടെ സ്വാഭിമാനം പരിരക്ഷിയ്ക്കുവാൻ പഠിച്ചിരുന്നു. പരിത്യക്തമായ പ്രേമത്തിന്നു വേണ്ടി ഏതെങ്കിലും വിധത്തിൽ ആശ ഭാവിക്കുന്നതു് നിഷ്ഫലമാണെന്നും അവഠംക്കറിയാമായിരുന്നു. വളരെ ചെറുപ്പത്തിൽതന്നെ ഠരം ലോകം മായാമയമാണെന്നു എങ്ങിനേയോ അവഠംക്കു തോന്നിയിരുന്നു സാത്വികങ്ങളായ ആത്മാഭിമാനത്തിൻെറയും അഹങ്കാരത്തിൻെറയും ശക്തിമത്തായ സ്രോതസ്സിനെ നിയന്ത്രിക്കുന്നതിന്നു ഈ ഭാവന അവളെ സഹായിച്ചു അതു വഴിയായ് മററുള്ളവരുടെ അനുകമ്പയ്ക്കു അവഠം പാത്രീഭൂതയായിത്തീൎന്നു. എന്നാൽ ലോകദൃഷ്ടിയിൽ നിന്നു, മുറിപ്പെട്ട ഹൃദയത്തെ രക്ഷിക്കുവാൻ അവഠംക്കെങ്ങിനെയാണു സാധിക്കുന്നതു്? മററുള്ളവരുടെ അനുഭാവത്തേയും സഹതാപത്തേയും അവഠംക്കെങ്ങിനെയാണു അടക്കുവാൻ കഴിയുന്നതു? തൻെറ സ്ത്രീത്വത്തിൽ ഠരം അപമാനകരമായ നില സഹിക്കുവാനുള്ള മനശ്ശക്തി അവഠംക്കു കുറവായിരുന്നു. പക്ഷെ കൂട്ടുകാരിയുടെ ചോദ്യത്തിന്നു അവഠം മറുവടി പറയുകതന്നെ വേണം. "നിങ്ങളുടെ ദയാപൂൎവ്വമായ ആത്മാനുകമ്പ നിഷ്ഫലമാക്കിക്കളയരുതു്". വാസ്തവമായിട്ടും അങ്ങിനെ ചെയ്യുന്നതു് അനാവശ്യമാണു്.

അനിന്ദിതയുടെ സഖി, താൻ അവളെ എത്രമാത്രം സൗഹാൎദ്ദമായി സ്നേഹിച്ചിരുന്നുവെന്നും, അവളുടെ ഹൃദയത്തെ വേദനപ്പെടുത്തിയ അപമാനത്തിൽ തനിക്കുള്ള വ്യഥ എത്ര

മാത്രമാണെന്നും വിവരിക്കുന്നതിനു തുടങ്ങി അനിന്ദിതയുടെ ഭാഗ്യംകൊണ്ടു്, അതിനിടയ്ക്കു് അതിഥികളെ സല്ക്കരിച്ചുകൊണ്ടിരുന്ന ഒരു യുവാവു് കാൽതെറ്റി മറിഞ്ഞു നിലത്തുവീണു. അപ്പോഴേക്കു് അവിടമെല്ലാം ശബ്ദമുഖരിതമായി അലങ്കോലപ്പെട്ടു എന്നതിനധികം, ഈ അവസരം നോക്കി അനിന്ദിത അവളുടെ സഖിയുടെ നിന്നു രക്ഷപ്പെട്ടുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. മ്ലാനമായ മുഖഭാവത്തോടുകൂടി സ്ത്രീജനമദ്ധ്യത്തിൽ അനിന്ദിത നില്ക്കുന്നതു സുരൂപ കണ്ടു "നിനക്കു തലവേദനയുണ്ടോ" എന്നു അവർ പുത്രിയോടു ചോദിച്ചു

അനി: — "ഉണ്ടു്. നിങ്ങളുടെയെല്ലാം ഭക്ഷണം കഴിഞ്ഞുവോ? കഴിഞ്ഞെങ്കിൽ നമുക്കു വീട്ടിലേക്കു പോകുക"

സുരൂപ അപ്പോഴേക്കും അവിടെ എത്തിക്കഴിഞ്ഞു. "ഓ അമ്മയോ ഞാനോ ആരും അറിഞ്ഞിട്ടില്ല എന്നാൽ സുശി വീട്ടിലേക്കു പോകാൻ ധൃതിക്കൂട്ടുകയാണു്. മിലി, ബീജു നേയും സുശീലയെയും എടുക്കുക. നമുക്കു പോകാം വണ്ടി വളരെ നേരമായി തയ്യാറായി നില്ക്കുന്നു"

യുവാക്കന്മാരിൽ ഒരാൾ അവർക്കു വണ്ടി വണ്ടിക്കാരനെ വിളിച്ചു. അനിന്ദിത അവളുടെ ബന്ധുക്കാരോടു യാത്ര പറഞ്ഞു, മറ്റു മൂവരൊന്നിച്ചു് ഗൃഹത്തിലേക്കു മടങ്ങി.

ഗൃഹത്തിലെത്തിയ ഉടനെ സുഷമ തന്റെ വിലയേറിയ വസ്ത്രങ്ങൾ മാറുവാൻ തുടങ്ങി. "മകളേ, മിലി, ഈ രാത്രി ഉഷ്ണം അത്യധികം അസഹ്യമായിരിക്കുന്നല്ലേ? സാധാരണ *മി കറുത്തവളാണെങ്കിലും അത്ഭുതാകാരയായിരിക്കുന്നു. മറ്റു സമയങ്ങളിൽ എത്ര വിരൂപയായിരുന്നാലും വധുവിന്റെ നിലയിൽ കുറെ നേരത്തേയ്ക്കു് ആരും സുന്ദരിയായിത്തന്നെ തോന്നിക്കയുള്ളൂ അവസരത്തിൽ എന്റെ സമ്മതിയും ഉണ്ടെങ്കിലെന്നൊ"

* മി എന്നുള്ളതു് മിലി എന്നതിന്റെ ചുരുക്കപ്പേരാണു്.

അത്യധികം ആഹ്ലാദിയ്ക്കുമെന്നു കരുതിയാണു് സുഷമ ഓരോന്നു സംസാരിക്കാൻ തുടങ്ങിയതു്. എന്നാൽ അനിന്ദിത സുഷമയെ കഠിനമായ നിരാശയിൽ പെടുത്തിക്കളഞ്ഞു. ഈ "പാടകം" പറയലൊന്നും വാസ്തവത്തിൽ അനിന്ദിതയ്ക്കു രസിച്ചില്ല. കുളപ്പുറത്തിൽ ഭീരുവാകുന്ന സമ്പ്രദായം സുഷമയ്ക്കു് തെല്ലെങ്കിലും ഉണ്ടായിരുന്നില്ല. അവൾ തുടർന്നു പറഞ്ഞു:— "ദീദി, വധുവിന്റെ ഇളംചുവപ്പായ വസ്ത്രങ്ങൾ വളരെ തേഞ്ഞു മാഞ്ഞു പോയിട്ടുണ്ടു്. അങ്ങനെയല്ലേ ദീദിയ്ക്കും തോന്നുന്നതു്? ഇത്തരത്തിലുള്ള വസ്ത്രം തന്നെ എനിക്കെന്റെ കണ്ണിനു നേരെ കണ്ടുകൂടാ."

അനി:— "ഓമനേ, നീ ഈ കോപ്പെല്ലാം അടക്കി വെച്ചുകൊള്ളുക. ഉപയോഗിക്കാനുള്ള അവസരം ഇരിക്കുന്നല്ലേയുള്ളു. ദൈവം നിന്നെ സഹായിക്കട്ടെ! ഭയപ്പെടാതിരിയ്ക്കു."

സുഷമ ഈ ആമുഖ പ്രസംഗം കേട്ടു പരിഭ്രമിച്ചു. വസ്ത്രങ്ങൾ ഭദ്രമായി മടക്കിപ്പെട്ടിയിൽ വെച്ചുകൊണ്ടു വീണ്ടും സുഷമ ഇങ്ങിനെ ഗർജ്ജിക്കാൻ തുടങ്ങി:—

"അവർ ഇന്നു് ദീദിയെ കഠിനമായി അലട്ടുമോ? എന്താണൊരു നവൃത്തി? ഇന്നാദോഷബോധം ചിലർക്കു തീരെ ഇല്ല."

സുഷമ അവിടെനിന്നു പിന്മാറി.

അനിന്ദിത ജാലകത്തിന്നു് മുഖപ്പോടും അരികിലായി ഒരു കസേലമേൽ ഇരിക്കയായിരുന്നു. ഗ്രാമത്തിന്റെ സമീപം നില്ക്കുന്ന അരയാലിന്റെ പത്രങ്ങളെ ഇളക്കി ഒരു മർമ്മരശബ്ദം പുറപ്പെടുവിച്ചുകൊണ്ടു ചെറുകാററു വീശി. ക്രോധപരവശമായ അവളുടെ ഹൃദയത്തെക്കൂടി ആ വാതപോതം മന്ദമായി സ്പർശിച്ചു. ഈ നിമിഷം വരെ അവൾ തന്നെ ചതിച്ച ഘാതകനേയോർത്തു വൈരാഗ്യവും കോപവും ഹൃദയത്തിൽ അടക്കി അന്ന

ഭവിച്ചതേയുള്ളു. എന്നാൽ 'പരപരിഹാസ്യത' കൂടി അവളുടെ ഹൃദയത്തിൽ സ്ഥലം പിടിച്ചു അനിന്ദിതയുടെ നയനം കണ്ണുനീർകൊണ്ടു നിറഞ്ഞു. അപമാനം അവൾക്കു സഹിക്കാം. എന്നാൽ ഹൃദയവ്യഥ എങ്ങനെയാണ് നിയന്ത്രിക്കുക? ഇല്ല; അതവൾക്കു സാധിക്കുന്നതല്ല.

അദ്ധ്യായം 4.

"അല്പംപോലും ശിശുക്കൾക്കിതരസമൃദ്ധിയ്ക്കുവരേണ്ടുകരുന്നില്"
"അന്നിക്കഷ്ടസ്ഥിതി വരുവതാരെയോർത്തിരുന്നോരരിന്നും"

വേനൽക്കാലത്തെ മദ്ധ്യാഹ്ന വേളയാണെങ്കിൽ തന്നെയും ആ ഗൃഹം ശാന്തമായി കാണപ്പെടുന്നതുകൊണ്ട് അദ്ധരാത്രിയാണോ അവിടെ എന്ന് ആരും എളുപ്പത്തിൽ തെററുധരിക്കും. ഏതെങ്കിലും ഒരു അപരിചിതന്ന അതിൽ പ്രവേശിക്കുവാൻ സംഗതി വന്നുവെങ്കിൽ ബങ്കാളിയായ ഒരു നവീന മാന്യന്റെ ഗൃഹത്തിലെ സ്ഥിതി ഒരം വിധം നിദ്രാണമായ സൌന്ദര്യത്തിന്ന നിദാനഭൂതമല്ലെന്നു സ്വയം വിശ്വസിക്കുവാൻ കഴിയും.

താഴത്തെ നിലയിൽ മുൻവശമുള്ള മുറി ഗൃഹനായകൻ തന്റെ ആഫീസ്സാക്കി ഉപയോഗിക്കുന്ന ഒന്നാണ്. അദ്ദേഹം കോടതിയിലായിരുന്നു. അതുകൊണ്ടു തന്നെയായിരിക്കാം അദ്ദേഹത്തിന്റെ വിചാരിപ്പുകാരൻ ജോജു മനോഹരമായ രീതിയിൽ വീടു സൂക്ഷിച്ചുകൊണ്ട് അയാളുടെ കാലുകൾ മേശയ്ക്കു താഴെ വെച്ചു ഗാഢമായി നിദ്രകൊള്ളുന്നത്. ആ മുറി ഒഴികെയുള്ള മററു ഭാഗങ്ങൾ പെട്ടികളെയായിട്ടും കലവറയായിട്ടും മററുമാണ് ഉപയോഗിച്ചുവരുന്നത്.

ഒന്നാമത്തെ നിലയിൽ അഞ്ചു മുറികളുണ്ടു്. ഏററവും വലിയ മുറി ചായം കൊടുത്തിട്ടുള്ള മരച്ചുവരു കൊണ്ടു രണ്ടു ഭാഗമായി വേർതിരിക്കപ്പെട്ടിരിക്കുന്നു. ഒരു ഡ്രായിങ്ങുമുറിയായും മറെറാന്നു ആ വീട്ടിലെ ഭക്ഷണശാലയായും ഉപയോഗിക്കപ്പെടുന്നു. ചെറിയ മുറിയിൽ ഇരിപ്പുറപ്പിച്ചിട്ടുള്ളതു് സമീരനാണു്. അയാൾ താൻെറ പൗരുഷൗന്നത്യംകൊണ്ടുള്ള ഗർവ്വിനാൽ മറ്റാർക്കും അതിൽ പങ്കു കൊടുക്കയും ചെയ്കയില്ല. അതിന്നടുത്തായി കാണുന്നതു് സുശോഭനയുടെ പള്ളിയറയാണു്. മറെറാരു വലിയ മുറി മൂന്നു ജ്യേഷ്ഠാനുജത്തിമാർ ഒന്നിച്ചു ഉപയോഗിക്കുന്നതത്രെ. ബാക്കിയുള്ള ഒരു മുറി ഒരു വീട്ടിന്നാവശ്യമുള്ള സാധനങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കയാണു്. അവിടെയുള്ള ഓരോരുത്തൎക്കും പ്രത്യേകം പ്രത്യേകം അഭിപ്രായങ്ങളാണുള്ളതു് സുഷമ വലിയ ഗൗരവത്തോടുകൂടി ഇങ്ങിനെ ചോദിക്ക പതിവാണു്:— "എല്ലായ്പോഴും എൻെറ പഠിപ്പിനെ തടഞ്ഞുകൊണ്ടു നിങ്ങളെല്ലാം എന്തിനാണു് ഇവിടെ നില്ക്കുന്നതു്." ഡ്രസ്സിങ്ങ് മുറി സുശിയുടെ ശണ്ഠകൊടുങ്കാററുകൊണ്ടു തീരെ ഉപയോഗമില്ലാതെയായിത്തീൎന്നിട്ടുണ്ടെന്നു സുരൂപ വിചാരിച്ചു. അനിന്ദിത അതിന്നു സല്ലാപമുറി എന്നാണു് പേർ കൊടുത്തിട്ടുള്ളതു്. ബീജുവാകട്ടെ ആ മുറി സർവ്വശക്തൻ തൻെറ കളിത്തീവണ്ടകൾ ഓടുവാനുള്ള രംഗവേദിയായും പ്രായപൂർത്തി വന്നവരോടു തൻെറ അവകാശങ്ങൾക്കു വേണ്ടി മല്ലടിക്കുവാനുള്ള രംഗഭൂമിയായും യുവജീവിതത്തിൽ തനിക്കുള്ള സർവ്വവിധ ശക്തിയോടുംകൂടി വിശ്വസിച്ചു വന്നു.

ഇന്നാകട്ടെ ആ ബാലൻ ഉറക്കത്തിൽപ്പെട്ട മാതാവിൻെറ നോട്ടത്തിൽ നിന്നും രക്ഷപ്പെട്ടു, മുറിയിൽ കളിപ്പാവ തിരിയുവാനുള്ള വിഷമിച്ച ജോലിയിൽ ഉത്സാഹഭരിതനായി ഏൎപ്പെട്ടിരിക്കയാണു. സുരൂപയുടെ സ്വന്തമായ തുന്നൽപ്പെട്ടിയോടു ചേൎത്തു, സുഷമയുടെ പുതിയ നാട കൊണ്ടു തൻെറ കളക്കോ

പ്പു അവൻ ഭദ്രമായി ബന്ധിച്ചു. അവൻ കളിപ്പാവകൊണ്ടു് അശ്രദ്ധനായിട്ടോ അടുത്ത മുറിയിൽ ഉറങ്ങിക്കിടക്കുന്ന സഹോദരിമാരെ ഉണർത്തുവാൻ ഇടയാക്കിയോ അല്ലായിരുന്നു കളി നടത്തിയതു. ഒരു കെട്ടു ഇംഗ്ലീഷു മാസികയിന്മേൽ തല വച്ചു സാധാരണയായി നിദ്രക്കുള്ള ഗതിയെ അവലംബിച്ചു് സമീരൻ കിടന്നിരുന്നു. ആ ഗൃഹത്തിലുള്ള അംഗങ്ങളിൽ ബീജു മാത്രമേ നിദ്രാമയിയായ ദേവതയുടെ പിടിയിൽ നിന്നു. രക്ഷപ്രാപിച്ചതായി കാണപ്പെട്ടുള്ളു. പെട്ടെന്നു അവന്റെ യന്ത്രം ഒരു കസേരയുമായി കൂടി മുട്ടുകയും ഒരു ഒരട ശബ്ദത്തോടുകൂടി മറിഞ്ഞു വീഴുകയും ചെയ്തു സുഷമ ഉണൎന്നു "ബീജു എന്തൊരു തകരാറെല്ലാമാണു്. നീ വരുത്തിക്കൂട്ടുന്നതു?" എന്നിങ്ങനെ ചോദിച്ചു. "ഇല്ല; കുറച്ചേയുള്ളൂ മാത്രം! എന്റെ വണ്ടി എവിടെയോ കൂട്ടിമുട്ടി മറിഞ്ഞുപോയിരിക്കുന്നു. അതുകൊണ്ടു് ഓടുന്നില്ല. എന്താണിനി വേണ്ടതു്?" എന്നിങ്ങനെ ബീജു സഗൗരവം മറുവടിപറഞ്ഞു.

"കൂടി മുട്ടൽ, കള്ളാ നോക്കിക്കൊ. ചോർട്ടീ, ഇങ്ങോട്ടു വേഗം ഒന്നു വന്നു തുന്നൽപ്പെട്ടിക്കു എന്തു പററിയെന്നു നോക്കു! അല്ലാ, നീ എന്തിനാണു എന്റെ പട്ടുനാട നശിപ്പിച്ചതു്? കുരങ്ങൻ തന്നെ. നിന്റെ അനുഗ്രഹിക്കപ്പെട്ട യന്ത്രം കെട്ടുവാൻ മറെറാന്നും നിനക്കു കിട്ടിയില്ല അല്ലെ?" എന്നു സുഷമ തുടൎന്നുചോദിച്ചു.

ബീജുവിന്റെ സഹോദരി അവനെ ശകാരിച്ചു; അവൻ കരഞ്ഞു കാരണമെന്താണെന്നു അറിയുവാൻ സമീരൻ ബദ്ധപ്പെട്ടു. ഇതേവരെ ശിഥിലമാകാതിരുന്ന ശാന്തത ഒരു നിമിഷത്തിനുള്ളിൽ ഭേദിക്കപ്പെട്ടു. സുശോഭന ഉണൎന്നു കുട്ടിയെ തിരിയെ കൊണ്ടുവരുവാൻ മുറിയിൽ പ്രവേശിച്ചു. സുഷമ, മേശയ്ക്കരികിലേക്കു ഒരു കസേല വലിച്ചിട്ടു സുന്ദരമായ മുഖത്തിൽ ഉത്സാഹശക്തി പ്രവേശിപ്പിച്ചും കൊണ്ടു രഘുവംശം വായി

പ്പാനാരംഭിച്ചു. തലമുടി ബന്ധിക്കുന്ന പട്ടുനാട നാശപ്പെട്ടതുകൊണ്ടു അവളുടെ ശാന്തത അസ്തമിച്ചു പോയി. ഛിന്നഭിന്നമായ തുന്നൽപ്പെട്ടി ഒരുവിധം കൂട്ടി യോജിപ്പിച്ചു എടുത്തുകൊണ്ടു സുരൂപ അനന്ദിതയുടെ സമീപത്തേക്കു ചെന്നു. പെട്ടി കിടയ്ക്കമേൽ വെച്ചുകൊണ്ടു "ദീദീ, ബീജു കാണിച്ചതെന്തെന്നു നോക്കുക" എന്നിങ്ങനെ പറഞ്ഞു.

അനിന്ദിത കണ്ണു തുറന്നു പെട്ടിയിന്മേൽ നോക്കി:—"ഹാ മുഴവൻ നശിപ്പിച്ചല്ലോ! ഇതു പുതിയതായിരുന്നില്ലേ? എപ്പോഴാണ് സുരൂപ ഇതു വാങ്ങിയതു്?"

"ഇതു മിക്കവാറും പുതിയതുതന്നെ സ്വദേശീഷാപ്പിൽനിന്നാണു ഞാനിതു വാങ്ങിയതു്. ദീദിക്കു ഓർമ്മയില്ലേ? ഇന്നാറം?"

"ഉണ്ടു. ഞാൻ ആദ്യം അതു ഓർത്തില്ലെന്നേയുള്ളൂ. അപ്പോഴം......അതു് അധികം പഴക്കമുള്ളതല്ലല്ലോ! ഓരോ ദിവസം പോകുന്തോറും ബീജുവിന്റെ ഉപദ്രവസാമർത്ഥ്യം കൂടിയാണ് വരുന്നതു." ഇത്രയും പറഞ്ഞുകൊണ്ടു ദീദി മുഖം തിരിച്ചു കളഞ്ഞു.

സ്വദേശി ഷാപ്പിനെപ്പററിയുള്ള സുരൂപയുടെ പ്രസ്താവം അനന്ദിതയുടെ വിചാരഗതിയിൽ പെട്ട് മറെറാരു വഴിയിലേക്കു തിരിഞ്ഞു അവളുടെ ജീവിതത്തിൽ അത്ഭുതപൂർവ്വമായ ഒരു സ്നേഹം ഉണ്ടാക്കിത്തീർത്തതു് ഏതൊരാളോ ആ ദേഹത്തെ ആദ്യമായി അവർ കണ്ടതു് സ്വദേശിഷാപ്പിൽവെച്ചായിരുന്നു. സമീരൻ അയാളെ അവിടുന്നു വന്നുമാത്രമല്ല സഹോദരിമാരെ അയാളുമായി പരിചയപ്പെടുത്തുകയും ചെയ്തിരുന്നു. അയാളുടെ സുന്ദരമുഖവും ആരെയും വശീകരിക്കുന്ന സ്വഭാവവും ആ കുടുംബത്തിലുള്ളവർക്കെല്ലാം വിശിഷ്ടമായ സ്തുതിയ്ക്കു കാരണമായിപ്പരിണമിച്ചു ഗൃഹനായകനായ ശൈലേന്ദ്രനാഥന് അയാളെ ഗാഢമായി സ്നേഹിക്കാതിരിക്കുവാൻ കഴിഞ്ഞില്ല. മാത്ര

മോ അദ്ദേഹം സമീരൻെറ മുമ്പിൽവെച്ച് സദാ പൂർണ്ണനെ പ്രശംസിക്കയും ചെയ്തുവന്നു. "നോക്ക്, എത്ര മാന്യനായ യുവാവ്! നീ ദിവസവും നിൻെറ പെരുമാററത്തിൽ കാലുഷ്യമാണ് വർദ്ധിപ്പിച്ചുവരുന്നത് നിനക്ക് ആ മാന്യദേഹത്തെ പിൻതുടരുവാൻ കഴികയില്ലേ?" ഇതായിരുന്നു ശൈലേന്ദ്രനാഥൻ സമീരനോടു ആവർത്തിച്ചാവർത്തിച്ച് പറയാറുള്ളതു്.

ഈ താരതമ്യത്തിൽ തീർച്ചയായും സമീരൻ സന്തോഷമുള്ളവനായിരുന്നില്ല. അയാൾ പിതാവിൻെറ മുമ്പാകെ മൗനം പ്രദർശിപ്പിച്ചതേയുള്ളു. പക്ഷെ ഈ ഹൃദയഭാരം ഒഴിവാക്കാൻ അയാൾ സുത്രപദയയാണ് പിടികൂടാറുള്ളത്. "പിതാവ് പൂർണ്ണനെ മാന്യനെന്നു കരുതരുതു. അയാൾ വാസ്തവത്തിൽ പുരുഷവേഷം ധരിച്ച അമ്പലയാണ്. അയാളുടെ കാപട്യം ഒരുവനെ തലക്കുഭ്രാന്തു പിടിപ്പിക്കുന്നതിനു മതിയാകും."

എന്നാൽ സമീരൻ എന്തു വിചാരിച്ചാലും പൂർണ്ണൻെറ ആകൃതി ഒരാളെയും സന്തോഷിപ്പിക്കാതിരിക്കയെല്ല യുവാക്കന്മാർ പൂർണ്ണനെ വളത്തിരുന്നു. ശൈലേന്ദ്രനാഥൻ കൂടക്കൂടെ അവരൊന്നിച്ചു ചേരുകയും ചെയ്യാറുണ്ട്. നാഥൻ മാത്രമല്ല, സുശോഭനപോലും ആ "യോഗ"ത്തിൽ പങ്കുകൊണ്ടിരുന്നു. പൂർണ്ണൻ അവരുടെ ഇടയിൽ ഏററവും സ്തുത്യർഹനായിത്തീൻ. ജനങ്ങളെ പൂർണ്ണമായി മനസ്സിലാക്കി അവരുടെ ഹിതമനുസരിച്ചു പ്രവർത്തിക്കാൻ പൂർണ്ണനു കഴിയും. ശൈലേന്ദ്രനോടു നിയമസംബന്ധമായും, സുത്രപയോടു തൊഴരണത്തേയും ജാക്കററിനെപ്പററിയും അതികേമമായ വാദപ്രതിവാദം ചെയ്യുവാൻ പൂർണ്ണനു കഴിഞ്ഞിരുന്നു. ആ ഗൃഹത്തിലുള്ള ഓരോ വ്യക്തിയേയും അയാൾക്ക് സ്വാതന്ത്ര്യമായി വിശ്വസിപ്പിക്കുവാൻ കഴിഞ്ഞു.

ഈ വിശ്വാസം ആ കുടുംബത്തിലെ യുവാംഗങ്ങളിലൊന്നിൻെറ ഹൃദയത്തിൽ ക്രമത്തിൽ ബലവത്തായി വളൻ. അ

ത് ആരുടെ ഹൃദയത്തിലാണെന്നോ? അനിന്ദിതയുടെ ഹൃദയത്തിൽത്തന്നെ.

പൂണ്ണൻ ആദ്യകാലമൊക്കെ ആ ഗൃഹത്തിൽ വരുവാൻ തുടങ്ങിയപ്പോൾ അനിന്ദിത അയാളെക്കുറിച്ചു അധികമൊന്നും ശ്രദ്ധ പതിച്ചിരുന്നില്ല. ആ ബാലിക ബാല്യം മുതൽ സാധാരണയായി ദുർവ്യയം ചെയ്തിരുന്ന പ്രേമധനം ഇക്കാലത്തു വീണ്ടും സ്വീകരിക്കുന്നതിന് അവൾ ശക്തയായില്ല. എന്നാൽ അതു് അവൾക്കു നിഷേധിക്കുവാനും കഴിവുണ്ടായിരുന്നില്ല അവൾക്കൊരിക്കലും അതിൽ മുഷിച്ചിലും തോന്നിയില്ല. തന്നെ പരിത്യജിച്ചിരുന്ന പ്രേമം താൻ വീണ്ടും സ്വീകരിച്ചില്ലെന്നു സ്വയം വിശ്വസിക്കുവാൻ ഈ വൈമുഖ്യത്തെ മുൻനിർത്തി അവൾ സദാ ശ്രമിച്ചിരുന്നു. എന്നാൽ തനിക്കുവേണ്ടി അവകാശവാദം ചെയ്യുന്നതിനു മററാരുമില്ലെന്നു അനിന്ദിത അറിഞ്ഞിരുന്നു.

അവൾക്കു് സീമാതീതമായ പ്രേമം ഉണ്ടായിരുന്നു. ഒരാളുടേയും ജീവിതത്തിൽഅവൾ പ്രാധാന്യം അനുവദിക്കപ്പെട്ടിരുന്നില്ലെന്നു അവൾക്കറിയാമായിരുന്നു എന്തുകൊണ്ടെന്നാൽ, അവൾ തൻെറ ജീവിത സവ്വവും ഒരാൾക്കായി സമപ്പിച്ചിരുന്നു. ഇതെന്തിനുവേണ്ടി? അവൾക്കു് അയാൾ ഏററവും പ്രിയപ്പെട്ടവളായിത്തീരുവാൻ മാത്രം. അവളുടെ യുവജീവിത പ്രേമമെല്ലാം ആ അജ്ഞാത കാമുകനുവേണ്ടി സുരക്ഷിതമാക്കിയിരുന്നു. പൂണ്ണൻ ഇദം പ്രഥമമായി തൻെറ സാധാരണമായ സന്തോഷ മാഗ്ഗത്തിൽ അനിന്ദിതയേക്കൂടി സുഹൃത്താക്കുവാൻ പരശ്രമിച്ചു. ആ ശ്രമം അത്ര എളുപ്പമായി അയാൾക്കു തൊന്നിയില്ല. താൻ ഏതെങ്കിലും മറെറാരാളുടെ മൈത്രികാംക്ഷിച്ചുവെന്നു ആക്കും വിചാരിപ്പാൻ സംഗതിയായേക്കുമോ എന്നു് അനിന്ദിത ഭയപ്പെട്ടു. തൻെറ വികാരങ്ങൾ മററാരെയെങ്കിലും അറിയിക്കാതെ പെരുമാറുവാൻ അവൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ലോകം അവളേക്കൂടാതെ കഴിക്കുമെങ്കിൽ അവൾ ലോകത്തെക്കൂ

ടാതെയും കഴിക്കും. ഈ തോതിനനുസരിച്ച് അവളുടെ പെരുമാററം എല്ലാവൎക്കും അപരിചിതവും ധാംഷ്ഠികവുംആയ് തോന്നി. ചിലപ്പോൾ അവൾ ചെറുക്കപ്പെട്ടവളായും തീരാറില്ലെന്നില്ല. ഒരു രക്ഷാകവചമെന്നപോലെ അവൾ സ്വീകരിച്ചിട്ടുണ്ടായിരുന്നതേതോ അതു് അപരാധമാകുന്ന ഒരായുധത്തിന്റെ സദ്ഭാവത്തെ സാധാരണയായി കൈക്കൊണ്ടിരുന്നുവെന്നു അവൾ അറിഞ്ഞില്ല.

എന്നാൽ പൂൎണ്ണൻ എളുപ്പത്തിൽ ഭീരുവാകുന്നവനായിരുന്നില്ല. അയാളുടെ ബാല്യം മുതൽ അയാൾ ബന്ധുക്കളാൽ ലാളിതനും അപഹൃതനും ആയിരുന്നു. പ്രതിബന്ധിക്കപ്പെട്ട ആഗ്രഹമെന്നാൽ എന്താണെന്നുകൂടി പൂൎണ്ണനു അറിവുണ്ടായിരുന്നില്ല. ആദ്യമേ തന്നെ അനിന്ദിത പൂൎണ്ണനെ എന്തെന്നില്ലാതെ ആകൎഷിച്ചിരുന്നു. തന്റെ ശ്രദ്ധ മുഴുവനും അവളിൽ പതിക്കാതിരിക്കുവാൻ പൂൎണ്ണനു കഴിവുണ്ടായിരുന്നില്ല. എന്നാൽ അനിന്ദിത അത്ര ശ്രദ്ധിക്കാതിരുന്നപ്പോൾ പൂൎണ്ണന്റെ അഹങ്കാരത്തിനു അല്പം ഉലച്ചൽ തട്ടി ആയാളുടെ ആഗ്രഹം ശക്തിമത്തും ഗാഢവും ആയിത്തീൎന്നു. മറെറാരാളും അതു തടയുന്നതു അയാൾക്കു ക്ഷമിക്കാനും കഴിവില്ലായിരുന്നു. പ്രതിബന്ധാരണ്യത്തിൽ അലയുന്ന, ഇണങ്ങാത്ത, ആ പെൺപക്ഷിയെ പിൻതുടരുന്നതിനു പൂൎണ്ണശബരൻ ഉത്സാഹം പ്രദൎശിപ്പിച്ചു തുടങ്ങി. എന്നാൽ ആ പക്ഷിയെ കൂട്ടിലാക്കുന്നതിനു പകരം അയാൾതന്നെ കൂട്ടിൽ പിണയുകയാണു് ചെയ്തതു്. അനിന്ദിതയും വളരെക്കാലം സ്വതന്ത്രയായിത്തീൎന്നില്ല.

ക്രമേണ, ഈ സുന്ദരനായ ചെറുപ്പക്കാരൻ വാസ്തവത്തിൽ തന്നെ ഉററു നോക്കുന്നുണ്ടെന്നു അവൾ വിശ്വസിക്കാൻ തുടങ്ങി. അയാൾ സദാ രസ്ഥ്യ പ്രതീക്ഷിയായി, അനിന്ദിതയെ കാത്തുനിന്നിരുന്നുവെന്നുള്ളതു് ഒരിക്കലും അസംഗതമല്ലായിരുന്നു. അവളുമായി സംഭാഷണം ചെയ്യാൻ അത്യധികം ആ

ഗ്രഹിച്ചുവെങ്കിലും അവളെ പിന്തുടരുവാൻ ഇടയാകുമ്പോ ളെല്ലാം മുനിവൃത്തിയാണ് അയാൾ കയ്യേറ്റിരുന്നതെ ന്നുള്ളതിൽ മര്യാദയില്ലായിരുന്നു. അവളുടെ ഹൃദയത്തെ കാത്തു വരുന്ന ഭടന്മാർ കർത്തവ്യങ്ങളിൽ അനാസ്ഥ കാ ണിച്ചു; ആ യുവതയുടെ ഹൃദയത്തിൽ വിജയ പ്രേമ ഗാനം ഉ ത്തരോത്തരം ഉച്ചത്തിൽ മുഴങ്ങുവാൻ തുടങ്ങി. അവളുടെ ഹൃദ യമാകുന്ന കോട്ടയിൽ ശത്രു പ്രവേശിച്ചുകഴിഞ്ഞു. അവളുടെ പിതാവിനു വിസമ്മതമില്ല. സഹോദരിമാരാണെങ്കിൽ സന്തോ ഷം കൊണ്ടു മതി മറക്കുകയും ചെയ്തിരിക്കുന്നു. സമീരൻ ആഢ്യ മായി പൂർണ്ണനിൽ നിന്ദ ഭാവിക്കയുണ്ടായി. എന്നാൽ മേന്മയ ല്ലെന്നു കരുതി അയാൾ അതു ഉപേക്ഷിച്ച്, അയാളെയും അ നന്ദിതയേയും അനുമോദിക്കയാണുണ്ടായതു്. വിവാഹ ദിവ സം തീർച്ച്യാക്കുക മാത്രമേ ഇനിവേണ്ടു. അനിന്ദിതയുടെ സ ന്തോഷത്തിനു ഒരതിരുമുണ്ടായിരുന്നില്ല. അവളുടെ ജീവിത സ്വ പ്നം യഥാർത്ഥമായിത്തീർന്നു. പൂർണ്ണന്റെ മനോഗതികൾ ഉന്ന ത പ്രകൃതിയോടു സമ്മേളിക്കപ്പെട്ടിരുന്നു. വിജയം കൊണ്ടുള്ള അഹംഭാവവും, ഹൃദയാസക്തി ഫലവത്താകുന്നതു കൊണ്ടുള്ള സന്തോഷവും, അതിരററ ഏതോ ഭയവും അയാളുടെ ഹൃദയ ത്തെ ഭാഗിച്ചു ഭരിക്കുവാൻ തുടങ്ങി.

മററെല്ലാ വികാരങ്ങളേയും നശിപ്പിക്കുന്നതു വരെ ആ ഭ യം ക്രമേണ വളൎന്നു. പൂർണ്ണന്റെ കുടുംബക്കാർ പൂർണ്ണന്റെ സങ്കല്പ വിവാഹത്തെക്കുറിച്ച് അറിഞ്ഞു് ലേശവും സന്തോഷം പ്രകാശിപ്പിച്ചില്ല. വിശ്വ വിദ്യാലയ ബിരുദ ധാരിയും സുന്ദരകു മാരനും ആയ പൂർണ്ണൻ യാഥാസ്ഥിതിക കുടുംബത്തിൽനിന്നു വി വാഹം ചെയ്യുന്നപക്ഷം 15000-ക സ്ത്രീധനമായി അയാൾക്കു ലഭിക്കയില്ലേ ? അതൊന്നും കൂടാതെ ഒരു പാഷണ്ഡിയുടെ പു ത്രിയെ വിവാഹം ചെയ്യുകയെന്നോ ? പൂർണ്ണന്റെ ബന്ധുക്ക ളെല്ലാം ഒരേ പല്ലവി പാടിക്കൊണ്ടു കഠിനമായി അയാളെപ്പ

ററി വ്യസനം ഭാവിച്ചു. ഗൃഹത്തിലെത്തിയപ്പോാഠം പൂണ്ണൻ അവിടെ കണ്ടതു് കണ്ണുനീർപ്പുഴയിൽ മുഴകുന്ന കുടുംബക്കാരേയാണു്. താൻ ചെയ്യുന്ന ഏതു പ്രവൃത്തിയും ഒരിക്കലും തടയാറില്ലാത്തവരായ വീട്ടുകാരിൽനിന്നു് ഈ വിധമുള്ള ഒരവസ്ഥ അയാഠംക്ക പ്രതീക്ഷിക്കാൻ ഇതിന്നു മുമ്പു് കഴിഞ്ഞിട്ടില്ല. തന്റെ സവ്വ ആശകളേയും സങ്കല്പസുഖത്തേയും അയാഠംക്ക പരിത്യജിക്കാതെ കഴിവില്ലെന്നായി. ഇതെന്തിനുവേണ്ടി? മുറവുള്ളവരെ സങ്കടപ്പെടുത്താതിരിയ്ക്കുന്നതിന്നു മാത്രം! അയാളുടെ സ്വഭാവ ശക്തിക്ക പെട്ടെന്നു ഒരു പരിതാപകരമായ ന്യൂനത സംഭവിച്ചു. അയാഠം തന്റെ പ്രേമ ഭാജനത്തിന്നു വേണ്ടി പൊരുതുവാൻ ശക്തനായിരുന്നില്ല. വീട്ടുകാരുടെ ദ്വേഷ്യ ഭാവവും കണ്ണുനീരും അയാളെ നിശ്ശേഷം അലട്ടി. അയാഠം ഗൃഹത്തിൽ നിന്നു രക്ഷപ്പെട്ടു കൽക്കത്തയിലേക്ക മടങ്ങിയെത്തി.

എന്നാൽ കല്ക്കത്ത അയാളുടെ കുടുംബത്തിന്നു അഗമ്യമായ ഒന്നാണോ? ഒരിക്കലും അല്ല. പൂണ്ണന്റെ പിതാവും മാതാവും ഇളയമ്മമാരും സാവധാനത്തിൽ അയാളെ പിൻതുടന്നു കല്ക്കത്തയിൽ വന്നു ചേന്നു. സ്ത്രീകളിൽ നിന്നു് ദീഘനിശ്വാസങ്ങളും കണ്ണുനീർത്തുള്ളികളും, കണ്ഠിതവും, മാന്യന്മാരിൽ നിന്നു് സദുപദേശവും, അധിക്ഷേപവും, വീണ്ടും പുറപ്പെടുവാൻ തുടങ്ങി. ആ പ്രലോഭന പ്രലാപത്തിന്നെതിരായി പൂണ്ണൻ അത്യധികം ഫലവത്തായ ഔഷധം പ്രയോഗിച്ചു. എന്നാൽ അതു നിഷ്ഫലമായിത്തന്നെയേ പയ്യവസാനിക്കയും ചെയ്തുള്ളു.

ധാരാളം സ്ത്രീധനം, ഒരു ധനികന്റെ പുത്രി, ഇവ രണ്ടും വേഗത്തിൽ രംഗപ്രവേശം ചെയ്തു. വിവാഹം അതിവേഗത്തിൽ തീച്ചയാക്കപ്പെട്ടു. അതു വഴിയായി ആ കുടുംബം സമാധാനിക്കാനും തുടങ്ങി.

എന്നാൽ സാധു പൂണ്ണനോ ധമ്മസങ്കടത്തിലാണകപ്പെട്ടിരുന്നതു്. അനിന്ദിതക്ക വേണ്ടി വേണമെന്നുള്ള പക്ഷം, എ

ന്നുതന്നെയായാലും അയാൾക്കുപേക്ഷിക്കാൻ കഴിവുണ്ടാകുമായിരുന്നു. അയാൾ അനിന്ദിതയെ ഉപേക്ഷിക്കുന്ന പക്ഷം യാതൊന്നും മററുള്ളവരോടു എതിർത്തുപറയാൻ അയാൾക്കു കഴിവുണ്ടാകയുമില്ല. ആ വിധമുള്ള ദൃഢത അയാൾക്കില്ലായിരുന്നു. അയാളെ ചുററിയിരിക്കുന്നവരിൽ നിന്നു പരിഹാസവും അധിക്ഷേപവും കൂടാതെ ജീവിക്കുവാൻ പൂർണ്ണനു കഴിഞ്ഞില്ല. ഗൃഹത്തിലുള്ളവരുടെ തോരാത്ത കണ്ണുനീരും തീരാത്ത ദീർഘനിശ്വാസങ്ങളും പൂർണ്ണനെ മിക്കവാറും ചിത്തഭ്രമമുള്ളവനാക്കിത്തീർത്തു. അനിന്ദിതയെപ്പററിയുള്ള വിചാരങ്ങൾ ക്രമേണ അയാൾക്കു അനിഷ്ടപ്രദങ്ങളായിത്തീരുവാൻ തുടങ്ങി. ഒരു പെൺകുട്ടി അയാളെ എന്തൊരു ക്ലേശാവസ്ഥയിലേക്കാണ് വലിച്ചിഴച്ചു കൊണ്ടുപോയതു! ഇതിൽ ഉത്തരവാദിത്വം വഹിച്ചതു് താനാണ്; അവളല്ല, എന്നുള്ള കഥയേ മറക്കുവാൻ അയാൾ പരിശ്രമിച്ചു.

അനിന്ദിത പൂർണ്ണന്റെ അരികിൽ ഉണ്ടായിരുന്നുവെങ്കിൽ അവൾ തന്റെ പ്രേമവീക്ഷണം കൊണ്ടും സല്ലാപം കൊണ്ടും അയാളുടെ മനസ്സമാധാനമില്ലായ്മയെ നശിപ്പിക്കുമായിരുന്നു. അപ്പോൾ അയാൾക്കു ഏതുവിധമെങ്കിലും ഒരു വ്യഥാകലുഷമായ നിലയിൽ നിന്നു കരപററുവാൻ സാധിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, നിർഭാഗ്യവശാൽ, അനിന്ദിതയ്ക്കു ആ അവസരത്തിൽ അതു തീരെ അസാദ്ധ്യമായിരുന്നു. എല്ലാകൊല്ലവും ഈ കാലത്തു മാതൃപിതാമഹനെ കാണ്മാൻ അവൾ പോക പതിവുണ്ടായിരുന്നു. ഇക്കൊല്ലത്തിലും പതിവുപോലെ അവൾ പുറപ്പെട്ടു. ആദ്യമായി പൂർണ്ണൻ അവൾക്കു മുറയ്ക്കു എഴുത്തുകൾ അയച്ചു കൊണ്ടിരുന്നു. പിന്നീടു അയാൾക്കതിൽ അസഹ്യത തോന്നി. പ്രലോഭകമായ വാഗ്വാദകലഹം കൊണ്ടു കഴിഞ്ഞു കൂടിയ ഒന്നു രണ്ടു മാസങ്ങൾക്കു ശേഷം അയാൾ വീട്ടുകാർക്കു പെട്ടെന്നു വശംവദനായിത്തീർന്നു. വീട്ടുകാർ ആലോചിച്ചു

റപ്പിച്ചു വച്ചിട്ടുള്ള ബാലികയെ പൂർണ്ണൻ വിവാഹം ചെയ്തു, ഗൃഹത്തിലേയ്ക്കു കൂട്ടിക്കൊണ്ടു വന്നു. ഈ സംഗതിയെപ്പററി അനിന്ദിതയെ അറിവിക്കുവാൻ അയാൾ തുനിഞ്ഞില്ല. മറെറാരു വിധത്തിൽ അയാൾ സ്വയം തന്റെ ഭീരുതയെ പ്രഖ്യാപനം ചെയ്തു. അനിന്ദിതയോടു മര്യാദവെടിഞ്ഞു പെരുമാറണമെന്നു കൂടി അയാൾ വിചാരിച്ചു. ആദ്യ കാലമെല്ലാം വിവാഹ ശൃംഖലയിൽ പെട്ട അയാൾക്കു അത ധികം സുഖം തോന്നിയില്ല. അനിന്ദിതയുടെ സുന്ദരമുഖം അയാളുടെ ഹൃദയത്തിൽ നിന്നു പെട്ടന്നൊന്നും മറഞ്ഞുപോകുകയില്ല. ദീർഘകാലത്തെ പരിശ്രമത്തിനു ശേഷമുണ്ടായ സമാധാനം ക്രമത്തിൽ വളന്നു അയാളെ ആശ്ലേഷിക്കുവാൻ തുടങ്ങി.

ഇക്കാലമെല്ലാം അനിന്ദിത ഒന്നും അറിയാതെ കഴിച്ചുകൂട്ടി. പൂർണ്ണന്റെ മൗനം പരിപൂർണ്ണമായപ്പോൾ അനിന്ദിത സമീരനു സംഗതികൾ എന്തെല്ലാമാണെന്നു ചോദിച്ചു കൊണ്ടു് തുടരെത്തുടരെ എഴുത്തുകൾ അയച്ചു. വളരെ നാളായി പൂർണ്ണനെ സംബന്ധിച്ചു കാര്യങ്ങളിൽ പലേ പ്രസ്താവങ്ങളും സമീരൻ കേട്ടിരുന്നു. എന്നാൽ അവയെല്ലാം അനിന്ദിതക്കു നേരിട്ടെഴുതുവാൻ അയാൾ ഒരുങ്ങിയില്ല. അയാളുടെ എഴുത്തുകൾ അനിന്ദിതയെ അവളുടെ മുത്തച്ഛന്റെ ഗൃഹത്തിൽ നിന്നും പെട്ടെന്നു പരിഭ്രമിപ്പിച്ചു വരുത്തത്തക്കവണ്ണമുള്ള സൂചനകൾ കൊണ്ടു നിറഞ്ഞിരുന്നു. ഹൃദയ വ്യഥയോടും കഠിനമായ ചാപല്യത്തോടും കൂടി അവൾ കുറേനാൾ കഴിച്ചുകൂട്ടി. കാര്യങ്ങളെല്ലാം അവൾക്കെതിരായി പരിണമിച്ചപ്പോൾ അവളുടെ ആത്മാവു എന്തെന്നില്ലാതെ ഉഴന്നു.

മയക്കത്തിലെന്ന പോലെ ദിവസങ്ങൾ കുറെ പൊയ്ക്കഴിഞ്ഞു. കാര്യമെല്ലാം ശരിയായി, അനുഭവ സിദ്ധമായിട്ടും അവൾക്കതു് മറക്കുവാൻ കഴിവുണ്ടായില്ല. അവളുടെ സഹോദരന്മാരും സഹോദരിമാരും അവളോടു സഹതാപം ഭാവിച്ചു. ചോ

രത്തിളപ്പിൽ അധികകാലം അവൾക്ക് അവളെ അനുഗമിച്ചുള്ള നഭാവം കൈക്കൊള്ളാൻ കഴിഞ്ഞില്ല. മററുള്ളവരുടെ സഹൃദ്ബന്ധത്തിൻെറ സ്ഥിതി ഇത്രയ്ക്കൊക്കെയേയുള്ളൂ. പൂണ്ണൻെറ തല പുണ്ണാക്കണമെന്നു സമീരൻ ആഗ്രഹിച്ചു. അസഭ്യവാക്കുകൾ പ്രയോഗിച്ചായിരിക്കുമോ? അല്ല; അതു സുരൂപയ്ക്കു മാത്രമേ സാധിക്കയുള്ളൂ. ഏതായാലും അയാളുടെ ആഗ്രഹം വിചാരിച്ചതു പോലെ പ്രായോഗികമാക്കിത്തീൎപ്പാൻ അയാൾക്കു സാധിച്ചില്ല.

കുറെ നാൾ കൊണ്ടു ബാഹ്യമായിട്ടെങ്കിലും അവൾ തൻെറ മനോഗതി യഥാസ്ഥാനത്താക്കി. കുടുംബക്കാർ സമാധാനപൂൎവ്വം നാൾപോക്കി. എന്നാൽ സംസാരയെപ്പോലെ അവളുടെ ഹൃദയം വിളറി വരണ്ടിരുന്നു. അവൾ കോപം കൊണ്ടു കണ്ണുനീർ ഒഴുക്കി; ശത്രുവിനെക്കുറിച്ചുള്ള സങ്കടത്താൽ ലജ്ജിതയായി. ആ ശത്രു ആരാണെന്നോ? ഒരു സുഹൃത്തെന്ന പോലെ അവളെ കരുതിയ—കഷ്ടതയിലേക്കും ലജ്ജയിലേക്കും അവളെ തള്ളിവിട്ട—ആ പൂണ്ണൻ തന്നെയാണു് ആ ശത്രു. കോപസംവൎദ്ധനയിൽ നിന്നു് അവളെ വിമോചിപ്പിച്ചുകൊണ്ടിരുന്ന ഹൃദയത്തെ ചിലപ്പോൾ അവൾ വെറുത്തു; ബാഹ്യലോകത്തിൻെറ അനുശോചനവും അനുകമ്പയും അവളെ സന്തപ്തയാക്കിത്തീൎത്തു. ഇതൊക്കെയായിട്ടും പൂണ്ണനെ—ഒരു ആരാധകനെന്ന മട്ടിൽ അവളെ പിൻതുടൎന്നു മധുര ഗാനം മുഴക്കിയ യുവാവിനെ—അവൾക്കു മറക്കുവാൻ കഴിഞ്ഞില്ല. പൂണ്ണൻ അവളെ നീചമായ വിധത്തിൽ വഞ്ചിച്ചുവെന്നുള്ള കഥ ഹൃദയത്തിൽ മറച്ചു വെയ്ക്കാൻ അവൾക്കു കഴിഞ്ഞില്ല.

വൈകുന്നേരമായി; മദ്ധ്യാഹ്നവേളയിലെ നിശ്ശബ്ദത പോയി, പകരം ബഹളവും ഇരമ്പലും വൎദ്ധിച്ചു. സുരൂപ മേൽക്കഴുകാനും വസ്ത്രങ്ങൾ മാററുവാനും പോകാൻ എഴുന്നേററു. ശിരോവസ്ത്രത്തിൻെറ ആധുനിക സമ്പ്രദായത്തെക്കുറിച്ചു ഒാ

രോന്ന വാദപ്രതിവാദം ചെയ്തു സുഷമ അരികിൽ നില്ക്കുന്നുണ്ടായിരുന്നു. കുറച്ചു നിമിഷങ്ങൾക്കു മുമ്പു തനിക്കു കേൾക്കേണ്ടി വന്ന അധിക്ഷേപവും അസഭ്യ വാക്കുകളും തീരെ വിസ്മരിച്ചു് ജീജു വീണ്ടും ആ മുറിയിലേക്കു പ്രവേശിച്ചു. സമീരൻ ആയാളുടെ മയക്കം ഉപേക്ഷിച്ചു, പുറത്തുവന്നു മേശയ്ക്കരികിൽ ഇരുന്നു്, സംഖ്യാതീതരായ സുഹൃത്തുക്കളുടെ എഴുത്തുകൾക്കു മറുവടി എഴുതുവാൻ ആരംഭിച്ചു.

അതെ; അയാൾ എഴുതാൻ ആരംഭിച്ചു. പക്ഷേ എഴുത്തുകടലാസ്സ് അടങ്ങിയ ബുക്കു അയാൾ പെട്ടെന്നു താഴത്തിട്ടു, "ഷീ, "ഇൻസ്പിറേൻറ്" എന്ന വാക്കിൻെറ സ്പെല്ലിങ്ങ് എന്താണ്?" എന്നിങ്ങനെ ചോദിച്ചു.

കേരള സാഹിത്യ അക്കാദമി

അനന്തരം സുഷമ മറുവടി പറയുവാൻ കഴിയുന്നതിനു മുമ്പായി സുരൂപ ഇങ്ങിനെ പറഞ്ഞു:—"ആ വാക്ക് നി എല്ലാം എഴുതുകയും ഉപയോഗിക്കുമോ? ഒരു പുതിയ ഇംഗ്ലീഷു പദം പഠിക്കുവാനുള്ള മനക്കരുത്ത് നിനക്കില്ലാതായിപ്പോയെന്നു എനിക്കറിയാം. നീ ആർക്കാണ് എഴുതുവാൻ പോകുന്നതെന്നു എനിക്കൊന്നറിയാമോ?"

സമീരനു 'സ്പെല്ലിങ്ങ്' നല്ലപോലെ അറിയാമായിരുന്നു. അയാൾ ആ ചോദ്യം ചോദിച്ചതു് സുരൂപയിൽനിന്നു അതികഠിനമായ ഒരു മറുവടി കിട്ടുവാൻ വേണ്ടി മാത്രമായിരുന്നു. സുഷമയും വല്ലതും മറുവടി പറയുമെന്നു അയാൾ പ്രതീക്ഷിച്ചിരുന്നു. പക്ഷേ അതു സഫലമാകാത്തതുകൊണ്ടു നിരാശപ്പെട്ടു് "ഓ, ഞാൻ ഒരു 'ലേഡീഫ്രൻറിനു" എഴുതുകയാണു്. സുശീ, എന്താണൊന്നും മിണ്ടാത്തതു്?"

സുഷമ മുഖം ചുളുക്കിക്കൊണ്ട് പറഞ്ഞു:—"അതെ; അതെ; ഒരു ലേഡീഫ്രൻറാണത്രെ! നിൻെറ എഴുത്തു് ആ നാലഞ്ചുവയസ്സു പ്രായമുള്ള പതിമൂക്കി 'ടീപ്പി'ക്കായിരിക്കാം. മറ്റൊരു ബാലികയും നിൻെറ എഴുത്തു സ്വീകരിക്കുകയില്ല."

സമീരൻെറ പ്രതീക്ഷ സഫലമായി. അയാഠ വീണ്ടും കൃതാൎത്ഥനെന്ന മട്ടിൽ എഴുതുവാൻ തുടങ്ങി. സുരൂപ തലമുടി കോതി മിനുക്കിയതിന്നു ശേഷം ചീപ്പും ബ്രഷ്ഷും കയ്യിൽ പിടിച്ചുകൊണ്ടു അനന്ദിതയുടെ സമീപത്തേക്കു വന്നു. "ദിദീ, എഴുന്നേല്ക്കൂ; ഞാൻ തലമുടി കെട്ടിക്കാം." എന്നു സുരൂപ പറഞ്ഞു.

അനിന്ദിത എഴുന്നേററു. മററുള്ളവരുടെ ഏതെങ്കിലും ഹൃദയവ്യഥയോ ശല്യമോ നിസ്സാര സംഗതിയിൽ ശ്രദ്ധിക്കാതെ ലോകം മുറയ്ക്കു പോയ്ക്കൊണ്ടിരുന്നു. ഠരം നിസ്സാരാവസ്ഥ കൊണ്ടു നമുക്കു തൃപ്തിപ്പെട്ടുകൂടയോ? ഒരുവൻെറ സുഖത്തെ മാത്രം അന്വേഷിക്കുന്നതിനു എന്തുകൊണ്ടു ശ്രമിച്ചുകൂടാ? എപ്പോഴെങ്കിലും വ്യക്തമായി അറിയപ്പെട്ട ഒരു ഹൃദയത്തെ കുറിച്ചു അവകാശമില്ലെങ്കിൽ എല്ലാവരിലും ഠരം അവകാശത്തെ എന്തിനു ബഹുമാനിക്കണം? പ്രേമം മൂഢതയല്ലാതെ മററൊന്നുമല്ല മൂഢന്മാർ മാത്രമെ ഠരം വകയിൽ ഭ്രമിക്കയുള്ളു ലോകക്കിനെപ്പററി ജ്ഞാനമേ ഇല്ല. അവഠ പെട്ടെന്നു ചിരിച്ചു.

സുരൂപ ചോദിച്ചു:—"ദിദീ: എന്താണതു്? എന്താണു് തനിയെ ചിരിക്കുന്നതു്?

"അതൊ? സൂ ഞാൻ പറയാം. കേഠക്കു. ഒരു പുഷ്പമാല്യവും ഒരു സ്വൎണ്ണമാല്യവും സമൎപ്പിച്ചാൽ നീ അവയിൽ ഏതാണു് സ്വീകരിക്കുക."

സുരൂപക്കു കാൎയ്യം മനസ്സിലായി. അവഠ പറഞ്ഞു:—"ഏററവും കൂടുതലായി ഞാൻ ഇഷ്ടപ്പെടുന്നതു പുഷ്പങ്ങളാണു" പുഷ്പങ്ങഠക്കു വിലയില്ലെന്നു നിനക്കറിഞ്ഞുകൂടെ?............

എന്നാൽ നീയും ഒരു വിഡ്ഢിതന്നെ" എന്നു അനന്ദിത മറുവടി പറഞ്ഞു.

സുരൂപ മൗനം ദീക്ഷിച്ചതേയുള്ളു. പക്ഷെ അനിന്ദിതയ്ക്കു അതു സാധിച്ചില്ല. ഇനിയും അവഠ അവളുടെ നഷ്ടത്തെക്കുറിച്ചു സങ്കടപ്പെടുന്നുവെന്നു മററുള്ളവൎക്കു വിചാരിപ്പാൻ

എന്താണ് അവകാശം? "ഞാൻ കോപിച്ചുവെന്നോ നീ വിചാരിക്കുന്നതു്? നീ എന്താണങ്ങിനെ വിചാരിക്കുന്നതു്?"

"ദിദീ, ഇങ്ങിനെയുള്ള സംഗതികളിൽ ജനങ്ങൾ സാധാരണയായി കോപിയ്ക്കു പതിവാണ്. അതു സ്വാഭാവികവുമാകുന്നു. അവർ കോപിക്കും."

"ചെറിയ കുട്ടികളേപ്പോലെ; അല്ലേ? ബാല്യസുലഭമെന്നു അവൾക്കറിയാമെങ്കിലും താഴെ വീണു കഴിഞ്ഞാൽ ഉടനെ അവർ കരയാൻ തുടങ്ങുമെന്നു സുരൂപയ്ക്കറിഞ്ഞുകൂടെ? വാസ്തവത്തിൽ തനിക്കു ഉപദ്രവം പററിയോ ഇല്ലയോ എന്നൊന്നും അവർ നോക്കാറില്ല. ഞാനും ഒരം കൂട്ടത്തിലാണ് പെട്ടിരിക്കുന്നതു്. വാസ്തവത്തിൽ എനിക്ക് അത്യധികം ഉപദ്രവം പററിയിട്ടില്ലെന്നു ഞാൻ അറിയുന്നുണ്ട്. അതിനുള്ള കാരണം അറിവു മാത്രമാണ്. ഇനി ഒരിക്കലും ഞാൻ പണ്ടത്തേപ്പോലെ ഒരു മൂഢയായിത്തീരുന്നതല്ല."

സുരൂപ:—"ഞാനും ദിദിയെ കൂടുതൽ സുഖമുള്ളവളാക്കിത്തീർക്കയില്ല."

ഉടനെ അവൾക്കു പിരിയേണ്ടിവന്നു. അവരുടെ പിതാവു് കോർട്ടിൽനിന്നു് എത്തിക്കഴിഞ്ഞു.

അദ്ധ്യായം 5.

"ഇഷ്ടജനൈസ്സഹ ഭുക്തം ഭുക്തം"
"കണ്ടകാഗ്രങ്ങൾ കുപ്പിക്കാവുണ്ടോ മൂച്ചയ്ക്കു വേണ്ടി നാം?"
"വല്ലഭനോടുപേക്ഷിച്ചു വല്ലാതെ നടക്കുമ്പോൾ
വല്ലഭനെക്കില്ലുമൊരു രക്ഷിതാവുണ്ടായ്വരും."

ഒരു ദീർഘകാലത്തിനു ശേഷം മാതാവിനേ കാണ്മാനായി ദേവപ്രിയൻ നാട്ടിൻ പുറത്തുള്ള ഗൃഹത്തിലേക്കു പോകയാ

യിരുന്നു. വിധവയായ മാതാവിൻെറ ഏക പുത്രനായിരുന്ന അ യാഠം. പ്രിയന് 10 വയസ്സായപ്പോഠം പിതാവു എന്നന്നേക്കുമാ യി ലോകരംഗത്തിൽ നിന്നു അന്തർദ്ധാനം ചെയ്തു. ആ വലിയ ഒരു കുടുംബത്തിലുള്ള മാതാവിനേയും പുത്രനേയും രക്ഷിക്കാൻ കടപ്പെട്ടവർ ആരും ഉണ്ടായിരുന്നില്ല. ദേവപ്രിയൻെറ മാതാ വായ ഹൈമവതി പിതൃഗൃഹത്തിൽ വന്നു താമസിക്കുവാൻ പലപ്പോഴും ക്ഷണിക്കപ്പെട്ടിരുന്നുവെങ്കിലും പുത്രൻെറ രക്ഷ യെ മാത്രം കരുതി അവഠം ഭർതൃഗൃഹത്തിൽ പററിപ്പിടിച്ചു താമസിച്ചുതേയുള്ളു. നാട്ടിൻ പുറത്തുള്ള വിദ്യാലയം വിട്ട് ദേ വപ്രിയൻ ഉൽകൃഷ്ട വിദ്യാഭ്യാസത്തിനായി കൽക്കത്തയിലേക്കു പോയപ്പോഠം മാതാവു രാപ്പകലില്ലാതെ കരഞ്ഞു. പുത്രനുമാ യുള്ള വേർപാടുകൊണ്ടു ലോകം ശൂന്യമായി അവഠംക്കു തോ ന്നി. ദേവപ്രിയനു പ്രായപൂർത്തി വന്നതോടു കൂടി മാതാവിനെ കൽക്കത്തയിലേക്കു കൂട്ടിക്കൊണ്ടു വന്നു. ഒരുമിച്ചു താമസിപ്പി ക്കുവാൻ അയാഠം വളരെയധികം ശ്രമിച്ചു. ഹൈമവതിയെ പ്പോലെ ഉഠംനാട്ടിൽ ജനിച്ചു വളൎന്നിട്ടുള്ള ഒരുവഠംക്കു ഒരു വ ലിയ നഗരത്തിലേക്കു മാറി താമസിക്കുക എന്നുള്ളതു് ഇഷ്ട മായി തോന്നുന്നതല്ല. അവളുടെ ഹൃദയം പുത്രനോടൊരുമിച്ചു തന്നെയാണെന്നിരുന്നാലും ഉഠംനാട്ടിലുള്ള ഗൃഹം വിട്ടുപോകു ക അവഠംക്കു സാദ്ധ്യമായിരുന്നില്ല. എപ്പോഠം ദേവപ്രിയനു സൗകര്യമുണ്ടോ അപ്പോഴെല്ലാം അയാഠം പോയി മാതാവിനെ സന്ദർശിക്കാറുണ്ട്. യാതൊരു പ്രയോജനവും ദേവപ്രിയനില്ലെ ങ്കിലും ആ മഹാ നഗരത്തിലുള്ള അയാളുടെ ജീവിതകാലം ജോലിത്തിരക്കിനാൽ ഗ്രസ്തമായിരുന്നു. ജന പ്രീതി കരങ്ങളാ യ തൻെറ പ്രവൃത്തികളിൽ ദേവപ്രിയൻ പൈതൃക ധനത്തെ നിസ്സാരമായി പരിഗണിച്ചു വ്യയം ചെയ്തു. ഹീരൻ ഒഴികെ ആ ഗൃഹത്തിലുള്ള ഒരാളും ദേവപ്രിയൻെറ പണം ഏതു വഴി യ്ക്കു പോയി എന്നറിഞ്ഞതേയില്ല. ഹൈമവതി കൂടക്കൂടെ അ

മിത വ്യയിയായ പുത്രനുമായി ശണ്ഠ കൂട്ടുക പതിവായിരുന്നു. എന്നാൽ ഏതെങ്കിലും വിധമുള്ള ഒരു പ്രയോജനം അതുകൊണ്ടുണ്ടായതുമില്ല.

ഒരു വൈകുന്നേരം ഹൈമവതി സന്ധ്യാവന്ദനത്തിനു ശേഷം ജപ മാലയും കയ്യിൽ വെച്ചു ജപിച്ചുകൊണ്ടിരിക്കേ പടിവാതില്ക്കൽ "സെജ്ദൻ വന്നു"വെന്നുള്ള ഒരു ശബ്ദം കേട്ടു. സെജ്ദൻ ദേവപ്രിയനായിരുന്നു ൟ ശബ്ദ ശ്രവണത്തിനു ശേഷം ഹൈമവതിയുടെ ഹൃദയം പ്രാൎത്ഥനകളിൽ ഊന്നാതെ പിൻതിരിഞ്ഞു കയ്യിൽ ഒരു സഞ്ചിയുമായി വേഗത്തിൽ ദേവപ്രിയൻ അവിടെ പ്രത്യക്ഷനായി. യാത്രയിൽ നിന്നു കിട്ടിയ പൊടി അടി മുതൽ മുടിവരെ പൊതിഞ്ഞിട്ടുണ്ടായിരുന്നു.

ഹൈമ:—"നീ കാൽനടയായിട്ടാണൊ വന്നതു്?" ദേ. പ്രി. വീശിക്കൊണ്ടു് "അതെ" എന്നു മാത്രം പറഞ്ഞു.

ഹൈ:—"നിന്നേപ്പോലെ ഭ്രാന്തന്റെ നിലയിൽ മററാരെങ്കിലും സഞ്ചരിക്കുന്നതു നീ എപ്പോഴെങ്കിലും കണ്ടിരിക്കുമോ? കാലെ കൂട്ടി എഴുതി അയച്ചിരുന്നുവെങ്കിൽ കാളവണ്ടി സ്റ്റേഷനിലേക്കു അയക്കുമായ രുന്നില്ലേ? ഇനി എന്നാണു് നീ ഒരു മൎയ്യാദക്കാരനാകാൻ പഠിക്കുക?"

ദേ: പ്രി:—"അമ്മേ എന്റെ ജീവിതം അവസാനിക്കുന്ന ദിവസം വരെ ഞാൻ ഈ വിധത്തിൽതന്നെ കഴിച്ചുകൂട്ടും. എന്നാൽ അക്കാൎയ്യം പോകട്ടെ. എനിക്കു വല്ലാതെ വിശക്കുന്നു വല്ലൊ."

ഹൈമവതി ഇരുന്നിടത്തു നിന്നും എഴുന്നേററു. അവൾ ഒരു ഹിന്ദു വിധവയായതു കൊണ്ടു രാത്രി ഉപവാസമാണു് പതിവു്. മകനു ഭക്ഷണം വല്ലതും തയ്യാറു ചെയ്യുവാൻ അവൾ ആരംഭിക്കേ ഭൎത്തൃ സഹോദരിമാരിൽ ഒരാൾ അവിടെ വന്നു്. "എന്തേ? വയ്യിനുള്ള ഒരുക്കമായിരിക്കുമോ? ദേവപ്രിയൻ ഞങ്ങളൊരുമിച്ചു രാത്രി ഭക്ഷിക്കണമെന്നു പറയാനായിട്ടാണു്

ഞാൻ ഇത്ര ധൃതികൂട്ടി ഇങ്ങോട്ടു പോന്നത്. ഇന്നു ധാരാളം മത്സ്യം കിട്ടിയിട്ടുള്ള ദിവസമാണു്. ശിബുവും നിബുവും അവരുടെ "സെജ്ദ"ൻെറ വരവു കാണാഞ്ഞു് മനസ്താപപ്പെട്ടിരിക്കയാണു്. തക്ക സമയത്തു പ്രിയൻ വന്നതു ഭാഗ്യംതന്നെ ഓമനേ, കയ്യും കാലും കഴുകുക. ഭക്ഷണം മിക്കവാറും തയ്യാറായിക്കഴിഞ്ഞു. കാത്തിരിക്കയേ വേണ്ട ദീർഘയാത്രകൊണ്ടു ഓമനയ്ക്കിപ്പോൾ വലിയ വിശപ്പുണ്ടായിരിക്കണം" "എനിക്കൊരു ആഘോഷത്തിൽ ചേരേണ്ട അത്യാവശ്യം നേരിട്ടതുകൊണ്ടു് ഞാൻ വീട്ടിൽ എത്തിയ ഉടനെ അമ്മായി എന്നെ അവർ സ്വയം പാകം ചെയ്ത മത്സ്യം ഭക്ഷിക്കാൻ ക്ഷണിച്ചു. കൽക്കത്തക്കാർ നമ്മെപ്പോലെ മത്സ്യം ഭക്ഷിക്കുന്നതിനു ഭാഗ്യം സിദ്ധിച്ചിട്ടുള്ള സാധുക്കളല്ല. അവർക്കതിൽ ആശയും കുറവാണ്."

ഹൈമവതി വന്ന് പുത്രൻെറ അരികത്തിരുന്നു ഇങ്ങിനെ പറഞ്ഞു:—"എന്നിട്ടും നിൻെറ പ്രിയപ്പെട്ട കല്ക്കത്തയോടു നിനക്കു വേർപെടാൻ സാധിയ്ക്കുന്നില്ലല്ലൊ. ഇവിടെ താമസിച്ചുവെങ്കിൽ നീ മത്സ്യത്തിൻെറ ഒരു ഭാഗം പോലും കളകയില്ലായിരുന്നു. എനിക്കു എല്ലാ ചിന്തയിൽനിന്നും സ്വതന്ത്രയാകുകയും ചെയ്യാമായിരുന്നു. ഞാൻ നിന്നെ കുററക്കാരനാക്കുന്നില്ല. ഇതാണെൻെറ യോഗം!"

"അമ്മെ! എൻെറ ഉദരം സമ്മതിച്ചിരുന്നുവെങ്കിൽ ഞാൻ തീർച്ചയായും നിങ്ങളെ പിൻതുടരുമായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ എനിക്കു ഒരു മനസ്സാക്ഷി ഉള്ളതുകൊണ്ടു ഞാൻ അതിനോടു മത്സരിക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു്"

അയാളുടെ അമ്മ മൌനം ദീക്ഷിച്ചതേയുള്ളു. എളയമ്മയാകട്ടെ ഇങ്ങിനെ പറഞ്ഞു— "നിങ്ങൾ എന്താണ് ഈ പറയുന്നതു? ഒരിക്കൽ നിങ്ങൾ നിങ്ങളുടെ കുട്ടികളെ കല്ക്കത്തക്കയക്കുന്നുവെങ്കിൽ അവർ വിദ്യ പഠിക്കട്ടെ, പഠിക്കാതിരിക്കട്ടെ തീർച്ചയായും പറയുവാൻ പഠിക്കും. എൻെറ ഹീരൻ ഇവനെ

പ്പോലെയുള്ള മററൊരുവൻ; പ്രിയാ! എഴുനീല്ക്കു. അല്ലെങ്കിൽ മത്സ്യക്കറി തണുത്തുപോകും." ദേവപ്രിയനു ആയാളുടെ പ്രസംഗം അവസാനിപ്പിക്കാൻ സാധിക്കാതെ ഭക്ഷണത്തിന്നു പോകേണ്ടിവന്നു. ദേവപ്രിയൻെറ പിതാവും അദ്ദേഹത്തിൻെറ സഹോദരന്മാരുംകൂടി പണ്ടു ശണ്ഠ കൂടിയിരുന്നു. തദ്വാരാ കുടുംബക്കാർ അനൈക്യത്തിൽപ്പെട്ടു. ആ ജന പരമ്പര അവസാനിച്ചതോടുകൂടി ശണ്ഠയ്ക്കും കുറവുണ്ടായി. മാത്രമല്ല, ഇപ്പോഴവിടെയുള്ള ചെറുപ്പക്കാർ പ്രേമം എന്ന ഒന്നല്ലാതെ മററൊന്നിനേയും പററി അറിഞ്ഞിരുന്നില്ല. അതിനാൽ അവർ സ്വാതന്ത്ര്യപൂർവ്വം ഒരുമിച്ചിരുന്നു ഭക്ഷിക്കുക പതിവായി. ദേവപ്രിയൻ എപ്പോൾ വീട്ടിൽ വരട്ടെ അപ്പോഴെല്ലാം എളയമ്മയുടെ കൂടെയാണ് ഭക്ഷിച്ചിരുന്നത്. അതുകൊണ്ടു അയാൾക്കു അവിടെ പോയി ഭക്ഷിക്കുവാനും അവൾക്കു അയാളെ അങ്ങോട്ടു ക്ഷണിക്കുവാനും ഒരിക്കലും വൈമുഖ്യം തോന്നിയിരുന്നില്ല.

ഭക്ഷണത്തിനു ശേഷം ദേവപ്രിയൻ എഴുന്നേററു് ഇപ്രകാരം പറഞ്ഞു:—"എനിക്കൊന്നു ചുററി നടന്നു വരേണ്ടിയിരിക്കുന്നു. ശിബുവും നിബുവും കൂടി എവിടേക്കാണ് യാത്ര?"

"ഞങ്ങൾക്കിന്നു രാത്രി റിഹേഴ്സലുണ്ടു്. ഞങ്ങൾക്കു് ജ്ഞാനാഭിവൃദ്ധിക്കു് ഉപകരിക്കുന്നതായ ഒരു അഭിനയരംഗം ഉള്ളതായി അങ്ങക്കു് അറിഞ്ഞുകൂടയോ?"

"ഓ, ഹോ, അങ്ങിനെയുമുണ്ടോ ഒന്ന്? എനിക്കതു മനസ്സിലായിരുന്നില്ല. നിങ്ങൾ ഏതു നാടകമാണ് തിരഞ്ഞെടുത്തിരിയ്ക്കുന്നതു്?"

"ഞങ്ങൾ അഭിനയിക്കുന്നതു് പ്രതാപാദിത്യനാണ്. സെജ്ദാ, ഞാൻ ആ കഥയിൽ വിജയൻെറ വേഷമാണെന്നു അങ്ങു് അറിഞ്ഞിട്ടില്ലായിരിക്കാം അല്ലേ?" എന്നു ശിബു പറഞ്ഞു.

ശിബുവിനു 17 വയസ്സുപ്രായമായി. പൊക്കം കൂടിയും വണ്ണംകൂടിയും ഉള്ള ഒരു ശരീരമാണു് ആ യുവാവിന്റേതു്. ഒരു സ്ത്രീയുടെ വേഷത്തിൽ അയാൾക്കു് വിജയമുണ്ടാകുമെന്നു അയാളെ കണ്ടാൽ ആക്കും തോന്നുന്നതല്ല. അതുകൊണ്ടു ദേവപ്രിയനു് "നിന്റെ മുഖവും ആകൃതിയുംകൊണ്ടു നീ ഒരു നല്ല പ്ലബ്ബുവാണു്. അതു ശരിയല്ലേ? നീ അതിനെ രംഗശാലയെന്നോ അഥവാ നൃത്തസ്ഥലമെന്നോ പേരിടുമോ?" എന്നിപ്രകാരം ചോദിക്കേണ്ടതായിവന്നു.

ഏവംവിധമായ വിവരണങ്ങൾ കോപത്തെ ജനിപ്പിക്കാതിരിക്കയില്ല. "അതെ; അങ്ങിനെതന്നെ. കാത്തിരുന്നു് അതു കണ്ടതിനുമേൽ റിമാർക്ക് പാസ്സാക്കിയാൽ മതി. കല്പത്തയിൽ നിങ്ങൾക്കുള്ള സ്കൂൾ നാടകത്തെ അപേക്ഷിച്ചു നോക്കുന്നപക്ഷം ഇതിനു യാതൊരു ദൂഷ്യവും ഇല്ലെന്നാണു് ഞങ്ങൾക്കു തോന്നുന്നതു്. ഞങ്ങൾ അങ്ങിനെയുള്ളവരായാൽ തന്നേയും എന്താണു് തെററു? ശിബു, നേരം വൈകുന്നു" എന്നിങ്ങനെ പറഞ്ഞു അവർ പൊയ്ക്കഴിഞ്ഞു.

തനിക്കു ആ നാട്ടിൻപുറത്തുള്ള അമ്മാവന്മാരോടും അമ്മായിമാരോടും ഉള്ള ബഹുമതിയെ പ്രദർശിപ്പിച്ചുകൊണ്ടു് ദേവപ്രിയൻ ഗൃഹത്തിലേക്കു മടങ്ങി. വില്ലേജുറോഡ് വിളക്കുകൾ ചിലപ്പോൾ ദൂരെയുള്ള വയലുകളിൽ വിലങ്ങനേയായി പ്രകാശിച്ചുകൊണ്ടിരുന്നു. മാത്രമല്ല ഇടയ്ക്കിടക്കു കുറുക്കന്മാർ ഓരിയിട്ടുംകൊണ്ടു രാത്രിയുടെ നിശ്ശബ്ദതയേ ഭേദിച്ചിരുന്നതും അയാൾക്കനുഭവമായി. ഉൾനാട്ടിലെ ചെറുകുട്ടികൾ വീടുകളുടെ വരാന്തകളിൽ കിടന്നിരുന്നു. ഏററവും ചെറിയ ശിശുക്കൾ അവരുടെ അമ്മമാരൊന്നിച്ചു് അകത്തു കിടക്കാൻ നിർബ്ബന്ധിതരായിത്തീർന്നു. ഈ അന്യായത്തെ അവർ നിലവിളികൊണ്ടു എതിർക്കുകയും ചെയ്യുന്നുണ്ടു്. മൂന്നു കുട്ടികളെക്കൂടി അകത്തേക്കു കൊണ്ടുപോരാൻ അമ്മമാർ ശ്രമിച്ചു; പക്ഷെ അവ ആ ശ്രമം വിഫലമാക്കിയതേയുള്ളു.

ദേവപ്രിയൻ മടങ്ങി ഗൃഹത്തിലെത്തിയപ്പോൾ വിളക്കിന്നരികിലിരുന്നു അയാളുടെ മാതാവു് മഹാഭാരതം വായിക്കയായിരുന്നു. അയാൾ വരുന്നതുകണ്ടു് ഹൈമവതി പുസ്തകം അടച്ചു് "നീ എന്താണു് ഇത്ര വൈകിയതു്? എനിക്കു നിന്നോടു് പല പ്രധാന സംഗതികളേയും പററി ആലോചിക്കാനുണ്ടായിരുന്നു. എന്നാൽ പോയി കിടക്കൂ. ആ കാൎയ്യമെല്ലാം നാളെ പറയാം."

ദേവപ്രിയൻ പായയും എടുത്തുകൊണ്ടു പുറത്തുപോയി. ഹൈമവതി പുത്രനെ പിന്തുടൎന്നു ഇങ്ങിനെ പറഞ്ഞു:—"എന്താ? പുറത്താണോ കിടക്കുവാൻ ഉറച്ചിരിക്കുന്നതു്. ഞാൻ നിനക്കു് കിടക്ക വിരിച്ചിട്ടുള്ളതു് അകത്താണു്"

"അമ്മേ! മുറിയിൽ കിടക്കുന്നതിൽ എനിക്കു സുഖം തോന്നുന്നില്ല" ഇങ്ങിനെ പറഞ്ഞുകൊണ്ടു് അദ്ദേഹം പായ വരാന്തയിൽ വിരിച്ചു അതിൽ കിടന്നു. ഹൈമവതി, പുത്രനു ഒരു തലയിണ കൊണ്ടുവന്നു കൊടുത്തുകൊണ്ടു് "ഇതാ, തലയിണ് ഈ പായ വളരെ ചെറുതാണ്. എന്നാണു് നീ ഒരു മൎയ്യാദക്കാരനായിത്തീരുന്നതു് എന്റെ ഓമനെ!"

ദേവപ്രിയന്റെ എളയമ്മ കുട്ടിയുടെ കരച്ചിൽ മാററാൻ ശ്രമിച്ചുകൊണ്ടു് അവളുടെ മുറിയുടെ വാതില്ക്കൽ ഇരിക്കയായിരുന്നു. കരച്ചിൽ കേട്ടു ഹൈമവതി ഇങ്ങിനെ പറഞ്ഞു:— "അഞ്ചാകട്ടേ, അയ്മ്പതാകട്ടേ എപ്പോഴും ഒന്നു പോലെ തന്നെ. ഇവററ ഒരിക്കലും വളരുകയില്ലെന്നോ? എപ്പോൾ നോക്കിയാലും കുട്ടിപ്രായംതന്നെ."

"ഇത്രയധികം ബുദ്ധിമുട്ടുക്കുന്ന ഞങ്ങളോടു നന്ദി കാണിക്കുകയാണു് അമ്മ വേണ്ടതു്. അമ്മയുടെ വംശം നല്ല സ്വഭാവക്കാരെക്കൊണ്ടും മൎയ്യാദക്കാരെക്കൊണ്ടും പൂൎണ്ണമായിട്ടുള്ളതാണല്ലൊ. നിങ്ങളെ ഒരു സമയമെങ്കിലും വെറുതെ ഇരുത്താത്തതു് ഞങ്ങളല്ലേ? ഭാഗ്യവശാൽ എല്ലാവിധം ക്ലേശങ്ങളും നിങ്ങ

ൾക്കനുഭവിക്കുന്നതിനു ഞങ്ങൾ ജനിച്ചുപോയി. പക്ഷെ അവ നിങ്ങൾ ശരിയാക്കിത്തീൎക്കുമല്ലോ. എന്നാൽ ഈ ഞങ്ങളുടെ മനഃസ്ഥിതിയെപ്പററി നിങ്ങൾ സന്തോഷിക്കുന്നില്ലെന്നുള്ളതിനു എന്താണു് ഹേതു?"

"നീ നിന്റെ വൃദ്ധയായ മാതാവിനെ ഈ നിലയിൽ സന്തോഷിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവോ? അങ്ങിനെയാണെങ്കിൽ നീ വിവാഹം ചെയ്തു് വധുവിനെ ഗൃഹത്തിൽ കൊണ്ടുവന്നു പാൎപ്പിച്ചു് അമ്മയെ സന്തോഷിപ്പിക്കാത്തതെന്തു? നീ അങ്ങിനെ ചെയ്യുന്നപക്ഷം ഞങ്ങൾക്കുകൂടി അതു സന്തോഷമായിത്തീരും" എന്നു എളയമ്മ ദേവപ്രിയനെ നോക്കിക്കൊണ്ടു പറഞ്ഞു.

ദേവപ്രിയൻ പെട്ടെന്നു ഗാഢനിദ്ര അഭിനയിച്ചു. ഇതു് അദ്ദേഹത്തിന്റെ ഒരു പുതിയ മനോഗതിയായിരുന്നില്ല. വിവാഹത്തെക്കുറിച്ചുള്ള പ്രസ്താവം എപ്പോൾ കേൾക്കാൻ എടവരുന്നുവോ അതേ നിമിഷത്തിൽത്തന്നെ അസാധാരണ ശക്തിയോടെ ഉറങ്ങുവാൻ അയാൾ ആഗ്രഹിക്കും. നീ ഉറങ്ങിയോ" എന്നു ദേവപ്രിയന്റെ അമ്മ ചോദിച്ചു.

ദേവപ്രിയൻ മറുവടി പറഞ്ഞില്ല. തന്റെ ഓമന ഉറങ്ങിയെന്നു തീൎച്ചയാക്കി ഹൈമവതി അകത്തേക്കുപോയി. അനന്തരം ദേവപ്രിയൻ തിരിഞ്ഞുനോക്കിക്കൊണ്ടു" അമ്മേ, എന്താണമ്മ പറഞ്ഞതു്?"

"ഇന്നലെ എളയമ്മയുടെ വക ഒരു കത്തു എനിക്കു കിട്ടുകയുണ്ടായി. അവർ സ്നുഷ (മകന്റെ ഭാൎയ്യ)യുമൊന്നിച്ചു തീൎത്ഥാടനത്തിനു തീൎച്ചയാക്കിയിരിക്കുന്നു. ഇക്കാലത്തു് അവരുടെ വസ്തുവകകൾ ശരിയായി നോക്കി രക്ഷിക്കുവാൻ ആരാണുള്ളതു്?"

"എന്തുകൊണ്ടില്ല? അമ്മയുടെ എളയമ്മക്കു അവകാശികളുണ്ടല്ലോ. അവരിൽ ഒരാളെ അവരുടെ സ്ഥാനത്തു് വാഴിക്കുവാൻ അവൎക്കെന്താണു വിരോധം?"

"ശരിതന്നെ. പക്ഷെ അവർ എല്ലാം എന്നെ ഏല്പിക്കാനാണിടയുള്ളതു്. എന്റെ അമ്മയ്ക്കു ഈ ഒരൊററ സഹോദരി മാത്രമേയുള്ളു. പെററ മാതാവിനെപ്പോലെ എല്ലാം എനിക്കുള്ളതായിട്ടാണു് അവർ കണക്കാക്കുന്നതു്. മററൊരാളും ആ ഭാരം കയ്യേൽക്കുവാനും ഉണ്ടാകുന്നതല്ല."

"എന്നാൽ അമ്മ എന്താണിക്കാര്യത്തിൽ ആവശ്യപ്പെടുന്നതു്? മുത്തച്ഛന്റെ വസ്തുവകകൾ നോക്കി രക്ഷിക്കുവാൻ ഞാൻ എന്റെ മററു സകല പ്രവൃത്തികളും നിർത്തിവെയ്ക്കണമെന്നാണോ അമ്മ പറയുവാൻ ഭാവിക്കുന്നതു്?"

ഹൈമവതിയുടെ പിതാവിന്റെ വസ്തുവകകളെപ്പററി ദേവപ്രിയനുണ്ടായ അനാദരവു് മനസ്സിലാക്കി "നിന്റെ പ്രവൃത്തികൾ! എത്ര ഇലിയ ഒരു ശമ്പളമാണു് അതിൽനിന്നു നിനക്കു കിട്ടുന്നതു്! ഒന്നിനും കൊള്ളരുതാത്ത നിന്റെ സ്നേഹിതന്മാർക്കുവേണ്ടി നീ ചെയ്യുന്ന ധനവ്യയം എന്റെ പിതാവിന്റെ സമ്പാദ്യത്തിൽനിന്നാണെന്നു മനസ്സിലാക്കിക്കൊള്ളുക. അദ്ദേഹത്തിന്റെ വസ്തുവകകൾ അന്യാധീനമായിപ്പോകുന്നപക്ഷം നമുക്കു ഒരൊററപ്പൈപോലും കിട്ടുന്നതല്ല. നിനക്കുവേണ്ടി കൽക്കത്തയിൽ നീ എന്തു പ്രവർത്തിച്ചു? ഞാനൊന്നു കേൾക്കട്ടെ."

"എനിക്കു വേണ്ടിയല്ല അതൊന്നും! നേരേമറിച്ചു് അവയെല്ലാം പരന്മാർക്കായിട്ടാണു്. ഒരുവനു വേണ്ടി ചെയ്യുന്ന പ്രവൃത്തികളെക്കാൾ പലർക്കും വേണ്ടി ചെയ്യുന്നവയല്ലേ ശ്രേഷ്ഠമായിട്ടുള്ളതു്?"

"അവർ ഓരോരുത്തരും അവരുടെ നന്മക്കുവേണ്ടി പ്രവർത്തിച്ചുകൊള്ളട്ടെ. നീ നിന്റെ പണമെല്ലാം അവർക്കു വേണ്ടി ചെലവഴിച്ചു കഴിഞ്ഞു. സമയവും കൂടി അവർക്കു വേണ്ടി പാഴാക്കണമെന്നോ നീ വിചാരിക്കുന്നതു? ഈ പ്രാവശ്യം ഞാൻ നിന്നെ അനുകൂലിയ്ക്കുവാനല്ല വിചാരിക്കുന്നതു. തക്കൂർത്താലയിൽ

വന്ന നീ എന്നോടൊന്നിച്ച താമസിച്ചേ കഴിയൂ. നിൻെറ ധ്യൂത്തിനവേണ്ടി എല്ലാം ഞാൻ നശിപ്പിക്കണമെന്നാണോ നീ വിചാരിക്കുന്നതു്? നീ എങ്ങിനെയാണ് മേലാൽ കഴിഞ്ഞുകൂട്ടുന്നതു? നിൻെറ ഭാൎയ്യ ഒരു മൎയ്യാദക്കാരിയായിരുന്നാൽ നിനക്കു രക്ഷ കിട്ടും."

ഹൈമവതി ഒടുവിൽ പറഞ്ഞ വാക്കുകൾ കേട്ടു ദേവപ്രിയൻ പറഞ്ഞു. —"കൊള്ളാം ഒരിക്കലേക്കു മാത്രമായിട്ടെങ്കിലും ഞാൻ നിങ്ങൾ പറയുന്നതു അനുസരിക്കാതിരിക്കയില്ല. മററുള്ളവൎക്കു നന്മ ചെയ്യുന്നതിന്നു പകരമായി അമ്മയുടെ നന്മക്കു വേണ്ടി ഞാൻ ശ്രമിക്കാം. അതായിരിയ്ക്കുമല്ലൊ അമ്മയ്ക്കും സന്തോഷം. എന്നാൽ എനിക്കു നാളെ കൽക്കത്തയിലേക്കു പോയി അവിടെ ഞാനില്ലാത്ത കാലങ്ങളിൽ പ്രവൃത്തി നടക്കുവാനുള്ള ഏൎപ്പാടുകളെല്ലാം ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്." കുറേ നേരം ഹൈമവതി മൗനമായിരുന്നതിന്നു ശേഷം എഴുന്നേററു പുത്രൻെറ അടുക്കൽ നിന്നും പോയി. ദേവപ്രിയൻ ഉടനെ ദീഘനിദ്രയിലും വീണു. പിറേറദിവസം കാലത്തെ ദേവപ്രിയൻ കൽക്കത്തയിലേക്കു തീവണ്ടി കയറി. എത്ര തന്നെയായാലും 3 ദിവസത്തിൽ കൂടുതൽ താൻ കല്ക്കത്തയിൽ താമസിക്കുന്നതല്ലെന്നു പുത്രനേക്കൊണ്ടു ഹൈമവതി പല കുറി വാഗ്ദാനം ചെയ്യിച്ചു.

വണ്ടിയിൽ യാത്രക്കാർ തിക്കിത്തിരക്കി കൂടിയിരുന്നു. ദേവപ്രിയൻ, താൻ ഇരുന്ന സ്ഥലം ഒരു വൃദ്ധയായ സ്ത്രീക്കു ഒഴിച്ചു കൊടുത്തു, ആ ദിവസം മുഴുവൻ വണ്ടിയുടെ ജാലകത്തിന്നരികെ നിന്ന നില്പിൽത്തന്നെ നിന്നു കഴിച്ചു കൂട്ടി. നഗരത്തിൽ തനിക്കു ചെയ്യേണ്ട ജോലികളെ ക്രമപ്പെടുത്തുവാൻ ഓരോന്നു വഴിക്കു വഴിയായി ചിന്തിച്ചുകൊണ്ടു അദ്ദേഹം സമയം പോക്കി. നഗരത്തിൽ വണ്ടിയിറങ്ങുവാനുള്ള ബഹളം കണ്ടു സ്വപ്നത്തിൽ നിന്നു വിമുക്തനായവനേപ്പോലെ അദ്ദേഹം പെട്ടെ

ന്നു വണ്ടി വിട്ടിറങ്ങി പിന്നീട് ദേവപ്രിയൻ കാൽ നടയായി പുറപ്പെട്ടതു വസതിയിലേക്കായിരുന്നു. തെരുവിൽ എത്തിക്കഴിഞ്ഞപ്പോഴെക്കും സന്ധ്യ കഴിഞ്ഞുവെന്ന് നിരത്തിൽ എരിയാൻ പോകുന്ന ദീപങ്ങൾ ചിന്താ പരതന്ത്രനായ അദ്ദേഹത്തെ അറിവിച്ചു.

വസതിയുടെ പുരോഭാഗത്തുള്ള വാതിലുകൾ അടച്ചിരുന്നു. ക്രസൽ കൂടാതെ ദേവപ്രിയൻ വാതില്ക്കൽ ഉറക്കെ മുട്ടി.

"ആരാണതു്? ബാബു ഇവിടെയില്ല" എന്നുള്ള ഒരു ബാലികയുടെ സ്വരം അകത്തു നിന്നു ദേവപ്രിയൻ കേട്ടു.

"എനിക്കു ബാബുവിനെ കാണേണ്ടതായ ആവശ്യമല്ല ഉള്ളതു്. ദയവു് ചെയ്തു വാതിൽ തുറക്കൂ ഓമനേ!" എന്നു ദേവപ്രിയൻ പറഞ്ഞു.

ദേവപ്രിയൻെറ ശബ്ദമാണതെന്നറിഞ്ഞ് വിചാരിച്ചിരിക്കാത്ത അദ്ദേഹത്തിൻെറ വരവിൽ കുട്ടി സന്തോഷഭരിതയായിത്തീരുകയും ക്ഷണത്തിൽപ്പോയി വാതിൽ തുറക്കയും ചെയ്തു.

"ഓ, എന്താണമ്മാവാ ഇത്! അങ്ങ് മടങ്ങി, പറഞ്ഞു പോയപോലെ തന്നെ, എത്തിയല്ലൊ. നമുക്കൊരുമിച്ചു നടക്കാൻ പോകയല്ലെ? കഥകൾ പറഞ്ഞു തരുമല്ലൊ. അവളുടെ ആശ അസ്ഥാനത്തിലാകുമല്ലൊ എന്നറിഞ്ഞു ദേവപ്രിയൻ വളരെ സങ്കടപ്പെട്ടു. ബാല്യത്തിൽ മനുഷ്യക്കെല്ലാം സന്തോഷമേയുള്ളൂ. അതാണ് അവക്ക് ആരോഗ്യത്തെ നൽകുന്നതും. എന്നാൽ ഒരം കുട്ടിക്കു അവളുടെ ആഭ്യന്തര ജീവിതത്തിൽ തീരെ സുഖമുണ്ടായിരുന്നില്ല. അവളെക്കുറിച്ചു ചുമതലയുള്ളവർക്കൊന്നും അവളുടെ സുഖ ജീവിതത്തെപ്പററി ശ്രദ്ധയുണ്ടായിരുന്നില്ല. ശ്രദ്ധിക്കുവാൻ നിവൃത്തിയും ഉണ്ടായിരുന്നില്ല. ദേവപ്രിയന്നു ഇക്കാര്യത്തിൽ മനസ്സുമുണ്ടു; അധികാരവുമുണ്ടു പക്ഷെ അദ്ദേഹത്തിന്നു സമയമുണ്ടായിരുന്നില്ല. മരുമകളായി സ്വീകരി

ക്കപ്പെട്ട ആ പെൺകുട്ടിയുടെ നികൃഷ്ട ജീവിതത്തെ സന്തോഷകരമാക്കി തീർക്കേണ്ട കാര്യത്തെപ്പററി അദ്ദേഹത്തിനു പലതും ആലോചിക്കേണ്ടതുണ്ടായിരുന്നു. അവൾക്കുവേണ്ടി അദ്ദേഹം എപ്പോഴെല്ലാം എന്തു ചെയ്യുവോ, അപ്പൊഴെല്ലാം അദ്ദേഹത്തിൻെറ മാനസികേക്ഷണങ്ങൾക്കു മുന്നിൽ നിരാശപ്പെട്ട പരസഹസ്രം ശിശുക്കളുടെ മുഖാംഭോജങ്ങൾ കാണുക പതിവായിരുന്നു. ഇവററയെല്ലാം ഭാവിയെപ്പററിയുള്ള ആശകളോ തല്ക്കാലികമായ സന്തോഷമോ കൂടാതെ ദേവപ്രിയൻെറ മാതൃഗ്രഹസ്തത്തിൽ വളരുന്നവയായിരുന്നു. സങ്കടകരങ്ങളായ ജീവിതങ്ങളിലൂടെ നിരാശാ ഭാരവും വഹിച്ച് അവർ ജീവിക്കുന്നു. ജീവാവസാനത്തിലാകട്ടെ അതു ചിൻതുടച്ചുക്കാരിൽ അവർ സമർപ്പിക്കയും ചെയ്യുന്നു. പ്രകൃതിയുടെ ഠരം വൈപരീത്യത്തോടു പട വെട്ടുന്നതിനു ഒരേ ഒരു മനുഷ്യജീവിക്കു് എത്ര കാലമാണു് കഴിയുക ?

ദേവപ്രിയൻ വന്നതു് നീരദ അറിഞ്ഞു. കയ്യുലങ്ങളിൽ വഹിക്കപ്പെട്ട ശിശുവൊന്നിച്ചു അവൾ ദേവപ്രിയൻെറ മുമ്പിൽ വേഗത്തിൽ പ്രത്യക്ഷയായി. ദേവപ്രിയൻ ഒരു മരക്കട്ടിലിന്മേൽ ഏകനായിരിക്കയായിരുന്നു. "പ്രിയദാ, ഗൃഹത്തിലെല്ലാവർക്കും സുഖം തന്നെയാണല്ലൊ ? നിങ്ങൾ എന്താണു് ഇത്ര ക്ഷണത്തിൽ മടങ്ങി എത്തിയതു് ? നിങ്ങളുടെ ഭക്ഷണം കഴിഞ്ഞുവോ ? അതല്ല ഭക്ഷണം വല്ലതും തയാറു ചെയ്യണമോ?"

താഴെ കാണുന്ന മുഖവുരയോടുകൂടി ദേവപ്രിയൻ എഴുന്നേററു:—"അതെ; വീട്ടുകാർക്കെല്ലാം സുഖം തന്നെ. ഞാൻ എൻെറ ജോലിക്കായിട്ടാണു് മടങ്ങി വന്നതു്. ഭക്ഷണം പാകം ചെയ്തു കഴിഞ്ഞതിനുശേഷം സ്വല്പം സമയം ഒന്നിവിടത്തോളം വരണം."

കുറെ കഴിഞ്ഞപ്പോൾ നീരദ മടങ്ങിയെത്തി. ഒരു ചിത്രഗ്രന്ഥം എടുത്തു ദേവപ്രിയൻ കുക്കിയുടെ കയ്യിൽ കൊടുത്തു

അവളെ മുറിയിൽ നിന്നും പുറത്തേയ്ക്കു അയച്ചു. ചിത്രങ്ങൾ കയ്യിൽ കിട്ടിയതോടു കൂടി കുക്കി ഉടനെ അവയെ മററു ചങ്ങാതിമാരെ കാണിക്കാനായി ഓടിപ്പോയി. "നീരു, കുറെ അധിക കാലത്തേക്കു എനിക്കു ഈ നഗരം വിട്ടു പോകേണ്ടിയിരിക്കുന്നു. തക്ഷശിലയിൽ അമ്മയുമൊന്നിച്ചു താമസിക്കണമെന്നു അവർ ആവശ്യപ്പെടുന്നു. എന്റെ ഇവിടത്തെ ചില പ്രവൃത്തികൾ ഒതുക്കേണ്ടതിനായിട്ടാണ് ഞാൻ ഇപ്പോൾ ഇങ്ങോട്ടു തിരിച്ചു വന്നിട്ടുള്ളത്. 3 ദിവസത്തിന്നകം അതെല്ലാം ശരിപ്പെടുത്തുന്നതാണ്. എന്നാൽ സർവ്വോപരിയായി എന്റെ വിചാരം നിങ്ങളേക്കുറിച്ചാണ്. നിങ്ങൾക്കാവശ്യമുള്ള ധനം വ്യയം ചെയ്യുവാൻ ഞാൻ ഒരുക്കമാണ്. ആഷുവിന്റെ കയ്യാട്ടിൽ നിന്ന് നീരുവിന് അതു രക്ഷിച്ചു സൂക്ഷിക്കുവാൻ കഴിയുമോ എന്നാണെന്റെ സംശയം. എനിക്കതു ഹീരനെ ഏല്പിക്കാൻ കഴിയും. പക്ഷെ അയാൾക്കിവിടെ നേരിട്ടു വരുവാൻ സാധിക്കയില്ലല്ലൊ. ഞാൻ നിങ്ങൾക്കു തരുന്ന ധനം ശരിയായി സൂക്ഷിച്ചു മാസം തോറും ഒരു ക്ലിപ്ത സംഖ്യ നേരിട്ടു കിട്ടത്തക്കവണ്ണം ഒരാളെ ഏല്പിക്കുവാൻ കഴിയുകയില്ലെ?"

ദേവപ്രിയന്റെ ദീർഘകാലത്തെ വേർപാടിനെപ്പററിയുള്ള പ്രസ്താവം കേട്ട് നിരദയുടെ മുഖം വിളറി. സ്വല്പനേരം കഴിഞ്ഞതിന്നു ശേഷം അവൾ പറഞ്ഞു:—"എന്നാൽ എന്നെപ്പററി എന്തിനാണ് നിങ്ങൾ സദാ ചിന്തിക്കുന്നത്? എന്റെ യോഗം പോലെയെ വരികയുള്ളു. കഴിവുള്ളേടത്തോളം കഴിച്ചുകൂട്ടുക തന്നെ."

"ഇപ്പോൾ നല്ലപോലെ ഗൃഹഭരണം നടത്താൻ സാധിക്കയില്ല. നീരുവിനെന്നു എനിക്കറിയാം. എങ്കിലും പരിതഃസ്ഥിതികൾ മേലാൽ അങ്ങിനെ നിങ്ങളെ കുഴക്കുന്നതല്ല. ഞാൻ ഇവിടുന്നു പോകുന്നതിന്നു മുമ്പായി എല്ലാക്കാര്യവും തൃപ്തികരമായി ശരിപ്പെടുത്തുവാൻ എനിക്കു കഴിവുള്ള വിധത്തിൽ

ഞാൻ ശ്രമിക്കാം. ആഴ്ചയിലൊരിക്കൽ വന്ന് നിങ്ങളെ സന്ദർശിച്ചു പോകേണമെന്നു ഡാക്ടർ നവാബിനെപ്പറഞ്ഞ് ഞാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. ഈ സ്ഥലത്തുള്ള ബാലികാ വിദ്യാലയിൽ കുക്കിയെ ഞാൻ ചേർപ്പിക്കുന്നുണ്ട്. എന്നാൽ പണത്തിൻെറ കാര്യത്തെപ്പററി ആരെയാണ് നീരു ഏർപ്പാടു ചെയ്യാൻ ഭാവിക്കുന്നത്?"

"ഈ ഗൃഹത്തിൻെറ രണ്ടാമത്തെ നിലയിൽ താമസിക്കുന്ന കാളി ബാബുവിൻെറ ഭാര്യ ഒരു നല്ല സ്ത്രീയാണ്. അവർ എന്നെ സഹായിക്കും. ഞാൻ അവരോടു പണം സൂക്ഷിച്ചു തരണമെന്നു പറയാം."

"എന്നാൽ ക്ഷണം പോയി അവരോടു ചോദിയ്ക്കൂ. അവർ സമ്മതിക്കുമെങ്കിൽ ഒരു ദോഷവും വരാനില്ല." എന്നു ദേവപ്രിയൻ പറഞ്ഞു.

നീരദ പോയി കുറെ നിമിഷങ്ങൾ കഴിഞ്ഞതിനു ശേഷം മടങ്ങി വന്നു. അവർ അതിൻെറ ചുമതല വഹിക്കാൻ തയ്യാറാണെന്നു പറഞ്ഞതായി ദേവപ്രിയനെ അറിയിച്ചു.

ദേവപ്രിയൻ ഒരു കിഴിയിൽ നിന്നു കുറെ കറൻസിനോട്ടു എടുത്തു നീരുവിൻെറ കയ്യിൽ കൊടുത്തു കൊണ്ടു "ഇതവരുടെ കയ്യിൽ കൊടുത്തു ആവശ്യമുള്ളേടത്തോളം മാസം തോറും വാങ്ങിക്കൊള്ളുക. കഷ്ടപ്പെട്ടു കഴിയരുത്. ഞാൻ നിങ്ങളുടെ സഹോദരനല്ലെന്നു ഓർമ്മിച്ചു കൊൾക. ഭക്ഷണപാനീയങ്ങൾ പോലെ തന്നെ കുട്ടികൾക്കു വിനോദവും ആഹ്ലാദവും ആവശ്യമാണു. പക്ഷെ, കളിസ്സാധനങ്ങൾക്കോ, ചിത്രപുസ്തകങ്ങൾക്കോ കുറച്ചു കളിപ്പിക്കാനോ ഒരിക്കലും പണം ചിലവുചെയ്യരുതു്."

കുക്കിയുടെ സ്കൂൾഫീസ്സ് ഞാൻ നേരിട്ടു എല്ലാ മാസവും സ്കൂളിലേക്കയച്ചു കൊള്ളാം. കഴിയുമെങ്കിൽ ഒരു പരിചാരിണിയെ ഗൃഹജോലികൾക്കു ഏർപ്പെടുത്തി കുക്കിക്കു കുറെ സമ

യം എളുപ്പ ചെയ്തു കൊടുക്കണം. അവർക്കിപ്പോൾ കളിയ്ക്കുള്ള കാലമല്ലെ?"

"ഭക്ഷണ പാനീയങ്ങൾ അവർക്ക് ശരിയായി ലഭിക്കുക എന്നുള്ളതു തന്നെ ഒരു വലിയ ദയവ്. അതിൽക്കൂടുതൽ ഒന്നും വേണമെന്നില്ല. അവർ ജനിച്ചതു തന്നെ അശുഭ വേളയിലാണ്" എന്നു നീരദ പറഞ്ഞു.

ദേ:—"എന്നാൽ അവളെ കൂടുതൽ നിർഭാഗ്യയാക്കിത്തീർക്കുവാൻ എന്തിനാണ് യത്നിക്കുന്നത്? ബാല്യം എത്രമാത്രം സുന്ദരവും ആഹ്ലാദകരവുമാണെന്നു നീരു അറിഞ്ഞിരുന്നുവെങ്കിൽ സ്വന്തം കുട്ടിക്കു വേണ്ടി ആ വിധമുള്ള നികൃഷ്ടാവസ്ഥ സമ്പാദിച്ചു വയ്ക്കുയില്ല ബാല്യം മുതൽ ആ കുട്ടിക്കു യാതൊരു ബാദ്ധ്യതയും ഇല്ലെന്നു നീരു ഗ്രഹിച്ചു കഴിഞ്ഞിരിക്കുന്നു. ഭക്ഷിക്കുന്നതിനു ആഹാരവും ഉടുക്കുന്നതിനു വസ്ത്രവും ധാരാളമില്ലെങ്കിലും ഏറെക്കുറെ അവർക്കു കിട്ടിയിരുന്നുവെങ്കിൽ നീ അവളെ ഭാഗ്യവതിയെന്നു വിളിക്കുമായിരുന്നു. നിങ്ങൾ നിങ്ങളുടെ സ്വന്തം കുട്ടികളെ കഷ്ടപ്പെടുത്തുന്നു. സ്ത്രീകൾ കഷ്ടപ്പെടുന്നു എന്നുള്ള ഞങ്ങളുടെ മുറവിളി നിങ്ങൾ നിഷ്ഫലമാക്കിത്തീർക്കുന്നു. എന്താണിതിനു കാരണം? നിങ്ങളുടെ ഹൃദയമെല്ലാം അവശതയിൽപ്പെടുത്തി ശകാരം കൊണ്ടും മർദ്ദനങ്ങൾ കൊണ്ടും പെൺകുട്ടികളെ നിങ്ങൾ പരിപാലിക്കുന്നു. അതു വഴിയായി ജീവിതത്തിലെ ഉത്തമാദർശത്തെ അവർക്കറിയുവാൻ സാധിക്കുന്നില്ല."

ജ്ഞാനിയായ വിദ്യാഭ്യാസി പറയുന്നതു എപ്പോഴും ഇപ്രകാരമേ ആയിരിക്കയുള്ളൂ. വിദ്യാഭ്യാസമില്ലാത്തവരെങ്കിലും ജ്ഞാനമുള്ള സ്ത്രീകൾ പുരുഷന്മാരെ പൂർണ്ണമായി അനുസരിക്കുന്നു എന്നാൽ അയാളുടെ വാക്കുകൾ അനുസരിച്ച് അവർ പ്രവർത്തിച്ചതായി ആർക്കറിയാം? ഒടുവിൽ നീരദ ദേവപ്രിയന്റെ ഉപദേശം സ്വീകരിച്ചതായി അവളുടെ മൗനം വ്യക്തമാക്കി. അനന്തരം അവൾ തന്റെ ജോലിക്കായി അടുക്കളയിലേക്കു

പോയി. കുക്കി ചിത്രഗ്രന്ഥവുമായി ചെറിയ കുട്ടിയെ വിട്ട് എവിടെയോ പോയിരിക്കുന്നതായും അവൾ അടുക്കളയിൽ പൂർണ്ണ സ്വാതന്ത്ര്യത്തോടു കൂടി വിഹരിക്കുന്നതായും നീരദ കണ്ടു.

കുക്കിയെ വിളിച്ച് നീരദ ഇപ്രകാരം പറഞ്ഞു. "കൊള്ളരുതാത്തൊരാളേ, നീ എന്താണ് ചെയ്യുന്നതു്? കേൾക്കട്ടെ. കുട്ടിയെ നോക്കിക്കൊള്ളണമെന്നു ഞാൻ പറഞ്ഞിരുന്നില്ലേ? ഭർത്തൃഗൃഹത്തിലേക്കു പോകുമ്പോൾ നീ എന്തെല്ലാം വരുത്തിക്കൂട്ടുമെന്നു എനിക്കറിഞ്ഞുകൂടാ"

ഇതുവരെ സ്വപ്നലോകത്തിൽ വസിച്ചിരുന്ന ആ സാധു കുട്ടി ജീവിതത്തിലെ കഠിനാവസ്ഥകളിലേക്കു വീണ്ടും മടങ്ങിയെത്തി.

ഇതിനിടക്ക് ദേവപ്രിയൻ തന്റെ സ്നേഹിതന്മാരെ അന്വേഷിച്ചു പുറപ്പെട്ടു കഴിഞ്ഞിരുന്നു. അദ്ദേഹം കാളേജ് വിദ്യാർത്ഥിമന്ദിരത്തിൽ കടന്നു് കാണ്മാൻ ആഗ്രഹിച്ചിരുന്ന കുട്ടികളെ വളരെനേരം അന്വേഷിച്ചതിൽപ്പിന്നെ കണ്ടെത്തി. അവർക്കു രണ്ടുപേർക്കും അദ്ദേഹം ഫീസ്സു കൊടുത്തു. പരീക്ഷക്കു പോകാൻ സാധിക്കാതെ വരുമോ എന്നു സംശയിച്ചിരുന്നവരെ അദ്ദേഹം ധനം നൽകി സമാധാനപ്പെടുത്തി. കുറെനേരം അവരുമായി സംസാരിച്ചതിനുശേഷം ഹീരന്റെ വസതിയിലേക്കു അദ്ദേഹം പുറപ്പെട്ടു.

ഹീരൻ ഗൃഹത്തിലുണ്ടായിരുന്നതുകൊണ്ടു് സ്വാഗതകർമ്മം നിർവ്വഹിക്കുവാൻ മററാരുടേയും സഹായം ആവശ്യമില്ല. "അല്ലോ, പ്രിയദാ, നിങ്ങൾ ഒരു ഐന്ദ്രജാലികനെപ്പോലെ ആയിരിക്കുന്നല്ലോ. ഒരു നിമിഷത്തിൽ നിങ്ങൾ പ്രത്യക്ഷനാകും. അടുത്ത നിമിഷത്തിൽ അന്തർദ്ധാനം ചെയ്യും."

"നിങ്ങൾ പറഞ്ഞതു ശരിതന്നെ. എന്നാൽ ഇപ്പോൾ എനിക്കു് നിരവധിലക്ഷം നിമിഷം അന്തർദ്ധാനം ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. ഞാൻ നടത്തിവരുന്ന നിശാപാഠ

ശാലയുടേയും തൊഴിലാളി ക്ലബ്ബിന്റേയും ഭാരവാഹിത്വം നിങ്ങൾക്ക കയ്യേൽക്കുവാൻ സാധിക്കുമോ?"

"ഓഹോ, അതിനെന്താണ്? ഒരു ബങ്കാളി പഠിപ്പിക്കേണ്ട കാര്യത്തിൽ ഒരിക്കലും വൈമുഖ്യമുള്ളവനായിരിക്കയില്ല. നിങ്ങളുടെ തൊഴിലാളികളുമായിട്ടുള്ള സന്തോഷത്തെ കൈവെടിയുവാൻ ഒരാൾക്കും ഇഷ്ടമുണ്ടായിരിക്കയില്ല. അവർ അത്തരത്തിലുള്ളവരാണ്; അവരുടെ സ്നേഹം പ്രകാശിപ്പിക്കുന്നതിനു എന്നെ അവർ കയ്യേൽപ്പെടുത്തുന്നപക്ഷം എനിക്കതിൽനിന്നു പിൻമാറാൻ സാധിക്കയുമില്ല."

ദേ ഷ്രി:—"നിശാ പാഠശാലയേക്കാൾ വാസ്തവത്തിൽ അവരുടെ കാര്യമാണ് കൂടുതൽ പ്രാധാന്യമുള്ളത്. നിശാ പാഠശാലയിലെ വിദ്യാർത്ഥികളിൽ അധികവും നന്ന ചെറിയ കുട്ടികളാണ്. അവൎക്ക് ധാരാളം സമയം ലഭിക്കുന്നുണ്ട്. തൊഴിൽക്കാരുടെ സ്ഥിതി അങ്ങിനെയല്ലല്ലോ. സ്വല്പം സമയം മാത്രം അവൎക്ക ലഭിക്കുന്നതുകൊണ്ട് വേഗത്തിൽ പഠിക്കാതെ കഴിയുമോ? അവർ ജ്ഞാനസമ്പന്നരാകുന്നതുവരെ നമുക്കവരെ വിട്ടുമാറുവാൻ പാടില്ല. അമരനോടും ചന്ദ്രനോടും സഹായിപ്പാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നിങ്ങൾ അവരോടുകൂടി യോജിച്ചാൽ ജോലി മുറയ്ക്കു നടക്കും. നിങ്ങൾക്കതു സന്തോഷമാകുമോ?"

ഹീരൻ മുഖം ചുളുക്കിക്കൊണ്ടു, "കൊള്ളാം. നിങ്ങൾക്കവേണ്ടി എന്തുചെയ്യാനും ഞാൻ സന്നദ്ധനാണ്. നിങ്ങളുടെ കാര്യപരിപാടികളും പ്ലാനും എനിക്കയച്ചു തരിക. അവയനുസരിച്ച് പ്രവൃത്തിച്ചുകൊള്ളാം. അവൎക്കവേണ്ടി പുതിയ പ്ലാൻ രൂപവൽക്കരിക്കുവാൻ തക്ക തലച്ചോർ എനിക്കില്ല. ഫുട്ബാൾ ക്ലബ്ബിന്റെ ചുമതലകൂടി നിങ്ങൾ ദയവുചെയ്തു എന്നെ ഏല്പിക്കുമെങ്കിൽ എനിക്കു വളരെ സന്തോഷമാകുമായിരുന്നു. ആ ഭാരം നിങ്ങൾ ആരെയാണ് ഭരമേല്പിക്കുന്നത്?

"അതു് ആരേയും ചുമതലപ്പെടുത്താതെ തന്നെ മുറക്കു നടന്നുകൊള്ളും. കുട്ടികൾ ക്ലബ്ബിനുവേണ്ടി വളരെ വേല ചെയ്യുന്നുണ്ടു്. അതിനുവേണ്ടി മററാരുടേയും ആവശ്യത്തെ അവർ പ്രതീക്ഷിക്കുന്നില്ല."

"അപ്പോൾ നിങ്ങൾ എല്ലാ കാര്യവും ശരിപ്പെടുത്തിക്കഴിഞ്ഞു അല്ലേ? മറെറാന്നിനേയും പററി എനിക്കു വിചാരമില്ല."

"അവിടത്തെ കാര്യമല്ലേ? ആരും നോക്കാനില്ലാത്തതുകൊണ്ടു് എന്റെ Yeal ജോലി നിർത്തിവെക്കേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. എന്നെപ്പോലെ തെരുവുകളിലും ഗൃഹങ്ങളിലും നടന്നു് സാധുക്കുട്ടികളെ ചിത്രങ്ങൾ കാണിക്കുവാനും കഥകൾ പറഞ്ഞു കേൾപ്പിക്കുവാനും ഒരു കൊള്ളരുതാത്തോനെപ്പോലും ഇവിടങ്ങളിൽ കാണ്മാൻ വിഷമം. ബേയർലീഡറിനും വീഥി മാജിക്കിനും ഒരു രക്ഷാധികാരിയെന്നപോലെ ഇരുന്നു പ്രവർത്തിപ്പാൻ ഞാൻ ഒരാളേയും കാണുന്നില്ല. ആ സംഘങ്ങളൊന്നും സൽക്കർമ്മത്തിനു ഒരുങ്ങുകയില്ല."

ഹീരൻ മൌനമായിരുന്നു. ദേവപ്രിയൻ എഴുന്നേററുകൊണ്ടു്, "എനിക്കുവേണ്ടി നിങ്ങൾ വളരെ പ്രയത്നമേററിരിക്കുന്നു. ബാക്കിയുള്ളതു ഞാൻ മടങ്ങി വരുന്നതുവരെ ഇരിക്കട്ടെ." എന്നിങ്ങിനെ പറഞ്ഞു. അനന്തരം അദ്ദേഹം പുറത്തു പോയി.

അദ്ധ്യായം ൬.

"പാർത്തുകാൺകിലത്ഭുതം ഹാളി പാർത്തുകാൺകിലേ"
"കടാക്ഷം നൂനം മന്മാനസത്തിൽക്കഠിനമിഹ കഴിച്ചിട്ടതിൻ മട്ടിലാക്കി'
"ദപാകനാമെങ്കിൽ വനത്തിനു കൂടവേ!"

പിതൃഗൃഹത്തിലേക്കു പോകാനുള്ള സകല ഒരുക്കങ്ങളും ഹൈമവതി ചെയ്തിട്ടുണ്ടായിരുന്നു. കല്ക്കത്തയിൽ നിന്നു് ദേവ

പ്രിയൻ മടങ്ങിയെത്തിയപ്പോഴം യാത്രയ്ക്കു തയ്യാറായി മാതാവു
നില്ക്കുന്നതു കാണപ്പെട്ടു. വാതിലുകളെല്ലാം പൂട്ടി; കലവറ മുറി
നാത്തൂനമ്മയെ ഏല്പിച്ചു; പശുവിനെ ഒരു വിശ്വസ്ഥൻ പ
ക്കൽ സൂക്ഷിക്കാൻ കൊടുത്തു; എന്നു വേണ്ട സകല ജോലിയും
യഥായോഗ്യം നിർവ്വഹിച്ച് ആ വന്ദ്യമാതാവ് മനസ്സമാധാന
ത്തോടും ശാന്തതയോടും കൂടി ഉദ്ദിഷ്ട സ്ഥലത്തേക്ക് പുറപ്പെട്ടു.

ദേവപ്രിയൻ മാതാവിനേപ്പോലെ മതാഭിനിവേശം ഉള്ള
ആളായിരുന്നില്ല. കല്ക്കത്തയിൽ അധഃകൃതോദ്ധാരണത്തിന
വേണ്ടിയുള്ള തൻെറ ജോലി തൃപ്തികരമായ വിധത്തിൽ നിർവ്വ
ഹിക്കുവാൻ സാധിക്കാതെ ആ നഗരം വിട്ടു പോരേണ്ടി വന്നതു
കൊണ്ട് അദ്ദേഹത്തിന കുറഞ്ഞൊന്നു മനസ്താപം ഉണ്ടായി.
എന്നാൽ മാതാവിൻെറ നിർബ്ബന്ധമനസരിച്ചു കൃതകൃത്യനല്ലെ
ങ്കിലും ദേവപ്രിയൻ സന്തോഷം ഭാവിക്കാതിരുന്നതുമില്ല.

ഹൈമവതിയുടെ പിതൃഗൃഹം എവിടെയോ ആ തക്ക
ത്താല, ദേവപ്രിയൻെറ ഉഠംനാട്ടിൽ നിന്ന വളരെ ദൂരയായിരു
ന്നു. ഇഴഞ്ഞിഴഞ്ഞു പോകുന്ന ഒരു തീവണ്ടിയിലാണെങ്കിൽ ത
ക്കത്താലയ്ക്കെത്തുവാൻ കുറഞ്ഞതു 3 മണിക്കൂർ സമയം വേണ്ടി
വരും. ഹൈമവതിയെ മാന്യ സ്ത്രീകളിരിയ്ക്കുന്ന രണ്ടാം തരം മു
റിയിൽ ഇരുത്തി, ദേവപ്രിയൻ മൂന്നാം തരത്തിൽ പോയി ക
യറി.

ആറോ ഏഴോ ആള് വീതം പതിവുപോലെ ഓരോ ചെ
റിയ ബെഞ്ചിലും ഇരിക്കുന്നുണ്ടായിരുന്നു. ഇങ്ങിനെ തിക്കിക്കൂടി
ഇരിക്കുക സാധാരണമായതുകൊണ്ട് ആക്കും ആ നിർഭാഗ്യാവ
സ്ഥയെ പററി വൈമനസ്യം ഉണ്ടായതുമില്ല.

ഇടവിടാതെ കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു ശിശുവിനേയും
കയ്യിൽ വഹിച്ചുകൊണ്ടു ഒരു ബംഗാളി യുവതി വണ്ടി മുറിയിൽ
ഒരു മൂലയ്ക്കൽ ഇരിക്കുന്നുണ്ടായിരുന്നു. ഹുക്ക വലിച്ചുംകൊണ്ടു
അവളുടെ അരികിലായിരുന്ന ഒരു മാന്യ വൃദ്ധനും ഇരുന്നിരുന്നു.

ആ മുറി ശിശുക്കളുടെ നിലവിളികൊണ്ടും, മററുള്ളവരുടെ സംഭാഷണംകൊണ്ടും, ഒറീസ്സയിലെ സംഗീതരസികന്മാരായ ചില യാത്രക്കാരുടെ മൂളിപ്പാട്ടുകൊണ്ടും കാക്കക്കൂട്ടിൽ കല്ലിട്ടതുപോലെയായി.

ദേവപ്രിയൻ ഒരു ഇരിപ്പിടം കിട്ടിയാൽ കൊള്ളാമെന്നാശിച്ച് ആ മുറിയിൽ ചുററുപാടും നോക്കി. എല്ലാ ബെഞ്ചും യാത്രക്കാരെക്കൊണ്ടു നിറഞ്ഞിരുന്നു. മേൽ പ്രസ്താവിക്കപ്പെട്ട യുവതി ഇരിക്കുന്ന ബെഞ്ചിൽ ഒരാൾക്കു കഷ്ടിച്ചിരിക്കത്തക്കവണ്ണം സ്വല്പം സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ട്. ആ യുവതിയ്ക്കും വൃദ്ധനും അത്ര തൃപ്തിയായില്ലെങ്കിലോ എന്നു വിചാരിച്ചു ഒഴിവുള്ള സ്ഥലത്തിരിയ്ക്കുവാൻ ദേവപ്രിയൻ വളരെ അമാന്തം ഭാവിച്ചു. ഈ സമയത്തും ആ യുവതിയുടെ കയ്യിൽ ഇരുന്ന കുട്ടി ഇടവിടാതെ കരഞ്ഞു കൊണ്ടിരുന്നു. മാത്രമല്ലാ കോപം സഹിക്ക വയ്യാഞ്ഞിട്ടോ എന്നു തോന്നുമാറു അതു് കയ്യും കാലും ഇട്ടു തല്ലി മാതാവിന്റെ കയ്യിൽ നിന്നും താഴെ ഇറങ്ങിക്കിടന്നുരുള്ളുവാനും ആരംഭിച്ചു. ബാലികയായ മാതാവു് എത്ര ശ്രമിച്ചിട്ടും കുട്ടിയുടെ ശാഠ്യത്തിന്നു യാതൊരു കുറവുംകാണാത്തതു കൊണ്ടു നിരാശപ്പെട്ടു് അതിനെനിലത്തു കിടന്നു ഉരുളുവാൻ അനുവദിച്ചുകൊണ്ടു മൗനമായി ഇരുന്നു. കുട്ടിയും ഒട്ടും അമാന്തിക്കാതെ കയ്യേററ ജോലി കണക്കിന്നു പിൻതുടൎന്നു.

യാത്രക്കാൎക്കു യാതൊരു ഉപദ്രവത്തിനും എട കൊടുക്കാതെ ദേവപ്രിയൻ ജാലകത്തിന്നരികിലായി നില കൊണ്ടു. കുട്ടി ഒടുവിൽ ഉരുണ്ടുചെന്നു ദേവപ്രിയന്റെ കാൽത്തലത്തിൽ കേറുകയും അതു കണ്ടു അദ്ദേഹം ശിശുവിനെ വാരിയെടുത്തു രക്ഷകൎത്താക്കന്മാരെ ഏല്പിക്കയും ചെയ്തു. ആ മാന്യവൃദ്ധൻ ദേവപ്രിയനെ നോക്കി പുഞ്ചിരിയിട്ടുകൊണ്ടു "യുവാവേ, ഇവിടെ ഇരിക്കുക. എന്താണു് നിൽക്കുന്നതു്?" ഇങ്ങിനെ പറഞ്ഞു. ദേവപ്രിയൻ അദ്ദേഹത്തിന്റെ സമീപം ഇരുന്നു. സ്വല്പം കഴിഞ്ഞ

പ്പോൾ "ഒരം കുട്ടി അങ്ങയുടെ പൗത്രനായിരിക്കാം. അല്ലെ?" എന്നു ദേവപ്രിയൻ ചോദിച്ചു

യുവാവിന്റെ ഒരം ചോദ്യം കേട്ടു് വൃദ്ധൻ പൊട്ടിച്ചിരിച്ചു കൊണ്ടു "അല്ല, സർ. ഈ ശിശു എന്റെ മകനാണു" എന്നിങ്ങനെ പറഞ്ഞു.

ഒരം പ്രസ്താവം ദേവപ്രിയനെ ആശ്ചര്യപ്പെടുത്തി. അദ്ദേഹം പിന്നീടു ആ വൃദ്ധനുമായി സംഭാഷണത്തിന്നു ശ്രമിച്ചതുമില്ല. വണ്ടി തക്കുർത്താല സ്റ്റേഷനിൽ എത്തിയ ഉടൻ ദേവപ്രിയൻ വണ്ടിയിൽ നിന്നിറങ്ങി.

ആ സ്റ്റേഷൻ ചെറുതായിരുന്നുവെങ്കിലും ഉരംനാട്ടിന്റെ നില അതിൽനിന്നു എത്രയോ വ്യത്യാസപ്പെട്ടിരുന്നു. ജനസംഖ്യ അവിടെ ഒട്ടും കുറവായിരുന്നില്ല. മാത്രമോ ധനികന്മാർ പലരും ആ നാട്ടിൽ അധിവസിക്കയും ചെയ്യുന്നുണ്ടു്. സെമിൻദാരുടെ ഗൃഹംകൂടി ഇവിടെയാണു്. ആ ഏക കാരണത്താൽ തന്നെ അവിടത്തെ സ്ഥിതിക്കു് മാറ്റു വർദ്ധിച്ചു. അദ്ദേഹം മററുള്ളവരുടെ ശ്രേയസ്സിനെ കാംക്ഷിക്കുന്നവനാണെങ്കിലും, തനിക്കു അത്യാവശ്യം സഞ്ചരിക്കേണ്ട നിരത്തും ഉപയോഗിക്കേണ്ട ചിറയും വൃത്തിയാക്കി പരിഷ്കരിക്കയേ ചെയ്തിട്ടുള്ളുവെന്നു പറയാതെ കഴികയില്ല.

ദേവപ്രിയൻ മാതാവിരുന്ന മുറിയിൽചെന്നു് വണ്ടിയിൽ നിന്നു താഴത്തിറങ്ങുവാൻസവിനയം അവരോടു് അപേക്ഷിച്ചു.

സാമാനങ്ങളെല്ലാം എണ്ണിത്തിട്ടപ്പെടുത്തിയതിനുശേഷം ദേവപ്രിയൻ അമ്മയെ നോക്കിക്കൊണ്ടു ഇങ്ങിനെ പറഞ്ഞു:—"അമ്മേ, നമുക്കും ഈ സാമാനങ്ങൾക്കും രണ്ടു കാളവണ്ടിതന്നെ വേണ്ടിവരുമെന്നാണു് തോന്നുന്നതു്. കുറച്ചുനേരം ഇവിടെ നിൽക്കുക. ഞാൻപോയി വണ്ടി ഏർപ്പാടു ചെയ്തുകൊണ്ടു വരാം. എന്നാൽ ഈ സങ്കടകരമായ വെയിലത്തു നിൽക്കുക അത്ര എളുപ്പമല്ല. കുട എടുത്തുകൊള്ളൂ."

ഹൈമവതി പുത്രന്റെ കൈ വിലക്കിക്കൊണ്ടു് "കുട കൊണ്ടുപോയ്ക്കോളു. എനിക്കെന്താണു് ഈ വെയിൽകൊണ്ടാൽ വരാനുള്ളതു്? നിന്റെ കുട മററാൾക്കും ഉള്ളതല്ല."

കോപാവിഷ്ടനായ ദേവപ്രിയൻ കുട താഴെ ഇട്ടു് വണ്ടി അന്വേഷിച്ചു പൊയ്ക്കളഞ്ഞു. കുറെ കഴിഞ്ഞതിനുശേഷം അദ്ദേഹം വണ്ടികളുമായി തിരിച്ചെത്തി, വണ്ടിക്കാരുടേ സഹായത്തോടുകൂടി സാമാനങ്ങൾ കേററിത്തുടങ്ങി. ഹൈമവതി ഇവയിലൊന്നിൽ കയറി. എന്നാൽ ദേവപ്രിയനെ വണ്ടിയിൽ കയററാൻ പഠിച്ച പണിയെല്ലാം നോക്കിയിട്ടും ആ വൃദ്ധയ്ക്കു് സാധിച്ചില്ല. ഇഴഞ്ഞിഴഞ്ഞു നടക്കുന്ന വണ്ടിയിൽ ഒരു ഭാണ്ഡം പോലെ ഇരുന്നു കഷ്ടപ്പെടുവാൻ അയാൾക്കു ഇഷ്ടമില്ലായിരുന്നു. അയാൾ വണ്ടിയുടെ പിറകേകൂടി, പരുപരുപ്പായ ഉൾനാടൻ നിരത്തിലൂടെ പതുക്കെപ്പതുക്കെ നടക്കുവാൻ തുടങ്ങി. ഹൈമവതിക്കു വഴിയിലൊന്നും സമാധാനമുണ്ടായിരുന്നില്ല. അതിനു കാരണം അവളുടെ ഓരോ സാധനത്തിലുമുള്ള ശ്രദ്ധയായിരുന്നു. ട്രങ്കു് മറിഞ്ഞുപോകയോ അല്ലാത്തപക്ഷം അരി നിറച്ചിട്ടുള്ള ഭാണ്ഡം അഴിഞ്ഞോ പൊട്ടിയോ അതിലുള്ളതെല്ലാം നിരത്തിൽവീണു് നഷ്ടം വരികയോ ചെയ്യുമെന്നു അവൾ വളരെ സംശയിച്ചു. ഗംഗാ ജലം നിറഞ്ഞ പിച്ചളഭരണി തട്ടിമറിഞ്ഞുപോകുമോ എന്നു അവൾ ഭയത്തോടുകൂടി വിചാരിച്ചില്ലെന്നില്ല. ഒന്നുരണ്ടു നാഴികനേരത്തെ യാത്രക്കുശേഷം അവർ വിചാരിച്ച സ്ഥലത്തെത്തി.

അയൽവക്കക്കാരിൽ ഒരാൾ ഹൈമവതി വന്നുവെന്നു കേട്ട മാത്രയിൽ ആ ഗൃഹത്തിൽ വന്നു താക്കോലുകൾ എല്ലാം ശരിയായ ഉടമസ്ഥയ്ക്കു-ഹൈമവതിയ്ക്കു- ഏല്പിച്ചു കൊടുത്തു. വണ്ടിക്കാർ ചുമടുകൾ വണ്ടികളിൽ നിന്നും ഇറക്കി ഗൃഹാങ്കണത്തിൽ കൊണ്ടിട്ടു. അപ്പോഴേക്കും കുറെ ആളുകൾ അവിടെ എത്തിക്കൂടി. നവീനാഗതരെ സ്വാഗതം ചെയ്യാനായി കുറെ

ഉൾനാടന്മാരായ വൃദ്ധന്മാരും ഹുക്കയും കയ്യിൽ വച്ചുകൊണ്ടു അവിടെ എത്തിയിരുന്നു. മററുള്ളവരിൽ അധികവും, മരവടിയും പന്തും കയ്യിൽ ധരിച്ചിട്ടുള്ള കുട്ടികളായിരുന്നു. ഏതാനും കുട്ടികൾ പട്ടങ്ങൾ പറപ്പിക്കുവാൻ സന്നദ്ധരായി നില്ക്കുന്നവരായിരുന്നു. ചില പെൺകുട്ടികൾ ഇളയസഹോദരന്മാരേയൊ സഹോദരിമാരേയൊ എടുത്തുകൊണ്ടു ദേവപ്രിയനെ ചുററും കൂടി. ഹൈമവതിയാകട്ടെ, ജിജ്ഞാസാ പൂൎണ്ണങ്ങളായ നയനങ്ങൾ അവരിൽ ഗാഢമായി പതിച്ചു. ഉൾനാട്ടിലെ ജാതിമഹത്വമുള്ള ഏതാനും സ്ത്രീകൾ, നിറയ്ക്കപ്പെട്ട കുടങ്ങൾ ചുമലിൽ എടുത്തു വരുന്നതും ദേവപ്രിയമാതാവിൻെറ ദൃഷ്ടികളിൽ പെടാതിരുന്നില്ല.

ചുവടുകളെല്ലാം എണ്ണി നോക്കിയതിന്നു ശേഷം ദേവപ്രിയൻ പറഞ്ഞു:—"അമ്മേ ഇനിയെല്ലാം അമ്മയുടെ ചുമതലയാണ്. എല്ലാം ശരിപ്പെടുത്തിക്കൊള്ളുക. സഹായികൾ ഇനി ആവശ്യമുണ്ടെങ്കിൽ വിളിച്ചു കൊൾക. അവരെല്ലാം നിങ്ങളെ അറിയും. ഞാൻ ഈ ഉൾനാടു ഒന്നു ചുററി നടന്നു കാണ്മാൻ പോകയാണ്."

"നോക്കണേ, മാതിരി. ചുററി നടന്നു കാണ്മാൻ പോകൽ! ചുട്ടെരിയുന്ന വെയിൽ, അതും ഒരു വഴിയാത്ര കഴിഞ്ഞ ഉടൻ; ഇരുന്നു കുറെ വിശ്രമിക്കും നടക്കാൻ പോകുന്നതിന്നു വൈകുന്നേരം വരെ ക്ഷമിച്ചു കൂടയോ? പുറപ്പെടുന്നതിന്നു മുമ്പായി ഏതായാലും ഭക്ഷണപാനീയങ്ങൾ കഴിക്കുക." എന്നു ഹൈമവതി പറഞ്ഞു.

"ഇപ്പോൾ ഏതാണ്ടു വൈകുന്നേരമായല്ലോ. വെയിലിന്റെ കാഠിന്യം കുറഞ്ഞുകഴിഞ്ഞു. ഞാൻ ഇപ്പോൾതന്നെ മടങ്ങി വന്നു ഭക്ഷണം കഴിച്ചുകൊള്ളാം. എന്നെന്നാൽ ഞാൻ ഇവിടെ താമസിക്കുന്നപക്ഷം ക്രമത്തിൽ അലസനായിത്തീരുമോ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. ഇവിടം അലസന്മാർ ധാരാള

മുള്ള ഒരു ദിക്കാണെന്നു തോന്നുന്നുണ്ടു്." അമ്മ പറയുന്നതു എന്തെന്നു പ്രതീക്ഷിക്കാതെ ദേവപ്രിയൻ വീടുവിട്ടിറങ്ങി നടന്നു കഴിഞ്ഞു.

സ്റ്റേഷനിൽനിന്നു നോക്കുന്ന ഒരാൾക്കു ആ ഉൾനാടു ഒരു തേനീച്ചക്കൂടുപോലെ തോന്നും. എന്നാൽ ഉൾനാട്ടിൽ പ്രവേശിച്ചു് പരിശോധിക്കുന്നപക്ഷം ഈ തോന്നലിന്നു വലിയ അർത്ഥമുണ്ടെന്നു തോന്നുകയില്ല. വളരെ അടുത്തടുത്തു നിർമ്മിക്കപ്പെട്ടിരിക്കുന്ന ഒരു കൂട്ടം പുതിയ ഭവനങ്ങൾ പഴയ ഉൾനാട്ടിനോടു ഏററവും യോജിച്ചിരുന്നു. ഈ ഗൃഹങ്ങളിൽ ആദ്യത്തേതു് സ്റ്റേഷനിൽനിന്നു നോക്കുന്നവരുടെ ഹൃദയത്തെ ആകർഷിക്കുന്ന ഒന്നാണു്. പഴയ ഉൾനാട്ടിലെ ഭവനങ്ങൾ വളരെ അകന്നകന്നു നില്ക്കുന്നവയായിരുന്നു. ഓരോ ഗൃഹമേധാവിയും, തന്റെ വീടിരിപ്പു സ്ഥലത്തിന്നു ചുററും കുറെ അധികസ്ഥലം കൈവശം വച്ചിരുന്നു. ആ സ്ഥലത്തു് രമണീയങ്ങളായിക്കാണപ്പെടുന്ന പുൽക്കട്ടിലുകൾ, തൊഴുത്തുകൾ, പുഷ്കരണികൾ, തോട്ടങ്ങൾ എന്നിവ സ്ഥാപിക്കപ്പെട്ടിരുന്നു. സെമിൻദാർ ഉമാഗതിദത്തന്റെ ഗൃഹം ആ ഉൾനാട്ടിന്റെ നടുവിലാണു്. അതിൽ അദ്ദേഹം വല്ലപ്പോഴും മാത്രമേ താമസിക്കാറിയ്ക്കൂ പതിവുള്ളു. പുത്രനില്ലാത്തതുകൊണ്ടു സെമിൻദാർ പിതാവിന്റെ പഴയ ഗൃഹത്തിൽനിന്നു വിട്ടുപോരുകയും പതിവില്ല.

സെമിൻദാരുടെ ഭവനത്തിന്നു മുൻവശം ഒരു വലിയ ജലശേഖരസ്ഥലം ഉണ്ടായിരുന്നു. മററുള്ള വെള്ളങ്ങളെയെല്ലാം അപേക്ഷിച്ചു് ഇതിലത്തേതു് ഏററവും മേത്തരമാണു്. ഉൾനാട്ടുകാരെല്ലാം ഇതിലെ വെള്ളമാണു് പാനംചെയ്യേണ്ട ആവശ്യത്തിലേക്കു് എടുത്തുപയോഗിച്ചുവരുന്നതു്. എന്നാൽ ചിലർ മാത്രം സ്റ്റേഷനരികെ പുതുതായി കുഴിച്ചിട്ടുള്ള കിണററിൽനിന്നു ഇയ്യിടെയായി വെള്ളം കോരി ഉപയോഗിച്ചുവരുന്നുണ്ടു്. ജലശേഖരസ്ഥലത്തേക്കു പോകുന്ന വഴിയ്ക്കരികിലായി, പ്ര

ത്യേകം നോക്കി പരിരക്ഷിച്ചുവരുന്ന ഒരു ഉദ്യാനം ഉണ്ട്. അതിന്റെ വിലങ്ങനെ പച്ചനിറത്തിലുള്ള നെൽച്ചെടികൾ നിറഞ്ഞു നിൽക്കുന്ന ഒരു വിസ്താരമുള്ള വയലുമുണ്ടു. പകൽക്കൂടി അവിടെയെല്ലാം കുറുക്കന്മാരുടെ നിലവിളി കേൾക്കാറുണ്ടായിരുന്നു. ഉരഗങ്ങൾ അവിടവിടെ ധാരാളമായി സഞ്ചരിച്ചുകൊണ്ടിരുന്നു. വിവേകശൂന്യന്മാരല്ലാതെ മററാരും അവയുടെ വായിൽ ചെന്നു ചാടാറുമില്ല.

സെമിന്ദാരുടെ ഗൃഹം കഴിഞ്ഞു് പോകുന്ന ഒരാൾ പിന്നീടു എത്തുന്നതു്, ഉൾനാട്ടിലെ താഴ്ന്ന ജാതി ജനങ്ങൾ ഒത്തൊരുമിച്ചു ധാരാളമായി താമസിക്കുന്ന ഒരു കോണിലായിരിയ്ക്കും. ആ പാവപ്പെട്ട കാഴ്ച കാണികളുടെ ഹൃദയത്തെ തപിപ്പിക്കാതിരിക്കയില്ല. മേയപ്പെട്ടിരുന്ന വയ്ക്കോലെല്ലാം ഇഴകിയും മൺ ഭിത്തികൾ മിക്കവാറും അടന്നവയുമാണ് ഗൃഹങ്ങൾ മിക്കതും. അവയ്ക്കുള്ളിൽ വസിയ്ക്കുന്ന ജീവികളോടൊന്നിച്ചു ദാരിദ്ര്യവും വ്യാധിയും സുലഭമായിട്ടുണ്ടു്. അസ്ഥിക്കൂടം മാത്രമായി ശേഷിച്ച ചില ആട്ടുമാടുകളും അവിടെ കാണപ്പെടുന്നുണ്ടു്. എന്നിട്ടും ഈ സാധു ജനങ്ങൾ അവരുടെ സ്വദേശഭവനങ്ങളെ ഉപേക്ഷിക്കുവാൻ ഒരുവിധത്തിലും മനസ്സുള്ളവരായിരുന്നില്ല. അവരെ അത്യന്തം ക്ലേശിപ്പിച്ചിരുന്നതു പട്ടിണിയും, ദിഗംബരത്വവുമാണ്.

ഉൾനാട്ടു മുഴവൻ സഞ്ചരിച്ചു കണ്ടതിന്ന ശേഷം ദേവപ്രിയൻ അസംതൃപ്തിയും ദാരിദ്ര്യവും നിറഞ്ഞ ഒരു സ്ഥലത്തു വന്നു കുറെ നേരം തനിയേ നിന്നു. അപ്പഴക്കും നേരം ഇരുട്ടിക്കഴിഞ്ഞു. വിള്ളൽപ്പെട്ട മൺ ഭിത്തികളിൽക്കൂടെ പാവപ്പെട്ടവരുടെ ഗൃഹാന്തർഭാഗങ്ങളിൽനിന്നു ദീപപ്രകാശം പുറപ്പെട്ടിരുന്നുവെങ്കിലും മററു സ്ഥലങ്ങളിലെല്ലാം അന്ധകാര ദേവത നൃത്തം ചെയ്തുകൊണ്ടുതന്നെ ഇരുന്നു. പുൽ മേഞ്ഞിട്ടുള്ള ചില കുടിലുകളിൽനിന്നു നേരിയ പുക ബഹിർഗ്ഗമിച്ചിരുന്നു. നഗ്നത മ

റയ്ക്കാത്ത കുട്ടികൾ മുററത്തു കളിച്ചുകൊണ്ടിരിക്കുന്നതായി കാണപ്പെട്ടു. സ്ത്രീകളാകട്ടെ വെള്ളം കുടവും വഹിച്ചു കുഴയുന്ന കാലുകളോടു കൂടി ഗൃഹങ്ങളെ പ്രാപിച്ചുകഴിഞ്ഞു. അതെല്ലാം ഒരു സായന്തന നാടകംപോലെ ദേവപ്രിയനു തോന്നി. ദുഃഖത്തിൻെറയും നിരാശയുടേയും രേഖകൾ അന്ധകാരത്തിൽ പെട്ടിട്ടെന്നപോലെ അപ്രത്യക്ഷമായിത്തുടങ്ങി. മദ്ധ്യാഹ്ന സൂര്യപ്രഭയിൽ അവ മറെറാരു വിധത്തിൽ നമ്മുടെ ഹൃദയത്തിനു ലക്ഷ്യമാകയും ചെയ്യും. തൻെറ കൺമുമ്പിലുള്ള കാഴ്ചയിൽത്തന്നെ ബദ്ധശ്രദ്ധനായി ദേവപ്രിയൻ കുറെ നേരം നിന്നു.

അതു കല്ക്കത്താ നഗരമല്ലെന്നുള്ള സ്മരണ കുറേ കഴിഞ്ഞപ്പോൾ അദ്ദേഹത്തിനുണ്ടായി. ഗൃഹത്തിലേക്കു പോകേണ്ടുന്നിരത്തു വഴികളിൽ വിളക്കുകൾ ഉണ്ടായിരുന്നില്ല. ട്രാം വണ്ടികളോ കുതിരവണ്ടിയോ ഉന്തുവണ്ടിയോ റിക്ഷാവണ്ടിപോലുമോ അവിടെയെങ്ങും കണികാണ്മാൻ കൂടി കിട്ടുന്നതല്ല. തൻെറ മുൻഭാഗത്തുള്ള നിരത്തു കാണുന്ന കാര്യം തന്നെ കുറെ വിഷമത്തിലായിരുന്നു. എവിടെ നിന്നാൽ സ്റ്റേഷനിലെ വെളിച്ചം കിട്ടുമോ അവിടേക്കു അദ്ദേഹം വേഗത്തിൽ നടന്നു. ഇതിനു ശേഷം ഇടക്കെങ്ങും താമസിക്കാതെ ക്ഷണത്തിൽ പ്രിയൻ സ്വസങ്കേതത്തിലെത്തി.

ഭവനത്തിൽ ചെന്ന ഉടനെ മിററത്തു കിടന്നിരുന്ന ഭാണ്ഡങ്ങൾ മാററിവെയ്ക്കപ്പെട്ടതായി അദ്ദേഹം കണ്ടു. വിളക്കുകൾ കത്തിക്കൊണ്ടിരുന്നതും ഭക്ഷണപദാർത്ഥങ്ങളിൽ നിന്നു ഹിതകരമായ സൗരഭ്യം പുറപ്പെടുന്നതും ദേവപ്രിയൻെറ കണ്ണിനും മൂക്കിനും യഥാക്രമം അനുഭവസിദ്ധമായി. സ്വാഗതം പറവാനായി വന്നിരുന്നവർ, ബാലികമാരെക്കൂടാതെ മടങ്ങിപ്പോയ്ക്കഴിഞ്ഞിരുന്നു. ആ പെൺകിടാങ്ങളാകട്ടേ സ്വകരങ്ങളിൽ കിടന്നുറങ്ങുന്ന സഹോദര സഹോദരിമാരോടു കൂടി യഥാർത്ഥ സ്ത്രീസൗഹാർദ്ദം പ്രകാശിപ്പിച്ചുകൊണ്ടു അവിടെ നില്ക്കുകയും ചെയ്യുന്നുണ്ടായിരുന്നു.

ഹൈമവതി പുത്രന്റെ കാല്പെരുമാററം കേട്ടു പുറത്തുവന്നു് ഇങ്ങിനെ പറഞ്ഞു:—"നീ ഇത്രനേരം എവിടെയായിരുന്നു? ഞാൻ നിന്നെപ്പററി വ്യസനിച്ചുകൊണ്ടിരിക്കയാണു്. കൽക്കത്തയിൽ താമസിക്കുന്ന കാലത്തും ഈ സമ്പ്രദായം തന്നെയാണൊ? ഇവിടെ ഒരുവന്നു വഴി കണ്ടു പിടിക്കുക അത്ര എളുപ്പമല്ല."

ദേവപ്രിയൻ ഇതു കേട്ടു പൊട്ടിച്ചിരിച്ചുകൊണ്ടു "അമ്മേ, എന്റെ ജീവിതത്തിൽ ഞാൻ പല പ്രകൃതിവ്യത്യാസങ്ങളും കണ്ടറിഞ്ഞിട്ടുണ്ടു്. ഒരു മാർഗ്ഗഭ്രംശവും എനിക്കു സംഭവിച്ചിട്ടില്ല. എന്റെ മുത്തച്ഛന്റെ സ്വന്തം ഉൾനാട്ടിൽ എനിക്കു മാർഗ്ഗഭ്രംശം സംഭവിച്ചുവെങ്കിൽ അതു ദുഃഖപര്യവസായിയായ ഒരു പ്രഹസനമല്ലെ ആയിരിക്കയുള്ളു? എനിക്കു കേമമായി വിശക്കുന്നുണ്ടു്" എന്നിങ്ങനെ പറഞ്ഞു.

ദേവപ്രിയൻ ഭക്ഷണത്തിനിരുന്നു. ഒരു ഭക്ഷണകാര്യത്തിലുള്ള കാഴ്ച കാണ്മാൻ പെൺകുട്ടികൾ ചുററും കൂടി. രണ്ടു മൂന്നുരുള ഭക്ഷിച്ചതിനുശേഷം താഴ്ന്ന സ്വരത്തിൽ അമ്മയോടു, ദേവപ്രിയൻ ഇപ്രകാരം പറഞ്ഞു. "അമ്മേ, നിങ്ങളുടെ അഛന്റെ നാട്ടിൽ ഈ വിധമുള്ള ഭക്ഷണരീതിയാണോ ശ്രേഷ്ഠം?"

ഹൈമവതി പെട്ടെന്നെഴുന്നേററു പുത്രന്റെ ചോദ്യത്തെ എതിർത്തു, "അവരുടെ ഭക്ഷണരീതി ഇതാണെങ്കിൽത്തന്നെ യെന്താണു്? അവർ മിതവ്യയക്കാരാണു; നാഗരികന്മാരെപ്പോലെയല്ല ഉൾനാട്ടുകാർ. അവർ ഭാവിയെപ്പററി ചിന്തയുള്ളവരാണു്. അതുകൊണ്ടു എല്ലാ കാര്യത്തിലും അവൎക്കു ധാരാളിത്തം കുറയും."

ദേവപ്രിയൻ,—"ഞാൻ അതിനെ വിസമ്മതിക്കുന്നില്ല. നമ്മുടെ ദിക്കുകാരെപ്പോലെ ഭക്ഷണകാര്യത്തിൽ ധാരാളികളായ ഒരു കൂട്ടരേയും ഞാൻ ഇതേവരേ കണ്ടിട്ടില്ല. എനിക്കക്കാര്യം തീരെ ഇഷ്ടമില്ല. എന്റെ ഭക്ഷണകാര്യം അവൎക്കു സന്തോഷമുണ്ടാക്കുന്നുണ്ടെങ്കിൽ വൈമുഖ്യം ഭാവിക്കുന്നവനല്ല ഞാൻ"

ഭക്ഷണം കഴിഞ്ഞതിന്നു ശേഷം ദേവപ്രിയൻ ഒരു മുറി തിരഞ്ഞെടുത്തു് അദ്ദേഹത്തിന്റെ സ്വന്തം സാധനങ്ങൾ ഭംഗിയാക്കി വയ്ക്കുവാൻ തുടങ്ങി ഇവയിൽ അധികവും ഗ്രന്ഥങ്ങളായിരുന്നു. കുറെ എഴുത്തു പലകകളും പെൻസിലുകളും എഴുത്തു കടലാസ്സു കെട്ടുകളും ഉണ്ടായിരുന്നില്ലെന്നില്ല. ഒരു മാന്ത്രിക ദീപവും ചിത്രചലന യന്ത്രവും പിന്നീടദ്ദേഹം മുറിയിൽ ഭംഗിയായി വച്ചു അനന്തരം അദ്ദേഹം തന്റെ വകയായ സ്വനഗ്രാഫിയന്ത്രം ശരിപ്പെടുത്തി വെച്ചു. ഏകദേശം 36 റിക്കാട്ടുകൾ അതിന്നുണ്ടായിരുന്നു.

ഈ സമയത്തെല്ലാം അത്ഭുത പൂർണ്ണങ്ങളായ ദൃഷ്ടികളെ ഉന്നമിപ്പിച്ചു മുറിയിലേക്കു വിട്ടുകൊണ്ടു ആഗതരായ പെൺകുട്ടികൾ നില്ക്കുന്നുണ്ടായിരുന്നു. ദേവപ്രിയൻ അവരെ തിരിഞ്ഞു നോക്കിക്കൊണ്ടു "നിങ്ങൾ ഏതെങ്കിലും പാട്ടു കേൾക്കുവാനാഗ്രഹിക്കുന്നുണ്ടോ?" എന്നു ചോദിച്ചു.

പെൺകുട്ടികൾ പ്രിയജീവനെ കരുതി ഓടിപ്പോക്കളഞ്ഞു. ഹൈമവതി മുറിയിൽ പ്രവേശിച്ചു്. "പ്രിയാ, രാത്രി ഇവയെക്കൊണ്ടു് എന്താണുപയോഗം? എന്തിനാണിതെല്ലാം കെട്ടി വലിച്ചു ഇങ്ങോട്ടു കൊണ്ടുപോന്നതു? ഉൾനാട്ടുകാർക്കിവ ഒരു വകയിൽ ഒരിക്കലും അഭിമാനമുണ്ടായിരിക്കയില്ല. അവർക്കു ജോലി ചെയ്യാൻ ധാരാളമുണ്ടു്. ശിശുക്രീഡയിൽ സമയം പോക്കുവാൻ തക്ക വിസ്തൃതിയും അവർക്കില്ല."

"ശിശുവേപ്പോലെ നിഷ്പ്രയോജനമുള്ള ഒരാളെ ഇവിടെ താമസിപ്പിക്കുവാനായി എന്തിനാണെന്നാൽ എന്നെ ഇങ്ങോട്ടു കൊണ്ടുപോന്നതു്? പ്രായം തികഞ്ഞവരിൽ എനിക്കുള്ള സ്നേഹഭാവം കുട്ടികളിലും ഉണ്ടു്. എനിക്കവരോടുള്ള സ്നേഹം കൊണ്ടു എത്രത്തോളമാണ് ഭക്ഷിക്കേണ്ടതെന്നു കൂടി അവർ മറന്നു പോയി. ചിരിക്കുവാൻ കൂടി അവർ മറന്നുപോയിട്ടുണ്ടോ എന്നു ഒന്നു പരീക്ഷിക്കണമെന്നാണ് എന്റെ ഉദ്ദേശം."

ഹൈമവതി നിരാശപ്പെട്ടുകൊണ്ടു "നിന്റെ വിദ്യകളൊക്കെ നാളെയായിക്കൊള്ളുക. ഇപ്പോൾ കിടന്നുറങ്ങുക." എന്നിപ്രകാരം പറഞ്ഞു ആ മുറി വിട്ടു പുറത്തു പോയി.

ദേവപ്രിയൻ പെട്ടി അവിടെ തുറന്നിട്ടുംവെച്ച് ഉറങ്ങുവാനുള്ള ആരംഭമായി. കിടക്കമേൽ കിടന്ന് അയാൾ വാതിൽക്കലേയ്ക്കു് അക്ഷമനായി നോക്കിക്കൊണ്ടിരുന്നു. എന്നാൽ കൌതുകപ്രദരായ ആ പെൺകുട്ടികൾ അന്തർദ്ധാനം ചെയ്തുകഴിഞ്ഞു.

പിറേറ ദിവസം ദേവപ്രിയൻ ഉണർന്ന് കിടക്കയിൽ നിന്നും പിടഞ്ഞെഴുന്നേററു. പ്രകാശമേറിയ സൂര്യകിരണങ്ങൾ തന്റെ ഉറക്കറയിൽ പററിക്കൂടിയിരിക്കുന്നതായും നാനാഭാഗങ്ങളിൽനിന്നും ജോലിക്കാരുടെ ശബ്ദം ഉയർന്നിരിക്കുന്നതായും അദ്ദേഹം മനസ്സിലാക്കി. ഉടനെ തലയിണയ്ക്കടിയിൽനിന്നും പ്രിയൻ വാച്ച് എടുത്തു നോക്കിയപ്പോൾ സമയം 6 മണി കഴിഞ്ഞിരുന്നു. ഉന്നതങ്ങളായ എടുപ്പുകളുടെ ഉപരിഭാഗങ്ങളിൽ തന്റെ കതിരുകൾ പാകി സാധുക്കളുടെ ചെറു കുടിലുകൾക്കു രക്ഷ നൽകുവാൻ സൂര്യൻ ആകാശത്തിൽ കയറുന്നതേയുള്ളൂ. അദ്ദേഹം പൂർവ്വഭാഗത്ത് എത്തി എല്ലാ ദിക്കിലും പ്രകാശം വ്യാപിപ്പിക്കമാത്രമാണ് ചെയ്തിട്ടുള്ളത്. അതിരാവിലെയുള്ള ആറേഴുനാഴിക സമയം ഉൾനാട്ടിലുള്ള ഒരാളും വൃഥാ വ്യയം ചെയ്തിരുന്നില്ല.

ദേവപ്രിയൻ ഒരിക്കലും പ്രഭാതസമയത്തു അലസനായിരുന്നില്ല. വില്ലേജിലുള്ള ഒരാളെയും അദ്ദേഹത്തിനു പരിചയമില്ല. ഹൈമവതി സ്വന്തം ഗൃഹകാര്യങ്ങളിൽ ഏർപ്പെട്ടു. തുറന്നിടപ്പെട്ട വാതിലുകളുടേയും ജാലകങ്ങളുടേയും പഴുതിൽക്കൂടെ പ്രഭാതമാരുതൻ പ്രഭാവസുന്ദരമായ ദിവസത്തെ നോക്കുവാൻ മനുഷ്യജീവികളെ ക്ഷണിച്ചുംകൊണ്ടെന്നപോലെ വീയിക്കൊണ്ടിരുന്നു. ആ ക്ഷണം സ്വീകരിച്ച് ദേവപ്രിയൻ ലാത്തുവാനും പുറപ്പെട്ടു.

സ്റ്റേഷനിലേക്ക എത്തുന്നതിന മുമ്പിൽ ഒരു വയൽ കടക്കേണ്ടതുണ്ട്. സ്റ്റേഷനിലേക്കുള്ള ദേവപ്രിയൻെറ മാർഗ്ഗമദ്ധ്യേ സൂര്യൻ ചുട്ടുപഴുപ്പിച്ചിട്ടുള്ള ഒരു സ്വർണ്ണഗോളം പോലെയായിക്കഴിഞ്ഞു. വയലിൻെറ ഒരു ഭാഗത്തും പച്ചനിറം ലേശമെങ്കിലും സ്പർശിക്കാതെ ശൂന്യതയാണ്ടിരുന്നു. ഉണങ്ങിയ നെൽച്ചെടികൾ ജീവത്യാഗം ചെയ്ത ശരീരംപോലെ നില്ക്കുന്നുണ്ട്. ആ വയൽ കടന്നു ദേവപ്രിയൻ സ്റ്റേഷനിൽ എത്തി. അവിടെ പച്ചനിറത്തിലുള്ള തൃണകടാഹങ്ങളും അങ്ങുമിങ്ങുമായി സന്തോഷാധിക്യത്താൽ പത്രഹസ്തങ്ങളിളക്കി ശാഖാശിരസ്സ് ചലിപ്പിച്ചു കളിയാടുന്ന വൃക്ഷങ്ങളും കാണപ്പെട്ടിരുന്നു.

ദേവപ്രിയൻ പ്ലാറ്റുഫോറത്തിൽ പോയിനിന്നു. വളരെ വൃത്തിയുള്ള ആ സ്റ്റേഷൻ കാഴ്ചക്ക സുന്ദരമായിരുന്നു. ഹൌറയിലെ തിരക്കും ബഹളവും ഇവിടെ ഉണ്ടായിരുന്നില്ല. ടിൻ ശേഖര സ്ഥലം പോലും ശുചിയായി കാണപ്പെട്ടു. പ്ലാറ്റുഫോറത്തിൻെറ അതിർത്തിയിൽ വളർത്തപ്പെട്ടിരിക്കുന്ന വൃക്ഷങ്ങളിലും ചെടികളിലും നിന്നു പൂക്കൾ പൊഴിഞ്ഞു വീണ് കിടക്കുന്നതു കണ്ടാൽ പ്രകൃതി വിവിധ വർണ്ണത്തിലുള്ള ഉപകരണങ്ങൾ സംയോജിപ്പിച്ചു യാത്രക്കാർക്ക വിശ്രമിക്കുവാനുള്ള കിടയ്ക്ക വിരിച്ചിരിക്കയാണോ എന്നു തോന്നും.

ദേവപ്രിയൻ സ്റ്റേഷനിൽ കിടന്ന ഒരു ബെഞ്ചിന്മേൽ ഇരുന്ന് അവിടത്തെ ഉദ്യോഗസ്ഥന്മാരുടെ അലസതാസ്വഭാവങ്ങൾ കണ്ടു ഓരോന്നു ചിന്തിപ്പാൻ തുടങ്ങി.

പെട്ടെന്ന് യാത്രക്കാരെ കയററിക്കൊണ്ടു പാഞ്ഞുവരുന്ന ഒരു തീവണ്ടി ദേവപ്രിയൻെറ ദൃഷ്ടിക്കു വിഷയീഭവിച്ചു. ചൂളംവിളിയോടും ഗർജ്ജനത്തോടുംകൂടി സാവധാനത്തിൽ വണ്ടി സ്റ്റേഷനിൽ നിറുത്തപ്പെട്ടു. ഒരു നിമിഷത്തിനകത്തു മാന്ത്രികശക്തികൊണ്ടു ആകർഷിക്കപ്പെട്ടവരെപ്പോലെ യാത്രക്കാർ സ്റ്റേഷനിൽ

നിറഞ്ഞുകഴിഞ്ഞു. കുറെ യാത്രക്കാർ വണ്ടിയിൽ നിന്നിറങ്ങി ദ്രുതഗതിയിൽ ഭാണ്ഡങ്ങൾ ശരിപ്പെടുത്തി സ്വരൂപിച്ചുതുടങ്ങി. ഇതേ സമയത്തുതന്നെ മററു ചിലർ അത്യാസക്തിയോടെ വണ്ടിയ്ക്കകത്തു് കേറുവാനും ആരംഭിച്ചു.

കൺമുമ്പിലുള്ള കാഴ്ചകൾ നോക്കിക്കൊണ്ടു ദേവപ്രിയൻ അശ്രദ്ധനായി അവിടെയിരുന്നു. പെട്ടെന്നു അദ്ദേഹത്തിന്റെ ഹൃദയം തുടിക്കുകയും അദ്ദേഹം അവിടെനിന്നു എഴുന്നേല്ക്കുകയും ചെയ്തു. വണ്ടിയിൽനിന്നു് ഒരു സ്ത്രീ ഇറങ്ങിയതായിക്കണ്ട കാഴ്ചയാണിതിനു കാരണം. അവൾ എന്തിനായിരിക്കണം ഇവിടെ വന്നതു്?

കേരള സാഹിത്യ അക്കാദമി

ദേവപ്രിയൻ ആഗതയെ ലക്ഷ്യമാക്കി മുന്നോട്ടു നടന്നു. അവർ അന്യോന്യം അടുത്തെത്തിക്കഴിഞ്ഞപ്പോൾ അവരുടെ ദൃഷ്ടികൾ പരസ്പരം കൂട്ടിമുട്ടി. ബങ്കാളിലെ ഒരു കുഗ്രാമത്തിൽ വെച്ചു് അനിന്ദിതയെ കാണ്മാൻ എടയായതുകൊണ്ടു ദേവപ്രിയനു കുറഞ്ഞൊന്നു് അത്ഭുതം ഉണ്ടാകാതിരുന്നില്ല. എന്നാൽ അവളുടെ മുഖം ദേവപ്രിയനെ കണ്ടപ്പോൾ ആദ്യം രക്തവർണ്ണമായിത്തീരുകയും പിന്നീടതു വിളറുകയും ചെയ്തു. ദേവപ്രിയനെ നോക്കി അനിന്ദിത ഇങ്ങിനെ പറഞ്ഞു:—"ഈ സ്ഥലത്തുവെച്ചു നിങ്ങളെ കാണുമെന്നു് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല"

"ഞാൻ ഇങ്ങിനെ ചുററി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരുവനാണു്. എന്നെ കാണ്മാൻ മററുള്ളവൎക്കു എടയാകുന്നതു സാധാരണം തന്നെ. എന്നാൽ ഭവതി എന്തിനാണു് ഇവിടെ വന്നതു് ?"

അനിന്ദിത പുഞ്ചിരിയോടുകൂടി പറഞ്ഞു:—"എന്റെ അമ്മയുടെ മുത്തച്ഛന്റെ ഗൃഹം ഇവിടെയാണു്. ഞാൻ കൊല്ലം തോറും ഇവിടെ വരിക പതിവുണ്ടു്."

"ഇതെന്തൊരാശ്ചര്യം! എൻെറ അമ്മയുടെ മുത്തച്ഛനം ഠരം ഉൾനാട്ടിൽ തന്നെയാണ് ജനിച്ചത്. ഒരിക്കൽ ഇതു അതിന്നെല്ലാം പററിയ ഒന്നായിരുന്നിരിക്കാം."

പൊക്കം കൂടി ശുഷ്കിച്ച ഒരു വൃദ്ധനും ഒരു പരിചാരിണിയും, ഈ ആകസ്മിക സന്ദൎശനത്തിൽ അത്ഭുതാവഹരായി നില്ക്കുന്നുണ്ടായിരുന്നു. ആ വൃദ്ധൻ അനിന്ദിതയുടെ നേരെ തിരിഞ്ഞു നോക്കിക്കൊണ്ടു താഴെ കാണുന്ന വിധം പറഞ്ഞു:—

"കൊച്ചമ്മേ, വണ്ടി ഇതാ കാത്തു നില്ക്കുന്നു. ദയവു ചെയ്തു വണ്ടിയിൽ കയറുക വെയിലിൻെറ ശക്തി വൎദ്ധിച്ചു തന്നെ വരുന്നു."

അനിന്ദിത മുന്നോട്ടു നടക്കുവാൻ ഭാവിക്കേ, ദേവപ്രിയൻ ഇങ്ങിനെ ചോദിച്ചു:—"നിങ്ങളുടെ മുത്തച്ഛൻെറ പേരെന്തെന്നറിഞ്ഞാൽ എനിക്കും അദ്ദേഹമായി പരിചയം സമ്പാദിക്കാമല്ലൊ."

"അദ്ദേഹത്തിൻെറ പേർ ഉമാഗതി ദത്തൻ എന്നാണ്. നിങ്ങൾക്കു അദ്ദേഹത്തെ കാണ്മാൻ ഒരു ബുദ്ധിമുട്ടും ഉണ്ടായിരിക്കയില്ല. അദ്ദേഹത്തെ അറിയാത്തവർ ഇവിടെ ഒരാളും ഇല്ല."

അനിന്ദിതയും മററുള്ളവരും വണ്ടിയിൽ കയറിയ ഉടനെ അതു അവരേയും വഹിച്ചുകൊണ്ട് വേഗത്തിൽ അപ്രത്യക്ഷമായി.

ദേവപ്രിയൻെറ അരക്ഷിതമായ ശിരസ്സു വെയിലിൻെറ വൎദ്ധിച്ച ശക്തികൊണ്ടു പൊള്ളിത്തുടങ്ങി. അദ്ദേഹം ഗൃഹത്തിലേക്കു തിരിച്ചു.

മാൎഗ്ഗമദ്ധ്യേ ആശ്ചൎയ്യപൂൎവ്വം ഇങ്ങിനെ ചിന്തിച്ചു:—"ഞാൻ ഒരിക്കൽ മാത്രമേ അനിന്ദിതയെ കണ്ടിട്ടുള്ളു. ആ സ്വല്പ പരിചയം എത്ര ശക്തിമത്തായി പരിണമിച്ചിരിക്കുന്നു. എൻെറ സ്വഭാവം അവൾ മനസ്സിലാക്കിയിട്ടുണ്ട്. എൻെറ ചോദ്യത്തി

ല്യം കവിഞ്ഞ ഒരു മറുവടിയല്ലേ അവൾ പ്രകാശിപ്പിച്ചതു? എന്നെ കാണാൻ അവൾക്കു വലിയ സന്തോഷമുണ്ടായിരിക്കയില്ല. പക്ഷെ അതു എന്നെ പൂൎണ്ണമായി മനസ്സിലാക്കാഞ്ഞിട്ടായിരിക്കുമോ?"

ആദ്യമായി ഒരിക്കൽ ദേവപ്രിയനെ അവൾ കാണുകയുണ്ടായിട്ടുണ്ടു. ആ സ്മരണ അവളെ കാണുന്നതിൽ ദേവപ്രിയനെ അസന്തുഷ്ടനാക്കിത്തീൎത്തു.

അദ്ദേഹം അതിനെപ്പററി പലതും ആലോചിച്ചു. പക്ഷെ ആ അസംതൃപ്തിയെ മറന്നു കളയുവാൻ ദേവപ്രിയനു കഴിഞ്ഞില്ല. അയാളെപ്പററിയുള്ള അവളുടെ വിചാരം എന്തായിരിയ്ക്കും? മനുഷ്യരെപ്പററി ദയാപൂൎവ്വകമായ ഒരു തീൎപ്പു ചെയ്യാൻ അവൾ ഇഷ്ടപ്പെട്ടന്നില്ല. അനന്ദിതയെ കണ്ട മാത്രയിൽ അവളുടെ സാന്നിദ്ധ്യത്തിന്നായി അയാളെ അതിവേഗത്തിൽ പ്രേരിപ്പിച്ചതെന്തായിരിക്കുമെന്നു മനസ്സിലാക്കുവാൻ അയാൾക്കു സാധിച്ചില്ല

ഗൃഹത്തിൽ എത്തിക്കഴിഞ്ഞിട്ടും ദേവപ്രിയനു ലജ്ജയ്ക്കു ഒരു കുറവും ഉണ്ടായില്ല. ഹൈമവതി പുത്രനോടു കളിച്ചു വന്നു ഭക്ഷണം കഴിപ്പാൻ നിൎബ്ബന്ധിച്ചു. ഒടുവിൽ അവൾ നിരാശപ്പെട്ടു പുത്രൻെറ സമീപത്തിൽ നിന്നു പിൻ മാറേണ്ടതായി തന്നെയാണു വന്നതു് "ഒരേ കാൎയ്യത്തെപ്പററി നിൎബ്ബന്ധിച്ചിട്ടു ആവശ്യമെന്താണു്? ഒരു പക്ഷെ അവളെ ഇനി എനിക്കു കാണ്മാൻ സാധിക്കയില്ലായിരിക്കാം! ഞാൻ യാതൊരു നിഷ്ഠുരകൎമ്മവും ചെയ്തിട്ടില്ല. പിന്നെ വല്ലതും ഉണ്ടെങ്കിൽത്തന്നെയും അതു ക്ഷന്തവ്യവുമാണു്"

ഉണ്ണുവാനിരുന്നപ്പോൾ ദേവപ്രിയൻ "അമ്മേ, നിങ്ങൾ സെമിന്ദാരുടെ ഗൃഹം വല്ലപ്പോഴും കാണുകയുണ്ടായിട്ടുണ്ടോ? അവിടത്തെ സ്ത്രീജനങ്ങളെ നിങ്ങൾ അറിയുമോ?" എന്നിങ്ങിനെ മാതാവിനോടു ചോദിച്ചു.

ഹൈമവതി പറഞ്ഞു:—"ഇല്ല! കുട്ടി; അവർ ധനികരാണ്. നമ്മേ സുഹൃത്തുക്കളാക്കുവാൻ അവർ ഇഷ്ടപ്പെടുന്നതല്ല. എന്നാൽ ഒന്നു രണ്ടു തവണ ഏതോ അടിയന്തരത്തിൽ സംബന്ധിക്കുന്നതിനായി ഞാൻ അവിടെ പോയിട്ടുണ്ട്."

അദ്ധ്യായം 7.

"ഒരു സൗദാമിനി, നീലമേഘം തന്നോടാഹന്ത!
വേർപെട്ടിഹ വിഹരതി"
"ദൈവഗതിക്കഥവാ ഭുവനേസ്ഥിൻ
നൈവനിരോധ കവാടമൊരേടം"
"സംഘത്തിലൊരംഗമായെന്നെയും
ചേർത്തീടുവിൻ"

ഒരു കാലത്തു ഉമാഗതിദത്തന്റെ കുടുംബം ധാരാളം അംഗങ്ങളടങ്ങിയ ഒന്നായിരുന്നു. അദ്ദേഹത്തിന്റെ ഭവനത്തിന്നരികെ നില്ക്കുന്ന ക്ഷേത്രം, ദൈവ ശിലാ പ്രതിമ നില്ക്കുന്ന പുണ്യസ്ഥലം, അദ്ദേഹത്തിന്റെ ആളുകൾ പണം ചെലവുചെയ്ത് പണിയിച്ച് ഭരിച്ചുവരുന്ന ഒന്നാണ്. നിത്യകർമ്മങ്ങൾ ഈ കുടുംബത്തിലുള്ളവർ ധാരാളമായും സവിസ്തരമായും അനുഷ്ഠിക്ക പതിവായതിനാൽ അവരുടെ ഭക്ഷണ സമയം മിക്കവാറും പകൽ 2 മണിക്കു ശേഷമേ ആയിരുന്നുള്ളു. ക്ഷേത്രവും ഈശ്വര പ്രതിമയും ഒരു ബ്രാഹ്മണ വൈദികന്റെ മേൽ നോട്ടത്തിൽ പെടുത്തിയെങ്കിലും, സെമിന്ദാർ കുടുംബാംഗങ്ങളിൽ പലരും എവിടേക്കോ വേർ പിരിഞ്ഞു പോയിയെങ്കിലും, ഭക്ഷണസംഗതിയിലുള്ള പതിവു ഇപ്പോഴും മാററം കൂടാതെ നില നിന്നു വരുന്നുണ്ട്.

അനിന്ദിതയും അവളുടെ സഹോദരിമാരും ഉൽകൃഷ്ട വിദ്യാഭ്യാസം സിദ്ധിച്ചവരായിരുന്നതിനാൽ സ്വഭാവത്തിന്നു ക

ണിശമുണ്ടായിരുന്നുവെന്നു പറയാതെ കഴിക്കയില്ല. ഒൻപതു മണിയ്ക്കു മുമ്പായി അവർ ഭക്ഷണം കഴിച്ചു് വിദ്യാലയത്തിലേയ്ക്കു് പുറപ്പെടുക സാധാരണമാണു്. ഇവരേപ്പോലെയുള്ള പെൺകുട്ടികൾക്കു മൂന്നു മണി സമയം വൈകുന്നേരത്തിനു സ്വല്പം പിൻപുള്ള ഒന്നായി മാത്രമേ തോന്നുകയുള്ളു. മുത്തച്ഛന്റെ വീട്ടിലെ ഭക്ഷണ സമയം അവൾക്കു വളരെ അസൗകര്യമായി തോന്നിയിരുന്നു. ഒടുവിൽ മുത്തച്ഛൻ അനിന്ദിതയുടെ ഞെരുക്കവും അസൗകര്യവും കണ്ടു് അവൾക്കു മാത്രം ഭക്ഷണ കാര്യത്തിൽ ചില പ്രത്യേക ഏർപ്പാടുകളെല്ലാം ചെയ്തിട്ടുണ്ടു്. രണ്ടു കുട്ടികൾ അവിടെ നിന്നും സ്കൂളിലേക്കു പോകുന്നുണ്ടായിരുന്നു. അവർക്കും നേരത്തേ തന്നെ ഭക്ഷണം കഴിപ്പാൻ എടയാക്കിത്തുടങ്ങിയതു അനിന്ദിതയായിരുന്നതു കൊണ്ടു് അവർ അവളോടു വളരെ വളരെ നന്ദി പറഞ്ഞു.

അനിന്ദിത ഭക്ഷണം കഴിഞ്ഞു് അവളുടെ മുറയിൽ ഏകാന്തയായിരിക്കയാണു്. മററു കൂട്ടുകാർ, അവർ കുളിയ്ക്കുന്നതിനും കൂടി കുറെ മുമ്പാണു് അനിന്ദിത ഭക്ഷിച്ചതെന്നു മനസ്സിലാക്കി. സ്ത്രീകളുടെ മുറികളിൽ മൂന്നു വിധവമാരും അനിന്ദിതയും മുൻ പറഞ്ഞ രണ്ടു ആൺകുട്ടികളും മാത്രമേ ഉണ്ടായിരുന്നുള്ളു. കാര്യസ്ഥന്മാരേക്കൊണ്ടും കണക്കെഴുത്തുകാരേക്കൊണ്ടും ഭൃത്യന്മാരേക്കൊണ്ടും വളയപ്പെട്ടു് ഏററവും പ്രതാപത്തോടുകൂടി ഇരിക്കുന്ന ഒരു വൃദ്ധനായ സെമിന്ദാർ മാത്രമേ പുരുഷനായിട്ടു ആ ഗൃഹത്തിലുള്ളു.

അനിന്ദിതയ്ക്കു ഏകാന്ത വാസംകൊണ്ടു മുഷിഞ്ഞു കഴിഞ്ഞു. സമവയസ്കയായ ഒരു സഖി പോലും അവിടെ അവൾക്കുണ്ടായിരുന്നില്ല. അവളുടെ വിധവയായ എളയമ്മയായിരുന്നു ഗൃഹത്തിലെ നായിക. അവൾ ഉൽകൃഷ്ട സ്വഭാവിനിയായ ഒരു സ്ത്രീ രത്നമായിരുന്നു. ഗൃഹ കൃത്യങ്ങൾ അന്വേഷിച്ചും ഭൃത്യന്മാരെക്കൊണ്ടു ശരിയായ ജോലി ചെയ്യിച്ചും അവളുടെ ശുശ്രൂയും

സമയവും മിക്കവാറും പൊയ്ക്കൊണ്ടിരുന്നു. ബാക്കി സ്വല്പം സമയം ഉണ്ടെങ്കിൽ അതു ഈശ്വരാരാധനയ്ക്കു മനസ്സാലെ മാറ്റിവെച്ചിട്ടുള്ളതാണ്. ഈ സ്ഥിതിയിൽ അനിന്ദിതയുടെ കാര്യം അന്വേഷിപ്പാനുള്ള സമയം തീരെ ഉണ്ടായില്ല. ഉമാഗതി ബാബു ഭക്ഷണത്തിനാരംഭിച്ച സമയത്തു അദ്ദേഹം അനിന്ദിതയെ വരുത്തി. സൗകര്യമുള്ളപ്പോഴെല്ലാം അദ്ദേഹം അവളുമായി സംഭാഷണം ചെയ്തും വിനോദിച്ചും സമയം നയിച്ചുവന്നു. അവൾക്കു അസൗകര്യമൊന്നും ഉണ്ടാകാതിരിപ്പാൻ അദ്ദേഹം വളരെ ശ്രമിച്ചുവന്നു. അവൾക്കു പ്രത്യേകിച്ചു യാതൊന്നും ആവശ്യമുണ്ടായിരുന്നില്ലെങ്കിലും അവളെ തന്റെ ഗൃഹസന്ദർശനത്തിൽ സംതൃപ്തയാക്കണമെന്നുള്ള വിചാരം മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. എന്നാൽ ഈ ആധുനിക യുവതിയെപ്പറ്റി ശരിയായ ഒരറിവു അദ്ദേഹത്തിനു ലഭിക്കാൻ സാധിക്കാത്തതുകൊണ്ട് അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ എല്ലാമെപ്പോഴും സഫലമല്ലാതെയാണ് പര്യവസാനിച്ചതു്. ഏതു വിധമായാലും കൊട്ടാരത്തിനു കിടപിടിക്കുന്ന ആ ഗൃഹത്തിൽ ഒരു സുഹൃത്തു് അനിന്ദിതയ്ക്കുണ്ടായിരുന്നുവെങ്കിൽ അതു് ആ വൃദ്ധൻ മാത്രമേ ആയിരുന്നുള്ളു. രണ്ടുപേർക്കും ഇഷ്ടകരങ്ങളായ പ്രവൃത്തികളിൽ ഏർപ്പെട്ടുകൊണ്ടു് അവർ കാലയാപനം ചെയ്തു. ഒരു ദിവസത്തിൽ രണ്ടോ മൂന്നോ മണിക്കൂർ സമയം കഴിയും. പിന്നീടു അവളുടെ ഏകാന്തവാസം പരിപൂർണ്ണാവസ്ഥയിൽ എത്തുകയും നിസ്തബ്ധത വർദ്ധിക്കയും ചെയ്യും. അവളുടെ അരികിൽ വരുവാൻ ഒരാളും തുനിഞ്ഞില്ല. വരുത്തുവാൻ അവൾ ഒരുങ്ങിയതുമില്ല. ആ ഉൾനാട്ടിലുള്ള പെൺകുട്ടികളെ ആരേയും അനിന്ദിതയ്ക്കു പരിചയമുണ്ടായിരുന്നില്ല. ആ ഗൃഹത്തിലുള്ള മറ്റു സ്ത്രീകൾ സമുദായാചാരാഭിനിവേശവും വാർദ്ധക്യവും കൊണ്ടു പരിപൂർണ്ണരായിരുന്നതിനാൽ അനിന്ദിതയെ ചങ്ങാതിയാക്കുവാനും അവർ ശ്രമിച്ചി

ല്ല. രാത്രി അനിന്ദിത ശയിക്കുന്ന മുറിയിൽ ഒരു പരിചാരിണി മാത്രം കാവൽ കിടക്കുക പതിവാണു്. ഹുക്കം വലിച്ചുകൊണ്ടു അവൾ അനിന്ദിതയെ കുറെക്കാലത്തേക്കു ശരിയായി ഉറക്കുകകൂടി ഉണ്ടായില്ല. അനിന്ദിത പിതാമഹന്റെ ഗ്രാമത്തെക്കുറിച്ചു സഹോദരരോടു വല്ലപ്പോഴും വല്ലതും പറഞ്ഞെങ്കിൽ അപ്പോഴെല്ലാം അവർ അത്ഭുതഭാവം പ്രദർശിപ്പിക്ക പതിവാണു്. "അത്രമാത്രം അസൗകര്യവും കഷ്ടപ്പാടും ഉള്ളിടത്തേക്കു എന്തിനാണു് കൊല്ലംതോറും ദിദി പോകുന്നതു്?" എന്നു് സമീരൻ ചോദിച്ചു. "ദിദി, ഇതു ശരിതന്നെയോ? എങ്ങിനെയാണിങ്ങനെയുള്ളിടത്തു താമസിക്കുന്നതു്? ഞാനായിരുന്നെങ്കിൽ എത്തിച്ചേരുന്ന നാൾകൊണ്ടു ഭ്രാന്തു പിടിക്കാതിരിക്കയില്ല. ഒരൊററ ദിവസം മതി. [illegible] എന്നാൽ കൊല്ലംതോറും എന്തിനാണു് അതിനെ കഷ്ടപ്പെടാൻ പോകുന്നതു്?" എന്നു സുരൂപ ചോദിക്കാറുണ്ടു്.

അനിന്ദിതയുടെ പിതാവിനും ഈ സൗകര്യയിൽ ചൊരാതിരിക്കാൻ നിവൃത്തിയില്ലാതായി. പേരമക്കളുടെ പ്രീതിയെ കരുതി അദ്ദേഹം, തന്റെ സമാഗ്രഹങ്ങളെല്ലാം, തന്നെ അല്ലെങ്കിൽ അനിന്ദിതയെ ഉദ്ദേശിച്ചു്, ശാന്തികാലങ്ങളിലേക്ക അ, ക്കിവെച്ചു് ആശയെ പരിപാലിച്ചുകൊണ്ടിരുന്നു. മറെറല്ല അനിന്ദിത ആ വൃദ്ധനെ വാസ്തവത്തിൽ ഉള്ളുറകു സ്നേഹിച്ചിരുന്നു. ഒരു നിമിഷം കിട്ടിയാൽ അദ്ദേഹത്തിൽനിന്നു രക്ഷപ്പെടുവാനാഗ്രഹിക്കാതെ അദ്ദേഹവുമായി രസിച്ചുകൊണ്ടിരിക്കയാണു് അവളുടെ പതിവു്. ഇങ്ങനെ അന്നം ആ ഉൾനാട്ടിൽ നടന്നു് ശുദ്ധവായു ശ്വസിക്കുവാൻകൂടി അവൾ തുനിഞ്ഞില്ല.

യുവാക്കൾ സദാ കൂട്ടുകെട്ടു് ആഗ്രഹിക്കുന്നവരാണു്. വിശേഷിച്ചും അനിന്ദിതയെപ്പോലുള്ളവർക്കു് ഇമ്മാതിരിയിലുള്ള ഏകാന്തത കൂട്ടുകാരെ തിരയാൻ തിച്ച്യയായും പ്രേരകമാകാതിരിക്കുന്നതുമല്ല. എന്നാൽ ഇത്തവണ അനിന്ദിത അവളുടെ

സുഹൃത്തുക്കളിൽനിന്നും സൗഹാർദ്ദത്തിൽനിന്നും തീരെ ഒഴിഞ്ഞിരിയ്ക്കയാണ്. മറെറാരു മുഖം പോലും കാണുക ഇക്കാലത്തു അവൾക്കു തീരെ അസഹ്യമായിത്തോന്നി.

മഴക്കാറുള്ള ഒരു ദിവസം; ആകാശത്തിൻെറ നിറം ക്രമേണ ശുഭ്രവൎണ്ണപ്പകിട്ടിൽ നിന്നു കൃഷ്ണ നീലിമയിലേക്കു പകൎന്നു തുടങ്ങി. അനിന്ദിത പുറത്തു വന്നു ആകാശത്തേക്കു നോക്കിക്കൊണ്ടു നിന്നു.

കൽക്കത്തയിൽ നിന്നു പോരുന്ന സമയം അവൾ നേരം പോക്കിന്നായി തുന്നൽപ്പണിയ്ക്കു വേണ്ട സാമഗ്രികൾ, സംഗീതത്തിനുള്ള ഉപകരണങ്ങൾ പാരായണത്തിനുള്ള ബുക്കുകൾ എന്നിവ കൊണ്ടു പോരികയുണ്ടായി. എന്നാൽ ഇവയെല്ലാം ഇതുവരെ നിശ്ശബ്ദങ്ങളായിരിക്കയാണ്. കാരണമെന്തു്. പ്രകാശിച്ചു നീലിമ കൂടിയിരിക്കുന്ന അന്തരീക്ഷത്തിൽ നിന്നും, പച്ചയും ഇരുളും കലൎന്ന വയലുകളിൽ നിന്നും കണ്ണുകൾ തിരിച്ചു് വിളറി വരണ്ടു നിൎജ്ജീവങ്ങളായിക്കിടക്കുന്ന പുസ്തകത്തിൻെറ ഏടുകളിലേക്കു കൊണ്ടുപോകുക ഏറെ അധികം വിഷമമാണ്. പക്ഷികളുടെ ഗാനം ഒന്നു മാത്രം ശ്രോതാക്കളെ തൃപ്തിപ്പെടുത്തുന്നതിനു മതിയാകും.

മാളികയിൽ നിന്നു പുറത്തു വന്നു നോക്കുമ്പോൾ ഗൃഹം ശൂന്യമായിരിക്കുന്നതു അവൾ കണ്ടു. സെമിന്ദാർ, അതെ; ആ വൃദ്ധൻ ആഫീസിലായിരുന്നു. അവിടെ ഒരു ന്യായക്കോടതി കൂടിയിരിക്കയാണ്. അവളുടെ അമ്മായിയും ക്ഷേത്രത്തിൽ പോകേണ്ടതുണ്ടായിരുന്നു. ഭൃത്യന്മാരാകട്ടെ അവൎക്കു ഇഷ്ടമുള്ള വിധത്തിൽ രസിക്കയോ വിശ്രമിക്കയോ ചെയ്തുകൊണ്ടിരുന്നു. അവൾ ഒരിക്കൽ കൂടെ ചുററും നോക്കി അനന്തരം പിൻഭാഗത്തുള്ള ഗൃഹവാതിലിലൂടെ പുറത്തേയ്ക്കിറങ്ങി.

മുൻ ഭാഗത്തായി ഒരു ചെറിയ കുളമുണ്ടു. സെമിന്ദാർ കുടുംബത്തിലുള്ള സ്ത്രീകൾക്കു പ്രത്യേകമായി ഉപയോഗിക്കാനു

ള്ളതാണിതു്. നാട്ടുകാരെല്ലാം ഉപയോഗിക്കുന്നതും പ്രധാനഗേററിന്റെ മുൻവശത്തായി നിർമ്മിക്കപ്പെട്ടിട്ടുള്ളതുമായ വലിയ കുളം തങ്ങളുടെ അന്തസ്സിനു തീരെ പോരാത്തതാണെന്നു സ്ത്രീകൾ വിചാരിച്ചിരുന്നു. വലിയ കുളത്തിലെ വെള്ളം കുറെ അധികം നല്ലതാണു്. പൊതുജനങ്ങൾ യഥേഷ്ടം ഉപയോഗിക്കുന്ന വലിയ കുളത്തിലെ വെള്ളം അന്തസ്സുകാരായ സെമിന്ദാർ വനിതമാർ ആദരിച്ചു ഉപയോഗിക്കുമോ? ഇല്ല; അത്രമാത്രം വിഡ്ഢിത്തം അവർക്കില്ല. വലിയ കുളത്തിനു ചുററുമായി കാണപ്പെടുന്ന ഉദ്യാനത്തിലെ പുഷ്പങ്ങൾ ഗൃഹദേവതയെ ആരാധിക്കുന്നതിനുവേണ്ടി മാത്രമേ ഉപയോഗിക്കാറുള്ളൂ. ഗൃഹനായിക ആ ഉദ്യാനത്തെ പ്രത്യേകം സൂക്ഷിച്ചുരക്ഷിച്ചിരുന്നു. ഉദ്യാനവും കുളവും ഒരു വേലിക്കെട്ടിന്നകത്തുതന്നെയാണു്. ഒരു ചെറിയ വാതിൽ ഉദ്യാനത്തിൽ ഒരു മൂലയിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ആരെങ്കിലും അതു തുറക്കുന്നതായാൽ അതിന്നപ്പുറം കാണുക ഒരു വലിയ വയലായിരിയ്ക്കും. എന്നാൽ ആ വയൽ ദുർല്ലഭമായിട്ടേ തുറക്കുക പതിവുമുള്ളൂ.

അനിന്ദിത ലാത്തുവാനായി പുറത്തു കടന്നു. ഏറെ താമസിയാതെ അവൾ പൂന്തോട്ടത്തിലെത്തി. ചെറിയ ഗേററ് ഇതിനു മുമ്പൊരിക്കലും തുറക്കപ്പെട്ടതായി കാണുവാൻ അവൾക്കു ഇട വരാത്തതിനാലും, ഗേററിന്നപ്പുറത്തു എന്തുണ്ടെന്നു അറിയുവാനുള്ള ജിജ്ഞാസയാലും അതൊന്നു തുറന്നെങ്കിലോ എന്നു അനിന്ദിത വിചാരിച്ചു. എന്തിനധികം, ആ യുവതി ശ്രദ്ധാപൂർവ്വം ഗേററു തുറന്നു വയലിന്നു് അഭിമുഖമായി മുന്നോട്ടു നടന്നു.

പഴയ ഉദ്യാനം അവളുടെ കണ്ണുകളിൽ പതിഞ്ഞു. ഉൾനാട്ടിലെ സാധുക്കൾ കൂട്ടം കൂട്ടമായി താമസിക്കുന്ന മൺപുരകൾ ഉടനെ അനിന്ദിതയുടെ വീക്ഷണകോണിന്നു വിഷയീഭവിച്ചു.

സൂര്യൻ അസ്തമിക്കാറായി; അസ്തമനാർക്കന്റെ കിരണങ്ങൾ ഉദ്യാനത്തെ ഛായയതിൽ കളിപ്പിച്ചു. അനിന്ദിത മുന്നോട്ടു നടന്നു. പകൽ സമയമായതുകൊണ്ട് കുറെ അധികം ദൂരം പോകുന്നതായാൽ തന്നെയും ഭയപ്പെടേണ്ട ആവശ്യം ഇല്ലായിരുന്നു. തുന കമ്പുകളിലും പഴുത്തുണങ്ങി വീണുകിടക്കുന്ന ഇലകളിലും കാലടികൾ പതിപ്പിച്ചുകൊണ്ട് അനിന്ദിത വേഗത്തിൽ നടന്നു. അന്ധകാരവുമായി സമ്മേളിക്കുവാനിരിക്കുന്ന സന്ധ്യാ പ്രകാശമാണോ തന്റെ കൺമുമ്പിലുള്ള മൈതാനമെന്ന് അവൾക്കു തോന്നി. പക്ഷെ, അതൊരിക്കൽ മനുഷ്യനിർമ്മിതങ്ങളായ പാതകളായിരുന്നിരിക്കാം? ഇപ്പോഴാകട്ടെ അവയെല്ലാം പുല്ലു പിടിച്ചു കിടക്കയാണ്. ഉണങ്ങിയ ഇലകൾ നിബിഡമായി തറയിൽ അവിടവിടെ കിടന്നിരുന്നു. ചില സമയങ്ങളിൽ അവയെ കൊടുങ്കാറ്റുകളിളക്കി മറിച്ചുകൊണ്ടിരുന്നു. എന്തു വരികിലും അവ ഒരിക്കലും ആ പെറിയ അരണ്യത്തന്റെ അതൃത്തി വിട്ട് മറിടത്തും പോയിരുന്നില്ല. ക്രമേണ ഇലകളും കൊഴിയുന്ന പുഷ്പങ്ങളും ഫലങ്ങളും ദ്രവിച്ച് മാതൃഭൂമിയുടെ അങ്കത്തിൽ ഗാഢ നിദ്രയിൽ വിലയിച്ചു. ഒരു പക്ഷെ ആനന്തര്യമായ വസന്ത കാലത്തിൽ അവ രണ്ടാമതും ആ മാതാവിന്റെ സ്തന്യപാനം കൊണ്ടു വളന്ന് പുഷ്പങ്ങൾ പൊഴിച്ചു പരോപകാരം ചെയ്യുകയും ചെയ്തിരിക്കാം. എന്നാൽ ആ സംഗതി ആരാണറിയുക?

അനിന്ദിത സഞ്ചരിച്ചുകൊണ്ടിരുന്ന പാതയുടെ വലത്തുഭാഗത്തായി ഒരു മരം ഉണങ്ങി വീണു കിടക്കുന്നുണ്ടായിരുന്നു. അനിന്ദിത അതിന്നരികെ പെന്നു നിന്നു. ഒരു പക്ഷെ പുരാതന കാലത്ത് സംഭവിച്ച കൊടുങ്കാറ്റിന്റെ ഫലമായിരിക്കാം ഈ അധഃപതനം. അതിന്മേൽ കയറി കുറെ നേരമെങ്കിലും ഇരിക്കാതെ പോകാൻ അവൾക്കു മനസ്സു വന്നില്ല.

ആ കാട്, ശബ്ദായമാനമെങ്കിലും ഒരൊററ ജീവിയേയെങ്കിലും അവൾക്കവിടെ കാണ്മാൻ കഴിഞ്ഞില്ല. തലയ്ക്കു മീതെ ഇരുന്ന പക്ഷികൾ കലപിച്ചു്. ചിറകിട്ടടിയ്ക്കുന്നുണ്ടു്. ചില കാൽപ്പെരുമാററം അവിടവിടെ കേൾപ്പാനുണ്ടു. ഒരു ഭൂകമ്പമുണ്ടാകാമെന്നപോലെ അനിന്ദിത ഇരുന്നിരുന്ന സ്ഥലം ഇളകി വരാറായി. അവൾക്കു പെട്ടെന്നു ഭയം തോന്നിത്തുടങ്ങിയോ എന്നു ആരും സംശയിച്ചിട്ടാവശ്യമില്ല. അത്ഭുതാനുഭവങ്ങൾ മനുഷ്യരിൽ ഭയത്തെ ഉല്പാദിക്കുമെന്നുള്ളതു് ലോകസമ്മതമാണെന്ന അനിന്ദിതയ്ക്കറിയാം. പക്ഷെ, ഇതവൾക്ക് അനുഭവസിദ്ധമായിരുന്നില്ലെന്നേയുള്ളു. ഒരു ചെറിയ കുടിലുണ്ടാക്കി ശാന്തജീവിതം കൈക്കൊണ്ടു് ഈ കാട്ടിൽ താമസിച്ചാലോ എന്നുള്ള ഒരു ആഗ്രഹം അവൾക്കിപ്പോൾ ഉണ്ടായി.

പെട്ടെന്നു ഏറെ ദൂരെയല്ലാതെ പൊട്ടിക്കുന്ന ശബ്ദം അവൾ കേട്ടു. അവിടെ നിന്നു എഴുന്നേല്ക്കുന്നതിനോ ചുററും പോയി നോക്കുന്നതിനോ അവൾ ഒരുങ്ങിയില്ലെന്നുള്ളതു് വാസ്തവമായിരുന്നു. തഴച്ചുവളർന്നു നില്ക്കുന്ന വൃക്ഷനിരകളുടെ ഇടയിലൂടെ ഒരു ദീർഘകായൻ സ്വസന്നിധിയിലേക്കു വരുന്നുണ്ടെന്നു അവൾ കണ്ടു. ഇതോടുകൂടി അവളുടെ ഹൃദയം തുടിച്ചു; കണ്ണുകൾ ഭയപാരവശ്യത്തെ സൂചിപ്പിക്കുന്ന മട്ടിൽ ചലിച്ചു. അതാരായിരിക്കും? ഈ ശങ്ക കുറച്ചുനേരത്തേക്കുമാത്രമേ അനിന്ദിതയ്ക്കുണ്ടായുള്ളു. അടുത്ത നിമിഷത്തിൽ അവൾ സമാധാനപൂർവ്വം ഒന്നു നിശ്വസിച്ചു. ആഗതനെ അവൾ വഴിപോലെ നോക്കി. അയാൾ അടുത്തെത്തി അവൾക്കു സ്വാഗതം നൽകിക്കൊണ്ടു മന്ദഹാസപൂർവ്വം ഇപ്രകാരം പറഞ്ഞു:—"ഈ സ്ഥലം ഉപദ്രവങ്ങളിൽ നിന്നൊഴിഞ്ഞ ഒന്നായിരിക്കുമെന്നു ഭവതി ഒരു പക്ഷെ കരുതിയിട്ടുണ്ടായിരിക്കാം. എന്നെക്കൂടാതെ ഈ വനത്തെ കാമിക്കുന്ന മറെറാരാൾ കൂടി ഉണ്ടെന്നു സ്വപ്നത്തിൽ പോലും ഞാൻ ഇതേ വരെ കരുതിയിട്ടില്ലായിരുന്നുവെന്നു

വ്യസനപൂർവ്വം പറയാം." അയാളുടെ പ്രത്യക്ഷതയിൽ അനിന്ദിതയ്ക്കു അസന്തോഷമില്ലായിരുന്നു. അവൾ മന്ദഹസിച്ചുകൊണ്ടു് പറഞ്ഞു:—"നിങ്ങൾ ഒരു സ്വതന്ത്രനാണു്."

"എന്തുകൊണ്ടു്" എന്നു ദേവപ്രിയൻ ചോദിച്ചു.

"ഈ മനോഹര സ്ഥലത്തെ ശ്ലാഘിക്കുന്ന ഒരാൾ മാത്രമേ ഉള്ളുവെന്നു നിങ്ങൾ കരുതുന്നു. അതുകൊണ്ടു തന്നെ."

ഈ അഭിപ്രായം കേട്ടു ദേവപ്രിയനു തെല്ലൊരാശ്വാസമുണ്ടായി. തന്റെ, അവസരോചിതമല്ലാത്ത, ആഗമനം അനിന്ദിതയെ മുഷിപ്പിച്ചില്ലെന്നും അദ്ദേഹം മനസ്സിലാക്കി. ദേവപ്രിയൻ മന്ദഹസിച്ചുകൊണ്ടു് ഇങ്ങിനെ മനോഭാവം വ്യക്തമാക്കി. "വാസ്തവത്തിൽ അങ്ങിനെയല്ല; ഈ മനോഹര ഭൂഭാഗത്താൽ ആകർഷിക്കപ്പെട്ടവരിൽ ഒരുവൻ ഞാൻ തന്നെയേ ആയിരുന്നുള്ളുവെന്നാണു് കരുതിപ്പോയതു്. ഇവിടം സന്ദർശിക്കുവാനുള്ള ക്ലേശം ഞാൻ മാത്രമേ അനുഭവിച്ചിട്ടുള്ളുവെന്നായിരുന്നു എന്റെ വിചാരം. ഈ നാട്ടുകാർക്കു വളരെക്കാലമായി ഈ സ്ഥലം ക്ലേശകാരണമായി അനുഭവിച്ചിരിക്കുമെങ്കിലും നഗരത്തിൽനിന്നും ഇവിടെ പുതുതായി വരുന്നവർക്കു ഇതെത്രയും അത്യത്ഭുതമാംവണ്ണം ആകർഷണീയമായിരുന്നുതന്നെയാണു്."

"നഗരത്തിൽനിന്നു പുതുതായി വന്നവളുടെ നിലയിൽ മാത്രമല്ല, നഗരത്തിലെ ഇരുമ്പുകൂട്ടിൽനിന്നു് മോചനം ലഭിച്ച ഒരുത്തിയുടെ നിലയിലും എനിക്കു ഈ സ്ഥലം കൂടുതൽ ആകർഷണീയമാണു്. നിങ്ങൾ എന്താണു് ഇരിക്കാത്തതു്?"

ദേവപ്രിയൻ മരത്തടിയുടെ മറെറാരു ഭാഗത്തു ഇരുന്നു. അനന്തരം അദ്ദേഹം പറഞ്ഞു:—"ഈ സ്ഥലം മനോഹരമായിട്ടുള്ളതുതന്നെ. യാതൊരു സംശയവും ഇല്ല. എന്നാൽ ഒററയ്ക്കു സഞ്ചരിക്കുന്നകാര്യം അത്ര എളുപ്പമല്ല. ഞാൻ ഒരു കുറുക്കനേ കൂടി കൂട്ടിക്കൊണ്ടു ഇങ്ങോട്ടു പോന്നില്ലല്ലോ എന്നോർത്തു വളരെ വ്യസനിക്കുന്നു.

"ഞാൻ ആ സ്ഥലം ഒരിക്കലും പോയിക്കാണുകയുണ്ടായിട്ടില്ല. കുട്ടിക്കാലത്തൊരിക്കൽ അവിടെ ഭൂഗർഭത്തിൽ വളരെ ക്രൂരജന്തുക്കൾ ഉണ്ടെന്നു അമ്മായി പറഞ്ഞുതന്നിട്ടുണ്ട്. ഞാൻ അവർ പറയുന്നതിൽ വിശ്വസിച്ചു ഭയപ്പെട്ടിരിക്കയാണ്. വിശ്വാസം പണ്ടേക്കുപണ്ടേ പമ്പ കടന്നുവെങ്കിലും ഭയം ഇനിയും പോയ്ക്കഴിഞ്ഞിട്ടില്ല"

"ഭവതിക്കു ബാല്യകാലം ഇവിടെ കഴിച്ചുക്കൂട്ടുവാൻ സാധിച്ചതുകൊണ്ട് ഭവതി ഭാഗ്യവതിയാണ്. നഗരത്തിലേക്കു കൊണ്ടുവരപ്പെട്ട കുട്ടികളിൽ പലരും നഗരവാസം കഷ്ടതരമാണെന്നു കരുതുന്നവരായി കാണപ്പെടുന്നില്ല. പ്രായപൂർത്തി വരുമ്പോൾ ആ നാഗരീകക്ക് ഉൾനാട്ടിൽ കഴിച്ചുക്കൂട്ടേണ്ടിവന്ന ബാല്യത്തെപ്പററിപ്പോലും അസന്തോഷമാണുള്ളതു്! "ശരിതന്നെ. ഈ ഉൾനാട്ടിൽ കഴിച്ചുകൂട്ടേണ്ടിവന്ന ബാല്യത്തെക്കുറിച്ചു എനിക്കു കൃതജ്ഞതയാണുള്ളതു് പുകവലി, ഒരിക്കലും അവസാനിക്കാത്ത ബഹളം, മോട്ടോർ വണ്ടികളുടെ ഇരപ്പു്, ജനങ്ങളുടെ തിരക്കു ഇതെല്ലാം ഒത്തു നഗരത്തിൽ വസിക്കേണ്ടി വരുമ്പോൾ ഞാൻ ബാല്യത്തെപ്പററി ഓർക്കുക പതിവാണ്. പച്ചനിറത്തിലുള്ള ഈ വനത്തിൻെറ ഹൃദയമായ ഉൾനാടു എനിക്ക് ഇന്നും അഭയസ്ഥാനമാണ്. നിങ്ങൾ ബാല്യം കഴിച്ചതു് ഈ ഉൾനാട്ടിലല്ലെ? നിങ്ങളുടെ മാതാവു് ഈ രാജ്യത്തേക്കു വരാറുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ടു്" എന്നു് അനിന്ദിത പ്രതിവചിച്ചു.

ദേ: പ്രി:—"ഒരിക്കൽ മാത്രം എന്നാണ് എൻെറ ഓമ്മ. അക്കാലത്തു് എനിക്കു 14 വയസ്സു പ്രായമായിരുന്നു. എന്നാൽ ഇപ്പഴാകട്ടെ, എല്ലാ കാര്യവും അന്വേഷിക്കണ്ടവനായിട്ടാണ് ഇവിടെ എത്തിയിരിക്കുന്നതു്"

അനിന്ദിത:—"നിങ്ങൾ ഒഴിവു കാലം മുഴുവനും ഇവിടെ താമസിക്കുവാനാണോ വിചാരിച്ചിട്ടുള്ളതു്?"

ദേ: പ്രി:—"ഞാൻ നിൎമ്മിക്കാത്ത ഒരു ഒഴിവു കാലത്തിനും എനിക്കൎഹതയില്ല. ഇത്തവണ എനിക്ക് ഫ്രഞ്ചുലീവാണ് എടുക്കേണ്ടതു." ഒരു മന്ദഹാസം ദേവപ്രിയൻെറ ദന്തമുകുളങ്ങളെ പുറത്തു കാണിച്ചു.

"എന്തുകൊണ്ടാണതു്?" എന്ന അനിന്ദിത അത്ഭുതാവിഷ്ടയായി ചോദ്യം പുറപ്പെടുവിച്ചു.

ദേ: പ്രി:—"ഭവതി ഒരു ദീൎഘവിവരണത്തിന്നു കാംക്ഷിക്കുന്നതായി തോന്നുന്നല്ലൊ. ആകട്ടെ, എൻെറ ജോലി എനിക്കു പ്രയോജനത്തിന്നുള്ളതാണ്. ഞാൻ അതിനെക്കുറിച്ചു മററുള്ളവരോടു പറയാറുള്ളപ്പോളെല്ലാം എൻെറ സമയവും യുക്തിയും നഷ്ടമായിട്ടാണ് പൎയ്യവസാനിക്കാറുള്ളതു്. ഞാൻ അതു പറയുവാൻ തുടങ്ങിയാൽ നിറുത്തിക്കളവാൻ ഉടനെ ഭവതിയും ആവശ്യപ്പെട്ടേക്കും."

അനി:—"എൻെറ സമയം ഒട്ടും വിലയുള്ളതല്ല. അതുകൊണ്ടു നിങ്ങൾ പറയുന്നതു ഇടയ്ക്കു നിറുത്തിക്കളയുവാൻ ഞാൻ ആവശ്യപ്പെട്ടുമെന്നും ഭയപ്പെടേണ്ടതില്ല. ഒന്നിലും ദൃഷ്ടി പതിക്കാതെ നിശ്ശബ്ദമായിരുന്നു ഞാൻ നിങ്ങൾ പറയുന്നതു കേൾക്കാം."

ദേവപ്രിയനു ഒരു വലിയ അത്ഭുതമാണിതുകേട്ടപ്പോൾ ഉണ്ടായതു്. അദ്ദേഹം പറഞ്ഞു:—"എന്നാൽ കൊള്ളാം. ഭവതി എന്നെ അനുവദിച്ചതുകൊണ്ടു് ഭവതിയെ ബുദ്ധിമുട്ടിയ്ക്കുന്നതിൽ എനിക്കു ഭയം തോന്നുന്നില്ല. ഞാൻ എൻെറ വ്യാപാരത്തെക്കുറിച്ച് പലരോടും വിവരിച്ചുപറയുവാൻ പരിശ്രമിച്ചിട്ടുണ്ടു്. ചിലർ എനിക്ക് ഭ്രാന്താണെന്നും മററു ചിലർ എന്നെ കൊള്ളരുതാത്തോനാണെന്നും സങ്കല്പിച്ചു. വാസ്തവത്തിൽ ഞാൻ ഭ്രാന്തനായിരിയ്ക്കാം; എന്തുകൊണ്ടു്? വ്യാമോഹമല്ലാതെ മറെറാന്നും അവശേഷിക്കാത്ത ഒരു സമുദായത്തിനു വേണ്ടി എൻെറ ജീവിതം ഞാൻ സമൎപ്പിച്ചതുകൊണ്ടു്! ഒരു സംയുക്ത

കുടുംബത്തിലാണ് ഞാൻ പിറന്നത്. ആദ്യമായി ഈ സമ്പ്രദായം പുരസ്കരിച്ചപ്പോൾ ജനങ്ങൾ ഓരോരുത്തരും മററുള്ളവരുടെ സുഖ ദുഃഖങ്ങളിൽ പങ്കു കൊള്ളുമെന്നായിരുന്നു എന്റെ വിചാരം അധികവും. എന്നാൽ എനിക്കനുഭവമായതു ഈ തോന്നലിനു തുലോം വിരുദ്ധമായ ഒന്നായിരുന്നു. അവരെ വിട്ടുവെങ്കിൽ യഥേഷ്ടം സ്വപ്രവൃത്തികളെ ആശ്രയിച്ച് അവർ ജീവിച്ചുകൊള്ളും. മററുള്ളവരെ ഉപദ്രവിക്കയും ചെയ്കയില്ല. എന്നാൽ ശക്തി പ്രയോഗിക്കുന്ന പക്ഷം ബന്ധുജനങ്ങളിൽ അവക്കുള്ള പ്രേമവും, മററുള്ളവരിൽ ഉള്ള ഔദാര്യവും നശിക്കുവാനിടയായിത്തീരും. നാം കുട്ടികളാണ്; നമ്മുടെ ഹസ്തങ്ങൾ പ്രേമവല്ലികളാണ്. എന്നാൽ കോപവും പകയും നമ്മെ കഠിനരാക്കിത്തീക്കുന്നു. ശിക്ഷയെ ഭയന്നു വിറച്ചും, അതിൽ നിന്ന് ഒരിക്കലും ഒഴിവാകാൻ വഴി കാണാതെയും നാം നമ്മുടെ ബാല്യം അസുഖമായി നയിച്ചു. എന്റെ പിതാവ് പരലോകപ്രാപ്തനായപ്പോൾ ഞാൻ കുഴങ്ങി. അതിൽ നിന്ന് വിമുക്തനാകുന്നതിനു മുമ്പായി ഞാൻ ഏതൊരു മാന്യ മാതാവിനെ സ്നേഹിച്ചുവോ, ആ മഹതിയുമായി വേർപിരിഞ്ഞു കൽക്കത്തയിലെ ഒരു ബോഡിങ്ങ് വിദ്യാലയത്തിലേയ്ക്കു എനിക്കു പോകേണ്ടി വന്നു. ഈ സ്ഥിതിയിൽ സന്തോഷ കണിക പോലും കൂടാതെ ഞാൻ അക്കാലമെല്ലാം കഴിച്ചുകൂട്ടി. പ്രായം തികഞ്ഞപ്പോൾ എനിക്ക് ആവശ്യമുണ്ടെന്നു ഞാൻ വിചാരിച്ച സന്തോഷം ഒരു യഥാൎത്ഥ വസ്തുവല്ലെന്നു എനിക്കു ബോദ്ധ്യമായി. എന്നല്ല, ഈ ഭൂഭാഗം മുഴുവൻ അയഥാൎത്ഥംകൊണ്ടു ഇരുളടഞ്ഞിട്ടുണ്ടെന്നും എനിക്കു മനസ്സിലായി. ബങ്കാളിലെ ശിശുക്കൾ, ജീവിതം ദുഃഖ ഭൂയിഷ്ഠമാണെന്നും അതു അന്ധകാര പൂൎണ്ണമായ ഒരു തുറുങ്കാണെന്നും പാപ പരിഹാരത്തിന്നു അത്യാവശ്യമായ ജ്ഞാനം ഇല്ലെന്നും പ്രകൃത്യാ തന്നെ മനസ്സിലാക്കിക്കഴിഞ്ഞിരിയ്ക്കുന്നു. ഇരുളല്ലാതെ മറെറാന്നും അവർ തങ്ങളുടെ പ

രോഭാഗത്തു കാണുന്നില്ല. ദാരിദ്ര്യം, അജ്ഞാനം, ദുർവൃത്തി, രോഗം എന്നിവ അവരെ കെട്ടത്തിക്കളയുന്നു. അവർ വൃദ്ധരായിപ്പിറന്നു. അവൎക്കു ബാല്യവുമില്ല; യൗവ്വനവുമില്ല. ഭയ ധ്വനിയും ഭയ ദൎശനവും ഇടകലൎന്ന ഒരു ജീവിതത്തെ അവർ കൈക്കൊള്ളുന്നു. സന്തോഷമെന്നുള്ളതു അവരുടെ ആയുഷ്കാലത്തിലില്ല. അവരുടെ ഇടയിൽ പററിക്കൂടിയിട്ടുള്ള മൂഢന്മാർ സുഖജീവിതത്തെപ്പററി ആലോചിച്ചു മന്ദഹസിക്കുന്നു; ജ്ഞാനികൾ അവരുടെ മന്ദഹാസത്തെ നിയന്ത്രിക്കുന്നു; പെൺകുട്ടികൾ പരപരിഹാസത്തിനു പ്രത്യേകം ബലിയായിത്തീരുന്നു. ജനനംകൊണ്ടു തന്നെ തങ്ങൾ വലിയ അപരാധികളായി തീൎന്നിട്ടുണ്ടെന്നു അവർ വ്യക്തമായി മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നതുകൊണ്ടു് സന്തോഷത്തിനു തങ്ങൾ അവകാശികളല്ലെന്നും ധരിച്ചുവശായിട്ടുണ്ടു" ദേവപ്രിയൻ വീണ്ടും തുടൎന്നു പറഞ്ഞു:—

"ഇതു എന്നെ അത്യധികം വ്യസനിപ്പിച്ചു. അതിനാൽ എന്റെ കാളേജു വിദ്യാഭ്യാസം തീൎന്ന ഉടൻ സമുദായത്തിന്റെ നികൃഷ്ട സ്ഥിതിയിൽ നിന്നും അതിനെ ഉയൎത്തുവാൻ കഴിയുന്നതു പ്രവൎത്തിക്കണമെന്നും സന്തോഷത്തിന്നുള്ള അവസരം നിർദ്ദേശിച്ചു കൊടുക്കണമെന്നും ഞാൻ തീർച്ചയാക്കി. ഇതൊരു ജോലി മാത്രമേ എനിക്കുള്ളൂ. എന്റെ ബന്ധുക്കൾ ആദ്യമായി എന്നെ ശകാരിച്ചു; രണ്ടാമതു ഭ്രാന്തനെന്നു വിളിച്ചു; പിന്നീടു് നിരാശപ്പെട്ടു. ഇപ്പോൾ ഞാൻ സന്തോഷ വിക്രയത്തിനായി ഒരു കച്ചവടക്കാരനേപ്പോലെ രാജ്യമെങ്ങും ചുററി സഞ്ചരിക്കയാണു്."

ഈ സമയമെല്ലാം അനിന്ദിത, അദ്ദേഹം പറയുന്നതു ശ്രദ്ധാപൂൎവ്വം കേട്ടുകൊണ്ടിരുന്നു. ദേവപ്രിയൻ പ്രസംഗം അവസാനിപ്പിച്ചപ്പോൾ അവൾ ജ്ഞാനമുള്ളവളായിത്തീൎന്നു. അവൾ പെട്ടെന്നുപ്രിയനേ നോക്കിക്കൊണ്ടു ഇപ്രകാരം അഭിപ്രായപ്പെട്ടു:—

"ഇപ്രകാരമല്ല ഒരു പ്രവൃത്തിയെക്കുറിച്ച് ഇന്നാണ് ഇദംപ്രഥമമായി എനിയ്ക്കു കേൾക്കാൻ ഇടവന്നതു്. സർവ്വഭ്രാതൃമൈത്രിയെ പുലർത്തുവാൻ വേണ്ടി ജീവിക്കുന്ന പലേ പരോപകാരികളേപ്പററിയും ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ ഇതേവരെ ഒരാളും സഹജീവിയുടെ സങ്കടത്തെ തീക്കുന്നതിന്ന പരിശ്രമിച്ചിട്ടില്ല. അങ്ങിനെ വേണമെന്ന വാസ്തവത്തിൽ അവക്കാഗ്രഹമുള്ളതായും അവർ വിചാരിച്ചിട്ടില്ല."

ദേ: പ്രി:—"അതായിരിക്കാം അവരുടെ ആശയം. ഞാൻ എൻെറ പ്രവൃത്തിയെ നിർവ്വഹിക്കുന്നതു് മററുള്ളവരെ സുഖിപ്പിക്കുന്നതിന്ന വേണ്ടിയാണ്. നമ്മുടെ രാജ്യത്തിലുള്ള ജനതയുടെ മാനസീകാന്തരീക്ഷം മാറിക്കൊണ്ടിരിക്കുന്നു"

അനി:—"കൊള്ളാം. അതു് ഏതായാലും ഒരു നല്ല കാലം തന്നെ. എന്നാൽ നിങ്ങളുടെ ജോലിയിൽ നിങ്ങൾ പിൻതുടരുന്ന സാമാന്യനിയമം എന്താണെന്ന എന്നോടു പറയുമോ?"

ദേ: പ്രി:—"പലതുമുണ്ട്. സർവ്വ ജനൈക്യത്തിന്നായി ശ്രമിക്കുന്ന ചില സ്നേഹിതന്മാരെ പിൻതുടൎന്നു, ഞാൻ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ലബ്ബും ഒരു നിശാ പാഠശാലയും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ എനിക്കു സ്വന്തമായ ചില നിയമങ്ങൾ ഉണ്ട്. കഴിവുള്ളിടത്തോളം സ്നേഹിതന്മാരെ സമ്പാദിക്കാനാണ് എൻെറ ഇപ്പഴത്തെ ശ്രമം. കുട്ടികൾക്കു ഞാൻ കഥ പറഞ്ഞു കൊടുക്കുന്നു; "ചിത്രപ്രദശ്ന"ങ്ങൾ കാണിച്ചുകൊടുക്കുന്നു; അവരെ ഞാൻ സക്കസ്സിന്നും സിനിമയ്ക്കും കൊണ്ടുപോകുന്നു. കുരങ്ങാട്ടികളേയും ജാലവിദ്യക്കാരേയും ഞാൻ അവക്കായി ഏപ്പാടുചെയ്തിട്ടുണ്ട്; ആ കളിക്കാർ കുട്ടികൾക്കുവേണ്ടി ജോലിചെയ്യുന്നു; കളിക്കാക്കു ഞാൻ ശമ്പളവും കൊടുക്കുന്നു."

അനി:—"രോഗത്തിന്ന ശരിയായ പ്രതിവിധി ഏപ്പെടുത്തിക്കഴിഞ്ഞു. എന്നാൽ നിങ്ങളുടെ കാൎയ്യപരിപാടികൾ എ

ല്ലാം നടപ്പിലായോ? നമ്മുടെ രാജ്യത്തുള്ളവരെ ഉണർത്തി നേർവഴിക്കു കൊണ്ടുപോവാമെന്നുള്ളത് അത്ര എളുപ്പമായ ഒരു കാര്യമല്ല"

ദേ: പ്രി.—"ചെറുപ്പക്കാരിൽ എന്റെ പ്രയത്നങ്ങൾ കൂടുതൽ കൂടുതൽ ഫലവത്തായിത്തുടങ്ങിയിരിക്കുന്നു. അവർക്ക് എന്നിൽ വലിയ ആദരവും ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. സന്തോഷം അവർ അവരിൽത്തന്നെ കാണുന്നു. ഉണങ്ങിവരണ്ട കല്ലുപോലെ ഇരിക്കുന്ന അവരുടെ ഹൃദയ ഗതിയുമായി യോജിക്കുക എന്ന കാര്യം തുലോം വൈഷമ്യമുള്ളതാണ്. അവരെ പരിഷ്കൃതരാക്കുവാനാണ് എന്റെ ശ്രമം. തത്വശാസ്ത്രീയ ലോകത്തിൽ അധികം പേരും മറ്റുള്ളവരെ സുഖിപ്പിക്കുന്നതിനായി വേല ചെയ്യുന്നു. പക്ഷെ അനുഭവം നേരെ മറിച്ചാണ്."

അനി:—"എന്റെ സുഹൃത്തുക്കളായ വിശിഷ്ട സ്ത്രീകളുമായി നിങ്ങളെ ഞാൻ പരിചയപ്പെടുത്താം. അവർ അവരുടെ കൺമുമ്പിൽ സദാ കാണുന്ന ദുഃഖിതരെ സമാധാനിപ്പിക്കുന്നതിൽ ജാഗരൂകമാരാണ്."

ദേ: പ്രി—"എനിക്കും അതു വളരെ നല്ല കാര്യമായി തോന്നുന്നുണ്ട്. ചെറിയ പെൺകുട്ടികളെ സുഹൃത്തുക്കളായികിട്ടുന്നതുകൊണ്ട് വലിയ പ്രയോജനമൊന്നും ഇല്ല. സ്ത്രീ സമാജത്തിലേക്കുള്ള പ്രവേശനം വിശ്വസിതമായിരിക്കണമെന്നു എനിക്കാഗ്രഹമില്ല. ഭവതി എനിക്ക് ഒരു മാർഗ്ഗദർശിനിയായി വേല ചെയ്യാമെന്നുള്ള പക്ഷം ഇതെല്ലാം എളുപ്പത്തിൽ സാധിക്കും. അവരുടെ ഇടയിൽ എന്നെ പരിചയപ്പെടുത്തുന്നതിനേക്കാൾ കുറേക്കൂടി നല്ലതു് ഭവതിതന്നെ ജോലി കയ്യേറ്റ് അവരുടെ ഇടയിൽ അതു് നടപ്പിൽ വരുത്തുകയായിരിക്കും. അവരുടെ ഇടയിൽ എനിക്കുള്ള സ്ഥാനം ചൈനാ ഷാപ്പിലെ ആനയെപ്പോലെയേ ഇരിക്കുയുള്ളു."

അനി:—"നിങ്ങളുടെ മാസ്റ്റർശിനിയായിരിയ്ക്കത്തക്ക ധീരത എനിയ്ക്കുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ നിങ്ങളുമായി സഹ പ്രവൎത്തനം തുടങ്ങുന്നപക്ഷം മററുള്ളവർ അനുഭവിക്കുന്ന സന്തോഷത്തിന്റെ അംശം എനിക്കും ആസ്വദിക്കാമായിരുന്നു."

അനിന്ദിത സംഭാഷണം പെട്ടെന്നു നിറുത്തി. സ്വകാൎയ്യ ദുഃഖത്തെപ്പററിയുള്ള ഒരു ഭാവന അനാവശ്യമായി അവൾക്കുണ്ടായി. സൎവ്വോപരിയായി അതു് അവളെ അലട്ടിയിരുന്നു. അതു മനസ്സിലാക്കുവാൻ ദേവപ്രിയന്നു സാധിയ്ക്കാതിരുന്നില്ല.

സംഭാഷണത്തിൽനിന്നു വിരമിക്കാതിരിക്കുവാൻ ശ്രമിച്ചുകൊണ്ടു് ദേവപ്രിയൻ പറഞ്ഞു:—"എന്റെ അമ്മ എന്നെ അവരുടെ വിള കാക്കുവാനായിട്ടാണു് ഇവിടെ കൊണ്ടുവന്നിട്ടുള്ളതെങ്കിലും ഞാൻ എന്റെ സ്വന്തം പ്രവൃത്തി കൂടി നടത്താനാണു് തീരുമാനിച്ചിട്ടുള്ളതു്. ഇവിടെ എന്റെ ഒരു വ്യാപാര ശാഖ തുറക്കണമെന്നു് ഞാൻ വിചാരിയ്ക്കുന്നു. അതിന്നാവശ്യമുള്ളതെല്ലാം കൊണ്ടുവന്നിട്ടുമുണ്ടു്"

അനി:—"അങ്ങിനെയോ? എപ്പോഴാണതു ആരംഭിക്കുന്നതു്? നിങ്ങളുടെ പുഞ്ചിരി വിദ്യാലയത്തിൽചേൎന്നു പ്രവൎത്തിയ്ക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു."

ദേ: പ്രി:—"ഇവിടത്തുകാർക്കു് കാലത്തും ഉച്ചക്കും ധാരാളം ജോലിയുണ്ടു് ആ സമയത്തു അവരെക്കൊണ്ടു് ഒരു കാൎയ്യവും നടക്കുകയില്ല. വൈകുന്നേരമാണിതിന്നു നല്ല സമയം. നിങ്ങൾ വാസ്തവത്തിൽ വരണമെന്നു വിചാരിക്കുന്നുവോ? ഞാൻ നിങ്ങൾക്കു്, ഗൃഹത്തിലേക്കു്, ക്ഷണിക്കാൻ, ആളയക്കട്ടെയോ"

അനിന്ദിത പൊട്ടിച്ചിരിച്ചുകൊണ്ടു് "ഇതു് കല്ക്കത്തയല്ലെന്നുള്ള കാൎയ്യം നിങ്ങൾ മറന്നുപോകുന്നു. നിങ്ങളുടെ വരവു് അപരിചിതമായി വിചാരിക്കപ്പെടുവാനാണു് എളുപ്പമുണ്ടാവുക ഭയപ്പെടേണ്ട, ഞാൻ വന്നുകൊള്ളാം." എന്നിങ്ങനെ പറഞ്ഞു.

ദേവപ്രിയന്നു സന്തോഷമായി. കൽക്കത്ത വിട്ടതിന്നുശേഷം ഈ വിധം ആഹ്ലാദകരവും അത്ഭുതകരവുമായ ഒരു കൂട്ടുകെട്ടു് ഉണ്ടാവുമെന്നു അദ്ദേഹം ഒരിക്കലും വിചാരിച്ചിരുന്നില്ല. ഉൾനാട്ടിലെ മുഷിഞ്ഞ വാസം ഏറത്താമസിയാതെ സന്തോഷകരമായി പരിണമിക്കുമെന്നു ദേവപ്രിയൻ കരുതി ആശംസിച്ചു.

അന്തരീക്ഷത്തിലെ സ്ഥിതിയെപ്പററി രണ്ടു യുവാക്കളും മറന്നുപോയിരുന്നു. പെട്ടെന്നു മിന്നൽപ്പിണർപോലെയുള്ള ഒരു വിചാരം അവരുടെ ഹൃദയത്തിലൂടെ പാഞ്ഞു പോയി. അവിടവിടെ ചായിക്കിടക്കുന്ന ശുഷ്കപത്രങ്ങളിലും, വികസിച്ചുനില്ക്കുന്ന പുഷ്പങ്ങളിലും തട്ടിവരുന്ന ഒരു ശീത മാരുതൻ അവരുടെ മുഖത്തെ സ്വേദകണം തടവി.

"എനിയ്ക്കിപ്പോൾ മടങ്ങിപ്പോകേണ്ടിയിരിയ്ക്കുന്നു. ഞാൻ നാളെ ഇങ്ങോട്ടു വരുമെന്നുള്ള കാര്യം മറക്കയില്ലല്ലൊ" എന്നിങ്ങിനെ പറഞ്ഞുംകൊണ്ടു് മന്ദഹാസപൂർവ്വം അനിന്ദിത അവളുടേ സങ്കേതത്തിലേക്കു മടങ്ങി.

ആ തരുണീ രത്നത്തിന്റെ പദ വിന്യാസ ഭംഗിയേയും, ദ്രുത ഗതിയേയും വീക്ഷിച്ചുകൊണ്ടു് ദേവപ്രിയൻ കുറെ നേരം ആ ആരാമമദ്ധ്യത്തിൽ നിന്നു. അനന്തരം അദ്ദേഹം ആ പ്രാചീന ഉദ്യാനത്തിൽ നിന്നു മടങ്ങി.

അദ്ധ്യായം 8.

‘ശൂരരാം തൻ ജയമൊക്കെയെന്നു, വസന്തത്തുമ്പാലെ ബോധപ്പോൾക്ക-
പ്രച്ഛന്നാംകുഴി ഇടച്ചുകൊണ്ടു തിരിയെപ്പോന്നാൻ ജഡപ്രായനായ്.’’

അനിന്ദിത ഗൃഹത്തിൽ എത്തുന്നതിന്നു മുമ്പായി ഒരു വലിയ മഴ ആരംഭിച്ചു. ഗൃഹത്തിന്റെ പിൻഭാഗത്തുള്ള ഉദ്യാന-

ത്തിൽക്കൂടി അവൾ നേരിട്ടു സ്വന്തം മുറിയിൽ ചെന്നെത്തി. അവിടെ അവളുടെ ഇളയമ്മ ഒരിക്കലും അവസാനിക്കാത്ത തുന്നൽപ്പണി എടുത്തുകൊണ്ടു ഇരിക്കയായിരുന്നു. അനിൻഡിതയേ നോക്കിക്കൊണ്ടു "ഈ സമയംവരെ നീ എവിടെയായിരുന്നു? സഹോദരി നിന്നെക്കാണാഞ്ഞു ഉൽക്കണ്ഠിതയായിട്ടാണിരിക്കുന്നതു്" എന്നിങ്ങിനെ പറഞ്ഞു.

അനി:—"ഞാൻ ഉദ്യാനത്തിൽ ഒന്നു ചുററുകയായിരുന്നു. ഇപ്പോൾ മടങ്ങിയെത്തിയതു ഭാഗ്യമായി; അല്ലെങ്കിൽ, ഞാൻ തീർച്ചയായും മഴയിൽ കുളിക്കുമായിരുന്നു"

ഇളയമ്മ:- "എന്നിട്ടും ദാ, നനഞ്ഞുകഴിഞ്ഞല്ലോ. പോയി വസ്ത്രങ്ങൾ മാററുക"

അനിൻഡിത അവളുടെ അറയിലേക്കു പോയി വസ്ത്രങ്ങൾ മാററി. അനന്തരം ഒരു ബുക്കും എടുത്തുകൊണ്ടു അവൾ മുറിയിലുള്ള ജാലകത്തിന്നരികിലായി ഇരുന്നു. അവളുടെ മനവും മിഴികളും ഗ്രന്ഥത്തിലെ ഏടുകളിൽ സശ്രദ്ധം പതിയ്ക്കുന്നതിന്നു അശക്തങ്ങളായിത്തീർന്നു. പുറമെ നൃത്തംചെയ്യുന്ന മഴത്തുള്ളികളിൽ നിന്നു് പൊഴിയുന്ന ജലശീകരങ്ങൾ ഭൂദേവിയുടെ ദാഹത്തെ ശമിപ്പിക്കുന്നതിന്നു പര്യാപ്തങ്ങളായിരുന്നു. എന്നാൽ ഭൂമിയിലേക്കു നേരെ പതിയ്ക്കുവാൻ കൊടുങ്കാററു സമ്മതിക്കായ്കയാൽ കാറേറാടുകൂടി കുറെനേരം കളിയ്ക്കാതിരിക്കുവാൻ അവയ്ക്കു കഴിവുണ്ടായില്ല. കാററിൻെറ ശക്തിയാൽ മഴത്തുള്ളികൾ പാറി വരാന്തയിലും ജാലകപ്പടികളിലും വീണുകൊണ്ടിരുന്നു. മാലാകാരത്തിൽ അന്തരീക്ഷം വിട്ടിറങ്ങുന്നമഴത്തുള്ളികൾ പിന്നീടു ചെറുതെന്ന വെള്ളത്തിരശ്ശീലപോലെ രൂപാന്തരം പ്രാപിച്ചു.

ദേവപ്രിയനെപ്പററിയുള്ള വിചാരങ്ങൾകൊണ്ടു് അനിൻഡിതയുടെ ഹൃദയം പരിപൂർണ്ണമായി. ദേവപ്രിയൻ സാധാരണ നല്ലാതിരുന്നപോലേ അദ്ദേഹത്തിൻെറ വാക്കുകളും അസാ

ധാരണങ്ങളായി അവൾക്കു തോന്നി. അനിന്ദിത അവളുടേ ആയുഷ്കാലത്തിൽ പല യുവാക്കന്മാരേയും കണ്ടിട്ടുണ്ടു്. എന്നാൽ അവരിൽ അധികവും ചങ്ങാത്തത്തിന്നു അൎഹന്മാരായിരുന്നില്ല. അവരെക്കുറിച്ചു ഒരാൾക്കും സമാധാനിക്കാൻ വഴിയില്ല. സ്വാഭാവികമായി ഒരു വാക്കുപോലും പുറപ്പെടുവിയ്ക്കുന്നതിന്നു മുമ്പിൽ അവർ സാമുദായിക കാൎയ്യങ്ങളെപ്പററി കണ്ഠക്ഷോഭം ചെയ്യാൻ തുടങ്ങും. അനിന്ദിതയ്ക്കു ഈ സംഗതി പല അവസരത്തിലും അനുഭവമാണു്. എന്നാൽ ദേവപ്രിയനാകട്ടെ അനിന്ദിതയുടെ ഹൃദയാന്തർഭാഗത്തിൽ ഒരു പ്രത്യേക സ്ഥാനത്തു പ്രതിഷ്ഠാപിതനായിക്കഴിഞ്ഞു. സാമുദായിക നിയമങ്ങളെ കൊണ്ടു മനുഷ്യരെ പുറത്തു വിടാത്ത, ചെറിയതും വലുതുമായ, സോപാനങ്ങളെപ്പററിയുള്ള ശ്രദ്ധപോലും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. അദ്ദേഹം അവളെ രണ്ടു പ്രാവശ്യം മാത്രമേ കണ്ടിട്ടുള്ളു. എങ്കിലും ചിരപരിചിതനായ ഒരുവനെപ്പോലെ അദ്ദേഹം, തന്നേയും, തന്റെ പ്രവൃത്തികളേയും പററി അവളോടു പറഞ്ഞു കഴിഞ്ഞിരിക്കുന്നു. പൊതുജന ദൃഷ്ടിക്കു സ്തുത്യൎഹമായി തോന്നുന്നവയായായിരുന്നില്ല അദ്ദേഹത്തിന്റെ സംരംഭങ്ങളും പ്രവൃത്തികളുമെങ്കിലും, അവയെ പരിഗണിക്കാതെ അദ്ദേഹം അനിന്ദിതയ്ക്കു് സ്വഹൃദയം തുറന്നു കാണിച്ചുകൊടുത്തു.

എന്നാൽ ദേവപ്രിയന്റെ ഹാസ്യ വിദ്യാലയം സന്ദൎശിക്കാമെന്നു അവൾ സ്വയം ചെയ്ത വാഗ്ദാനത്തിന്റെ സ്ഥിതിയെന്താണു്? അവൾക്കു അതെങ്ങിനെ സാധിക്കും? ആയാൾ എവിടേയാണു് താമസിക്കുന്നതെന്നുകൂടി അവൾക്കറിഞ്ഞുകൂടാ. മാത്രമല്ല, ഗൃഹത്തിലുള്ളവർ അവൾ പോകുന്നകാൎയ്യം അനുവദിക്കുമൊ എന്നുകൂടി അവൾക്കു നിശ്ചയമില്ല. മുത്തച്ഛനും അമ്മായിയ്ക്കും സമ്മതമാകുന്നവിധത്തിൽ കാൎയ്യം പറഞ്ഞു അ

വരെ മനസ്സിലാക്കേണ്ടതെങ്ങിനെയാണെന്നു കൂടി അനിന്ദിതയ്ക്കറിവില്ല.

പ്രായോഗികങ്ങളല്ലാത്ത കുറേ മാറ്റങ്ങൾ ഹൃദയത്തിൽ രൂപവൽക്കരിച്ചുകൊണ്ട് അനിന്ദിത സ്വയം നിരാശയിൽ പെട്ടു. പുസ്തകത്തിൽ ശ്രദ്ധ പതിപ്പിക്കുവാൻ അവൾ ശ്രമിച്ചു. മഴ മാറിത്തുടങ്ങി. വളരേ നേരത്തെ പ്രയത്നംകൊണ്ടു ക്ഷീണിച്ചിട്ടെന്നപോലെ കാർമേഘനടന്മാർ അന്തരീക്ഷ രംഗം, വിട്ടുമാറുവാൻ ആരംഭിച്ചുകഴിഞ്ഞു. "ഗൃഹനായകൻ വന്ന് കൊച്ചമ്മയെ കാണ്മാൻ ആവശ്യപ്പെടുന്നു" വെന്ന് ഒരു പരിചാരിണി വന്ന് അനിന്ദിതയെ അറിയിച്ചു. അനിന്ദിത അദ്ദേഹത്തിൻെറ സന്നിധിയിലേക്കു പുറപ്പെട്ടു. അപ്പോഴും അവളുടെ ഹൃദയം ചിന്താക്രാന്തമായിത്തന്നേ ഇരുന്നു.

സുശീലൻ സ്കൂൾ വിട്ടു മടങ്ങിയെത്തി. അനിന്ദിതയെ കണ്ടപ്പോൾ അവൻ ഇങ്ങിനേ പറഞ്ഞു. "ഇന്നു ചിത്രം കാണിക്കലും പാട്ടുകച്ചേരിയും ആട്ടവും മററും ഉള്ളതറിഞ്ഞില്ലേ? ഞാനതു കാണ്മാൻ പോകയാണ്"

"ശരിതന്നെയോ? നീ എന്നേക്കൂടി കൊണ്ടുപോകയില്ലേ?" എന്നു അനിന്ദിത ചോദിച്ചു.

തൻെറ ജീവിതത്തിൽ ഇതിന്നുമുമ്പു അനിന്ദിതയെപ്പോലുള്ള ഒരുവളിൽ നിന്ന്, ഈ വക വിനോദങ്ങൾക്കിഷ്ടപ്പെട്ടുന്നുവെന്നു പറയുന്ന ഒരു വാക്കെങ്കിലും കേൾപ്പാൻ സുശീലനു ഭാഗ്യമുണ്ടായിട്ടില്ല. ആ ഊർനാട്ടിലെ സ്ത്രീകൾ ദേവാലയത്തിൽ പോകാറുള്ളതല്ലാതെ ഈ വകയ്ക്കൊന്നും ഇഷ്ടപ്പെടുന്നവരല്ലായിരുന്നു. "അതു വളരെ ദൂരേയാണല്ലോ. നിങ്ങൾക്കെങ്ങിനേയാണ് പോകാൻ കഴിയുക" എന്നു സുശീലൻ പറഞ്ഞു.

ഈ സമയത്തു ഉമാഗതി ബാബു അവരിരിയ്ക്കുന്നിടത്തേക്കു കടന്നുവന്ന് "എന്താണധികം ദൂരെ? എവിടേയ്ക്കാണ് നിങ്ങൾ പോവാൻ വിചാരിക്കുന്നത്" എന്നു ചോദിച്ചു.

അനിന്ദിത മന്ദഹസിച്ചുകൊണ്ട് സംഗതി അദ്ദേഹത്തിനോട് സവിസ്തരം പ്രസ്താവിച്ചു. "നീ പോകാൻ ഭാവിക്കുന്നുവെങ്കിൽ വണ്ടി ഏപ്പാടചെയ്യാം; ഗേററുകാവല്ക്കാരിൽ ഒരാളേ സഹായത്തിനയച്ചുതരികയും ചെയ്യാം" എന്നു ബാബു മറുവടി പറഞ്ഞു.

ഠരം വക വിനോദങ്ങളിൽ പങ്കു കൊള്ളുവാൻ വാസ്തവത്തിൽ അനിന്ദിതയ്ക്കാഗ്രഹമുണ്ടായിരുന്നില്ല. മററുള്ളവൎക്ക് അതു നിന്ദാഹ്മായി തോന്നുകയും ചെയ്യും. എന്നാൽ ഗത്യന്തരമില്ലാത്തതുകൊണ്ട് അവഠം പോകാമെന്നു തന്നെ തീരുമാനിച്ചു. ഉഠംനാട്ടിൽക്കൂടെ സായന്തന സവാരി ഏററവും വിനോദപ്രദമായിരിക്കുമല്ലൊ. പക്ഷെ, സെമിന്ദാരുടെ പൗത്രി കാൽനടയായി സഞ്ചരിക്കുന്നതു ഒരിക്കലും ഉചിതമായിരിക്കുന്നതല്ല. അതൃപ്തികരമെങ്കിലും കൽക്കത്തയിലെ നിരത്തുകളിൽ കൂടി ആൎക്കും ഏതു സമയത്തും സഞ്ചരിക്കുന്നതിനു വിരോധമില്ല ഏററവും സന്തോഷകരമെങ്കിലും ഠരം നാട്ടിലെ നിരത്തുകളിൽക്കൂടി അനിന്ദിത നടന്നുപോകുന്നതു മററുള്ളവൎക്ക് തീരെ രുചിക്കുന്ന ഒരു സമ്പ്രദായമായിരിയ്ക്കയില്ല. എന്നല്ല, അതു കുററാരോപണത്തിന്നുള്ള ഒരു തെളിഞ്ഞ മാൎഗ്ഗം കൂടെയായിരിക്കും. ഠരം നില അനിന്ദിതയ്ക്കും ഇഷ്ടമായി തോന്നിയില്ല. എങ്കിലും മുത്തച്ഛൻ അവളെ പോകാനനുവദിച്ചതുകൊണ്ടു അവഠം സന്തോഷിക്ക തന്നെ ചെയ്തു.

ദേവപ്രിയൻെറ ഗൃഹത്തിലേയ്ക്ക് എത്തുവാൻ ഏറെ നേരം വേണ്ടിവന്നില്ല. വണ്ടിയിൽ നിന്നിറങ്ങിയ ഉടനെ ആ ഗൃഹത്തിൻെറ പ്രവേശന ദ്വാരം പലേ തരത്തിലും, പലേ പ്രായത്തിലുമുള്ള കുട്ടികളേ കൊണ്ടു നിറഞ്ഞിരുന്നതായി അനിന്ദിത കണ്ടു. ഉഠംനാട്ടിലെ ചില ചെറുപ്പക്കാർ ദേവപ്രിയൻെറ കൂട്ടുകാരായി, അദ്ദേഹത്തിൻെറ മുറിയിൽ ഇരിയ്ക്കുന്നുണ്ടായിരുന്നു. കുറേ പേർ അവിടവിടെ ചുററി നടക്കുന്നുണ്ട്. അഹങ്കാരത്തിന്നു

പ്രൗഢിയ്ക്കും കുറവു വന്നെങ്കിലോ എന്ന ഭയന്ന അവർ കുട്ടികളുടെ കൂട്ടത്തിൽ ചേരാതെയാണ് നിന്നിരുന്നത്. ചില കൃഷിക്കാരും കുറെ തൊഴിലാളികളും ആ കൂട്ടത്തിൽ ഉണ്ടായിരുന്നില്ലെന്നില്ല.

അനിന്ദിത വരുമെന്ന താൻ പ്രതീക്ഷിച്ചിട്ടുള്ളതായി ദേവപ്രിയൻ ഹൈമവതിയോട് കാലേ കൂട്ടി പറഞ്ഞിരുന്നു.

ആ വൃദ്ധസ്ത്രീയ്ക്ക് ഈ വക കാര്യങ്ങളിലൊന്നും വലിയ ആസക്തിയില്ലെങ്കിലും ഉപചാര പരിപാലനത്തിന്ന വേണ്ടി പുറത്തുവന്ന അനിന്ദിതയ്ക്ക സ്വാഗതം നൽകി. പ്രിയൻെറ അമ്മയാണ് ഈ സല്ക്കാരത്തിനൊരുങ്ങിയതെന്ന് ഛായ കണ്ടു അനിന്ദിതക്ക ക്ഷണത്തിൽ മനസ്സിലായി. ഉടനെ അവൾ ആ വൃദ്ധയെ ബഹുമാനപുരസ്സരം കുമ്പിട്ടു തൊഴുതു. ഹൈമവതി യുവതിയെ ഒരു മുറിയിലേക്ക കൂട്ടിക്കൊണ്ടുപോയി, ഇപ്രകാരം പറഞ്ഞു:—"ഓമനേ, ഇരിയ്ക്കു. എല്ലാം കാണുന്നതിന്ന നിനക്ക സാധിയ്ക്കും."

അനിന്ദിത, പകുതിമാത്രം തുറക്കപ്പെട്ടിട്ടുള്ള വാതിലിലൂടെ അടുത്ത മുറിയിലേയ്ക്ക കടന്നു. അവിടം ജനബാഹുല്യം കൊണ്ടു പരിപൂർണ്ണമായിരുന്നു. അവരുടെ നടുവിലായി ഒരു സംഗീത ഗ്രാഹി യന്ത്രവും ഇരിയ്ക്കുന്നുണ്ട്. ദേവപ്രിയനെ ചിലർ റിക്കാട്ടുകൾ തരം തിരിച്ചു എടുത്തു കൊടുത്തു സഹായിച്ചു കൊണ്ടിരുന്നു. മററു ചിലർ പുക വലിച്ചു കൊണ്ടിരുന്നു.

ഗാന ഗ്രാഹി യന്ത്രം പ്രവർത്തിപ്പിയ്ക്കപ്പെട്ടപ്പോൾ കുട്ടികൾ വേഗത്തിൽ അകത്തേക്ക കടന്നു. ചെറിയ കുട്ടികളുടെ കരച്ചിലും അവരേക്കാൾ പ്രായം കൂടിയ കുട്ടികൾ കരച്ചിൽ നിർത്തുവാൻവേണ്ടി ശാസിക്കുന്നതും കുറേ നേരത്തേക്ക സംഗീതത്തെ ഗ്രസിച്ചുകളഞ്ഞു. ദേവപ്രിയനും മററു രണ്ടു മൂന്ന ചെറുപ്പക്കാരും കുട്ടികളെ സമാധാനിപ്പിച്ചു വീണ്ടും യന്ത്രം നടത്തി. വരാന്തയ്ക്ക പുറത്തും ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. നരച്ച വൃദ്ധരു

ടെ ശിരസ്സുകഠം ജാലകങ്ങഠം വഴിയായി അകത്തേക്ക നീട്ടപ്പെട്ടു. കൂട്ടത്തിൽ കുട്ടികളുടേ മുഖവും ഉണ്ടായിരുന്നില്ലെന്നില്ല.

കുറെ നേരം അങ്ങിനേയും കഴിഞ്ഞു. ഉടനെ യുവാക്കന്മാർ ഓരോരുത്തരായി പിരിയുവാനാരംഭിച്ചു. അരുടെ സ്ഥാനം പുതിയ പുതിയ സന്ദർശകന്മാർ കയ്യൂലാക്കി. ആഭരണങ്ങളുടെ കിലുക്കം ഇടക്കിടെ കേഠംപ്പാൻ സാധിച്ചതിനാൽ ഗ്രാമത്തിലെ സ്ത്രീകളും അവിടെ സന്നിഹിതരായിട്ടുണ്ടെന്ന ദേവപ്രിയന്ന മനസ്സിലായി. അവർ വരുന്ന പക്ഷം അവരുടെ സൗകര്യത്തിന്നായി ഒരു തിരസ്കരണി ആ രണ്ടു മുറികഠംക്കും ഇടയിലായി അദ്ദേഹം ഏപ്പെടുത്തിയിട്ടുണ്ടായിരുന്നു.

ബയസ്ക്കാപ്പിൽനിന്നും സ്വനഗ്രാഹിയന്ത്രത്തിൽ നിന്നും കണ്ണെടുക്കാതെ ശ്രദ്ധിച്ചു കൊണ്ടിരിയ്ക്കുന്ന സ്ത്രീ ജനങ്ങളെക്കണ്ട് അനിന്ദിതയ്ക്കു് പ്രഥമ ദൃഷ്ടത്തിൽത്തന്നെ ആശ്ചര്യംതോന്നി. അനിന്ദിതയുടെ സൗന്ദര്യവും, പ്രായവും, വസ്ത്രങ്ങളും അവിവാഹതനിലയും ആയിരുന്നു് സ്ത്രീകളുടെ സംഭാഷണ വിഷയം. പക്ഷെ ആ രഹസ്യസംഭാഷണം ഇന്നതാണെന്നറിയുവാൻ അവഠംക്ക് കഴിവുണ്ടായില്ല.

ഒന്നര മണിക്കൂർ സമയത്തിന ശേഷം പ്രദർശനം അവസാനിച്ചു. പിറെറ ദിവസവും വിനോദമുണ്ടാകുന്നതാണെന്നുള്ള ആശയോടു കൂടി സന്തോഷിച്ചു് കൂട്ടകാർ മടങ്ങി. അനിന്ദിതയുടെ അരികിലിരുന്ന സ്ത്രീ ജനങ്ങഠം അവളെ തിരിച്ചറിയാതെ അവരവരുടെ ഗൃഹങ്ങളിലേക്ക തിരിച്ചു.

ഈ സമയത്തെല്ലാം ദേവപ്രിയൻ അനിന്ദിതയുടെ ആഗമനത്തെക്കുറിച്ചു ഓർത്തു മതി മറന്നിരിയ്ക്കയായിരുന്നു. എല്ലാവരും പോയി മുറി ഒഴിഞ്ഞപ്പോഠം അദ്ദേഹം തിരസ്കരണി മാററി അനിന്ദിതയോടു് "എൻെറ പുതിയ വിദ്യാലയത്തിൻെറ ആദ്യസമ്മേളനം ഭവതിയ്ക്കു രസിച്ചുവോ?" എന്നു ചോദിച്ചു.

"ഓ, രസിച്ചു. ഞാനും കൂടി സന്തോഷത്തിൻ മുങ്ങിപ്പോ

യി. നിങ്ങൾ ഈ വിനോദപ്രദർശനത്തിന്ന 'ടിക്കററ്' വെച്ചിരുന്നുവെങ്കിൽ ആദായത്തിൽ പകുതിയ്ക്കു ഞാൻ അവകാശിയാകുമായിരുന്നു. എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ അതിഥികളായ സ്ത്രീകൾ സംഗീതത്തിനേക്കാളും ബയസ്കോപ്പിനേക്കാളും, കൂടുതൽ എന്നിലാണ് ശ്രദ്ധ പതിച്ചതു്." എന്ന അനിന്ദിത പറഞ്ഞു.

"അപ്പുറം വാസ്തവമായും ഭവതി എന്നെ സഹായിച്ചുവോ? ദിവസവും വരുമെന്ന ഞാൻ വിശ്വസിക്കുന്നു. നാളെ മുതൽ സ്വല്പം പ്രസംഗം കൂടി നടത്തണമെന്ന ഞാൻ വിചാരിയ്ക്കുന്നുണ്ട്. പക്ഷെ അതു ഈ നാട്ടുകാർക്ക തിക്തകമായി തോന്നിയേക്കാം. എന്നാൽ സ്വല്പം പഞ്ചസാര കൂടി ഞാൻ അതിൽ ചേർത്തു വിളമ്പും. അല്ലെങ്കിൽ അവർ രുചി നോക്കുന്നതേയല്ല."

അനി:—"ശരി; എന്നാൽ നിങ്ങൾ നിങ്ങളുടെ മന്ദഹാസ വിദ്യാലയത്തിൽ പ്രസംഗം ആരംഭിയ്ക്കുന്നതെന്തിനായിട്ടാണ്?"

ഡേ: പ്രി:—"എങ്ങിനെയാണ ചിരിയ്ക്കേണ്ടതെന്ന അവരെ മനസ്സിലാക്കേണ്ടതിലേക്കാണ്. ഈ ഉൾനാട്ടിലെ യുവാക്കന്മാർ ഏതു സംഗീതവും ശ്ലാഘിക്കുന്നതല്ലെന്ന ഭവതിക്ക മനസ്സിലായിക്കഴിഞ്ഞതല്ലോ. ഇതാണ ദുഷിച്ച വിദ്യാഭ്യാസത്തിന്റെ ഫലം. യഥാർത്ഥസന്തോഷം അനുഭവിക്കണമെങ്കിൽ ഏതൊരുവനും അദ്യമായി യഥാർത്ഥ വിദ്യാഭ്യാസമാണ വേണ്ടതു്.

അനി:—"ഈ ജനങ്ങളെല്ലാം വിദ്യാഭ്യാസമില്ലാത്തവരെന്നോ നിങ്ങൾ വിചാരിക്കുന്നതു?"

ഡേ: പ്രി: "അല്ല; എന്നാൽ അവരുടെ നിത്യ ജീവിതം അവരുടെ വിദ്യാഭ്യാസത്തെ സ്പർശിക്കുക പോലും ചെയ്തിട്ടില്ല. ഞാൻ അവരെ ഒരു നിശാ പാഠശാലയുടെ സഹായംകൊണ്ടു

വിജ്ഞാനികളാക്കിക്കൊള്ളാമെന്നു തീൎച്ചയായും പ്രതീക്ഷിക്കുന്നില്ല. ഒന്നാം പാഠമോ റോയൽ റീഡറോ അവരെ പഠിപ്പിയ്ക്കുകയല്ല, അവരുടെ ചിന്താശക്തിയേയും ബഹുമാന പ്രാഭവത്തേയും ഉണൎത്തുകയാണു എന്റെ കൎത്തവ്യമെന്നു ഞാൻ വിശ്വസിയ്ക്കുന്നു. എനിക്ക് എന്റെ ശിഷ്യരെ പഠിപ്പിക്കുന്നതിനേക്കാൾ അധികം നന്മയായിരിയ്ക്കുക സംസാരിക്കലാണ്. സംഭാഷണാവസരത്തിൽ ഇതിനു മുമ്പ് ഒരിക്കലും പറഞ്ഞിട്ടില്ലാത്ത സംഗതികൾ പറഞ്ഞുപോകുന്നു. അവർ അവരുടെ ഹൃദയങ്ങളിൽ പല നൂതനശക്തികളേയും കണ്ടെത്തുന്നു. ഒരു മാൎഗ്ഗദൎശിയായി ഞാൻ ഇരിയ്ക്കമാത്രമേ വേണ്ടൂ.”

ഹൈമവതി ഇതെല്ലാം കേട്ടു മൗനം ദീക്ഷിച്ചിരുന്നതേയുള്ളൂ. നഗരവാസികളായ പെൺകുട്ടികൾ വിദ്യാഭ്യാസം ചെയ്തിട്ടുണ്ടെന്നും അവരെക്കൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നും ഒരു വൃദ്ധ കേൾക്കുകയുണ്ടായിട്ടുണ്ട്, യാതൊരു ബന്ധവുമില്ലാത്ത പുരുഷന്മാരുമായി നേരിട്ടിരുന്നു സംസാരിക്കുവാൻ ഇത്തരക്കാൎക്കു സാധിയ്ക്കുമെന്നു ഇപ്പോൾ മാത്രമേ ഹൈമവതിയ്ക്കു അറിയാൻ കഴിഞ്ഞുള്ളൂ. ഹൈമവതിയുടെ ആശ്ചൎയ്യം കണ്ടു് അനിന്ദിത സംഭാഷണം നിറുത്തി ഇങ്ങിനെ പറഞ്ഞു:—
“നേരം വൈകുന്നു. ഞാൻ ഇപ്പോൾ പോകട്ടെ”

ദേ: പ്രി—“ഭവതി എന്റെ പ്രസംഗശ്രവണത്തിൽ നിന്നു രക്ഷപ്പെടുവാനോ ശ്രമിക്കുന്നതു്? രസമില്ലാത്തവരെ ചിരിപ്പിയ്ക്കുന്നകാൎയ്യം എനിക്കത്ര സാധ്യമല്ല. ചിലർ ഞാൻ പറയുന്നതു കേൾക്കുന്നതിൽ ശ്രദ്ധ പതിയ്ക്കുന്നുണ്ടു്. അതൊന്നുകൊണ്ടു ഞാൻ വളരെ തൃപ്തനായിത്തീരുകയും ചെയ്യുന്നു. നേരം വൈകിച്ചതുകൊണ്ടു മുഷിയരുതേ.”

“ഞാൻ നാളേയും വന്നുകൊള്ളാം” ഇത്രയും പറഞ്ഞ് അനിന്ദിത, ഗൃഹത്തിലേക്കു പുറപ്പെട്ടു.

കേരള സാഹിത്യ അക്കാദമി

അനിന്ദിത പോയ ഉടൻ ഹൈമവതി പുത്രനെ നോക്കി ഇപ്രകാരം പറഞ്ഞു:—"എന്തു സൗന്ദര്യമുള്ള പെൺകുട്ടി! എന്നാൽ എന്തുകൊണ്ടാണ് അവൾ ഇനിയും അവിവാഹിതയായിരിക്കുന്നതു്? ആ വൃദ്ധനു പണമില്ലെന്നോ?"

ദേ: പ്രി:—"എങ്ങിനെയാണമ്മേ അതു് ഞാൻ അറിയുക?"

ഹൈ:—"ഓ, നിനക്കതു നല്ലപോലെ അറിയാമെന്നു കരുതിയാണ് ഞാൻ ചോദിച്ചതു്. എന്നാൽ നമുക്കു മററുള്ളവരുടെ കാര്യം അറിഞ്ഞിട്ടെന്താവശ്യം?" ഇത്രയും പറഞ്ഞുകൊണ്ടു് ആ വൃദ്ധ സ്ത്രീ അവിടെനിന്നും അന്തർദ്ധാനം ചെയ്തു.

തന്റെ പ്രവൃത്തിയെക്കുറിച്ചാലോചിച്ചുകൊണ്ടു് അനിന്ദിത മടങ്ങി. ഇതുപോലൊരു പ്രവൃത്തി പണ്ടൊരിയ്ക്കലും അവൾ ചെയ്തിട്ടില്ല. സ്റ്റേഷനിൽ തീവണ്ടി ഇറങ്ങിയാൽ മുത്തഛന്റെ ഭവനത്തിലേയ്ക്കു ഒരു വണ്ടിയിൽ കയറിപ്പോകയല്ലാതെ മറെറാരിടത്തും സഞ്ചരിയ്ക്കുക ഇദം പ്രഥമമായിട്ടാണ്. ഗ്രാമവുമായിട്ടോ അതിനെ അധിവസിക്കുന്നവരുമായിട്ടോ യാതൊന്നിലും അവൾ പങ്കുകൊണ്ടിരുന്നില്ല. ഒന്നോ രണ്ടോ മാസം മുത്തഛന്റെ ഗൃഹത്തിൽ അവൾ അങ്ങോട്ടുമിങ്ങോട്ടും ദൃഷ്ടികളെ വിടാതെ കഴിച്ചുകൂട്ടും. അതിനു ശേഷം സ്റ്റേഷനിലേക്കു ജട്കയിൽ കയറി പുറപ്പെട്ടു. അവിടെനിന്ന് തീവണ്ടി വഴിയായി അവൾ കല്ക്കത്തയിലേക്കും പോകും. എന്നാൽ ഈ തവണ അവൾ തന്റെ ഹൃദയത്തെ ഗ്രാമവുമായി സംഘടിപ്പിച്ചു. നാട്ടുകാരുടെ അത്ഭുതത്തെപ്പററി അവൾക്കധികം ഉത്കണ്ഠയുണ്ടായിരുന്നില്ല. ദേവപ്രിയന്റെ ഗൃഹത്തിലേയ്ക്കു വീണ്ടും പോകാതിരിക്കുന്നതിനു പോലും അവൾ കരുതിക്കൊണ്ടു് "എന്തിനാണവിടെപ്പോകുന്നതു്? ഗ്രാമ മന്ദഹാസ വിദ്യാലയത്തിലെ ഒരു വിദ്യാർത്ഥിനിയായിരിയ്ക്കണമെന്നു വാസ്തവത്തിൽ എനിക്കാഗ്രഹമില്ലല്ലൊ." അവൾ ദേവപ്രിയന്റെ വീട്ടി

ൽ പോകാതിരുന്നാൽ അദ്ദേഹം നിരാശപ്പെടുകയില്ലേ? ഠരം വിചാരം ഹൃദയംഗമമായി പരിണമിച്ചു ഉടൻ അവൾ ഒരു കഠിനമായ ശാസനയിലേക്കു ആനയിക്കപ്പെട്ടു. ദേവപ്രിയൻ വ്യസനിയ്ക്കട്ടെ, അഥവാ, സന്തോഷിയ്ക്കട്ടെ അവൾക്കിതുകൊണ്ടെന്തൊരു കാര്യമാണുള്ളത്? ഒരു പ്രത്യേക പരിചയമല്ലാതെ അദ്ദേഹത്തിനും അവൾക്കും തമ്മിൽ എന്തൊരു ബന്ധമാണുള്ളതു?

ക്ഷന്തവ്യമല്ലാത്ത ഔൽസുക്യത്തോടു കൂടിയിരിക്കുന്നതിനു അനിന്ദിത ആലോചിച്ചുറപ്പിച്ചു വച്ചതെങ്കിലെന്തോ അതിനെപ്പററി ചിന്തിച്ചുകൊണ്ടു നിർദ്ദയയായി ത്തന്നെ അവൾ പുറപ്പെട്ടു. പുരുഷവർഗ്ഗത്തെ ഒന്നാകെ നിരസിച്ചു കളഞ്ഞിരിക്കുന്ന ഒരു ധീരയാണ്. അനിന്ദിതയെങ്കിലും പ്രത്യേകമായ യാതൊരു കാരണവും കൂടാതെ അവൾക്കു ദേവപ്രിയനെ പെട്ടെന്നു ഉപേക്ഷിയ്ക്കാൻ കഴിവില്ല. അതൊരു കൊള്ളരുതായ്കക്കു ഏടയായിത്തീരും. സാധാരണമായ സൗഹൃദ് ഗതിയിൽ പ്രിയനുമായി വർത്തിക്കാമെന്നുതന്നെ അവൾ തീരുമാനിച്ചു. പക്ഷെ, അവളുടെ ഹൃദയാന്തർഭാഗത്തിൽ വീണ്ടും ഒരു ശത്രുവിന്നു പ്രവേശം കൊടുക്കണമെന്നു അവൾ വിചാരിച്ചിട്ടില്ല. വിചാരം കൊണ്ടു ക്ലേശിക്കപ്പെട്ട അനിന്ദിത ഉറക്കറയെ ശരണം പ്രാപിച്ചു.

ആ യുവതി പോയതിന്നു ശേഷം അവളെപ്പററി വിചാരിച്ചുകൊണ്ടു ദേവപ്രിയനും കഴിച്ചുകൂടി. അദ്ദേഹവുമായി യാതൊരു ബന്ധവുമില്ലാത്ത മററൊരു പെൺകുട്ടിയേയും ഈവിധം ഒരിക്കലും അദ്ദേഹത്തിനു സ്നേഹിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പ്രിയൻെറ ഹൃദയം അവളുമായുള്ള സൗഹാർദ്ദത്തിന്നുവേണ്ടി അത്യാസക്തിപൂണ്ടു. യൗവ്വന പന്ഥാവ് വാസ്തവത്തിൽ അതാണല്ലൊ. ഇതേവരെ അദ്ദേഹം തൻെറ ആഗ്രഹം സാവ്യാപാരത്തോടു കൂടി ഘടിപ്പിച്ച് അതിൽ മുക്കിക്കളഞ്ഞിരുന്നു.

സുന്ദരിയായ ആ പെൺകുട്ടിയുമായുള്ള സമാഗമത്തിന്റെ അസാധാരണ രീതി നിയന്ത്രിക്കപ്പെട്ടിരുന്ന ആഗ്രഹത്തെ വീണ്ടും യഥേഷ്ടം വിഹരിയ്ക്കുവാൻ അനുവദിച്ചു. ദേവപ്രിയന്റെ വിചാരങ്ങൾ ആ സുന്ദരവക്ത്രത്തിന്നു ചുററും ചെന്നു പററിയിരുന്നു. അവയ്ക്കു മററൊരിടത്തും പോകുവാൻ കഴിവുണ്ടായില്ല. ശ്രദ്ധയിൽ നിന്നും അവ വ്യതിചലിച്ചു പോയി. അവയെ ശരിയായി നയിക്കുവാൻ ദേവപ്രിയൻ ശ്രമിച്ചതുമില്ല: ആ നിലയിൽ അവ സംഘം ചേൻ്ന വിഹരിക്കുന്നതു കാണ്മാൻ പ്രിയനു സന്തോഷമാണുണ്ടായതു്.

അദ്ധ്യായം ൰.

"നിന്തിരുവടിയുടെ യന്തികേവസിച്ചിടം
മെന്തതുകൊണ്ടു ദോഷം സംപ്രതെ ഭവിച്ചിട്ടു."
"മററുള്ള ഭോഗങ്ങളുംകലന്തൊരു ഫലം
മുററുമതിന്നൊഴിഞ്ഞില്ലൊരാകാംക്ഷമെ"
"ഉണ്ടിനിക്കൊരു പ്രസംഗമില്ലതിനുമേ
പണ്ടുപണ്ടേ ഞാനിതു കൈക്കൊണ്ടു വാണീടുന്നു"

തക്കർത്താലാ ഗ്രാമത്തിൽ ഘോഷാസമ്പ്രദായം നിർബ്ബന്ധിതമായിരുന്നില്ല. യുവതിമാരും വിവാഹിതമാരുമായ സ്ത്രീകൾപോലും ഗൃഹംതോറും തങ്ങളുടെ മുഖം മൂടാതെ പോവുക പതിവുണ്ടു്. ഗ്രാമത്തിലെ പെൺകുട്ടികൾ എല്ലാം അവരുടെ മറ ഉപേക്ഷിച്ചിരുന്നു. ഹൈമവതിയാകട്ടെ ഭത്തൃഗൃഹത്തിൽ താമസിക്കുന്ന കാലത്തെപ്പോലെ തന്നെ ഇവിടെയും സ്വദേശ കന്യക എന്ന നിലയിൽ ഘോഷാസമ്പ്രദായം മതാചാരമായി ഗണിച്ചു ശരിയായി, അനുഷ്ഠിച്ചു.

ദേവപ്രിയൻെറ ഗൃഹത്തിൽ യുവജനങ്ങളുടെ സായന്തന സമാഗമങ്ങൾക്കു ഒരു കുറവും ഉണ്ടായിരുന്നില്ല. അനിന്ദിത കൂട കൂടെ ദേവപ്രിയൻെറ ഗൃഹത്തിൽ വരാറുണ്ടു. സമവയസ്കമാരായ രണ്ടുമൂന്നു ബാലികമാരെ അവൾക്കു തോഴിമാരായി ലഭിച്ചു ഇവർ അനിന്ദിതയോടു സംസാരിപ്പാൻ തക്ക ധീരതയുള്ളവരായിത്തീൎന്നു. അനിന്ദിതക്കു ഇതിൽ സന്തോഷം തോന്നി. പക്ഷെ ദേവപ്രിയൻെറ മനഃസ്ഥിതി അതിനോടു തീരെ യോജിച്ചില്ല. അവളുമായി നേരിട്ടു സംസാരിക്കുവാൻ സംഗതിവശാൽ സ്വല്പം സമയം ലഭിക്കുന്ന പക്ഷം അനിന്ദിതയുടെ സഖിമാർ അവരെ അതിൽ നിന്നു അലട്ടി അകററും. ഇതദ്ദേഹത്തെ നിരാശപ്പെടുത്തി. ദിവസത്തിലൊരിക്കൽ അദ്ദേഹത്തിനു അവളുടെ സുന്ദരമുഖം ഒരു നോക്കു കാണ്മാൻ സാധിച്ചിരുന്നതിനാൽ അവൾ നിത്യവും സന്നിഹിതയാകാറുണ്ടെന്നു മാത്രം ദേവപ്രിയനു അറിയാമായിരുന്നു.

അത്യുഷ്ണ മാസങ്ങളായ മേടവും ഇടവും ഉണങ്ങി വരണ്ടു കിടക്കുന്ന ഭൂദേവിയോടു യാത്രപറഞ്ഞു പിരിഞ്ഞു. അതിനു ശേഷം കറുത്തിരുണ്ട മേഘ പടലങ്ങൾ ആകാശത്തിൽ നിറയുകയും അതിനെത്തുടൎന്നു ഘോരമായി മഴയാരംഭിക്കയും ചെയ്തു.

രാവും പകലും മഴ ഇടവിടാതെ പെയ്തുകൊണ്ടിരുന്നു. ഗ്രാമ വീഥികളിൽക്കൂടെ നടക്കുക വളരെ വിഷമമായ ഒരു പ്രവൃത്തിയായിത്തീൎന്നു. മുട്ടവരെ താഴുന്ന ചെളിയിൽക്കൂടേ വേണം നടക്കുവാൻ. കുളങ്ങൾ നിറഞ്ഞു വഴിയുന്ന ജലം ജനങ്ങളുടെ ഗൃഹാങ്കണങ്ങളിലും വീഥികളിലും കെട്ടിനില്ക്കുവാൻ തുടങ്ങി. ചെളിവെള്ളംകൊണ്ടു് വയലുകൾ സമ്പൂൎണ്ണങ്ങളായി. മാത്രമല്ല അവയിൽ നിന്നുതടിക്കുന്ന, എളുപ്പമല്ലാത്ത, തിരമാലകൾ സ്റ്റേഷൻ പ്ലാററുഫാറത്തെ മർദ്ദിക്കയും ചെയ്തുകൊണ്ടിരുന്നു.

ധാരമുറിയാതുള്ള മഴയും അവസാനമില്ലാത്ത ഇരുളും ദേവപ്രിയനെ ഉന്മേഷരഹിതനാക്കിത്തീൎത്തു. കല്ക്കത്തയിലെ ജനങ്ങൾ മഴയോടു മല്ലിടുവാനും അതിൽ നിന്നൊഴിഞ്ഞു നില്ക്കുവാനും പഠിച്ചിട്ടുണ്ടു്. ഒന്നാമത്തു കവാടങ്ങൾ തഴുതിട്ടു മുറിക്കകത്തിരുന്നു പലേ വിധമുള്ള വിനോദങ്ങളിൽ ഏൎപ്പെടുകയാണവർ ചെയ്യുന്നതു്. എന്നാൽ ഈ ഗ്രാമത്തിലെ സ്ഥിതിയോ, മഴ ചൊരിയുന്നതും നോക്കിക്കൊണ്ടു് മടിയനായിരിക്കയല്ലാതെ ആൎക്കും ഗത്യന്തരമില്ല. നഗരത്തിലാകട്ടെ, ഒരാൾക്കും ഒരിടത്തും നടന്നുപോകേണ്ടതായി വരികയില്ല; എട്ടോ പത്തോ തരത്തിലുള്ള വാഹനങ്ങൾ അവിടെയുണ്ടു്. നടക്കുവാൻ നിൎബ്ബന്ധിതനായെന്നുപോലും മഴക്കോട്ടും കുടയും മററും ഉപയോഗിക്കുന്നതിനു സാധിക്കും. അപ്രതീക്ഷിതമായി മഴ ചൊരിയുവാനിടയായാൽ തന്നെയും രക്ഷാസ്ഥാനത്തിനു ഒരു കുറവും അവിടെ ഉണ്ടായിയെന്നു വരുന്നതല്ല.

ഇവിടെയാകട്ടെ നടക്കുന്ന കാൎയ്യം വളരെ വിഷമമാണെന്നു ഇതിനു മുമ്പേതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. എട്ടും പത്തും പരിവൃത്തി വായിച്ചു കഴിഞ്ഞിട്ടുള്ള പുസ്തകങ്ങൾ തന്നെ വീണ്ടും തിരിച്ചും മറിച്ചും നോക്കിക്കൊണ്ടിരിക്കയല്ലാതെ ദേവപ്രിയനു ഒരു കഴിവും ഉണ്ടായില്ല. ഇവിടത്തെ യുവജനസംഘം ദേവപ്രിയനെ അസഹ്യപ്പെടുത്തുന്ന കാൎയ്യത്തിൽ ഒരു കുറവും വരുത്തുകയും ചെയ്തിരുന്നില്ല. ആൎക്കും സുഖമില്ലാത്ത കാലമാണതെന്നു ദേവപ്രിയനു അറിയാമായിരുന്നതുകൊണ്ടു ഒരാളേയും ചെന്നു കാണ്മാൻ അദ്ദേഹത്തിനു കഴിവുണ്ടായില്ല. പോകുന്നതിനു അദ്ദേഹം പ്രയത്നിച്ചാൽത്തന്നെയും ചോലവെള്ളത്തിൽക്കൂടെ നീന്തേണ്ടിവരികയോ പാദാദികേശം ചെളി പൂശുവാൻ സംഗതിയാക്കേണ്ടി വരികയോ ചെയ്യും. അദ്ദേഹത്തിന്റെ സായാഹ്നവായനശാല മഴയ്ക്കിരയായിത്തീൎന്നിരുന്നു. ഒഴിച്ചുകൂടാത്ത ഒരു കാൎയ്യമായിത്തന്നെ തീൎന്നാലും പുറത്തിറങ്ങേണ്ട കാൎയ്യം ഒരാൾക്കും

ഇഷ്ടമായിരുന്നില്ല കല്ലിട്ടുറപ്പിച്ച നിരത്തുകളിൽക്കൂടെ സാധു ക്കൾ ഓലക്കുട ചൂടിയോ മുണ്ടു നാലഞ്ചായി മടക്കി തലയിൽ ഇട്ടോ വളരെ സൂക്ഷിച്ചാണ് നടന്നതു്. എന്തിനധികം, സ്ത്രീ കളായ സന്ദർശകർ കൂടി അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ നിന്നു തീരെ അന്തർദ്ധാനം ചെയ്തു

ഈ കാരണങ്ങളാലെല്ലാം, ഗ്രാമവാസം ദേവപ്രിയനു തീ രെ രുചിക്കാതായിത്തീർന്നു. ഒരിക്കലും, ഇതിനു മുമ്പദ്ദേഹം ഒരം വിധത്തിൽ സമയം കളഞ്ഞിട്ടില്ല. ദേവപ്രിയന് ഒരം സ്ഥിതി എന്തെന്നില്ലാത്ത വ്യഥയ്ക്കു കാരണമായിപ്പരിണമിച്ചു. ജനങ്ങ ളിൽ അധികം പേരും ജല ദോഷപ്പനി പിടിപെട്ടു കിടപ്പിലാ യി; തണുപ്പു തട്ടി ജ്വരം ബാധിച്ചേക്കുമോ എന്നു ഭയന്നു ഹൈ മവതി പുത്രനെ പുറത്തു പോവാൻ അനുവദിച്ചിരുന്നില്ല. ഒടു വിൽ അക്ഷമനായ ദേവപ്രിയൻ അമ്മയോട് ഇങ്ങിനെ പറ ഞ്ഞു:—"അമ്മേ, ഞാൻ കല്ക്കത്തയിലേക്കു മടങ്ങുകയാണ്. അ മ്മ ഈ ഗ്രാമത്തിൽ താമസിച്ചു ഇവിടത്തെ ചെളി കണ്ടു ആ നന്ദിച്ചുകൊള്ളുക. എനിക്കു ഒരു വിധം മതിയായി."

രസകരമായ ഒരു ശണ്ഠയ്ക്കു ശേഷം ദേവപ്രിയൻ, തന്നി ഷ്ടക്കാരനേപ്പോലെ റോന്തു ചുററുവാൻ പുറപ്പെട്ടു. അദ്ദേഹ ത്തിന് പാദരക്ഷയും കുടയും ഉണ്ടായിരുന്നു. എന്നാൽ ചെരി പ്പിട്ടു ചെളിയിൽ നടക്കുക അസാദ്ധ്യമല്ലാതെ ഇരിക്കുന്നതെ ങ്ങിനേയാണ്? അതുകൊണ്ടു തന്നെയായിരിക്കണം കുടയും ചെരിപ്പും അദ്ദേഹം ജാലകത്തിൽക്കൂടെ അകത്തേക്കു വലി ച്ചെറിഞ്ഞതു്! കാൽനടയായിത്തന്നെ-വെറും കാലോടുകൂടി ത്തന്നെ-പ്രിയൻ പുറപ്പെട്ടു.

ഏതെങ്കിലും ഒരു ക്ലിപ്തസ്ഥലത്തേ ലക്ഷ്യമാക്കിയിട്ടല്ല ദേ വപ്രിയൻ പുറപ്പെട്ടതെന്നു വരികിലും, സെമിന്ദാരുടെ ഗൃഹ ത്തിനരികേയുള്ള പഴയ ഉദ്യാനത്തിൽത്തന്നെയാണ് അദ്ദേഹം ചെന്നെത്തിയതു്. ഇക്കാര്യത്തിൽ ഒരത്ഭുതവും പ്രിയനുണ്ടായി

ല്ല. കാലപ്രകൃതി നിമിത്തം അവിടത്തെ ഭയങ്കരത ഒന്നുകൂടി വർദ്ധിച്ചിരുന്നു. ഒരു പ്രവേശന ദ്വാരം കണ്ടെത്തുവാനായി അദ്ദേഹം ഉദ്യാനത്തിന്നു ചുററും നടന്നു. അദ്ദേഹം ആശിച്ചതെന്തോ അതു ഫലവത്തായിത്തീരുന്ന കാര്യം വളരെ വൈഷമ്യത്തിലാണെന്നു അദ്ദേഹത്തിന്നു മനസ്സിലാക്കാൻ കഴിവുണ്ടായതും ഇല്ല.

ഒടുവിൽ അദ്ദേഹത്തിന് ഉദ്യാനപ്രവേശം ലഭിച്ചു. കാററുകൊണ്ടിളക്കപ്പെട്ട പുൽച്ചെടികൾ അദ്ദേഹത്തിനെ അതിഥിയായി കൈക്കൊണ്ടു. വനകുസുമങ്ങളിൽ തട്ടിവരുന്ന കാററ് ദേവപ്രിയന്റെ നാസാരന്ധ്രങ്ങളിൽ ബലാൽക്കാരേണ കടന്നു കൂടി ജലശീകരഭാരവാഹികളായ വൃക്ഷങ്ങൾ തല താഴ്ത്തുകയും, പത്രാവലികളിൽനിന്ന് ജലം ഭൂമിയിലേയ്ക്കു ധാര മുറിയാതെ പൊഴിക്കയും ചെയ്തുകൊണ്ടിരുന്നു. ശിഥിലങ്ങളായ മേഘഖണ്ഡങ്ങളിൽ നിന്ന് രക്ഷ പ്രാപിക്കപ്പെട്ട വൈദ്യുതകണികകൾ കാട്ടുപാതകളിൽ പതിച്ച് സുന്ദര ദൃഷ്ടങ്ങളെ ഒത്ത് മന്ദഹസിച്ചു തുടങ്ങി.

ദേവപ്രിയൻ ഉദ്ദേശരഹിതനായി നടന്നു. ചില കാട്ടുപൂക്കൾ പറിച്ച് കയ്യിലാക്കിക്കൊണ്ടും വളച്ച്യെത്താത്തവയും അപരിചിതങ്ങളുമായ, പുഷ്പങ്ങളെ നോക്കിക്കണ്ടും പ്രിയൻ സമയം പോക്കി. യാതൊരു സംഭവമോ ഹേതുവോ കൂടാതെ അദ്ദേഹം അവശനായി കാലുകൾ പിന്നാക്കം വയ്ക്കാനാരംഭിച്ചു.

ഏതാനും നിമിഷങ്ങൾക്കുശേഷം പ്രിയന്റെ മുഖം പ്രസന്നമായി; വൈവശ്യമെല്ലാം നാമാവശേഷമായി; ഒരു സ്കൂൾകുട്ടിയെപ്പോലെ അദ്ദേഹം ആനന്ദപരവശനായിത്തീർന്നു. അവിടെ ഒരു സത്വം പ്രിയന്റെ മുൻഭാഗത്തായി വൃക്ഷത്തിന്റെ ചുവട്ടിൽ ഇരിയ്ക്കുന്നുണ്ടായിരുന്നു. മങ്ങിയ നിറത്തെ വഹിയ്ക്കുന്ന ഒരു സാരി ആ ആകാരത്തിൽനിന്ന് ലംബമാനമായി ഞൊറിച്ചുടുത്തിരുന്നൽപ്പോലും തങ്ങാതെ തൂണ കടാഹത്തെ

ആവരണം ചെയ്തിരുന്നു. താൻ കാണുന്നതു വനദേവതയെയായിരിക്കുമോ അല്ലയോ എന്നുള്ളതിൽ അദ്ദേഹത്തിനു സംശയമേ ഉണ്ടായിരുന്നില്ല എന്നാൽ വർഷകാലത്തെ ഒരു പ്രഭാതത്തിൽ, അദ്ദേഹത്തിന്റെ നയനങ്ങൾക്കു പ്രസ്തുത ബാലിക സ്വർഗ്ഗലോകത്തിലെ ഏതെങ്കിലും ദേവതയെക്കാൾ ഏററവും സുന്ദരിയായിത്തന്നെയാണ് തോന്നിയതു്.

പുൽച്ചെടികൾ ദേവപ്രിയന്റെ കാൽകളെ നിർജ്ജീവങ്ങളാക്കിയിരുന്നു. അദ്ദേഹം അനിന്ദിതയുടെ സന്നിധിയെ അഭയം പ്രാപിക്കുന്നതു വരെയും അവൾക്കദ്ദേഹത്തിന്റെ ആഗമനത്തെക്കുറിച്ചു ബോധം പോലും ഉണ്ടായിരുന്നില്ല. അനിന്ദിത ചോദിച്ചു:—"അങ്ങ് എങ്ങിനെയാണിവിടെ എത്തിയതു്? ഞാൻ അങ്ങു വരുമെന്നു അറിഞ്ഞിരുന്നില്ല."

"ഞാൻ ഭവതിയെ പരിഭ്രമിപ്പിക്കണമെന്നു കരുതിയിരുന്നില്ല. പുൽച്ചെടികൾ എന്റെ പാദങ്ങളെ നിർജ്ജീവങ്ങളാക്കിത്തീർത്തു. ഭവതിയെ ബുദ്ധിമുട്ടിക്കാനിടവരുത്താതെ ഉദ്യാനം വിട്ടു പോകണമെന്നു ഞാൻ വിചാരിച്ചുകൊണ്ടിരിയ്ക്കയായിരുന്നു. പക്ഷെ ഏതോ ഒരു പ്രലോഭനം എന്നെ അനുവദിച്ചില്ലെന്നേയുള്ളു. ഭവതി ഞങ്ങളെ പൂർണ്ണമായി ഉപേക്ഷിച്ചിരിയ്ക്കുന്നു."

"പോകുന്നതുകൊണ്ടു് എന്താണ് പ്രയോജനം?"

"ഭവതിയ്ക്കു തോന്നുന്നതു് ആ വിധമാണെങ്കിൽ പോകുന്നതു കൊണ്ടു് യാതൊരു പ്രയോജനവും ഇല്ല."

അനിന്ദിതയ്ക്കു അദ്ദേഹത്തിന്റെ ശബ്ദം പരിചിതമല്ലാത്തതായി തോന്നി. സംഭാഷണവിഷയം മാററുവാനായി ശ്രമിച്ചു കൊണ്ടു് അനിന്ദിത അദ്ദേഹത്തിനോടു ഈ വിധം പറകയുണ്ടായി:—

"ഇന്നു കാലത്തു് സമീരന്റെ ഒരെഴുത്തു എനിയ്ക്കു കിട്ടി. ഡർജീലിങ്ങിൽനിന്ന് അവർ മടങ്ങിയെത്തീട്ടുണ്ടത്രെ."

"വാസ്തവമോ? അങ്ങിനെയാണെങ്കിൽ ഭവതിയ്ക്കും വല്ല പ്പോഴെങ്കിലും ഒരു വേഷത്തിൽ കൽക്കത്തയിലേയ്ക്കു മടങ്ങേണ്ടി വരുമല്ലോ."

"അതെ; ഞാൻ നാളെ പോകയാണ്. ഇന്നു നിങ്ങളെ കണ്ടതു ഭാഗ്യമായി. നിങ്ങൾ കൽക്കത്തയിലേയ്ക്കു വരുമ്പോൾ എന്നേയും കാണുമെന്നു ഞാനാശിക്കുന്നു. നിങ്ങളുടെ ഗൃഹത്തിൽ ചുരുങ്ങിയതു എട്ടു പത്തു പ്രാവശ്യം ഞാൻ വരികയുണ്ടായിട്ടുണ്ട്. അതിനു പകരമായിട്ടെങ്കിലും,"

അനിന്ദിതയെ അത്രമാത്രം വികാര പരാധീനയാക്കിത്തീർത്ത ആ വാക്കുകൾ ദേവപ്രിയനെ കുഴക്കുവാൻ എന്താണ് ഹേതുവെന്നു അവൾ ഊഹിക്കാതിരുന്നില്ല. എന്നാൽ ഈ അവസരത്തിൽ അവൾക്കദ്ദേഹത്തിനോടു മറെറന്താണ് പറയുവാനുള്ളതു്? അനിന്ദിതയുടെ വേർപാടിനെപ്പററി കേട്ടപ്പോൾ ദേവപ്രിയൻ വിട്ട ഒരു കണ്ണേറു അവളെ ഭയപ്പെടുത്തി.

കുറെനേരം കഴിഞ്ഞതിനുശേഷം മൗനഭഞ്ജനം ചെയ്തു ദേവപ്രിയൻ ഇപ്രകാരം പറഞ്ഞു:—"ഭവതി എന്റെ ഗൃഹത്തിൽ വന്നതുകൊണ്ടു് ഞാൻ അത്യന്തം ഭാഗ്യവാനായിത്തീർന്നിരിക്കുന്നു. ഭവതി എന്നെ ഭവതിയുടെ ഗൃഹത്തിലേയ്ക്കു ക്ഷണിക്കുന്നതുകൊണ്ടു അതും ഞാൻ എന്റെ ഭാഗ്യാതിരേകമായിട്ടാണ് പരിഗണിയ്ക്കുന്നതു".

അനിന്ദിത അധിയ്ക്കു് അധീനയായിത്തീർന്നു. സന്തോഷപ്രദങ്ങളല്ലാത്ത പരിത: സ്ഥിതികളോടുകൂടിയാണ് അവൾ ആദ്യമായി അദ്ദേഹത്തെ കണ്ടുമുട്ടിയതു്. പിന്നീടദ്ദേഹവുമായുള്ള പരിചയം വർദ്ധിപ്പിക്കേണമെന്നു അന്നു അവൾ ആഗ്രഹിച്ചതുമില്ല. എന്നാൽ സന്ദർഭം അവളുടെ ഭാവനയ്ക്കെതിരായിത്തന്നെയാണ് പ്രവർത്തിച്ചതു്. എന്തിനധികം? അനിന്ദിത അവളുടെ നിശ്ചയത്തിനെതിരായി അദ്ദേഹത്തെ സ്നേഹിയ്ക്കുവാൻ തുടങ്ങി. സുഹൃദ് ബന്ധത്തിൽ കൂടുതലായ നിലയിൽ അദ്ദേഹത്തെ കണക്കാക്കണമെന്നു അവൾ കരുതിയിരുന്നില്ല. അവൾ

ക്ക ആ നിലയിൽ അദ്ദേഹത്തെ സ്വീകരിക്കണമെന്ന ആഗ്രഹവും ഉണ്ടായിരുന്നില്ല ഒരേ ഒരു അപരാധം ലോകജീവിതത്തിൽ ആക്കം സംഭവിക്കാമെന്ന അവൾക്ക പൂണ്ണനിശ്ചയമുണ്ടായിരുന്ന മേലാൽ ആ വിധമുള്ള അവസ്ഥ തന്നെ ബാധിയ്ക്കാതിരിക്കുന്നതിന വേണ്ടി അവൾ ഹൃദയത്തെ നിയന്ത്രിച്ചു ഒരിക്കൽ അവൾ സ്വഹൃദയത്തെ യഥേഷ്ടം പ്രവൃത്തിക്കുവാൻ വിടുകയുണ്ടായി. അപമാനവും വ്യഥയും അവൾക്കനുഭവിക്കുവാൻ എട വരികയും ചെയ്തു. ആ പരീക്ഷണത്തെ ഇനിയും ആവത്തിക്കുവാൻ അവൾ വിചാരിച്ചിട്ടില്ല.

എന്നാൽ ഇന്നത്തെ സ്ഥിതിയൊ? താൻ ഒരു സ്ത്രീയാണെന്നും തൻെറ ചങ്ങാതി ഒരു പുരുഷനാണെന്നും ഉള്ള ഭാവനയെ വീണ്ടും വീണ്ടും അവൾ ഹൃദയത്തിൽ സ്ഥിരമായി പ്രതിഷ്ഠിക്കുവാൻ തുടങ്ങി അവരുടെ സംഭാഷണത്തിൽ ൟ മനസ്ഥിതി ഒരു പ്രത്യേകതയെ സൂചിപ്പിയ്ക്കാതിരുന്നില്ല. തൻെറ അഭിപ്രായം അവൾ പറഞ്ഞു കഴിഞ്ഞുവെങ്കിലും അതിനെക്കുറിച്ചുള്ള വിവരം അവൾക്കില്ലാതായിക്കഴിഞ്ഞിരിക്കുന്നു! വിവിധ കാൎയ്യങ്ങളെക്കുറിച്ചു വായിൽ വന്നതുപോലെ അവൾ ഓരോന്ന പറയുവാൻ തുടങ്ങി എന്നാൽ ദേവപ്രിയൻ ഒരൊററ വാക്കുപോലും പുറപ്പെടുവിച്ചില്ല. കുറേ നേരം കഴിഞ്ഞപ്പോൾ അനിന്ദിതയും മൗനം ദീക്ഷിക്കാൻ തുടങ്ങി.

നിശ്ശബ്ദമായിരിക്ക എന്നുള്ളതു അത്ര എളുപ്പമായി അവൾക്ക തോന്നിയില്ല. പദ്യകൃത്തുക്കളും ഗദ്യകാരന്മാരുമെല്ലാം ഇതിനെക്കുറിച്ച ഗൗരവമായി വൎണ്ണിച്ചിട്ടുണ്ടു. അവൎക്കധികസമയം സംസാരിയ്ക്കാതിരിക്കാൻ സാധിക്കയില്ല പെട്ടെന്നാണെങ്കിലും ദ്രുതഗതിയിൽ ദേവപ്രിയൻ സംസാരിക്കുവാൻ തുടങ്ങി

"എൻെറ "ലാഫ്ടർ സ്കൂൾ" ൟ മഴ നിമിത്തം തീരെ മുടങ്ങിക്കിടക്കുകയാണ്. ഞാൻ എൻെറ ശിഷ്യരിൽ ഒന്നിനേയും കാണുന്നതുമില്ല. അവർ ഹാജരായാൽത്തന്നെയും എങ്ങ

നെയാണവരെ ആഹ്ലാദിപ്പിക്കുവാൻ എനിക്കു കഴിയുന്നതെന്നു ഞാനറിയുന്നില്ല. ഒരുവനെ കരയിപ്പിക്കുന്നതിന്നു ഇന്നത്തെ അന്തരീക്ഷത്തിന്നു ധാരാളമായും കഴിയും"

"അതൊരിക്കലും അരുതെ. മററുള്ളവരെ ആഹ്ലാദിപ്പിക്കുന്ന ഒരുവനാണങ്ങ്. ഇത്ര വേഗത്തിൽ അതിൽ നിന്നു പിൻമാറുക വയ്യ. ഇരന്നോ, കടം വാങ്ങിയോ മോഷ്ടിച്ചോ എങ്ങിനേയെങ്കിലും നിങ്ങൾ അതു നിലനിറുത്തണം."

"ആരോടാണ് ഞാൻ കടം വാങ്ങേണ്ടതു? ഒരു പക്ഷെ ഭവതി വിചാരിച്ചാൽ കുറെ ധനം കടം തരുവാൻ സാധിയ്ക്കും. തീർച്ചയായും ഞാൻ ആവശ്യപ്പെടട്ടയോ?"

"എൻെറ അധീനത്തിൽ അതിന്നു വകയുണ്ടായിരുന്നുവെങ്കിൽ സമ്മതിപൂർവ്വം കുറെ ധനം നിങ്ങൾക്കു ഞാൻ വായ്പ തരുമായിരുന്നു. എന്നാൽഞാൻ സ്വതന്ത്രയല്ലെന്ന് അങ്ങയ്ക്കുറിയാമല്ലൊ."

ഒരം വാക്കുകൾ ദേവപ്രിയനെ ആശ്ചര്യ ഭരിതനാക്കിത്തീർത്തു. പൊതുജന ദൃഷ്ടിക്കു തൻെറ ക്ഷതചേതസ്സു കാട്ടുവാൻ അവൾക്കു സാധിച്ചിരുന്നില്ല. ഏതിനെങ്കിലും വേണ്ടി അവൾ ആ ദ്ദേഹത്തെ സ്നേഹിതനാക്കിയിരുന്നുവോ?

എന്നാൽ അനിന്ദിതയുടെ അടുത്ത മറുവടി ദേവപ്രിയനെ പൂർവ്വാധികം വിസ്മയിച്ചു. അവൾ പെട്ടെന്നു പ്രിയനേ അഭിമുഖമാക്കിക്കൊണ്ടു "വേണ്ടാത്തനം, പലതും പറഞ്ഞിട്ടെന്താണു പ്രയോജനം. ഞാൻ നിങ്ങളോട്ടു ചിലതു പറവാൻ വിചാരിക്കുന്നു. എന്നാൽ ഈ സമയമെല്ലാം ഞാനതു മററു കാര്യങ്ങൾക്കടിയിൽ താഴ്ത്തിയിട്ടിരുന്നു. ഞാൻ നിങ്ങളെ ഉന്നതനിലയിൽ പ്രതിഷ്ഠിച്ചിരുന്നില്ലെങ്കിൽ, നിങ്ങളുടെ മൈത്രി എനിയ്ക്ക് ഏററവും വിലമതിയ്ക്കത്തക്കതായിരുന്നില്ലെങ്കിൽ, എനിയ്ക്കാ സംഗതി നിങ്ങളെ അറിവിക്കേണ്ട ആവശ്യം നേരിടുകയില്ലായിരുന്നു. നിങ്ങൾ എന്നെ അഹംഭാവിനിയോ പെണ്ണല്ലാത്തവ

ളോ ആയി കരുതുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു, ഒരു പക്ഷെ ഒന്നും തന്നെ പറയാതിരിക്കയാണു് അധികം നല്ലതു്. ശുഷ്കമായ സമുദായാചാരത്തേയും പഴഞ്ചൊല്ലിനേയും വിചാരിയ്ക്കുമ്പോൾ എനിക്കു അസ്വാസ്ഥ്യം തോന്നാതിരിയ്ക്കുന്നുമില്ല. അവയിലൊന്നും തന്നെ നന്മയായിട്ടു എനിക്കു തോന്നുന്നില്ല. എന്റെ ആയുഷ്കാലത്തിൽ ഒരിക്കലേക്കു മാത്രം വേണ്ടി സ്വാത്മവിശ്വാസമനുസരിച്ചു പ്രവൎത്തിയ്ക്കുവാനാണു് ഞാൻ വിചാരിയ്ക്കുന്നതു. എന്താണനുഭവമെന്നു കാണാമല്ലൊ."

കുറച്ചുനേരത്തേയ്ക്കു് അവർ സംഭാഷണം നിറുത്തി. ഏതോ ഒരു ഭാരം ദേവപ്രിയന്റെ ഹൃദയത്തിൽ തങ്ങിനില്ക്കുന്നതായി അദ്ദേഹത്തിനു തോന്നി. അനിന്ദിതയുടെ സമുദായം തനിയ്ക്കു ഏററവും ആകൎഷണീയമാണെന്നുള്ള തത്വം മറച്ചുവെയ്ക്കുന്നതിനു ദേവപ്രിയൻ ഒരിക്കലും യത്നിക്കയുണ്ടായില്ല. ഠരം വാസ്തവത്തെപ്പററി അനിന്ദിതയ്ക്കുണ്ടായിരുന്ന ഭാവന അജ്ഞാനാചരമായ ഒന്നല്ലായിരുന്നു. അവർക്കതിനെപ്പററി വെറുപ്പുണ്ടെന്നോ, അവളുടെ മഞ്ജുഹാസവും, മധുര വാണിയും അവർ ദുർവ്യയം ചെയ്തിട്ടുണ്ടെന്നോ ദേവപ്രിയനു തോന്നിയിരുന്നില്ല. എന്നാൽ ഠരം കുറച്ചു ദിവസങ്ങൾക്കുള്ളിൽ സംഭവിച്ചിട്ടുള്ളതു എന്തായിരിയ്ക്കണം? ഇന്നു് അവളെക്കണ്ട ഉടനെ, അദ്ദേഹം അവർ തന്നിൽനിന്നു് ഒഴിഞ്ഞുപോകാൻ ശ്രമിക്കയാണെന്നു സങ്കല്പിക്കുന്നു. എന്നാൽ അതെന്തുകൊണ്ടു്? ഒരു മഹാ ശക്തികൊണ്ടു് താൻ സ്വയം ആകൎഷിക്കപ്പെട്ടു പോയി എന്നു് അദ്ദേഹം വിചാരിക്കുന്നു. അപജയത്തിന്റെ ഒരു ചെറിയ അംശം അദ്ദേഹത്തെ സങ്കടാധീനനാക്കുന്നു;എന്നാൽ അവർ ഒടുവിൽ പുറപ്പെടുവിച്ചവാക്കുകൾ അദ്ദേഹത്തെ ധീരനാക്കുകയും ചെയ്തിട്ടുണ്ടു്. അദ്ദേഹത്തിനോടു് തനിയ്ക്കു് അതൃപ്തി തോന്നിയിട്ടുണ്ടെന്നു അവർ പറഞ്ഞിട്ടില്ല. എന്തോ ചിലതു് മനസ്സിലാക്കുവാനാണു് അവർ ആഗ്രഹിക്കുന്നതു്. വേദ

പ്രിയതമമായുള്ള ബന്ധമെല്ലാം ശിഥിലീഭവിപ്പിക്കുവാൻ അവ ൾ തീർച്ചപ്പെടുത്തിയിരുന്നുവെങ്കിൽ തീർച്ചയായും അവൾക്ക തൊരു ബുദ്ധിമുട്ടായിത്തീരുമായിരുന്നില്ല

അതുകൊണ്ടു് അവൾ പറഞ്ഞു:—"ദയവു ചെയ്തു് ഭവ തിയ്ക്കു പറയുവാനുള്ളത് പറയുക. ഗർവ്വിഷ്ഠയായോ, പെൺ ജാതിയല്ലാത്തവളായോ ഞാൻ എപ്പോഴെങ്കിലും ഭവതിയെ പരിഗണിച്ചിട്ടുണ്ടെന്നു വാസ്തവത്തിൽ ഭവതി വിചാരിക്കയി ല്ലെന്നാണ് എൻെറ വിശ്വാസം എൻെറ നിലയെക്കുറിച്ചു് ആവശ്യമില്ലാതെ വല്ലതും പറയുന്നതു ഭോഷത്തമായിട്ടേ ഇരി ക്കയുള്ളൂ. അഥവാ കുറെ അധികം അതിനെപ്പററി എനിക്കു പറയുവാനുണ്ടായിരിയ്ക്കാം. എൻെറ മൈത്രി വിലയുള്ള ഒരു വസ്തുവായി ഗണിക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നു എന്നാൽ ഭവതിയുടെ മൈത്രി വാചാമഗോചരമായ ഒരനർഘ വസ്തുവാ യിട്ടാണ് ഞാൻ വിചാരിയ്ക്കുന്നതു് അതു വ്യാഖ്യാനിക്കുവാൻ ഞാൻ ശ്രമിക്കുന്നുവെങ്കിൽ മനോഭാവത്തെ മുഴുവൻ പ്രകാശി പ്പിക്കുന്നതിന് എനിക്കു കഴിവില്ലാതെ വരും. എത്രയോ സമ യം നാം അനാവശ്യമായി സംഭാഷണം ചെയ്തു കഴിഞ്ഞു ആ വശ്യമുള്ള കാര്യങ്ങൾ ഈ വിധമുള്ള സമയവ്യയം കൊണ്ടു തട യപ്പെടുകയാണ് ചെയ്യുന്നതു്."

തനിയ്ക്കു പറയുവാനുള്ളത് ഏതു വിധത്തിലാണാരംഭി ക്കേണ്ടതെന്നറിയാതെ അനിശ്ചിത കുഴങ്ങി. അനന്തരം അവൾ ഇങ്ങിനെ പറഞ്ഞു:—"ഞാൻ പറയുവാൻ ഭാവിക്കുന്നതെന്താ യിരിക്കുമെന്നു അങ്ങു മുൻകൂട്ടിത്തന്നെ ഊഹിച്ചിട്ടുണ്ടാകും. ന മ്മുടെ മൈത്രിയെപ്പററിയാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്ന തു്. സമീറൻ അങ്ങയുടെ ഒരു ചങ്ങാതിയായിരുന്നുവെങ്കിൽ അയാൾക്കനുവദിച്ചു കൊടുത്തിട്ടുള്ളതുപോലെ ഒരു യഥാർത്ഥ മിത്രത്തിൻെറ അവകാശങ്ങൾ അങ്ങ് എനിക്കും നൽകുമോ? അങ്ങയുടെ വിജ്ഞാനാഭിപ്രായങ്ങളും കർണ്ണാനന്ദകരമായ പ്ര

സാഗരങ്ങളും കേൾപ്പാനല്ലാതെ മറെറാന്നിനും ഞങ്ങൾ തക്കവരല്ലെ? അങ്ങിനെയാണെങ്കിൽ അവയൊന്നും കൂടാതെ എനിക്കതു ചെയ്യാൻ കഴിയും"

"ഭവതി എന്നോടാവശ്യപ്പെടുന്നതിനു എത്രയോ മുമ്പേ തന്നെ, മറെറാരു സ്വറ്റത്തിന്ന നൽകുന്ന സർവ്വാവകാശവും ഞാൻ ഭവതിയ്ക്കു നൽകിക്കഴിഞ്ഞിരിയ്ക്കുന്നു." അനന്തരം ദേവപ്രിയൻ ഇങ്ങിനെ ആത്മഗതം ചെയ്തു:

"ഞാൻ നിന്നെ വിശ്വസിക്കുന്നതുകൊണ്ടു് മൈത്രിയേക്കാൾ വലുതായ ഒന്നിനെ സംഭരിക്കാനായി അതിപ്രയത്നം ചെയ്യുകയാണ് അല്ലേ? എനിക്കതു മനസ്സിലായിക്കഴിഞ്ഞിരിയ്ക്കുന്നു!"

"ഇത്ര സ്പഷ്ടമായ ഒരു വാക്കാണെന്നു എനിക്കു തോന്നുന്നില്ല. ഞാൻ സമീരനായിരുന്നെങ്കിൽ എന്നോടു നിങ്ങൾ ഇന്നത്തെമാതിരി പെരുമാറുമായിരുന്നു"

ദേവപ്രിയൻ അതു കേട്ട ഉടനെ പൊട്ടിച്ചിരിച്ചു:—

"ഭവതി സമീരനല്ലെന്നുള്ള വിവരം ഒരിക്കലും ഞാൻ മറന്നിട്ടില്ല. അഥവാ അങ്ങിനെ മറന്നെങ്കിൽ ഭവതി മാപ്പുതരികയും ചെയ്യുമായിരുന്നില്ലല്ലൊ."

ആനന്ദികയ്ക്കു യാതൊരു കൂസലും ഉണ്ടായില്ല. അവൾ പറഞ്ഞു:—"ഞാൻ അങ്ങയെ [illegible]. ഈ വക കാര്യങ്ങളെ പററി പറഞ്ഞു സമയം കളഞ്ഞിട്ടു എന്താണാവശ്യം? ഞാൻ ഒരു സ്ത്രീയാണെങ്കിലും എന്നോടു നിങ്ങൾ ആ വിധത്തിൽ പെരുമാറരുതെന്നാണ് എന്റെ അപേക്ഷ. അങ്ങയ്ക്കു എന്റെ പേർ വിളിക്കുവാനോ [illegible]ത്തിലെല്ലാം അഭിമുഖ സംഭാഷണം ചെയ്യാനോ ഒരു വിരോധവുമില്ല. സമീരനോടു നിങ്ങൾ എന്തെല്ലാം പറയുമോ അതെല്ലാം എന്നോടും നിങ്ങൾക്കു പറയാം. മരണത്തെയോ [illegible] ഞാൻ ഭയപ്പെടുന്നില്ലെന്നു ഇതാ വാഗ്ദാനം ചെയ്യുന്നു. വിഭിന്ന ജാ

തിയിലുള്ള രണ്ടു പേർ മിത്രങ്ങളായിരിക്ക എന്നുള്ളതു് യശസ്സിന നന്നല്ല. ഒരു തരത്തിലുമുള്ള ബന്ധം അവൎക്കുണ്ടാകുന്നതാണോ ? ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള മൈത്രിക്കു അൎത്ഥം കല്പിക്ക മാത്രമാണു് നമ്മളെല്ലാം ചെയ്യുന്നതു്. നിരവധി ദോഷങ്ങൾക്കും ക്ലേശങ്ങൾക്കും അതു് കാരണഭൂതമായിരിക്കുന്നു."

മനുഷ്യർ സാധാരണയായി സംസാരിക്കുവാനാരംഭിച്ചാൽ പറയേണ്ടതിൽ എത്രയോ അധികം പറഞ്ഞു തീൎക്കേണ്ടതായിട്ടാണു് വരുന്നതു്. അനിന്ദിതയുടെ അഭ്യന്തര വിചാരങ്ങൾ അറിയുവാൻ ദേവപ്രിയനു സാധിയ്ക്കും. അദ്ദേഹം അവൾ പറഞ്ഞതിനോടെല്ലാം യോജിക്കയുണ്ടായില്ല. എന്നാൽ ഏതെങ്കിലും അഭിപ്രായത്തേക്കാൾ അദ്ദേഹവുമായി അവൾ സ്വയം അകന്നു നില്ക്കുന്നതു കൊണ്ടു് എതിൎത്തു പറയുന്നതിൽ നിന്നു അദ്ദേഹം പിൻമാറി.

അനിന്ദിതയുടെ സംഭാഷണം അവസാനിച്ചപ്പോൾ പുഞ്ചിരിയോടു കൂടി ദേവപ്രിയൻ പറഞ്ഞു:—

"ഞാൻ നിങ്ങളുടേ തീരുമാനങ്ങളേ സമ്മതിക്കുന്നു. എനിക്കും ഒരു പേരുണ്ടെന്നു ഭവതി അറിഞ്ഞിട്ടില്ലായിരിക്കുമോ? ഭവതിക്കതുപയോഗിക്കാൻ സാധിക്കയില്ലേ?"

"ഇല്ല, തീൎച്ചയായും കഴികയില്ല. എല്ലാംകൊണ്ടും എന്നേക്കാൾ അങ്ങു് ശ്രേഷ്ഠനാണു്. ഞാൻ അങ്ങയെ പേർ വിളിക്കുന്നപക്ഷം അതു വല്ലാത്ത ഒന്നായിരിക്കും." ഇതായിരുന്നു അനിന്ദിയുടെ മറുവടി.

"അതൊരു തെററുതന്നെയാണു്. എന്നാൽ ഭവതിയുടെ ഇഷ്ടംപോലെ ആയിക്കൊള്ളുക. പിന്നീടു് എന്നെ പഴിയ്ക്കുയോ ഞാൻ നിങ്ങളുടെ ബഹുമതിയെ ചവട്ടിത്താഴ്ത്തിയെന്നു പരാതി പറകയോ മാത്രം അരുതു്. തെററിദ്ധാരണയ്ക്കു് ഇടം കൊടുക്കാതെ ഉള്ള കാൎയ്യം തുറന്നു പറഞ്ഞതുകൊണ്ടു ഞാൻ വളരെ നന്ദി പറഞ്ഞുകൊള്ളുന്നു. സ്നേഹിതന്മാർ ഒരിക്കലും അന്യോ

ന്നും അത്യധികം സദാ ഇങ്ങനെ വാഴുകയില്ലെന്നു ഭവതിയ്ക്കറിയാമല്ലോ. അതുകൊണ്ട് ഈ സമയം മുതൽ വാക്കുകളാൽ വിവരിക്കുവാൻ എനിക്കു സാധിക്കാത്തതായിരുന്നാൽപോലും എന്റെ കൃതജ്ഞതയെ ഭവതി സ്വീകരിക്കുക."

"എന്നാൽ ഞാനെപ്പോഴാണതു ചെയ്യേണ്ടതു്? നിങ്ങളിൽനിന്നു് കൃതജ്ഞതയ്ക്കു ഞാനർഹയാണെന്നു എങ്ങിനെ എനിയ്ക്കറിയാൻ സാധിയ്ക്കും?" എന്നു അനിന്ദിത മന്ദഹസിച്ചു കൊണ്ടു ചോദിച്ചു.

ദേവപ്രിയന്റെ നയനങ്ങൾ പ്രകാശമാനങ്ങളായി "അപ്പോൾ മുതൽ ഞാൻ ഭവതിയ്ക്കും ഭവതിയുടെ സൃഷ്ടികർത്താവിനും കൃതജ്ഞത പ്രദർശിപ്പിക്കാൻ അർഹനായിത്തീർന്നിട്ടുണ്ടു."

അനിന്ദിത മറുവടി പറഞ്ഞില്ല. പെട്ടെന്നു അവൾ എഴുന്നേററു "മഴ വരുന്നുണ്ടോ എന്നു സംശയിക്കുന്നു." എന്നു പറഞ്ഞു.

"ശരിതന്നെ ഭവതി ഇപ്പോൾ ഗൃഹത്തിലേക്കു പോകുക തന്നെ" ദേവപ്രിയൻ ഇത്രയും പറഞ്ഞുകൊണ്ടു അവളുമായി വേഗത്തിൽ വേർപിരിഞ്ഞു. അനിന്ദിതയുടെ ഹൃദയം തുടിച്ചു. അനിന്ദിതയോടു കുറെക്കൂടി അടുപ്പമുണ്ടാകണമെന്നാണു് പ്രിയൻ വിചാരിച്ചിരുന്നതു്. അതു അദ്ദേഹത്തിനു സാധിച്ചിട്ടുമുണ്ടു. പക്ഷെ അദ്ദേഹം ആഗ്രഹിച്ച നിലയിൽ അല്ലെന്നു മാത്രം. അദ്ദേഹം നിർമ്മിച്ചിരുന്ന ഗന്ധർവ്വഹർമ്മ്യങ്ങളെല്ലാം ഒന്നോടെ ഇടിഞ്ഞുപൊളിഞ്ഞു അധഃപതിച്ചു.

അനിന്ദിത വിവരിച്ചു പറഞ്ഞ നിലയിലല്ലാത്ത ഒരു സൗഹാർദ്ദബന്ധം ഒരു പുരുഷനും സ്ത്രീയ്ക്കും തമ്മിൽ ഉണ്ടാകുവാൻ വിഷമമൊന്നും ഇല്ല. എന്നാൽ അദ്ദേഹത്തിന്റെ തലച്ചോറു സമ്മതിച്ചതെല്ലാം അദ്ദേഹത്തിന്റെ ഹൃദയം നിഷേധിച്ചു.

അദ്ധ്യായം 10.

'ആകാശമന പാന്നിറയെ തേടും ക്ഷി
ഘോരമായ [illegible] കാറ്റി
ന്മേൽ വീഴുമ്പോഴും''
''കാർത്തിക [illegible] ഷ്ടമെന്ന
പ്പാർത്തണിഞ്ഞിരിക്കുന്ന കട്ട [illegible] മെല്ലാം''
''ചലക്കുന്ന [illegible] ''

വളരെക്കാലം കൽക്കത്താനഗരം വിട്ട് എവിടെയോ താമസിച്ചുവന്ന ഒരുവൻ വീണ്ടും ആ പട്ടണം സന്ദർശിക്കുവാനിടവരുന്നതായാൽ ഉണ്ടാകുന്ന സന്തോഷം ഒരു പ്രത്യേക തരത്തിലുള്ളതാണെന്നുള്ളതു നിരാക്ഷേപമായ ഒരു വാസ്തവമാകുന്നു. പ്രധാന നിരത്തുകളും വീഥികളും ധാരാളം ധനം ചെലവു ചെയ്തു പണിയിക്കപ്പെട്ടിട്ടുള്ള മന്ദിരങ്ങളും ഏതാനും നാൾ കഴിഞ്ഞാൽ കാണുന്നതു പൊടിയും അഴുക്കും നിറഞ്ഞ പദാർത്ഥങ്ങളാണ്. [illegible] ഞ്ഞു. പകരം പുകയും പൊടിയും കൊണ്ടാണ് അതിനെ പരിപൂർണ്ണമാക്കിയിട്ടുള്ളതു. നക്ഷത്രങ്ങൾ ആകാശത്തിൽ ഗണ്യമായ വിധം കുറഞ്ഞു. [illegible] രാത്രിയിൽ പ്രകാശം ഭൂമിയിൽ നിന്നു പൂർവ്വാധികം ഉയർന്നിരിക്കുകയും ചെയ്തു കഴിഞ്ഞു.

സംക്രുതത്താ[illegible] എപ്പോൾ മടങ്ങിയോ അപ്പോൾ മുതൽ [illegible] കാര്യങ്ങളെപ്പറ്റി അവൾ ശ്രദ്ധ പതിപ്പിക്കുവാൻ തുടങ്ങി. എന്നാൽ അവളുടെ സഹോദര സഹോദരിമാർ കൽക്കത്തയെ [illegible] വരികയാണ് തുടങ്ങിയിരിക്കുന്നു. [illegible] കൽക്കത്ത വിട്ടു ഒരാഴ്ചയിലധികം താമസിക്കുവാൻ സാധിക്കുന്നതെങ്ങിനെയാണെന്ന് സമീരനു മനസ്സിലായില്ല. വല്ലേജുകളിൽ എന്താണുള്ളതു? സമാജമുണ്ടോ? സിനിമയുണ്ടോ, ഒരു സൽകലാശാല

യുണ്ടോ? യാതൊന്നുമില്ല. അവിടത്തുകാർ ഫുൾബാളെന്നോ ഹാളിയെന്നോ കേൾക്കുകപോലും ചെയ്തിട്ടില്ല. വിദ്യാഭ്യാസവും പരിഷ്കാരവും സിദ്ധിച്ച ഒരുവന്നു ഈ വിധമുള്ള ഒരു ഗ്രാമത്തിൽ എങ്ങിനേയാണ് കഴിച്ചുകൂട്ടുവാൻ സാധിക്കുക?

അനിന്ദിത നാട്ടിൻപുറത്തു നിന്നു തിരിച്ചെത്തിയ ഉടൻ ഠരം സംസാരമാണ് അവൾക്കു കേൾപ്പാൻ ഇടയായതു്. സമീരൻ പറയുന്നു;—“എന്റെ പ്രിയപ്പെട്ട യുവതീ, ഞാൻ നിങ്ങൾക്കുവേണ്ടി ഒരു കണ്ണട വാങ്ങുവാൻ പോകയാണ്. ഒരു മാസകാലം ദയവുചെയ്തു അതു ധരിച്ചുകൊള്ളേണ്ടതത്യാവശ്യമാണ്. അല്ലാത്ത പക്ഷം നാട്ടിൽ നിന്നു ലഭിച്ച ദോഷത്തിനു ശമനമുണ്ടാകുന്നതല്ല.”

സുഷമയും സമീരനെ പിന്തുടന്നു ഇങ്ങിനെ ചോദിപ്പാൻ തുടങ്ങി:—“എന്താണ് ദിദീ അവിടെ കാണ്മാനുള്ളതു്? വാസ്തവത്തിൽ എനിക്കു വലിയ അത്ഭുതം തോന്നുന്നു. ഒരിക്കൽ ഞാൻ പിതാവൊന്നിച്ച് അവിടേ പോകയുണ്ടായിട്ടുണ്ട്. എന്നാൽ മൂന്നുദിവസത്തിലധികം അവിടേ താമസിക്കുവാൻ എനിക്കു മനസ്സുവന്നില്ല. സൃഷ്ടികർത്താവു പട്ടവങ്കന്മാരേയെല്ലാം അവിടേയാണ് ഒന്നിച്ചു കൂട്ടിയിരിക്കുന്നതു്. എന്റെ നേരേ ഓട്ടക്കണ്ണിട്ടുനോക്കലും അമ്മായിയുടെ അടുക്കൽ ചെന്ന് “എന്താണമ്മെ, ഈ പെൺകുട്ടിയ്ക്കു് പ്രായ പൂർത്തിവന്നുകഴിഞ്ഞിട്ടും കല്യാണം കഴിക്കാത്തതു്?” എന്നിങ്ങനേ കണ്ഠക്ഷോഭം ചെയ്യലുമല്ലാതേ അവർക്കു അവിടേ ഒരു പണിയും ഉണ്ടായിരുന്നില്ല. ഇതു മൂന്നുകൊല്ലം മുമ്പാണ് കെട്ടോ. അന്ന് എനിക്കു വലിയ പ്രായമൊന്നും ആയിട്ടില്ല.”

ഇതു കേട്ട് മറുവടിപറഞ്ഞതു് സമീരനായിരുന്നു:—

“സുഷമേ, സുഷമ അന്നു തടിച്ചുകൊഴുത്തിരുന്ന കഥയേ മറന്നുപോയിരുന്നിരിക്കാം. അല്ലാതേ അവർ മറ്റൊന്നും ഉദ്ദേശിച്ചിട്ടായിരിക്കയില്ല അങ്ങിനേ പറഞ്ഞതു്. ജനങ്ങൾക്കു സ്വ

ഷമയുടേ ശരിയായ വയസ്സ് എങ്ങിനേയാണറിയുവാൻ കഴിയുക? എന്നെ ഇവിടെ സുഷമ വിളിക്കുന്നതു് ദാദാ എന്നല്ലെ? സുഷമയ്ക്കു പതിനേഴവയസ്സ പ്രായമായിരിക്കണമെന്നാണ് അവരുടേ ഉദ്ദേശം. എനിക്കാണെങ്കിൽ ഒരു പതിനാറുവയസ്സേ അവർ കാണു."

അവരുടെ ശണ്ഠ മറെറാരുവഴിക്കു തിരിഞ്ഞു. അതിനു കാരണം അനിന്ദിതയായിരുന്നു: സമീരനും സുഷമയും അവരുടെ അന്യോന്യസ്ഥിതിയെപ്പററി ശക്തിയായ വാദപ്രതിവാദം ചെയ്തുകൊണ്ടിരുന്നു. സുരൂപ അനിന്ദിതയുടെ അരികിൽ ചെന്നിരുന്നു ഇങ്ങിനെ പറഞ്ഞു:—"ദിദീ, വാസ്തവത്തിൽ കൽക്കത്ത എനിക്കു ഭയങ്കരമായിട്ടാണ് തോന്നുന്നതു്. ഡാർജിലിങ്ങിന്നുശേഷം ഞാൻ എത്രയും മനോഹരമായ ഫേർണസ്സും മോസ്സും പിരിച്ചു ശേഖരിച്ചിട്ടുണ്ടു. അതിൽ കൂടുതൽ എനിക്കു സാധിക്കുമായിരുന്നു: പക്ഷെ സമീരന് എന്നെ സഹായിച്ചുവാൻ കഴിഞ്ഞില്ല."

"അത്രയെങ്കിലും ചെയ്തുതന്നതു ഭാഗ്യമെന്നു കരുതിക്കൊള്ളുക. ഒരു സഹോദരിയുടെ സാന്നിദ്ധ്യത്തെ ഉദ്ദേശിച്ചല്ല ഞാൻ ഡാർജിലിങ്ങിനുപോയതു്."

ഈ വാഗ്വാദത്തിലൊന്നും ബീജു കുറച്ചെങ്കിലും സമയം വ്യയം ചെയ്തില്ല. അനിന്ദിത കൽക്കത്തയിലേക്കു മടങ്ങിയപ്പോ കൊണ്ടുവന്ന മാമ്പഴത്തെപ്പററിയായിരുന്നു അവൻ ഗാഢമായി ശ്രദ്ധിച്ചതു്. പഴങ്ങളുടെ ചാറിലുള്ള രുചി ബീജു സ്വയം ആസ്വദിച്ചതിനുശേഷം സമീരൻെറ കുപ്പായക്കീശയിലുള്ള ചിത്രപടം കിട്ടുന്നതിന്നു് കൊതി കാണിപ്പാൻ തുടങ്ങി മാമ്പഴച്ചാറിൽ കുറെ സഹോദരനു നൽകിക്കൊണ്ടു നയജ്ഞനായ ബാലൻ ചിത്രപടം കയ്ക്കലാക്കി. സമീരനു ബീജുവിനു ഒരു കളിപ്പെട്ടി നൽകിക്കൊണ്ടു, "ഞാനെന്താണ്" ചെയ്യുക. നോക്കൂ! ബീജു എൻെറ പഞ്ചാബിടൗസർ നശിപ്പിച്ചു കളഞ്ഞിരിക്കുന്നു."

എന്നിങ്ങിനെ പറഞ്ഞു. ഇതുകേട്ട് സുഷമയാകട്ടേ ഈവിധം ഉചിതമായ ഒരു മറുവടി നൽകി:—"അവൻ അതു ശരിയാക്കുയാണ് ചെയ്തതു്. ബീജു, പോരിക. നിനക്കു ഞാൻ ബിസ്കറ്റു തരാം. കെട്ടോ!"

വെക്കേഷനുശേഷം സ്കൂളുകളും കോളേജുകളും തുറക്കപ്പെട്ടു. അതുകൊണ്ടു അവൾക്കു ശണ്ഠ നിറുത്തി മററുജോലിക്കു ഒരുങ്ങേണ്ടതായി വന്നു. ഒരു മണിക്കൂറിനകം ആ ഗൃഹം നിശ്ശബ്ദമായി. അനിന്ദിത ഒരു പായ വിരിച്ച് കയ്യിൽ ഒരു പുസ്തകവുമായി കിടപ്പായി. പുസ്തകത്തിലുള്ള ഓരോ ഏടുകളും മറിച്ചു നോക്കുമ്പോഴും അച്ചിൽ പതിഞ്ഞ അക്ഷരങ്ങൾക്കു പകരം അവൾ കണ്ടതു ചക്രവർത്തുപാലയിലെ ഉദ്യാനങ്ങളുടേയും വെള്ളം നിറഞ്ഞ വയലുകളുടേയും ചിത്രമായിരുന്നു. മനുഷ്യജീവികളും അതിൽ നിന്നു ഒഴിവാക്കപ്പെട്ടിരുന്നില്ല. അവളുടെ ചങ്ങാതിയുടെ മുഖവും, തീക്ഷ്ണ വീക്ഷണങ്ങളും ആശ്ചര്യാചിതങ്ങളായ വാക്കുകളും അവളുടെ ഹൃദയത്തിൽ ശക്തിയായി പതിയുവാൻ തുടങ്ങി.

ഉൾനാട്ടിലെ സ്റ്റേഷനിൽവെച്ചാണ് അദ്ദേഹം അവളെ കാണുകയുണ്ടായതു്. പക്ഷെ അവൾക്കവിടെവെച്ച് അധികം സംസാരിപ്പാൻ കഴിഞ്ഞില്ല.

പ്ലാററുഫാറത്തിൽനിന്നു വണ്ടി ഇളകിയപ്പോൾ അവളുടെ ഹൃദയഭാരവും ചലിക്കുവാൻ തുടങ്ങി. പച്ചനിറഞ്ഞു മനോഹരങ്ങളായി തോന്നുന്ന രാജ്യങ്ങളെ ഓരോന്നോരോന്നായി പിന്നിലാക്കിക്കൊണ്ടു വണ്ടി പായുമ്പോൾ ജാലകത്തിൽക്കൂടി ആ കാഴ്ച കണ്ടാനന്ദിക്കുവാനുള്ള ആഗ്രഹം അനിന്ദിതയ്ക്കുണ്ടായില്ല. മനസ്സിന്റെ ഒരു ചലനത്തെ മാററുവാൻ അവൾക്കു സാധിക്കാതെ വന്നു. ഒരു സുഹൃത്തിന്റെ വിയോഗം കൊണ്ടുള്ള ദുഃഖം അനുഭവിച്ചു തീരുംമുമ്പു അവൾ സ്വയം സ

മാധാനിപ്പാനുറച്ചു. ദേവപ്രിയനും ഠരം വേർപാട ഏററവും ഗൌരവമായിഃത്തോന്നി.

ആപല്ക്കരങ്ങളായ ഈവ്വശവിചാരങ്ങളിൽ നിന്ന ഹൃദയത്തെ സ്വതന്ത്രമാക്കണമെന്നുദ്ദേശിച്ച് അനിന്ദിത തൻേറ ശ്രദ്ധ മുഴവനും "ഡോറിയൻഗ്രേ"യിലേക്ക പതിച്ചു. എന്നാൽ പുസ്തകം അതിവേഗത്തിൽ അവളുടെ കൈപ്പാട്ടിൽ നിന്നു കുതിച്ചുചാടുകയും ഠരം സന്ദഭം നോക്കിയിട്ടോ എന്ന തോന്നുമാറു നിദ്രാദേവി അവളേ ഗാഢാശ്ലേഷം ചെയ്യുകയും ചെയ്തു.

സന്ധ്യയാകുന്നതിന്ന ഏതാൻ നാഴിക മുമ്പായി കോളേജിൽ നിന്നും സ്കൂളിൽ നിന്നും വിദ്യാത്ഥികഠം ഗൃഹത്തിലെത്തി, അവിടേ ഉറങ്ങിക്കിടന്നവരേയെല്ലാം വിളിച്ചുണത്തി. കണക്കശാസ്ത്ര പ്രഫസർ അന്ന ക്ലാസ്സിൽ പറഞ്ഞ നേരമ്പോക്ക സുഷമ അത്യാസക്തിയോടുകൂടി അവരോട വിവരിച്ചുപറഞ്ഞു. സമീരൻേറ മുഖം ഇതുകേട്ട് താനേ ചുളിഞ്ഞു. പക്ഷെ സുഷമപറഞ്ഞു തീക്കാനുള്ളതു കഴിച്ചുകൊള്ളട്ടെ എന്ന കരുതി അയാഠം മൌനംദീക്ഷിച്ചു. എന്നിട്ടുപോലും സുരൂപ അയാളേ ഉന്തിത്തള്ളിപ്പുറത്താക്കി.

കാപ്പിക്ക ശേഷം ആ മൂന്ന സഹോദരിമാരും കൂടി സായന്തന മാരുത സ്പശം ഏല്ക്കുന്നതിനായി മാളികയിൽ ചെന്ന് ഒന്നിച്ചുകൂടി. സമീരൻ ഫുട്ബാഠം മൈതാനത്തേക്ക പുറപ്പെട്ടു. ബിജു തൻേറ ചെറിയ വാഹനവും കയ്യിലാക്കി ഭൃത്യനൊന്നിച്ചു ലാത്തുവാനിറങ്ങി. സുശോഭന ഭത്താവാകുന്ന സുഹൃത്തിനാൽ വിളിക്കപ്പെട്ടവളായിട്ട് ആഫീസ് മുറിയിലേക്കും പ്രവേശിച്ചു.

അനിന്ദിതയുടേ ദിവസങ്ങഠം ഓരോന്നോരോന്നായി പോയ്ക്കഴിഞ്ഞു. കുറച്ചു ജോലി; സ്വല്പം സംസാരം; കുറഞ്ഞൊന്നു വായന എന്നിങ്ങിനേ അവഠം ദിവസം കഴിച്ചുകൂട്ടി. കഴിഞ്ഞ

കാൎയ്യങ്ങളേ ഗാഢമായി ഓൎത്തും ശാന്തമായും അവൾ കാലം പോക്കി.

"ഹാ! നാലഞ്ചുമാസങ്ങൾ എത്ര ക്ഷണത്തിൽ പോയിക്കഴിഞ്ഞു." എന്നിങ്ങിനേ അവൾ തന്നത്താൻ ഇടക്കിടക്ക പറയുക പതിവായിരുന്നു.

ദേവപ്രിയൻ കൂടക്കൂടെ സമീരന്നു എഴുത്തയക്കാറുള്ളതുകൊണ്ടു് തക്കൂർത്താലയിലെ വിവരങ്ങളെല്ലാം അനിന്ദിതയ്ക്കു് അറിയുവാൻ സാധിച്ചു സമീരന്നു ആദ്യത്തെ എഴുത്തു കിട്ടിയ ദിവസം ആയാൾ ആ എഴുത്തുംകൊണ്ടു അനിന്ദിതയുടെ അടുക്കൽ വന്നു ഇങ്ങിനെ ഗജ്ജിച്ചു. "ദിദീ ഇങ്ങോട്ടു നോക്കൂ, ദേവപ്രിയബാബുവിന്നു എന്നെപ്പററി അറിയുവാൻ എന്തൊരക്ഷമ. അതുകൊണ്ടാണു് ആയാൾ എനിക്കെഴുതിയിരിക്കുന്നതു ?"

അനിന്ദിതക്കു ഇതു അത്ര രസമായില്ല. എന്തുകൊണ്ടാണു് അദ്ദേഹം അവൾക്കു നേരിട്ടു എഴുതാഞ്ഞതു? ഒരു സുഹൃത്തിൻെറ നിലയിൽ അദ്ദേഹത്തിന്നവൾ സൎവ്വാധികാരങ്ങളും കൊടുത്തിട്ടുണ്ടല്ലൊ. പിന്നെ എന്താണു അവൾക്കു കത്തെഴുതുവാൻ പ്രതിബന്ധം? എന്നാൽ കുറെ ദിവസങ്ങൾക്കുശേഷം അവളുടെ കോപത്തിന്നു ശമനമുണ്ടായി. അവളിങ്ങിനെ വിചാരിച്ചു. "പക്ഷെ ഇതു ഉത്തമമായി. ഞാൻ ആരോടും ദേവപ്രിയറായിയെപ്പററിയുള്ള കഥ പറഞ്ഞിട്ടില്ല".

എന്നാൽ മൂന്നാമൻ വഴിയായിട്ടുള്ള എഴുത്തുകുത്തു അധികകാലം നിലനിന്നില്ല. "ഈശ്വര! ഞാൻ എൻെറ ഒന്നാന്തരം എഴുത്തു കടലാസ്സുകൾ എന്തിനാണു് അയാൾക്കു വേണ്ടി ചിലവു ചെയ്യുന്നതു്? അയാളുടെ 'ലാഫിംഗ് ഗ്യാസ് ഫാക്ററി'യെപ്പററി എനിക്കൊന്നും അറിയേണ്ടതില്ല. അതിൻെറ പ്രയോജനം ലോകത്തിലെ പടുവങ്കന്മാൎക്കല്ലേയുള്ളു. ദിദീ, ദിദിയുടെ പഴയ ബുദ്ധന്നു നേരിട്ടുതന്നെ എഴുതിക്കൊള്ളുക. എന്നെക്കൊണ്ടു് അയാൾക്കു കത്തെഴുതുവാനാവില്ല. ഞാൻ ദിദി

യ്ക്കു വേണ്ടി എത്ര നാളാണ് കത്തെഴുതുക. ഇനി എനിക്കതു സാധിയ്ക്കയില്ല." സമീരന്റെ വാക്കുകൾ കേട്ട അനിന്ദിത ആയാളെ ശകാരിച്ചു. എന്നാൽ സമീരനുമായി പിണങ്ങുന്ന പക്ഷം ദേവപ്രിയനെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ അറിയുവാൻ അവൾക്കു സാധിക്കാതെ വരും. അതുകൊണ്ടു സമീരന്റെ പ്രവൃത്തിക്കു തക്ക ശിക്ഷ കൊടുപ്പാൻ അവൾ ഭയപ്പെട്ടു. ആദ്യമായി ഒരു ചങ്ങാതിപ്പെണ്ണിനു എഴുത്തു എഴുതുവാൻ എളുപ്പം സാധിക്കും. എന്നാൽ സ്ത്രീ പുരുഷ വ്യത്യാസത്തെ പററി പലതും സംസാരിക്കാൻ ഇട വന്നിട്ടുള്ളതു കൊണ്ടു ദേവപ്രിയൻ ഒരു പുരുഷനാണെന്നുള്ള കാര്യം അവൾക്കു ഓർമ്മ വന്നു. ഈ കാരണത്താൽ അവർ അന്യോന്യം മൗനം കയ്ക്കൊണ്ടു. ഇതിൽ നിന്ന് അവ്യവസ്ഥയായി അവൾക്കു വിരമിയ്ക്കുവാൻ കഴിയുന്ന പക്ഷം അഹങ്കരിക്കുവാനുള്ള മാർഗ്ഗം തുറക്കപ്പെട്ടു. എന്നാൽ തന്റെ സുഹൃത്തിൽ നിന്നു പരിപൂർണ്ണമായ ഈ വ്യത്യാസം മറക്കുവാൻ സാധിക്കാതിരിക്കുന്നതു അവൾക്കു സങ്കടത്തിന്നു കാരണമായി തീർന്നില്ല. അവളുടെ ഹൃദയം കല്ലാക്കിത്തീർക്കാമോ എന്ന് അവൾ പരീക്ഷിച്ചിരുന്നു. അങ്ങിനെയുള്ള അവസ്ഥ മനസ്സിന്നു സിദ്ധിച്ചു കഴിഞ്ഞാൽ മാനുഷികവികാരങ്ങളേയും സന്തോഷങ്ങളേയും ജയിക്കുവാൻ കഴിയുമല്ലോ. മറെറാരുവന്റെ ഹൃദയത്തെ എപ്പോഴെങ്കിലും ആകർഷിക്കേണ്ട ഭാരം തനിക്കുണ്ടെന്നു അവൾ കണ്ടാൽ ദീർഘനിശ്വാസംകൊണ്ടു അതിനെ അനുകൂലിക്കുവാൻ അവൾക്കു കഴിയുന്നതല്ല.

ഒരു വൈകുന്നേരം അവർ ഒരു സദ്യ കഴിഞ്ഞു മടങ്ങ വന്നു ഒന്നിച്ചുകൂടി വിനോദിച്ചു കൊണ്ടിരിക്കവേ, ഭൃത്യൻ അവിടെ എത്തി ഇങ്ങിനെ പറഞ്ഞു. "ഒരു മാന്യൻ വിളിയ്ക്കയുണ്ടായി. അപ്പോൾ നിങ്ങളെല്ലാവരും പുറത്തുപോയിരിക്കയായിരുന്നു."

സുരൂപ അവളുടെ ആഭരണങ്ങൾ അഴിച്ചു വെയ്ക്കുകയായിരുന്നു. അവൾ ഉടൻ ആ തിരസ്കരണിയുടെ അരികിലേക്കു വന്നു. "ആരായിരുന്നു അതു്? നീ അറിയുമോ?" എന്നു ചോദിച്ചു. ഭൃത്യൻ ഇങ്ങിനെ മറുവടി പറഞ്ഞു. "ഇല്ല കൊച്ചമ്മേ, ഞാൻ ഇതിന്നുമുമ്പൊരിക്കലും അദ്ദേഹത്തെ കണ്ടിട്ടില്ല. വളരെ പൊക്കമുള്ള ഒരു ശക്തിമാനാണ് അദ്ദേഹം. അദ്ദേഹം വിസിററിങ്ങ് കാർഡു തന്നിട്ടുണ്ടു."

ഭൃത്യൻ അതെടുത്തുകൊണ്ടുവരാനായി പോയി. സുരൂപ അവളുടെ ശ്രദ്ധയെ വസ്ത്രാഭരണങ്ങളിലേക്കു പതിച്ചു.

ദേവപ്രിയനല്ലാതെ മററാരുമായിരിക്കയില്ല വന്നതെന്നു അനിന്ദിത തീർച്ചപ്പെടുത്തി. മറെറാരു ദിവസവും ഇങ്ങോട്ടുവരുവാൻ അദ്ദേഹം കണ്ടില്ലെന്നു വരുമൊ? എന്നു അവൾ വിചാരിച്ചു. ഇതാ കാൎഡെന്നുപറഞ്ഞു് ഒരു കഷണം കടലാസ്സും കയ്യിൽ വച്ചുകൊണ്ടു ഭൃത്യനായ ധ്രുവൻ നില്പായി.

അനിന്ദിത കാൎഡ് അവനോടു വാങ്ങി. "ആരുടേയാണ് അതു" എന്നു സുരൂപ ദിദിയോടു ചോദിച്ചു.

കടലാസ്സ്ഖണ്ഡത്തിൽ നോക്കിക്കൊണ്ടു "മിസ്റ്റർ ദേവപ്രിയറായി"യുടെ എന്നു അവൾ മറുപടി പറഞ്ഞു. പെട്ടെന്നു ഉറക്കെവിട്ടു് ഡ്രസ്സിങ്ങ്റൂമിലേക്കു സുരൂപ പ്രവേശിച്ചു.

"എന്തു നിർഭാഗ്യമാണെന്നു നോക്കണേ. ഞങ്ങൾ അടുത്തുള്ള സമയത്തൊരിക്കൽ അദ്ദേഹത്തിനു വരാൻ പാടുണ്ടായിരുന്നില്ലേ? എനിക്കദ്ദേഹത്തെ കണ്ടാൽ കൊള്ളാമെന്നുണ്ടു" എന്നു സുരൂപ പറഞ്ഞു.

ഈ സമയത്തെല്ലാം സുഷമ മാതാവിൻെറ മുറിയിൽനിന്നു പോയി ബീജുവായി കലഹിച്ചു കൊണ്ടിരിക്കയായിരുന്നു. സുരൂപ പറഞ്ഞ ഒടുവിലത്തെ വാക്കുകൾ കേട്ടുകൊണ്ടു് സുഷമ അവിടെ പ്രത്യക്ഷയായി.

"ആരാണതു് ദിദീ, ആരെയാണ് കാണ്മാൻ കൊതിക്കുന്നതു്?" ഇതായിരുന്നു സുഷമയുടെ അത്യാസക്തിയോടുകൂടിയ ചോദ്യം.

"സമീരനും ദിദിയുംകൂടി രാവും പകലും ആരെപ്പററി സംസാരിച്ചുകൊണ്ടിരിക്കുന്നുവോ ആ ദേവപ്രിയ ബാബുവാണതു്. നാം പുറത്തു പോയിരുന്നപ്പോളാണ് അദ്ദേഹത്തിൻെറ പുറപ്പാടു്. വിസിററിങ്ങ്കാഡ് ഇവിടെ കൊടുത്തിട്ടാണദ്ദേഹം പോയതു്. കുറെനേരം അദ്ദേഹം കാത്തിരിക്കുമെന്നു സുഷമയ്ക്കറിഞ്ഞുകൂടെ?"

"കാഡ് എവിടേയാണ്? ഒന്നു കാണാമെല്ലൊ" എന്നു സുഷമ പറഞ്ഞു. എന്നാൽ ആ കടലാസ്സു കഷണം അവിടെ തെങ്ങും കാണപ്പെട്ടില്ല. സമീരനും, സുഷമയും, സുരൂപയും ദേവപ്രിയനെപ്പററിത്തന്നെ ഇടവിടാതെ ഉറങ്ങാൻ പോകുന്നതുവരേ, സംസാരിച്ചുകൊണ്ടിരുന്നു. അനിന്ദിത അതിൽ അധികം പങ്കു കൊള്ളുകയുണ്ടായില്ല. അതുകൊണ്ടു സമീരൻ ഇങ്ങിനേ പറഞ്ഞു:—"ദിദി, സങ്കട കരമായ നിരാശയിൽ പെട്ടിരിക്കയാണ്. അയാളുടേ മന്മഥവിലാസം അറിയാൻ കഴിയാഞ്ഞതു് വലിയ നിർഭാഗ്യമായിപ്പോയി. അയാളെ അന്വേഷിച്ചു കൂട്ടിക്കൊണ്ടു വരാമായിരുന്നില്ലേ?"

കുറേനേരം പിന്നേയും കഴിഞ്ഞു. വൈകുന്നേരമായ ഉടൻ അനിന്ദിതയുടേ ഹൃദയം ചങ്ങാതിയുടേ വരവിനേക്കുറിച്ചുള്ള പ്രതീക്ഷകൊണ്ടു നിറഞ്ഞു. സഹോദരിമാർ മേൽക്കഴുകി വസ്ത്രധാരണം ചെയ്യുന്നതിന്നുമുമ്പായിത്തന്നേ അനിന്ദിത അവളുടേ ഗൃഹ ജോലിയും സ്വജോലിയും എല്ലാം തീർത്തു. സഹോദരിമാർ നിർദ്ദയമായി അവളേ അസഹ്യപ്പെടുത്താൻ തുടങ്ങി. എന്നിട്ടും അനിന്ദിതയ്ക്കു ഒരു കലുക്കവും ഉണ്ടായില്ല.

ഒരു ദിവസം രാവിലെ സമീരൻ കാളേജിൽ നിന്നു വന്നു ഇങ്ങിനേ പറഞ്ഞു:— "ഞാൻ പിച്ചർ പാലസ്സിലേക്കു പോക

യാണ്. സ്ത്രീകളെ! നിങ്ങളാരെങ്കിലും വരുന്നുണ്ടോ? അങ്ങാടിയിൽനിന്നു നിങ്ങൾക്കു വല്ലതും വാങ്ങേണ്ടതുണ്ടോ"

"ഞങ്ങളും വരുന്നുണ്ടേ"ന്നു സുഷമയും സുരൂപയും ഒരെ നിമിഷത്തിൽ അഭിപ്രായം പുറപ്പെടുവിച്ചു കഴിഞ്ഞു.

കുറെ നേരത്തെ ശണ്ഠയ്ക്കും വാഗ്വാദത്തിനും ശേഷം ആ പെൺകുട്ടികൾ പുതിയ വസ്ത്രം ധരിക്കുവാൻ അറയിലേക്കു പ്രവേശിച്ചു. "ദിദി തീർച്ചയായും പോകുകയില്ലെന്നു തന്നെയാണൊ വച്ചിരിക്കുന്നതു്? ആത്മസുഹൃത്തിനെ കാണ്മാൻ കൊതിക്കുന്ന ദിദിയുടെ നയനങ്ങൾ ചാർലിചാപ്ലിയിൻെറ നൃത്തത്തെ അഭിനന്ദിക്കുന്നതല്ല." എന്നു സുഷമ പറഞ്ഞു.

"ഗുരുത്വമില്ലാത്തോളെ മിണ്ടാതിരിയ്ക്കു്. ഇപ്പോൾ എൻെറ പ്രതീക്ഷയെല്ലാം ബിജുവിൻെറ നേരംപോക്കു കേൾപ്പാനാണ്." എന്നിങ്ങിനെ പറഞ്ഞുകൊണ്ടു അനിന്ദിത മററു സഹോദരിമാരേക്കാൾ വളരെ മുമ്പു തന്നെ വസ്ത്രധാരണം ചെയ്തു.

പിച്ചർ പാലസ്സിൽ പ്രദർശനം ആരംഭിക്കുന്ന സമയമായ തോടുകൂടി അവർ എത്തിക്കഴിഞ്ഞു. "നാം കൃത്യസമയത്താണെത്തിയതു്. രണ്ടു മിനിട്ടേ ഇനി താമസമുള്ളു. ഞാൻ ടിക്കററുകൾ വാങ്ങിക്കൊണ്ടു വരുന്നതുവരെ ഇവിടത്തന്നെ ഇരിക്കിൻ" എന്നു ദ്രുതഗതിയിൽ ഗർജ്ജിച്ചുകൊണ്ടു സമീരൻ വണ്ടിയിൽനിന്നിറങ്ങി.

അയാൾ നേരെപോയി ജനബാഹുല്യത്തിന്നിടയിൽക്കൂടെ ടിക്കററുവാങ്ങി കൊണ്ടുവന്നു. ഉടനെ അവരെല്ലാം ഹാളിൽ പ്രവേശിച്ചു. ഹാളിൻെറ കവാടങ്ങൾ ബന്ധിക്കപ്പെട്ടു; വിളക്കുകൾ കെടുത്തി.

'ക്വൊവേദിസ്'' കഥ പ്രദർശിപ്പിച്ചുതുടങ്ങി. സുഷമ ഈ ചരിത്രം ഒരിക്കൽ വായിച്ചിട്ടുണ്ടായിരുന്നു. സുരൂപ ചോദ്യങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങി. അവരുടെ സംസാരം മററുള്ളവരുടെ കണ്ണുങ്ങൾക്കു അസഹ്യമായിത്തീർന്നു. അവരുടെ ശ്രദ്ധ,

കഥ കാണുന്നതിനേക്കാൾ കൂടുതൽ അരികത്തിരുന്നവരിലാണ് പതിഞ്ഞതു്. സമീരൻ അസാധാരണമായ ഗൗരവം മുഖത്തു പ്രകാശിപ്പിച്ചു കൊണ്ടു് സ്വസ്ഥനായി ഇരുന്നു പ്രദർശനം കണ്ടു.

ഒന്നാംഭാഗം അവസാനിച്ച ഉടൻ ദീപം വീണ്ടും പ്രകാശിപ്പിക്കപ്പെട്ടു. കണ്ണട വെച്ചിട്ടുള്ളവർ ഓരോരുത്തരെ നോക്കിത്തുടങ്ങി; ലെമനേഡിനും ഐസ് ക്രീമിനും ഓരോരുത്തർ മുറവിളി കൂട്ടിക്കൊണ്ടിരുന്നു. പെട്ടെന്നു സമീരൻ അനിന്ദിതയുടെ അരികിലേക്കു നീങ്ങി അവളോടു ഇങ്ങിനെ പറഞ്ഞു:—"ദിദീ ഭാഗ്യംകൊണ്ടാണ് ഇങ്ങോട്ടു ദിദി വന്നതു! മുൻഭാഗത്തേക്കു നോക്കു. ദിദിയുടെ നവീന ബുദ്ധൻ ഇതാ ഗ്യാലറിയിൽ ഇരിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ കൂട്ടുകാരെ കണ്ടാൽ പേടി തോന്നും"

അനിന്ദിത മുൻഭാഗത്തേയ്ക്കു നോക്കിയപ്പോൾ ദേവപ്രിയന്റെ പിൻവശം മാത്രമേ അവൾക്കു കാണ്മാൻ കഴിഞ്ഞുള്ളു. എന്നാൽ അദ്ദേഹത്തെ തിരിച്ചറിയുവാൻ അവൾക്കു ഒരു വിഷമവും ഉണ്ടായില്ല. അദ്ദേഹത്തിന്റെ ചുററും രണ്ടു മൂന്നു ബെഞ്ച് നിറയേ കുട്ടികൾ ഇരിക്കുന്നുണ്ടായിരുന്നു അ കുട്ടികളിൽ അധികം ഭാഗവും പഴന്തുണികളാണുടുത്തിരിക്കുന്നതെങ്കിലും തലമുടി പിൻഭാഗത്തു മോടിയായി കെട്ടിവയ്ക്കുന്ന കാര്യം മറന്നിരുന്നില്ല. വസ്ത്രധാരണയിൽ അശ്രദ്ധരോ എന്നു തോന്നുമാറു കാണപ്പെടുന്നവരും ആ കൂട്ടത്തിലുണ്ടു്. വിശ്വസാർവ്വത്രികമായ ഒരു സമ്പ്രദായത്തെ നാനാതോന്ന പ്രദർശിപ്പിക്കുവാനാണോ അവർ പഴയതും പുതിയതും ആയ വിധത്തിൽ വസ്ത്രധാരണം ചെയ്തിരിക്കുന്നതു? ചിലർ വിദേശവസ്ത്രങ്ങളാണുടുത്തിരിക്കുന്നതു്; മററുചിലർ ധോത്തിയോടുകൂടി ചേക്കപ്പെട്ടിട്ടുള്ള ഷർട്ടുകളാണു ധരിച്ചിട്ടുള്ളതു്! ചിലർ പഞ്ചിയുടെ സംയോഗത്തിൽക്കൂടെയാണു് കാണപ്പെടുന്നതു്. ചിലർ

അഴക്കു പാരണ്ട തൂവൽത്തൊപ്പികളും മററു ചിലർ ജിണ്ണിച്ച സൂര്യ കാന്തിത്തൊപ്പികളുമാണ് തലയിൽ ഇട്ടിട്ടുള്ളതു്.

സമീരൻ അവരെ വളരെ നേരം സൂക്ഷിച്ചുനോക്കി. അനന്തരം ഇങ്ങിനെ പറഞ്ഞു:—"ഠാംശപാരാ, ചിരിപ്പാഠശാലയിലെ വിദ്യാർത്ഥികളാണോ ഈ കുട്ടികളെല്ലാം? ദേവതകളെക്കൂടിചിരിപ്പിക്കാൻ ഇവർ മതി. ഠാം സദാചാര ധീരതയ്ക്കു ദേവപ്രിയനു വി. സി. യുണ്ടായിരിയ്ക്കണം. ഡാൻകപിക്സ്സോഡിനു കൂടി ഠാം വിധം ധൈര്യം ഒരിക്കലും ഉണ്ടായിട്ടില്ല."

ഈ വികൃതമായ കാഴ്ച കണ്ടിട്ടു പുറപ്പെട്ട ചിരി അടക്കുവാൻ കഴിയാതെ സുഷമയും സുരൂപയും കുഴങ്ങി. എന്നിട്ടും അവർ സമീരനെ തടയുകയാണു് ചെയ്തതു്. "ആരെങ്കിലും എന്തെങ്കിലും ആയിക്കൊള്ളട്ടെ. നിനക്കെന്താണ് നഷ്ടം" ഇതായിരുന്നു അവരുടെ മറുവടി.

അനിന്ദിത പറഞ്ഞു:—"നിങ്ങളെപ്പോലെ നവീനരീതിയിലല്ല അവർ വസ്ത്രധാരണം ചെയ്തിരിക്കുന്നതു്. അതു തീർച്ച തന്നെ. പക്ഷെ, ദൈവം ഠാം സ്ഥിതിയിൽ തന്നെ അവരെ പരിഷ്കരിച്ചു അവർക്കു സദാത്മാക്കരം നൽകാതിരിക്കയില്ലെന്നാണ് എന്റെ വിചാരം".

സമീരൻ:—"ദിദീ, ദൈവത്തെ ഓർത്ത് ഒരു മിഷ്യനറിയെപ്പോലെ പ്രസംഗിക്കാതിരിയ്ക്കണെ! ദിദിയുടെ ചങ്ങാതിയ്ക്കെതിരായി ഞാനൊന്നും തന്നെ പറയുന്നില്ലല്ലോ. ഞാൻ അദ്ദേഹത്തിന്റെ ധീരതയെ വാസ്തവമായും ശ്ലാഘിയ്ക്കുയാണ് ചെയ്യുന്നതു! ഠാം വിധക്കാരായ അനുഗാമികളോടുകൂടി പുറത്തിറങ്ങി നടക്കാൻ എന്നെക്കൊണ്ടു ഒരിക്കലും സാധിക്കുന്നതല്ല."

അനിന്ദിത:—"നിനക്കു് നിർഭയം പറയാൻ കഴിയും. പക്ഷേ നിനക്കിത്തൊഴിൽ സാധിക്കയില്ലെന്നു എനിക്കറിഞ്ഞുകൂടേ?"

കഥയുടെ രണ്ടാം ഭാഗം പ്രദൎശിപ്പിക്കുവാൻ തുടങ്ങിയപ്പോൾ അവർ വാഗ്വാദം നിറുത്തി. പ്രദൎശനം കഴിഞ്ഞു അവർ പുറത്തിറങ്ങിയപ്പോൾ സുരൂപ സമീരന്റെ കണ്ണത്തിൽ "നീ പോയി അദ്ദേഹത്തിനോട് ഇങ്ങോട്ടു വരാൻ പറയാത്തതെന്താണ്" എന്നു മന്ത്രിച്ചു.

"അങ്ങിനെ ആയിക്കളയാം." എന്നു പറഞ്ഞുകൊണ്ടു സമീരൻ ആ തിരക്കിൽകൂടി ഹാളിലേക്കു വീണ്ടും പ്രവേശിച്ചു.

അനിന്ദിത പുറവും തിരഞ്ഞുനോക്കിക്കൊണ്ട് "സമീരൻ എവിടേപ്പോയി?" എന്നു സഹോദരിമാരോടു ചോദിച്ചു.

ശാന്തസ്വരത്തിൽ "അവൻ വണ്ടി എവിടെയെന്നു നോക്കാൻ പോയിരിക്കയാണെ"ന്നു സുരൂപ പറഞ്ഞു.

അടങ്ങാത്ത ചിരിയെ അടക്കുവാൻ പണിപ്പെട്ടതുകൊണ്ട് സുഷമ താഴത്തു വീണേക്കുമോ എന്നു ആൎക്കും തോന്നിപ്പോകും.

മൂന്നുനാലു നിമിഷം കഴിഞ്ഞപ്പോൾ സമീരൻ ദേവപ്രിയനൊന്നിച്ചു മടങ്ങിവന്നു. "ഇതാണ് എന്റെ രണ്ടാമത്തെ സഹോദരി, സുരൂപ; ഈ നില്ക്കുന്ന സുഷമ എന്റെ ഇളയ സഹോദരിയാണ്. മൂന്നാമത്തെ സ്ത്രീ എന്റെ മൂത്ത സഹോദരി അനിന്ദിതയാണെന്നു പക്ഷേ നിങ്ങൾ അറിഞ്ഞിരിയ്ക്കും." എന്നിങ്ങിനെ സമീരൻ സഹോദരിമാരെ പരിചയപ്പെടുത്തിക്കൊണ്ട് പ്രിയനോട് സംസാരിച്ചു.

ദേ: പ്രി:—"അതു എനിക്കറിയാം. ഞാൻ മിനിയാന്നാൾ നിങ്ങളുടെ ഗൃഹത്തിൽ വന്നിരുന്നു. പക്ഷേ നിങ്ങളാരും ഗൃഹത്തിൽ ഉണ്ടായിരുന്നില്ല."

സുരൂപ:—"ശരിതന്നെ; നിങ്ങൾ പോയ ഉടൻ തന്നെ ഞങ്ങൾ വീട്ടിൽ മടങ്ങിയെത്തി. വിവരമറിഞ്ഞു ഞങ്ങൾ വല്ലതെ നിരാശപ്പെടുകയും ചെയ്തു. നിങ്ങളെപ്പററി ലിലിയും സമീര

ന്നം പറഞ്ഞു കേട്ടിട്ടുള്ളതു കൊണ്ട് ഞങ്ങൾക്ക് നിങ്ങൾ അപരിചിതനല്ല."

ദേ: പ്രി:—"വാസ്തവമോ? സമീരന് എന്നെ ഓൎക്കുവാൻ ദയവുണ്ടാകുമെന്നു ഈ നിമിഷം വരെ ഞാൻ വിചാരിച്ചിരുന്നില്ല. എന്റെ എഴുത്തുകൾക്കു ഒരു മറുവടിപോലും അയച്ചുതരുവാൻ അയാൾക്കു തോന്നിയില്ല."

സമീരൻ:—"എന്നെ ഈ സ്ഥിതിയിൽ ആക്രമിക്കുന്നതു നിങ്ങൾക്കു ഭൂഷണമല്ല. ഈ സംഗതിയിൽ എഴുതുവാൻ എനിക്കു കഴികയില്ലെന്നറിയാമല്ലോ." സമീരന്റെ മുഖത്തു ലജ്ജ പ്രകാശിച്ചു.

ഈ സമയമെല്ലാം അനിന്ദിത മൌനം ഭാവിച്ചു നിന്നതേയുള്ളു. എങ്കിലും ഇപ്പോൾ അവൾ, "ഉൾനാട്ടിൽ നിന്നു അങ്ങു എപ്പോഴാണ് മടങ്ങിയെത്തിയതു" എന്നു ആദ്യമായി ചോദിച്ചു.

ദേ: പ്രി:—"ഒരാഴ്ചമുമ്പ്. നാളെ ഞാൻ അങ്ങോട്ടുതന്നെ തിരിച്ചു പോകുന്നതാണ്."

സുരൂപ:—"അപ്പോൾ നിങ്ങൾക്ക് ഞങ്ങളുടെ ഗൃഹത്തിൽ വരാൻ നിവൃത്തിയുണ്ടാകയില്ലെന്നു തോന്നുന്നല്ലോ. വാസ്തവത്തിൽ ഇതൊരു ദയയില്ലായ്മ തന്നെയാണ്."

ദേ: പ്രി:—"എനിയ്ക്കു വളരെ വ്യസനമുണ്ട്. പക്ഷേ ഞാൻ താമസിയാതെ മടങ്ങി എത്തുന്നതാണ്. അപ്പോഴേയ്ക്കും പൂജാ വെക്കേഷൻ പ്രമാണിച്ചു നിങ്ങൾ നഗരം വിട്ടു പോകുമായിരിക്കാം."

സുഷമ:—"ഇല്ല; ഇത്തവണയില്ല. ചാൎട്ടിയും ദാദായും പരീക്ഷയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ട് ഇവിടെ താമസിക്കാനാണ് വിചാരിച്ചിട്ടുള്ളതു്. പക്ഷേ വായനയെല്ലാം അങ്ങിനെതന്നെ. ലിലിയും അവരോടുകൂടി ഇവിടെ ഉണ്ടായിരിയ്ക്കും.

അഛൻ അമ്മയുമൊന്നിച്ചു ഇംഗ്ലനാട്ടിലെ ഗൃഹത്തിലെക്ക പോകും. എന്റെ കാൎയ്യം ദൈവത്തിന്നമാത്രം അറിയാം.”

എല്ലാവൎക്കും ഇതു കേട്ടപ്പോൾ അവളോട അനുകമ്പ തോന്നി. ദേവപ്രിയൻ അനിൎദ്ദിതയെ നോക്കി ഇങ്ങിനെ പറഞ്ഞു: “എന്റെ വിദ്യാലയം മുഖേന നടക്കുന്നുണ്ട്. സ്ത്രീകളും വന്നു തുടങ്ങിയിട്ടുണ്ട. പക്ഷെ അധികകാലം അവർ വരുന്ന പതിവുണ്ടായിരിക്കാൻ ഇടയില്ല. അത്രയുമാത്രമെ അവൎക്കതിൽ ശ്രദ്ധയുമുള്ളു.”

അനിൎദ്ദിത:—“എന്നെ വിലവെയ്ക്കുന്ന ചിലർ ഒരം ലോകത്തുണ്ടെന്ന കേൾപ്പാനിടയാകുന്നതുകൊണ്ട് എനിക്ക വളരെ സന്തോഷം. ഞാനന്ന പഴയ ഇംഗ്ലനാട്ടിൽത്തന്നെ പോയി താമസിക്കേണമെന്നാണെന്റെ വിചാരം. ഈ നഗരത്തിലെ പുക എന്റെ ഹൃദയത്തെ കരി പിടിപ്പിക്കുമെന്നാണ് എനിക്ക തോന്നുന്നതു.”

ദേ. പ്രി:—“എന്നാൽ എന്തുകൊണ്ട വന്നു?”

അനി:—“പക്ഷെ, അങ്ങെപ്പോലെ സ്വാതന്ത്ര്യം ഉള്ള ആളായിരുന്നെങ്കിൽ ഉടനെ പുറപ്പെടുമായിരുന്നു.”

ദേ:—“എന്റെ കൂട്ടുകാർ കാത്തിരിക്കുന്നതുകൊണ്ട എനിക്ക പോകാൻ വൈകികഴിഞ്ഞു. ഇന്ന പ്രദൎശനത്തിന്ന പോകുവാൻ തോന്നിയതു ഭാഗ്യമായി”.

ദേവപ്രിയൻ അവരുടെ ദൃഷ്ടികളിൽ നിന്ന മറഞ്ഞപ്പോൾ സുഷമ ഇപ്രകാരം അഭിപ്രായപ്പെട്ടു:—“ദിദീ, അദ്ദേഹം എത്ര സുഭഗൻ! ചിത്രങ്ങളിൽ കാണപ്പെടുന്ന റോമാക്കാരനെപ്പോലെ തോന്നുന്നു.”

സുരൂപ:—“അദ്ദേഹത്തിന്റെ സ്വഭാവവും അങ്ങിനെ തന്നെ. യുവാക്കന്മാരുടെ ഇടയിൽ കാണുന്ന നാണവും മൌഢ്യവും ഒന്നും തന്നെ അദ്ദേഹത്തിനില്ല. പ്രഭാവത്തിൽ കൊതിയോ അഹങ്കാരമൊ അദ്ദേഹത്തിന്ന തീരെയില്ല.”

സമീ:—“സഹോദരിമാരെ, പറയുവാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞുവെങ്കിൽ ഞാൻ വണ്ടിക്കാരനെ വിളിച്ചു വണ്ടി തെളിക്കാൻ പറയട്ടയോ? ദേവപ്രിയനായി “ദേവപ്രിയൻ” മാത്രമല്ല ശത്രുപ്രിയൻ കൂടിയാണെന്നുള്ളതു നിശ്ചിതമാണ്. മറെറാരു വിധത്തിൽ പറയാമെങ്കിൽ അതു ഗുണമോ സ്തുത്യർഹമോ അല്ല; തീർച്ചയായും അസൂയയുമായിരിക്കും.

അദ്ധ്യായം 11.

ഉഭയപക്ഷവിലക്ഷണമാമൊരു പുതിയ പരിണാമത്തിൽ
ദുഃഖം കഷ്ടങ്ങളാണീ ലോകരംഗമാകെ
ധനമഹിമ സുഭഗസുഖമെന്നിവയെന്നുള്ള
മീനവ ഭേദനാംശമെന്നാണെല്ലാം;
പടുതയൊട്ടൊതുക്കിയിടയിലടർന്ന [illegible]—
പ്പാരടെ കരുക്കളും പലതും കാണുന്നു.
വിജയമപജയവുമിഹ താനേ ഭവിക്കുന്ന
സഹജമായിടുന്നു സൗഖ്യ ദുഃഖങ്ങളും
പ്രകൃതിയുടെ നിയമമിതു മാററാവതല്ലെന്ന
പ്രത്യക്ഷമാക്കുകയാകാമിതിൻ പൊരുൾ.

പൂജാസംബന്ധമായ ഒഴിവുകാലങ്ങളിൽ കൊല്ലംതോറും ശൈലേന്ദ്രനാഥൻ തന്റെ സ്വദേശം സന്ദർശിക്ക പതിവായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ, കുട്ടികളുമൊന്നിച്ച് ഒന്നുകിൽ ഇക്കാലത്ത് കൽക്കത്തയിലോ അഥവാ മററു വല്ലയിടത്തോ ആണ് പാർക്കുക പതിവ്. എന്നാൽ ഇക്കൊല്ലം ആ മഹതി ബീജുവിനോടും ഭർത്താവിനോടുമൊന്നിച്ചു ഉദയനാട്ടിലേക്കു പുറപ്പെട്ടു. സമീരനും സുരൂപയും സുഷമയെ മറന്ന് പഠിപ്പിൽ ഏകാഗ്രചിത്തരായി കൽക്കത്തയിൽ താമസിച്ചു എല്ലാവരോടും ശണ്ഠ കൂട്ടിക്കൊണ്ടു അവധി കാലംപോക്കി. സുശോഭന ഗൃഹ

ത്തിലില്ലാതിരുന്നതു നിമിത്തം വീട്ടുകാര്യങ്ങളെല്ലാം അനിന്ദിതയുടെ ഭാരവാഹിത്വത്തിലായിത്തീൻ. ആ സാധ്വീ സ്ത്രീക്കു സ്വസ്ഥയായിരിക്കാൻ വളരെ ചുരുക്കമായിട്ടേ കഴിവുണ്ടായുള്ളു. അവളുടെ സഹോദര സഹോദരിമാർ ഗൃഹനായികയായ യുവതിയുടെ നിയമ വാദത്തിൽ വളരെ വളരെ സന്തോഷം പ്രദശിപ്പിച്ചു. അതിനാൽ അവരുടെയെല്ലാം ജീവിതം ആനന്ദമയമായിത്തന്നെ കഴിഞ്ഞുകൂടി. സമീരനും സുരൂപയും പരീക്ഷയ്ക്കു വലിയ ഒരുക്കങ്ങളൊന്നും ചെയ്തുകഴിഞ്ഞിരുന്നില്ല

ഒഴിവുകാലം പകുതിയും കഴിയുന്നതുവരെ ഈ സ്ഥിതിയിൽത്തന്നെ കാര്യങ്ങൾ നടന്നുവന്നു. നിശ്ശബ്ദങ്ങളായ പാദവിന്യാസങ്ങളോടുകൂടി കൽക്കത്തയിൽ വസന്ത കാലം ആവിർഭവിച്ചു. വാസന്തികാഗമനത്തെപ്പററി നഗരത്തിലെ അധികമാളുകളും അറിഞ്ഞതേയില്ല. സ്വഛനീലിമ പൂണ്ട ആകാശം വാസന്തിക ദേവതയുടെ പ്രശാന്ത മഹനീയങ്ങളായ വീക്ഷണങ്ങളെ വിളംബരം ചെയ്തു. നിരുദ്ദേശ സമ്പ്രദായത്തിൽ, ഈ നീലാന്തരീക്ഷത്തിൽ ചെമ്മരിയാട്ടിൻ രോമ പാളികൾ പോലെ ശുഭ്രങ്ങളായ മേഘ ഖണ്ഡങ്ങൾ വിലങ്ങനെ സഞ്ചരിച്ചു കൊണ്ടിരുന്നു; ഒരു ജാതി വെള്ളപ്പക്ഷികൾ ചിറകുകൾ ഭദ്രമായി വിടത്തിക്കൊണ്ടു കൂട്ടം കൂട്ടമായി പറന്നു പോയ്ക്കൊണ്ടും വന്നുകൊണ്ടും ഇരുന്നു. ആസന്നമായ മഞ്ഞു കാലത്തിൻെറ നട്ട, ശുമന്ദഹാസം പൊഴിക്കുന്ന നീലിമവക്ത്രത്തെ മൂട്ട പടമിട്ടു മറയ്ക്കാൻ അത്യദ്ധ്വാനം ചെയ്തുകൊണ്ടിരുന്നു. സായാഹ്നം പ്രശാന്ത രമണീയവും അന്തരീക്ഷം ധൂമാവൃതവുമായിത്തീൻ. നക്ഷത്രങ്ങൾ മങ്ങിമങ്ങി പ്രകാശിക്കാൻ തുടങ്ങി.

അനിന്ദിത ഏകാന്തയായിരുന്ന് ബാല്യഗൃഹമായി ശോഭിച്ചുതേജുലിക്കോ ആ ഉൾനാടിനെപ്പററി ചിന്തിച്ചു കൊണ്ടു സമയം നയിച്ചു. ഏററവും മനോഹരമായ നിലയിൽ വസന്തം അവിടെ പ്രവത്തിച്ചു കൊണ്ടിരുന്നു. പഴയ ഉദ്യാനത്തിലുള്ള

ശിഫാലിവൃക്ഷങ്ങൾ പൂത്തു തഴച്ചു ഫലാവനമ്രങ്ങളായി നിന്നിരുന്നു. ആ പഴയ മരവേട്ട ഇപ്പോൾ പത്രപുഷ്പങ്ങളെക്കൊണ്ടു മൂടപ്പെട്ടിരിക്കണം. ഇപ്പോൾ ആരെങ്കിലും അവിടെ പോകുമോ? ഇല്ല, ഒരിക്കലുമില്ല.

ഒഴിവുകാലം കഴിഞ്ഞു. പത്തു പതിന്നാലു ദിവസം കഴിഞ്ഞപ്പോൾ ശൈലേന്ദ്രനാഥൻ ബീജുവിനോടും പ്രിയ പത്നിയോടും കൂടി കൽക്കത്തയിൽ തിരിച്ചെത്തി. അദ്ദേഹമൊരുമിച്ചു മറെറാരാളും കൂടിയുണ്ടായിരുന്നു. സുശോഭനയുടെ മരുമകൾ അമല തന്നെയാണ് അവൾ. അനിന്ദിതയുടെ സമവയസ്കയാണ് അമല എന്നു വരികിലും അവളുടെ വിവാഹം കഴിഞ്ഞിട്ടു ഇപ്പോൾ എട്ടൊൻപതു കൊല്ലമായി. പ്രസ്തുത വിവാഹത്തിനു അനാവധി പണം ചെലവു ചെയ്തിട്ടുണ്ടു. സർവ്വകലാശാലാ ബിരുദധാരിയായ ഒരാളാണ് അമലയുടെ ഭർത്താവ്. ഗണ്യമായ ഒരു സംഖ്യ സ്ത്രീധനമായി നൽകപ്പെട്ടിട്ടുമുണ്ട്. അവൾ ഒരു പെൺകുട്ടിയെ പ്രസവിച്ചു. പക്ഷേ നിർഭാഗ്യവശാൽ അഞ്ചാറു വയസ്സുപ്രായമായപ്പോൾ ആ ശിശു ഇങ്ങിനി വരാതവണ്ണം ലോക രംഗത്തിൽ നിന്നും അന്തർദ്ധാനം ചെയ്തു. കേവലം അനാരോഗ്യയായിപ്പരിണമിച്ചു അമലക്കു വേറെ കുട്ടികൾ ഉണ്ടായിരുന്നില്ല. നിഷ്ഠുരനായ അവളുടെ ഭർത്താവു മറെറാരു സ്ത്രീയെ വിവാഹം ചെയ്തു അവളൊന്നിച്ചു താമസമാക്കി. ഒന്നു രണ്ടു മാസക്കാലം അമല പണിപ്പെട്ടു അവരോടൊന്നിച്ചു പാർത്തതിനുശേഷം, അവിടത്തെ പാർപ്പുപേക്ഷിച്ചു പിതൃഗൃഹത്തിലേക്കു പുറപ്പെട്ടു.

പിതൃഗൃഹം എന്നു പേരു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ശൈലേന്ദ്രൻ നഗരത്തിൽ വസിക്കുന്ന കാലങ്ങളിലെല്ലാം അദ്ദേഹത്തിന്റെ വീടും വസ്തുവകകളും ശരിയായി രക്ഷിച്ചുവന്നതു അമലയുടേ മാതാവ് (ശൈലേന്ദ്രന്റെ സോദരി) ആയിരുന്നു. അമലയുടേ പിതാവ് പരലോകം പ്രാപിച്ചിട്ടു കുറേ നാൾ ക

ഴിഞ്ഞു. ശൈലേന്ദ്രനാഥൻ സ്വഗൃഹം സന്ദർശിച്ച് അവിടെ താമസിച്ചുവരവെ, അമലയുടെ വൃദ്ധയായ മാതാവ് ജ്വരബാധിതയായി ചരമഗതിയടഞ്ഞു. ഉൾനാട്ടിലെങ്ങും പനിയുടെ പേക്കൂത്തു വർദ്ധിച്ചു. സുരേശാനേകനും ബീജുവിനും പനി പിടിപെട്ടു. എന്നാൽ ഈ വിവരം കല്ക്കത്തയിൽ താമസിക്കുന്ന മക്കളെ അറിയിക്കാതിരുന്നതിന്റെ യാഥാർത്ഥ്യം അവരെ ഭയാകുലരാക്കേണ്ട എന്നുള്ളതു മാത്രമായിരുന്നു. കാര്യമെല്ലാം അവതാളത്തിലാകുമെന്നു കണ്ടപ്പോൾ ശൈലേന്ദ്രൻ രോഗികളേയും, സാധാരണയായി ഒന്നിച്ചുപോരാറുള്ള അമലയേയും കൽക്കത്തയിലേക്കു കൊണ്ടുപോന്നു.

വ്യസനത്തോടും അത്ഭുതത്തോടും കൂടി അദ്ദേഹത്തിന്റെ മക്കളെല്ലാം രോഗികളുടെ അടുക്കൽ എത്തി. എന്നാൽ അവരുടെ സുഖക്കേടു വേഗത്തിൽ ഭേദമായി, ശരീരസ്ഥിതി ആരോഗ്യത്തോടു കൂടിയതായിത്തീൻ. ഡോക്ടർമാർ ആളെ അയക്കുവാനും രോഗികൾക്കു ആഹാരം തെയ്യാറു ചെയ്യുന്നതിനും അവിടെയുള്ള എല്ലാവരുടേയും ശ്രദ്ധ പൂർണ്ണമായി പതിഞ്ഞിരുന്നതുകൊണ്ടു ഒന്നു രണ്ടു ദിവസത്തേക്കു, സുഖക്കേടു പിടിപെടുവാനുള്ള കാരണം എന്തെന്നു ചോദിപ്പാൻപോലും ആ കുട്ടികൾ മറന്നു പോയി.

ആ ഗൃഹത്തെ ആശ നൽകി ദൈവം ഇത്തവണ രക്ഷിച്ചു; അതായതു അവിടത്തെ കുഴപ്പങ്ങളെല്ലാം തീൻ സമാധാനമായിയെന്നു സാരം.

അക്കാലത്തു് ബീജുവിന്റെ സ്ഥിതി വളരെ സങ്കടത്തിലായിരുന്നു. അവന് നടക്കുവാനോ ഇരിയ്ക്കുവാനോ കിടക്കുവാനോ സാധിയ്ക്കയില്ല. എല്ലാവരേയും ശകാരിയ്ക്കും; എല്ലാം പരാതിതന്നെയേ ഉള്ളു. അവനെ എടുത്തുകൊണ്ടു നടക്കണം; വൈകുന്നേരം അവനു മാളികയിലേയ്ക്കു പോയേ തീരു.

സുഷമ മാതാവിന്റെ മുറിയിൽ പ്രവേശിച്ച ദിവസം ബീജു "ദിദി എനിയ്ക്കു മുകളിൽ പോകണം" എന്നു് കയ്യും കാലും തല്ലി ശാഠ്യം പിടിയ്ക്കുകയായിരുന്നു.

സുഷമ മുറി വിട്ടു ധൃതിയിൽ പുറത്തേയ്ക്കു പോന്നു. പോരുന്ന വഴിക്കു് അവൾ ഇങ്ങിനെ പറഞ്ഞു. "എല്ലായ്പോഴും നിന്നെ എടുത്തുകൊണ്ടു നടക്കുവാൻ എന്നെക്കൊണ്ടാവില്ല; ദിദി വരട്ടെ, എന്നാൽ നിന്നെ ദിദി എടുക്കും."

ബീജു അവനു ശേഷിച്ചിട്ടുള്ള ശക്തി മുഴുവനും കാണിച്ചു് എതിർത്തു നിലവിളിച്ചു. അനിന്ദിത ബീജുവിന്റെ കരച്ചിൽ കേട്ടു്, അവളുടെ മററു ജോലികളെല്ലാം ക്ഷണത്തിൽ തീർത്തതിനുശേഷം അടുക്കളയിലെത്തി അവനെ എടുത്തു മുകളിലേക്കു കൊണ്ടുപോയി.

സുരൂപ ഒരു ചരിത്രപാഠ്യപുസ്തകവും കയ്യിൽ പിടിച്ചുകൊണ്ടു അവിടെ ഇരിയ്ക്കുന്നുണ്ടായിരുന്നു. അനിന്ദിതയെക്കണ്ട ഉടനെ സുരൂപ പുസ്തകം മടക്കി ഇങ്ങിനെ ചോദിച്ചു:—
"അമ്മയുടെ അടുക്കൽ ആരുമില്ലേ?"

"സുശി അവിടെയുണ്ടു്; അമല, അമ്മയ്ക്കു് ബാർലിവെള്ളം തയ്യാറാക്കുകയാണ്. ബീജുവിനെ എടുത്തുകൊണ്ടു് അതാണു് ഞാൻ ഇങ്ങോട്ടു പോന്നതു്"

സുരൂപ:—"ദിദി, അമലയുടെ ഭർത്താവു് ഒരു മനുഷ്യനായി ഗണിക്കപ്പെടുന്നതെങ്ങിനെ എന്നു് എന്നോടൊന്നു പറഞ്ഞു തരുമോ? ആദ്യത്തെ ഭാര്യ ജീവിച്ചിരിയ്ക്കുമ്പോൾ മററൊരു വിവാഹം കഴിക്കാൻ അയാൾക്കു എങ്ങിനെയാണു് കഴിവുണ്ടായതു്?"

അനിന്ദിത:—"എനിയ്ക്കു പറയുവാൻ സാധിയ്ക്കുകയില്ല; ഇതുവരെ ഞാൻ ഒരത്ഭുതലോകത്തിലാണു വസിച്ചിരുന്നതു് എന്നു എനിയ്ക്കു തോന്നുന്നു. ആരെപ്പററി എനിയ്ക്കു ബഹുമതി തോന്നിയിരുന്നുവോ ആ ജനങ്ങൾ എല്ലാം ചെറിയവരായിട്ടി

ന്റെ തോൽ ധരിച്ചിട്ടുള്ള ചെന്നായ്ക്കളായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്. നമുക്കു ഉപേക്ഷിക്കാൻ കഴിവില്ലാതിരിക്കുന്നവരെല്ലാം ഇത്തരക്കാരാണ്."

സ്വരൂപ:—"ദിദീ, അതത്ര ശരിയാണെന്നു എനിയ്ക്കഭിപ്രായമില്ല. ഇതുപോലെയാണൊ മററു ഭർത്താക്കന്മാരെല്ലാം? തീച്ചയായിട്ടും അല്ല. വളരെ സ്ത്രീകൾ വിവാഹിതമാരായി ജീവിതം സസുഖം കഴിച്ചുകൂട്ടുന്നുണ്ടല്ലോ?"

അനിന്ദിത:—"നമ്മുടെ നാട്ടിലെ സ്ത്രീകൾ നല്ല ഭർത്താക്കന്മാൎക്കു ഹിതകാരികളായിരിക്കുന്നില്ല. മർദ്ദനമല്ലാതെ മറെറാന്നും പ്രതീക്ഷിക്കാത്ത പുരുഷന്മാരെ ചവിട്ടുകൊണ്ടുള്ള പ്രലോഭനത്തിൽനിന്നു തടുക്കുന്നവർ സ്ത്രീകളിൽ നന്നെ ദുർല്ലഭമേയുള്ളു. നാം കാണുന്ന പുരുഷന്മാർ വെള്ളക്കാരായ യജമാനന്മാരുടേയും കറുത്തവരായ ഭാൎയ്യമാരുടേയും ചവിട്ടടിയിൽ കിടക്കുന്നവരാണ്. സ്വേച്ഛാധിപതിമാൎക്കും കിട്ടുന്ന അനുഭവം ഇതു തന്നെയാണ്. നമ്മുടെ മാതൃകാ സ്ത്രീകളുടെ സ്ഥിതി ഇതിനനേരെ വിപരീതമായിരുന്നുവെന്നു സ്വരൂപക്ക് അറിഞ്ഞുകൂടെ? ഈ വിധമുള്ള ഒരു രാജ്യത്തു എങ്ങിനെയാണ് ജീവിയ്ക്കുന്നതെന്നു വാസ്തവമായും എനിക്കറിഞ്ഞുകൂടാ. പക്ഷെ എല്ലാ രാജ്യത്തിലേയും സ്ഥിതി ഒരേ വിധം തന്നെയായിരിക്കുമോ? ആരറിഞ്ഞു?"

സ്വരൂപ:—"ദിദീ, അമല വിവാഹത്തിനു ശേഷം ആദ്യമായി ഇവിടെ വന്നതു എപ്പോഴാണെന്നു ഓൎക്കുന്നുണ്ടോ? അവളുടെ ഭർത്താവ് അവളെ ഏകാന്തമായി കണ്ടു സംസാരിപ്പാൻ എത്ര ആസക്തിയുള്ളവനായിരുന്നു? അന്നു നമുക്കു ചെറുപ്പമായിരുന്നു. എന്നിട്ടും അതിനെക്കുറിച്ചു നാം നേരമ്പോക്കു പറയാറില്ലെ?"

അനിന്ദിത:—"ദയവുചെയ്തു് അക്കാൎയ്യത്തെക്കുറിച്ചു ഇനി അധികമൊന്നും പറയരുതെ. വാസ്തവത്തിൽ എനിക്കതു തീ

രെ രസിക്കുന്നില്ല. മനുഷ്യന്റെ ചപലത വിചാരിച്ചു നോക്കു. ഈ ലോകത്തിൽ നിന്നു മുക്തി ലഭിക്കണമേ എന്നു് ഞാൻ പല പ്പോഴും വിചാരിക്കാറുണ്ടു നമുക്കുവേണ്ടി തത്താദൃശനായ ഒരു പ്രേമപാലകനിൽ ഒരുത്തർക്കും ശക്തി പ്രയോഗിക്കാൻ കഴിയാ ത്തതു നമ്മുടെ താല്ക്കാലികാവസ്ഥയുടെ ഒരു വ്യക്തമായ രൂപ മാകുന്നു"

സുരൂപ:—"ദിദി സ്വയമേവ അതിനു ശക്തയാകുമോ എ ന്നു നമുക്കു കാണാം. ദിദിയിൽ നിന്നു രക്ഷപ്പെടുന്നതിന്നും അ യാൾക്കു ദ്രുതഗതിയിൽ സ്വസ്ഥനായിരിക്കാനും കഴികയില്ലെന്നു ള്ളതു് എനിക്കു തീച്ചതന്നെ."

അനിന്ദിത:—"സുരൂപയ്ക്കെന്താണു് ഇതിൽ ഇത്ര വളരെ ജിജ്ഞാസ എന്നു ഞാൻ അത്ഭുതപ്പെടുന്നു. ഒരിക്കൽ പ്രാമാ ഗികമാക്കാൻ ഞാൻ ശ്രമിച്ചു; എന്നാൽ ആ യുവാവു് എന്നെ ഭണ്ഡിപ്പിക്കുവാൻ അഭ്യാസക്തനായിരുന്നുവെന്നു സുരൂപ അറിഞ്ഞുവോ?"

സുരൂപ കുറഞ്ഞൊന്നു അടങ്ങി. എന്നാൽ താൻ തുടങ്ങി യ സംഗതിയിൽ നിന്നു പിന്മാറാതെ അവൾ ഇങ്ങിനെ പറ ഞ്ഞു:—"പ്രിയ ദിദീ, എന്തു പറഞ്ഞാലും എല്ലാ മനുഷ്യരും ഇ ത്തരക്കാരല്ല. ഒരു കുരങ്ങിന്റെ കഴുത്തിൽ ദിദി ഒരു മുത്തുമാല ഇട്ടുവിച്ചു നോക്കു. അതു് മാലയുടെ വില അറിയാതെ കഴുത്തി ൽ നിന്നു പൊട്ടിച്ചുകളയാതിരിക്കുമോ? ഇതിലെന്താണത്ഭുതം?"

അനിന്ദിത:—"എന്നാൽ ആ മാലയ്ക്കു നാശം സംഭവി യ്ക്കുന്നതിന്നു മുമ്പായി മനുഷ്യരിൽ നിന്നു് കുരങ്ങന്മാരെ തിരി ച്ചറിയുവാൻ ആ പരിശുദ്ധ പ്രവാഹങ്ങൾക്കെങ്ങിനെയാണു് ക ഴിയുക എന്നു് നമുക്കു മനസ്സിലായിക്കഴിഞ്ഞു. പക്ഷെ കാലവൈ ഷമ്യത്തിലാണെന്നു മാത്രമേയുള്ളൂ. എന്നാൽ ഇനിയും അക്കാര്യ ത്തെപ്പററി വാഗ്വാദം ചെയ്യാൻ ഞാൻവിചാരിയ്ക്കുന്നില്ല. ഞാ ൻ താഴത്തേക്കു പോകുകയാണു്." ബീണയിനെ എടുത്തു ഒരു ചെറ

ൽകൊണ്ടു പുതപ്പിച്ചു അവർ താഴത്തേക്കു പോയി. സുരൂപ വീണ്ടും അവളുടെ പുസ്തകം കയ്യിലെടുത്തു.

അനിന്ദിത ബീജുവിനേയും എടുത്തു കൊണ്ടു സുശോഭനയുടെ മുറിയിൽ പ്രവേശിച്ച സമയം അവിടെ കുറെപ്പേർ കൂട്ടം കൂടിയിരിക്കുന്നുണ്ടായിരുന്നു. പിതാവു, മധുസൂദനബാബു, (ഗൃഹഡാക്ടർ) അദ്ദേഹത്തിന്റെ അസിസ്റ്റണ്ട് സുധീരൻ എന്നിവരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. സമീരനും സുഷമയും അവരുടെ വിലയേറിയ അഭിപ്രായങ്ങൾ കൊണ്ട് അവരെ സഹായിപ്പാനായി അവിടെ വന്നു നില്ക്കുന്നുണ്ടു. അവരുടെ വാദ വിഷയം ഏററവും പ്രധാനമുള്ള ഒന്നായിരുന്നു. സുശോഭനയ്ക്കും ബീജുവിനും ദേശാന്തര വാസം ആവശ്യമായി കാണപ്പെട്ടതു കൊണ്ടു അതിന്നു പററിയ ഒരു സ്ഥലം കണ്ടു പിടിക്കുവാനാണ് അവർ ആലോചിക്കുന്നതു്. മലേറിയായിൽ നിന്നു ആ സ്ഥലം സ്വതന്ത്രമായിരിക്കണം. പക്ഷെ ഒരു നഗരവുമായി അത്യധികം ആ സ്ഥലത്തിന്നു അടുപ്പമുണ്ടാകയുമരുതു്; പൂർണ്ണവിശ്രമം കൈക്കൊള്ളേണ്ടതു് സുശോഭനയുടെ അനാരോഗ്യാവസ്ഥകൾ ഒഴിച്ചുകൂടാത്തതല്ലെന്നു ഡാക്ടർ അഭിപ്രായപ്പെട്ടു. ഉൾനാട്ടുകളിൽ ദുർല്ലഭമായ മരുന്നും അത്യാവശ്യമായി വന്നാൽ ഡാക്ടർമാരും വേണമെങ്കിൽ നഗരത്തെത്തന്നെ ആശ്രയിക്കേണ്ടിവരും. ഇതിനെല്ലാം പുറമെ തിരഞ്ഞെടുക്കപ്പെടുന്ന ഉൾനാടു ആരോഗ്യവിഹീനരായവൎക്കു ആഹ്ലാദകരമായിരിക്കത്തക്കവിധം പ്രകൃതി വൈചിത്ര്യത്തോടും കൂടിയതാകണം 13 പ്രദേശങ്ങളോളം ആലോചനക്കു വിഷയീഭവിച്ചുവെങ്കിലും ഓരോന്നിന്നും കുററവും കുറവും ഉണ്ടാകാതിരുന്നില്ല. സുഷമയും സമീരനും ഈ ആലോചനക്കു ശേഷം മുറിയിൽ നിന്നു പിന്മാറി. അനിന്ദിത ബീജുവിനെ ഉറക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ശൈലേന്ദ്രനാഥൻ എഴുന്നേററു ഇങ്ങിനെ പറഞ്ഞു:—

"കൊള്ളാം; ഞാൻ എന്റെ കുട്ടികളെക്കണ്ടു അവർ ഒരു വീ

ട് ഏപ്പാട ചെയ്തു തരുമോ എന്ന പരീക്ഷിക്കട്ടെ. കഴിവുള്ള വേഗത്തിൽ കൽക്കത്ത വിടുവാൻ പരിശ്രമിയ്ക്കാം." അനന്തരം ഡാക്ടർമാരോടുകൂടി അദ്ദേഹം മുറി വിട്ട പുറത്തേയ്ക്കിറങ്ങി.

മാന്യന്മാരെല്ലാം മുറിയിൽനിന്ന പോയെന്നുകണ്ടപ്പോൾ സുശോഭന "ഒരം അവസാനമില്ലാത്ത യാത്രകളെക്കൊണ്ടാണ് ഞാൻ കിടിലായപ്പിരിക്കുന്നതു. രോഗികൾക്ക ഇതെത്ര ബുദ്ധിമുട്ടാണെന്ന ഈ ഡാക്ററർമാക്ക മനസ്സിലാകയുമില്ല. കുട്ടികൾ അവരുടെ പരീക്ഷ ഒരുക്കങ്ങളെല്ലാം ചെയ്തിട്ടുണ്ടോ എന്ന എനിക്ക ശ്രദ്ധിച്ചേ കഴിയൂ. അവരാണെങ്കിൽ പഠിപ്പിന്ന പകരം എന്നെ ശുശ്രൂഷിക്കയാണ് ചെയ്യുന്നതു്. ഞാൻ പോകുന്നപക്ഷം ഒരം ഗൃഹം ആരാണ് ഭരിച്ചുകൊണ്ടുപോകുക? അനിന്ദിതേ, നീ ഇങ്ങോട്ടു വാ. നിന്നെ ഭരമേല്പിച്ചേ എനിക്ക പോകാൻ സാധിക്കയുള്ളു: പിന്നെ ചിലർ ഞങ്ങളെ പരിപാലിക്കാൻ കൂടെ പോരേണ്ടതുമുണ്ടു്. എന്താണു ചെയ്യേണ്ടതെന്ന എനിക്കറിഞ്ഞുകൂടാ."

അനിന്ദിത:—"നിവൃത്തിയില്ലാത്ത കാര്യത്തോടു എതിത്തിട്ടു എന്താണാവശ്യം? അതു നിർവഹിച്ചുകൊണ്ടു പോകയാണാവശ്യം. അമലയും ഞാനുംകൂടി പരസ്പരം ഗൃഹ കാര്യങ്ങൾ നടത്തിക്കൊള്ളാം."

സുശോഭന:—"അമലയെ കണക്കാക്കണ്ട. അവൾ നമ്മോടൊന്നിച്ചു വസിക്കുമെന്ന പ്രതീക്ഷിക്കുന്നതു ഒരിക്കലും ശരിയാകയില്ല. അവൾ ഭത്തൃഗൃഹം വിട്ടതുതന്നെ കോപിഷ്ടയായിട്ടാണ്. എന്നാൽ സ്ത്രീകളായ നമുക്ക് രണ്ടുദിവസത്തിലധികം കോപത്തെ വെച്ചു വളത്താൻ സാധിക്കുക ദുർല്ലഭമാണ്. യാചകന്മാരെ ആരും വരിക്കുന്നില്ല. തന്നെത്താൻ ഭരിക്കാൻ അശക്തരായവർ എന്താണ് ചെയ്യുക? തീച്ചയായും അവക്കു

സുഖമെന്നുള്ളതില്ല. എന്നാൽ ഏതു വിധമെങ്കിലും അവൾക്കു ജീവിക്കാതെ നിവൃത്തിയുണ്ടോ?"

ഈ സമയത്തു ബാർലി വെള്ളവും കൊണ്ടു അമല മുറിയിലേക്കു കടന്നു വന്നു. താൻ ഒടുവിൽ പറഞ്ഞ വാക്കുകൾ അമല കേട്ടിരിക്കുമോ എന്നുള്ള സംശയം സുശോഭനയ്ക്കുണ്ടായി. പക്ഷെ യാതൊന്നും കേട്ടതായി വിചാരിക്കാവുന്ന ഒരടയാളമെങ്കിലും അവളിൽ കാണപ്പെട്ടില്ല. സാവധാനത്തിൽ അമല ബാർലിവെള്ളം ഒരു കപ്പിൽ പകർന്നു ബീജുവിനു കൊടുത്തു. അവൻ അതു കുടിക്കാൻ മനസ്സില്ലാതെ ശാഠ്യം പിടിക്കയും പകുതി വെള്ളവും അവന്റെ കയ്ത്തട്ടൽകൊണ്ടു് നിലത്തു വീഴുകയും ചെയ്തു. എന്നിട്ടും തൃപ്തനാകാതെ അഞ്ചാറു കുട്ടികളുടെ ശബ്ദം ഒന്നിച്ചു ചേർത്താൽ എവ്വിധമായിരിക്കുമോ ആ മുഴക്കത്തിൽ ഉറക്കെ നിലവിളിക്കാൻ തുടങ്ങി. അമലയും അനിന്ദിതയും വളരെ പണിപ്പെട്ടു ശ്രമിച്ചിട്ടും ഫലമില്ലാതെ വന്നതു കൊണ്ടു് അവർ അവനെ നിരാശയിൽ പെട്ടങ്ങി.

അമല വരാന്തയുടെ അരികിലുള്ള പടിയ്ക്കെതിരായി കുനിഞ്ഞു നില്ക്കയായിരുന്നു. "അമലേ എന്താണിവിടെ നില്ക്കുന്നതു്? ഇനിയും അമലയുടെ കുളിയും വസ്ത്രം അലക്കി ഉടലും കഴിഞ്ഞിട്ടില്ലല്ലോ. ഇതെല്ലാം വേഗത്തിൽ കഴിച്ചാൽ മാളികയിൽ സ്വല്പനേരം വന്നിരിക്കുവാൻ സാധിക്കും. ഒരു ദിവസമെങ്കിലും ശുദ്ധവായു ശ്വസിക്കാനിട വന്നില്ലെങ്കിൽ അമലയും കൂടി ദീനത്തിൽ അകപ്പെടും."

അമല തല കുലുക്കിയില്ലെങ്കിൽ വേണ്ട; പക്ഷെ അവൾക്കു കോപത്തിനെന്താണു് അവകാശം? "എന്റെ ജീവിതം കൊണ്ടെന്താണൊരു പ്രയോജനം? മരിയ്ക്കയാണു കുറേക്കൂടി നല്ലതു. ഞാൻ ജീവിക്കുന്നിടത്തോളം കാലം മററുള്ളവക്കൊരു ഭാരം മാത്രമേ ആയിരിക്കയുള്ളൂ."

സുശോഭന പറഞ്ഞ വാക്കുകൾ അമല കേട്ടിട്ടുണ്ടായിരിക്കുമെന്നു തന്നെ അനിന്ദിത തീർച്ചപ്പെടുത്തി. എന്നിട്ടും അനിന്ദിത ഇപ്രകാരം പറഞ്ഞു:—"അമല ഒരു ഭാരമാണെന്നു ഒരാളും വിചാരിക്കുന്നില്ല സ്വന്തം ജനങ്ങളുടെ ഇടയിലല്ലെ അവൾ വസിക്കുന്നതു്? ഇതു അമലയുടെ ഗൃഹം തന്നെയാണെന്നു എന്താണ് തോന്നാത്തതു്? ഞങ്ങൾ ഉററവരല്ലെന്നോ അവൾ വിചാരിയ്ക്കുന്നതു്?"

"എപ്പോൾ ഒരുവൾ വിവാഹിതയായിത്തീരുന്നുവോ ആ നിമിഷം മുതൽ ഭർത്താവിനൊഴികെ മററുള്ളവർക്കെല്ലാം അവൾ ഉററവളാകുന്നില്ല. ഒരാളിലും അവൾക്കവകാശമില്ല. എന്നാൽ ഞാനൊ ഭർത്താവിനാൽപ്പോലും പരിത്യക്തയായിത്തീന്നവൾ. മററുള്ളവരിൽ നിന്നു എന്താണ് എനിക്കു പ്രതീക്ഷിക്കുവാനുള്ളതു്?" ഇത്രയും പറഞ്ഞുകൊണ്ടു് അമല പെട്ടെന്നു താഴെ വീണ് തേങ്ങിത്തേങ്ങിക്കരയുവാൻ തുടങ്ങി.

അനിന്ദിതയ്ക്കു് ആ ദയനീയ സ്ഥിതി കണ്ടു് വളരെ വ്യസനം തോന്നി. അവൾക്കെന്തു ചെയ്യാൻ കഴിയും? ലോകദൃഷ്ടിയിൽ അവളൊരു ഭിക്ഷുകിയല്ലെ? "അമലേ, ദുർബുദ്ധിയായ ആ ഭർത്താവിന്റെ രക്ഷയിൽ നിന്നും ഒഴിയുവാനിടയായതിനെപ്പററി വിചാരിച്ചു വ്യസനിച്ചിട്ടു ആവശ്യമില്ല. ഉററവരല്ലാത്ത ആക്കും നിന്നെ ക്ലേശിപ്പിക്കുവാൻ കഴിയുന്നതല്ല. ഞങ്ങളുടെ കൂടെ താമസിക്കുവാൻ അമല വന്നതിനെപ്പററി ഞങ്ങൾക്കെല്ലാം സന്തോഷമേയുള്ളു. എല്ലാപ്പോഴും നീ ഞങ്ങളോടൊന്നിച്ചുണ്ടായിരിക്കയില്ലല്ലൊ എന്നോക്കുമ്പോഴാണ് ഞങ്ങൾക്കു വ്യസനം തോന്നുന്നതു. അമ്മയും കൂടി ഇക്കാര്യം പറയുന്നുണ്ടു."

അമല കണ്ണുകൾ തിരുമ്മിക്കൊണ്ടു അവിടെ നിന്നു എഴുന്നേററു പോയി. ജീവിത സ്നേഹം തീരെ നശിച്ചതുകൊണ്ടു വ്യഥാകലുഷമായ നികൃഷ്ട ജീവിതം ഏതു വിധമെങ്കിലും അവ

സാനിപ്പിക്കണം എന്ന അവൾ ആഗ്രഹിച്ചു. ഒരു സ്ത്രീക്ക ഒരിക്കലും സ്വാതന്ത്ര്യപൂൎവ്വം ജീവിതം നയിക്കാൻ കഴിയുന്നതല്ലെന്ന ബാല്യം മുതൽക്കേ അവൾ മനസ്സിലാക്കിയിട്ടുണ്ട്. അവൾ ജീവിതത്തിലെ ഓരോ ദശയിലും ഓരോ പുരുഷന്റെ അടിമയായിരിക്കേണ്ടവളാണ്. എന്നാൽ അമലയുടെ ഭൎത്താവ് അവളെ ഉപേക്ഷിച്ചു. അങ്ങിനെ ചെയ്യാൻ പുരാണങ്ങൾ ഒരിക്കലും അയാളെ അനുവദിച്ചിട്ടില്ല. ആത്മത്യാഗം ചെയ്യുന്നതു കഠിനമായ പാപമാണെന്ന ഉച്ചസ്വരത്തിൽ പലരും പ്രസംഗിക്കുന്നതു അവൾ കേട്ടിട്ടുണ്ട. എന്നാൽ ആൎക്കും അടിമപ്പെടാതെ ഇരിക്കുന്നതുകൊണ്ടും, ആരും അവളെ നയിക്കുന്നതിനില്ലാത്തതുകൊണ്ടും എങ്ങിനെയാണ് ജീവിക്കേണ്ടതെന്നുള്ളതിനെപ്പററി ഒരാളും പറയുന്നതു അവൾ കേട്ടിട്ടില്ല.

അനിന്ദിതയുടെ ഹൃദയം വൎദ്ധിച്ച വൈരാഗ്യം കൊണ്ടു നിറഞ്ഞു കഴിഞ്ഞു. രാവും പകലും ഇടവിടാതെ അവൾക്കു ജോലി ചെയ്യേണ്ടതുണ്ടായിരുന്നു. എവിടെ അവൾ തിരിഞ്ഞു നോക്കുന്നുവോ അവിടെയെല്ലാം അമല അനിന്ദിതയുടെ വിചാരങ്ങൾക്കു ഉചിതങ്ങളായ ഭക്ഷണ പദാൎത്ഥങ്ങൾ നൽകിക്കൊണ്ടിരുന്നു. ഠരം ചിന്തകൾ നിസ്സാരങ്ങളോ ആസ്വാദ്യങ്ങളോ ആയിരുന്നില്ല. സ്വജീവിതത്തിൽ അവൾ അനുഭവിച്ചു കഴിഞ്ഞ വ്യഥകൾ എല്ലാം വീണ്ടും കൺമുമ്പിലേക്കു കൊണ്ടു വരപ്പെട്ടതു ആ വിചാരങ്ങൾ വഴിയായിട്ടായിരുന്നു. ജീവിതസുഖത്തെ സന്ദൎശിക്കുന്നതിൽ അവൾക്കു പരാജയം സംഭവിച്ചു. എന്നാൽ ജീവിതത്തിന്റെ ഗൗരവവും വ്യഥയും അവൾക്കു എത്രമാത്രമെന്നു അനുഭവസിദ്ധമായിത്തീൎന്നിരിക്കുന്നു. സ്വോദ്ദേശനിൎവ്വഹണം അവൾക്കു ഒഴിച്ചുകൂടാത്ത ഒന്നാണെന്നും അവളും ഒരു മനുഷ്യ ജീവിയാണെന്നും ഇപ്പോൾ ഒരാൾക്കെങ്കിലും ഓൎക്കുവാൻ സാധിക്കാതെ പോയി. അവൎക്കെല്ലാം അവൾ ജോലി ചെയ്യുന്ന ഒരു യന്ത്രമാണെന്നുള്ളതു് അറിയുവാനിട വന്നിട്ടുണ്ട്. അവളി

ൽനിന്നു ഒരു പ്രയോജനകരമായ പ്രവൃത്തിയെ പ്രതീക്ഷിക്കുന്നവർ വല്ലപ്പോഴുമെങ്കിലും അതിന്നു പ്രതിഫലം നൽകേണ്ടതാണെന്നു കരുതിയിട്ടുണ്ടോ? ഠരം ഭാഗ്യ ലോകത്തിൽ അവരം ജാതയായി; അവളുടെ ബന്ധുക്കളോടു അവൾക്കുണ്ടായിരുന്ന കർത്തവ്യങ്ങൾ അവസാനിക്കപ്പെട്ടതായി തോന്നി. തന്റെ വിചാരങ്ങളെ അമലയ്ക്കു കൈമാററം ചെയ്താലെന്താണെന്നു അനിന്ദിത വിചാരിച്ചു. പക്ഷെ അതൊരിക്കലും സാധിക്കുന്നതല്ലല്ലൊ. അനിന്ദിതയെപ്പോലെ അമലയ്ക്കു ഏകാഗ്ര ചിത്തയായി തന്റെ ഭൂതകാലാനുഭവത്തെപ്പററി അഗാധ ചിന്ത ചെയ്വാനോ അതു മൂലം സീമാതീതമായ സങ്കടം അനുഭവിക്കാനോ പ്രാപ്തിയില്ല. മററുള്ളവർ നിർദ്ദേശിക്കുന്ന വഴിയിലൂടെ പോകുവാൻ അവൾ സദാ സന്നദ്ധയായിരുന്നു. കഠിന വ്യഥയിൽ പോലും അവൾ കണ്ണുനീരൊഴുക്കുക പതിവുണ്ടായിരുന്നില്ല. തനിക്കു വ്യഥയുണ്ടാക്കിത്തീർത്ത സജ്ജനങ്ങൾക്കു അതു് ഒരു അധിക്ഷേപമായിത്തീരുകയില്ലേ എന്നാണവൾ ശങ്കിക്കാറുള്ളതു്. മനസ്സാക്ഷിയെ വഞ്ചിച്ചുകൂടി അവൾ അവരുടെ മുമ്പാകെ സങ്കടം പ്രകാശിപ്പിക്കാതിരിയ്ക്കു പതിവാണു്.

കൂടക്കൂടെ അവളുടെ ഹൃദയം വെറുപ്പുകൊണ്ടു കലങ്ങിമറിഞ്ഞിരുന്നു. ഈ അവസ്ഥയിൽ നിന്നു എങ്ങിനെയെങ്കിലും മോചനം ലഭിക്കുവാൻ അവൾക്കു കഴിയുമോ? എങ്ങിനെ കഴിയും? ഒരു മാന്യ കുടുംബത്തിനു ഭാവി സമ്പത്തായിട്ടു ഒരൊററപ്പെൺകുട്ടി മാത്രമേ ഉണ്ടായിരുന്നുള്ളു. ജനങ്ങൾ ആ കഥ വാനോളം വാഴ്ത്തി വരുന്നുണ്ടു. എന്നാൽ അതിൽ എത്രത്തോളമാണു് വാസ്തവമുള്ളതു്? വിവാഹത്തെക്കുറിച്ചു അവൾക്കു തോന്നിയിട്ടുള്ളതു ഏററവും ഹീനതയായ ഒരഭിപ്രായമായിരുന്നു. മാത്രമല്ല, പ്രേമസംബന്ധമായ അവളുടെ പരിചയം അവളെ അത്യധികം പ്രോത്സാഹിപ്പിച്ചതുമില്ല. ഇവയെ പരിഗണിക്കാതെ ദൗർഘടത്തെ തെളിയിച്ചു കാണിയ്ക്കുന്ന ഒരു പ

സ്ഥാവിലേയ്ക്കു് പാദവിന്യാസം ചെയ്യാൻ അവൾക്കു് ധീരതയുണ്ടായിരുന്നോ?

രോഗികളുടെ സ്ഥിതി ആശാജനകവും സമാധാനപരവുമായിപ്പരിണമിച്ചപ്പോൾ ഗൃഹത്തിലെ നാമാവശേഷമായിരുന്ന സന്തോഷവും പതുക്കെപ്പതുക്കെ തല പൊന്തിയ്ക്കുവാൻ തുടങ്ങി. സമീരൻ അയാളുടെ സഹോദരിമാരോടു വീണ്ടും കലഹം തുടങ്ങി. ബില്ലു, സായന്തന സഞ്ചാരത്തിന്നുണ്ടായിരുന്ന മുടക്കവും തീൎന്നു. ഗൃഹജോലികൾക്കു കുറെച്ചൊന്നു കുറവുണ്ടായതോടുകൂടി അനിന്ദിതയ്ക്കു വിശ്രമിക്കാനും സ്വല്പം സമയം ലഭിച്ചു. ഈ സമയത്തു പോലും അവളുടെ ഹൃദയത്തിന്നു് വിശ്രമം ഉണ്ടായിരുന്നില്ല.

ഒരു ഞായറാഴ്ച ദിവസം; അന്നു സുരൂപക്കു കാളേജിൽ പോകേണ്ട ആവശ്യം ഇല്ലാതിരുന്നതുകൊണ്ടു് അവൾ പുസ്തകങ്ങളുമായി നേർപെട്ടു് 'എസ്റ്റേജി'ലേക്കു പോയി. അവളിരുന്ന മുറി സംഗീതവീചികൾകൊണ്ടു നിറഞ്ഞു. ഗാനം കേൾപ്പാൻ വേണ്ടി അനിന്ദിതയും സുരൂപയുടെ അടുക്കൽ ചെന്നിരുന്നു.

പെട്ടെന്നു സംഗീതത്തെ ഭേദിപ്പിച്ചുകൊണ്ടുള്ള സമീരന്റെ ശബ്ദം പുറപ്പെട്ടു. "ദിദി അച്ഛൻ വിളിക്കുന്നു, ക്ഷണം വരിക."

അനിന്ദിത എഴുന്നേറ്റു് പിതൃസന്നിധിയിൽ ചെന്നു. "നിങ്ങളുടെ സാധനങ്ങളെല്ലാം ഒരുക്കി വെച്ചുകൊള്ളുക. നാളെ പുറപ്പെടണം" ഇതാണു് അദ്ദേഹത്തിന്റെ കോമളാധരങ്ങളിൽനിന്നു വഴിഞ്ഞൊഴുകിയ ഭാഷാപീയൂഷകണങ്ങൾ.

അ:—"നാം എവിടെയ്ക്കാണു് പോകുന്നതു്? അമ്മയോടു കൂടി പോകുന്നതു ആരാണു്."

ശൈലേന്ദ്രനാഥൻ സ്ഥലത്തിന്റെ പേർ പറഞ്ഞുകൊണ്ടു് ഇങ്ങിനെ കൂടി പ്രസ്താവിച്ചു:—"എന്റെ കക്ഷികളിൽ

രൊറാംക്ക് അവിടെ ഒരു നല്ല ഗൃഹമുണ്ട്. അതദ്ദേഹം എനിക്ക തരാമെന്ന ഏററിട്ടുമുണ്ട്. വാടകയൊന്നും കൊടുക്കണ്ടതില്ല. വീടിനെപ്പററിയുള്ള വിവരങ്ങൾ തൃപ്തികരങ്ങളാണ്. നിങ്ങൾ കൂടി അതിനെ അനുകൂലിക്കാതിരിയ്ക്കയില്ല. നഗരത്തിൽ നിന്ന് അഞ്ചാറുനാഴിക അകലെ ഒരു വയലിൻെറ മുകപ്പിലായിട്ടാണ് ഗൃഹം സ്ഥിതി ചെയ്യുന്നത്. അവിടെ അടുത്ത് മൂന്നുനാലു ഗ്രാമങ്ങളും ഉണ്ട്. മലേരിയാ എന്ന പേർ അവിടത്തുകാർ കേട്ടിട്ടും കൂടിയില്ല. അവിടെ താമസിക്കണമെന്നാണ് ഡാക്ററർമാർ ബലമായി അഭിപ്രായപ്പെടുന്നത്."

ആ കുടുംബം മുഴുവനും അദ്ദേഹത്തിൻെറ ചുററും വന്നു വളഞ്ഞു കഴിഞ്ഞു. "നമ്മളിൽ ആരെല്ലാമാണ് പോകണമെന്ന തീരുമാനിച്ചിട്ടുള്ളത്?" എന്ന അനിന്ദിത വീണ്ടും ചോദിച്ചു.

പിതാവു:—"ആ കാര്യമാണിപ്പോൾ തീർച്ചപ്പെടുത്താനുള്ളത്? നീ പോവുകയാണെങ്കിൽ ഒരം ഗൃഹത്തിലെ കാര്യങ്ങൾ നോക്കാൻ ആരാണുള്ളത്? നീ പോകാതിരിക്കുന്ന പക്ഷം ബീജുവിനേയും മാതാവിനേയും നോക്കുവാൻ ആരാണ്? നിൻെറ അമ്മ പറയുന്നതു അമല അവരുടെ കൂടെ ഉണ്ടായിരിക്കണം എന്നാണ്. എന്നാൽ അത്ര വലിയ ചുമതല അവളുടെ വിശ്വാസ്യതയിൽ വിട്ടുകൊടുക്കാമൊ? അതിനു തക്ക പ്രാപ്തി അവൾക്കുണ്ടെന്ന എനിക്ക തോന്നുന്നില്ല. മാത്രമല്ല അവളുടെ ഭർത്താവ് ദുഘടങ്ങൾ വലിച്ചു നമ്മുടെ തലയിൽ ഇടുകയും ചെയ്യേക്കാം. അയാൾ അവളെ വീണ്ടും ആവശ്യപ്പെടുന്നുണ്ടെന്നു കേൾക്കുന്നു. സകല ചുമതലയും വഹിയ്ക്കുന്നതിന്ന ഏററവും ചെറുപ്പമായ സുഷമയ്ക്കു സാധിയ്ക്കുമെന്നു തോന്നുന്നില്ല: സുരുചയാണെങ്കിൽ പരീക്ഷയ്ക്കുള്ള ബദ്ധപ്പാടിലുമാണ്."

സുഷമ പറഞ്ഞു:—"ഉവ്വ് അച്ഛാ, ഞാൻ സകല ഭാരവും വഹിച്ചുകൊള്ളാം. എനിക്ക എല്ലാംഅറിയുകയും ചെയ്യാം."

ഭരണ-മേധാവി സ്ഥാനം സുഷമയ്ക്കു കിട്ടുന്ന പക്ഷം സമീരനെ

തൻെറ ആജ്ഞകൾക്കു വല്ലപ്പോഴുമെങ്കിലും കീഴ്പ്പെട്ടുത്താമെന്നു അവൾ വിചാരിച്ചു. ഈ ഒരു പ്രധാന സംഗതിയാണു സർവ്വജ്ഞയാണ് താനെന്നു പറയുവാൻ അവളെ പ്രേരിപ്പിച്ചതു്.

സുശോഭന മുറിയിൽ കിടന്നു കൊണ്ടു് ഇങ്ങിനെ പറഞ്ഞു:—"ഇവിടത്തെ ഭാരമെല്ലാം സുഷമ കയ്യേൽക്കട്ടെ. ഭൃത്യന്മാരെല്ലാം വൃദ്ധരായതുകൊണ്ടു പറഞ്ഞുകൊടുത്തു ചെയ്യിക്കേണ്ടതായിട്ടു് അധികമൊന്നും ഇല്ല സുരൂപ അവളെ സഹായിക്കുകയും ചെയ്യും. ആവശ്യമുണ്ടെങ്കിൽ" "കൊള്ളാം. വളരെ നല്ല കാര്യം. ഞാൻ പോകുന്നതിനു ഒരുങ്ങിക്കൊള്ളട്ടയോ? സുശീ, ഇന്നു മുതൽ പുതിയ മുറകൾ നന്നായി ആരംഭിച്ചുകൊള്ളുക" എന്നു അനിന്ദിത പറഞ്ഞു.

എല്ലാവരും അവരവരുടെ ജോലിക്കായിപ്പോയി. പോകുവാനുള്ള ഒരുക്കങ്ങൾ അതികേമമായി നടന്നു. പെട്ടി, കിടക്കു എന്നിങ്ങിനെയുള്ള ഉപകരണങ്ങൾ ഒരു മുറിയിൽനിന്നു മറെറാന്നിലേക്കു മാററപ്പെട്ടു.

സുഷമ അവളുടെ മുറകൾ ആരംഭിച്ചു. അവൾ സമീരൻെറ അടുക്കൽ പാഞ്ഞണഞ്ഞ് ഇങ്ങിനെ പറഞ്ഞു;—"സമീരാ, സൂക്ഷിച്ചുകൊള്ളുക. ഇനി നീ എന്നോടു അത്യാവശ്യം പണം ആവശ്യപ്പെട്ടും. പക്ഷെ അക്കാര്യത്തിൽ വലിയ കുഴപ്പമൊന്നും ഉണ്ടാക്കാതിരിക്കാം. എന്നാൽ പോരെ."

സമീരൻ അവളുടെ മുഖത്തേയ്ക്കൊന്നു തുറിച്ചുനോക്കിക്കൊണ്ടു്, "സുശിയോടോ പണം ചോദിക്കുന്നതു്! ഒരു നിമിഷം മുതൽ ഞാൻ മേലധികാരികളുമായിട്ടാണു എടവാടു ചെയ്യാനുദ്ദേശിക്കുന്നതു്." ഇപ്രകാരം സഗൌരവം പ്രതിവചിച്ചു. സുഷ:—"അങ്ങിനേയോ? നീ പിതാവിനോടു ചോദിച്ചു ഒരു തവണയെങ്കിലും പണം വാങ്ങുന്നതു് എനിക്കും ഒന്നു കാണാമല്ലൊ"

യാത്രക്കുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. ശൈലേന്ദ്ര നാഥൻ അവരൊന്നിച്ചു പോകാനാണ് വിചാരിച്ചിട്ടുള്ളത്. പക്ഷെ അദ്ദേഹം സുശോഭനയ്ക്കും മററും ശരിയായി താമസിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തതിനുശേഷം കൽക്കത്തയിലേയ്ക്കു തന്നെ താമസിയാതെ മടങ്ങുന്നതാണ്. അദ്ദേഹത്തിൻെറ പഴയ ഗുമസ്ഥൻ മാധവൻ അവിടെയുള്ള കാര്യങ്ങൾ ഭംഗിയായി നടത്തും. അമലയുടെ ഭർത്താവു, യാത്ര പുറപ്പെടുന്നതുവരെ എത്തിക്കാണാഞ്ഞതുകൊണ്ടു അവളേയും കൂടെ കൊണ്ടുപോകുവാൻ ശൈലേന്ദ്രൻ തീരുമാനിച്ചു.

പുറപ്പെടുന്നതിനുള്ള സമയമായി. സുഷമയുടെ നയനങ്ങൾ ബാഷ്പാകുലങ്ങളായി എങ്കിലും പുതിയതായി അവൾക്കു ലഭിച്ചിട്ടുള്ള അധികാരത്തെ അവൾ ഭൃത്യന്മാരോടു കല്പന പുറപ്പെടുവിക്ക മാർഗ്ഗമായി വ്യക്തമാക്കിക്കൊണ്ടിരുന്നു. ധാരാളം ഭാണ്ഡങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് അനിന്ദിതയ്ക്കു അവയെ നോക്കി സൂക്ഷിക്കേണ്ട ഭാരം കൂടി നേരിട്ടു. തന്നിമിത്തം മററൊന്നിലും ശ്രദ്ധ പതിയ്ക്കാനോ സ്വല്പ സമയം പോലുമെങ്കിലും വിശ്രമിക്കുവാനോ കഴിഞ്ഞില്ല. മര്യാദക്കാരനായിരിയ്ക്കണമെന്നും സുഷമയെ ക്ലേശിപ്പിക്കരുതെന്നും മററും പ്രത്യേകമായി സമീരനോടുപദേശിച്ചതിനുശേഷം സുശോഭന വണ്ടിയിൽ കയറി. താൻ വേർപിരിയുവാൻ പോകുന്നുവെന്നു സൂചിപ്പിച്ചുകൊണ്ടായിരിക്കാം ബീജു ബാല സുലഭമായ രോദനം മുഴക്കി സുഷമയോടു യാത്ര പറഞ്ഞത്. ശക്തിയോടു കൂടിയ കൈകൊട്ടിച്ചിരിയുടേയും കണ്ണുനീരിൻേറയും സമ്മേളനത്തിന്നിടയിൽ സുശോഭനയും മററും കയറിയ വണ്ടി ഇളകി. സുഷമ കണ്ണുനീർ തുടച്ചു് സ്വകൃത്യ നിർവ്വഹണത്തിന്നായി ഗൃഹത്തിലേക്കു മടങ്ങി.

അവരുടെ യാത്രക്കു ശേഷം ആ വീട് ശൂന്യവും ഏകാന്തവുമായിത്തീർന്നു. സുരൂപ പാഠ്യപുസ്തകങ്ങൾ നിമിത്തം ക്ലേശിച്ചു. സമീരൻ അവളെ വേറെ വിധത്തിലും അലട്ടിത്തുടങ്ങി.

പരീക്ഷയ്ക്കു വായിപ്പാനുള്ള ധൃതിയും, അതുകൊണ്ടുള്ള മനസ്സമടിപ്പും സമീരനെ കുഴക്കി; സുശീല ഒരാളുടേയും സാന്നിധ്യമില്ലാതായി. ദിവസം അസാധാരണ ദീൎഘമുള്ളതായി അവൾക്കു തോന്നി; ഈ ഏകാന്തതയിൽ തന്നെ വിട്ടുകൊണ്ടു സുഖവാസത്തിന്നായി പോയ മാതാപിതാക്കന്മാരോടു അവൾക്കു കോപം തോന്നി. ഭാരമെല്ലാം ഏററു നടത്താൻ താൻ സന്നദ്ധയാണെന്നു അവരോടു അവൾ പറഞ്ഞിട്ടുണ്ടായിരുന്ന കഥ തന്നെ സാധു വിസ്മരിച്ചു പോയി.

ഒരു ദിവസം ആരോ ഒരാൾ അവിടെ വന്നിട്ടുണ്ടെന്നു ഭൃത്യൻ വന്നു സുഷമയെ അറിവിച്ചു. ഉടനെ അത്യാസക്തിയോടുകൂടി അവൾ ആഗതനെ കാണ്മാൻ ഗൃഹോപരിഭാഗത്തേക്കു പുറപ്പെട്ടു. ഇതിലെന്താണാശ്ചൎയ്യപ്പെടുവാനുള്ളതു്. ആഗന്തുകൻ ദേവപ്രിയൻ തന്നെയായിരുന്നുള്ളു. അദ്ദേഹം അവളെ കണ്ട ഉടൻ മന്ദഹസിച്ചുകൊണ്ടു് ഇങ്ങിനെ പറഞ്ഞു,—"ഞാന എത്ര നല്ല കുട്ടിയാണെന്നു നോക്കുക. ഞാൻ വളരെ വേഗത്തിൽ മടങ്ങിവരാമെന്നു പറയുകയുണ്ടായില്ലേ? ഇപ്പോഴോ? ഇങ്ങിനെയാണു് നല്ല കുട്ടികളുടെ സ്ഥിതി. ആകട്ടെ നിങ്ങളെല്ലാവരും ഇക്കുറി നഗരം വിട്ടു പോകയുണ്ടായില്ല! അല്ലേ?"

സുഷമ ദേവപ്രിയനോടു ഇരിക്കുവാൻ പറഞ്ഞു. അനന്തരം മറെറാരു ഇരിപ്പിടത്തിൽ സുഷമയും ഇരുന്നുകൊണ്ടു "ദാദായും ബോർഡിയും മാത്രമെ ഇവിടെയുള്ളു. മറെറല്ലാവരും മാറിപ്പാൎക്കാൻ പുറപ്പെട്ടിരിക്കയാണു്." ഇങ്ങിനെ പറഞ്ഞു.

ദേവപ്രിയൻ പെട്ടെന്നു:—"മാറിപ്പാൎക്കുവാനോ? എന്തുകൊണ്ടു? വല്ലവൎക്കും സുഖക്കേടുമായിരിക്കുമോ?"

ഈ ചോദ്യവും കേട്ടുകൊണ്ടു മുറിയിൽ പ്രവേശിച്ചു സുരൂപ തന്നെത്താൻ ചിരിച്ചു "അമ്മയ്ക്കും ബിജുവിനും കഠിനമായ സുഖക്കേടാണു. ഇപ്പോൾ കുറെ ആശ്വാസമുണ്ടു്. ശരീരസുഖ

കേരള സാഹിത്യ അക്കാദമി

ത്തിനു പാറിയ ഒരു ഉൾനാട്ടിലേയ്ക്കാണ് അവർ പോയിരിക്കുന്നതു്; ലിലിയും കൂടെ പോയിട്ടുണ്ടു്!"

ശരീരസുഖത്തിനു പാറിയ ആ ദിക്ക് ഏതാണെന്നു ദേവപ്രിയനു മനസ്സിലായില്ല. ആ ദിക്കിനെക്കുറിച്ചു അറിയുവാൻ അദ്ദേഹത്തിനു ഉൽക്കണ്ഠ വർദ്ധിച്ചു. അദ്ദേഹത്തിനെ കാണുന്ന കാര്യം ആ പെൺകുട്ടികൾക്കു വളരെ സന്തോഷമുണ്ടായിരുന്നതുകൊണ്ടു് രണ്ടു മണിക്കൂർ നേരം ഓരോന്നു പറഞ്ഞു അദ്ദേഹത്തെ അവിടെ ഇരുത്തി. സമീരനും അവിടെ ക്ഷണത്തിൽ എത്തിക്കഴിഞ്ഞു?

അദ്ദേഹം വാസസ്ഥലത്തേക്കു മടങ്ങിയെത്തിയപ്പോൾ രാത്രി 8 മണി സമയമായിക്കഴിഞ്ഞിരുന്നു. ദേവപ്രിയൻ റെയിൽവേ ടയിംടേബിളും കയ്യിൽ വെച്ചു കൊണ്ടു തറയിൽ ഇരുന്നു അദ്ദേഹത്തിന്റെ സ്നേഹിതന്മാർ കൽക്കത്തയിൽ അവർ ഏറ്റെടുത്തിരുന്ന ജോലി ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടു അദ്ദേഹത്തിനു ഉൾനാട്ടിലേക്കു മടങ്ങുവാൻ വളരെ സന്തോഷം തോന്നി. എന്നാൽ തക്കുത്താല അദ്ദേഹത്തിനു വളരെ മുഷിഞ്ഞു കഴിഞ്ഞിട്ടുണ്ട്. വളരെക്കാലമായി ദേവപ്രിയൻ എതിർത്തുകൊണ്ടിരുന്നതു് ഏതൊരു അസന്തോഷത്തോടോ, അതു ഇപ്പോൾ അദ്ദേഹത്തെ പിടികൂടി. ഒരു പ്രത്യേകതരമായ ആശയോടു കൂടി അദ്ദേഹത്തിനു കൽക്കത്തയിലേക്കു വരേണ്ടതുണ്ടായിരുന്നു. എന്നാൽ ദേവപ്രിയൻ നിരാശപ്പെടുത്തപ്പെട്ടു.

പെട്ടെന്നു് ആരോ അവിടെ പ്രവേശിച്ചു. ദേവപ്രിയൻ ആഗതനെ നോക്കി; പൂർണ്ണനാണവിടെ വന്നതു്.

ഫോട്ടോകാരന്റെ സ്ഥലത്തുവെച്ചു പിരിഞ്ഞതിനുശേഷം പ്രിയൻ പൂർണ്ണനെ കാണുകയുണ്ടായിട്ടില്ല. കാണ്മാൻ ശ്രമിച്ചതുമില്ല. സംശയാവഹനായി പ്രിയനെ നോക്കിക്കൊണ്ടു

പൂണ്ണൻ പറഞ്ഞു:—"ഞാൻ ഇവിടെ ഇരിക്കട്ടെയോ? അതല്ല നിങ്ങൾ എന്നെ ചവിട്ടി പുറത്താക്കുമോ?"

ദേവപ്രിയൻ മന്ദഹാസിക്കാൻ ശ്രമിച്ചുകൊണ്ട് "ഓഹോ, തീർച്ചയായും ഇരിക്കാം" എന്ന് മറുവടി പറഞ്ഞു.

ഒന്നു രണ്ടു നിമിഷം പൂണ്ണൻ മൗനം ദീക്ഷിച്ചുകൊണ്ട് ഇരുന്ന ഇരിപ്പിൽ നിന്ന് ഇളകാതെ സ്ഥിതിചെയ്തു. അതിന്റെ ശേഷം അയാൾ:—

"നിങ്ങൾ എവിടെയെങ്കിലും പോകുന്നുണ്ടോ? എന്താണ് സമയവിവരപ്പട്ടികയിൽ തന്നെ ബദ്ധശ്രദ്ധനായിരിക്കുന്നത്? പുതിയ സ്ഥലത്തു എങ്ങാൻ മന്ദഹാസ പാഠശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?"

പ്രി: വ:—"അതിന്റെ സ്ഥാപനം ഒരുവിധം അവസാനിച്ചിരിക്കയാണ്. മൃത്യുമുഖത്തിൽ നിന്നു രക്ഷപ്പെടുവാൻ മാർഗ്ഗം കാണാതെ—ആഹാരത്തിന്നു മാർഗ്ഗം കാണാതെ—ജനങ്ങൾ കഷ്ടപ്പെടുമ്പോൾ അവരെ ചിരിപ്പിക്കുവാൻ ശ്രമിക്കുന്നതു ഒരു വിധം മൗഢ്യമല്ലെ? അതുകൊണ്ട് ഞാൻ ഇപ്പോൾ ദാരിദ്ര്യത്തിനോടു ഒരു യുദ്ധം നടത്താനാണ് തീരുമാനിച്ചിട്ടുള്ളതു. ഹരം ഭയങ്കരാവസ്ഥകൊണ്ടു പടിഞ്ഞാറൻ ബങ്കാൾ കേവലം മരുഭൂമിയായിത്തീർന്നിരിക്കുന്നു."

"നിങ്ങൾ എന്നെക്കൂടികൂട്ടിക്കൊണ്ടു പോകുമോ?" എന്നു പൂണ്ണൻ ചോദിച്ചു. "എന്താണു അത്ഭുതാവഹമായ ഒരാശ?" ദേവപ്രിയൻ പറയുന്നതു കേട്ട് കുറെ നേരത്തേയ്ക്ക് പൂണ്ണൻ മറുവടി പറഞ്ഞില്ല. പിന്നീട് അദ്ദേഹം ഇപ്രകാരം പറഞ്ഞു.

"എന്റെ ഭാര്യ പരലോകം പ്രാപിച്ചു. കൽക്കത്ത എനിക്കു സങ്കടകരമായ ഒന്നായിത്തീർന്നിരിക്കുന്നു. ഒരു നിമിഷം പോലും എനിക്കിവിടെ താമസിക്കുവാൻ മനസ്സു വരുന്നില്ല'

ദേ: പ്രി:—"കൊള്ളാം. എന്നോടുകൂടി വരിക. നാളെ ഉച്ചക്കു 12 മണിയ്ക്കാണു് വണ്ടിയുടെ സമയം. സമയത്തിനു പുറപ്പെടുവാൻ തയ്യാറായിക്കൊള്ളുക."

—❀❀❀❀—

അദ്ധ്യായം 12.

"ആരിഹ വരുന്നതിവനാരുമെതിരില്ലയോ?"
"പരിചൊടിവന്റെ ശക്തി കാൺകയും മമ
തരമിവനെയറിയിക്കയും വേണമല്ലോ."
"കരുണാഖ്യമൊരു രസം താൻ രൂപഭേദേന നാനാ
പരിണതിയെ വഹിച്ചീടുന്നതെ മാറി മാറി"
"അഹോ, ജഗത്തിൻ മറിമായമൊക്കെ
കണ്ടീടുവാൻ കണ്ണുകളില്ല നൂനം"

അനിന്ദിതയും സംഘവും നിർദ്ദിഷ്ട സ്ഥലത്തെത്തിയപ്പോൾ വൈകുന്നേരമായിക്കഴിഞ്ഞു. റെയിൽവേ സ്റ്റേഷനിൽ നിന്നു അവരുടെ വസതിയിലേയ്ക്കു് കുറെ ദൂരമുണ്ടായിരുന്നതുകൊണ്ടു് കാളവണ്ടിയുടെ സഹായം അവർക്കു ആവശ്യമായിരുന്നു. ദീർഘയാത്ര കൊണ്ടും കാളവണ്ടിയിൽ ഇരുന്നു ദേഹം ഇളകിയതുകൊണ്ടും അനിന്ദിതയ്ക്കു എന്തെന്നില്ലാത്ത ക്ഷീണം തോന്നി. ശക്തിയുണ്ടായിരിക്കട്ടെ ഇല്ലാതിരിക്കട്ടെ, അവൾ ആ ഭാണ്ഡത്തിൽ ഒന്നുപോലുമെങ്കിലും കൈമോശം വരാതെ ക്ഷമാപൂർവ്വം സൂക്ഷിച്ചുകൊണ്ടിരുന്നു.

സായാഹ്നവേളയിലെ നിഴലുകളിലും അനിന്ദിതയുടെ അസഹ്യതയിലും കൂടി മങ്ങിക്കാണപ്പെട്ട ആ ഗൃഹം സ്വർഗ്ഗതുല്യമായി രൂപാന്തരം പ്രാപിച്ചുവോ എന്നു അവൾക്കു തോന്നിയെങ്കിൽ അതു് അത്ഭുതം തന്നെ. വാസ്തവത്തിൽ ആ ഗൃഹം ഭംഗിയുള്ള ഒന്നായിരുന്നു. എന്നാൽ രാത്രിയുടെ ആഗമനത്താ

ട്ടുകൂടി അവിടമെല്ലാം അന്ധകാരത്തിൽ ആണ്ടുപോയി. ഗൃഹത്തിൽ പ്രവേശിച്ചു ഉടൻ ആദ്യമായി അനിന്ദിത മുറികൾ അടിച്ചു വെടിപ്പാക്കുന്നതിലും കിടയ്ക്കകളെല്ലാം യഥാസ്ഥാനം വെയ്ക്കുന്നതിലും ഗൃഹോപയോഗത്തിനുള്ള ഉപകരണങ്ങളും മററും ശരിയാക്കി അതാതിടത്തു വെയ്ക്കുന്നതിലും ആയിരുന്നു ശ്രദ്ധ പതിച്ചതു്. അർദ്ധരാത്രിയാകുന്നതുവരെ ഈ പ്രവൃത്തികളിൽ നിന്നു് ഒഴിയുവാൻ അവൾക്കു കഴിഞ്ഞില്ല. സന്തോഷകരങ്ങളല്ലെങ്കിലും ഈ വക ജോലികൾ അടുത്ത ദിവസത്തേക്കു മാററിവെയ്ക്കുവാൻ അവൾ ആഗ്രഹിച്ചില്ല. അമലയും അവൾക്കു കഴിവുള്ള വിധത്തിലെല്ലാം അനിന്ദിതയെ സഹായിച്ചു. ഒരു പുതിയ സ്ഥലത്തു കഴിച്ചുകൂട്ടേണ്ടി വരുന്ന ആദ്യരാത്രി എല്ലായ്പോഴും ആർക്കും സുഖകരമായി എന്നു വരുന്നതല്ലല്ലൊ. അനിന്ദിത കിടയ്ക്കയിൽ കിടന്നു, അങ്ങുമിങ്ങും തിരിഞ്ഞും മറിഞ്ഞും മയങ്ങിയും പ്രഭാതം വരെ കഴിച്ചുകൂട്ടി. ഉടനെ അവൾ ഉണന്നു, എഴുന്നേററു ദിനകൃത്യങ്ങൾ ആരംഭിക്കുന്നതിനു മുമ്പായി ഗൃഹത്തിൽ നിന്നിറങ്ങി പുറത്തുവന്നു് ലാത്തുവാൻ ആരംഭിച്ചു. ഗൃഹത്തിന്നു് ഏറെ ദൂരെയല്ലാത്ത ഒരു വയലിൽ എത്തിയപ്പോൾ അതി പാണ്ഡുരയായ ഇന്ദ്രദിഗംഗനയുടെ മുഖവും ശുക്രനേത്രന്റെ സംവീക്ഷണവും അവൾക്കു പരമാനന്ദകരമായിത്തീന്നു.

ഗൃഹത്തിന്നു പിൻവശത്തു രണ്ടു മൂന്നു നാഴിക അകലെ മന്ദമായി പ്രവഹിച്ചുകൊണ്ടിരുന്ന നദി ആവശ്യമുള്ളപക്ഷം അവൾക്കും കാണ്മാൻ കഴിയും. അതിന്റെ മറുകരയിലായി പച്ചനിറത്തിലുള്ള ഒരു വൻകാടു കാണപ്പെടുന്നുണ്ടു്. നഗരജീവിതത്തിൽ നിന്നു കുറച്ചു കാലത്തേക്കെങ്കിലും മുക്തി പ്രാപിക്കുവാൻ യോഗം കൈവന്നതു വിചാരിച്ചു് അനിന്ദിതയുടെ ഹൃദയം സന്തോഷാധിക്യത്താൽ ചാഞ്ചാടിക്കളിയ്ക്കുവാൻ തുടങ്ങി. അവൾ വയലിലൂടെ നടന്നു. ശീതളവും ഔത്തരാ

ഹവുമായ ചെറുകാററു് അവളുടെ മുഖകമലത്തെ സ്പർശിച്ചു. ആ നിമിഷത്തിൽ ദിവ്യൗഷധത്തിന്റെ ഫലംകൊണ്ടു രോഗിയെന്നപോലെ അനിന്ദിതയുടെ ദേഹത്തിനു ഉന്മേഷവും സുഖവും സിദ്ധിച്ചതായി അവൾക്കു തോന്നി. ഗൃഹത്തിലേക്കു അനിന്ദിത തിരിച്ചു് പോന്നു ഗൃഹകൃത്യങ്ങളിൽ വ്യാപൃതയായി.

ശൈലേന്ദ്രനാഥൻ പിറെറദിവസം തന്നെ കൽക്കത്തയിലേക്കു മടങ്ങി. പോകുന്ന അവസരത്തിൽ അദ്ദേഹം സുശോഭനയേയും മററും ഉപചരിക്കുന്നതിനു, കൽക്കത്തയിൽ നിന്നു കൊണ്ടുപോരപ്പെട്ട ഭൃത്യന്മാരെ വിളിച്ചു് ശുഷ്കാന്തിയോടും ശ്രദ്ധയോടും പ്രവൃത്തിചെയ്യണമെന്നു, പ്രത്യേകം ഏപ്പാടു ചെയ്തിട്ടുണ്ടായിരുന്നു.

അനിന്ദിതയുടെ ആകൃതിയും പ്രകൃതിയും ഈ ദേശാന്തരവാസം എന്തെന്നില്ലാത്ത ഒരു മാററമുണ്ടാക്കിത്തീർത്തു. വിളറിയിരുന്ന മുഖവും, വിശേഷിച്ചു് കപോലദേശങ്ങളും രക്തപൂർണ്ണമായി; മനസ്സിനും എന്തെന്നില്ലാത്ത നിർവൃതിയും ഉണ്ടായി. ഈ രഹസ്യം സുശോഭന പരസ്യമായി മനസ്സിലാക്കി.

പകൽ മുഴുവനും ജോലിചെയ്യുകയാൽ അമലയ്ക്കു സ്വന്തം കാര്യങ്ങൾ നിർവ്വഹിക്കുവാൻ സാധിക്കാതെ വന്നിരുന്നു. അമലയ്ക്കു വേണ്ടതെല്ലാം ചെയ്തുകൊടുക്കുന്നതിൽ അനിന്ദിത ബദ്ധശ്രദ്ധയായിരുന്നു. പ്രഭാതത്തിനു മുമ്പു് അവൾ ഉണർന്നു പുറത്തുപോയി ഉന്മേഷപൂർവ്വം നടക്കുകയും നഗരവാസം കൊണ്ടു മനസ്സിനു സംഭവിച്ചിരുന്ന ക്ലേശങ്ങൾ തീരെ വിസ്മരിക്കയും ചെയ്തു. ചിലപ്പോൾ ഭൃത്യനായ ബാലനാൽ അനുഗമിക്കപ്പെട്ടു അനിന്ദിത നദീതീരം വരെ സഞ്ചരിക്കും. സ്വർണ്ണനിറത്തിലുള്ള തീരഭാഗങ്ങളോടുകൂടിയ ആ നദിയിലെ ജലം രജത പാളിപോലെ ശുഭ്രമായിരുന്നു. നദീതീരത്തിൽ കാണപ്പെടുന്ന സൈകതികശയ്യയിൽ ഇരുന്നു അരണ്യാന്തരീക്ഷത്തിലെ കുസുമതാരങ്ങളെ നോക്കി പലപ്പോഴും അവൾ ആനന്ദിച്ചിരുന്നു. സൂര്യ

ദേവൻ ഉദയപർവ്വതത്തിലൂടെ ലോകരംഗത്തിലേക്ക കരവല്ലകിളെ നീട്ടുവാൻ തുടങ്ങുന്നതു കാണുമ്പോഠം ഭൃത്യനാൽ നിർബ്ബന്ധിതയായ അനിന്ദിത വസതിയിലേക്ക മടങ്ങും.

ഉഠംനാട്ടിലെ ചന്ദ്രൻ നഗരത്തെ സംബന്ധിച്ചേടത്തോളം അസൂയാലുവായിട്ടാണോ പ്രവർത്തിച്ചിരുന്നതു്? ഇവിടത്തെ ചന്ദ്രിക എത്രയോ ഹൃദയാഹ്ലാദിനിയായിരുന്നു. ഇവിടത്തെ അന്തരീക്ഷം പൊടിപടലത്തിൽ നിന്നും ധൂമബാധയിൽ നിന്നും വിമുക്തമായിക്കാണപ്പെടുകയും ചെയ്തു.

പ്രക്ഷുബ്ധമായ അനിന്ദിതയുടെ ഹൃദയത്തിനു ക്ഷതം തടക്കവാനുള്ള പദാർത്ഥം വാസ്തവത്തിൽ അവിടെ ചുററും സുലഭമായി കാണപ്പെടുന്ന പ്രകൃതി വൈചിത്ര്യം തന്നെയായിരുന്നുള്ളു. പരമകാരുണികനായ ദൈവം നമ്മുടെയെല്ലാം ദുഃഖത്തിനു പ്രതിവിധി ലോകത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ടെന്നും, അതു കണ്ടെത്തുവാൻ അശക്തരായതുകൊണ്ടാണു് മനുഷ്യർക്കു് ജീവാവസാനം വരെ ക്ലേശഭൂയിഷ്ഠമായി ദിവസങ്ങഠം കഴിക്കേണ്ടിവരുന്നതെന്നും അനിന്ദിതയ്ക്കു വേണ്ടുവോളം മനസ്സിലായി.

എന്നാൽ അനിന്ദിതയ്ക്കല്ലാതെ ആ കുടുംബത്തിലുള്ളവക്കാക്കും ഇത്രത്തോളം സുഖം തോന്നിയിരുന്നില്ല. അവിടത്തെ വിജനത ബിഞ്ജിനു ഭയങ്കരമായിത്തോന്നി; ഇതിൽ നിന്നു കുറഞ്ഞൊരു ശമനം അവനുണ്ടായിട്ടുണ്ടെങ്കിൽ കാരണഭൂതന്മാർ കുതിരകളുടെ വേഷം അണിഞ്ഞു അഭിനയിക്കുന്ന ഭൃത്യബാലന്മാരാണു്. അമല അനുഭവിക്കുന്ന മനഃസ്ഥിതി എന്താണെന്നറിയുക സാദ്ധ്യമായിരുന്നില്ല. രാവും പകലും ഒരടിമയെന്നവണ്ണം അവഠം വേല ചെയ്തുവന്നു. വളരെ ഉത്സാഹിച്ചാൽ തന്നെയും അമലയെ അവളുടെ സ്വാർത്ഥകൃത്യങ്ങളിൽ നിന്നു മോചിപ്പിച്ചു കൊണ്ടുപോകുക അനിന്ദിതക്ക സാദ്ധ്യമായിത്തീന്നില്ല. അഞ്ചുമിനിട്ടു നേരത്തെക്കെങ്കിലും വീടുവിട്ടു പുറത്തിറങ്ങുക അവഠംക്ക അസഹ്യമായിത്തോന്നി. അനിന്ദിത അവ

ളെ ക്ഷണിച്ചാൽ തന്നെയും അവളിൽ നിന്നു പതിവായി കിട്ടുന്ന മറുവടി എന്താണെന്നു താഴെ കാണിക്കും പ്രകാരമാണ്—"ലീലീ, പോയി ഉൾനാടിന്റെ സൗന്ദര്യം കണ്ടാനന്ദിച്ചു കൊള്ളുക. ഞാൻ ഉൾനാട്ടിൽ പിറന്നവളും ജീവിതം മുഴുവനും, വയലുകളും, വൃക്ഷങ്ങളും അരുവികളും ധാരാളം കണ്ടു പരിചയിക്കപ്പെട്ടവളും ആണ്. എനിക്കു അതിൽ കൂടുതലായൊന്നും കാണണമെന്നു് ആശയും ഇല്ല." സുശോഭനയുടെ വിചാരമെല്ലാം നഗരത്തിൽ വിടപ്പെട്ട കുട്ടികളെക്കുറിച്ചായിരുന്നു. ആ ഉൾനാട്ടിലെ സ്ഥിതി തൃപ്തികരമല്ലെന്നു അവൾക്കു് തോന്നി വിവരം കൌശലേന്ദ്രനാഥനെ അറിയിച്ചു. അതിനു മറുപടി അദ്ദേഹം ഇങ്ങിനെയാണ് എഴുതിയിരുന്നതു്:—

"ഭയപ്പെടാനൊന്നുമില്ലെന്നാണ്, ഡാക്ടരുടെ അഭിപ്രായം. സൂക്ഷിച്ചിരിക്കണം. ഇനി ജ്വരം ബാധിക്കാനിടയില്ലെന്നാണദ്ദേഹം പറയുന്നതു്."

അനിന്ദിതയുടെ സന്തോഷസാഗരത്തിന്റെ നടുവിൽ ചിന്തകളാകുന്ന യാനപാത്രങ്ങൾക്കെല്ലാം സ്വൈരയാത്ര ചെയ്യുന്നതിനു പ്രതിബന്ധങ്ങളായ ചില വലിയ ദുഃഖശിലകൾ ഉണ്ടായിരുന്നുവെന്നുള്ള സംഗതി മറക്കത്തക്കതല്ല. പ്രകൃതി പ്രഭാവം അവളെ ആനന്ദിപ്പിച്ചു. പക്ഷെ അവളുടെ ഹൃദയത്തിൽ കുറേക്കാലമായി വേരൂന്നിക്കിടക്കുന്ന ആ ഒരു ചിന്ത അവളെ അലട്ടി. പ്രതിവിധിയില്ലാത്തതായ ആ ദുഃഖചിന്ത മനോമുകുരത്തിൽ പ്രതിബിംബിക്കാതാക്കിയ്ക്കുവാൻ കഴിയുന്നതും അവൾ പരിശ്രമിച്ചു.

സുഷമ പതിവായി അനിന്ദിതയ്ക്കു വലിയ വലിയ കത്തുകൾ അയക്കാറുണ്ടായിരുന്നു. അവയിൽ ഒരു വമ്പിച്ച ഭാഗം സമീരനെക്കുറിച്ചുള്ള പരാതികളും ഭൃത്യന്മാരുടെ ആലസ്യത്തെയും അനുസരണമില്ലായ്മയേയും കുറിച്ചുള്ള അഭിപ്രായങ്ങളും കൊണ്ടു പരിപൂർണ്ണമായിരുന്നു. ആദ്ധ്യാത്മികങ്ങളായ ഉപദേശ

ങ്ങളാണ് ശൈലേന്ദ്രന്റെ എഴുത്തുകളിൽ അടങ്ങിയിരുന്നതു സമീരനും സുരൂപയും മൌനം ദീക്ഷിച്ചതു പരീക്ഷാകാലം അടുത്തിരുന്നതുകൊണ്ടു തന്നെയായിരിയ്ക്കണം; എന്നല്ല അവർ പാഠ്യപുസ്തകപ്പുഴുക്കളായി സമയവ്യയം ചെയ്തുതന്നെ വന്നു. ഒരു ദിനം ഏതാണ്ടു അസ്തമനസൂര്യന്നു സ്വാഗതം പറവാൻ തുടങ്ങിയിരിക്കുന്ന അനിന്ദിത ഗൃഹജോലികളെല്ലാം നിർവ്വഹിച്ചതിനു ശേഷം മേൽ കഴുകി വസ്ത്രങ്ങൾ മാറി പതിവുപോലെ നടക്കുവാൻ പുറപ്പെട്ടു. അപ്പോഴേക്കും കൽക്കത്തയിൽ നിന്നു് തപാൽ എത്തിക്കഴിഞ്ഞു. ബീജു അലട്ടികൊണ്ടിരുന്നതിനെ ബലമായി തട്ടി അനിന്ദിത എഴുത്തു വായിപ്പാനൊരുങ്ങി. ദേവപ്രിയൻ ഗൃഹം സന്ദർശിച്ച വിവരം സുഷമ എഴുത്തിൽ കാണിച്ചിരുന്നു. മാത്രമല്ല, സുരൂപ അവളുടെ കയ്യൊപ്പിനു താഴെയായി, ദേവപ്രിയൻ മിമിയുടെ ആധുനിക വാസസ്ഥലത്തെയും മറ്റും പററി ചോദിച്ചറിഞ്ഞിരിക്കുന്നതായും ഏററവും മനോഹരങ്ങളായ ചെറിയ ലിപികളിൽ ഭംഗിയായി വിന്യസിച്ചിരുന്നു.

അനിന്ദിത ആ എഴുത്തു ഭദ്രമായി സൂക്ഷിച്ചുകൊണ്ടു ബീജുവിനെ സമാധാനിപ്പിക്കുവാൻ തുടങ്ങി. സൂര്യൻ അസ്തമിക്കാറായതുകൊണ്ട് അന്തരീക്ഷം പാടല വർണ്ണമായി ചമഞ്ഞു. അനിന്ദിതയുടെ ഹൃദയഗതി വഴിപോലെ ഗ്രഹിച്ചു അവളോടനുകമ്പ പ്രദർശിപ്പിക്കയോ എന്നു തോന്നുമാറ് ആദിത്യൻ സ്വകരങ്ങൾ അവളുടെ ശിരസ്സിൽ ശരിയായി അർപ്പിച്ചു. കർണ്ണാനന്ദകരമായ പ്രേമഗാനം മുഴക്കിക്കൊണ്ടു സായാഹ്നസമീരണൻ മന്ദമായി വീശി * ശന്താൻ ഗ്രാമങ്ങൾ കൂടാതെ ബംഗാളികൾ താമസിക്കുന്ന ഒരു ഉൾനാട്ടു അവയ്ക്കടുത്തുണ്ടെന്നും അതിന്നു കുറെ നാഴിക അപ്പുറമായി ഒരു ചെറിയ നഗരമുണ്ടെന്നും

* ചണ്ഡാമൻ എന്നായിരിക്കാം.

വഴിക്കു വച്ച് ഭൃത്യന്മമായുള്ള സംഭാഷണത്തിൽ നിന്ന അനി ന്ദിത മനസ്സിലാക്കി: നഗരം വിട്ട ഉൾനാട്ടിൽ എത്തിയതിന്ന ശേഷം പ്രകൃതിയുമായുള്ള സൗഹാർദ്ദത്തെ പൂർവ്വാധികം വൎദ്ധി പ്പിക്കുന്നതിൽ അവൾ ആസക്തയായിരുന്നു. അതുകൊണ്ടു മ റെറാരു സുഹൃത്തിന്റെ ആവശ്യമേ അവൾക്കില്ലെന്ന തന്നെ പറയാം. എന്നാൽ ദേവപ്രിയൻ വരുമെന്ന കേൾക്കുന്നതുകൊ ണ്ടു അത്ഭുതാവഹമായി സന്തോഷിപ്പാൻ അവളെ പ്രേരിപ്പിച്ച ചേതോവികാരം എന്തായിരിക്കും? അത് ഒരു ആശ മാത്രമല്ലാ തേ മറെറാന്നുമല്ലായിരുന്നു. സുഹൃന്നിധിയായ പ്രകൃതിയുടെ സൗ കുമാൎയ്യത്തിന്ന പോലും വിചാരപാരവശ്യം കൊണ്ടു സങ്കടത്തി ൽപെട്ട അനിന്ദിതയെ സമാധാനിപ്പിക്കുവാൻ കഴിഞ്ഞില്ല.

മദ്ധ്യാഹ്ന ഭക്ഷണത്തിന്ന് ശേഷം അനിന്ദിതയും അമല യും ഒഴികെ ആ കുടുംബത്തിൽ ഉള്ളവരെല്ലാം ഉറക്കം തൂങ്ങി ക്കഴിച്ചുകൂട്ടി. ഇവർ രണ്ടു പേരും ഈ ദൂഷിച്ച സമ്പ്രദായത്തി ന വഴിപ്പെട്ടില്ല. വസ്ത്രക്കഷണങ്ങൾ തുന്നിപ്പിടിപ്പിച്ചും സൂചിയു ടെ പഴുതിൽ കൂടെ ഇടക്കിടെ നൂൽ കോൎത്തും, ചെയ്തു തീൎത്ത ജോലികളെപ്പററി അനിന്ദിതയോടു അഭിപ്രായം ചോദിച്ചും അ മല സമയം പോക്കി. അനിന്ദിതയാകട്ടെ, ഒന്നുകിൽ ഗ്രന്ഥവാ യനയിൽ ഏൎപ്പെട്ടോ അഥവാ കൺമുമ്പിൽ കാണുന്ന പ്രകൃ തിവൈചിത്ര്യത്തെപ്പററി പരിചിന്തിച്ചുകൊണ്ടോ ആണു സ മയവ്യയം ചെയ്യുക.

അടുത്ത ദിവസം അനിന്ദിത പ്രഭാതസഞ്ചാരത്തിന്ന ഒ രുങ്ങി. മുൻ പ്രസ്താവിക്കപ്പെട്ട ചെറിയ നദി ഇറങ്ങി മറുകരക യറി ഒന്ന് രണ്ട് നാഴിക പിന്നേയും അവൾ മുന്നോട്ടു നടന്നു. മടങ്ങി വസതിയിൽ എത്തിയപ്പോൾ നേരം വളരെ പുലൎന്നിരു ന്നുവെന്ന അനിന്ദിത അറിഞ്ഞു. സുശോഭന പരിഭ്രമിച്ചു ഭൃത്യ ന്മാരെ നാനാ ദിക്കിലേക്കും അയച്ചു. ഭാഗ്യവശാൽ വലിയ ബു ദ്ധിമുട്ടുകളൊന്നും കൂടാതെ മാൎഗ്ഗമദ്ധ്യേ അവർ അനിന്ദിതയെ

കണ്ടുമുട്ടി. ഗൃഹത്തിൽ മടങ്ങിയെത്തിയപ്പോൾ മററുള്ളവരുടെയെല്ലാം മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞിരുന്നു. ഉടനെ അവൾ കുളിക്കുവാനൊരുങ്ങി. നേരം വൈകിയതിനെക്കുറിച്ചു മാതാവിന്റെ ശകാരവും കേട്ടു. കുറെ കഴിഞ്ഞു ബീജുവുമൊന്നിച്ചു അവൾ ഉറക്കറയിലേക്കു പോയി. കുളികഴിഞ്ഞു വരാന്തയിൽ എത്തിയപ്പോൾ അമല തുന്നൽ പണിയിൽ ബദ്ധശ്രദ്ധയായിരിക്കുന്നതു കാണപ്പെട്ടു. അനിന്ദിതയും അവളുടെ അടുക്കൽ ഇരുന്നു. "ദിദീ, നിന്റെ ഭക്ഷണം കഴിഞ്ഞുവോ?" എന്ന് അമല ചോദിച്ചു. യാതൊരു മറുവടിയും പറയാതെ തുന്നൽപ്പണിയും നോക്കിക്കൊണ്ടു അനിന്ദിതയും സ്വസ്ഥയായിരുന്നു.

ഒരു വഴിപോക്കൻ മുട്ടോളം താഴ്ന്ന പൊടിയണിഞ്ഞുകൊണ്ടു വഴിയിൽ കൂടെ നടന്നിരുന്നു. കുറേ അകലമുള്ള ആ നിരത്തിൽ പോകുന്നവരെ തിരിച്ചറിയുക. അത്ര എളുപ്പമായ ഒരു കാൎയ്യമല്ലെങ്കിലും വഴിപോക്കനാരാണെന്ന് ഉടനെ അനിന്ദിതക്കു മനസ്സിലായിക്കഴിഞ്ഞു.

നിരത്ത് വിട്ടു ആ പാന്ഥൻ പെട്ടെന്നു വയലിലേക്കിറങ്ങി. അനിന്ദിതയുടെ പരിഭ്രമം വൎദ്ധിച്ചു. അമല അയാളെക്കണ്ടു അനിന്ദിതയോടു ഇങ്ങിനേ ചോദിച്ചു. "ആരാണയാൾ? നിങ്ങളറിയുന്ന വല്ലവരുമാണോ?" അനിന്ദിത ഇപ്പോഴും മൗനം ദീക്ഷിച്ചതേയുള്ളു. വഴിപോക്കൻ അടുത്തെത്തിക്കഴിഞ്ഞു. അനിന്ദിത എഴുന്നേററു വരാന്തയിൽ അങ്ങുമിങ്ങും വടന്നുകൊണ്ടു ഇങ്ങിനേ ചോദിച്ചു. അതു ആ വഴി പോക്കനോടു തന്നെയായിരുന്നു. "ഈ ചുട്ടെരിയുന്ന വെയിലത്തു നിങ്ങളെവിടെക്കാണ് പോകുന്നതു്?"

ദേവപ്രിയനെല്ലാതെ അവളുടെ ദൃഷ്ടിക്കു വിഷയീഭവിച്ച ആൾ മററാരുമായിരുന്നില്ല. അനിന്ദിതയുടെ ചോദ്യം കേട്ടു അമലയും പുറത്തിറങ്ങി. ദേവപ്രിയൻ വരാന്തയിലേക്ക് കയറി ഇങ്ങിനെ പറഞ്ഞു:—

"ഞാൻ ഇതിനടുത്തുള്ള ഒരു വില്ലേജിലായിരുന്നു. 10 മണിക്കു മുമ്പായി മടങ്ങണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണ് ഞാൻ പുറപ്പെട്ടത്. മടങ്ങി പോകണമെന്നുള്ള കാര്യം തന്നെ മറന്നു പോകത്തക്കവണ്ണമാണ് കാര്യങ്ങളെല്ലാം സംഭവിച്ചത്"

"അങ്ങ് ഒരം സമയം വരെ ഒന്നും ഭക്ഷിച്ചിരിക്കയില്ലല്ലൊ"

"ഇല്ല; എന്താണ് ചെയ്യുക. ഞാൻ ആരെ കാണ്മാൻ പോയോ ആ ആൾ കുറെ നാളായി ഭക്ഷണം കഴിച്ചിട്ട്. അതോർത്തപ്പോൾ എൻെറ വിശപ്പ് എത്രയോ നിസ്സാരമായി എനിക്കു തോന്നി. എന്നാൽ അതിനെ കുറിച്ചു വിചാരപ്പെടണമെന്നില്ല. ഞാൻ താമസിക്കുന്നിടത്തേക്ക് ഇവിടെ നിന്നു അര നാഴികയിലധികം ദൂരം ഇല്ലാത്തതുകൊണ്ട് അധികം വൈകാതെ പോയി ഭക്ഷണം കഴിപ്പാൻ എനിക്കു സാധിക്കും" എന്നു മന്ദഹാസപൂർവ്വം ദേവപ്രിയൻ പറഞ്ഞു.

"ഒരം സമയത്തു പോകാൻ ഞാൻ നിങ്ങളെ ഒരിക്കലും അനുവദിക്കയില്ല പക്ഷെ അതിനു വേണമെങ്കിൽ സമ്മതിക്കാം. കുറച്ചു വല്ലതും ആഹാരം കഴിച്ചേ കഴിയൂ. അര മണിക്കൂർ സമയം നടക്കയോ? കൊള്ളാം."

"ശരി; കൊള്ളാം. എന്നാൽ എനിക്കുവേണ്ടി വീണ്ടും ഭക്ഷണം പാകം ചെയ്യാനാണോ ഭാവിക്കുന്നത്? ഭവതിയുടെ ഗൃഹത്തിലുള്ള എല്ലാവരും ഇപ്പോൾ മദ്ധ്യാഹ്ന ഭക്ഷണം കഴിച്ചിരിയ്ക്കും. ഇവിടെയെങ്ങും പലഹാരക്കടകളും ഇല്ല. എവിടെ നിന്നാണ് .ഇപ്പോൾ പലഹാരം വാങ്ങുക? എങ്ങിനേയാണ് ഭവതി ആഹാരം ശരിപ്പെടുത്തുന്നത്?"

"നോക്കിക്കൊള്ളുക;" എന്നിങ്ങിനെ പറഞ്ഞുകൊണ്ടു അനിന്ദിത ഭൃത്യന്മാരെ വിളിച്ചു ദേവപ്രിയനു കുളിയ്ക്കുവാൻ സകല ഏർപ്പാടും ക്ഷണത്തിൽ ചെയ്തു കൊടുപ്പാൻ ആജ്ഞാപിച്ചു. അനന്തരം അവൾ അവിടെ നിന്ന് അന്തർദ്ധാനം ചെ

ഷ്ടു. മററു യാതൊരു ശങ്കയും കൂടാതെ ദേവപ്രിയൻ അനിന്ദിതയുടെ ആതിഥ്യം സ്വീകരിച്ചു.

കുളിയും ഭക്ഷണവും കഴിഞ്ഞതിനു ശേഷം ദേവപ്രിയൻ വരാന്തയിൽ ഉപവിഷ്ടനായി. അനിന്ദിതയും അദ്ദേഹത്തിൻെറ സമീപം ഉപവേശിച്ചു. ഇങ്ങോട്ടു അദ്ദേഹം വരുവാനുള്ള കാരണം പറയുവാൻ ആവശ്യപ്പെട്ടുകൊണ്ടു് അനിന്ദിതാദേവി ചോദ്യം പുറപ്പെടുവിച്ചുവെങ്കിലും എന്താണാദ്യമായി പറയേണ്ടതെന്നറിയാതെ പ്രിയൻ കുഴങ്ങി. "അങ്ങു് എത്ര നാളായി ഇവിടെ വന്നിട്ടു്?" എന്നു അവൾ ചോദിച്ചു.

"ഇപ്പൊഴേക്കു് ഏതാണ്ടു ഒരാഴ്ചയായിരിക്കുന്നു. ഭവതി ഇവിടെയാണു് താമസിക്കുന്നതെന്നു എനിക്കു മനസ്സിലായി. എങ്കിലും വന്നു കാണ്മാൻ കൃത്യാന്തരബഹുലതയാൽ സാധിച്ചില്ല. അഭയാൎത്ഥികളെ സംബന്ധിക്കുന്ന ചുമതലകളെല്ലാം എൻെറ തലയിലാണു് കേറിയിരിക്കുന്നതു്. അതുകൊണ്ടു തന്നെയാണു് ഭവതിയെ കാണ്മാൻ ഇതേവരെ സാധിക്കാതിരുന്നതു്. ഞാൻ അധീരനായിത്തീൎന്നിരിക്കുന്നു. ദാരിദ്ര്യത്തോടു മല്ലിടുന്നതിനുള്ള പ്രയത്നത്തിൽ എൻെറ ശക്തി തീരെ ക്ഷീണിച്ചുപൊയ്ക്കഴിഞ്ഞിരിക്കുന്നു!"

ഇതിനു മുമ്പൊരിക്കലും അദ്ദേഹത്തിൻെറ പല്ലവാധാരങ്ങളിൽനിന്നു നിരാശയുടെ ഒരു വാക്കുപോലും പുറപ്പെടുന്നതു കേൾപ്പാൻ അനിന്ദിതയ്ക്കു സാധിച്ചിട്ടില്ലായിരുന്നു. ഒരു യുവഭടനെപ്പോലെയുള്ള ചൈതന്യവും ധീരതയുമാണു് അനിന്ദിതയുടെ ഹൃദയത്തെ അദ്ദേഹത്തിങ്കലേക്കു് ആകൎഷിച്ചതു. നികൃഷ്ടാവസ്ഥകളോടു മല്ലിടുവാൻ തന്നെയാണു അദ്ദേഹം ജനിച്ചതെന്നു് തോന്നപ്പെട്ടു. അദ്ദേഹത്തിൻെറ വാക്കുകൾ ആ ഭാവനയെ അസ്ഥിബന്ധമിട്ടുറപ്പിക്കയും ചെയ്തു.

ഒരു വിനാഴികയ്ക്കുശേഷം ദേവപ്രിയൻ വീണ്ടും പറവാൻ തുടങ്ങി:—"ഇനിയൊന്നും ചെയ്യപ്പെടേണ്ടതായിട്ടില്ല. അ

തിപ്രേമചിത്തനായ ഒരുവൻപോലും എതിരിടേണ്ടതായ ഒരു സ്ഥിതിയാണിപ്പോൾ ഉണ്ടായിത്തീർന്നിട്ടുള്ളതു."

ഈ അവസരത്തിൽതന്നെയാണ് "അനു, ഒന്നിവിടത്തോളം വരിക" എന്നുള്ള അമലയുടെ അപേക്ഷ മുറ്റേക്കും വിട്ടു അനിന്ദിതാ ദേവപ്രിയന്മാരുടെ കർണ്ണപുടങ്ങളിൽ പ്രവേശിച്ചതു്.

ഉടൻ അവൾ അവിടെനിന്നും പോയി. അകത്തെത്തിയ ഉടൻ അനിന്ദിതയ്ക്കു വീണ്ടും അമല ഇങ്ങിനെകൂടി പറയുന്നതു കേൾപ്പാൻ ഇടയായി:—"എന്താണനു, ഇതിന്റെയെല്ലാം സാരം? ഞാൻ കൂടി ഒന്നറിയട്ടെ! നീ നിന്റെ ഭക്ഷണം അദ്ദേഹത്തിനു നൽകി; എന്നിട്ടും ഒരു കല്മഷമില്ലാത്തവളെപ്പോലെ വിശപ്പടക്കിയുംകൊണ്ടു അദ്ദേഹവുമായി സംസാരിച്ചുകൊണ്ടിരിക്കുന്നു! നിനക്കു് ഭക്ഷ്യപാനീയങ്ങളൊന്നും വേണ്ടായിരിക്കുമോ? നിന്റെ ഈ സമ്പ്രദായത്തെപ്പററി ഇളയമ്മ അറിഞ്ഞാൽ എന്താണവർ വിചാരിക്കുക!" അമല ഉച്ചസ്വരത്തിൽത്തന്നെയാണ് ഈ വാക്കുകൾ പുറപ്പെടുവിച്ചതു്.

"ഈശോരാ ഇതുപോലൊന്നും പറയല്ലെ! ഇതാ ആ മാന്യൻ കേൾക്കാനിടവന്നെങ്കിൽ അദ്ദേഹം എന്താണ് കരുതുക? ഞാൻ വരികയല്ലെ?" ഇത്രയും പറഞ്ഞുകൊണ്ടു് അനിന്ദിത മുറിവിട്ടിറങ്ങി. ദേവപ്രിയനെ കണ്ടപ്പോൾ അവളുടെ ഹൃദയം ഭയത്തിന് അധീനമായി പരിണമിച്ചു. അമല പറഞ്ഞതെല്ലാം അദ്ദേഹം കേട്ടിരിക്കുമെന്നുതന്നെ അനിന്ദിത തീർച്ചപ്പെടുത്തി.

"അനു, എന്തുതെററാണീ പ്രവർത്തിച്ചതു? ഭവതിയുടെ ഭക്ഷണമാണ് എനിക്കു നൽകിയതു? അല്ലെ?" എന്നു ദേവപ്രിയൻ അനിന്ദിതയെ കണ്ട ഉടൻ പറഞ്ഞുപോയി.

അനിന്ദിതയുടെ ഓമനപ്പേർ വിളിച്ചു ഇതിനു മുമ്പൊരിക്കലും അദ്ദേഹം അവളോടു യാതൊന്നും സംസാരിക്കയുണ്ടായിട്ടില്ല. അദ്ദേഹത്തിനു ഒരു ഓമനപ്പേർകൊണ്ടു അവളെ സംബോധന ചെയ്യേണ്ടിവന്നപ്പോഠ ആ വിധത്തിൽ വാക്കുകഠ പുറപ്പെട്ടു എന്നു മാത്രമേയുള്ളു.

അനിന്ദിതക്കു അത്ഭുതം തോന്നി. അവഠ അദ്ദേഹത്തിന്റെ ചോദ്യത്തിനു ഇങ്ങിനെ മറുവടി പറഞ്ഞു:—"അയ്യേ; അതുകൊണ്ടെന്തുവരാം? എന്റെ ഭക്ഷണത്തിൽനിന്നു അഞ്ചിലൊരുഭാഗം കുറഞ്ഞുവെന്നുള്ളതുകൊണ്ടു ഞാൻ മരിച്ചുപോകയും മററുമില്ല."

"ഞാനും മരിക്കയില്ല; ഭവതിയെ മറന്നു എന്നെ സൽക്കരിക്കുവാൻ എന്താണൊന്നു വിശേഷാൽ കാരണം? ഭവതി എത്രതന്നെ പറഞ്ഞാലും, ഭവതി തെററുചെയ്തില്ലെന്നു പറഞ്ഞാൽ അതു സാധുവാകുന്നതല്ല."

"വാസ്തവംതന്നെ; ഒരു അതികഠിനമായ വെയിലത്തു ഗൃഹത്തിലേക്കു മടങ്ങുവാൻ അനുവദിയ്ക്കാതെ ഭക്ഷണം കഴിപ്പിച്ചതു തെററാണെന്നു ഞാൻ വിചാരിക്കണമെന്നായിരിക്കുമോ? ഇതുകൊണ്ടെന്താണ് എനിയ്ക്കൊന്നു വരാനുള്ളതു? രാവുപകൽ ഇടവിടാതെ അങ്ങ് അദൃശ്യപൂർവ്വരായ സാധുക്കഠക്കുവേണ്ടി കഷ്ടപ്പെടുന്നതു ഒരു തെററായി അങ്ങയ്ക്കു തോന്നുന്നില്ല. ശരിതന്നെ; ഞങ്ങഠ സ്ത്രീകളാണല്ലോ? ഞങ്ങഠക്കിതിനൊന്നും അർഹതയുമില്ലെന്നല്ലെ വയ്പു?"

ദേവപ്രിയൻ മൌനം ദീക്ഷിച്ചു. അമല ഈ അവസരത്തിലും അസ്വസ്ഥയായിത്തന്നെയാണിരിക്കുന്നതു്. ഒരിക്കൽക്കൂടെ അവഠ വരാന്തയിലേക്കു നോക്കി, ദേവപ്രിയൻ അതു സൂക്ഷിച്ചുകൊണ്ടു ഇങ്ങിനെ പറഞ്ഞു:—"അനു, എനിക്കിപ്പോഠതന്നെ പോയേ കഴിയൂ. ഈ അവിചാരിതമായ സമ്മേളനം എ

ന്നെ ബുഭുക്ഷുവാക്കിത്തീർത്തു. ചില സംഗതികൾ ഭവതിയോടു പറയാതെ പോകാൻ എനിക്കു കഴിവില്ലെങ്കിലും ഇപ്പോൾ ഞാൻ സംഭാഷണം നിറുത്തുവാൻ തന്നെയാണ് തീരുമാനിക്കുന്നതു്. ഇന്നു കാലത്തു ഞാൻ കണ്ടകാഴ്ച അമ്മമാർ അവരുടെ ഓമനക്കുട്ടികൾക്കുള്ള ആഹാരം ഭക്ഷിക്കുന്നതായിട്ടാണ്. ദാരിദ്ര്യം ശരീരത്തെത്തന്നെയല്ല മനുഷ്യാത്മാവിനെക്കൂടി ഹനിക്കുന്നുണ്ടു. ആത്മത്യാഗം സ്വാഭാവികമായ സ്നേഹത്തിന്റെ വ്യക്തമായ വികാരമാണ്. അതാണല്ലോ ഭവതി എനിക്കു ഭവതിയ്ക്കുള്ള ആഹാരം നൽകിയതും. ഞാൻ ഭവതിയ്ക്കു പരിചിതനായ ഒരു സുഹൃത്താണ്. മാതൃസ്നേഹത്തേക്കാൾ മഹത്തായിട്ടു യാതൊന്നുമില്ലെന്നു കാണിച്ചുതന്നതും ഒരു ഭക്ഷണംതന്നെയാണ്. മനുഷ്യരിൽതന്നെ മൃഗങ്ങളും ദേവതകളുമുണ്ടു. ഇന്നു കാലത്തു് ഞാൻ കണ്ട കാഴ്ച ദൈവം മനുഷ്യവേഷത്തിൽ മൃഗങ്ങളെയും ലോകത്തിൽ തള്ളിവിട്ടിട്ടുണ്ടെന്നുള്ളതിനു തെളിവായിരിക്കുന്നുണ്ടു. എന്നാൽ ഭാഗ്യവശാൽ എനിക്കു ഭവതിയെ കാണ്മാൻ ഇടയായി. മൃതമായ എന്റെ ആശയ്ക്കു പുനർജ്ജന്മവും ഉണ്ടായി.”

അനിന്ദിത യാതൊന്നും സംസാരിച്ചില്ല. അല്പനേരം കഴിഞ്ഞു ദേവപ്രിയൻ യാത്രപറവാനായി എഴുന്നേററു. അനിന്ദിത നിരത്തുവരെ അദ്ദേഹത്തെ അനുഗമിച്ചു. പിരിയുന്ന അവസരത്തിൽ അവൾ ഇങ്ങിനെ പറഞ്ഞു:—

“അങ്ങ് കൂടെക്കൂടെ ഇതിലെ വരികയില്ലയോ?”

ദേവപ്രിയൻ മന്ദഹസിച്ചുകൊണ്ടു:— “വരാം. ഭയപ്പെടേണമെന്നില്ല. ഭവതിയുടെ വയററിലേക്കു കൊണ്ടുപോകുന്ന ഭക്ഷണം വാങ്ങി ഉപയോഗിക്കയും ചെയ്യാം. എന്നാൽ എന്നെ അധിക്ഷേപിക്ക മാത്രം അരുതേ!” എന്നിങ്ങിനെ പറഞ്ഞു.

"കൊള്ളാം. വരിക തന്നെ. ഞാൻ അങ്ങയെ അധിക്ഷേപിക്കുമോ ഇല്ലയോ എന്നു കാണാമല്ലൊ. എന്നാൽ മറെറാരു മാർഗ്ഗമായി അങ്ങു പോകുന്നതല്ലെന്നു എന്നോടുറപ്പായി പറയണം. ഇക്കാര്യത്തിൽ കുറച്ചു ശ്രദ്ധിക്കാതെ വാക്കു ഫലവത്താക്കിത്തീക്കാൻ സാധിക്കുന്നതല്ല."

"നാം നമ്മെത്തന്നെ നിന്ദിക്കുന്നതുകൊണ്ടു തൃപ്തരാകുന്നുവെന്നു ഭവതിക്കറിഞ്ഞുകൂടയോ? മഹാ ദേവനായ ശിവൻ ഒരു യാചകനായിരുന്നില്ലെങ്കിൽ അന്നപൂർണ്ണയെ നമുക്കറിവാൻ സാധിക്കുന്നതെങ്ങിനെ? ഭവതിക്കു നമസ്കാരം!"

അനിന്ദിത നിരത്തിൽ നിന്നു നിലയനത്തിലേക്കു മടങ്ങി. അമല അനിന്ദിതയെക്കുറിച്ച് ഓരോന്നു ശകാരിച്ചുകൊണ്ടു അരമണിക്കൂറിലധികം സമയം കഴിച്ചുകൂട്ടി. പുരുഷജാതിയിലുള്ള ഒരൊററയെണ്ണത്തിനുപോലും എന്തെങ്കിലും പ്രവൃത്തിക്കുന്നതു നിഷ്ഫലമാണ്; അവരെല്ലാം കൃതഘ്നതയാൽ ഗ്രസിക്കപ്പെട്ടവാണ്" ഈ വിധം പറഞ്ഞുകൊണ്ടു അനിന്ദിത അവളുടെ പ്രസംഗം അവസാനിപ്പിച്ചതും അനിന്ദിതയുടെ സ്വഭാവം സുശോഭനയോടുണത്തിക്കണമെന്നു ഒന്നിലധികം പ്രാവശ്യം അമല വിചാരിച്ചതും മിക്കവാറും ഒരേ സമത്തുതന്നെയായിരുന്നു.

ഭൃത്യൻ വന്നു പാത്രങ്ങൾ കഴുകാനായി നോക്കുന്ന അവസരത്തിൽ ചോറു അതിൽ ഇരിക്കുന്നതു കണ്ടു അത്ഭുതപ്പെട്ടു

വ്യഥാകലുഷങ്ങളായ ചിന്തകൾകൊണ്ടു അവളുടെ ഹൃദയത്തിൽ സ്ഥലം പിടിച്ച സംഗീതാണുക്കൾ ചുററുമുള്ള പ്രകാശത്തെ കാണ്മാൻ അവളെ ശക്തയാക്കിത്തീർത്തു.

അദ്ധ്യായം 13.

“പോതെവരാനാകെ, പോന്നു പോയി ഞാൻ നിരാശപ്പെ-
ട്ടാരാമസങ്കേതങ്ങൾ മാർഗ്ഗമേ പാഴേ തന്നെ!”
“മാളിക മുകളേറിയ മന്നന്റെ
തോളിൽ മാറാപ്പു കേറുന്നതും ഭവാൻ”

കൽക്കത്തയിൽ നിന്നും വന്ന താമസിക്കുന്ന സുശോഭ തുടങ്ങിയവരുടെ ഗൃഹം നില്ക്കുന്നത് ഏതൊരു വയലിനടുത്തോ അതിൽ ഏതാനും മുൾ ചെടികൾ അല്ലാതെ ആ ശീതകാലത്തു യാതൊരു ധാന്യവും അവിടവിടെയായി കുറെ കാപ്പിച്ചെടികൾ നില്ക്കുന്നുണ്ടായിരുന്നു. ദരിദ്രരായ ആ നാട്ടുകാർ വളരെ കാലം മുമ്പേ തന്നെ കുരുക്കളെല്ലാം പറിച്ചെടുത്തിരുന്നതുകൊണ്ട് ഫലശൂന്യങ്ങളായ ഈ കാപ്പിച്ചെടികളുടെ ഇടയിൽക്കൂടെ ഇപ്പോഴും അസ്ഥിക്കൂടങ്ങൾ മാത്രം അവശേഷിച്ച ചില മനുഷ്യസത്വങ്ങൾ ഏററം കഴിഞ്ഞ കണ്ണുകൾ ചെടികളിന്മേൽ ഗാഢമായി പതിപ്പിച്ചുകൊണ്ട് നടക്കുന്നതായി കാണപ്പെട്ടുന്നുണ്ട്. അനിന്ദിതയ്ക്കു ഒരം സാധുക്കളെ കണ്ട മാത്രയാൽ, അവരുടെ നിരാശ്രയപൂർണ്ണമായ ജീവിതത്തിന്റെ പ്രതിഫലായ കണ്ട മാത്രയിൽ, എന്തെന്നില്ലാത്ത വ്യസനം തോന്നി വല്ലതും ചെയ്താൽ കൊള്ളാമെന്നു അവൾ വിചാരിക്കാതിരുന്നില്ല; പക്ഷെ അവൾക്കെന്തു ചെയ്യാൻ കഴിയും?

ഒരു ദിവസം ബീജുവിനേയും കൊണ്ടു പ്രഭാത വേളയിലെ ഭക്ഷണത്തിന്നുള്ള റൊട്ടിയും പാലും കയ്യിൽ എടുത്തു് വയലിലേക്കു അനിന്ദിത യാത്രയായി. ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ബീജുവിനെ ഇരുത്തി അവളും ഉപവിഷ്ടയായി; അനന്തരം ബീജുവിന്നു പ്രാതൽ നൽകാൻ തുടങ്ങി. അതവസാനിക്കുന്നതിന്നു സ്വല്പ സമയം മുമ്പായി രണ്ടു മെലിഞ്ഞ കുട്ടികൾ ഭക്ഷ

ണത്തിനായി നിലവിളിക്കുന്നതു അനിന്ദിത കേട്ടു. അവളുടെ നയനങ്ങൾ ബാഷ്പപൂർണ്ണങ്ങളായിത്തീൎന്നു. ദരിദ്രരുടെ കഷ്ടപ്പാടുകളെ ഓൎത്തു് അവൾക്കു അസാധാരണമായ വ്യഥ തോന്നി. അനിന്ദിതയെ അനുഗമിച്ചിരുന്ന ഭൃത്യൻ സാധുക്കളായ കുട്ടികളെ ആട്ടിപ്പായിക്കുവാൻ ശ്രമിച്ചു. ഈ സംരംഭം കണ്ടു് അവൾ ഭൃത്യനോടിങ്ങിനെ പറഞ്ഞു:—"എടാ, അവരോടു വീട്ടിൽ പോയി നമ്മുടെ അമ്മയോടൊ മറേറാ ഭിക്ഷ യാചിക്കുവാൻ പറയുക. എന്തെങ്കിലും ഭക്ഷണത്തിന്നു അമ്മ നൽകാതിരിക്കയില്ല."

ഭൃത്യൻ 'കൊച്ചമ്മ പറഞ്ഞ വാക്കുകൾ' കോപസ്വരത്തിൽ അവരോടു പറഞ്ഞു. ആ ദരിദ്രബാലൻ ആ ഉൾനാട്ടിലെ സ്ഥിതിയറിഞ്ഞിരുന്നതുകൊണ്ടും അനിന്ദിത പറഞ്ഞ ഗൃഹം കൽക്കത്തയിൽ നിന്നു പുതിയതായി വന്നു താമസിക്കുന്നവരുടേതാണെന്നു ധരിക്കാത്തതുകൊണ്ടും വളരെ വിമുഖത കാണിച്ചു. അനിന്ദിത ഈ വൈമനസ്യം കണ്ടു മൗനമായിരുന്നതേയുള്ളു. സുശോഭന ഈ കുട്ടികളുടെ കാൎയ്യത്തിൽ എന്തു പ്രവൃത്തിക്കുമെന്നു അവൾക്കു അറിഞ്ഞുകൂടായിരുന്നു. എന്നാൽ ഈ കഷ്ടസ്ഥിതികണ്ടു കൊണ്ടു് അവൾ എങ്ങിനേയാണു് കഴിച്ചുകൂട്ടുക?

ഈ അവസരത്തിൽ ദേവപ്രിയൻ എങ്ങിനേയോ അതുവഴി അവിടെ എത്തി. അദ്ദേഹം അഭയാൎത്ഥികളായ ദരിദ്രരെ സഹായിപ്പാൻ വേണ്ടി ഒരു സ്ഥലത്തു നിന്നു മറെറാരു സ്ഥലത്തേക്കു പോകയായിരുന്നു. ഏതോ ഒരു സംഗതി ഈ വഴിയിലൂടെ വരുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചുവെന്നേയുള്ളു. എങ്ങിനേയെങ്കിലുമായി കൊള്ളട്ടേ, അദ്ദേഹം അനിന്ദിതയെക്കണ്ടു അവളുടെ സമീപത്തേക്കു ചെന്നു. "ഭവതി എന്താണിവിടെ ചെയ്യുന്നതു" എന്നു ദേവപ്രിയൻ ചോദിച്ചു.

“ഈ നാട്ടുകാരെല്ലാം ഈ വിധം കഷ്ടാവസ്ഥയിൽ പെട്ടവരാണോ? ഈ കുട്ടികൾക്ക മാതാപിതാക്കന്മാരില്ലെ? എന്താണിവർ അനന്യാശ്രയരെന്നപോലെ അലഞ്ഞു നടക്കുന്നതു്?”

കണ്ണുനീർ പൊഴിച്ചുകൊണ്ടു് ദേവപ്രിയൻ മറുവടി പറഞ്ഞു:—

“അധികം പേരും ഈ സ്ഥിതിയിലാണ്. ചിലർ മാതാപിതാക്കന്മാരില്ലാത്തവർ; മററു ചിലർ മാതാപിതാക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ടവർ; ഞാൻ ഈ രണ്ടു കുട്ടികളെ എന്റെ കൂടെ കൊണ്ടുപോയ്ക്കൊള്ളാം. ഇവരെ സഹായിക്കാനായി ബുദ്ധിമുട്ടണമെന്നില്ല. ഇഹത്തിൽ മനുഷ്യത്വം ഏതാദൃശരായ ദരിദ്രരിലാണു ദൈവം നൽകപ്പെട്ടിരിക്കുന്നതു്. ഇങ്ങിനെയുള്ളവരെ സഹായിപ്പാൻ പലർക്കും ദുർല്ലഭമായിട്ടേ സാധിയ്ക്കുന്നുള്ളു”

“അനിന്ദിത തന്റെ ദേഹത്തിൽ നിന്നു ഒരു ചെറിയ ആഭരണം അഴിച്ചെടുത്തു, ദേവപ്രിയന്റെ കയ്യിൽ സമർപ്പിച്ചുകൊണ്ടു ഇങ്ങിനെ പറഞ്ഞു:—

“ഇതിനു എത്ര വിലയാണു കിട്ടുക? പക്ഷെ മറെറാന്നു വിലയുള്ളതു കൊടുപ്പാൻ എനിക്കില്ലാതായിപ്പോയി. ഇതാർക്കും നൽകാൻ വളരെ ചേരായ്മ എനിക്കു തോന്നുന്നുണ്ടു. എന്നാൽ അങ്ങയുടെ മുഖേനയാകെ എനിക്കങ്ങിനെ ചെയ്വാൻ ഒരു ചേരായ്മയും തോന്നുന്നില്ല. ഇതു വിററു കിട്ടുന്ന സംഖ്യകൊണ്ടു ഇവൎക്ക ഭക്ഷണം വല്ലതും വാങ്ങിക്കൊടുക്കുക. അങ്ങു് ഇവരുടെ വിശപ്പു തീൎക്കുമെന്നു എനിക്കറിയാം. എന്നാൽ എന്റെവകയായി വല്ലതുമെങ്കിലും ഇവൎക്ക നൽകിയാൽ കൊള്ളാമെന്നുള്ള ആശയാണു് എന്നെ ഇതിന്നു പ്രേരിപ്പിച്ചതു്”

ദേവപ്രിയൻ അതു തന്റെ കുപ്പായസ്സഞ്ചിയിൽ ഇട്ടുകൊണ്ടു ഈ വിധം പറഞ്ഞു:—“എനിക്കിന്നു വളരെ ദൂരം പോകേണ്ടതുണ്ടു. അല്ലാത്തപക്ഷം ഭവതിയോന്നിച്ചു പോരേണ്ടതായി വരും. ഞാൻ ഈ ആഭരണം വിററു കുട്ടികൾക്ക ഭക്ഷണം പദാ

ത്ഥം വാങ്ങിക്കൊണ്ടുകൊള്ളാം." അനന്തരം അദ്ദേഹം കുട്ടികളെ വിളിച്ചു അവരുമൊന്നിച്ചു പുറപ്പെട്ടു.

ശൈത്യത്താൽ ആക്രാന്തമായ ഉൾനാട്ടിനെ അഭിമുഖമാക്കി ദേവപ്രിയൻ മുന്നോട്ടു പോയപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം ശക്തിയില്ലാത്ത ശങ്കകളിൽ നിന്നുണ്ടായ വികാരങ്ങളെക്കൊണ്ടു നിറഞ്ഞു കഴിഞ്ഞിരുന്നു. ദേവപ്രിയന്റെ കരതലം ആഭരണവിന്യാസം ഹേതുവായി സ്പർശിക്കപ്പെട്ടു. ആ അവസരത്തിൽ പ്രഫുല്ലകുസുമങ്ങൾക്കു ചുററും കൂട്ടുന്ന തേനീച്ചകളെപ്പോലെ അദ്ദേഹത്തിന്റെ ചിന്തകൾ ആ സ്പർശനത്തിന്നു നാലു ഭാഗവും ചുററിപ്പററി കൂടിയിരുന്നു.

മദ്ധ്യാഹ്നത്തിനു ശേഷം ദേവപ്രിയൻ സ്വവസതിയുടെ പുരോഭാഗത്തുള്ള നിരത്തിലൂടെമടങ്ങിപ്പോകുന്നതു അനിന്ദിതയും അവൾ ഗൃഹോപരിഭാഗത്തു നില്ക്കുന്നതു ദേവപ്രിയനും കാണുകയുണ്ടായി. പെട്ടെന്നു കൺമുമ്പിൽ ആവിർഭവിച്ച അനിന്ദിതയെ നോക്കി "ഞാൻ അവരുടെ വിശപ്പടക്കി" എന്നു ദേവപ്രിയൻ പറഞ്ഞു.

ബീജുവിനെ സമാധാനിപ്പിക്കുവാൻ സാധിക്കാതെ വന്നതുകൊണ്ടു സുശോഭന ഉറങ്ങാതിരിക്കയാണ്. ദേവപ്രിയനുമായി അനിന്ദിത മാതാവിനെ പരിചയപ്പെടുത്തി. ബീജുവും അതിൽ ശ്രദ്ധ പതിക്കാതിരുന്നില്ല മാത്രമോ ആ ബാലൻ ദേവപ്രിയന്റെ ചുമലുകളിൽ കയറി സവാരിക്കൊരുങ്ങി കുറേനേരം ഇളക്കുകയും ചെയ്തു. ദേവപ്രിയനോടു അകത്തു കടന്നിരുന്നു കുറേനേരം വിശ്രമിച്ചിട്ടു പോകാമെന്നു സുശോഭനപറഞ്ഞുവെങ്കിലും തല്ക്കാലം അതു സാദ്ധ്യമല്ലെന്നു വ്യസനപൂർവ്വം അറിയിച്ചുകൊണ്ടു മറെറന്തോ ചിലതു കൂടിപ്പറഞ്ഞു അദ്ദേഹം അവിടെ നിന്നു അന്തർദ്ധാനം ചെയ്കയാണുണ്ടായതു്.

"അന്ന ഉപചാര സംരക്ഷണത്തിന്നായി വെയിൽ കൊള്ളുന്നമെന്നില്ല. അഥവാ അനവിൻെറ മൂത്ത സഹോദിയിൽ നിന്ന മറെറാരു ശകാരംക്രുടി കേൾക്കാനിടവരും"

"എൻെറ മൂത്ത സഹോദരിയൊ? അവർ ഏതാണെന്ന ഒന്ന പറഞ്ഞുതരിക. അമലയേ ഉദ്ദേശിച്ചാണ് അങ്ങ് പറയുന്നതെങ്കിൽ അവൾ എന്നേക്കാൾ പ്രായം കുറഞ്ഞവളാണ്"

"ശരി തന്നെ. എനിക്കാണ് തെററു പററിപ്പോയതു് ഭവതിയുടെ കൽക്കത്തയിലെ ഗൃഹത്തിൽ വെച്ചു അമലയെ ഞാൻ ഒരിക്കലും കാണുകയുണ്ടായിട്ടില്ല. അവർ മററു വല്ല സ്ഥലത്തുമായിരിക്കുമോ താമസിച്ചിരുന്നതു്?"

"അതെ; അവൾ ഇവിടെ വന്നതേയുള്ളു. അവളുടെ മാതാവു മരിച്ചു; ഭർത്താവാണെങ്കിൽ രണ്ടാമതൊരു വിവാഹവും ചെയ്തു. അതുകൊണ്ടാണ് അവൾ ഞങ്ങളോടൊന്നിച്ചു താമസിക്കുന്നതു്."

അമലയേക്കുറിച്ചുള്ള വിവരമെല്ലാം ദേവപ്രിയനോടു പറയുവാൻ അനിന്ദിത നിർബ്ബന്ധിതയായിത്തീൎന്നു. അതെന്തുകൊണ്ടാണെന്ന പറയുക. അത്ര എളുപ്പമല്ല. ദേവപ്രിയൻ പറഞ്ഞു:—"ഒരം വക സംഗതികൾ ഭവതി ആഖ്യായികകളിൽ വായിക്കുക മാത്രമേ ഉണ്ടായിട്ടുള്ളു അതുകൊണ്ടാണ് അവരുടെ യാഥാൎത്ഥ്യത്തിൽ ഒരാശ്ചൎയ്യം തോന്നുന്നതു്. എനിക്കിവയേപ്പററി കണ്ടറിവാൻ സാധിച്ചിട്ടുള്ളതുകൊണ്ടു തീരെ അത്ഭുതം തോന്നുന്നില്ല. മനുഷ്യൻെറ ആകൃതിയൊന്നു; പ്രകൃതി വേറെയൊന്നു!"

"എന്നിട്ടും മനുഷ്യരെ നിർദ്ദോഷികളായിട്ടല്ലേ ലോകർ ഗണിക്കുന്നതു്. ഇത്തരം പ്രവൃത്തികൾ മനുഷ്യൻെറ സ്വാൎത്ഥതയല്ലെ? എനിക്കതു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ തന്നെ സ്നേഹിക്കുന്നവനു വേണ്ടി ഏതുവിധം ക്ലേശവും സ

ഹിച്ച് പ്രേമത്തിന ഇടിവോ നാശമോ വരുത്താതെ ജീവിക്കുന്ന പലരേയും എനിക്ക കാണ്മാൻ സാധിച്ചിട്ടുണ്ട്."

"അത്തരത്തിലുള്ള ഒരാളെ സ്നേഹിക്കാൻ കഴിയുന്നതെങ്ങിനെയാണെന്നറിവാനാണ് ഭവതി ആഗ്രഹിക്കുന്നത്. ഇതേററവും അസാധാരണമായിട്ടാണ് എനിക്ക തോന്നുന്നത് സംശയമില്ല; അഥവാ പ്രേമം എന്തുകൊണ്ടാണ് അത്രമാത്രം മനോഹരമായിരിക്കുന്നത്? പരിപൂർണ്ണപ്രേമം എന്നുള്ളത് വളരെ എളുപ്പമായ ഒന്നാണ്. പക്ഷെ പരിപൂർണ്ണ മനുഷ്യത്വം അത്യന്താപേക്ഷിതമായിരിക്കണമെന്ന മാത്രമേയുള്ളു. അപൂർണ്ണമനുഷ്യരായ നമുക്കാവിധത്തിൽ വർത്തിക്കുവാൻ സാധിക്കുമെന്ന ഞാൻ വിചാരിക്കുന്നില്ല."

ഈ അവസരത്തിൽ കുറെ അകലെനിന്ന ഒരു ദയനീയ ശബ്ദം പുറപ്പെടുന്നത് അവർക്ക കേൾപ്പാനിടയായി. ശബ്ദം ഉത്ഭവിച്ച സ്ഥലത്തെ ലക്ഷ്യമാക്കിക്കൊണ്ട് ദേവപ്രിയൻ തിരിഞ്ഞുനോക്കി "നോക്കുക! നിർഭാഗ്യവാന്മാരുടെ സമ്പാദ്യമാണ് കഷ്ടത! മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളാണ് ഭക്ഷണം, വസ്ത്രം, ഗൃഹം എന്നിവ. ഇവ ക്രമത്തിൽ ഇല്ലാതായിത്തീരുന്ന സ്ഥിതിയാണ് ഇന്നിവിടെ പുറവും കാണുന്നത്. ഞാൻ പോകുന്നു"

അനിന്ദിത അദ്ദേഹത്തെത്തന്നെ നോക്കിക്കൊണ്ട് കുറെ നിമിഷങ്ങൾ നിശ്ചഞ്ചലയായി നിന്നു. ഭയങ്കരമായ പുകകൊണ്ട് അന്തരീക്ഷത്തിന്റെ നിറം പകർന്നു. അഗ്നിബാധയാണതിന കാരണമെന്ന ഇടവിടാതെ കേൾക്കുന്ന മുറവിളികൊണ്ട് വ്യക്തമായി. അനിന്ദിതയുടെ മുഖം വിവർണ്ണമായി. ഗൃഹരഹിതരായ ജനങ്ങളുടെ ദീനാക്രന്ദനം വർദ്ധിച്ചു വർദ്ധിച്ചു വന്നു.

അനിന്ദിതയുടെ വിളികേട്ട് ഗൃഹത്തിലുള്ളവരെല്ലാം പുറത്തെത്തിക്കഴിഞ്ഞു. വൃദ്ധനായ ഗുമസ്തൻ മാധവൻ, രണ്ടു ഭൃത്യന്മാരോടുകൂടി അഗ്നിബാധിച്ച സ്ഥലത്തേക്ക പുറപ്പെട്ടു.

"വെയിലത്തുനിന്ന കേറുക" എന്ന് സുശോഭന അനിന്ദിതയോടു പറഞ്ഞു.

അനിന്ദിത ആ ഗ്രാമത്തിന്ന സംഭവിച്ച വിപത്തിനെപ്പററി വ്യസനിച്ചുകൊണ്ട് അവിടെത്തന്നെ സാശ്ചര്യം നിന്നതേയുള്ളു.

കുറെനേരം കഴിഞ്ഞതിനുശേഷം അഗ്നി ക്രമേണ സംതൃപ്തമായിത്തീരുന്നതും മുറവിളിയുടെ ശക്തി കുറഞ്ഞുവരുന്നതും കണ്ടും കേട്ടും അറിവാൻ അനിന്ദിതയ്ക്കു സാധിച്ചു. ഇപ്പോഴും മാത്രമേ അനിന്ദിത ഗൃഹാന്തർഭാഗത്തിലേക്ക മടങ്ങിപ്പോയുള്ളു.

മാധവൻ എത്തിയപ്പോൾ ഏറെനേരം വൈകിയിരുന്നു; അനിന്ദിതയും അമലയും ക്ഷണത്തിൽ ആ വൃദ്ധൻെറ അടുക്കൽ ചെന്ന ഇങ്ങിനെ ചോദിപ്പാൻ തുടങ്ങി:—

"എത്ര ഭവനങ്ങൾ അഗ്നിക്കിരയായി? തീ തീരെ കെട്ടുവോ? വല്ലവർക്കും അപകടം പററിയോ"

"പ്രിയകുട്ടികളേ, ആ ഉൾനാട്ടിലെ വീടുകളെല്ലാം തന്നെ ചാരമായിക്കഴിഞ്ഞു. കുറക്കത്തക്കാരായ ഏതാനും യുവജനങ്ങളുടെ അത്യദ്ധ്വാനംകൊണ്ടു നാലഞ്ചു വീടുകൾക്ക രക്ഷ കിട്ടിയെന്നു പറയാം. ഒരാൾക്കും മരണം സംഭവിച്ചിട്ടില്ല യുവാക്കന്മാരിൽ ഒരുത്തന്ന് യാദൃഛികമായി പൊള്ളൽ പററിയിട്ടുണ്ടു. ഒരു പെൺകുട്ടിയുടെ ശരീരം ബാക്കിയില്ലാതെ പൊള്ളിപ്പോയിരിക്കുന്നു"

"ആ കുട്ടി ഏതാണ്" എന്നു സുശോഭന ജിജ്ഞാസുവായി ചോദിച്ചതിന്ന്,

"കൊച്ചമ്മ ഞാൻ അറിയില്ല. ജനത്തിരക്കിനിടയ്ക്കു ആ കുട്ടിയെ ഒന്നു ശരിയായി കാണ്മാനുംകൂടി എനിക്ക സാധിച്ചില്ല. ഇന്ന കാലത്തു വന്ന ആ യജമാനനാണ് എന്നോടു വിവരം പറഞ്ഞതുതന്നെ" എന്നിങ്ങിനെ മറുപടി പറഞ്ഞുകൊണ്ടു ആ സാധു എവിടേക്കോ ബദ്ധപ്പെട്ടു പൊയ്ക്കളഞ്ഞു.

"അന്തു, അപകടം പാറിയതു അദ്ദേഹത്തിന്നായിരിക്കയില്ല. സമാധാനിക്കുക. ശ്വാസം നേരെ പോകുംവരെ ക്ഷമിക്കട്ടെ" എന്ന അമല മന്ദഹസിച്ചുകൊണ്ടു പറഞ്ഞു.

"അദ്ദേഹത്തെ നിനക്കു പരിചയമുണ്ടായിരുന്നുവെങ്കിൽ എന്നേപ്പോലെതന്നെയായിരുന്നേനെ നിന്റെ സ്ഥിതിയും."

"അന്തു, ഞാൻ നേരം പോക്കു പറകയാണ് ചെയ്തതു്. കെട്ടോ. ആ മാന്യനെയും അനുവിനെയും സംബന്ധിച്ച സമീരനം സുഷമയും സുരൂപയും പറയുന്നതു എനിക്കു കേൾപ്പാൻ സംഗതിയായിട്ടുണ്ടു. അതുകൊണ്ടു പറഞ്ഞുപോയെന്നേയുള്ളൂ. വിരോധമുള്ള പക്ഷം ഇനി പറയുന്നതുമല്ല."

അനിന്ദിത അമലയുടെ പശ്ചാത്താപ സൂചകങ്ങളായ വാക്കുകൾ കേട്ടു പൊട്ടിച്ചിരിച്ചുകൊണ്ടു "വേണ്ട. ആ വിനോദ സമ്പ്രദായം ഉപേക്ഷിക്കണമെന്നില്ല. ഞാനും ഇതു വിധമെല്ലാം പറയുക സാധാരണമായിരുന്നു" എന്നിങ്ങിനെ പറഞ്ഞു.

ദേവപ്രിയനെ വൈകുന്നേരം കാണാനിടയാകുമെന്ന അനിന്ദിത വിചാരിച്ചു. എന്നാൽ അതു നിഷ്ഫലമായിട്ടാണ് പര്യവസാനിച്ചതു്.

പിറേറദിവസം സുശോഭനേയ്ക്കു വീണ്ടും പനിയാരംഭിച്ചു. അനിന്ദിതയുടെ പരിഭ്രമം കണ്ടു സുശോഭന താഴെ കാണുംവിധം പറഞ്ഞു:—"വ്യസനിക്കയോ വിവരം പിതാവിനെ അറിവിക്കയോ വേണ്ട. അദ്ദേഹം എളുപ്പത്തിൽ ക്ഷോഭിക്കാനിടയുണ്ടു. സാരമില്ല. ഇതു് മലേരിയായുടെ ഒരു ചെറിയ ഛായ മാത്രമാണ്. ക്ഷണത്തിൽ ഭേദമാകയും ചെയ്യും.

നീ അദ്ദേഹത്തിന്നു എഴുതുന്ന പക്ഷം കുട്ടികളെയെല്ലാം അവിടെ തനിയെ ഇട്ടും വെച്ചു അദ്ദേഹം ധൃതിയിൽ ഇങ്ങോട്ടു പരിഭ്രമത്തോടുകൂടി യാത്രയാകും. അതു അത്യധികം മോശമായി കലാശിയ്ക്കും. കഴിഞ്ഞ തവണ കൂട്ടിക്കൊണ്ടുവന്ന ആ ധാ

ക്കുക്ക തന്നെ ആളയക്കാൻ പറയു. ബീജുവിനെ രാത്രി സൂക്ഷിച്ചുകൊള്ളണേ."

കൽക്കത്തയിൽ വച്ചു കഴിച്ചുകൂട്ടേണ്ടി വന്നതു പോലെയുള്ള കഷ്ടതകൾ ഇവിടേയും ആവിർഭവിച്ചു, വർദ്ധിച്ചു വശായി. ഡാക്ടരെ വിളിച്ചുകൊണ്ടു വരാൻ മാധവൻ പോയിക്കഴിഞ്ഞു. അമല സുശോഭനയെ ശുശ്രൂഷിച്ചും അനിന്ദിത ഗൃഹജോലികൾ നിർവ്വഹിച്ചും ശാഠ്യക്കാരനായ ബീജുവിനെ സമാധാനിപ്പിച്ചും കഴിച്ചുകൂട്ടി. ഡാക്ടർ വന്നു സുശോഭനയെ പരിശോധിക്കയും സാരമില്ലെന്നു അഭിപ്രായപ്പെടുകയും ചെയ്തു. അവരുടെ പരിഭ്രമത്തിന്നു കുറെ കുറവുണ്ടായെങ്കിലും മനസ്സമാധാനം ഇനിയും വന്നുകഴിഞ്ഞിരുന്നില്ല. അമല അന്നേദിവസം തുന്നൽപ്പണിക്കു ശ്രമിച്ചതെയില്ല. ബീജുവിനെ മാതൃസന്നിധിയിൽ നിന്നു പണിപ്പെട്ടു കൊണ്ടുപോകുവാനുള്ള പരിശ്രമത്തിൽ അനിന്ദിതയും ഏർപ്പെട്ടു.

ഈ സമയത്തു പാദരക്ഷകൂടാതെ പൊടി അണിഞ്ഞു മരിസ്സാറായവനേപ്പോലെ ദേവപ്രിയൻ അവിടെ എത്തി. അനിന്ദിത അദ്ദേഹത്തിന്റെ മുഖകമലം കാണ്മാൻ പുറപ്പെട്ടു. ബീജുവിനെ ഒരു കസേലമേൽ ഇരുത്തി; അദ്ദേഹത്തിന്റെ അരികിലേക്കു അണഞ്ഞു അവൾ ഇങ്ങിനെ ചോദിച്ചു: "എന്താണു സംഗതി. വിശേഷം വല്ലതുമുണ്ടോ?"

ദേ: പ്രി:—"ഓഹോ ധാരാളം; കുറെ വെതി അറിഞ്ഞിരിക്കണം. ബാക്കി ഇതാ ഞാൻ ഇപ്പോൾ പറയുകയും ചെയ്യാം. ഈ വില്ലേജിലെ മിക്ക വീടുകളും കത്തിദ്ദഹിച്ചുപോയി. അഞ്ചോ ആറോ വീടുകൾ രക്ഷിക്കാൻ മാത്രമേ ഞങ്ങൾക്കു കഴിഞ്ഞുള്ളു; അവിടേ വില്ലേജിന്നടുത്തുള്ള സ്കൂൾകെട്ടിടത്തിലും ആയിട്ടാണു വീടില്ലാത്തവർ കഴിച്ചുകൂട്ടുന്നതു്."

"അമ്മ നമ്മുടെ കയ്യാലകൾ അവരുടെ ആവശ്യത്തിന്നു ഉപയോഗിച്ചുകൊൾവാൻ നിങ്ങളോടു പറയണമെന്നു വിചാരിച്ചിട്ടുണ്ടു."

"അത്ര ദൂരം പോയി താമസിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതു നന്നായിരിക്കയില്ല. അവരെല്ലാം ഒരിക്കൽ താന്താങ്ങളുടെ ഗൃഹങ്ങൾ നിന്നിരുന്ന സ്ഥലത്തു തന്നെ വല്ല പാട്ടും കഴിച്ചുകൂട്ടുന്നതിനാണു വിചാരിച്ചിരിക്കുന്നതു്. എന്നാൽ ഞാൻ ഇപ്പോൾ ഇങ്ങോട്ടു വന്നതു മറ്റൊരു സംഗതികൂടി പറയാനാണു്. ഭവതി എന്നോടൊന്നിച്ചു പോരണേ കഴിയൂ."

അനിന്ദിത ആശ്ചര്യപ്പെട്ടു, "എവിടേക്കു്? എന്തിനു വരണം?" എന്നിപ്രകാരം ചോദിച്ചു.

"ഭവതിക്കു അത്ഭുതം തോന്നിയേക്കാം; എന്റെ അപേക്ഷ എത്രമാത്രം മര്യാദയോടുകൂടിയതാണെന്നു സംശയവും തോന്നിയേക്കാം. പക്ഷെ മര്യാദയുള്ളതല്ലെന്നു പ്രത്യക്ഷത്തിൽ കാണപ്പെടാവുന്ന ചില അപേക്ഷകൾ കൂടി കൈക്കൊള്ളേണ്ടിവന്നേക്കാം. കത്തി എരിഞ്ഞുകൊണ്ടു നിന്നിരുന്ന വീടുകളിൽ ഒന്നു എന്റെ സംഘത്തിൽ ഒരുവന്റെ മേൽ വീഴുകയും ആ യുവാവിനു പരുക്കേൽക്കുകയും ചെയ്ത സംഗതി പക്ഷെ ഭവതി അറിഞ്ഞിരിക്കാം. ഇവിടെ നിന്നു ഉദ്ദേശം 1½ നാഴികയുള്ള സ്ഥലത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഒരു പാഠശാലയിലാണു് അദ്ദേഹം കിടക്കുന്നതു. അദ്ദേഹം ആരാണെന്നു ഭവതിക്കു അറിയാമോ?"

വാസ്തവത്തിൽ അനിന്ദിതക്കു മനസ്സിലായില്ല. പ്രിയൻ തുടൎന്നു പറഞ്ഞു:—

"പൂൎണ്ണനാണതു്. അയാൾ ഞങ്ങളോടു ഒന്നിച്ചു വന്നു. ഭവതിയെ ഒരു നോക്കു കണ്ടാൽ കൊള്ളാമെന്നുണ്ടു."

അനിന്ദിത ഒരക്ഷരംപോലും മിണ്ടിയില്ല. ദേവപ്രിയൻ തുടൎന്നുപറഞ്ഞു:— "അദ്ദേഹം ഭവതിയോടു തെറ്റു ചെയ്തിരിക്കാം. അദ്ദേഹത്തോടു ഭവതിക്കു കോപത്തിനു അവകാശവും ഉണ്ടായിരിക്കാം. എന്നാൽ അതെല്ലാം ക്ഷമിച്ചു അദ്ദേഹത്തിനു മാപ്പുനൽകേണ്ട അവസരം ഇപ്പോഴല്ലാതെ മറ്റു

പ്പോഴാണ്? ആദ്യം ഇങ്ങോട്ടു വരണമെന്നു ഞാൻ വിചാരിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ മുഖത്തു നോക്കിയപ്പോൾ ഇതൊരു ചരമപ്രാൎത്ഥനയായിരിക്കും എന്നു തന്നെ എനിക്കു തോന്നി. അതുകൊണ്ടു തന്നെയാണ് ഞാൻ ഇങ്ങോട്ടു തിരിച്ചതു: അദ്ദേഹം ദേവതിയെ പ്രതീക്ഷിച്ചിരിക്കുന്നു.”

“ഇല്ല ഒരിക്കലും ഞാൻ പോകയില്ല” എന്നു മന്ദസ്വരത്തിലെങ്കിലും ഗൌരവഭാവത്തിൽ അവൾ പറഞ്ഞു

“എന്തുകൊണ്ടു?”

അനിന്ദിത കുറെക്കൂടി അടുത്തുവന്നു അദ്ദേഹത്തിനോടു ഇങ്ങിനെ പറഞ്ഞു.

“വരികയില്ലെന്നു ഞാൻ പറയുന്നതിനു പല കാരണങ്ങളും ഉണ്ടു. ഒന്നാമതായി മാതാവു രോഗശയ്യയിൽ കിടക്കുകയാണ്. അവരെ വിട്ടുപോകുവാൻ എങ്ങിനെയാണ് സാധിക്കുക. രണ്ടാമതു അങ്ങുമാത്രം ഒരുമിച്ചു ഒരു യുവാവിനെ കാണ്മാൻ ഞാൻ പോകുന്നതു ന്യായമായിരിക്കയില്ല. നാം രണ്ടു കുലത്തിൽ ജനിച്ചവരാണെങ്കിലും സുഹൃദ് സംബന്ധമായ അധികാരാവകാശങ്ങൾ പരസ്പരം ചെലുത്തുവാൻ കഴിയുമെന്നു ഞാൻ ഒരിക്കൽ അങ്ങയോടു പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ടു ഞാൻ അങ്ങയോടു വാസ്തവം തുറന്നു പറയാം. എനിക്കു പോരാൻ കഴികയില്ല എന്നു ഞാൻ പറയുന്നതു അയാളുടെ മുഖം വീണ്ടും കാണ്മാൻ ഇടവരരുതെന്നു വിചാരിച്ചിട്ടാണ്. ഞാൻ ഒരു ദേവതയല്ല. അയാൾ എന്നോടു ചെയ്ത അപരാധം മറക്കുവാനോ അതു ക്ഷമിച്ചു മാപ്പുകൊടുക്കുവാനോ ഉള്ള ദിവ്യതയും എനിക്കില്ല. അങ്ങു പറയുന്നതിനെ ശ്ലാഘിക്കുവാൻ തക്ക വിപുലമായ മനഃസ്ഥിതി എനിക്കില്ല. എല്ലാം അറിഞ്ഞിരുന്നിട്ടും അദ്ദേഹത്തെ പോയി കാണണമെന്നു എന്നോടു പറയുവാൻ അങ്ങു ഇവിടംവരെ വന്നതിനു എന്തൊരു സ്തുതികൊണ്ടു അങ്ങയെ അർഹനാക്കേണ്ടതു?”

"എൻെറ അക്ഷമക്കായി എന്നോടുതന്നെ കോപിച്ചു
കൊള്ളുക. എന്നാൽ ഒരു നിമിഷനേരത്തേക്കെങ്കിലും പൂർണ്ണ
നോടുള്ള കോപത്തെ മറക്കാൻ ഭവതിക്കു സാധിക്കുകയില്ല
യോ? കാരണങ്ങൾ എത്രതന്നെ ആയിക്കൊള്ളട്ടെ; അ
തിനൊന്നും ഇതു് ബാധകമാകുന്നതല്ല ഒരു മണിക്കൂർനേ
രത്തേക്കാൾ അധികം ഭവതിയുടെ സാന്നിധ്യവും ആവശ്യ
മില്ല."

"ഭവതിക്കു പോരുവാൻ സാധിക്കുന്നപക്ഷം വേണമെ
ങ്കിൽ അമ്മയോടും ഞാൻ അനുവാദം വാങ്ങിക്കാം."

"എന്താണതുകൊണ്ടു ഒരു പ്രയോജനം? വരാൻ കഴികയി
ല്ലെന്നു ഞാൻ അമ്മയോടു പറഞ്ഞില്ലേ?"

ദേവപ്രിയൻ പിന്നീടു യാതൊരക്ഷരവും സംസാരിച്ചില്ല.
അദ്ദേഹം അവിടെനിന്നും ഇറങ്ങി സാവധാനത്തിൽ നടന്നു.
സഹോദരിയുടെ മുഖഭാവം കണ്ടു ബിജു ഇങ്ങിനെ ചോദിച്ചു.
"ദിദീ ആളെക്കൊള്ളരുതാത്ത മാന്യൻ ചേച്ചിയെ ശകാരിച്ചു
വോ? ഞാൻ അയാളെ അടിക്കും."

ഒരു നിമിഷം കഴിഞ്ഞപ്പോൾ ബിജു വരാന്തയിൽ കിട
ന്നുറങ്ങി. ഭൃത്യൻ വന്നു കുട്ടിയെ എടുത്തുകൊണ്ടു പോയി. ദേവ
പ്രിയനെ അനിന്ദിത രണ്ടാമതും കണ്ടപ്പോൾ സൂര്യൻ അസ്ത
മിക്കാറായിരുന്നു. അദ്ദേഹം മടങ്ങിവരികയാണ് ചെയ്തതു്!

"അദ്ദേഹത്തിൻെറ ഈ സത്ഭാവത്തിൽ അനിന്ദിത
ഉരിയാടാതെ നിന്നു. ക്ഷീണവും ക്ലേശവും കൊണ്ടു മൂർത്തിമ
ത്തായ ഒരാളെപ്പോലെ അദ്ദേഹം കാണപ്പെട്ടു. അവളുടെ അ
അരികെ വന്നു് അദ്ദേഹം "അന്തു, ഇതാ ഞാൻ വീണ്ടും വന്നി
രിക്കുന്നു. ഇപ്പോഴെങ്കിലും ഭവതിക്കു പോരുവാൻ മനസ്സു
ണ്ടാകുമോ?" എന്നു ചോദിച്ചു.

അനിന്ദിത മുറിയിൽ കടന്നു് ഒരു ഷാൾ എടുത്തു രണ്ടാം
മുണ്ടാക്കി ധരിച്ചുകൊണ്ടു് ദേവപ്രിയനെ നോക്കി, "നമുക്കു പോ

കതന്നെ" എന്നിപ്രകാരം പറഞ്ഞു. "ഭവതി പോകയാണെന്നുള്ള കഥ ഒരാളോടും പറകയുണ്ടായില്ലേ? നടന്നുതന്നേ പോകാമെന്നാണോ ഭവതി വിചാരിക്കുന്നത്? വഴി വളരേ ദുർഘടമാണ്."

മറുവടി പറയാതേ അനിന്ദിത മുന്നോട്ടു നടന്നു, വയലിൽ ഇറങ്ങിക്കഴിഞ്ഞു. ദേവപ്രിയനും അവളെ പിന്തുടൎന്നു. കുറേ കഴിഞ്ഞതിനു ശേഷം അനിന്ദിത തിരിഞ്ഞുനിന്ന് അദ്ദേഹത്തിനോടു ചോദിച്ചു:— "മാപ്പുനൽകുവാനും ദയചൊരിയുവാനും ശക്തിയുള്ള ഒരു ദേവതയായി അങ്ങ് എന്നെ കരുതുന്ന സ്ഥിതിക്ക് എനിക്കു അങ്ങയെ ഒരു കാര്യം ഇപ്പോൾ അറിയിക്കാതേ കഴികയില്ല. ഞാൻ അങ്ങയുടേ നിർബ്ബന്ധം അനുസരിച്ചു തന്നേയാണ് വസതി വിട്ടുപോന്നിട്ടുള്ളത്. തങ്ങളുടേ പേരിനും ജീവിതത്തിനും കളങ്കമുണ്ടാക്കിത്തീൎത്ത ശത്രുക്കളുടേ മുമ്പിൽവച്ചാണ് പണ്ടുള്ളവർ മരിയ്ക്കുക പതിവായിരുന്നത്! അങ്ങയുടേ മനഃസ്ഥിതി ഏതാണ്ടപ്രകാരം തന്നേയായിരിക്കുന്നു."

ദേവപ്രിയൻ അവളുടേ മുഖത്തു നോക്കിയതല്ലാതേ ഒരക്ഷരം പോലും സംസാരിക്കുകയുണ്ടായില്ല. സ്കൂൾ കെട്ടിടത്തിൽ എത്തുന്നതുവരേ അവർ അതിവേഗത്തിൽ നടന്നു. ക്ഷുധാൎത്തരും നഷ്ടഗേഹരും ആയ ആബാലവൃദ്ധം ജനങ്ങളേക്കൊണ്ടു ആ കെട്ടിടത്തിന്റെ വരാന്ത നിറഞ്ഞിരുന്നു ചിലർ തറയിൽ കിടന്നുറങ്ങുന്നുണ്ടായിരുന്നു. ആ ശീതകാലത്തുകൂടി ഓരോ തോൎത്തു മുണ്ടു മാത്രമേ അവൎക്കുണ്ടായിരുന്നുള്ളു.

ദേവപ്രിയൻ മുറിയുടേ വാതിൽ സാവധാനത്തിൽ തുറന്നതിനുശേഷം അനിന്ദിതയോടു മുറിയിലേക്കു കടന്നുചെല്ലുവാൻ അപേക്ഷിച്ചു.

അനിന്ദിത മുറിയിൽ പ്രവേശിച്ചു. അവിടേ തറയിലായി വിരിക്കപ്പെട്ടിരുന്ന കിടക്കയിൽ ബ്ലാങ്കറ്റുകൊണ്ടു സൎവ്വാംഗം മൂടപ്പെട്ടു് ഒരാൾ കിടക്കുന്നുണ്ടായിരുന്നു. മുഖം മാത്രം മറിച്ചിട്ടി

ല്ല. കിടക്കുന്ന ആളുടേ അരകിലായി ഒരു യുവാവു് ഇരിക്കുന്നുണ്ടു്. ദേവപ്രിയൻ അകത്തുകടന്ന ഉടൻ യുവാവു് എഴുനേററു ആ മുറിവിട്ടു പുറത്തെവിടേയോ പോയി. അവരുടേ പാദവിന്യാസം കേട്ടു പൂൎണ്ണൻ കണ്ണുതുറന്നു ദേവപ്രിയൻ പതുക്കെ കുനിഞ്ഞു് പൂൎണ്ണൻേറ ചെവിയിൽ എന്തോ മന്ത്രിച്ചു. "പൂൎണ്ണാ, ഇതാ, അനിന്ദിത" എന്നായിരുന്നു ആ അഷ്ടാക്ഷരീമന്ത്രം.

പൂൎണ്ണൻെറ നയനങ്ങൾ അനിന്ദിതയോടു അടുത്തുവരുവാൻ പണിപ്പെട്ടു് നിൎദ്ദേശിച്ചതനുസരിച്ചു അവൾ അടുത്തുചെന്നു. അപ്പോൾ അദ്ദേഹം ഇങ്ങിനെ പറഞ്ഞു.—"അനിന്ദിതേ, ഞാൻ മരിക്കാൻ പോകുന്നു. ദയവുചെയ്തു ഭവതി ഞാൻ ചെയ്ത അപരാധം ക്ഷമിക്കണം."

അനിന്ദിതയുടെ നയനങ്ങളിൽ ബാഷ്പം നിറഞ്ഞു കവിഞ്ഞു വഴിഞ്ഞൊഴുകി. പൂൎണ്ണൻെറ ഏററവും വലിയ ശത്രുവിനു പോലും ആ കാഴ്ച, അതേ, പൂൎണ്ണൻെറ അപ്പഴത്തെ സ്ഥിതി കണ്ടാൽ സങ്കടപ്പെടാതിരിക്കാൻ കഴിവില്ലായിരുന്നു. ഠരം മുഖം തന്നെയാണ് പുമന്ദഹാസം കൊണ്ടു ജനമനസ്സുകളെയെല്ലാം ഒരു കാലത്തു കുളൎപ്പിച്ചിരുന്നതു്. മാത്രമോ സൗന്ദൎയ്യത്തിൻേറയും സന്തോഷത്തിൻേറയും കേളീരംഗമായിരുന്നില്ലേ ആ മുഖാരവിന്ദം?

"അനിന്ദിതേ, ഭവതി എനിക്കു മാപ്പു നൽകി എന്നു ഞാൻ സമാധാനിക്കട്ടെയൊ? ഞാൻ രണ്ടു തരത്തിലുള്ള പാപത്താൽ ആക്രാന്തനായിക്കഴിഞ്ഞു. ഒന്നാമത്തേതു് ഞാൻ ലോകാനുഭവങ്ങളെ പരിത്യജിക്കുവാൻ അകാലത്തിൽത്തന്നെ നിൎബ്ബന്ധതനായിരിക്കുന്നു എന്നുള്ളതാണ്."

ആ വലിയ മുറിയുടെ ഒരു മൂലയിൽ ആ രണ്ടുപേരെനോക്കിക്കൊണ്ടും കണ്ണുനീരൊഴുക്കിക്കൊണ്ടും ദേവപ്രിയൻ ഇരിക്കുന്നുണ്ടായിരുന്നു. വിഷലിപ്തശരങ്ങൾ കണക്കെ അനിന്ദിതയുടെ കണ്ണുനീൎത്തുള്ളികൾ അദ്ദേഹത്തിൻെറ ഹൃദയത്തെ പിള

ന്നു. വാസ്തവത്തിൽ പൂർണ്ണൻ അദ്ദേഹത്തിന്റെ ആത്മസുഹൃത്തായിരുന്നു. അനിന്ദിതയെ കൂട്ടിക്കൊണ്ടു വരുവാൻ അയാൾ എന്തിനാണു പ്രിയനെ അയച്ചത്? എല്ലാമറിയുന്ന അദ്ദേഹം പോയതു എന്തിനു വേണ്ടി? അദ്ദേഹം അനിന്ദിതയെ കാണുന്നതിനു മുമ്പുതന്നെ ഇവർ രണ്ടുപേരും പരസ്പരം സ്നേഹിച്ചിരുന്നില്ലേ? പ്രഥമപ്രേമത്തെ പൂർണ്ണമായി വിസ്മരിക്കുവാൻ ഒരു സ്ത്രീക്കു എപ്പോഴെങ്കിലും കഴിവുണ്ടാകുമോ? അസൂയപ്പെടുവാനുള്ള ഒരവകാശം അദ്ദേഹത്തിനു നൽകിയതാരാണ്? അനിന്ദിത അദ്ദേഹത്തിനു ഒരു സ്നേഹപാത്രമാണ്. എന്നാൽ ഒരു സുഹൃത്തെന്ന നിലയെ അതിക്രമിച്ചു അവൾ ഒരിക്കലും അദ്ദേഹത്തിനോടു പെരുമാറിയിരുന്നില്ല.

അരമണിക്കൂറിനു ശേഷം ദേവപ്രിയൻ ആ രണ്ടു പേരുടേയും അരികിൽ ചെന്നു. “ദീദീ, നേരം വൈകിക്കഴിഞ്ഞു. ഇപ്പോൾ ഭവതി മടങ്ങിപ്പോകേണ്ടിയിരിക്കുന്നു.” എന്നിപ്രകാരം പറഞ്ഞു.

ഒരു ദീർഘനിശ്വാസത്തോടു കൂടി പൂർണ്ണൻ കണ്ണുകൾ അടച്ചു. ഒരൊററവാക്കുപോലും പറയാതെ അനിന്ദിത മുറിയിൽ നിന്നും പുറത്തുകടന്നു. ദേവപ്രിയനെ അനുഗമിച്ചു സംസാരിക്കുവാനുള്ള ശക്തി നഷ്ടപ്പെട്ടുപോയതായി ദേവപ്രിയനും വിചാരിച്ചു. അവർ സാവധാനമായും എന്നാൽ മൗനമായും നടന്നു. വീടെത്താറായ അവസരത്തിൽ അവൾ തിരിഞ്ഞുനിന്നു ദേവപ്രിയനോടു ഇങ്ങിനെ പറഞ്ഞു.

“അദ്ദേഹത്തിന്റെ സ്ഥിതി എങ്ങിനെയിരിക്കുന്നുവെന്നു അപ്പഴപ്പോൾ ദയവുചെയ്തു എന്നെ അറിയിക്കണേ.”

“തീർച്ചയായും നാളെ വൈകുന്നേരം ഞാൻ മടങ്ങി എത്തിക്കൊള്ളാം.”

അദ്ധ്യായം 14.

''കുണ്ഠിതത്തോടിരിക്കുന്ന നൃപൻകുംഭു
കണ്ണീ നിനക്കെന്തു ഭാവം പറക കേട്ടോ''
''എന്നുടെയവസ്ഥയൊയിങ്ങനെ തീൎന്നുവല്ലോ
എന്നിനിസ്സുഖമെന്നു ഹന്ത ഞാനറിഞ്ഞീല
''ആകയാലയേദേവി പൊയ്യുരട്ടായാസമധീ
ശോകത്താൽ കരയരുതാമന്നേ രാജശേഖരീ
''നിന്നോട്ടവണതെല്ലിളു ശിരസ്സികൾ ധരിക്കണതാം
ചന്തംചന്തേറും നല്ല പുഷ്പമതിനെക്കാൽകൊണ്ടു മൎദ്ദിച്ചുഞാൻ''
''കുസലില്ലുള്ള മാറിപ്പോൻകാശും വാങ്ങാമല്ലോ''

മനുഷ്യചരിത്രത്തിന്റെ പ്രാരംഭകാലം മുതൽക്കുതന്നേ ഓരോ വിധത്തിലുള്ള തൊഴിലുകൾ ജനങ്ങൾക്കുണ്ടായിരുന്നുവെന്നു കാണപ്പെടും. പുരുഷൻ പുറമേ പോയി വേലചെയ്യും; സ്ത്രീ അവനേയും പ്രതീക്ഷിച്ചുകൊണ്ട് അന്തഃപുരത്തിൽ വസിക്കും. ആധുനിക സ്ത്രീയേക്കാൾ പുരാതന വനിതമാർ ചില പ്രത്യേക ഗുണങ്ങളുണ്ടായിരുന്നു. അവയിലൊന്നു ഭൎത്താവ് വരുന്നസമയം മുൻകൂട്ടി അറിയാൻ ഓരോ സ്ത്രീയ്ക്കും കഴിയുമെന്നുള്ളതായിരുന്നു. കാടൊ മതിലൊ അവളുടെ ആ ആദ്ധ്യാത്മികദൃഷ്ടിയെ ആവരണം ചെയ്യുന്നതിനുപൎയ്യാപ്തമായിരുന്നില്ല.

അനിന്ദിത അവളുടേ ഗൃഹത്തിനു മുൻവശത്തു നടക്കുകയായിരുന്നു. സമയം ഏതാണ്ടു സന്ധ്യയോടടുത്തു. സുശോഭനയ്ക്കു വീണ്ടും സുഖക്കേടാരംഭിച്ചതു നിമിത്തം കുറേ നാളായി, പതിവുപോലേ നടക്കുവാൻ പോകുന്നതിനു അനിന്ദിതയ്ക്കു കഴിഞ്ഞിരുന്നില്ല. ആരും പുറത്തുപോയില്ലെങ്കിൽപ്പോലും ശുദ്ധവായുവിന്റെ അഭാവം ആ ഗൃഹത്തിലുള്ളവരേ അലട്ടിയിരുന്നില്ലെന്നുള്ളതു് ഭാഗ്യംതന്നേ. മാത്രമല്ല; അസ്ഥലത്തിന്നു പ്രത്യേകമായി മറെറാരു ഗുണം കൂടി യുണ്ടായിരുന്നു. ഗൃഹം നിന്നിരുന്ന വയലിന്നുചുററും മൂന്നു നാലു നാഴികദൂരം മനുഷ്യനെ മറയ്ക്കുന്ന യാതൊരു പ്രതിബന്ധവും ഉണ്ടായിരുന്നില്ല.

അതുകൊണ്ടു് ദേവപ്രിയനോ മററു വല്ലവരുമോ ദൂരെ നിന്നു വരുന്നതു അനിന്ദിതക്കു കാണ്മാൻ കഴിയും. അനിന്ദിതയുടേ വികാരങ്ങൾ ജിജ്ഞാസയോടുകൂടി സമ്മേളിക്കപ്പെട്ടപ്പോൾ അവൾ താഴെ വരുമാറു ആത്മഗതം ചെയ്തു:—"ഞാനെന്തിനാണു് പൂർണ്ണന്റെ സ്ഥിതിയെപ്പററി അറിയുവാൻ അത്യാസക്തി പ്രദർശിപ്പിക്കുന്നതു" പ്രേമത്തെ തടയുവാൻ എന്തൊന്നിനു സാധി ം? എന്നാൽ അവൾക്കു "ദൂതൻ വരുന്നതുവരെയോ ദൌത്യം ലഭിക്കുന്നതുവരെയൊ അടങ്ങിയിരിപ്പാൻ സാധിക്കയില്ലേ?" എന്നു അവളുടെ അന്തഃകരണം സ്വയംപ്രശ്നം ചെയ്തു.

ദേവപ്രിയൻ അനിന്ദിതയുടെ അടുത്തെത്തിയപ്പോൾ ആദ്യമായിത്തന്നെ അദ്ദേഹം "പൂർണ്ണനു ഇന്നു സ്വല്പം ആശ്വാസമുണ്ടെ"ന്നു അവളെ അറിയിച്ചു.

"അദ്ദേഹത്തിന്റെ അരികത്തിരുന്നതു ആരാണു?"

"ഡാക്ടർ, ടൌണിൽനിന്നു എത്തിയിട്ടുണ്ടു. വൈദ്യന്റെ ആവശ്യമൊന്നും അധികമായി അദ്ദേഹത്തിനു ഇപ്പോളില്ല. ഒരു നല്ല അറയും സവിശേഷമായ ശുശ്രൂഷയുമാണിപ്പോൾ അത്യാവശ്യമായിരിക്കുന്നതു്. ഇവയിലൊന്നും ഇവിടെ സൌകര്യപ്പെടുന്ന കാര്യം കുറെ വൈഷമ്യത്തിലാണു കാണുന്നതു. കുറെക്കൂടി ആശ്വാസമുള്ള പക്ഷം, ചികിത്സ തുടർന്നുകൊണ്ടിരിക്കേണ്ടതായി കാണപ്പെടുന്ന പക്ഷം, അദ്ദേഹത്തെ വേഗത്തിൽ കൽക്കത്തയിലേക്കു കൊണ്ടുപോകണമെന്നു എനിക്കു ഉദ്ദേശം ഇല്ലാതെയുമില്ല"

അനന്തരം അവർ രണ്ടുപേരും മൌനം ദീക്ഷിച്ചു. ദേവപ്രിയനു എന്തോ ചിലതു പറഞ്ഞാൽ കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷെ അതു പുറത്തുപറവാൻ അദ്ദേഹത്തിനു മടിതോന്നി. മനുഷ്യരെ സംബന്ധിച്ച കാര്യങ്ങളിൽ തനിക്കു ശ്രദ്ധയില്ലെന്ന മട്ടിൽ അവൾ കാണപ്പെട്ടു. അവൾക്കു കൂടുതലായിട്ടു യാതൊന്നും പറയുവാനൊ കേൾക്കുവാനൊ ഉണ്ടായിരുന്നില്ല.

ആ സ്ഥിതിയിൽ ഏറെനേരം കഴിയുവാനനുവദിക്കാതെ ദേവപ്രിയൻ പറഞ്ഞു:—"ഞാൻ ചിലതുകൂടി ഭവതിയോടു പറയണമെന്നു വിചാരിക്കുന്നുണ്ടു. അതു ഭവതിക്കു എത്രമാത്രം ക്ഷോഭം ഉണ്ടാക്കുമെന്നു എനിക്കറിഞ്ഞുകൂട"

"ആ പഴയ ഉദ്യാനത്തിൽവെച്ചു ഭവതി എന്താണെന്നോടു പറഞ്ഞതെന്നു ഓർമ്മിക്കുന്നുണ്ടോ? അവയെ ആവർത്തിച്ചുപറഞ്ഞിട്ടു ഒരാവശ്യവും ഇപ്പോളില്ല. അന്നു പറഞ്ഞതനുസരിച്ചാണ് ചിലതു പറയുവാൻ ഞാൻ ഭാവിക്കുന്നതു്. ഭവതിയാതൊന്നും പറയുകയുണ്ടായില്ല. എന്നാൽ ഞാൻ കേട്ടതു അതൊന്നുമാത്രമാണ്. ഭവതിയിൽനിന്നു ഒരു സാധാരണ മൈത്രിയെക്കാൾ കൂടുതലായി യാതൊന്നും പ്രതീക്ഷിക്കുവാനില്ലെന്നു എന്നെ മനസ്സിലാക്കുവാൻ ഭവതി ശ്രമിച്ചു; അക്കാര്യം ഞാൻ സമ്മതിച്ചു; അല്ല; അതുകൊണ്ടു ഞാൻ തൃപ്തിപ്പെട്ടു; ഭവതി എന്നോടപേക്ഷിച്ചതെന്തോ, അതു നിസ്സാരമെങ്കിലും ഉപേക്ഷിക്കുന്നതിനു എനിക്കു കഴിവില്ല"

അനിന്ദിത എന്തെങ്കിലും പറയുമെന്നു പ്രിയൻ പ്രതീക്ഷിച്ചു; പക്ഷെ അവൾ മൗനം കൈക്കൊണ്ടതേയുള്ളു.

"എന്നാൽ ഞാൻ മൈത്രിയെപ്പററി തെററിദ്ധരിച്ചിരിക്കയാണ്. ആദ്യകാലം മുതൽക്കേതന്നെ എൻെറ ഹൃദയത്തിൽ സാന്നിധ്യം വഹിച്ചിരുന്നതും, ഭവതി അത്രമാത്രം ശക്തിയുള്ളതാക്കിത്തീർത്തതുമായ ആ വികാരം എവിടെയോ പൊയ്ക്കഴിഞ്ഞു. അതിനെതിരായി മല്ലിടാമെന്നു ഞാൻ വിചാരിച്ചിട്ടും ഇല്ല. ഞാൻ ഭവതിയിൽ പ്രേമം ഭാവിച്ചുവെങ്കിലും ഭവതിയുടെ മൈത്രിയിൽത്തന്നെ വർത്തിക്കാമെന്നാണ് വിചാരിക്കുന്നതു. ഞാൻ എൻെറ അപരാധം കണ്ടെത്തിക്കഴിഞ്ഞു; അതെന്നെ കുഴക്കുകയും ചെയ്യുന്നു! ഞാൻ പറയുന്നതെന്താണെന്നു ഭവതിക്കിപ്പോൾ മനസ്സിലായിരിക്കുമല്ലോ. അക്കാര്യത്തിൽ ഭവതി പറയുന്നതെന്താണെന്നു മാത്രമേ ഞാൻ ചോദിക്കുന്നുള്ളു."

ആ സായാഹ്നപ്രകാശത്തിൽ അനിന്ദിതയുടെ മുഖം ഭയങ്കരമാംവണ്ണം വിളറിയിരുന്നു. അവൾ നിന്നിമേഷമായി ദേവപ്രിയനെ നോക്കി; കണ്ണുനീർകൊണ്ടു ശബ്ദം തടയപ്പെട്ടു. "അപ്പോൾ അവയെല്ലാം മിഥ്യാനാട്യമല്ലാതെ മറെറാന്നും ആയിരുന്നില്ല; അല്ലെ? അങ്ങ് ഒരിക്കലും എൻെറ സുഹൃത്തായിരുന്നില്ല." ഇതായിരുന്നു അനിന്ദിതയുടെ മറുപടി. ദേ. പ്രി:—"പക്ഷേ, അതു ശരിയായിരിക്കാം. ഒരു യഥാൎത്ഥമിത്രത്തെപ്പോലെ ഭവതിയെ ഒരിക്കലും ഞാൻ പരിഗണിച്ചിട്ടില്ല. ഭവതിയെ ഒരു ദേവതയായി കരുതരുതെന്നു ഭവതി എനിയ്ക്കറിവു തന്നു; ഞാൻ അപ്രകാരം കരുതിയിട്ടുമില്ല. ആദ്യമേ തന്നെ ഭവതി ഒരു സ്ത്രീയാണെന്നാണ് എനിക്കു തോന്നിയിട്ടുള്ളതു്?"

അനന്തരം അദ്ദേഹം തൻെറ രണ്ടു കൈകളെക്കൊണ്ടും അവളുടെ ഒരു കയ്യ് സാവധാനത്തിൽ ഗ്രഹിച്ചു.

അവളുടെ ഹൃദയത്തിൽ കൂടെ ഒരു ശീതളമായ ശക്തി ഓടുന്നതായി അവൾക്കു തോന്നി. "എനിക്കു സാധിക്കുകയില്ല" എന്ന് അവൾ പിറുപിറുത്തു. ദേവപ്രിയൻ അവളുടെ ഹസ്തത്തെ മോചിപ്പിച്ചു. കുറെനേരം അദ്ദേഹം അവളുടെ മുഖത്തു നിന്നിമേഷനായി നോക്കി. അനന്തരം അദ്ദേഹം ഇങ്ങിനെ പറഞ്ഞു:—

"യുക്തമായി! ഇന്നു മുതൽ നമ്മുടെ മൈത്രി ഞാൻ അവസാനിപ്പിച്ചിരിക്കുന്നു. ഭവതിയോടു മാപ്പുചോദിക്കേണ്ടതെങ്ങിനെയാണെന്നു എനിക്കു അറിഞ്ഞുകൂടാ! ഞാൻ ഭവതിയെ അലട്ടിയതിലധികം എന്നെത്തന്നെ ഞാൻ അലട്ടിയിട്ടുണ്ടു. ഒരു ശരിയായ യാത്ര പറയലിൻെറ ആവശ്യം ഉണ്ടെന്നു ഞാൻ വിചാരിയ്ക്കുന്നില്ല ഇനി ഭവതിയോ ഞാനോ വീണ്ടും കൂട്ടി മുട്ടുന്നതിന്നു ഇഷ്ടപ്പെടരുത്." അനിന്ദിത തറയിൽ ഇരുന്നു കൈകൊണ്ടു മുഖം മറച്ച് ദീൎഘമായി നിശ്വസിച്ചു. ദേവപ്രിയൻ രണ്ടാമതും അവളുടെ സമീപത്തെത്തി, ഇങ്ങിനെ ചോദിച്ചു:—"എ

ന്താണ് ഭവതി കരയുന്നന്നത്? ഇനി സമാശ്വസിക്കാമല്ലൊ. ഞാൻ ഭവതിയുടെ മിത്രമല്ലായിരുന്നു. എന്റെ നഷ്ടത്തിൽ ഭവതി എന്തിനാണ് സങ്കടപ്പെടുന്നത്? മനുഷ്യജീവിതം സങ്കടംകൊണ്ടു നിറയപ്പെട്ടിരിക്കുന്നു. യഥാൎത്ഥമനുഷ്യത്വത്തിന്നപ്പുറമുള്ളവളായി കാണപ്പെടുന്ന ഭവതിക്കു പക്ഷെ രക്ഷ കിട്ടിയിരിയ്ക്കാം. എന്നാൽ ഭവതിയെ കണ്ണുനീരിൽ വിട്ടുകൊണ്ടു പോകണമെന്നു ഞാൻ വിചാരിക്കുന്നില്ല."

അനിന്ദിത കണ്ണുകൾ തുടച്ചു കൊണ്ടു "എപ്പോഴെങ്കിലും എനിക്കു അങ്ങയെ കാണ്മാൻ കഴികയില്ലെ?" എന്നിപ്രകാരം ചോദിച്ചു.

ദേ; പ്രി:—"ഞാനെങ്ങിയാണതിപ്പോൾ അറിയുന്നതു? ഒരു നിരത്തിൽ കൂടി എനിക്കു പലപ്പോഴും ഗതാഗതം ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. അപ്പോൾ നാം അന്യോന്യം കണ്ടെത്തുകയില്ലെന്നു വരുമോ? എന്നാൽ ഇന്നു മുതൽ ഞാൻ ഭവതിയെ ആരായുന്നതല്ലെന്നുള്ളതു തീൎച്ചതന്നെ. അഭയാൎത്ഥികൾക്കു വേണ്ടി കുറേക്കാലം ഞാൻ ഇവിടെ വേലചെയ്യുന്നതാണെന്നു ജനങ്ങളോടു വാഗ്ദാനം ചെയ്തുകഴിഞ്ഞു. നാലുപേരുടെ പ്രത്യേക രക്ഷക്കായിട്ടാണ് ഞാൻ ഇവിടെ എത്തിയതെന്നുള്ളതു് വാസ്തവംതന്നെ. ഗൃഹത്തിൽ നിന്നു വളരേ ദൂരം ഭവതിക്കു വേണ്ടി ഞാൻ പോന്നിരിക്കുന്നു. നേരം വൈകി. ഭവതി മടങ്ങിക്കൊൾക."

തന്റെ ഉപദേശം അനിന്ദിത അനുസരിക്കുന്നുണ്ടോ ഇല്ലയോ എന്നു നോക്കുകപോലും ചെയ്യാതെ അദ്ദേഹം ഉൾനാട്ടിലേക്കു പോയി. അനിന്ദിത അനങ്ങാതെ കുറെനേരം പിന്നെയും അവിടെത്തന്നെ ഇരുന്നു. പ്രിയൻ അവളുടെ കണ്ണുകൾക്കു ഗോചരനല്ലാതായി പരിണമിച്ചു.

അമല അനിന്ദിതയെ കാണാഞ്ഞു ഉൽക്കണ്ഠിതയായി ഇരിക്കയായിരുന്നു. കുറേ അധികം നേരമായിട്ടും അവളെ കാണാ

ത്തുകൊണ്ട് എന്തെന്നില്ലാത്ത പരിഭ്രമം അമലയ്ക്കുണ്ടായി. ഭൃത്യന്മാരിൽ ഒരാൾ സ്വല്പം അകലെയായി കാണപ്പെടുന്ന വയലിൽ അനിന്ദിത ലാത്തുന്നുണ്ടെന്ന പറഞ്ഞു. ബീജുവിൻെറ ശാഠ്യം അമലയുടെ ഏകാഗ്രതയെ ശിഥിലമാക്കി. അവൾ ബീജുവിനെ എടുത്തുകൊണ്ട ഭൃത്യനാൽ നിർദ്ദേശിക്കപ്പെട്ട വഴിയിലൂടെ മുന്നോട്ട നടന്നു. ഠരം സ്വഭാവത്തിന്ന എന്താണർത്ഥമെന്ന കരുതി അമലയ്ക്ക് ആശ്ചര്യം തോന്നി. അനിന്ദിതയെ കണ്ട ഉടൻ അടുത്തു ചെന്ന അമല ഠരം വിധം ഗജ്ജിച്ചു:—"ഠരം തണുപ്പിൽ ഇവിടെ വന്നിരിക്കുന്നതെന്താണനിന്ദിതേ! പനിപിടിച്ചുനിനക്കും കൂടി കിടന്നാൽ കൊള്ളാമെന്ന ആഗ്രഹമുണ്ടോ?"

അമലയുടെ പരിഭ്രമം കണ്ടിട്ടും ഒരക്ഷരം പോലും അനിന്ദിത മറുവടി പറഞ്ഞില്ല. അമല അനിന്ദിതയുടെ മുഖഭാവം കണ്ട അന്ധാളിച്ച് താഴെ കാണുമാറു ചോദിച്ചു:—

"എൻറീശ്വരാ, ഠരം വയലിൽ എന്താണു കരഞ്ഞുകൊണ്ടിരിക്കുന്നതു്? എന്താണിതിന്ന ഹേതു? എന്തെങ്കിലും സങ്കട വത്തമാനം കേൾക്കുവാൻ സംഗതിയായോ? അമ്മാവന്ന സുഖംതന്നെയല്ലെ?"

ഒടുവിലത്തെ ചോദ്യത്തിന്ന 'ഇല്ല' എന്ന അത്ഥം വരത്തക്കവണ്ണം അവൾ തല കുലുക്കി. അമല ബീജുവിനേയും എടുത്തുകൊണ്ട ഗൃഹത്തിലേക്ക മടങ്ങി. കൂടെ അനിന്ദിതയും പുറപ്പെട്ടു.

ഗൃഹത്തിൽ എത്തിയതിന്ന ശേഷം അമല വീണ്ടും ചോദ്യങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങി. തൃപ്തികരമായ ഒരു മറുവടിയും കിട്ടായ്കയാൽ കോപാവിഷ്ടയായ അമല, "വാസ്തവമായ വ്യസനം ഇല്ലാത്ത ജനങ്ങൾ അതുണ്ടാക്കുകയാണ്. ഒന്നും ആവശ്യമില്ലാത്തവർ എന്തിനാണ് കരയുന്നതു്." എന്നിങ്ങനെ പിറുപിറുത്തുകൊണ്ട അനിന്ദിതയുടെ അടുക്കൽ നിന്നും പൊയ്ക്കളഞ്ഞു.

അമലയുടെ വാക്കുകൾ അനിന്ദിതയുടെ മനസ്സിൽ പ്രതിഫലിച്ച് പ്രതിധ്വനിച്ചു. യഥാർത്ഥമായി എന്താണവൾക്കു നിറവേറേണ്ടതായിട്ടുള്ളത്. യൗവ്വനാരംഭത്തിൽ അവൾ സ്നേഹത്തെ കാംക്ഷിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അത് അവൾക്ക് എതിരായി പ്രവർത്തിച്ചു പിന്നീട് നിരാശപ്പെട്ട്, എന്തിനാണവൾ പിന്മാറിയത്? അവളുടെ ഹൃദയം തന്നെ അവളോടു മറുവടി പറഞ്ഞുകൊള്ളട്ടെ! ഒരു വൈവാഹിക മാല്യം അണിയണം തൻെറ കഴുത്തിൽ എന്നു അവൾ പിന്നീടു വിചാരിക്കയും ഉണ്ടായിട്ടില്ല. പിന്നെ എന്തിനാണ് അവൾ കരഞ്ഞിരുന്നത്? അതവൾക്കറിഞ്ഞുകൂടാ.

ദിവസങ്ങൾ ഓരോന്നോരോന്നായി പൊയ്ക്കൊണ്ടിരുന്നു. സുശോഭനയുടെ അസ്വാസ്ഥ്യം കുറഞ്ഞു തുടങ്ങി. കാര്യങ്ങളെല്ലാം പണ്ടത്തേപ്പോലെ തന്നെയായി. ചില സമയങ്ങളിൽ അനിന്ദിതയുടെ മുഖത്തു് അമല ഗൗരവഭാവത്തിലും ജിജ്ഞാസയോടും നോക്കി. എന്നാൽ അനിന്ദിത യാതൊന്നും പറഞ്ഞില്ല പറയുന്നതുകൊണ്ടു ഒരു പ്രയോജനവും ഇല്ലെന്നു അവൾക്കറിയാമായിരുന്നു. "അനു ദിവസവും ശോഷിച്ചു കൃശയായി വരുന്നു. എത്ര ബുദ്ധിമുട്ടാണിവൾക്കെൻെറ ഈശ്വരാ! നീയെന്താണ് വൈകുന്നേരം നടക്കുവാനിറങ്ങാത്തതു്." ഈ വിധമുള്ള സുശോഭനയുടെ പ്രസ്താവങ്ങൾക്കു് ചില ഒഴികഴിവുകളാണ് അനിന്ദിത മറുവടിയായി പറയാറുള്ളതു്: ഈ അവസരത്തിലും അമല അനിന്ദിതയെ പരുഷമായി ഒന്നു നോക്കിക്കൊണ്ടു പുറത്തുപോകുക പതിവാണ്.

വൈകുന്നേരമായാൽ അനിന്ദിത ഒരു ഷാലും പുതച്ചു അവളുടെ മുറിയിൽ ഇരിക്കയാണു പതിവ്. എന്താണിതിനു കാരണമെന്നു ആരെങ്കിലും അവളോടു ചോദിച്ചാൽ "പുറത്തിറങ്ങാത്തതു ഏററവും തണുപ്പുകൊണ്ടു മാത്രമാണ്" എന്നായിരിക്കും അവളുടെ മറുവടി.

ഒരു ദിവസം അവൾ ഠരം സ്ഥിതിയിൽ ഇരിക്കുമ്പോൾ ഭൃത്യന്മാരിലൊരാൾ അവിടെ എത്തി ഒരു മാന്യൻ വന്നു അവളെ അന്വേഷിക്കുന്നുവെന്നു അനിന്ദിതയോടു പറഞ്ഞു. കുറച്ചു നേരത്തേക്കു അവൾ യാതൊന്നും പറഞ്ഞില്ല. "എഴുന്നേററു പോകതന്നെ" എന്നു അമല പറഞ്ഞു, "ഞാൻ എല്ലാം മനസ്സിലാക്കി; അധികകാലത്തേക്കു എൻെറ ഓമനയ്ക്കു തണുപ്പനുഭവിക്കേണ്ടിവരികയില്ല." എന്നുകൂടി അവൾ തുടൎന്നു പറഞ്ഞു.

അനിന്ദിത മുറിയിൽ നിന്നെഴുന്നേററു വരാന്തയിലേക്കു വന്നു. ആഗതനെ കണ്ടപ്പോൾ, പെട്ടെന്നവിടെനിന്നു ഒന്നൽഭാനം ചെയ്യുകിലോ എന്നു അവൾ വിചാരിച്ചു. പൂൎണ്ണൻ തന്നെയാണവിടെ പ്രവേശിച്ചതു്. അദ്ദേഹത്തിനു അവൾ ഒരു ചെയർ നീക്കിയിട്ടു കൊടുത്തതല്ലാതെ ഉപചാരമായി ഒരു വാക്കുപോലും പറഞ്ഞില്ല.

"എനിക്കുവേണ്ടി ആയാസപ്പെടേണമെന്നില്ല. ഒരാളിൽ നിന്നും ഒരുതരത്തിലുമുള്ള ഉപചാരം ഞാൻ പ്രതീക്ഷിക്കുന്നില്ല. ഭവതിയുടെ മാതാവാണ് ഇവിടെവച്ചു് എന്നെ ആദ്യമായികണ്ടതു; അവർ ഒരക്ഷരംപോലും എന്നോടു സംസാരിക്കയുണ്ടായില്ല, ഇതിലധികമായി മറെറന്താണാവശ്യം?"

അവൾ പറയുന്നതു കേൾപ്പാൻ പൂൎണ്ണൻ കാത്തുനിന്നു. അതു നിഷ്ഫലമായെന്നു കണ്ടു് അദ്ദേഹം വീണ്ടും തുടൎന്നു പറഞ്ഞു:—"ഭവതി അത്ഭുതപ്പെട്ടുമായിരിക്കാം. ഞാൻ ഇവിടെ വന്നതിലും ഭവതിയുടെ സ്വീകരണം പ്രതീക്ഷിക്കുന്നതിലും ഇതിനുള്ള ധൈൎയ്യം എനിയ്ക്കു തന്നതും ഭവതി തന്നെയാണ്. ഞാൻ മരിയ്ക്കുമായിരുന്നു. എന്നാൽ ഭവതിയുടെ കണ്ണുനീൎത്തുള്ളികൾ എന്നെ ജീവിപ്പിച്ചു. ഭവതിയുടെ പാദതാരിണകളിൽ എൻെറ ആത്മാവിനെ സമൎപ്പിക്കാനാണ് ഞാൻ ഇങ്ങോട്ടു വന്നതെന്നു പറയുമ്പോൾ ഭവതിക്കു ആശ്ചൎയ്യം തോന്നുമായിരിക്കാം"

"അങ്ങയെ ഇവിടെ വെച്ചു കാണുന്ന കാൎയ്യത്തിൽ അമ്മ

ക്ക തീരെ ഇഷ്ടമില്ലെന്ന അങ്ങയ്ക്കറിയാമല്ലൊ: അവർ ഗൃഹനായികയായതുകൊണ്ടു അവരുടെ ആഗ്രഹം ഒരു നിയമമാണു്"

അവളുടെ പരുത്ത വാക്കുകൾ കേട്ടു പൂർണ്ണൻ നടുങ്ങിപ്പോയി. പക്ഷെ ആ ഭാവഭേദം അദ്ദേഹം പുറത്തു കാണിച്ചില്ല. "ഒരിയ്ക്കൽ എനിക്കുണ്ടായിരുന്ന അവകാശങ്ങൾ ഞാൻ തന്നെ നശിപ്പിച്ചു. അതിന് എന്തെങ്കിലും പരിഹാര മാർഗ്ഗം ഉണ്ടോ? ഭവതി വിശ്വസിക്കയില്ലായിരിക്കാം. വിശ്വസിക്കാതിരിപ്പാൻ മാർഗ്ഗമുണ്ടു്. എങ്കിലും അധികകാലം ഞാൻ ഇത്തരത്തിലുള്ളവനായിരിക്കുന്നതല്ല. എന്റെ ശരീരത്തിൽ അഗ്നിബാധ പിടിപെട്ടു. ഒരുവനു കഴിവുള്ളതായി വല്ലതുമുണ്ടെങ്കിൽ അതു പറഞ്ഞു തരിക. എന്നാൽ ഞാൻ അതു ചെയ്യാം. ദയവുചെയ്തു് എന്നോടു പറയുക."

"എനിക്കറിഞ്ഞുകൂടാ. പാഴാക്കിക്കളഞ്ഞ ദിവസങ്ങളും അവസരങ്ങളും ഇനി ഒരിക്കലും തിരിച്ചെത്തുന്നതല്ല. തിരിയെ കിട്ടുവാൻ എത്രതന്നെ ആഗ്രഹിച്ചാലും സഫലമാകയുമില്ല. ദൈവത്തിനുപോലും അതു സാദ്ധ്യമാണെന്നു തോന്നുന്നില്ല. ഇപ്പോൾ ഞാൻ പോകയാണു്. അമ്മ എന്നെ അന്വേഷിക്കുന്നുണ്ടു്."

തങ്ങളെയെല്ലാം കഷ്ടതയിലും അവമാനത്തിലും അകപ്പെടുത്തിയ ഒരുവനുമായി വീണ്ടും അനിന്ദിത സംസാരിക്കുവാൻ ഒരുങ്ങിയതുകൊണ്ടുള്ള പരാഭവത്താൽ അസന്തോഷകരങ്ങളായ ചില വാക്കുകൾ സുശോഭന പുറപ്പെടുവിക്കുന്നതു അനിന്ദിതയ്ക്കു കേൾക്കാമായിരുന്നു. അനിന്ദിതയ്ക്കു കുററം സമ്മതിയ്ക്കാതിരിപ്പാൻ കഴിഞ്ഞില്ല. അതുകൊണ്ടു മറുവടിയായി യാതൊന്നും അവൾ പറകയുമുണ്ടായില്ല.

പൂർണ്ണനുമായി സംസാരിക്കാനല്ലെങ്കിലും ദേവപ്രിയനെക്കുറിച്ചു ചിലതെല്ലാം അറിയുവാനായി അവൾ വീണ്ടും അയാളുടെ സമീപത്തെത്തി.

ശീതകാലത്തിന്റെ ആവിർഭാവത്തോടുകൂടി ഭൂമിദേവിയുടെ മുഖം പ്രക്ഷാളനം ചെയ്യപ്പെട്ടു. ഗൃഹത്തിന്റെ പിൻവശത്തായി നില്ക്കുന്ന ശുഷ്കവൃക്ഷംപോലും തളിത്ത് വിമലങ്ങളും സൗവർണ്ണങ്ങളുമായ പുതിയ പത്രങ്ങളോടുകൂടി പരിശോഭിച്ചു. അനിന്ദിതയുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിന്ന ആ ഗൃഹത്തിലുള്ളവരെല്ലാം അത്യധ്വാനം ചെയ്കയാണ്. സുഖക്കേടവൾക്ക ഇന്നതാണെന്ന അവക്കാക്കും അറിയുവാൻ സാധിക്കാത്തതുകൊണ്ട പ്രതിവിധി കണ്ടെത്തുന്ന കാര്യം വളരെ വിഷമമായിരുന്നു. എന്നിട്ടും ബീജുവൊന്നിച്ചു വൈകുന്നേരം നടക്കാൻ പോകണമെന്ന സുശോഭന നിർബ്ബന്ധിച്ചിരുന്നു.

ഒരു ദിവസം സായാഹ്നത്തിൽ അനിന്ദിത ഗൃഹാങ്കണത്തിൽ മന്ദംമന്ദം നടന്നുകൊണ്ടിരിക്കെ, പെട്ടെന്ന കൂടെയുണ്ടായിരുന്ന ഭൃത്യനോട "നമുക്ക വില്ലേജിലേക്ക പോകുക" എന്ന പറഞ്ഞു. ബീജുവിന്ന ഒരു സംരംഭം തീരെ രസമില്ലെന്ന മനസ്സിലായപ്പോൾ "ബീജു, നീ ഇവിടെനിന്ന കളിച്ചുകൊൾക ഞാൻ കുറെ നടന്നതിന്ന ശേഷം ക്ഷണത്തിൽ മടങ്ങിവരാം" എന്നുപറഞ്ഞുകൊണ്ട അനിന്ദിത തനിയെ പുറപ്പെട്ടു.

അഗ്നിബാധകൊണ്ട നാമമാത്രമായ ആ ഉൾനാട് അവളുടെ ദീർഘാപാംഗങ്ങൾക്ക വിഷയീഭവിച്ചു. വിജനമായും മരുഭൂമിയായും കാണപ്പെട്ട ആ വില്ലെജിൽ ഇപ്പോഴും നിരാശ്രയരായ മനുഷ്യജീവികൾ ഉണ്ടെന്ന അവൾ മനസ്സിലാക്കി. എന്നാൽ അവിടെ അവൾ കണ്ടതെന്താണു? നിഴലുകൾ പോലെ ചില സത്വങ്ങൾ അവിടവിടെയായി ചാഞ്ചാടുന്നതും കത്തിക്കരിഞ്ഞുകൊണ്ട ഗൃഹങ്ങൾ നില്ക്കുന്നതും ആയ ആ കാഴ്ച! അതെ; അതുതന്നെയാണവൾക്ക കാണ്മാനിടയായത്.

അജ്ഞാതമായ ഭയം അനിന്ദിതയുടെ ഹൃദയത്തെ തുടിപ്പിക്കുവാൻ തുടങ്ങി. പിന്നീടവൾ സ്കൂൾകെട്ടിടത്തിന്ന സമീപത്തെത്തി. അവിടെയും നിശ്ശബ്ദതതന്നെ. വാതലുകളും

ജാലകങ്ങളും അടക്കപ്പെട്ടിരുന്നതിനാൽ അതിനകത്തെങ്ങും പ്രകാശമേ വ്യാപിച്ചിരുന്നില്ല; ആരെ അഥവാ എന്തിനെ തേടിയാണവൾ വന്നതു? അവളുടെ ഹൃദയം പാശ്ചാത്താപം കൊണ്ടും മിഴികൾ ബാഷ്പംകൊണ്ടും നിറഞ്ഞുകഴിഞ്ഞു. മാപ്പു നൽകണമെന്നുള്ള അവളുടെ ന്യായവാദം ദൈവത്തിനല്ലാതെ മനുഷ്യനു കേൾക്കുവാൻ സാധിച്ചില്ല.

ആ ഭൂഭാഗം വിവിധവർണ്ണങ്ങൾ തമ്മിലുള്ള പോരാട്ടത്തിനു ഒരു രംഗമായിത്തീർന്നിരിക്കയാണ്. വസന്തകാലം അതിമനോഹരമായ നിലയിൽ അവിടെ പ്രവർത്തിച്ചു. അന്തരീക്ഷം സ്വച്ഛനീലിമയെ കറകളഞ്ഞു പ്രകാശിപ്പിച്ചു; പച്ചനിറത്തിലുള്ള കംബളംകൊണ്ട് വയൽ അലങ്കരിക്കപ്പെട്ടിരിക്കുകയാണൊ എന്നു തോന്നും. അജ്ഞാതങ്ങളും ജ്ഞാതങ്ങളുമായ പുഷ്പങ്ങളുടെ സാമ്പത്തികമഹിമാവു് ഒരോ ഭാഗത്തും പ്രത്യക്ഷീഭവിച്ചു.

അവിടത്തെ പ്രകൃതി വൈചിത്ര്യം കണ്ടു സ്തുതിപ്പാൻ ആരാണുള്ളതു? ഒരാളും ഇല്ല. എന്നാൽ ആ കാല കല്ലോലവും പ്രകൃതിയുടെ യന്ത്രത്തിരിപ്പിൽ മേൽകീഴായി മറിയും. എല്ലാ ഭാഗത്തും നിശ്ശൂന്യമായ തന്റെ ഹൃദയചരിത്രം പ്രതിഫലിക്കുന്നുണ്ടെന്നു അനിന്ദിതക്കു തോന്നി. വസന്തകാലഗീതങ്ങൾ ഒരാളുടെയും കർണ്ണപുടങ്ങളിൽ പ്രവേശിക്കാതെ കഴിഞ്ഞുകൂടി. ക്ഷതങ്ങളായ സ്വാത്മാഹ്വാനങ്ങൾ മാത്രം അനിന്ദിത കേട്ടുകൊണ്ടിരുന്നു.

യാചകന്മാർ അവിടെ ഒട്ടും കുറവായിരുന്നില്ല. ഠൗ നിർഭാഗ്യവാന്മാരിൽ തന്റെ ശ്രദ്ധ പതിക്കുവാൻ അനിന്ദിത പരിശ്രമിച്ചു. അവരുടെ ആവശ്യങ്ങൾ ഒന്നോ രണ്ടോ അല്ല, ബഹുലങ്ങളാണ്. ഉണ്ണാനൊ ഉടുക്കുവാനൊ കിടക്കുവാൻ ഗൃഹങ്ങളോ അവർക്കുണ്ടായിരുന്നില്ല. അനിന്ദിതയുടെ ശക്തി പരിമിതമല്ലെ? ഠൗ സാധുക്കൾക്കുവേണ്ടി അവൾക്കു എന്തുചെയ്യാൻ കഴിയും? പ്രാപ്തിയെക്കവിഞ്ഞും അവരെ സംതൃപ്തരാക്കണമെന്നു അവൾ ആഗ്രഹിച്ചു.

കീറിപ്പറഞ്ഞ ഒരു ഷാൽ ഉടുത്തും എന്തെന്നില്ലാതെ ക്ഷീണിച്ചും അവിടെ ഒരു പെൺകുട്ടി നില്ക്കുന്നതുകണ്ടു. അനിന്ദിത ചോദിച്ചു.—"കുട്ടീ, നിനക്കിതു എവിടെ നിന്നു കിട്ടി?"

അനിന്ദിതയുടെ ചോദ്യത്തിനു സമാധാനമായി ആ പെൺകുട്ടിയുടെ മാതാവു് പറഞ്ഞതിപ്രകാരമായിരുന്നു:—"കൊച്ചമ്മേ, ഞാൻ പനിയായി കിടക്കുന്ന അവസരത്തിൽ ഏതോ ഒരു മഹാധന്യനാണ് ഇവൾക്കിതു കൊടുത്തതു"

അനിന്ദിത ക്ഷണത്തിൽപോയി കയ്യിൽ ഒരു വിലപിടിച്ച വസ്ത്രവുമായി മടങ്ങിവന്നു അതു ആ പെൺകുട്ടിക്കു കൊടുത്തുകൊണ്ടു ഇങ്ങിനെ പറഞ്ഞു:—"ഈ ഷാൽ ഉടുത്തുകൊണ്ടു ആ പഴയവസ്ത്രം ഇങ്ങോട്ടുതരിക"

പുത്രിയ്ക്കും മാതാവിനും അനിന്ദിതയുടെ വാക്കുകൾ കേട്ടു അത്യാശ്ചര്യം തോന്നി. എങ്കിലും ആ മഹാമനസ്കയുടെ എളിയ അപേക്ഷയെ അവർ സശിരഃകമ്പം അനുസരിക്കയാണുണ്ടായതു.

ആ ഷാൽ അനിന്ദിതയ്ക്കു് ചിരപരിചിതമായ ഒന്നായിരുന്നു. നിറംകൊണ്ടു ഏതൊരു ഷാൽ, അവളുടെ പ്രിയസുഹൃത്തിനെ വളരെ ദൂരത്തുവെച്ചുപോലും തിരിച്ചറിയുന്നതിനു കാരണമാക്കിത്തീർത്തുവോ അതുതന്നെയാണ് ഇപ്പോൾ മാററമായി അവൾക്കു ലഭിച്ചിട്ടുള്ളതു്. ആ സുഹൃത്തിന്റെ പേർ വസ്ത്രത്തിന്റെ ഒരരികിലായി ചെമന്ന നൂൽകൊണ്ടു തുന്നിപ്പിടിപ്പിച്ചിട്ടുണ്ടായിരുന്നു. വസ്ത്രത്തിനു അവിടവിടെയായി കീറൽ സംഭവിച്ചിട്ടുണ്ടെങ്കിലും അതിൽ സംബന്ധിക്കപ്പെട്ടിരിക്കുന്ന അക്ഷരങ്ങൾക്കു യാതൊരു പഴക്കവും ഉണ്ടായിരുന്നില്ല.

ഗൃഹത്തിന്റെ അരികിലുള്ള ഒരു വൃക്ഷത്തിന്മേൽ ഇരുന്നു് ഒരു കറുത്ത പക്ഷി പാടുവാൻ ആരംഭിച്ചു. ഇതു കേട്ടു ഉടനെ സുശോഭന ബീജുവിനെ വിളിച്ചു് ഇങ്ങിനെ പറഞ്ഞു:—

കേരള സാഹിത്യ അക്കാദമി

"ബീജ്ജ നീ നിൻെറ ദിദിയെ വിളിക്ക്. മററുള്ളവരേക്കാൾ അവൾക്കാണല്ലോ ഇതിലെല്ലാം വലിയ ആഹ്ലാദമുള്ളതു്."

ബീജ്ജ അവൻെറ സഹോദരിയെ വിളിക്കാനായി പുറപ്പെട്ടു. എന്നാൽ അവൾ ഇരിക്കാറുള്ള മുറിയുടെ വാതിൽ അടയ്ക്കപ്പെട്ടിരുന്നു. പതുക്കെ വാതിൽ തുറന്നു ബീജ്ജ അകത്തേയ്ക്കു കടന്നു. അനിന്ദിതയാകട്ടേ, ഒരു കീറിപ്പറഞ്ഞ ഷാൽകൊണ്ടു മുഖം മൂടി നിലത്തു കിടക്കുന്നുണ്ടായിരുന്നു വിവരം അമ്മയോടു പറയാൻ, ഒരു നിമിഷവും പ്രതീക്ഷിക്കാതെ ബീജ്ജ ആ മുറിയിൽനിന്നും പൊയ്ക്കളഞ്ഞു

സുശോഭന പരിഭ്രമിച്ചു് അനിന്ദിതയുടെ അരികിലെത്തി അവളെ 'വാരിയെടുത്തുകൊണ്ടു' "എന്താണു് ദിദീ, ഇതിൻെറയെല്ലാം സാരം? നീ തന്നെത്താൻ മരിയ്ക്കുവാനോ ഭാവിയ്ക്കുന്നതു്? നിനക്കെന്നോടു കാര്യമൊന്നും പറയാൻ കഴികയില്ലെന്നുണ്ടോ? ഞാൻ ഒരു പോററമ്മയേപ്പോലെയല്ലല്ലോ നിന്നോടു പെരുമാറുന്നതു്? എന്നോടു പറയൂ കുട്ടീ. എന്തായാലും നിന്നെ ഞാൻ സഹായിയ്ക്കാം" എന്നിങ്ങനെ പറഞ്ഞു.

അനിന്ദിത മൌനം ദീക്ഷിച്ചതേയുള്ളു. അവൾക്കെന്താണു് സുശോഭനയോടു പറയുവാനുള്ളതു്?

കൽക്കത്തയിൽ എത്തിയതിനു ശേഷം അനിന്ദിതയുടെ താല്ക്കാലികനില കണ്ടു പലരും ആശ്ചര്യം പ്രദർശിപ്പിച്ചു. ആ കൂട്ടത്തിൽ ശൈലേന്ദ്രനാഥനും പെടാതിരുന്നില്ല. അദ്ദേഹം അനിന്ദിതയെ നോക്കി ഇപ്രകാരം ചോദിച്ചു:— "അന്തു, നിൻെറ സുഖക്കേടിനെക്കുറിച്ചു നീ ഒരിക്കലും എഴുതിയിട്ടില്ലല്ലൊ. ഇത്ര അവശതയിലാവാനുള്ള കാരണമെന്താണു്?"

തക്കതായ ഒരു മറുവടി നൽകുവാൻ അനിന്ദിതയ്ക്കു കഴിവുണ്ടായില്ല. സുശോഭന പല നിർദ്ദേശങ്ങളും പുറപ്പെടുവിച്ചു. പക്ഷെ ഒന്നും സ്പഷ്ടമോ സംഭവ്യമോ ആണെന്നു പറയുവാൻ ആ മാന്യസ്ത്രീക്കും ധൈര്യം ഉണ്ടായില്ല.

ഒരു ദിവസം ഉച്ചതിരിഞ്ഞതിനുശേഷം അനിന്ദിതയെ തനിയെ കണ്ടുമുട്ടുവാൻ സംഗതിവന്നപ്പോൾ സുരൂപ ചോദിച്ചതു് ഇപ്രകാരമായിരുന്നു:—“അമ്മ പറഞ്ഞല്ലോ അന്തു, പൂർണ്ണൻ നിങ്ങൾ താമസിക്കുന്ന സ്ഥലത്തു വരികയുണ്ടായി എന്നു്! വാസ്തവമാണോ അതു്? നമ്മുടേ സ്ഥലത്തേക്കു അയാൾ വരികയുണ്ടായോ?

“വാസ്തവം തന്നെയാണു്”

“ദേവപ്രിയ റായി ഇപ്പോൾ എവിടേയാണു്?”

“എനിക്കൊന്നും അറിഞ്ഞുകൂടാ”

അനിന്ദിത പറഞ്ഞ മറുവടി സുരൂപയ്ക്കു തീരെ രുചിച്ചില്ല. അവൾ പറഞ്ഞു:— “അന്തുവിന്റെ വനവാസം അന്തുവിനെ സ്വർഗ്ഗലോകത്തേക്കു കൊണ്ടുപോയെന്നു തോന്നുന്നല്ലൊ! ആരോഗ്യം പൂർണ്ണമായി നശിപ്പിക്കുന്നതിനു സാധിച്ചതോടുകൂടി പരബ്രഹ്മ പ്രാപ്തിക്കു സംസാര ശക്തി കൂടി ഉപേക്ഷിച്ചുവെന്നു തോന്നുന്നുവല്ലൊ. ബിജു മാത്രം കുറെ ഭേദമായിട്ടുണ്ടു്. എന്തൊരു മാററം! ശുദ്ധവായു മാത്രമേ അവിടെ കിട്ടുകയുള്ളുവെങ്കിൽ അതു അത്ഭുതം തന്നെ.”

സുരൂപ ശാന്തയാകുന്നതിനു മുമ്പിൽ അവളോടു പലതും അനിന്ദിതയ്ക്കു വിസ്തരിച്ചു പറയേണ്ടി വന്നു. സുഷമ എല്ലാ സമയവും ബിജുവിനെ ലാളിയ്ക്കുന്നതിൽ തന്നെ ഏർപ്പെട്ടിരുന്നതുകൊണ്ടു് ദിദിയെപ്പററി അന്വേഷിക്കാൻ പോലും സമയമുണ്ടായിരുന്നില്ല.

കല്ക്കത്തയിൽ വന്നതിനു ശേഷം വാസ്തവം പറകയാണെങ്കിൽ അനിന്ദിത, ആ പഴയ അനിന്ദിത തന്നെ ആയി രൂപാന്തരപ്പെട്ടു

അദ്ധ്യായം 15.

“മനമേ ഭവനാഭിലാഷമിപ്പോൾ
ലോകൈകശീം പ്രതി സംശയങ്ങൾ തീൎന്ന
കനകമെന്ന നിലച്ചു പോയി നീതാ-
നനവും വക്ഷതി ശാന്ത്യമായ രത്നം”

ഉറക്കം മരണമല്ല; തീൎച്ച തന്നെ. അനിന്ദിതയുടെ വ്യഥ അവളുടെ ദുർബ്ബുദ്ധിയിൽ നിന്ന പുറത്തു ചാടി രക്ഷ പ്രാപിക്കുവാൻ തക്കം നോക്കിക്കൊണ്ടിരുന്നു. പക്ഷെ അനിന്ദിത തന്റെ ഹൃദയരക്തവുമായി ആ ദുഃഖ പാരവശ്യത്തെ സ്പന്ദിപ്പിച്ചു. അതിനാൽ അവളുടെ ഹൃദയംഗമായ ദുഃഖത്തിന വളൎച്ചയും ഓജസ്സും വൎദ്ധിച്ചു തന്നെ വന്നു. മനസ്സിൽ നിന്ന അതിനെ നീക്കം ചെയ്യുന്ന പക്ഷം ജനതാമദ്ധ്യത്തിൽ വസിയ്ക്കുവാൻ അവൾക്കെങ്ങിനേയാണ് കഴിവുണ്ടാകുക? ബാഹ്യകല്പങ്ങളായ നയങ്ങളോടു കൂടി സാമുദായിക ജീവിതമാകുന്ന പന്ഥാവിൽ അവളെപ്പോലുള്ള ഒരു വ്യക്തിക്ക സഞ്ചരിയ്ക്കുവാൻ എങ്ങിനേയാണ് കഴിവുണ്ടാകുക? മറെറാരു വ്യക്തിയ്ക്കു വേണ്ടി ആരാണ കരഞ്ഞു കാലം കഴിക്കുക? അതാൎക്ക സാധിയ്ക്കും?

അമലയ്ക്ക അവളുടെ ഉൾനാട്ടിലേയ്ക്ക മടങ്ങുവാൻ ധൃതിയായിക്കഴിഞ്ഞു. അവിടെ എത്തിക്കഴിഞ്ഞാൽ ‘ഭൎത്താവ്’ തന്നെ സ്വീകരിച്ച് നഷ്ടപ്പെട്ടുപോയ പദവിയിൽ പുനഃപ്രതിഷ്ഠ ചെയ്യുമെന്ന എങ്ങിനേയോ അവൾ ധരിച്ചു വശായിട്ടുണ്ടായിരുന്നു. അമലയുടെ പ്രാണനാഥൻ കല്ക്കത്തയിൽ വരികയോ വ്യസനാക്രാന്തയായ ഭാൎയ്യയെ കൂട്ടിക്കൊണ്ടു പോകയോ ചെയ്യാതിരുന്നത് ശൈലേന്ദ്രനാഥനുമായുള്ള സമ്മേളനത്തേയും അദ്ദേഹത്തിന്റെ ശകാരത്തേയും ഭയന്നിട്ടു തന്നെയായിരുന്നുവെന്നാ

ണറിയുന്നതു്. അമലയുടെ വിശ്വാസത്തെ പിൻതാങ്ങുവാൻ അനിന്ദിതക്കു കഴിവുണ്ടായില്ല. എന്നാൽ നിർഭാഗ്യവതിയായ അവളുടെ വിശ്വാസത്തെ നിഷേധിക്കുവാനുള്ള മനഃസ്ഥിതിയും അനിന്ദിതയ്ക്കുണ്ടായില്ല. അവൾ എങ്ങിനെയാണു് ഇത്ര നാളും ഇവിടെ താമസിച്ചിരുന്നതു്? അവൾ മററൊരാൾക്കു അടിമയല്ലെ? അവളുടെ ജീവിതം മരണപര്യന്തം ഉത്തരവാദിത്വമുള്ളതല്ലെ?

ഒരിക്കൽ യാദൃച്ഛികമായി അമലയുടെ ഭർത്താവു് കല്ക്കത്തയിലേക്കു വരികയും, ശൈലേന്ദ്രനാഥൻെറ ഗൃഹത്തിൽ, ഉള്ളവരെ പെട്ടെന്നു വിസ്മയഭരിതരാക്കുകയും ചെയ്തു. ബഹുമാനപൂർവ്വം ശൈലേന്ദ്രൻ ആ അതിഥിയെ സ്വീകരിച്ചു മാളികയിലെ ഒരു മുറിയിൽ കൂട്ടിക്കൊണ്ടുപോയി ഇരുത്തിയതിനു ശേഷം താഴെ വന്നു വിവരമെല്ലാം മററുള്ളവരെ കേൾപ്പിച്ചു ആലോചനകൾ നടത്തുകയുണ്ടായി.

ഭർത്താവിൻെറ ആഗമനോദ്ദേശത്തെപ്പററി കേട്ടു് അമല കരഞ്ഞുകൊണ്ടു് യാത്രയായി. അമലയേയും അവളുടെ ഭർത്താവിനേയും ബാധിക്കുന്ന ആലോചനകളും നേതൃത്വവും ശൈലേന്ദ്രൻ സുശോഭനയിൽ സമർപ്പിച്ചു് എവിടേക്കൊ പൊയ്ക്കഴിഞ്ഞു.

"അമലേ, അയാളോടു പൊയ്ക്കൊള്ളുവാൻ ഞാൻ പറയട്ടെ? കരഞ്ഞുകൊണ്ടാണു് നീ പോകുന്നതെങ്കിൽ നിൻെറ നിലയ്ക്കുതു ഗുണമായിരിക്കുമെന്നു ഞാൻ വിചാരിയ്ക്കുന്നില്ല. നീ ഒരു ചെറിയ കുട്ടിയല്ലല്ലൊ, എല്ലാം ഉപദേശിച്ചു തരുന്നതിനു?" എന്നു സുശോഭന പറഞ്ഞു.

ആ ഗൃഹത്തിലുള്ള ചെറുപ്പക്കാരെല്ലാം കൂടി ഒത്തു് ഈ വിഷയത്തെപ്പററി ഓരോന്നു വാദപ്രതിവാദം ചെയ്യാൻ തുട

ങ്ങി. സമീരൻ പറകയാണ്:—"അവിടെ ഈ കണ്ണുനീർ കൊണ്ടുപോയിട്ടെന്താണാവശ്യം? അയാൾക്ക് സമ്മതമില്ലെങ്കിൽ പോയ്ക്കൊള്ളട്ടെ, അതല്ലാത്ത പക്ഷം ഞാൻ അദ്ദേഹത്തെ ആഡംബരപൂർവ്വം അനുഗമിച്ച് യാത്രയയപ്പിക്കാം."

സുരൂപ അവനെ ശകാരിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു:—"നിൻെറ ധിക്കാരം! എല്ലാററിലും ജ്ഞാനിയാവാൻ ശ്രമിക്കണമെന്നില്ല. ഒന്നും ഗന്ധമില്ലാത്ത ഒരുവൻ ഒരു കാര്യത്തെപ്പററി എന്തിനാണോരോന്ന് സംസാരിയ്ക്കുവാൻ തുടങ്ങുന്നത്?"

സമീരൻ:—"എൻെറ പ്രിയപ്പെട്ട മുത്തശ്ശി അമ്മേ, ഒന്നോ രണ്ടോ കാര്യം ആവശ്യമുള്ള പക്ഷം പഠിപ്പിച്ചു തരാൻ ഞാൻ ശക്തനാണ്. അല്ലെന്നു വിചാരിക്കയും മററും വേണ്ട. ഒരാൾ ജ്ഞാനിയെന്നു നടിയ്ക്കുന്നതും മറെറാരാൾ മൂഢനായിത്തന്നെ ഇരിക്കുന്നതും നോക്കുമ്പോൾ മൂഢനാണ് കുറേക്കൂടി പൂജ്യൻ."

അമല കരച്ചിൽ നിർത്തി ഭർത്താവിനെ കാണ്മാൻ സമ്മതിച്ചു. ശൈലേന്ദ്രനാഥൻ വീണ്ടും അവിടെ പ്രത്യക്ഷനായി അമലയേ കൂട്ടിക്കൊണ്ടു പോയി ഭർത്താവിരിയ്ക്കുന്ന മുറിയിലേക്കു പ്രവേശിച്ചു. അമല അറയ്ക്കകത്തായെന്നു കണ്ട ഉടനെ സുഷമ സുരൂപയെ നോക്കി ഇങ്ങിനെ പറഞ്ഞു:—"നമുക്കു അതിഥിയെ സല്ക്കരിക്കുവാനെന്ന നാട്യത്തിൽ ആ മുറിയിൽ പോയി വർത്തമാനമെന്തെന്നറിയുക തന്നെ."

സുരൂപ:—"പോയ്ക്കൊള്ളരുതെ? അതിനു എന്താണ് ഞാൻ വേണ്ടത്? വൃദ്ധനും വിഡ്ഢിയുമായ ഒരുവൻെറ പ്രേമസല്ലാപം കേൾക്കാൻ എനിക്കാഗ്രഹമില്ല."

എന്നാൽ സുഷമ നിർബ്ബന്ധപൂർവ്വം പുറപ്പെട്ടപ്പോൾ സുരൂപയും പിറകേ പോയി. അനിന്ദിതയ്ക്കു ഇതെല്ലാം കേവലം വിനോദമായി തോന്നി. സുഷമയും സുരൂപയും ഒത്തു ചേൎന്ന്

ആ ബങ്കാളി രാജാവിൻെറയും അയാളാൽ ഒരിക്കൽ നിന്ദ്യയാ യിത്തീൎന്ന രാജ്ഞിയുടേയും സംഭാഷണം കേൾക്കുവാൻ തന്നെ തീരുമാനിച്ചു.

കുറച്ചു നിമിഷങ്ങൾക്കുള്ളിൽ ആ കുട്ടിപ്പെൺമണികൾ രണ്ടു പേരും സംതൃപ്തരെന്നവണ്ണം മടങ്ങി. അനിന്ദിതയാകട്ടേ ഒരം അവസരത്തിൽ,:—"എന്താണിതൊക്കെ? ഇതിനെപ്പററി അവർ അറിയുന്ന പക്ഷം അവക്കെന്താണ് തോന്നുക?" സുര്യ പ തറയിൽ ഇരുന്നു അടക്കുവാൻ വിഷമമായ ചിരി മററാരും കേൾക്കാൻ ഇട വരുത്താതെ വസ്ത്രംകൊണ്ടു വായടച്ചു പിടി ച്ചു. സുഷമയ്ക്കു, അവളുടെ പ്രവൃത്തി ന്യായമാണെന്നേ തോ ന്നിയുള്ളു. അവൾ അനിന്ദിതയോടു ചോദിക്കുന്നതു കേൾ ക്കുക!:—"

"ദിദീ, നീ എന്തേ വരാതിരുന്നു? ബയസ്ക്കോപ്പിലെ ശൃം ഗാരത്തെക്കാളും കുറേക്കൂടി വിഷമം അമല ദിദിയുടെ ഭത്താവി നെ കാണുന്നതു യുവയോഗിയായിട്ടല്ലെ? അവളോട് ഒരു സ്ത്രീ യുടെ യോഗിയായിട്ടല്ലെ? അവളോട് ഒരു സ്ത്രീയുടെ കത്തവ്യ ത്തെപ്പററി എന്തെല്ലാമാണദ്ദേഹം ഉപദേശിക്കുന്നതു്. രണ്ടു ഭായ്യമാരെ ഭരിക്കാൻ എങ്ങിനേയാണ് അയാൾക്കു സാധിയ്ക്കു ക? ഭത്താവിൻെറ ആ നോട്ടത്താൽ പ്രിയ ഭായ്യ മരിച്ചുപോ യിരിക്കണം. അതായിരിക്കാം, അമല ദുഷ്ടയാണെങ്കിലും അമ ലയെ വീണ്ടും കൊണ്ടുപോകാമെന്നുദ്ദേശിച്ച് വന്നിരിക്കുന്നതു"

അമല ഭത്താവിനോടു കൂടി പുറപ്പെടുന്നതിനാരംഭിച്ചു. അനിന്ദിതയുമായി വേർപെടേണ്ടി വന്നതോത്തു കുറഞ്ഞൊരു ഖേദം അമലയ്ക്കുണ്ടാകാതിരുന്നില്ല. അനിന്ദിതയെക്കൂടി കൂടെ കൊണ്ടുപോയാൽ കൊള്ളാമെന്നു അവൾക്കു ആഗ്രഹമുണ്ടാ യിരുന്നുവെങ്കിലും അതു നിറവേററുവാൻ കഴിയാതെയും അതി നുള്ള മാഗ്ഗം കാണാതെയും ഒടുവിൽ അവൾ അതു വേണ്ടെ ന്നു വെയ്ക്കുയാണ് ചെയ്തതു്. പക്ഷെ അനിന്ദിതയ്ക്കു അവ

രോടൊന്നിച്ചു പോകുവാൻ സാധിയ്ക്കുന്നതായാൽ തക്ക്രത്താലയിൽ എത്തുവാൻ എളുപ്പമാണെന്നു അറിയാമായിരുന്നു. അതുകൊണ്ടു തന്നെയായിരിക്കണം, അവൾ പിതാവിനോടനുമതി ചോദിച്ചതു്! അദ്ദേഹം പറഞ്ഞ മറുവടി ഇപ്രകാരമായിരുന്നു:—“അമലയൊന്നിച്ചു പോകട്ടയോ എന്നു ചോദിക്കുന്നതു ശരിയല്ല; അവളുടെ ഭർത്താവു് ഒരു കഴുതമാടനാണു്. എനിക്കു നിന്റെ അപേക്ഷയിൽ അനുകൂലിക്കുവാൻ നിവൃത്തിയില്ലാ. അമലയേക്കൂടി അയാളൊന്നിച്ചു അയക്കേണ്ട കാര്യം തന്നെ എനിക്കു പൂർണ്ണ മനസ്സില്ല. നിനക്കു പോകണമെന്നു് ആഗ്രഹമുള്ളപക്ഷം സമീരനെ കുറെ ദിവസം കഴിഞ്ഞുകൂട്ടി അയക്കാം. അപ്പോൾ പോയാൽ മതി.”

അനിന്ദിത ഉടൻതന്നെ സമീരനെ അന്വേഷിച്ചു പുറപ്പെട്ടു. അവളുടെ അപേക്ഷ ആദ്യമേ തന്നെ അവൻ പ്രതിഷേധിക്കയാണുണ്ടായതു്. അന്നു തന്നെ പോയാൽ കൊള്ളാമെന്നു അവൾക്കാഗ്രഹമുണ്ടായി. അവളുടെ അഭിപ്രായത്തിനു പിന്നീടു് മാററം സംഭവിക്കുമായിരിക്കാം. അവൾ ബുദ്ധിശൂന്യയല്ലെങ്കിലും അടുത്ത ഭാവിയിൽ എന്താണു് വേണ്ടതെന്നു അവൾക്കറിഞ്ഞുകൂടായിരുന്നു. എന്നാൽ കൽക്കത്തയിൽ അധികകാലം താമസിക്കുന്നപക്ഷം അവൾ ഒരു കല്ലുപോലെതന്നെ ബോധശൂന്യയായി പരിണമിയ്ക്കും.

വളരെ നേരം യുക്തിയുക്തമായി സംസാരിച്ചതിനു ശേഷം ഒരു വിധത്തിൽ ഒടുവിൽ സമീരനെ സമ്മതിപ്പിച്ചു യാത്രയാക്കി. ഠരം ദ്രുതഗതിയുടെ കാരണം ശൈലേന്ദ്രനാഥനു മനസ്സിലായില്ല. എങ്കിലും പോകുന്ന കാര്യത്തിൽ അദ്ദേഹം തീരേ വിസമ്മതം ഭാവിച്ചില്ല. അനിന്ദിത പോകുവാനുള്ള ഒരുക്കങ്ങൾ കൂടിയതറിഞ്ഞു അവളുടെ സഹോദരിമാർ അരികിൽ വന്നു നിശ്ശബ്ദരായിനിന്നു.

സുഷമ ചോദിച്ചു:—"അമലാദേവി ഒരുമിച്ച് എന്താണു ദിദിയും പോകുവാൻ തീരുമാനിച്ചതെന്നു അറിവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്."

സുരൂപ:—"ദിദീ, എന്താണ് ഈ ഗൃഹം വിട്ടുപോകുവാൻ ഇത്ര വലിയ ധൃതി? ആരാണവിടെ ഒരു ചങ്ങാതിയുള്ളതു? പിതാമഹൻെറ ഗൃഹത്തിൽ സ്ഥിരമായി വസിക്കണമെന്നു ദിദി വിചാരിയ്ക്കുന്നില്ല. പിന്നെ എന്തിനാണു കൊല്ലത്തിൽ അഞ്ചുപത്തു പ്രാവശ്യം അങ്ങോട്ടു പോകുന്നതു. ദിദി വിചാരിക്കുന്നുണ്ടായിരിക്കാം ഞാൻ ഒന്നിനും കൊള്ളരുതാത്തവളാണെന്നു. പക്ഷെ ദിദീ വിചാരിക്കുന്നിടത്തോളമുള്ള ഭോഷത്വമൊന്നും എനിക്കില്ല. അതു തീർച്ചയാണ്."

അനിന്ദിത വീണ്ടും ആ ഗൃഹത്തെ വിട്ടുപോകാൻ തീർച്ചയാക്കിയതുകൊണ്ടു അവളുടെ സഹോദരന്മാരും സഹോദരിമാരും തീരെ സന്തോഷം പ്രകാശിപ്പിക്കയുണ്ടായില്ല. അവർക്കു അവിടെ യാതൊരു സൌകര്യവും ഉണ്ടായിരുന്നില്ല; പക്ഷെ ഏതോ ഒരു വലിയ ശക്തി അനിന്ദിതയെ ആ ഗൃഹം വിട്ടുപോകുവാൻ ബലമായി പ്രേരിപ്പിച്ചിരുന്നുവെന്നുള്ളതു മററാരും അല്പംപോലും അറിഞ്ഞതേയില്ല

അവർ നാലുപേർ, അനിന്ദിത, സമീരൻ, അമല, അമലയുടെ ഭർത്താവ് എന്നിങ്ങനെ ചതുരംഗം, മാത്രമെയുണ്ടായിരുന്നുള്ളുവെങ്കിലും രണ്ടു വണ്ടി ഏർപ്പാടുചെയ്യാനുള്ള കാരണം തന്നെ അമലയൊന്നിച്ചല്ല അനിന്ദിത പോകുന്നതെന്നുള്ള സംഗതി സ്പഷ്ടമാക്കിക്കഴിഞ്ഞിരുന്നു.

യാത്രാനുമതിയ്ക്കു ശേഷം ഭർത്താവും ഭാര്യയും ഒരു വണ്ടിയിലും സഹോദരനും സഹോദരിയും മറെറാരു വണ്ടിയിലും കയറി ഹൌറാസ്റ്റേഷനിലേക്കു പുറപ്പെട്ടു. മാർഗ്ഗമദ്ധ്യത്തിൽ വച്ചു അമലയും ഭർത്താവുമായി ഒരു ചെറിയ ശണ്ഠനടന്നു. പ്ലാററുഫോറത്തിൽ എത്തിയപ്പോഴും അതിൻെറ അവശിഷ്ടം അവ

ടെ വാക്കുകളിലും ഭാവങ്ങളിലും തിളങ്ങി വിളങ്ങുന്നുണ്ടായിരുന്നു. ഭർത്താവിൻെറ ഓരോ ചോദ്യത്തിനും അമലയുടെ മറുവടി നിന്ദാഗർഭമായിത്തീർന്നിരുന്നു. വണ്ടിയിൽ കയറി കുറെ കഴിഞ്ഞതിനു ശേഷം ഒരം ഭാര്യാഭർത്താക്കന്മാരുടെ സ്വഭാവ വൈകൃത്യത്തെക്കുറിച്ചാലോചിച്ച് അനിന്ദിത ക്ഷുബ്ധയായിത്തീർന്നു. അമലയുടെ സമീപത്തിരിയ്ക്കുവാൻ അസംതൃപ്തിയുള്ളതുപോലെ കാണപ്പെട്ട അനിന്ദിത വണ്ടി മുറിയിലുള്ള ജാലകങ്ങളിലൊന്നിൽക്കൂടെ പുറത്തേക്കു നോക്കിക്കൊണ്ടു ഇപ്രകാരം സ്വാഗതംചെയ്തു;—"ഇതാണു പ്രേമത്തിൻെറ അന്ത്യാവസ്ഥ! എന്തു കഷ്ടം! എത്ര ദയനീയം!, തിക്കിക്കൂടിയിരിക്കുന്ന ജനങ്ങളുടെ നടുക്കുവെച്ചു ആ ഭോഷൻ എന്താണു ഗർജ്ജിക്കുന്നത്? ഇയാൾ തന്നെയല്ലെ അമലയെ ഒരൊററ നിമിഷമെങ്കിലും കണ്ണിൽനിന്നു മറയുവാൻ അനുവദിയ്ക്കാതിരുന്നതും? അന്നു പ്രാണേശ്വരാധികപ്രിയ; ഇന്നോ വെറും മന്ദിത."

വണ്ടി ഇളകിയപ്പോൾ കേട്ട ചൂളം വിളി, അവൾ ഏതൊരുവനെ അന്വേഷിച്ചുപോകുന്നുവോ അദ്ദേഹം സ്വാഗതം ചെയ്ത മധുരഗാനമോ എന്നു അനിന്ദിത സംശയിച്ചു. അങ്ങിനെ സംശയിപ്പാൻ അവൾക്കെന്താണവകാശം? ഉണ്ട്, അവൾക്കു തീച്ചയായും അവകാശവും അധികാരവും ഉണ്ട്.

തക്കൂർത്താലയിൽ വണ്ടി ഇത്ര വേഗത്തിൽ എത്തിയതോർത്തു ചിന്താപരതന്ത്രയായിരുന്ന അനിന്ദിതയ്ക്കു ആശ്ചര്യം തോന്നാതിരുന്നില്ല. അമലയോടു യാത്രാനുമതി വാങ്ങിയശേഷം അനിന്ദിത വണ്ടിയിൽനിന്നു പ്ലാററുഫാറത്തിലേക്കിറങ്ങി. ശൈലേന്ദ്രനാഥൻെറ കമ്പിയറിയിപ്പനുസരിച്ചു അനിന്ദിതയേയും സമീരനേയും സ്വീകരിച്ചു കൂട്ടിക്കൊണ്ടുവരുവാൻ ഉമാഗതിദത്തൻ സ്റ്റേഷനിലേക്കു തൻെറ പരിവാരങ്ങളെ അയച്ചിരുന്നു. സമീരൻ പറഞ്ഞു:—"ദിദീ, കൽക്കത്തയ്ക്കു നേരമണി

ക്ലറിന്നകത്തു് വണ്ടിയുണ്ടു്. ഞാനങ്ങോട്ടു ആ വണ്ടിയിൽ പോകട്ടെ.”

ആ സ്വീകരണക്കമ്മററിയിൽ അദ്ധ്യക്ഷനായി ഉമാഗതി ബാബു തെരഞ്ഞെടുത്തിരുന്നതു് അദ്ദേഹത്തിൻെറ മന്ത്രിയും സുഹൃത്തുമായ മഹാമനസ്കനെയായിരുന്നു. എന്നാൽ സമീരൻെറ അപേക്ഷ കേട്ടതായി പോലും നടിക്കാതെ അനിന്ദിത അയാളെ കുതിരസ്സാററ്റിൽ കയററി തിങ്ങിക്കൂടി നിന്നിരുന്ന പരിവാരങ്ങളാൽ അനുഗതയായി സ്റ്റേഷൻ വിട്ടുപോയി.

സമീരൻ പിറെറദിവസംതന്നെ കൽക്കത്തയിലേക്കു മടങ്ങി. കൂട്ടിൽനിന്നു വിടപ്പെട്ട ഒരു പക്ഷിയെപ്പോലെയോ അതല്ല, സ്വർഗ്ഗത്തിൽ നിന്നു സർവ്വശക്തൻെറ സന്നിധിയിൽ എത്തിയ ഒരു ദിവ്യാത്മാവിനെപ്പോലെയോ താൻ ഏററവും സ്വതന്ത്ര്യയാണെന്നുള്ള വിചാരത്തോടുകൂടി അവൾ മുറിയിൽ പ്രവേശിച്ചു. ഈ സമയത്തുതന്നേ ഏതോ ഒരു വലിയ നിരാശയും, വ്യസനവും, അവളുടെ ഹൃദയത്തിൽ ഒരു ഭാഗത്തും, ഭയവും, ആശയും, ആഹ്ലാദവും, മറുഭാഗത്തും നിന്നു ഭയാനജനകമായ ഒരു പോരാട്ടം നടത്തിക്കൊണ്ടിരുന്നു. എന്നാൽ തൻെറതെന്നുള്ള നിലയിൽ ഈ വികാരവീചികളെ അടക്കുവാൻ കഴിയാതെ കുഴങ്ങിയ അവൾ ഒടുവിൽ ശാന്തയും, സമാധാനപ്രിയയും ആയിതീർന്നു.

അന്നു ഭക്ഷണം കഴിഞ്ഞതിനു ശേഷം ഉമാഗതി ബാബു അവളോടു താഴെവരുംപ്രകാരം പറഞ്ഞു,—“ദിദീ, നീ ഏതായാലും വന്നതു തക്കസമയത്തു തന്നെയാണു. എത്രകാലമാണു നിനക്കു ഇവിടെ താമസിക്കുവാൻ സാധിക്കുന്നതെന്നു ഞാൻ അറിയുന്നില്ല. പുതിയ വത്സരം ആരംഭിക്കാറായി. തീർത്ഥാടനം ചെയ്യേണ്ടെങ്കിലൊ എന്നു ഞാൻ സംശയിക്കുന്നു. എത്രനാളായി ഇതിനെക്കുറിച്ചാലോചിച്ചിട്ടുണ്ടെന്നു ആരാണു് അറിയുന്നതു്? ഞാൻ എൻെറ ആയുഷ്കാലം മുഴുവനും വൈദികകാര്യങ്ങ

ൾക്കുവേണ്ടി വ്യയംചെയ്തു. കാൎയ്യങ്ങളെല്ലാം മേൽ വേണ്ടതു ഇപ്പോൾ തന്നെ ശരിപ്പെടുത്താം."

അനിന്ദിത:—"എന്നാൽ പുതിയകൊല്ലത്തിന്നു ഇനിഒരു മാസവുംകൂടിയുണ്ടല്ലൊ. ആ കാലമെങ്കിലും എനിക്കിവിടെതാമസിക്കാൻ കഴികയില്ലയോ?"

ആ പഴയ ഉദ്യാനത്തിലേക്കു അവൾ പല തവണയും പോകയുണ്ടായി. അവിടെ അവളുടെ ഏകാന്തതയെ ഭഞ്ജിക്കുവാൻ ഒരാളും വരികയുണ്ടായില്ല. അതുകൊണ്ടു വളരെ നേരം അവിടെ നില്ക്കുവാനും അവൾ വിചാരിച്ചിരുന്നില്ല. ഗൃഹത്തിലുള്ള രമ്യഹൎമ്മ്യത്തിലിരുന്നു പതിവായി വൈകുന്നേരം അവൾ ദേവാലയത്തിലെ "ഘണ്ണ ഘണ്ണ" ശബ്ദങ്ങൾ മുഴക്കുന്ന ഘണ്ടാസമൂഹത്തെ അനുസ്മരിക്കാറുണ്ടായിരുന്നു. അവസരമുള്ളപ്പോളെല്ലാം അനിന്ദിത വൃദ്ധയും വിധവയുമായ ഇളയമ്മയൊരുമിച്ചു ദേവാലയത്തിൽ പോകാറില്ലെന്നില്ല. ആ ശിലാദൈവത്തെക്കുറിച്ചു ആ വൃദ്ധയ്ക്കുള്ള വിശ്വാസത്തിന്നു ഒരിക്കലും കുറവുണ്ടായിട്ടില്ല. ആ കല്ലുദൈവത്തിന്റെ രൂപമായി അവൾ വിചാരിക്കുകയും ആരാധിക്കുകയും പരിശുദ്ധമായി കരുതുകയും ചെയ്തുകൊള്ളട്ടെ. അവരുടെ വിശ്വാസത്തെ നാം എന്തിനാണ് ദൂഷിക്കുന്നതു? ഈ പ്രതിമയുടെ മുമ്പിൽ ഭക്ത്യാദരബഹുമാനങ്ങളോടുകൂടി ആ വൃദ്ധ നടക്കുന്നതു കണ്ടു. നമ്മുടെ യുവതിയുടെ ഹൃദയം അത്ഭുതംകൊണ്ടും ശരീരം രോമാഞ്ചംകൊണ്ടും പരിപൂൎണ്ണമായി. ഇപ്പോഴും സാധു അനിന്ദിതയുടെ ഹൃദയം വിചാരവിഷമിവിക്ഷുബ്ധമായിരുന്നു.

കഷ്ടം! ദേവപ്രിയൻ ആ ഉൾനാട്ടിൽ ഇല്ലെന്നു അവൾക്കു മനസ്സിലായി. അദ്ദേഹം എവിടെയാണെന്നു പറയുവാൻ ആൎക്കും കഴിഞ്ഞില്ല. ദിവസങ്ങൾ ഓരോന്നോരോന്നായി പോയ്ക്കൊണ്ടിരുന്നു. സെമിന്ദാർ ബാബു യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തുതുടങ്ങി. അനിന്ദിത കല്കത്തയിലേക്കു വൈശാഖമാസ

ത്തിൽ തന്നെ മടങ്ങിപ്പോകുമെന്ന നാട്ടുകാർ തീർച്ചപ്പെടുത്തി. ഈ തീർച്ചയെപ്പററി ഒരവസാനതീർപ്പു പറയുവാൻ അവൾ ഒരുങ്ങിയില്ല. എന്നാൽ കല്ക്കത്തയിൽ അവൾ എന്തുചെയ്യും? ഇവിടെയെന്താണവൾക്കു ചെയ്യാനുള്ളതു്?

പരിതഃസ്ഥിതികൾ ഇങ്ങിനെയിരിക്കെയാണ് ഒരു ദിവസം കുളത്തിൽവെച്ചു ഹൈമവതിയെ കണ്ടു മുട്ടുവാനുള്ള ഭാഗ്യം അനിന്ദിതക്കുണ്ടായതു്. വെള്ളത്തിലേക്കു കാൽ നീട്ടിയിട്ടു കൊണ്ടു കുളക്കരയിലുള്ള തിണ്ണമേൽ ഇരിക്കുന്ന ആ പെൺകുട്ടി ഏതാണെന്നു ഹൈമവതിക്കു മനസ്സിലായില്ല. എന്നാൽ അവൾ ആരെന്നറിയുവാനുള്ള ഔത്സുക്യത്തോടു കൂടി ആ വൃദ്ധ—അതെ ഹൈമവതി തന്നെ—അടുത്തു ചെന്നു. ഉടനെ ആ യുവതി എഴുന്നേററു ഹൈമവതിയെ ഭക്തിപൂർവ്വം കുമ്പിട്ടു പ്രണമിച്ചു. ഈ അസാധാരണമായ സംഭവത്തിൽ ഹൈമവതിയ്ക്കു സന്തോഷിക്കാൻ കഴിഞ്ഞില്ല. കുറെ നേരം രണ്ടു പേരും മൌനം ദീക്ഷിച്ചു. ഉടനെ ഹൈമവതി "ഓമനേ നീ എപ്പോഴാണ് വന്നതു്." എന്നു് ചോദിച്ചു.

അനി:—"ഒരു മാസത്തോളമായി ഇവിടെ വന്നിട്ടു്. സുഖംതന്നെയല്ലെ?"

ഹൈ:—"എനിക്കു കാണ്മാൻ ഇപ്പോഴെങ്കിലും എടവന്നതിൽ വളരെ സന്തോഷമുണ്ടു്. എന്താണ് സുഖം; ഒരു നിലയ്ക്കു നോക്കുമ്പോൾ സുഖംതന്നെ; പിന്നെ എന്താണൊരു സുഖമുള്ളതു്"

അനിന്ദിത തലതാഴ്ത്തിയതേയുള്ളു. അവളുടെ സംശയമെല്ലാം പെട്ടെന്നു തീൎന്നു. ദേവപ്രിയനെ കാണാഞ്ഞു മാതാവും, തനിക്കുവേണ്ടി ദേവപ്രിയനും എത്ര സങ്കടമനുഭവിക്കുന്നുവെന്നു അവൾ വിചാരിപ്പാൻ തുടങ്ങി. സ്വജീവിതത്തിൽ ദുഃഖത്തിന്റെ രുചി അവൾക്കു നല്ലപോലെ അറിയാൻ എട വന്നിട്ടുള്ളതുകൊണ്ടു് മററാരെയും ദുഃഖിപ്പിക്കാനിടവരുത്തരുതെന്നു

അവൾ വിചാരിച്ചുറച്ചു. എന്നാൽ അനിന്ദിതയുടെ ചോദ്യം വാസ്തവത്തിൽ ഹൈമവതിയ്ക്കു വേദനയുണ്ടാക്കിത്തീൎക്കയല്ലേ ചെയ്തതു്? അതെ:

ഏററവും വിനയത്തോടും തല താഴ്ത്തലോടുംകൂടി അനിന്ദിത ചോദിച്ചു:—

“ദേവപ്രിയ ബാബു ഇപ്പോൾ എവിടെയാണ്. ഒരസാധാരണവും, ഗൽഗ്ഗദവുമായ സ്വരത്തിൽ താഴെ കാണുന്ന ഒരു മറുവടിയാണ് അനിന്ദിതയ്ക്കു കേൾപ്പാൻ ഇടയായതു്!

“ഓമനേ, നിനക്കറിഞ്ഞുകൂടെ? ആൎക്കു വേണ്ടിയാണ് എന്റെ മകൻ ഇത്തരത്തിലായതു്? നീ കൽക്കത്തയിലുള്ള ഒരു കന്യകയായതുകൊണ്ടു പഠിപ്പുള്ളവരും ചെറുപ്പക്കാരുമായ അനേകം ആളുകളെ കണ്ടിട്ടുണ്ടായിരിക്കുമല്ലൊ. എന്നാൽ എന്റെ മകനെപ്പോലെ ഒന്നിനും കൊള്ളരുതാത്ത ഒരുവനെ വല്ലപ്പോഴും നീ കാണുകയുണ്ടായിട്ടുണ്ടൊ? ഞാൻ അവന്റെ അമ്മയാണ്. എനിക്കവന്റെ സ്വഭാവം അറികയും ചെയ്യാം. രാജാക്കന്മാരുടേയും സെമിണ്ടാർമാരുടേയും പുത്രിമാരെ അവന്നു വിവാഹം ചെയ്തുകൊടുക്കാൻ അവൎക്കെത്ര മാത്രം സന്തോഷം ഉണ്ടെന്നു പറഞ്ഞാൽ തീരുന്നതല്ല എന്നാൽ അതൊന്നും അവന്നു ഇഷ്ടമല്ലത്രെ! അക്കാൎയ്യത്തിൽ നിനക്കവനെ ബഹുമാനമാണോ ഉണ്ടാവുക? നീ സെമിൻദാരുടെ പൌത്രിയല്ലേ? നിന്നെ ഒരു രാജകുമാരൻ വിവാഹം ചെയ്യുമൊ? എന്നാൽ എന്റെ പുത്രൻ വിവാഹം ചെയ്തിരുന്നുവെങ്കിൽ അവന്റെ ഭാൎയ്യ തീൎച്ചയായും ഒരു രാജകുമാരിയായിരിക്കുമായിരുന്നു;” ഇത്രയും പറഞ്ഞുകൊണ്ടു കൽപടവിന്മേൽ ഇരുന്ന് ആ വൃദ്ധ കരയുവാൻ തുടങ്ങി. അനിന്ദിത ഒരു കല്ലു പോലെയും നിലകൊണ്ടു താൻ ചോദിച്ച ചോദ്യത്തിനു ഹൈമവതി ഒരു മറുവടിയും പറഞ്ഞില്ലെന്നുള്ള സംഗതിയേ അനിന്ദിത മറന്നു. അവളെ സ്മൃതിപഥത്തിലേക്കു കൂട്ടിക്കൊണ്ടു വരുവാൻ ഒരാൾക്കും കഴികയില്ലേ?

ഹൈമവതി വെള്ളം നിറക്കപ്പെട്ട കുടവുമായി കുളത്തിൽ നിന്നു പോയ ഉടനെ അനിന്ദിത സ്വഗൃഹത്തിലേക്കു മടങ്ങി. പല്ലവാധരങ്ങൾകൊണ്ടു മാർഗ്ഗദേവന്റെ ചെമ്മണ്ണണിഞ്ഞ മുഖത്തു ഇരുഭാഗവും ചാഞ്ചാടിക്കൊണ്ടു നില്ക്കുന്ന വൃക്ഷവധൂടിമാർ അന്തരാന്തരാ ചുംബനം ചെയ്തുകൊണ്ടു സൂര്യാനീതങ്ങളായ പ്രകാശധോരണികളുടെ ചെറിയ ചെറിയ അംശങ്ങളെ പുഞ്ചിരിക്കുന്ന വ്യാജേന പൊഴിച്ചു കൃതാർത്ഥത നേടി. ആ ദിവ്യപ്രകാശം, ബാഷ്പസാഗരനിമഗ്നങ്ങളായ അനിന്ദിതയുടെ ലോലാപാംഗങ്ങൾക്കു ദൃശ്യമായില്ലതാനും. ഒരിക്കൽ മനഃപൂർവ്വം നിരാശപ്പെടുത്തിയ ആ യുവാവിനു വേണ്ടി പശ്ചാത്താപിക്കയും വ്യസനിക്കയും ചെയ്തിട്ടെന്താണു പ്രയോജനമെന്നു അവൾ സ്വയംപ്രശ്നം ചെയ്വാൻ തുടങ്ങിയിട്ടു വളരെ നാളായി. ഇതിനു തക്കതായ മറുവടി ഇനിയും അവൾക്കു ലഭിക്കയുണ്ടായിട്ടുമില്ല. അവളുടെ അന്തഃകരണം ഈ വിധം പറയാറുള്ളതു മറ്റാർക്കുമില്ലെങ്കിലും അവൾക്കു വ്യക്തമായി കേൾക്കാമായിരുന്നു. "ഞാൻ നിന്നെ ജയിക്കും. നിന്നെ ദൂരെ അയച്ചതു ഞാനാണ്; നിന്നെ തിരിയെ കൊണ്ടുപോകുന്നതും ഞാൻ തന്നെയായിരിക്കയുള്ളു. അപ്പോൾ നീ എനിക്കു വശഗയായിത്തീരും. അനിന്ദിതക്കു നിഷ്പ്രയാസമായ ഒന്നായിരിക്കും. പുഷ്പമാല്യം അതിവേഗത്തിൽ ശിഥിലമാക്കപ്പെട്ടിരിക്കണം. എന്നാൽ ഇപ്പോളാകട്ടെ കാലംകൊണ്ടും എളുപ്പത്തിൽ പൊട്ടിക്കുവാൻ കഴിയാത്ത ചിരഞ്ജീവികളായ ബാഷ്പമണികൾകൊണ്ടുള്ള ആ മാല്യം നിനക്കുവേണ്ടി ഞാൻ നിർമ്മിക്കയാണു ചെയ്യുന്നതു. നിന്നെ ആ മാല്യത്തിനാൽ ബന്ധിക്കുന്നതുവരെ എനിക്കു ഈ ശ്രമം തുടരാതെ കഴികയില്ല. ഇതിനിടയിൽ ആയു വളരെ കാലമൊന്നും എനിക്കുള്ള സ്ഥാനം ഉപേക്ഷിക്കാൻ എനിയും ശക്തയില്ല. ആ സ്ഥാനം എവിടെയെന്നു കണ്ടുപിടിക്കുവാനാണു ഞാൻ പോകുന്നതു."

ശൈലേന്ദ്രനാഥന ഉമാഗതിബാബു അയച്ച എഴുത്തിൽ അനിന്ദിതയേയും അദ്ദേഹം തീൎത്ഥാടനത്തിന കൊണ്ടു പോകണമെന്നുദ്ദേശിക്കുന്നുണ്ടെന്ന കാണിച്ചിരുന്നു. ക്രമേണ കുറഞ്ഞുവന്ന അനിന്ദിതയുടെ ആരോഗ്യത്തിന ഒരു തീൎത്ഥയാത്ര ഒരുത്തമ ഔഷധമാണെന്ന ശൈലേന്ദ്രനാഥനും കരുതി സമ്മതിദാനം ചെയ്തു. അനിന്ദിത കൽക്കത്തയിലേക്ക മടങ്ങുകയല്ല; ഉമാഗതി ബാബുവൊന്നിച്ച തീൎത്ഥാടനത്തിന പോകയാണ ചെയ്തതു.

അദ്ധ്യായം 16.

> "നിൎവൃതികരണാരതൊരുക്കലവെറുത്തുവെടിഞ്ഞുടൻ
> സത്യമാംഭോഗം തേടിയിപ്പോൾ ഞാനുഴലുന്നു"

ഗൃഹത്തിൽ വസിക്കുന്ന ജനങ്ങളിൽ അധികഭാഗവും ലോകത്തിനുവേണ്ടി മാത്രമായി ജീവിക്കുന്നു. എന്നിട്ടും ഹൃദയപൂൎവ്വം അവൎക്ക ലോകവുമായി സംബന്ധിക്കാൻ ഒരിക്കലും കഴിയുന്നില്ല. സുഖത്തിനും മൈത്രിക്കും വേണ്ടി അവർ കലഹിക്കയും കലഹങ്ങൾ ഉണ്ടാക്കയും ചെയ്യുന്നു. എന്നാൽ മൈത്രി വേണ്ടതിലധികം ഉണ്ടായി എന്ന വന്നേക്കാം, പക്ഷെ ദുൎല്ലഭം ചിലൎക്ക മാത്രമെ സുഖമുണ്ടാകുന്നുള്ളു. അപ്രതീക്ഷിതങ്ങളായ സ്ഥലങ്ങളിലും സമയങ്ങളിലും നാം അതിന തിരച്ചിനമാനമായി ചരിക്കുന്നു. അപ്പോൾ ആശ്ചൎയ്യഭരിതരായിത്തീരുകയും ചെയ്യുന്നു. സുഖസമ്പാദനത്തിന്നായി നാം അധ്വാനിക്കയോൾ നമ്മുടെ ഒരുക്കങ്ങൾ കേന്ദ്രസ്ഥാനത്തിലെത്തുന്നുണ്ടെങ്കിലും സുഖം ആ അവസരത്തിലും അലഭ്യമായിത്തന്നെയേ പരിണമിയ്ക്കുന്നുള്ളു. എന്നാൽ പ്രതീക്ഷിക്കപ്പെടാത്ത ഒരു സു

ന്ദർകനേപ്പോലെ സുഖം ചിലപ്പോൾ നമ്മെ അനുഗ്രഹിക്കാതിരിക്കയും ചെയ്യുന്നില്ല. അപ്പോഴും നാം സന്തോഷം കൊണ്ടു ആശ്ചര്യപ്പെട്ടു മതിമറന്നു പോകുന്നു.

ഏതാണ്ടിതുപോലെയുള്ള ചില അനുഭവങ്ങളാണു നമ്മുടെ തീർത്ഥയാത്രക്കാർക്കുണ്ടായതു്. ഓരോരുത്തരും അവരവരുടെ ഇച്ഛക്കധീനരായി പ്രവർത്തിച്ചു പോന്നു. അവരിൽ ചിലർ ഭൂലോകയാത്രയിലുള്ള മാർഗ്ഗങ്ങളെല്ലാം പിന്നിലാക്കിക്കഴിഞ്ഞിരുന്നു. ചിലർ പകുതിവഴി മാത്രമെ സഞ്ചരിച്ചു കഴിഞ്ഞുള്ളു. മററു ചിലർ ആശാപൂർവ്വം യാത്ര തുടരുകയേ ചെയ്തിട്ടുള്ളു. ഇവരിൽ ഒരുത്തനും സുഖം കാംക്ഷിക്കാത്തവനോ അതിനായി ജീവിതകാലമെല്ലാം ആരാഞ്ഞിട്ടില്ലാത്തവനൊ ആയിരുന്നില്ല. ലൗകികകാര്യങ്ങളെല്ലാം മററുള്ളവരിൽ ഒരേമേല്പിച്ചു യാത്ര തിരിച്ചിട്ടുള്ള തീർത്ഥാടനക്കാർക്കു ധർമ്മമാർഗ്ഗം കാണ്മാനുള്ള കണ്ണുകൾ ഇപ്പോൾ മാത്രമേ ഉണ്ടായിട്ടുള്ളൂ.

തീർത്ഥസ്ഥലങ്ങൾ മിക്കവാറും അവർ സന്ദർശിച്ചു കഴിഞ്ഞു. എന്നാൽ ഓരോ സ്ഥലത്തും മൂന്നു ദിവസത്തിലധികം താമസിക്കുവാൻ അവർ ആഗ്രഹിച്ചില്ല.

കാര്യം ഇങ്ങിനെയൊക്കെത്തന്നെയാണെങ്കിലും അനിന്ദിതയുടെ ദുഃഖത്തിനു യാതൊരു കുറവും ഉണ്ടായില്ല. എങ്കിലും അവൾക്കു ലഭിച്ചിട്ടുള്ള ഉററമിത്രം സമാധാനമൊന്നു മാത്രമായിരുന്നു. ബാഹ്യജീവിതത്തിൽ നിന്നു് ആഭ്യന്തരജീവിതംവരെ അതിവിസ്താരത്തിൽ നീണ്ടു കിടക്കുന്ന ഒരു സങ്കടാബ്ധിയെ തരണം ചെയ്വാൻ അധികകാലം അവൾക്കു ശ്രമപ്പെടേണ്ടിവന്നിരുന്നില്ല. അവൾ അവളുടെ കാമുകനെ കണ്ണിൽ കാണുന്നുണ്ടായിരുന്നു. പക്ഷെ അതു വിചാരദൃഷ്ടികളിൽക്കൂടെ മാത്രമാണു്. എവിടെ അവളുടെ പ്രേമഭാജനം ഇരിക്കുന്നുവോ ആ സ്ഥലം വരെ അവൾ യാത്ര ചെയ്യും. വഴിയാത്രയിലുള്ള കഷ്ടപ്പാടും ദുഃഖവും അവൾക്കുണ്ടെങ്കിലും അദ്ദേഹത്തെ കാണുമെന്നുള്ള ഒരു ബലമായ ആശ അവളിൽ അങ്കുരിക്കാതിരുന്നില്ല.

അവളുടെ ഇളയമ്മക്ക ഈ സ്ഥിതി കണ്ടു വളരെ വ്യസനം തോന്നിയിരുന്നു. "അച്ഛൻ എന്തിനാണ് അനിന്ദിതയെ ഞങ്ങളുടെ കൂടെ കൊണ്ടുപോന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ഇതിന്നെത്രയോ കാലം മുമ്പേതന്നെ ഇവൾ വിവാഹം ചെയ്യപ്പെടേണ്ടിയിരുന്നു. ഭർത്താവിനേയും കുട്ടികളേയും സംരക്ഷിക്കേണ്ട പ്രായത്തിൽ അതിന്ന പകരമായി വൃദ്ധന്മാരായ ഞങ്ങളോടുകൂടി ഇവൾ യാത്ര ചെയ്യുന്നു. ഈ യാത്രയെല്ലാം വാൎദ്ധക്യത്തിലല്ലെ വേണ്ടത്? എന്ന് ആ യാത്രക്കാരിൽ ഒരാൾ പറഞ്ഞു

ഇതു കേട്ടപ്പോൾ ചിരിക്കാതിരിയ്ക്കുവാൻ അനിന്ദിതക്കും കഴിവുണ്ടായില്ല. ഒരു ശരിയായ ഗൃഹം കണ്ടെത്തുവാനാണ് താൻ തന്റെ ഗൃഹം വിട്ടുപോന്നതെന്നുള്ള വാസ്തവം അവൾ അവരോടെങ്ങിനെ വിവരിച്ചു പറയും? പഴയ വീട്ടിൽവെച്ചു അവൾക്കനുഭവിക്കുന്നതിന്ന സംഗതിയായ ആ സുഖം, വളരെ കാലം മുമ്പുതന്നെ അവസാനിച്ചിരുന്നു. അതുകൊണ്ടു സുഖത്തിന്റെ ശാശ്വതശക്തി ലഭിക്കാനായി അവൾ പുറത്തുവന്നു. അവളുടെ ഗൃഹം, അവൾ തന്റെ പ്രേമഭാജനത്തെ കണ്ടെത്തുന്നതുവരെ, വാസ്തവത്തിൽ പെരുവഴി തന്നെയേ ആയിരുന്നുള്ളു.

അവൾക്ക കാണ്മാനിടവന്ന ജനങ്ങളെയെല്ലാം പ്രത്യേകം പ്രത്യേകം അവൾ സൂക്ഷിച്ചുനോക്കുക പതിവാണ്. എന്നാൽ ഏതൊരാളേ കാണണമെന്ന അവൾ കൊതിച്ചുവോ അയാളെ മാത്രം കാണ്മാൻ അവൾക്ക കഴിഞ്ഞില്ല. ഗംഗ വിട്ടു യമുനയിൽ എത്തിയപ്പോൾ അതിന്റെ കരയിൽ ജ്വലിക്കുന്ന രണ്ടു കണ്ണുകൾ അവളുടെ ദൃഷ്ടിക്ക വിഷയമായോ, എന്നു അവൾ സംശയിച്ചു. ആ നേത്രങ്ങളിൽ ശാന്തതയും ശക്തിയും സമ്മിശ്രമായിരുന്നു. സാരംഗനാഥത്തിലുള്ള ബുദ്ധപ്രതിമ ദൎശിച്ചപ്പോൾ വേറൊരു മുഖമാണ് അവളുടെ ദൃഷ്ടിക്ക വിഷയീഭവിച്ചത്. അദ്ദേഹം ഒരു താപസനായിരുന്നില്ല; ലോകത്തെ

വെടിഞ്ഞവനുമല്ലായിരുന്നു. എന്നാൽ പ്രായംകൊണ്ടും പാപദുഃഖങ്ങളോടു മല്ലിടുന്ന കാര്യത്തിലും അദ്ദേഹവും അവളുടെ സങ്കല്പരൂപവും തമ്മിൽ അന്തരമുള്ളവയായിരുന്നില്ല. പ്രജ്വലമായ വർണ്ണങ്ങളെക്കൊണ്ടു അലംകൃതനായ സൂര്യൻ ഉദിക്കുമ്പോഴും ശാന്തനും വിശ്രമേച്ഛുവുമായി അസ്തമിക്കുമ്പോഴും അവളുടെ നഷ്ടപ്രിയനായ കാമുകനെക്കുറിച്ചുള്ള സ്മരണ വർദ്ധിച്ചുവരായിത്തുടങ്ങും. സുന്ദരമായിട്ടുള്ള ഒരു വസ്തു എപ്പോൾ കാണ്മാൻ അവൾക്കു ഇടവരുന്നുവോ ആ അവസരത്തിലെല്ലാം അവൾ അദ്ദേഹത്തെ ഓർക്കും. അദ്ദേഹം അവൾക്കു ഇപ്പോൾ എല്ലാംകൊണ്ടും അനുപമനായി തോന്നപ്പെട്ടു.

വൃദ്ധനായ സെമിൻദാർക്കു ഒരു മാസ കാലത്തെ യാത്രക്കുശേഷം ക്ഷീണം വർദ്ധിച്ചുവന്നു. ഇനിയും യാത്ര തുടരുന്ന കാര്യം അസാദ്ധ്യമായി അദ്ദേഹത്തിനു തോന്നി. ആ സംഘത്തിലുള്ള മററവരെല്ലാം കൂടി പുരിയിലേക്കു പുറപ്പെടുവാൻ ആലോചിച്ചു തീർച്ചപ്പെടുത്തി. അവിടെ ഒന്നു രണ്ടു മാസം താമസിക്കണമെന്നു അവർ മുൻകൂട്ടി കണക്കാക്കുകയും ചെയ്തു. അപ്പോഴേക്കും സെമിൻദാരുടെ പോയ്പ്പോയ ശക്തി വീണ്ടും അദ്ദേഹത്തിനു ലഭിക്കുകയും ചെയ്യും.

വളരെ ദൂരെയായി സ്വൈരവിഹാരം ചെയ്യുന്ന സമുദ്രം അനിന്ദിതയെ ആകർഷിപ്പാൻ തുടങ്ങി. പരിചിതമായ ആ ആഹ്വാനം— നഗരത്തിലെ ഇടുക്കായ കാരാഗാര ജീവിതത്തിൽ വെച്ചു പലപ്പോഴും കേൾക്കുവാനിട വന്നിട്ടുള്ള ആ ആഹ്വാനം—അവൾക്കിപ്പോൾ പുതിയ ഒന്നായിത്തോന്നി. മററുള്ളവർ പുരിയിലേക്കു യാത്രയായ അവസരത്തിലും വിദൂര സ്ഥിതമായ കടലിന്റെ ഗർജ്ജനം അവളുടെ ചിദാകാശത്തിൽ പ്രതിധ്വനിയുണ്ടാക്കിക്കൊണ്ടിരുന്നു. അപരിചിതവും, അനിവാര്യവും, നിർവ്വികല്പവുമായ ആ വിളി എന്തിനായിട്ടായിരുന്നു ?

ആശയ്ക്കും പ്രതീക്ഷയ്ക്കും ഹൃദയത്തിൽ സർവ്വോപരിയായ ഒരു സ്ഥാനം ഉണ്ടായിരുന്നതുകൊണ്ട്, പരിചയമില്ലാത്ത ആറികാരം അവളെ അലട്ടിയിരുന്നില്ലെന്നേയുള്ളു. മാർഗ്ഗമദ്ധ്യേ സംഭവിച്ച പലേ അനിഷ്ടങ്ങളും അനിന്ദിതയെ ഹതജീവിതകാംക്ഷിണിയാക്കിത്തീർത്തു. പുരിയിലെത്തിയപ്പോൾ വൈദികന്മാരാലും വഴികാട്ടികളാലും അവർ വളയപ്പെട്ടു. കൂലിക്കാരുടേയും വണ്ടിക്കാരുടേയും അപേക്ഷകൾ ആ യാത്രക്കാരുടെ കർണ്ണങ്ങൾക്കസഹ്യമായിത്തോന്നി എന്നാൽ ഒരം അവസരത്തിലും വിചാരമഗ്നയായ അനിന്ദിത ഇതിൽ ഒരക്ഷരം പോലും കേട്ടതുമില്ല.

കടലോരത്തിന്നരികിലുള്ള ഒരു വീട് അവർ വാടകയ്ക്കു വാങ്ങി അതിൽ താമസിച്ചു തുടങ്ങി. കടൽ ആദ്യമായി ഒന്നു കാണ്മാൻ അനിന്ദിതയ്ക്കു് അത്യാസക്തിയുണ്ടായിരുന്നു. പക്ഷെ ചുററുമുള്ള വീടുകൾ അവളുടെ അത്യാഗ്രഹത്തെ നിറവേററുന്നതിൽ പ്രതികൂലികളായിരിക്ക തന്നെ ചെയ്തു.

ഏതൊരു പുതിയ വീടും ആദ്യ ദിവസം അനിഷ്ടകരവും ക്ലേശഭൂയിഷ്ഠവുമായിട്ടേ ആൎക്കും തോന്നുകയുള്ളു. മദ്ധ്യാഹ്നസമയം കഴിഞ്ഞ ഉടൻ ആ ഗൃഹത്തിൽ നിന്നു പുറത്തു പോകണമെന്നു അവൾ കരുതിയിരുന്നു. പക്ഷെ ചുട്ടു പഴുത്തു കിടക്കുന്ന മണൽക്കിടക്കയിൽ അധികനേരം നടക്കുന്ന കാൎയ്യം ഏററവും വൈഷമ്യമായിരുന്നതുകൊണ്ട് വേഗത്തിൽ അവൾക്കു മടങ്ങിപ്പോരാതിരിക്കാൻ കഴിഞ്ഞില്ല. ആഗതരെ കഴിയുന്ന വിധം തൃപ്തിപ്പെടുത്തുവാൻ ആ നാട്ടുകാർ അത്യുത്സാഹം പ്രദൎശിപ്പിച്ചിരുന്നു. ചിലർ സഹായ വിലക്കു വിറകു കൊണ്ടുകൊടുപ്പാനും മററു ചിലർ മത്സ്യം വാങ്ങി കൊടുപ്പാനും അത്യുത്സാഹം പ്രകടിപ്പിച്ചു. കടലിൽ കുളിയ്ക്കുവാൻ ഏതൊരു കൂട്ടരുടെ സഹായം ആവശ്യമായിരുന്നുവോ ആ മുക്കുവന്മാർ ആഗതന്മാരെ കണ്ടു ഉപചാരം ഭാവിച്ചു തുടങ്ങി. തങ്ങൾ വന്നു പറയു

ന്നവരല്ലെന്ന കാണിക്കുവാനുള്ള പലേ സാക്ഷ്യപത്രങ്ങളും അവരുടെ പക്കൽ ഉണ്ടായിരുന്നു. അനിന്ദിത, വൈകുന്നേരമായതോടു കൂടി രണ്ടാമന്റേയും ഒരു ഭൃത്യനുമൊന്നിച്ചു കടൽത്തീരത്തേക്കു പുറപ്പെട്ടു.

സമുദ്രഗർജ്ജനം അവളുടെ കർണ്ണങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഇതുപോലെ ശാന്തവും ആഹ്ലാദകരവും ആയ ഒരു കാഴ്ച ഒരിക്കലും അവൾക്കിതിനുമുമ്പിൽ ലഭിക്കുകയുണ്ടായിട്ടില്ല.

തീർത്ഥയാത്രക്കാരായ അനിന്ദിതയുടെ കൂട്ടുകാർ ദിവസവും ക്ഷേത്രത്തിൽപ്പോയി ജഗന്നാഥ ദൈവത്തേയും മററു പലേ ചില്ലറ ദേവതകളേയും ദർശിച്ചിരുന്നു.

ഇതിനൊന്നും വ്യയം ചെയ്യുവാനുള്ള സമയം അനിന്ദിതയ്ക്കുണ്ടായിരുന്നില്ല. പ്രഥമസന്ദർശനത്തിൽ തന്നെ ആ സമുദ്രം അവളുടെ ഹൃദയത്തെ കവർന്നെടുത്തിട്ടുണ്ടായിരുന്നതുകൊണ്ടു ഒരു മിനിട്ടു സമയംപോലുമെങ്കിലും കടൽ വിട്ടു പോരുവാൻ അവൾക്കു സാധിച്ചിരുന്നില്ല. കടൽ തീരത്ത് കാൽ പൊള്ളുന്നതു വരെ അവൾ ലാത്തും. വീണ്ടും വെയിലാറിയാൽ അങ്ങോട്ടു തന്നെ പുറപ്പെടും. അനിന്ദിതയുടെ കുളി പോലും കടലിൽതന്നെ ആയിരുന്നു. അവൾ ആരാധിച്ചതും ആ സാഗരത്തെത്തന്നെ. ഉമാഗതി ബാബു ആദ്യമായി കടലിൽ കുളിച്ച ദിവസത്തെ അനുഭവം തന്നെ അദ്ദേഹത്തെ ആ സംരംഭത്തിൽ നിന്നു വിരമിപ്പിച്ചു. എങ്കിലും ഭൃത്യന്മാർ കടൽവെള്ളം കോരിക്കുളിയ്ക്കുന്നതു കാണ്മാൻ അദ്ദേഹത്തിനു വലിയ സന്തോഷമായിരുന്നു. സമുദ്രത്തിലെ തിരകൾ എണ്ണിയും വെള്ളക്കുതിരകൾ തുള്ളിച്ചാടുന്നതു കണ്ടും ഇടയ്ക്കിടെ പ്രശാന്തവും ചിലപ്പോൾ ക്ഷുബ്ധവുമായ ഗർജ്ജനം കേട്ടും ദേവപ്രിയനേക്കുറിച്ചു വിചാരിച്ചും മനോമുകുരത്തിൽ ആദിവ്യരൂപം പ്രതിഫലിച്ചു കാണ്മാൻ പ്രാർത്ഥിച്ചും അനിന്ദിത സമയം പോക്കി. അഹോ! പ്രേമമാഹാത്മ്യം!!

അദ്ധ്യായം 17.

"ഉച്ചീശശാങ്കങ്ങളെക്കണ്ടു സഭ്രമയം
ശുദ്ധപ്രേമോദ്ഗാഢ പൂർണ്ണചന്ദ്രികയാമവൾ
ഗാഢമാലിംഗനം ചെയ്തു നിന്നിതിനാൽ
ദുഃഖങ്ങളേകമാലിംഗനം ചെയ്തു-
നൊമ്പരം മറഞ്ഞുപോയ് രണ്ടു പേർക്കും തദാ"

ഒരു മാസം പെട്ടെന്നു കഴിഞ്ഞുപോയതായി നമ്മുടെ തീർത്ഥയാത്രക്കാർക്കു തോന്നി. വർഷകാലം ആരംഭിക്കുന്നതിനുള്ള ഓരോ സൂചനകൾ കണ്ടുതുടങ്ങി. അന്തരീക്ഷം ഇരുണ്ടതാണു കാരണം മഴക്കാറായിരുന്നുവെങ്കിൽ മങ്ങിയ വെളിച്ചം മാത്രം പകൽ ഭൂമിയിൽ കാണപ്പെട്ടതിനും ഹേതു മറ്റൊന്നായിരുന്നില്ല.

മദ്ധ്യാഹ്നത്തിനു ശേഷം അനിന്ദിതയെ ഗൃഹം സൂക്ഷിക്കുന്നതിനു ഏല്പിച്ചുകൊണ്ടു മററു സ്ത്രീകളെല്ലാം ഒരു ജട്കായിൽ കയറി പുരിയിലെ മഹാ ദേവാലയം സന്ദർശിക്കുവാൻ പുറപ്പെട്ടു. അവർ അനിന്ദിതയുടെ ദൃഷ്ടികളിൽനിന്ന് തിരോധാനം ചെയ്തു ഉടനെ അവൾ കടൽത്തീരത്തേക്കു പുറപ്പെട്ടു. പ്രഭാതത്തിൽ ഉണ്ടായ മഴച്ചാററൽ നിമിത്തം മണൽക്കിടക്കയിലെ ചൂടിനു കുറെ കുറവുണ്ടായി. വിശാലമായ ആ സാഗരം, ചെറു തിരമാലകളെക്കൊണ്ടു കേളിയാടിയിരുന്നു. അതിന്റെ തീരത്തു മുത്തുകൾ കണക്കെ ജ്വലിക്കുന്ന കക്കച്ചിപ്പികൾ കിടക്കുന്നുണ്ടായിരുന്നു. ചിലതു റോസാകുസുമംപോലെ ചെമന്നും, ചിലതു ചെന്താമരപ്പൂപോലെ ഒരു മങ്ങിയ നിറം കലർന്നും, മററു ചിലതു വിവിധവർണ്ണങ്ങളോടുകൂടിയ ചിറകുകളുള്ള തുമ്പികൾ പറക്കുമ്പോൾ ഉണ്ടാകുന്ന ശോഭയോടുകൂടിയും കാണപ്പെട്ടു. അവയിൽ ഏററവും മനോഹരങ്ങളായി അവൾക്കു തോന്നിയ ഏതാനും ചിപ്പികൾ എടുത്തു സാരിയിൽ

പൊതിഞ്ഞ് മററുള്ളവയെ അവർ കടലിലേക്കു എറിഞ്ഞുകളയുകയും ചെയ്തു.

അനിന്ദിത കുറെക്കൂടി മുന്നോട്ടുനടന്നു. ഉടനെ ചില തിരകൾ അവളുടെ പാദങ്ങളെ ഭംഗിയായി ക്ഷാളനം ചെയ്തു. സാഗരം തന്നോടനുവർത്തിക്കുന്ന ആ ആതിഥ്യത്തെ സ്വീകരിച്ചു അനിന്ദിത സന്തോഷഭരിതയായിത്തീർന്നു.

ഈ പരമാനന്ദ പീയൂഷത്തെ സ്വൈരമായി അനുഭവിക്കാൻ അവൾക്കു സാധിച്ചില്ല. ഏതോ ഒരു ഭൃത്യൻ ഗൃഹത്തിൽനിന്നു വന്നു ഉമാഗതി ബാബുഗൃഹത്തിൽ മടങ്ങിയെത്തിയെന്നും അനിന്ദിതയെ കാണ്മാൻ ആവശ്യപ്പെട്ടുവെന്നും അവളെ അറിയിച്ചു. കടൽത്തീരം തൽക്കാലത്തേക്കു വിട്ടുപോകയല്ലാതെ അവൾക്കു കഴിവുണ്ടായില്ല. ഇതാ സാധു പോകുന്നു!

അനിന്ദിതയുടെ ഹൃദയം മഥിക്കുന്നുണ്ടോ എന്നു അവൾ സംശയിച്ചു. കൽക്കത്തയെക്കുറിച്ചുള്ള വിചാരം പോലും ഈ നിമിഷംവരെ അവൾക്കുണ്ടായിരുന്നില്ല. വ്യക്തിഗതമായ വ്യസനം അനുഭവിക്കുന്നുണ്ടെങ്കിലും പുരിയിലെ കടൽത്തീരവും അതിന്റെ രാമണീയകതയും ഗർജ്ജനവും അവൾക്കാശ്വാസപ്രദമായിരുന്നു. അവളുടെ വ്യസനം വർദ്ധിപ്പിക്കുവാൻ ഗതിയാകാതെ അല്പാല്പമായി അന്തർദ്ധാനം ചെയ്തതു വാസ്തവത്തിൽ മേൽ പ്രസ്താവിച്ച പ്രകൃതി വൈചിത്ര്യങ്ങളായിരുന്നു. കരയെപ്പുളുക്കുന്ന ഓരോ തിരയും പിൻവാങ്ങുന്നതുപോലെ അവളുടെ ഹൃദയം തകർത്തിരുന്ന വ്യഥയും പിൻ വാങ്ങാൻ തുടങ്ങി. എന്തു കണ്ടാലും കുലുക്കമില്ലാത്ത ആ കടലിന്റെ ഗംഭീരഭാവം തനിക്കു സിദ്ധിച്ചിട്ടുണ്ടെന്നു അവൾ തീർച്ചപ്പെടുത്തി.

ഗൃഹത്തിൽ ചെന്നെത്തിയ ഉടനെ അനിന്ദിതയോടു വൃദ്ധനായ സെമിന്ദാർ ഇങ്ങിനെ പറഞ്ഞു:—"കുട്ടീ, നിന്റെ അച്ഛന്റെ അടുക്കൽ നിന്നും ഒരെഴുത്തു വന്നിട്ടുണ്ട്. നീ എന്നാണു കൽക്കത്തയിലേക്കു മടങ്ങിവരുന്നതെന്നറിയുവാൻ അദ്ദേ

ഹത്തിന്നു ആഗ്രഹമുണ്ടു. അതുകൊണ്ടു ഓമനേ നീ പോകാൻ വിചാരിക്കുന്നുണ്ടെങ്കിൽ എന്റെ സ്വന്തം സന്തോഷത്തെ ഉദ്ദേശിച്ചു മാത്രം ഞാൻ അതു തടയുന്നതല്ല, ഞങ്ങൾക്കു കുറെ നാൾകൂടി ഇവിടെ താമസിക്കാനാണു് വിചാരിക്കുന്നതു. നിന്നോടൊന്നിച്ചു നീ പോകുന്നാപക്ഷം ചില വിശ്വസ്തരെ കൂടി അയക്കാം."

കുടുംബത്തിൽനിന്നും യാദൃച്ഛികമായി വന്ന എഴുത്തു് വീണ്ടും പഴയ ജീവിതത്തിലേക്കു വരുവാൻ അനിന്ദിതയെ ക്ഷണിക്കുന്ന ഒരറിയിപ്പായിരുന്നുവെന്നു അവൾ കരുതി. മാത്രമല്ല, താൻ ഒരു മനുഷ്യജീവിയായതുകൊണ്ടു് മനുഷ്യജീവിതത്തിൽ കാണപ്പെടുന്ന സുഖദുഃഖങ്ങൾ അനുഭവിക്കാതെ ഗത്യന്തരമില്ലെന്നും അവൾ മനസ്സിലാക്കി. ഏതൊരു ആശയമാണു് തന്നെ ഇങ്ങോട്ടാകർഷിച്ചതെന്നു ഓർത്തറിക്കുവാൻ ഇപ്പോഴും അവൾക്കു കഴിഞ്ഞില്ല. ആശയ്ക്കാസ്പദമായ ആ ആളെ ഇതുവരെ അവൾ കണ്ടെത്തിയോ ഇല്ല. ഒരിക്കലുമില്ല. എന്നാൽ പിന്നെ അവൾ എന്തിനാണിവിടെ താമസിക്കുന്നതു? ഒരു ദീർഘകാലം ഏററവും ഹ്രസ്വമായ ഒന്നായി അവൾക്കു തോന്നുവാനുള്ള കാരണം സമുദ്രത്തിന്റെ സൗന്ദര്യവിശേഷമായിരുന്നുവെന്നും, കാമുകന്റെ കഥയെന്നു മറന്നുപോകുവാനുള്ള ഛോതു മറെറാന്നായിരുന്നില്ലെന്നും ആരാണറിഞ്ഞതു? മററുള്ളവരുടെ ഇടയിൽ, അവരെപ്പോലെ പെരുമാറി കാലം പോക്കണമെന്നുള്ള ആശയത്തോടുകൂടിയല്ല അവൾ ഇവിടെ താമസിച്ചിരുന്നതു. സ്വപ്നതുല്യമായ കാററും, ആകാശവും, കടലും അവളുടെ ദുഃഖത്തെ ഒരു ചെറിയ ഭാഗമെങ്കിലും അവ ശേഷിപ്പിക്കാതെ ഏറെറടുത്തു. മനുഷ്യർ ഇതിന്നു വഴിപ്പെടുമോ? ഒരിക്കലുമില്ല. അവർക്കു അവളുടെ വ്യാധിഭാരത്തെ പൂർവ്വാധികം ഗൗരവമാക്കുന്നതിനും അടിക്കടി അവളെ അലട്ടുന്നതിനും മാത്രമേ കഴികയുള്ളു. അവളുടെ ദുഃഖം മരണംവരെ അവൾ അ-

നുഭവിക്കേണമെന്നായിരിക്കുമോ വിധിയുടെ സങ്കല്പം? ഇവയോടെല്ലാം എതിർക്കുന്നതിനുള്ള ഒരു കവചം ദൈവം സൃഷ്ടിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇപ്പോൾ അതെവിടെ ഇരിക്കുന്നു? അന്ധതാമിസ്രമാകുന്ന അവളുടെ ജീവിതത്തിൽ ഒരു പ്രാവശ്യം ഒരു ദീപം പ്രജ്വലിക്കുവാൻ തുടങ്ങുകയുണ്ടായി. പക്ഷേ ആ പ്രഭാപൂരം പെട്ടെന്നു മറഞ്ഞു. പിന്നീടവൾക്കു അതു കാണ്മാൻ കഴിഞ്ഞില്ല. ഒരൊററ നിമിഷനേരത്തേക്കുവേണ്ടി മാത്രമെങ്കിലും എന്തുകൊണ്ടവൾ അതിനെക്കുറിച്ചുള്ള അന്വേഷണം നിൎത്തിവെച്ചു? അവൾ ആരെ അന്വേഷിക്കുന്നുവോ അദ്ദേഹം അവളുടെ സഞ്ചാരമാൎഗ്ഗത്തെയും സൂക്ഷ്മദൃഷ്ടിയെയും വിട്ടു എങ്ങോ എത്തിയിരിക്കുന്നു. അവളുടെ അപരാധം അവൾ എങ്ങിനെയാണ് തിരുത്തിനോക്കുക?

അനിന്ദിതയുടെ പിതാമഹൻ അവളെനോക്കി ഈവിധം പറഞ്ഞു:—"ഓമനേ, നീ പോകുവാൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ പോകണമെന്നില്ല. നീ എന്നോടൊരുമിച്ചു മടങ്ങുകയുള്ളുവെന്നു ഞാൻ നിന്റെ അച്ഛനെ അറിയിക്കാം."

ശിക്ഷപ്പെട്ടവളെപ്പോലെ അനിന്ദിത അവിടെനിന്നു പോയപ്പോൾ ചെറിയമ്മ ഇങ്ങിനെ പറഞ്ഞു:—"എന്തൊരു കുട്ടിയാണീശ്വരാ! അവൾക്കു സ്വന്തം വീട്ടിലേക്കു പോകാൻ മനസ്സില്ലത്രെ. ഇവിടെ ഇത്രമാത്രം ഒരു പ്രത്യേകത അവൾക്കെന്താണെന്നു എനിക്കറിഞ്ഞുകൂടാ. മതത്തെക്കുറിച്ചുകൂടി ഒരു ഭക്തി അവൾക്കില്ല. ഇത്രനാളായിട്ടും ഒരു ദിവസമെങ്കിലും ക്ഷേത്രത്തിൽ പോകാൻ അവൾക്കു തോന്നിയില്ലല്ലോ"

അനിന്ദിത പിന്നെ ശയ്യയെ ആശ്രയം പ്രാപിച്ചു. ഇത്തവണ അവൾക്കു യാത്രമാററി വയ്ക്കുവാൻ സാധിച്ചു. എന്നാൽ എപ്പോഴും ഇതു സാധിക്കുന്ന ഒരു കാൎയ്യമാണോ? അവളുടെ ജീവിതം വിഷമാവസ്ഥകളിൽ കിടന്നു മുഴുകുന്ന ഒന്നായിരുന്നു. സന്തോഷമെന്നുള്ളതു അവൾ അനുഭവിച്ചിട്ടില്ല.

കേരള സാഹിത്യ അക്കാദമി

ബാഹ്യലോകത്തിൽ നിന്നു വീണുകൊണ്ടിരിക്കുന്ന തട്ടും മുട്ടും അടിയും ഇടിയും സ്വശക്തിയാവുന്ന കവചം കൊണ്ടു ജയിച്ചിട്ടുണ്ടെന്നുള്ള ഒരു അഹംഭാവം അവൾക്കില്ലാതിരുന്നില്ല. പക്ഷെ, ആ കവചത്തിനു ഒരു പഴുതുണ്ടായിരുന്നതും, അതിലൂടെ ഒരു ശത്രു അവളുടെ ഹൃദയത്തിൽ കടന്നുകൂടിയതും അവൾ അറിഞ്ഞിരുന്നില്ല. ആ ശത്രു അവളുടെ ജീവിതം ഒന്നാകെ വിഷമമാക്കിയിരുന്നു. ഭാഗ്യവശാൽ അധികകാലം സഹവസിക്കാതെ ആ ശത്രു അവളുടെ ഹൃദയത്തിൽ നിന്നും സ്മൃതിപഥത്തിൽനിന്നും അന്തർദ്ധാനം ചെയ്തു. പക്ഷെ അയാൾ അനിന്ദിതയുടെ ഹൃദയകവാടങ്ങളെ എവിടേയോ പിഴുത് എറിഞ്ഞു കളഞ്ഞിരുന്നു. യഥാർത്ഥ രാജാവിന്റെ പ്രവേശനംകൊണ്ടു അവളുടെ ഹൃദയസിംഹാസനം പരിശുദ്ധമായപ്പോൾ അവൾ ബോധം വെടിഞ്ഞു ഉറങ്ങുകയായിരുന്നു. പെട്ടെന്നു ഉണർന്നു ആ ആഗതന്റെ കാലടികളെ അവൾ പിന്തുടർന്നു, അനിന്ദിതയുടെ സ്വാന്തപീഠം വിട്ടിറങ്ങിപ്പോയ അദ്ദേഹം ആ ദിവ്യമായ ഇരിപ്പിടത്തെ വിജനവും നിഷ്പ്രഭവുമാക്കിത്തീർത്തു.

മഴക്കാലമാണെന്നോ കാററുണ്ടെന്നോ ഉള്ള കരുതൽ സെമിന്ദാർക്കു മാത്രമേ ഉണ്ടായിരുന്നുള്ളു. മററുള്ളവർ ഇവയൊന്നും തന്നെ പരിഗണിക്കാതെ ദിനകൃത്യങ്ങൾ മുറക്കു നടത്തിവരുന്നു.

ഗർജ്ജനംകൊണ്ടു പരസഹസ്രം സിംഹങ്ങളെ ജയിക്കുന്ന കടലിന്റെ ഉപരിഭാഗങ്ങൾ നീരാവികൊണ്ടു മൂടപ്പെട്ടിട്ടുള്ള കടലിന്റെ കരകളടിച്ചു പിളർക്കുന്ന തിരമാലകളെക്കൊണ്ടു ക്ഷുബ്ധമായ കടലിന്റെ തീരത്തു അനിന്ദിത നടക്കുന്നുണ്ടായിരുന്നു. അത്യുഗ്രമായകാററു ഇടവിടാതെ പ്രവർത്തിച്ചിരുന്നു.

അനിന്ദിത പലതും വിചാരിച്ചു. കടലോരത്തിരുന്നു മുഖം പൊത്തി അവൾ കരയുവാൻ തുടങ്ങി. ബാഹ്യലോകം ഇതു

ണ്ടിരിക്കുന്നതുപോലെ അവളുടെ ഹൃദയവും ഇരുളടഞ്ഞ ഒന്നായിത്തീൻ. അവിടമെല്ലാം, അതെ, ആ കടൽത്തീരമെല്ലാം വിജനമായിത്തീൻ. വിസ്താരമേറിയ ആ മണൽക്കാട് മഞ്ഞുകൊണ്ടു മൂടപ്പെട്ടതുപോലെയെ ആൎക്കും അപ്പോൾ തോന്നുകയുള്ളൂ. സന്തോഷത്തിൻെറ കണികപോലും അനിന്ദിതയുടെ ഹൃദയത്തിൽ ഉണ്ടായിരുന്നില്ല. അന്ധകാരത്തിൽപെട്ട ഒരു കപ്പൽപോലെയാണു് തൻെറ ജീവിതം എന്നു അനിന്ദിത വിചാരിച്ചു.

പെട്ടെന്നു ആരുടെയോ കാൽപ്പെരുമാററ ശബ്ദം അവളെ ദിവാസ്വപ്നത്തിൽ നിന്നുണർത്തി; അവൾ മാത്രമല്ലെന്നു അവൾക്കു തോന്നി. മററു ചിലരും കൂടി അവിടെ ഉണ്ടായിരുന്നു. പക്ഷേ അതാരെല്ലാമെന്നു കാണ്മാൻ അവൾക്കു കഴിഞ്ഞില്ല. ഈ കാല്പ്പാടെല്ലാം ആൎക്കുവേണ്ടി ശക്തിയായി നിന്ന അവൾ അന്വേഷിക്കുന്നുവോ ആ മഹാശയൻ അക്കൂട്ടത്തിലുണ്ടായിരിക്കുമോ? ഏതൊരു സ്വപ്നം അവൾക്കു വ്യഥാകലുഷമായ ജീവിതത്തിലെ ഒരു അനുഗ്രഹിക്കപ്പെട്ട ഭാഗ്യമായിരുന്നുവോ? അതിനിടയാക്കിത്തീൎത്ത മഹാനുഭാവൻ ആ കൂട്ടത്തിലുണ്ടെന്നു വരുമോ? അനിന്ദിത സാവധാനത്തിൽ എഴുന്നേററു ചുററുപാടും നോക്കി

കേരള സാഹിത്യ അക്കാദമി

മിന്നൽപ്പിണരുകളുടെ സഹായംകൊണ്ടു ആരോ ഒരാൾ കുറെ ദൂരെയായി ഇരിക്കുന്നുണ്ടെന്നു അനിന്ദിത മനസ്സിലാക്കി. മററൊരു വിധത്തിലും അതെ ഹൃദയപ്രകാശത്തിൻെറ സഹായംകൊണ്ടും അവൾ ആളെ തിരിച്ചറിഞ്ഞു. മുന്നോട്ടു നടക്കുവാൻ ശ്രമിച്ചുവെങ്കിലും അവളുടെ കാലുകൾക്കതിന്നു ശക്തിയുണ്ടായില്ല. ശരീരമാസകലം തളരുകയും വിറയ്ക്കുകയും ചെയ്തു. എങ്ങനെ അവൾക്കു പോകാൻ കഴിയും? അവൾ എന്താണു പറയേണ്ടതു്? ചിരപരിചിതനായ ദേവപ്രിയൻ തന്നെയായിരു

ന്നു അവിടെ കാണപ്പെട്ടതു്? എന്നാൽ ആ പഴയ ദേവപ്രിയൻതന്നെയായിരുന്നോ അദ്ദേഹം?

പ്രിയൻ തിരിഞ്ഞുനോക്കി. അനിന്ദിതയുടെ സമീപത്തേക്കു വേഗത്തിൽ നടന്ന ദേവപ്രിയൻ തന്നെയായിരുന്നു അവിടെ കാണപ്പെട്ടിരുന്നതെന്നു അനിന്ദിത നിശ്ചിതക്കു് തീർച്ചപ്പെടുത്തി. എത്രനാളായി അവൾ അദ്ദേഹത്തെ വിചാരിച്ചു മനസ്സു പുണ്ണാക്കുന്നു.

ദേവപ്രിയൻ തന്റെ മുഖത്തു സൂക്ഷിച്ചു നോക്കുന്നുണ്ടെന്നു സൗദാമിനി കടാക്ഷിച്ചില്ലെങ്കിൽ അനിന്ദിത അറികയില്ലായിരുന്നു. അദ്ദേഹം ചോദിച്ചു:

“ഇതാര്? ഭവതിതന്നെയോ ശ്രീമതി അനിന്ദിതാദേവി?

പ്രവാഹരൂപത്തിൽ പുറപ്പെട്ട ബാഷ്പങ്ങളെ പണിപ്പെട്ടു നിയന്ത്രിച്ചുകൊണ്ടു അവൾ നിശ്ശബ്ദയായി നിന്നു. ദേവപ്രിയൻ വീണ്ടും ചോദ്യങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങി.

എന്താണിവിടെ തനിയെ നിൽക്കുന്നതു? ഇവിടെ നില്ക്കാനിടവരുന്ന ജനങ്ങൾ കാററിന്റെ ശക്തികൊണ്ടു കടലിൽ ചെന്നു വീഴുമെന്നു ഭവതി എന്തെ മനസ്സിലാക്കാതിരുന്നതു. ദയവുചെയ്തു മടങ്ങിപ്പോകുക”.

“അങ്ങു ആരാണു എന്നെ രക്ഷിപ്പാൻ?”

“എന്നെ ഭവതി വിശ്വസിക്കുന്നില്ലയോ? എനിക്കു ഭവതിയെ രക്ഷിപ്പാൻ വാസ്തവത്തിൽ ഏതെങ്കിലും അധികാരമുണ്ടോ? എന്നെത്തന്നെ രക്ഷിപ്പാൻ എനിക്കു കഴിവില്ല.” പിന്നെയെങ്ങിനെയാണു് ഭവതിയെ...”

“എന്നെ നിങ്ങൾക്കു വാസ്തവത്തിൽ രക്ഷിപ്പാൻ കഴിയുമൊ!”

“വാസ്തവമായും കഴിയും. എന്നാൽ ദയവുചെയ്തു ഗൃഹത്തിലേക്കു മടങ്ങുക? ൟ കൊടുങ്കാററിന്റെ ശക്തി എത്ര അസാദ്ധ്യമാണെന്നു ഭവതിക്കു അറിഞ്ഞുകൂടാ. ഞാൻ ഇങ്ങിനെ

വലയില്ലാതെ പറഞ്ഞു പോകുന്നവെന്നേയുള്ളു. പറയേണ്ട ആവശ്യമോ സമയമോ ഇല്ല. ഭവതി എവിടെ താമസിക്കുന്നുവെന്ന് എന്നോടു പറയുക. എന്നാൽ ഞാൻ ഭവതിയെ വസതിയിൽ കൊണ്ടുപോയി ആക്കാം.

അവർ ഒന്നിച്ചു പുറപ്പെട്ടു. സ്വല്പനേരം കഴിഞ്ഞ ഉടൻ അനിന്ദിത സംസാരിപ്പാൻ ആരംഭിച്ചു എന്നാൽ ഇതേവരെ അവൾ നിശ്ശബ്ദമായിരുന്നതു് സംസാരിക്കുന്നതിനുള്ള ധീരത സമ്പാദിക്കാനായിരുന്നിരിക്കാം:—"അങ്ങ് എനിക്കു മാപ്പു തരുമോ?"

"എന്തിനുവേണ്ടി" ഭവതി എന്തെങ്കിലും അപരാധം ചെയ്കയുണ്ടായോ ?"

അനി:—ഒരു കാരണവും കൂടാതെ ഞാൻ അങ്ങയെ വേദനപ്പെടുത്തി. ഇതിനു പകരമായി ഞാൻ അനുഭവിച്ച കഷ്ടതകൾ തന്നെ നല്ലപോലെ ശിക്ഷിച്ചിട്ടുണ്ടു്."

അനിന്ദിതയുടെ നേത്രങ്ങളിൽ നിന്നു കണ്ണുനീർ ധാരധാരയായി ഒഴുകി.

ദേവപ്രിയൻ അവളെ രണ്ടു കൈകൊണ്ടും താങ്ങിയെടുത്തു് അവളുടെ മുഖത്തു നോക്കി ഇപ്രകാരം പറഞ്ഞു:—

"ഒരു കാരണവും കൂടാതെ എന്നെ വേദനപ്പെടുത്തിയെന്ന് എപ്പോഴാണ് ഭവതി മനസ്സിലാക്കിയതു്?"

"അങ്ങു എന്നെ പിരിഞ്ഞ ഉടനെ! അങ്ങയോടു മാപ്പു ചോദിക്കുവാൻ ഞാൻ അങ്ങയെ പല നാൾ പല സ്ഥലത്തും അന്വേഷിച്ചു. നിർഭാഗ്യവശാൽ എനിക്കതിനു കഴിവുണ്ടായില്ല"

"പ്രിയേ, ഠരം കാലമെല്ലാം നാം വൃഥാ കളഞ്ഞു." എന്നിങ്ങിനെ പറഞ്ഞുകൊണ്ടു അദ്ദേഹം അവളെ ഗാഢാശ്ലേഷം ചെയ്തു്. അവളുടെ കണ്ണുനീർത്തുള്ളികളെ സ്വകപോലത്തിൽ കത്തി.

അനിന്ദിതയ്ക്കു പിന്നീട യാതൊന്നും സംസാരിപ്പാൻ കഴിഞ്ഞില്ല കൊടുങ്കാററിൻെറ കാൎയ്യം തന്നെ അവർ മറന്നു.

അവരുടെ മുമ്പാകെ വിജനമായ ഒരു ഗൃഹം കാണപ്പെട്ടു. അവർ അതിനെ അഭയം പ്രാപിച്ചു ദേവപ്രിയൻ പറഞ്ഞു: "പ്രിയേ, നോക്കുക. ഞാൻ എത്ര മൎയ്യാദക്കാരനാണെന്നു. തക്ക സമയത്തു എനിക്കിവിടെ എത്തുവാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ ഭവതിയുടെ സ്ഥിതി എന്താകുമായിരുന്നു ? "

അനിന്ദിത ഏറെ നേരം കരയുകയുണ്ടായില്ല. പുഞ്ചിരിതൂകികൊണ്ടു അവൾ പറഞ്ഞു:—

"അങ്ങ് വരുമെന്ന് എനിക്കറിയാം. അതുകൊണ്ടു തന്നെയാണ് ഞാൻ അവിടെ കാത്തിരുന്നത്."

കൊടുങ്കാററിനെ കുറിച്ചുള്ള ഓൎമ്മകേട് ഒരിക്കൽക്കൂടെ ആ യുവജനങ്ങളെ ബാധിച്ചു. അതേ സമയത്തു തന്നെ അവർ പരമാനന്ദസാഗരത്തിൽ മുഴുകി.

"പുതുതായി കണ്ടുകിട്ടിയ ഈ പരമാനന്ദരത്നത്തെ എവിടെയാണ് സൂക്ഷിപ്പിക്കേണ്ടത് ? എൻെറ ചെറിയ ജീവിതഭണ്ഡാഗാരത്തിൽ അതിന്നു തക്ക സ്ഥലം ഇല്ലാതായിപ്പോയല്ലോ." എന്നു കാമുകൻ പറഞ്ഞു.

"ഈ ജീവിതത്തിൽ മാത്രമല്ല, ജന്മമൊടുങ്ങാത്ത (ശാശ്വത) ജീവിതത്തിൽ പോലും അതിന്നു സ്ഥലമില്ല."

ദേവപ്രിയൻ അനിന്ദിതയെ വക്ഷസ്സോടണച്ചു വീണ്ടും ചുംബിച്ചു. "സങ്കടാവഹമായ ഈ ലോകജീവിതത്തിൽ നമ്മുടെ സന്തോഷത്തെ ഒരു പ്രത്യേക സ്ഥലത്തുവെച്ചു ഭാഗിച്ചു നമുക്കനുഭവിക്കാം."

"കാററിൻെറ ശക്തി കുറെ കുറഞ്ഞിരിക്കുന്നു. എനിക്ക ഇപ്പോൾ പോകണം. മററുള്ളവർ ഇപ്പോൾ പരിഭ്രമിക്കുമായിരിക്കും." എന്ന് അനിന്ദിത പറഞ്ഞു.

ദേവപ്രിയനും അവളെ പിൻതുടൎന്നു. പകുതി വഴി ചെ ന്നപ്പോഴേക്കും ഏതാനും പേർ വിളക്കുമായി അനിന്ദിതയെ അ ന്വേഷിച്ചു വരുന്നുണ്ടായിരുന്നു. സ്വല്പ സമയത്തെ സുഖാനുഭ വത്തിനു ശേഷം ഇതാ അവർ വീണ്ടും വേർപെടുന്നു! തന്റെ പ്രാണനാഥനെ കണ്ടെത്തിയതുകൊണ്ടുണ്ടായ ആശ്ചര്യത്തിനു പോലും ഇപ്പോൾ അവളുടെ ഹൃദയത്തിൽ സ്ഥലമില്ലായിരുന്നു. സെമിന്ദാർ മററുള്ളവരുമൊന്നിച്ചു് അത്താഴത്തിനിരുന്നു ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കെ ആ വൃദ്ധനെ നോക്കി ക്കൊണ്ടു്.

"മുത്തച്ഛാ, ഞാൻ മടങ്ങിപ്പോകുവാൻ വിചാരിക്കുന്നു. അതിനുള്ള ഏൎപ്പാടെല്ലാം ചെയ്തു തന്നാൽ നന്നു്." എന്നിങ്ങി നെ അനിന്ദിത പറഞ്ഞു. അവൎക്കെല്ലാം ആശ്ചര്യമുണ്ടായി. എന്താണിതിനു കാരണം. അനിന്ദിതയുടെ ഹൃദയഗതി അവ ൎക്കു അറിയുവാൻ കഴിയാതെ വന്നതുകൊണ്ടു തന്നെ പാറേറ യജ്ഞാത മനുഷ്യൎക്കുണ്ടായിരുന്നുവെങ്കിൽ......ഇല്ല തീൎച്ചയായും അതുണ്ടായിരിക്ക വയ്യാ.

അദ്ധ്യായം 18.

"ഏകയോഗക്ഷേമ സത്ത്വാനുഭവത്താ

ടെററമിപ്പുവനം ലാലസിപ്പു"

കൽക്കത്തയിലെ ഇടുങ്ങിയ നിരത്തിന്നരികിൽ നാം ആ ദ്യമായി കാണപ്പെട്ട ഗൃഹം ഇപ്പോഴും വലിയ പഴക്കമൊന്നും കൂടാതെതന്നെ നില്ക്കുന്നു ... തന്നാൽ അതിന്നകത്തു വലതു ... ഒരു മാററം വന്നു ... ഹോന്തർ

കത്തിന്നിടയിൽക്കൂടെ, ഇടയ്ക്കിടെ എന്തിനെയൊ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ടു.

അവിടെ ആരൊ ഒരാൾ പ്രവേശിച്ചു "ഇവിടത്തെ ഗൃഹനായിക എന്താണ് പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നതു" എന്നു ചോദിച്ചു.

"ഒന്നുമില്ല ഞാൻ വീട്ടിന്നുള്ളിലിരുന്നു കരയുമ്പോൾ അങ്ങു പറവകുട്ടികളെ പഠിപ്പിക്കുന്ന ജോലിയിൽ ബദ്ധശ്രദ്ധനായിരിക്കയാണ് അല്ലെ?"

"ശരിതന്നെ, ഞാൻ ഭവതിയെ ഒരു തടവുകാരിയെന്നപോലെയാക്കുവാൻ ശ്രമിച്ചുവരികയാണു. അടുത്ത പ്രാവശ്യം ഞാൻ ഭവതിയെ ഒരുമിച്ചുകൊണ്ടു പോയ്ക്കൊള്ളാം. എന്നാൽ പോരെ?" എന്നു ദേവപ്രിയൻ ചോദിച്ചു.

"എനിക്കുവേണ്ടി ബുദ്ധിമുട്ടണമെന്നില്ല. പുറത്തുപോയി അവരെന്നപ്പോലെതന്നെ പ്രവൃത്തിക്കുവാൻ ഞാനും ഒരുങ്ങും. ഇന്നുച്ചതിരിയുന്നതുവരെ ഇവിടെ ഞാൻ വലിയ ജോലിയിലായിരുന്നു" എന്നു ദേവപ്രിയന്റെ പ്രിയപത്നി പറഞ്ഞു.

"എന്തൊരു പെണ്ണാണീശ്വരാ! ഭർത്താവിനെ ധിക്കരിച്ചു നടക്കുവാനാണൊ ഭാവം? അങ്ങിനെയാണെങ്കിൽ ഭവതിയുടെ അസ്വാതന്ത്ര്യത്തെപ്പററി അത്രയൊന്നും വ്യസനിയ്ക്കുവാനില്ല. ഇനിമേലാവട്ടെ ഞാൻതന്നെ ജോലി നോക്കിക്കളയാം."

"വേണ്ടവേണ്ട. അക്കാര്യമേ വേണ്ട. അങ്ങു എന്റെ യാത്രയിലും മിത്രമായിത്തന്നെയിരിക്കയുള്ളൂ. നമ്മുടെ ഗൃഹം ഒരിക്കലും ഒരു കാരാഗൃഹമാക്കുവാൻ പാടില്ല. പക്ഷികളെപ്പോലെയും അന്തരീക്ഷംപോലെയും നാം സ്വതന്ത്രരായിരിക്കണം. ഇതൊരു പഞ്ജരമാക്കിത്തീർക്കാൻ പാടില്ല. അതിരിക്കട്ടെ. നാം പറഞ്ഞുവെച്ചകാര്യം എന്തായി?"

"അതെല്ലാം ശരി… ിട്ടുണ്ടു നാളെ നമുക്ക … ൽ ഹാജരായ്ക്കളയാം

"ഇതേവരെ എടുക്കപ്പെട്ടിട്ടുള്ള ചിത്രങ്ങളിലൊന്നും അങ്ങയെപ്പോലെ സൗന്ദര്യമുള്ള ഒരു പുരുഷന്റെ ഛായയേ ഉണ്ടായിരിക്കയില്ല" എന്നു ദേവപ്രിയന്റെ തലമുടി തടവിക്കൊണ്ടു അനിന്ദിത പറഞ്ഞു.

"ഇക്കൊല്ലത്തെ ഒരു പുതിയ കണ്ടുപിടിത്തത്തിനു ദേവക്കു ഒരു മെഡൽ സമ്മാനമായി ലഭിക്കാനിടയുണ്ടു."

പൂർണ്ണനേയും പത്നിയേയും ഏതൊരു ഫോട്ടോഗ്രാഫറിന്റെ ശാലയിലേക്കു ദേവപ്രിയൻ കൂട്ടിക്കൊണ്ടുപോയോ ആ സ്ഥലത്തേക്കു തന്നേയാണ് അനിന്ദിതയും ഭർത്താവും വണ്ടിയിൽ കയറി പുറപ്പെട്ടതു. അദ്ദേഹത്തിന്റെ പ്രിയതമ ഇട അവസരത്തിൽ അടുത്തുവന്നു "അങ്ങ് ഈ സ്ഥലത്തെക്കുറിച്ചു ഓർമ്മിക്കുന്നുണ്ടോ?" എന്നു ചോദിച്ചു.

അവളുടെ [illegible] ത്തിക്കൊണ്ടു ദേവപ്രിയൻ പുഞ്ചിരി പൊഴിച്ചു.

അവർ രണ്ടുപേരും ചിത്രശാലയിലേക്കു കടന്ന ഉടനെ വെള്ളി നാളുകൾക്ക് വൃദ്ധനായ ഇംഗ്ലീഷുകാരൻ മന്ദഹസിച്ചുകൊണ്ട് ഇങ്ങിനെ ചോദിച്ചു.

"സർ, അങ്ങ് അന്നു ചെയ്ത വാഗ്ദാനം മറന്നില്ലല്ലോ?"

"എനിക്കതിനു ശക്തിയില്ല. എന്റെ ഭക്തിപ്രേമാദി സൂക്ഷിച്ചു ഏതോ ചിലതു വിഷയീഭവിച്ചതു ഇവിടെവെച്ചാണല്ലോ.

സമാപ്തം

കേരള സാഹിത്യ
അക്കാദമി